…TAYAM

333

Call No. SUK-B…

Author സുകുമാര…

Title ഭൂപരിഷ്കരണ… …ൾ

966

KOTTAYAM PUBLIC LIBRARY
45462
KOTTAYAM

# ഭൂപരിഷ്കരണ വ്യവസ്ഥകൾ

(വ്യാഖ്യാനവും സമ്പൂർണ്ണ തർജ്ജിമയും)

NATIONAL BOOK STALL
S.P.C.S. LTD
BR. KOTTAYAM.

എൻ. കെ. സുകുമാരൻ B. Sc.; M. L.
അഡ്വക്കേറ്റ് വഞ്ചിയൂർ,
തിരുവനന്തപുരം.

ില—4-50

ഭൂപരിഷ്കരണ വ്യവസ്ഥകൾ
തർജ്ജിമയും വ്യാഖ്യാനവും:
എൻ. കെ. സുകുമാരൻ B.Sc.; M. L.

പ്രസിദ്ധീകരണദിനം:-
1970 ഫെബ്രുവരി 28

m 333

അച്ചടിശാല—
മിനർവാ പ്രസ്സ്
പേട്ട, തിരുവനന്തപുരം-1.

പ്രസാധകൻ:-
ഗ്രന്ഥകർത്താവ്

പുസ്തകവില 4 രൂ. 50 പൈ.

പ്രസിദ്ധീകരണാവകാശം:
ഗ്രന്ഥകർത്താവിനു്

# വിഷയ വിവരം

## ഒന്നാം ഭാഗം

### പ്രാരംഭം


| | | |
|---|---|---|
| അദ്ധ്യായം 1: | പശ്ചാത്തലം | 17 |
| അദ്ധ്യായം 2: | മുൻ ചരിത്രം | 25 |


## രണ്ടാം ഭാഗം

### കുടിയാനും കുടിയായ്മയും


| | | |
|---|---|---|
| അദ്ധ്യായം 3: | കുടിയാന്റെ നിർവചനം | 35 |
| അദ്ധ്യായം 3: A | കുടിയായ്മസ്ഥിരത | 57 |
| അദ്ധ്യായം 4: | ഭാവിനിരോധനം | 68 |
| അദ്ധ്യായം 5: | മര്യാദപ്പാട്ടവും പാട്ടത്തുകയിലെ ഇളവുകളും | 69 |
| അദ്ധ്യായം 6: | പാട്ടത്തുകയെ പററിയുള്ള മററു വ്യവസ്ഥകൾ | 86 |


## മൂന്നാം ഭാഗം

### പ്രത്യേക നടപടികൾ


| | | |
|---|---|---|
| അദ്ധ്യായം 7: | റിക്കാർഡ് ആഫ് റൈററ്സ് (അവകാശ സ്ഥാപനരേഖ) | 116 |
| അദ്ധ്യായം 8: | ഭൂമി വീണ്ടെടുക്കൽ | 129 |
| അദ്ധ്യായം 9: | കുടിയാന് വിലയ്ക്കു വാങ്ങാനുള്ള വ്യവസ്ഥകൾ | 148 |
| അദ്ധ്യായം 10: | 53 മുതൽ 63 വരെയുള്ള വകുപ്പുകൾ | 180 |

അദ്ധ്യായം 11: പൊതുസ്ഥാപനങ്ങൾക്കുള്ള പ്രത്യേകത 197
അദ്ധ്യായം 12: ചെറുകിട കൈവശക്കാരൻ 210
അദ്ധ്യായം 13: ഒഴിവാക്കലുകൾ 220


## നാലാം ഭാഗം

## മിച്ചഭൂമി


അദ്ധ്യായം: 14 "സീലിംഗ് ഏരിയ" 232
അദ്ധ്യായം: 15 ഭൂമി മരവിപ്പിക്കൽ 256
അദ്ധ്യായം: 16 മിച്ചം കിട്ടുന്ന ഭൂമി 263


## അഞ്ചാം ഭാഗം

## ജുഡിഷ്യറിയിൽനിന്നു് എക്സിക്യൂട്ടീവിലേക്കു്


അദ്ധ്യായം: 17 എക്സിക്യൂട്ടീവിൻെറ പൊതുസ്വഭാവം 293
അദ്ധ്യായം: 18 പുതിയ ഉദ്യോഗസ്ഥസൃഷ്ടി 311


## ആറാം ഭാഗം

## കുടികിടപ്പും കുടിയിരുപ്പും


അദ്ധ്യായം: 19 കുടികിടപ്പിൻെറ നിർവചനം 319
അദ്ധ്യായം: 20 കുടികിടപ്പുകാരൻെറ സംരക്ഷണം 331
അദ്ധ്യായം: 21 കുടിയിരുപ്പ് 364


## ഏഴാം ഭാഗം

## പലവക സംഗതികൾ


(99 മുതൽ 132 വരെ വകുപ്പുകൾ) 369

## വകുപ്പുകളുടെ പേരുകൾ

1 ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും

2 നിർവ്വചനങ്ങൾ

3 ഒഴിവാക്കലുകൾ

4 ചില മാടമ്പാർത്തുകാരുടെ കീഴിൽ തേർച്ച ചെയ്യുന്നവരും കുടിയാന്മാരായി കരുതപ്പെടണമെന്നു്

4A ചില പണയക്കാരും പണയക്കാരുടെ പാട്ടക്കാരും കുടിയാന്മാരായി പരിഗണിക്കണമെന്നു്

5 ചില കൈവശപ്പണയക്കാർ കുടിയാന്മാരായി പരിഗണിക്കപ്പെടണമെന്നു്

6 1111 ചിങ്ങം 1-ാം തീയ്യതിയോ അതിനുശേഷമോ വെറും പാട്ടമായി ഭൂമി കൈവശംവെച്ചിരുന്ന ചില പണയക്കാർ കുടിയാന്മാരായി പരിഗണിക്കപ്പെടണമെന്നു്

6A 1930 ഡിസംബർ ഒന്നാം തീയ്യതിക്കോ അതിന്നുശേഷമോ ഭൂമി കൈവശം വെച്ചിരിക്കുന്ന ചില ആളുകൾ കുടിയാന്മാരായി കരുതപ്പെട്ടമെന്നു്

6B മലബാർ കുടിയായ്മ നിയമം വ്യാപിപ്പിച്ച ചില പ്രദേശങ്ങളിലെ ചില പണയക്കാർ കുടിയാന്മാരായി കരുതപ്പെട്ടമെന്നു്

7 കുടിയാന്മാരാണെന്നു് യഥാർത്ഥത്തിൽ കരുതികൊണ്ടു് ഭൂമി കൈവശം വെച്ചുകൊണ്ടിരിക്കുന്ന ചില ആളുകൾ കുടിയാന്മാരായി പരിഗണിക്കപ്പെടണമെന്നു്

7A പത്തു വർഷത്തിൽ കുറയാതെയുള്ള കാലത്തേക്കു് കൈവശം വെച്ചിരിക്കുന്ന ചില ആളുകൾ കുടിയാന്മാരായി പരിഗണിക്കപ്പെടണമെന്നു്

7B അധികാരമില്ലാത്തയാൾ നൽകുന്ന ചില പാട്ടങ്ങൾ കുടിയായ്മയാവുക.

7C കൈവശം ലഭിക്കാൻ തുക നൽകിയ ചില‍ർ കുടിയാന്മാരാവുക.

7D സ്വകാര്യവനങ്ങളിലെ കുടിയായ്മ.

8 ചില വാരക്കാർ കുടിയാന്മാരായി ഗണിക്കപ്പെടുക.

9 പാട്ടച്ചാർത്തു് ഒഴിഞ്ഞാലും കൈവശം തുടർന്നാൽ, കുടിയാനായി ഗണിക്കപ്പെടുക.

9A ചില ഒഴുകുറി രേഖകൾ തെളിവിൽ സ്വീകരിക്കരുതെന്നു്.

10 മററു ചില ആളുകൾ കുടിയാന്മാരായി ഗണിക്കപ്പെടുക,

11 ശമ്പളപ്പാട്ടക്കാരൻ, ശമ്പളച്ചീട്ടുകാരൻ എന്നിവർ കുടിയാന്മാരായി ഗണിക്കപ്പെടുക,

12 ഇടപാടിൻെറ യഥാർത്ഥ അവകാശം തെളിയിക്കൽ.

13 കുടിയായ്മസ്ഥിരത.

13A 1–4–1964 നു ശേഷം ഒഴിപ്പിച്ച വസ്തുക്കൾ തിരിയെ കൊടുപ്പിക്കാനുള്ള വ്യവസ്ഥ.

13B പാട്ടക്കുടിശിഖയ്ക്കു വിൽക്കപ്പെട്ട സ്ഥലങ്ങൾ തിരിയെ കൊടുക്കൽ,

13C പാട്ടക്കുടിശിഖയ്ക്കു വേണ്ടി നടത്തിയ വിൽപ്പനയിടപാടിനെ അസ്ഥിരപ്പെടുത്തുന്ന നടപടി.

13D നഷ്ടപരിഹാരത്തിനുവേണ്ടി നടത്തപ്പെട്ട ചില വില്പനകൾ അസ്ഥിരപ്പെടുത്തുന്ന നടപടി.

14 പൊതു ആരാധനാ സ്ഥലങ്ങൾക്കുവേണ്ടി ഭൂമിവീണ്ടെടുക്കൽ

15 പാർപ്പിടം പണിയാൻ ഭൂമി വീണ്ടെടുക്കൽ

16 പരമാവധി വിസ്തീർണ്ണത്തിൽ കവിഞ്ഞു കൈവശമുള്ള കുടിയാനിൽ നിന്നും ഭൂമി വീണ്ടെടുക്കൽ

16A പരമാവധി ഭൂമി കൈവശമുള്ള കുടിയാനിൽ നിന്നും ചെറുകിട കൈവശക്കാരൻ ഭൂമി വീണ്ടെടുക്കാനുള്ള വ്യവസ്ഥ

17 ചെറുകിട കൈവശക്കാരനും, വീണ്ടെടുക്കൽ അവകാശവും
18 വീണ്ടെടുക്കലിനു് പരിമിതികൾ
19 തോട്ടങ്ങളുടെ ഇടയിലെ കൃഷി ഭൂമി വീണ്ടെടുക്കൽ
20 കുടിയാനു് ദേഹണ്ഡ പ്രതിഫലവും,ആശ്വാസ പ്രതിഫലവും
21 വീണ്ടെടുക്കലിലെ മുൻഗണനാക്രമം
22 വീണ്ടെടുക്കലിനുള്ള നടപടിക്രമം
23 ഭൂമി തിരിയെ കിട്ടാനുള്ള വ്യവഹാരം
24 കാലഹരണ സംഗതി
25 ആക്കൊക്കെ തിരിയെ കിട്ടാമെന്നതു്
25A കരാർ പാട്ടം
25B ആനുപാതിക പാട്ടത്തിൻെറ കാര്യം
26 പാട്ടക്കുടിശ്ശിഖ ഈടാക്കൽ
27 മര്യാദപ്പാട്ടം
28 മര്യാദപ്പാട്ടത്തിൽ നിന്നുമുള്ള ഒഴിവാക്കലുകൾ
29 അവകാശരേഖ
29A ക്രിമിനൽ നടപടി നിയമം 12-ാം അദ്ധ്യായം ബാധകമാകാത്ത സാഹചര്യങ്ങൾ.
29B കൈവശാവകാശത്തെപ്പററിയുള്ള തർക്കത്തിൻെറ പരിഹാരം,
30 മദ്ധ്യവർത്തിക്കു കൊടുക്കേണ്ട പാട്ടം.
30A കാണകുടിയാനു്, ജന്മിക്കരത്തിൽ ഇളവു്.
31 മര്യാദപ്പാട്ടവും ലാൻഡു്ട്രൈബ്യൂണലും.
32 വ്യവഹാരങ്ങൾക്കു് നിരോധനം.
33 മര്യാദപ്പാട്ടം സംബന്ധിച്ച കരാറുകൾ.
34 മര്യാദപ്പാട്ടത്തിൻെറ പ്രാബല്യത്തീയതി.
35 മര്യാദപ്പാട്ടമല്ലാതുള്ള പാട്ടനിരക്കു്.
36 പാട്ടം കൊടുക്കേണ്ട രീതി.
37 നികുതി കൊടുക്കാനുള്ള ബാദ്ധ്യത.

38 പാട്ടം ഇളവുചെയ്യൽ.
39 പാട്ടം കുറവ് ചെയ്യുക.
40 നാട്ടാചാരവിഹിതങ്ങൾക്കു വിലക്ക്,
41 പാട്ടക്കുടിശിഖയും പലിശയും.
42 പാട്ടക്കുടിശിഖയും മുൻഗണനാക്രമവും
43 ഉൽപന്നങ്ങളുടെ വില പ്രസിദ്ധീകരിക്കുക.
44 ഉൽപാദന സ്ഥിതിവിവരക്കണക്ക്.
45 പാട്ടത്തിനു് രസീതു്.
45A വസൂലാക്കിയ പാട്ടം 1966 മേയ് 1 നുശേഷമുള്ള കാലത്തേക്കുള്ളതുമായി തട്ടിക്കഴിക്കൽ
46 ജന്മി പാട്ടം കൈപ്പററാതിരുന്നാലുള്ള നടപടി
47 46-ാം വകുപ്പനുസരിച്ചുള്ള നടപടിയുടെ രൂപം
48 വസ്തുവിലെ അവകാശം ഭിന്നിക്കുമ്പോൾ, പാട്ടം ക്രമീകരിക്കേണ്ടതെങ്ങനെയെന്നതു്
49 വിലയ്ക്കു വാങ്ങലും, നോട്ടീസു നടപടിയും
50 കുടിയാൻെറ അവകാശം പിൻതുടർച്ചയ്ക്കും, കൈമാററ സ്വാതന്ത്ര്യത്തിനും വിധേയം
50A കുടിയാനുള്ള അനുഭവ സ്വാതന്ത്ര്യത്തിൻെറ വ്യാപ്തി
51 കുടിയാനും, ഒഴികുറി കൊടുക്കലും
51A കുടിയാനും ഭൂമി ഉപേക്ഷിക്കലും
51B ജന്മി പ്രവേശിക്കുന്നതിനു് നിരോധനം
52 തടിയ്ക്കുപയോഗിയ്ക്കുന്ന വൃക്ഷങ്ങളുടെ അവകാശ സംഗതി
53 കുടിയാനും, വിലയ്ക്കു വാങ്ങൽ അവകാശവും
54 വിലയ്ക്കു വാങ്ങാനുള്ള അപേക്ഷ
55 ക്രയവില
56 ക്രയവില വീതംവയ്ക്കൽ
57 ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെയുള്ള നടപടിക്രമം
58 ക്രയവിലയെ, സംബന്ധിച്ച ഗഡുക്കളുടെ വിവരം
59 ക്രയവില കെട്ടിവയ്ക്കലും, വിലവാങ്ങൽ സർട്ടിഫിക്കററും

AYAM PUBLIC LIBRARY
KOTTAYAM

60 തവണക്കുടിശ്ശികയ്ക്കു് പലിശ

61 എന്നുവരെ പാട്ടം കൊടുക്കണമെന്നതു്

62 ക്രയവില ഗഡുക്കളായി ഈടാക്കൽ

63 ക്രയവിലയിൽ ചുമന്ന ബാദ്ധ്യതകളുടെ കാര്യം

64 ക്രയവിലയുടെ കൊടുക്കൽ, ബാദ്ധ്യതകളിൽനിന്നുള്ള പരിപൂർണ്ണ വിടുതലാകുമെന്നുള്ളതു്

65 പൊതു സ്ഥാപനങ്ങൾക്കുള്ള പ്രത്യേക വ്യവസ്ഥ

66 പൊതു സ്ഥാപനങ്ങൾക്കു് വർഷാശനം

67 വർഷാശനം കൊടുക്കൽ

68 കുടിയാന്റെ അവകാശത്തിനു് ബാധകമാകാത്ത വ്യവസ്ഥ

69 ഗവമ്മെന്റിനു് ക്രയവിലയിൽ ഉള്ള അവകാശം

70 സ്ഥാപനത്തിനു് പാട്ടത്തുകയിന്മേൽ, പരിമിതമായ കാലഘട്ടത്തേയ്ക്കുള്ള അവകാശം

71 സ്ഥാപനത്തിന്റെ കുടിയാൻ ഗവമ്മെന്റിന്റെ കുടിയാനായിരിക്കുമെന്നതു്

72 ജന്മിയുടെ അവകാശങ്ങൾ ഗവമ്മെന്റിൽ നിക്ഷിപ്തമാവുന്നതു്

72A ജന്മിക്കു് നഷ്ടപ്രതിഫലം.

72B കുടിയാനു് പതിച്ചുകിട്ടാനുള്ള അവകാശം.

72C അപേക്ഷ കൂടാതെ പതിച്ചുകൊടുക്കൽ.

72D ക്രയവില

72E പതിച്ചുകൊടുക്കാത്ത ഭൂമിയുടെ പാട്ടം.

72F ലാൻഡ് ട്രൈബ്യൂണൽ ക്രയവില നിശ്ചയിക്കുക,

72G നഷ്ടപ്രതിഫലം വീതിക്കൽ.

72H പ്രതിഫലസംഖ്യ ഭാഗികമായ നൽകലും, ബാദ്ധ്യതകൾ തീർക്കലും.

72 I ബാക്കി പ്രതിഫലം നൽകുക.

72 J പ്രതിഫലം നൽകാനുള്ള സാദ്ധ്യതയിൽ നിന്നും പൂർണ്ണമായ വിടുതൽ.

72K വിലവാങ്ങൽ സർട്ടിഫിക്കററ്.
72L ക്രയവിലയും ഗഡുവിൻെറ കാര്യവും.
72M ക്രയവില കെട്ടിവയ്ക്കൽ.
72N ക്രയവിലയ്ക്കുപകരം വർഷാശനം.
72O പാട്ടത്തെ പ്രതിഫലസംഖ്യയിൽ തട്ടിക്കഴിക്കുന്നതു്.
72P 72-ാം വകുപ്പനുസരിച്ച പ്രഖ്യാപനം, 54-ാം വകുപ്പനുസരിച്ച നടപടികളെ ദുർബലപ്പെടുത്തുന്ന സംഗതി.
72Q പാട്ടക്കുടിശ്ശിഖ ഈടാക്കലിനു് നിരോധനം ഇല്ലെന്നുള്ള വ്യവസ്ഥ
72R ജന്മിക്കരം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ
72S നികുതി ബാദ്ധ്യതയും പാട്ടക്കുടിശ്ശിഖയും
73 പാട്ടക്കുടിശ്ശിഖയുടെ കൊടുത്തു തീർക്കൽ
74 കുടിയായ്മയ്ക്കു് ഭാവി നിരോധനം
75 കുടികിടപ്പുകാരനു സ്ഥിരത
76 കുടികിടപ്പുകാരനും പാട്ട ബാദ്ധ്യതയും
77 കുടികിടപ്പുകാരനെതിരായവ്യവഹാരത്തിൻെറകാര്യം
78 കുടികിടപ്പവകാശം, പിൻതുടർച്ചക്കാരനു് സിദ്ധിക്കുന്നതും ചില സാഹചര്യങ്ങളിൽ മാത്രം കൈമാററം ചെയ്യാവുന്നതുമാണു്.
79 കുടികിടപ്പു വികസിപ്പിക്കാനും സംരക്ഷിക്കാനുമുള്ള അവകാശം
79A കുടികിടപ്പുകാരൻെറ ചില പ്രത്യേക അവകാശങ്ങൾ
80 കുടികിടപ്പു രജിസ്റ്റർ
80A കുടികിടപ്പു വിലയ്ക്കു വാങ്ങൽ
80B വിലയ്ക്കു വാങ്ങൽ നടപടി
80C വിലവാങ്ങൽ സർട്ടിഫിക്കററ്
80D തവണമുടക്കത്തിനു് പലിശ.
80E ക്രയവിലയും ബാദ്ധ്യതകളും കൊടുക്കൽ.
80F ക്രയവില തീർക്കലിൻെറ പരിപൂർണ്ണമോചനം.

80G ക്രയവിലയും അംശദായവും
81 ഒഴിവാക്കലുകൾ
82 സീലിംഗ് ഏരിയാ
83 ഏരിയാനിരോധനം
84 ചില കരണങ്ങൾക്കു് പ്രാബല്യമില്ലെന്നുള്ള വ്യവസ്ഥ
85 മിച്ചഭൂമി വിട്ടുകൊടുക്കൽ
86 മിച്ചഭൂമി ഗവണ്മെൻറിൽ നിക്ഷിപ്തമാവുക
87 ഭാവിയിൽ ലഭിക്കുന്ന ഭൂമി വിട്ടുകൊടുക്കുന്ന സംഗതി
88 നഷ്ടപ്രതിഫലം
89 നഷ്ടപ്രതിഫലത്തിൽ മുൻകൂർ കൊടുക്കൽ
90 നഷ്ടപ്രതിഫല രജിസ്റ്റാർ
91 നഷ്ടപ്രതിഫലം കൊടുക്കൽ
92 ബാദ്ധ്യതകൾ തീർക്കൽ
93 ബാദ്ധ്യതയുടെ വിട്ടുതൽ
94 (റദ്ദ് ചെയ്യപ്പെട്ടു)
94 പതിവ് ലഭിക്കാനുള്ള അപേക്ഷ
96 ഭൂമി പതിച്ചുകൊടുക്കൽ
97 ക്രയവില കൊടുക്കൽ
98 ഭൂമികളിന്മേൽ മേൽവിചാരം
98A വ്യാഖ്യാനം
99 ലാൻഡ് ട്രൈബ്യൂണൽ രൂപീകരിക്കൽ
99A അപ്പലേററ് അതോറിട്ടി രൂപീകരിക്കൽ
100 ലാൻഡ് ബോർഡു രൂപീകരിക്കൽ
101 ലാൻഡ് ബോർഡിന്റേയും ലാൻഡ് ട്രൈബ്യൂണലിന്റേയും അധികാരങ്ങൾ
102 അപ്പീൽ അവകാശം
103 ഹൈക്കോടതിയ്ക്കു് പുനഃപരിശോധനാധികാരം
104 കൂട്ടുകുടുംബങ്ങൾ മുതലായവയെ കക്ഷിയാക്കൽ

104A ഒന്നിലധികം പ്രദേശത്തെ ഭൂമികളെ സംബന്ധിക്കുന്ന വിചാരണാ സംഗതി

105 പ്രത്യേക ഉദ്യോഗസ്ഥൻ

105A പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കൽ

106 വാണിജ്യാവകാശങ്ങൾക്കുള്ള പ്രത്യേക നിബന്ധന

106A കുടികിടപ്പുകാരന്റെ വാണിജ്യാവശ്യത്തിനുള്ള പരിരക്ഷ

107 കോർട്ടുചെല്വകാര്യം

108 കാലഹരണ നിയമത്തിന്റെ പ്രാബല്യം

109 കർഷക പുനരധിവാസനിധിയും, കുടികിടപ്പുകാക്കുക്ഷേമനിധിയും

109A ചെറുകിടക്കാരനു് Solatium

110 പ്രത്യേക വ്യവസ്ഥകൾ

111 കരാർപാട്ടത്തിനു് സംരക്ഷണം

111A പണയസംഖ്യ തിരിയെ കൊടുക്കേണ്ടാത്ത സാഹചര്യം

112 ക്രയവില വീതംവസ്സൂൽ

113 ഉൽപന്നവില പ്രസിദ്ധീകരണം

114 ചില നിയമങ്ങൾക്കു് ഭേദഗതികൾ

115 വിചാരണയ്ക്കു് ഹാജരാകുന്ന വ്യവസ്ഥ

116 കോർട്ടുഫീസ്

117 പബ്ലിക്ക്സർവന്റ്സ്

117A കുടികിടപ്പുകാരന്റെ അവകാശങ്ങളുടെ നേരെയുള്ള ആക്രമണങ്ങളുടെ പരിഹാരം

118 റിട്ടേൺ ഫയൽ ചെയ്യാത്തതിനു് ശിക്ഷ

119 തെററായ വിവരങ്ങളും റിട്ടേണുകളും ഫയൽചെയ്യുന്നതിനുള്ള ശിക്ഷ

120 വ്യാജ പ്രസ്താവനയ്ക്കു ശിക്ഷ

121 ഉത്തരവു ലംഘിച്ചാലുള്ള ശിക്ഷ

122 നാശനഷ്ടങ്ങൾക്കുള്ള ശിക്ഷ
122A കമ്പനികൾ കുററം ചെയ്യുന്നതിനെപ്പററി
123 കുററങ്ങൾ വിചാരണചെയ്യുന്നതിന് നാശനഷ്ടങ്ങൾക്കുള്ള
124 ആക്ടപ്രകാരമുള്ള നടപടികൾക്കു് സംരക്ഷണം
125 സിവിൽ കോടതികളുടെ അധികാര വ്യാപ്തി നിരോധനം
126 ഏക്കറുകളേയും സെൻറുകളേയും സംബന്ധിച്ച പരാമർശങ്ങൾ
127 ഈ നിയമം മററു നിയമങ്ങളെ അസാധുവാക്കുമെന്നു്
128 വൈഷമ്യ പരിഹാരത്തിനുള്ള വ്യവസ്ഥ
128A ലാൻഡ് ബോർഡു അധികാരം ഏല്പിച്ചു കൊടുക്കൽ
128B കൂടുതൽ കൊടുത്ത സംഖ്യയെപ്പററിയുള്ള വ്യവസ്ഥ
129 ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം
130 ചട്ടങ്ങൾ നിയമസഭയുടെ മുമ്പാകെ വയ്ക്കണമെന്നതു്
131 കാലഹരണക്കാര്യം
132 റദ്ദാക്കലും, ഒഴിവാക്കലും

## പുസ്തകത്തെപ്പററി

ഏററവും പുരോഗമനപരമെന്നു അറിയപ്പെടുന്ന "കേരളാ ഭൂപരിഷ്കരണ നിയമ"ത്തിനു് ഒരു "ടിപ്പണി" എഴുതുന്നതിനുള്ള എളിയ ശ്രമമാണു് ഈ പുസ്തകം.

മലയാളം മാത്രം അറിയുന്നവക്കു വേണ്ടിയാണു് ഇതിൻെറ രചന. വളരെ ഗഹനമായ കാര്യങ്ങൾ കുത്തി ച്ചെലുത്തിയിട്ടുള്ള ഒരു നിയമത്തിലെ വ്യവസ്ഥകളെ, നിയമ പരിജ്ഞാനം പ്രായേണ കുറവായ സാമാന്യ ജന തയുടെ മുമ്പിൽ അവതരിപ്പിക്കുവാനുള്ള ശ്രമമാണു്, ഇതിലെ പ്രതിപാദനം.

ഈ ഗ്രന്ഥം അച്ചടിയിലിരിക്കേതന്നെ, ഗവണ്മെൻറും മാതൃഭൂമി പബ്ലിക്കേഷൻസും, ഭൂപരിഷ്ക്കരണ നിയമ ത്തിൻെറ മലയാളം തർജ്ജിമ പ്രസിദ്ധീകരിച്ചു. അവയെ ഞാൻ ആശ്രയിച്ചിട്ടുണ്ടു്. എന്നാൽ, അവയിൽ നിന്നും ഭിന്നമാണു് തർജ്ജിമയ്ക്കുവേണ്ടി ഞാൻ സ്വീകരിച്ചിട്ടുള്ള ശൈലിയും രീതിയും "ആക്ടി"ൻെറ ഒന്നാംവകുപ്പു ഒഴികെ യുള്ള വകുപ്പുകളുടേയും തർജ്ജിമ, ഈ ഗ്രന്ഥത്തിൽ ചേർത്തി ട്ടുണ്ടു്, ഇതിലെ 22 അദ്ധ്യായങ്ങളിലായി. അങ്ങനെ ചേർത്ത തർജ്ജിമ, അതാതു് വിഷയങ്ങളുമായി ബന്ധി

ച്ചാണ്, അല്ലാതെ ആക്ടിൽ കൊടുത്തിട്ടുള്ള മുറയനുസരിച്ചല്ല, എന്നു മാത്രം.

ഔദ്യോഗികമായി ആക്ടിനെ തർജ്ജിമ ചെയ്യുന്ന ഒരാളിനു് അനുവദനീയമല്ലാത്ത പല സ്വാതന്ത്ര്യങ്ങളും പരിഭാഷയിൽ ഞാൻ സ്വീകരിച്ചിട്ടുണ്ടു്. ദീർഘമായ പല വകുപ്പുകളേയും നിരവധി വാക്യങ്ങളിലായിട്ടാണ് ഞാൻ പരിഭാഷപ്പെടുത്തിച്ചേർത്തിട്ടുള്ളതു്. വാക്യങ്ങളെ തമ്മിൽ ഘടിപ്പിക്കുന്നതിനു്, യുക്തമെന്നു തോന്നിയ ചില ചെറിയ പദങ്ങൾ ചേർത്തിട്ടുണ്ടാവും. ചില ആവർത്തന പദങ്ങൾ, വിട്ടുകളഞ്ഞിട്ടുണ്ടാവും. ദൂരാന്വയം ഒഴിവാക്കുന്നതിനുവേണ്ടി, വകുപ്പുകളുടെ ഉള്ളടക്കത്തിൻെറ ക്രമീകരണരീതിയിലും, ചില സ്വാതന്ത്ര്യങ്ങൾ വിനിയോഗിച്ചിട്ടുണ്ടു്. പരിഭാഷ സ്വതന്ത്രമാണ്. ഒരു സംഗതി ഉറപ്പു പറയുന്നു; നിയമവകുപ്പുകളെ, അവയുടെ സാരാംശത്തിലും ആശയഘടകങ്ങളിലും, കുറവോ കൂടുതലോ വരാതെ, വായനക്കാരനു നൽകുന്ന കാര്യത്തിൽ, ഒരു അഭിഭാഷകനുള്ള ഉത്തരവാദിത്വത്തോടുകൂടി പരമാവധി ശ്രദ്ധിച്ചിട്ടുണ്ടു്, എന്നു്.

ആക്ടിലെ എല്ലാ വകുപ്പുകൾക്കും ഔദ്യോഗികമായി തലവാചകങ്ങൾ കൊടുത്തിട്ടുള്ളതാണ്. അവ വകുപ്പുകളുടെ ഘടകമാണ്. എന്നാൽ തർജിമയുടെ ഭാഗത്തു് ഞാൻ അതു ചേർത്തിട്ടില്ല. അവയെ സൂചനാരൂപത്തിൽ വിഷയവിവരത്തിൻെറ സ്ഥാനത്തു് ആക്ടിലെ ക്രമമനുസരിച്ചു് ചേർത്തിട്ടുണ്ടു്.

ഇനിയൊരു കാര്യം. ഭൂപരിഷ്ക്കരണ നിയമത്തെ സംബന്ധിക്കുന്ന ഏതൊരു പ്രതിപാദനവും, വായനകൊണ്ടു് മനസ്സിലായിക്കിട്ടുന്നതാവണമെന്നില്ല; പഠനം മാത്രമാണ്, അതിനുള്ള ഉപാധി. ഈ ഗ്രന്ഥത്തിൻെറ

വായനയിൽ ഇക്കാര്യം മനസ്സിലിരിക്കണമെന്നു് മുന്നറിയിപ്പു തന്നുകൊള്ളുന്നു.

പ്രതീക്ഷകളോടെ ഈ ഗ്രന്ഥം കേരളീയ ജനതയുടെ മുമ്പിൽ അവതരിപ്പിച്ചുകൊള്ളുന്നു. 1962 ൽ ഞാൻ പ്രസിദ്ധീകരിച്ച "പഞ്ചായത്തു്-ഇന്നും-നാളെയും" എന്ന പുസ്തകത്തിനു് കേരളീയർ നല്കിയതുപോലുള്ള നിർലോഭമായ പ്രോത്സാഹനം ഈ ഗ്രന്ഥത്തിനും നല്കണമെന്നു് വിനീതമായി അഭ്യർത്ഥിക്കുന്നു.

ഈ പുസ്തകത്തിൻെറ അച്ചടി, ചർച്ചാ വിഷയത്തിൻെറ സ്വഭാവവും, രീതിയുമനുസരിച്ചു് ക്ലിഷ്ടമാണു്. വലിയക്ഷരങ്ങൾ, ചെറിയക്ഷരങ്ങൾ, വകുപ്പുകൾ, ഉപവകുപ്പുകൾ എന്നു തുടങ്ങി, വൈവിദ്ധ്യം നിറഞ്ഞ ആവശ്യങ്ങളാണു്, അതിനു കാരണം. ആത്മാർത്ഥതയെന്ന വമ്പിച്ച മൂലധനം മുടക്കി, ഈ കൃത്യം രാപകലില്ലാതെ പാടുപെട്ടു നിറവേററിയ സഖാവ് ശിവാനന്ദൻെറ മിനർവാ പ്രസ്സിലെ അദ്ധ്വാനികളോടു് ഞാൻ അത്യന്തം കടപ്പെട്ടിരിക്കുന്നു.

എന്നു് വിനീതൻ

തിരുവനന്തപുരം
28–2–1970

(N. K. SUKUMARAN)
ഗ്രന്ഥകർത്താവ്.

## ഒന്നാം ഭാഗം

# പ്രാരംഭം

അദ്ധ്യായം ഒന്നു് : പശ്ചാത്തലം

അദ്ധ്യായം രണ്ടു് ; മുൻചരിത്രം

## അദ്ധ്യായം ഒന്നു്

# പശ്ചാത്തലം

ഇരുപതാം നൂററാണ്ടിൻെറ കാലഘട്ടത്തിൽ, ഏററവും വലിയ ആക്രമണത്തിനു വിധേയമായ രണ്ടു സാമൂഹ്യമേഖലകൾ ജന്മിത്വത്തിൻേറയും, മുതലാളിത്വത്തിൻേറതുമായിരുന്നു. ആഗോള വ്യാപകമായി നടന്ന ഈ കടന്നാക്രമണത്തെ, ജന്മിത്വവും മുതലാളിത്തവും ഒരു പരിധിവരെ ചെറുത്തു നിന്നിട്ടുണ്ടു്. എങ്കിലും, ഗണ്യമായ പരിധിയിൽ ആക്രമണം തന്നെയാണു വിജയിച്ചതു്. സ്വത്തുടമ, വ്യക്തികളിൽ നിന്നും പരിപൂർണ്ണമായും, സ്റ്റേററിന്റെ ഉടമയിലേയ്ക്കു് മാററിയെടുത്ത സോഷ്യലിസ്റ്റു വ്യവസ്ഥിതി, ലോകത്തിലെ നല്ലൊരു വിഭാഗം ജനത അംഗീകരിച്ചിട്ടുണ്ടു്.

മാതൃകാപരമായ സോഷ്യലിസ്റ്റു വ്യവസ്ഥിതി ഔദ്യോഗികമായി അംഗീകരിക്കപ്പെടാത്ത നാടുകളിലും, സോഷ്യലിസ്റ്റടിസ്ഥാനത്തിലുള്ള സാമൂഹ്യക്രമത്തെപ്പററിയുള്ള പരാമർശനങ്ങൾ ഇന്നു് സുപരിചിതമാണു്. അവയുടെയും, മാററത്തിൻെറ അലയടികൾ ആദ്യമായി പ്രതിദ്ധ്വനിക്കുന്നതു് ജന്മിത്വത്തിൻേറയും മുതലാളിത്വത്തിൻേറയും മേഖലകളിലായിരിക്കും. കർഷക പ്രധാനമായ രാജ്യങ്ങളിൽ ഈ ചിന്താസരണി ആദ്യമായി പ്രതിഫലിക്കുന്നതു് ജന്മിത്വത്തിൻെറ രംഗത്തായിരിക്കുകയെന്നതു് സ്വാഭാവികം മാത്രമാണു്.

ഇൻഡ്യയിൽ ഭൂമികളെ മുഴുവനും, സ്റ്റേററിൻെറ ഉടമയിൽ കൊണ്ടുവരുന്നതിനുള്ള സംരംഭങ്ങൾ ഉണ്ടായിട്ടില്ല.

ജനാധിപത്യത്തിലൂടെ സോഷ്യലിസം സ്ഥാപിക്കുന്നതിനുള്ള ശ്രമത്തിൽ, "കൃഷി ഭൂമി കർഷകനു്" എന്ന മുദ്രാവാക്യത്തിനാണു് ഇവിടെ പ്രാധാന്യം നല്കപ്പെട്ടിരിക്കുന്നതു്. ജന്മിയെന്നും കുടിയാനെന്നുമുള്ള വ്യത്യാസ സങ്കേതങ്ങൾ ഒരേ പറമ്പിനെ സംബന്ധിച്ചു് ഉണ്ടായിരിക്കരുതു് എന്നതു മാത്രമാണു് ഈ മുദ്രാവാക്യം സ്ഥാപിക്കാനുദ്ദേശിക്കുന്ന നിയമ വ്യവസ്ഥിതി. വസ്തുവെ സംബന്ധിച്ച ഉടമസ്ഥാവകാശത്തെ "ജന്മാവകാശ"മെന്നു വിളിക്കുന്ന ഭാഷാശൈലി മലയാളികൾക്കു് സുപരിചിതമാണു്. ഈ അർത്ഥത്തിൽ പരിശോധിച്ചാൽ, നിയമനിർമ്മാണംകൊണ്ടു് നാം ഉദ്ദേശിക്കുന്നതു്, ഇന്നു് കുടിയാന്മാർ മാത്രമാണെന്നു് നാം ഗണിക്കുന്ന വ്യക്തികൾ ഉൾപ്പെടെ, എല്ലാ വസ്തു കൈവശക്കാരേയും ജന്മികളാക്കുക എന്ന പ്രക്രിയയാണു്.

ഇൻഡ്യയ്ക്കു് സ്വാതന്ത്ര്യം ലഭിച്ചശേഷം, ഇവിടെ നിലവിലുള്ള സ്ഥാവര വസ്തുവിൻെറ ഉടമാവകാശത്തിന്റെ സംവിധാനം രാഷ്ട്രം ഇടപെട്ടു പരിഷ്ക്കരിക്കേണ്ടതാണെന്നുള്ള ആശയം ശക്തിയായി പൊന്തിവന്നുകൊണ്ടിരുന്നു. വിവിധ രാഷ്ട്രീയ പാർട്ടികൾ ഭരണം നടത്തിയിട്ടുള്ള വിവിധ ഇൻഡ്യൻ സ്റ്റേററുകളിൽ, ഭിന്ന രീതിയിലും, ഭിന്നമായ കാലഘട്ടങ്ങളിലുമായി കർഷക ബന്ധത്തേയും ഭൂപരിഷ്ക്കരണത്തേയും സംബന്ധിച്ച നടപടികൾ ഉണ്ടായിട്ടുണ്ടു്. ഇൻഡ്യയുടെ തെക്കേ അററത്തുള്ള കൊച്ചുകേരളത്തിൽ ഈ സംഗതിയെപ്പററി നടന്നിട്ടുള്ള നിയമനിർമ്മാണങ്ങളിൽ ഏററവും പ്രധാനമായ നിയമത്തെപ്പററി മാത്രമാണു് ഈ ഗ്രന്ഥം ചർച്ച ചെയ്യുന്നതു്.

കേരള സംസ്ഥാനം 1957 ൽ മാത്രമാണു് ഇന്നത്തെ അതിർത്തികൾ അടങ്ങുന്ന പ്രദേശമായി രൂപം കൊണ്ടതു്. 1949 ൽ, തിരുവിതാംകൂർ-സംസ്ഥാനവും കൊച്ചീസംസ്ഥാനവും സംയോജിക്കപ്പെട്ടു. ഈ മൂന്നു ഘടകപ്രദേശങ്ങളിലും അടിസ്ഥാനപരമായ സംഗതികളിൽ സാദൃശ്യ

മുണ്ടെങ്കിലും, ഭിന്നമായ രീതിയിലുള്ള ജന്മി–കുടിയാൻ ബന്ധം നിലവിലിരുന്നു. അവയെയെല്ലാം കണക്കിലെടുത്തുകൊണ്ടു മാത്രമേ, ജന്മിത്വം അവസാനിപ്പിക്കുവാനുള്ള കേരളത്തിനേറതായ ഒരു നിയമം കരുപ്പിടിപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

ഈ മൂന്നു പ്രദേശങ്ങളിലും നിലവിൽ വന്ന നൂററാണ്ടുകൾ പഴക്കമുള്ള ജന്മി–കുടിയാൻ ബന്ധങ്ങളെ പരാമർശിക്കുന്നതിനു്, ഒരു പ്രത്യേക ഗ്രന്ഥം തന്നെ വേണ്ടി വരുന്നതാണു്. മലയാള ഭാഷയിൽ അത്തരമുള്ള ഒരു ചരിത്രഗ്രന്ഥം ഇല്ലെങ്കിലും, ഇംഗ്ലീഷിൽ നിരവധി വിലപ്പെട്ട ഗ്രന്ഥങ്ങൾ ഈ വിഷയത്തെ പുരസ്കരിച്ചു രചിക്കപ്പെട്ടിട്ടുണ്ടു്. പ്രസ്തുത മേഖലയിലേക്കു് കാലെടുത്തു കുത്തുകയെന്നതു്, ഈ ഗ്രന്ഥത്തിൻെറ പരിമിതിയുടെ പശ്ചാത്തലത്തിൽ ആപല്ക്കരമാണു്. ഒരു കാര്യം മാത്രം സൂചിപ്പിക്കാമെന്നു കരുതുന്നു. ഇരുപതാം നൂററാണ്ടിൻെറ ആരംഭകാലം മുതൽ തന്നെ, ഭൂമിയിൽ, നേരിട്ടു കൈവശമില്ലാത്ത ജന്മിയുടെ ഇഷ്ടാനുസരണമുള്ള മേൽകോയ്മയിൽ നിന്നും മോചനം നേടുവാൻ വേണ്ടി, രക്തച്ചൊരിച്ചിലോടുകൂടിയ പരിശ്രമങ്ങൾ കേരളമൊട്ടാകെ നടന്നുവന്നിരുന്നുവെന്നും അവയുടെ സമ്മർദ്ദ ഫലമായിട്ടാണു്, കുടിയായ്മ സ്ഥിരത, വച്ചെഴുത്തു നിരോധനം, പാട്ടസംഖ്യയിലെ ക്രമീകരണം തുടങ്ങി, കുടിയാൻ–ജന്മി ബന്ധങ്ങളെ നിയന്ത്രിക്കുന്ന നിയമ നിർമ്മാണ നടപടികൾ ഉടലെടുത്തതെന്നും, സംശയരഹിതമായി സ്ഥാപിക്കാവുന്നതാണു്.

ഭൂജന്മിമാരുടെ കുടിയാന്മാർക്കു്, സ്ഥിരാവകാശം നല്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണനടപടികൾ, മലബാർപ്രദേശത്തേക്കാൾ മുൻകൂട്ടി ആരംഭിച്ചതു് കേരളത്തിൻെറ ഘടകങ്ങളായിത്തീർന്ന രണ്ടു നാട്ടുരാജ്യങ്ങളിലായിരുന്നുവെന്നു കാണാം. തിരുവിതാംകൂറിൽ, സക്കാർവക ഭൂമികളെ കൈവശക്കാർക്കു് നികുതിക്കുമാത്രം വിധേയമായി ഉടമസ്ഥതയിൽ വിട്ടുകൊടുക്കുന്നതിനുവേണ്ടി കൊല്ലവർഷം

1040 ൽ തന്നെ, മഹാരാജാവ് സെററിൽമെന്റുവിളംബരം പുറപ്പെടുവിച്ചു. ജന്മികളുടെ വക ഭൂമികളിന്മേൽ, കുടിയാന്മാർക്കു് സ്ഥിരാവകാശം നൽകുന്നതിനുവേണ്ടി 1071 ൽ ജന്മി കുടിയാൻ നിയമം നടപ്പിലാക്കുകയും, അതിന്റെ ഭേദഗതിയായ 1108 ലെ നിയമംകൊണ്ടു്, ജന്മിയുടെ അവകാശം പൂർണ്ണമായി റദ്ദ്ചെയ്തു്, കാണയാധാരങ്ങൾ പ്രകാരമുള്ള അവകാശങ്ങളെ ഉടമസ്ഥാവകാശമായി പ്രഖ്യാപിക്കുകയും ചെയ്തു. അതുമുതൽ, കാണപ്പാട്ടക്കാരനിൽനിന്നും, ഒരു നിശ്ചിതസംഖ്യ, ജന്മിക്കരമെന്ന പേരിൽ സർക്കാർ പിരിച്ചെടുത്തു്; രണ്ടര ശതമാനം കഴിച്ചുള്ളതു് ജന്മിക്കു് കൊടുക്കുവാൻ വ്യവസ്ഥയുണ്ടാക്കുകയും ചെയ്തു. കൂടാതെ 1964 ലെ മൂന്നാം ആക്ട് പ്രകാരം, ഈ ഏർപ്പാടും അവസാനിപ്പിക്കപ്പെട്ടു. ഇടവകകളുടെ വകയായ ഭൂമികളിലെ കുടിയാന്മാർക്കും സർക്കാർഭൂമികളിലെന്നപോലെ സ്ഥിരാവകാശത്തിനും ഉടമാവകാശത്തിനും. വ്യവസ്ഥകളുമുണ്ടാക്കി.

ശ്രീപണ്ടാരവക, ശ്രീപാദംവക, എന്നീയിനങ്ങളിലുള്ള ജന്മിബന്ധത്തെ അവസാനിപ്പിക്കാനുള്ള നടപടികളെ സംബന്ധിക്കുന്ന റൂളുകൾ 1970 ജനുവരി 1-ാം തീയതിമുതലും നടപ്പിലാക്കിയിരിക്കുന്നു.

കൊച്ചിപ്രദേശത്തു്, ഇതിനു സമാന്തരമായ നടപടികൾ മഹാരാജക്കന്മാർ സ്വീകരിച്ചുതുടങ്ങിയതു് കൊല്ലവർഷം 1080 മുതലായിരുന്നു. അക്കൊല്ലം കൊച്ചിയിൽ, "സെററിൽമെൻറു് വിളംബരം" പുറപ്പെടുവിക്കപ്പെട്ടു. 1090 ൽ ടെനൻസിനിയമം പാസാക്കി. 118 ൽ വെറുംപാട്ടക്കുടിയാനു് ഭൂമിയിൽ സ്ഥിരവകാശം നല്കുന്ന "വെറുംപാട്ടംദാർനിയമ"വും നിലവിൽവന്നു.

മലബാർപ്രദേശത്തായിരുന്നു, ഏററവും രൂക്ഷമായ പോരാട്ടത്തിൽക്കൂടി സ്ഥിരതയും മററാനുകൂല്യങ്ങളും കുടിയാൻ നേടിയെടുത്തതു്. അവിടത്തെ കർഷകജനതയും

കുടിയാൻവർഗ്ഗവും മുഖ്യമായും മുസ്ലീമങ്ങളായിരുന്നതുകൊണ്ടു മലബാറിൽ, കുടിയാന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തപ്പെട്ട രക്താത്രുക്ഷിതമായ പോരാട്ടങ്ങളെ, "മാപ്പിളലഹള"യെന്നപേരിൽ വർഗ്ഗീയലഹളയായി ചിത്രീകരിക്കപ്പെട്ടുകയും, ഈ ചിത്രീകരണത്തിന്റെ അടിസ്ഥാനത്തിൽ ഭരണാധികാരികളായ ബ്രിട്ടീഷ്കാർ തോക്കുകൊണ്ട്, സമാധാനം പുന:സ്ഥാപിക്കുകയും ചെയ്തു. ഈ ലഹളയുടെ അവസാനഘട്ടത്തിന്റെ ആരംഭം കുറിച്ച ഒരു കൊച്ചു സംഭവം 1921 ൽ നടന്നു. പാരിയം കുന്നത്തു കുഞ്ഞഹമ്മദു ഹാജിയെന്ന കർഷകകുടിയാൻ, തന്റെ കാളവണ്ടിയേയും കൊണ്ടു് ചന്തയിൽ പോയിട്ടു മടങ്ങിവന്നപ്പോൾ കണ്ട കാഴ്ച ദാരുണമായിരുന്നു. തന്റെ ഭാര്യയും മക്കളുമെല്ലാം പറമ്പിലുള്ള വൃക്ഷങ്ങളിൽ ബന്ധിതരായിരിക്കുന്നു. തന്റെ പരിപാലനത്തിൽ നിറയെ കാച്ചുനിന്ന പ്ലാവിലെ വിളയാത്ത ചക്കകളെയെല്ലാം, മനസ്സുലെ കിങ്കരന്മാർ കൊണ്ടുവന്നിരുന്ന ആന, തറയിലാക്കിയിട്ടുണ്ടു്. മനസ്സുലെ കിങ്കരന്മാർ, പ്ലാവിനെ വെട്ടിമുറിച്ചു കഴിഞ്ഞിരിക്കുന്നു. ഹാജിയേയും പിടിച്ചുകെട്ടാനുള്ള ഭാവമാണ്. പക്ഷെ അതുമാത്രം ചെയ്തില്ല. അൽപസമയം കഴിഞ്ഞു്, തടിയേയും വലിച്ചിഴച്ചുകൊണ്ടു് ആനയും, അതിന്റെ പിന്നാലെ കിങ്കരന്മാരും മനസ്സുലേയ്ക്കുപോയി. ബന്ധിക്കപ്പെട്ടവരെ ഹാജിയാർ കെട്ടഴിച്ചുവിട്ടു. മനസ്സുൽചെന്നു് കാര്യം ചോദിച്ചിട്ടല്ലാതെ മടങ്ങാൻ പാടില്ലെന്നു് "മാപ്പിളമാർ" തീരുമാനിച്ചു. ഘോഷയാത്രയെപ്പററി അന്നു് വിവരമില്ല. എന്നാൽ മൂവായിരത്തിൽപരം "മാപ്പിളമാർ" മനസ്സുലെ ലക്ഷ്യമാക്കി പാഞ്ഞു; ഹാജിയാർ അവരുടെ നേതാവായിട്ടു്, മുദ്രാവാക്യം അവർക്കു് പരിചിതമല്ല; അവർ കൂട്ടവിളി നടത്തി. മനസ്സുൽനിന്നും നാടൻതോക്കുകൊണ്ടു് വെടിവെച്ചു. രണ്ടുമൂന്നു മാപ്പിളമാർ ചത്തു. ബാക്കിയുള്ളവർ പിൻമാറി. തുടർന്നുള്ള ആറേഴവർഷക്കാലം, ഏറനാട്ടുപ്രദേശങ്ങളിൽ, ഹാജിയാരുടെ നേതൃത്വത്തിൽ പലതും സംഭവിച്ചു. ഒരു പുതിയ ഭരണകൂടം അവിടെ സ്ഥാപിക്ക

പ്പെട്ടു. ഹാജിയാർ കുടിയാന്മാർക്കു് അനുകൂലമായ നിരവധി ഡിക്രികൾ പാസ്സാക്കി നടപ്പിൽവരുത്താനും തുടങ്ങി. ഈ കൊച്ചുസാമ്രാജ്യവും ബ്രിട്ടീഷ് തോക്കുകളുടെ സമാധാനപാലനവൈദഗ്ദ്ധ്യത്തിൻെറ മുമ്പിൽ മണ്ണുടിഞ്ഞു.

മലബാർ കളക്ടരായിരുന്ന ലോഗൻ എന്ന ധീര, സംശയരഹിതമായി പ്രഖ്യാപിച്ചു, മലബാറിലെ അസ്വസ്ഥതകൾ, കൃഷി ഭൂമിക്കുവേണ്ടിയുള്ള ദാഹത്തിൽ അധിഷ്ഠിതമാണെന്നു്.

രോമാഞ്ചമണിയിക്കുന്ന ഇത്തരം ചരിത്ര സംഭവങ്ങൾ, നിരത്തുവാൻ ഈ ഗ്രന്ഥത്തിൽ സാധിക്കാതിരിക്കുന്നു. 1929 ൽ, മലബാറിലെ കുടിയാന്മാക്കു്, നിരവധി ആനുകൂല്യങ്ങൾ നല്കുന്ന സുപ്രധാനമായ "മലബാർ ടെനൻസി നിയമം" മദ്രാസ് നിയമസഭ പാസ്സാക്കി, ചരിത്രത്തിൻെറ ഒഴുക്കിനെ പുതിയ ചാലിലേക്കു തിരിച്ചുവിട്ടു.

വൻകിട ജന്മി പ്രസ്ഥാനങ്ങളുടെ മേൽ, ഇത്തരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തപ്പെട്ടുവെങ്കിലും, ജന്മിയും കുടിയാനും തമ്മിലുള്ള ബന്ധത്തിൻെറ സംഗതിയിൽ എണ്ണമററ നൂലാമാലകൾ പിന്നേയും ശേഷിച്ചു. അവയെ ശാശ്വതമായി പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എക്കാലത്തും രാഷ്ട്രത്തിൻെറ ചിന്താവിഷയമായി തുടരുകയും ചെയ്തു.

ഇത്രയും വിശദീകരിച്ചതു് ജന്മി കുടിയാൻ ബന്ധങ്ങളുടെ പശ്ചാത്തലത്തെപ്പററിയാണു്. കർഷകമേഖലയിൽ സജീവമായി നിന്നിരുന്ന മറെറാരു പ്രശ്നം, ഭൂഉടമയുടെ പരിധി നിയന്ത്രിക്കലിൻെറ മേഖലയിലായിരുന്നു. ഈ സംഗതിയെപ്പററി കൂടുതൽ വിശദീകരണം ഇവിടെ ചേർക്കണമെന്നുദ്ദേശിക്കുന്നില്ല; അത്രയ്ക്കു് സുവിദിതമാണതു്.

ഇൻഡ്യ സ്വതന്ത്രയായതിനുശേഷം, ഇക്കാര്യങ്ങളെപ്പററിയുള്ള പരിഗണനകളും പരാമർശനങ്ങളും, അധികരിച്ചുകൊണ്ടുതന്നെയായിരുന്നു ആദ്യത്തെ പ്ലാനിംഗ് കമ്മീഷൻ തന്നെ, ഭൂമിയെ സംബന്ധിക്കുന്ന പ്രശ്നങ്ങളെ സജീവമായി ചർച്ച ചെയ്തതു്. കൃഷി ഭൂമി കർഷകനു നല്കുന്നതിനുവേണ്ടിയും, ഭൂമിയിലുള്ള അവകാശങ്ങളിൽ മദ്ധ്യവർത്തികളേയും, ഇടനിലക്കാരേയും ഒഴിവാക്കുന്നതിനുവേണ്ടിയും, ഒരു വ്യക്തിയ്ക്കു് പരമാവധി കൈവശം വയ്ക്കുകയോ ഉടമസ്ഥത വഹിക്കുകയോ ചെയ്യാവുന്ന ഭൂമിയ്ക്കു് പരിധി നിർണ്ണയിക്കുന്നതിനുവേണ്ടിയും, സംസ്ഥാനങ്ങളിലെ ഭരണകൂടങ്ങൾ, സത്വര നടപടികളെടുക്കണമെന്നു് സംശയരഹിതമായ ഭാഷയിൽ കമ്മിഷൻ എഴുതിവച്ചു. പക്ഷേ, സംസ്ഥാനങ്ങളിൽ നിന്നു് പൊന്തിവന്ന പ്രതികരണം, ഭിന്നമായ തോതിലും ഭിന്നമായ ഘട്ടങ്ങളിലും മാത്രമായിരുന്നു.

കൃഷിഭൂമികളുടെ പ്രശ്നങ്ങളുമായി നേരിട്ടു ബന്ധപ്പെട്ടിരുന്ന കുടികിടപ്പുകാരൻെറ പ്രശ്നവും ഇക്കാലങ്ങളിലെല്ലാം ചർച്ചചെയ്യപ്പെട്ട ഒരു വിഷയമാണു്. ഉദ്ദേശം കാൽ ശതാബ്ദം മുമ്പുമുതൽതന്നെ, അതിനുവേണ്ടി താൽക്കാലിക നിയമനിർമ്മാണങ്ങൾ നടത്തപ്പെട്ടിരുന്നു. ഒരു ശാശ്വത പരിഹാരം അനിവാര്യമെന്ന സ്ഥിതി പൊതുവേ അംഗീകരിക്കപ്പെട്ടുകയും ചെയ്തു.

ഈ പശ്ചാത്തലത്തിലാണു്, ഇൻഡ്യയ്ക്കാകെ മാർഗ്ഗദർശിയും, പ്രേരകഘടകവുമായ ഭൂപരിഷ്കരണനിയമങ്ങൾ ഈ മഹാഭൂഖണ്ഡത്തിൻെറ തെക്കേ അററമായ കന്യാകുമാരി മുനമ്പംമുതൽ ആവിർഭവിച്ചതു്. ഇവയുടെ അലയടികൾ, ഹിമാചല സാനുക്കളെവരെ ഇതിനകം പിടിച്ചുകുലുക്കിക്കഴിഞ്ഞിരിക്കുന്നു. ഇവിടെ അവതരിപ്പിക്കപ്പെട്ട നിയമങ്ങളുടെപ്രസവവേദനയുടെ സാക്ഷിപ്പുമായ ചരിത്രം അടുത്ത അദ്ധ്യായത്തിൽ ചേർത്തുകൊള്ളുന്നു.

45462.

## അദ്ധ്യായം 2

# മുൻചരിത്രം

കേരള ഭൂപരിഷ്കരണ നിയമങ്ങളുടെ മുൻചരിത്രം, നൂററാണ്ടുകൾക്കപ്പുറമുള്ള തീയതി മുതൽ തുടങ്ങാവുന്നതാണ്. ഈ ഗ്രന്ഥത്തിൽ അതു ചെയ്യുന്നില്ല. 1954 ആഗസ്റ്റ്മാസം ഏഴാം തീയതി മുതല്ക്കുള്ള ചരിത്രം മാത്രം കുറിക്കുന്നു.

അന്ന് കേരളം നിലവിൽ വന്നിട്ടില്ല. ഇന്ത്യക്കാകെ മാർഗ്ഗദർശനം നൽകിയ ഒരു സംഭവം, അന്ന് തിരുവിതാംകൂർ–കൊച്ചീസംസ്ഥാനത്തിൻെറ തലസ്ഥാനമായ തിരുവനന്തപുരത്ത് ഉണ്ടായി. ശ്രീ. പട്ടംതാണുപിള്ള മുഖ്യമന്ത്രിയായി ഭരണം നടത്തുകയാണന്ന്; ദിവംഗതനായ ശ്രീ. പി. എസ്. നടരാജപിള്ള റവന്യൂ മന്ത്രിയാണ്. ഇൻഡ്യയിലെ ആദ്യത്തെ കോൺഗ്രസ്സേതരമന്ത്രിസഭയാണതു്. പ്രതിപക്ഷമായ കാൺഗ്രസ്, ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻെറ നേതൃത്വത്തിൽ, പി. എസ്. പി. മന്ത്രിസഭക്കു് പിൻതുണ നൽകുന്നു. അങ്ങനെ നോക്കിയാൽ, കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് അന്നത്തെ മുഖ്യപ്രതിപക്ഷം. ശ്രീമതി കെ. ആർ. ഗൗരി നിയമസഭയിൽ സാമാജികയും.

1954 ആഗസ്റ്റ്മാസം ഏഴാം തീയതി, ശ്രീ. പി എസ്. നടരാജപിള്ള, ആറ് ബില്ലുകൾ നിയമസഭയിൽ അവതരിപ്പിച്ചു. അവ പരസ്പരം ബന്ധപ്പെട്ടവയാണെന്നും അവയെല്ലാംകൂടി ചേർന്ന് "ഭൂനയബില്ലുകൾ" എന്നു വിളിക്കപ്പെടണമെന്നും അദ്ദേഹം വിശദീകരിച്ചു പ്രസംഗിച്ചു. പ്രസംഗം അവസാനിച്ചപ്പോൾ, നിയമസഭയിൽ

ആദ്യമായി സംസാരിച്ചതു്, ശ്രീമതി കെ. ആർ. ഗൗരിയായിരുന്നു. "സർ, ബഹുമാനപ്പെട്ട റവന്യൂമന്ത്രിയെ ഞാൻ അനുമോദിക്കുന്നു; കൈവശഭൂമിയുടെ പരിധിയെ നിയന്ത്രിക്കുന്ന നിയമനിർമ്മാണനടപടികളിൽ, ഇന്ത്യയിലാദ്യത്തേതാണു്, ശ്രീ. നടരാജപിള്ള അവതരിപ്പിച്ചിരിക്കുന്ന "ഭൂമി കൈവശവും ഉടമസ്ഥതയും നിയന്ത്രണബിൽ" (Restriction on Possession and ownership on land Bill) അതു വേണ്ടുവോളം പുരോഗമനപരമല്ലെങ്കിലേയുള്ളു. അവസാനത്തേതിൻെറ ആരംഭം കുറിക്കപ്പെട്ടിരിക്കുന്നു......" എന്ന ആശയങ്ങളുടെ ശൈലിയിൽ ശ്രീമതി കെ. ആർ. ഗൗരി പ്രസംഗിച്ചു.

ശ്രീ. നടരാജപിള്ള അവതരിപ്പിച്ച ബില്ലുകളിൽ മററു അഞ്ചെണ്ണം താഴെപ്പറയുന്നവയായിരുന്നു.

(1) തിരു-കൊച്ചി വെറും പാട്ടംദാർ ബിൽ

(2) ഭൂമിയുടെ മേലുള്ള പ്രത്യേകാവകാശങ്ങളെ അവസാനിപ്പിക്കൽബിൽ

(3) കാണം ടെനൻസിബിൽ

(4) കുടികിടപ്പുകാരെ ഒഴിപ്പിക്കുന്നതു നിരോധിക്കൽ ബിൽ

(3) കുടിയാനു ദേഹണ്ഡ പ്രതിഫലം വ്യവസ്ഥ ചെയ്യൽ ബിൽ,

ഈ ബില്ലുകളെപ്പററി കൂടുതലായി യാതൊന്നും പരാമർശിക്കുന്നില്ല. ബില്ലുകൾ അവതരിപ്പിച്ചുകൊണ്ടു് ശ്രീ. നടരാജപിള്ള ചെയ്ത പ്രസംഗത്തിലെ ഒരു പരാമർശനം മാത്രം കുറിച്ചുകൊള്ളുന്നു. അതായതു്, തിരു-കൊച്ചിഭാഗത്തു് മൊത്തം കൃഷിഭൂമിയായി മുപ്പത്തിഒന്നു് ലക്ഷം ഏക്കറാണുള്ളതു്. അതിൻെറ 29 ശതമാനത്തോളം വരുന്ന പന്ത്രണ്ടരലക്ഷം ഏക്കർഭൂമി, ഇരുപതു് ഏക്കറിനുമേൽ, ഉടമസ്ഥതയും കൈവശവുമുള്ള ദശാംശം ആറു് (0.6) ശതമാനമുള്ള പന്തീരായത്തിനുമുകളിലുള്ള പട്ടാദാരന്മാരുടെ വകയാണു്. എന്നും മററും അദ്ദേഹം കണക്കുകാ

ണിച്ചു. മൊത്തം പട്ടാദാരന്മാരുടെ എണ്ണം, ഇരുപതര ലക്ഷത്തിനോടടുത്ത സംഖ്യയുമായിരുന്നത്രേ.

ഇരുപ്പൂനിലമാണെങ്കിൽ പതിനഞ്ചേക്കറും, ഒരുപ്പൂനിലമോ, പറമ്പോ ആണെങ്കിൽ മുപ്പതേക്കറും വരുന്ന ഭൂമിയിൽ കവിഞ്ഞു്, ഉമസ്ഥാവകാശമോ കൈവശമോ ഉള്ള വ്യക്തികൾ നിയമം നിടപ്പിൽ വന്നു് ആറുമാസത്തിനകം പ്രസ്തുത വിസ്തീർണ്ണത്തിൽ കവിഞ്ഞ ഭൂമിയെ മററു വ്യക്തികൾക്കു് പാട്ടം ഏർപ്പെടിൽ കൊടുത്തിരിക്കണം; അല്ലെങ്കിൽ ഗവമെൻറു് ഇടപെട്ടു് അതു നടപ്പാക്കും എന്നതായിരുന്നു, ശ്രീ. നടരാജപിള്ള അവതരിപ്പിച്ച പരിധിനിയന്ത്രണബില്ലിലെ പൊതുവായ സമീപനരീതി.

കോൺഗ്രസ്സ് പാർട്ടി; പി. എസ്. പി. ഗവർമെൻറിനു നൽകിയിരുന്ന പിൻതുണ പിൻവലിക്കപ്പെട്ടതോടുകൂടി ശ്രീ. നടരാജപിള്ള ഉൾപ്പെടുന്ന മന്ത്രിസഭ അധികാരമൊഴിഞ്ഞു. ബില്ലുകൾ വിസ്മൃതമായി.

ഭൂപരിഷ്ക്കരണ സംവിധാനത്തെപ്പററിയുള്ള പരാമർശനങ്ങളും മുറവിളിയും, കൂടുതൽ ശക്തിയോടെ തുടർന്നിരുന്നു. ഭൂപരിധി നിർണ്ണയം, മിച്ചഭൂമിയുടെ പുനർവിതരണം, കുടിയായ്മകളുടെ ക്രമീകരണം, മുതലായ സംഗതികളെ സംബന്ധിച്ചു് ഇന്ത്യൻ പ്ലാനിംഗ് കമ്മീഷൻതന്നെ സംശയരഹിതമായ ഭാഷയിൽ സംസാരിച്ചു തുടങ്ങി. രാഷ്ട്രീയ പാർട്ടികളുടെ ജയാപജയങ്ങൾപോലും, ഭൂപരിഷ്ക്കരണ നിയമനിർമ്മാണങ്ങൾക്കു് നൽകുന്ന പരിഷ്ക്കരണ വാഗ്ദാനങ്ങളുടെ, അടിസ്ഥാനത്തിൽ ഒരു പരിധിവരെ നിയന്ത്രിക്കപ്പെട്ടും എന്ന സ്ഥിതിയും ഒട്ടൊക്കെ തെളിഞ്ഞുവന്നു.

1957 ഏപ്രിൽ 11-ാം കേരള സംസ്ഥാനത്തിൽ, ശ്രീ. ഇ. എം. എസ്സിൻെറ നേതൃത്വത്തിൽ കമ്മ്യൂണിസ്ററുമന്ത്രിസഭ അധികാരമേറെറടുത്തു. ശ്രീമതി കെ. ആർ. ഗൗരി റവന്യൂമന്ത്രിയായി. അക്കൊല്ലം ഡിസംബർ 18-ാംതീയതി അവർ "കേരള കർഷകബന്ധ ബിൽ" നി

യമസഭയിൽ അവതരിപ്പിച്ചു, 1959 മദ്ധ്യത്തോടുകൂടി നിയമസഭ ബില്ലുപാസ്സാക്കി, പ്രസിഡൻറിൻെറ അംഗീകാരത്തിനു് ഡൽഹിയിലയച്ചു. 1959 ജൂലൈമാസം 31-ാം തീയതി വിമോചനസമരത്തിൻെറ പ്രത്യാഘാതം ഏററു് കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽനിന്നും നിഷ്ക്കാസിതമായി.

ഇന്ത്യൻ ഭരണഘടന 14, 19, 31 എന്നീ വകുപ്പുകൾ ഉറപ്പുചെയ്യുന്ന മൗലികാവകാശത്തിൻെറയും സ്വത്തുടമാവകാശത്തിൻെറയും, സീമകൾ സുപ്രീംകോടതിയുടെ നിരവധി വ്യാഖ്യാനങ്ങളോടെ ധാരാളമായി വിശദീകരിക്കപ്പെട്ടു പോന്നിരുന്ന ഒരു കാലഘട്ടം അപ്പോഴേക്കും എത്തിയിരുന്നു.

കേരള നിയമസഭ പാസ്സാക്കി അയച്ച ബില്ലിനെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലേയും ഗവമ്മെൻറുകൾ മൂക്കിൽ വിരൽവച്ചു വായിച്ചുപഠിക്കുകയായിരുന്നു. ഇന്ത്യൻ പ്രസിഡൻറും, കേന്ദ്ര ഗവർമ്മെൻറിൻെറ നിയമവകുപ്പും, അനേകമാസക്കാലം ബില്ലിനെപ്പററി പഠനം നടത്തി. സ്ഥാവര വസ്തുക്കളെ "എസ്റ്റേററ്" എന്ന സാങ്കേതികസംജ്ഞയുടെ പരിധിയിൽപ്പെടുത്തിയാലല്ലാതെ, ഭരണഘടനയിലെ മൗലികാവകാശ വൈതരണി കടന്നുകൂടുകയില്ല എന്ന നിഗമനത്തിൽ അവർ എത്തിച്ചേർന്നു. അതനുസരിച്ചും മററുചില കാര്യങ്ങളുടെ അടിസ്ഥാനത്തിലും ബില്ലിനു് ചില ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ടു്, ബില്ലിനെ തിരുവനന്തപുരത്തേക്കു് തിരിച്ചയച്ചു.

തിരിച്ചയയ്ക്കപ്പെട്ട ബിൽ ഇവിടെ എത്തിയപ്പോൾ, ഇവിടെ കോൺഗ്രസ്സും എസ്. എസ്. പി. യും ചേർന്നു കൂട്ടമന്ത്രിസഭയാണു് ഭരണത്തിലിരുന്നതു്. ശ്രീ. കെ. ചന്ദ്രശേഖരനായിരുന്നു റവന്യൂമന്ത്രി. അദ്ദേഹം യുക്തമായ ഭേദഗതികൾ നിയമസഭമുമ്പാകെ അവതരിപ്പിച്ചു പാസ്സാക്കി, ബില്ലിൽചേർത്തു. അതനുസരിച്ചു് ഡൽഹി

യിലേക്കയയ്ക്കപ്പെട്ട ബില്, 1961 ജനുവരി മാസം 21–ാം തീയതി പ്രസിഡൻററിൻെറ അനുമതിനേടി "കേരള കർഷകബന്ധ നിയമം" എന്ന പേരിൽ 1961–ലെ നാലാം ആക്ടായി നടപ്പിൽവന്നു. കൂടുതൽ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല.

മലബാറിലെ കരിമ്പില് കുഞ്ഞിക്കോമൻ എന്ന ഒരു ജന്മി, നിയമത്തിൻെറ സാധുതയെ ചോദ്യംചെയ്തുകൊണ്ടു സുപ്രീംകോടതിയിൽ റിട്ടുഹർജി ഫയൽ ചെയ്തു. കാസർകോഡുതാലൂക്കിൽപെട്ട ഭൂമികൾ "എസ്റ്റേററിൻെറ" നിർവചനത്തിൽപ്പെട്ടുകയില്ലെന്നും, അവ "റയട്ടുവാരി"യിനത്തിൽപ്പെട്ടതാണെന്നും, അതുകൊണ്ടു്, നാലാംആക്ടു് കാസർകോഡുതാലൂക്കിലെ ഭൂമികളെ സംബന്ധിച്ചു ഭരണഘടനാവിരുദ്ധമാണെന്നും സുപ്രീംകോടതി വിധിച്ചു. ഈ വിധിയെ ഉദ്ധരിച്ചുകൊണ്ടു്, മലബാറിലെ മറെറാരു ജന്മി, കേരളാ ഹൈക്കോടതിൽ ഒരു റിട്ടുഹർജികൊടുത്തു; മുഴുവൻ മലബാർപ്രദേശത്തെയും സംബന്ധിച്ചു് കർഷകബന്ധനിയമം ഭരണഘടനാവിരുദ്ധമെന്ന തീർപ്പു് കേരളാ ഹൈക്കോടതിയിൽ നിന്നും സമ്പാദിച്ചു. തിരുവിതാംകൂർഭാഗത്തെ ജന്മികൾക്കു് ഇതൊക്കെകണ്ടു് മിണ്ടാതിരിക്കേണ്ട കാര്യമില്ലാതെവന്നു. ദിവംഗതനായ ശ്രീ. റ്റി. കെ. ജോസഫ് ഹൈക്കോടതി ജഡ്ജിയായിരിക്കെ, അദ്ദേഹം പുറപ്പെടുവിച്ച ഒരു വിധിയിൽ, തിരുവിതാംകൂർപ്രദേശത്തു് ഗവണ്മെൻറ്വകയായി മുമ്പുണ്ടായിരുന്നതും കുടിയാന്മാർക്കു് ഉടമാവകാശം നൽകിയതുമായ നാലു് ഇനങ്ങളിലുള്ള ഭൂമികളൊഴിച്ചു്, മറെറല്ലാതരം പട്ടയ ഭൂമികളെ സംബന്ധിച്ചും, കർഷകബന്ധനിയമം ഭരണഘടനാവിരുദ്ധമെന്നു പ്രഖ്യാപിച്ചു.

സുപ്രീംകോടതിയുടെ വിധിയ്ക്കാധാരമായ വ്യവഹാരത്തിൽ ഉന്നയിക്കപ്പെട്ട രസകരമായ ഒരു സംഗതിയെപ്പററി കൂടി പരാമർശിച്ചുകൊള്ളുന്നു. 1930–ാമാണ്ടിടക്കു് മലബാ

റിൽ ഒരു റവന്യൂ സെററിൽമെൻറു നടത്തപ്പെട്ടവത്രെ. അതിനെ സംബന്ധിക്കുന്ന റിക്കാർഡുകളിൽ, ഭൂമികളുടെ ഇനം വിവരിക്കുന്നതിൽ, വില്ലേജധികാരികൾ "റ" എന്ന അക്ഷരം മാത്രം ഉപയോഗിച്ചിരുന്നു, ഈ തെളിവിനെ സുപ്രീംകോടതി പ്രത്യേകം ശ്രദ്ധിച്ചു. സംഗതമായ ഭൂമികൾ "റയട്ട്‌വാരി"യിനത്തിൽപ്പെട്ടതാണെന്നും, ഭരണഘടനയിലെ മൗലികാവകാശനിബന്ധനങ്ങളിൽനിന്നും രക്ഷപ്പെടാവുന്ന എസ്റ്റേററല്ല, അവയെന്നു, ഈ തെളിവിൽനിന്നും സുപ്രീംകോടതിക്കു് വ്യക്തമായി. അങ്ങനെയുംകൂടിയാണു് കാസർഗോഡുതാല്ലൂക്കിലെ ഭൂമികൾ, കർഷകബന്ധനിയമത്തിൻെറ പിടിമുറുക്കത്തിൽപ്പെടാതാകുന്ന വിധി പ്രസ്താവിക്കപ്പെട്ടതു്.

കേരളാഹൈക്കോടതിയുടെ മുൻവിവരിച്ച വിധി വന്നതു് 1963 ലായിരുന്നു. ഭരണഘടന വാഗ്ദാനം ചെയ്യുന്ന മൗലികാവകാശങ്ങളുടെ പരിധിക്കു പുറത്തു സ്ഥാനമുറപ്പിക്കുന്ന ഒരു നിയമനിർമ്മാണം അത്യാവശ്യമായിത്തീർന്നു. ഭരണഘടനയുടെ ഒൻപതാംഷെഡ്യൂളിൽപ്പെടുത്തിക്കിട്ടിയാൽ നിയമം സുരക്ഷിതമായിരിക്കും. കർഷകബന്ധിയായ നിയമങ്ങളുടെ പട്ടികയിൽ, ഈ നിയമത്തെ പെടുത്തുകയാണു് അതിനുള്ള പോംവഴി.

കേരളത്തിൽ ഇതിനിടെ, കോൺഗ്രസിൻേറതു മാത്രമായ ഭരണം ശ്രീ. ആർ. ശങ്കറുടെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ടു. ദിവംഗതനായ ശ്രീ. പി. ററി. ചാക്കോ റവന്യൂമന്ത്രിയുമായി. കർഷകബന്ധനിയമത്തെ ഒൻപതാം ഷെഡ്യൂളിൽ പെടുത്തിക്കിട്ടുന്നതിനു് അദ്ദേഹം മുൻകൈഎടുത്തു. ഭരണഘടനയുടെ പതിനേഴാം ഭേദഗതിയിൽ, മററു പല നിയമങ്ങളോടൊപ്പം കർഷകബന്ധനിയമവും ഒൻപതാം ഷെഡ്യൂളിൽ, പട്ടിക ചേർക്കപ്പെട്ടു. തുടർന്നു് കർഷകബന്ധനിയമത്തിൻെറ ബാലകം പിടിയും മാററിക്കൊണ്ടുഭൂപരിഷ്ക്കരണബില്ല് അദ്ദേഹം

നിയമസഭ മുമ്പാകെ അവതരിപ്പിച്ചു. ശ്രീമതി കെ. ആർ. ഗൗരി മുൻകൈ എടുത്തു് അന്നു് നടത്തിയ നിയമസഭാചർച്ചകൾ വളരെ രസകരമാണു്; വിശദാംശങ്ങളിലേയ്ക്കു് കടക്കുന്നില്ല.

ബിൽ പാസ്സായി, കേന്ദ്രത്തിലേക്കയയ്ക്കപ്പെട്ടു; 1963 ഡിസംബർ 31-ാംതീയതി, പ്രസിഡൻറ് ബില്ലിനു് അനുമതി നൽകി ഒപ്പുവച്ചു. 1964-ലെ ഒന്നാം ആക്ടായി "കേരള ഭൂപരിഷ്ക്കരണ നിയമം" നടപ്പിൽ വരികയും ചെയ്തു.

ശ്രീമതി കെ. ആർ. ഗൗരി, രണ്ടാമതു് കേരളത്തിലെ റവന്യൂമന്ത്രിയായി അധികാരത്തിൽ വന്നതിനെത്തുടന്നു് 1964-ലെ ഭൂപരിഷ്ക്കരണനിയമത്തെ സമഗ്രമായി ഭേദഗതി ചെയ്യുവാനുള്ള നടപടികളാരംഭിച്ചു. നിലവിലുള്ള ചട്ടക്കൂട്ടുകളെ മാററാതെ തന്നെ ഭേദഗതികൾ തിരുകി കയററിയാണു് നിയമത്തിനു് മാററം വരുത്തിയിരിക്കുന്നതു്. നിലവിലുണ്ടായിരുന്ന നിരവധി വകുപ്പുകളെയും ഉപവകുപ്പുകളെയും റദ്ദു ചെയ്തും, മാററിയെഴുതിയും ഉള്ളടക്കങ്ങളെ സമഗ്രമായി ഉടച്ചു വാത്തിട്ടുണ്ടു്. നിരവധി പുതിയ വകുപ്പുകൾ, A, B, C തുടങ്ങി അക്ഷരങ്ങളുടെ പേരിൽ കൂട്ടിച്ചേത്തിരിക്കുന്നു. 1958 ൽ അവർ തന്നെ അവതരിപ്പിച്ച ബില്ലിൽ ഉണ്ടായിരുന്ന ചിന്താസരണികൾ 1964 ൽ മാററപ്പെട്ടതിനെ വീണ്ടും നിയമത്തിൽ അവതരിപ്പിച്ചിരിക്കുന്നു. ആവക സംഗതികൾ, അതാതു സ്ഥാനത്തു് വിശദീകരിക്കപ്പെട്ടിട്ടുണ്ടു്. ഇപ്പോൾ നിലവിൽ വന്നിട്ടുള്ള ഈ നിയമം, സാരാംശത്തിൽ 1964 ലെ നിയമത്തിൽ നിന്നും ഭിന്നമാണെന്നുതന്നെ പറയാവുന്നതാണു്. ഭേദഗതി നിയമത്തിനു് 15-12-69 ൽ പ്രസിഡൻറിൻെറ അനുമതി ലഭിക്കുകയും അതു് 1969 ലെ 35-ാം ആക്ടായി നടപ്പിൽവന്നിരിക്കുകയും ചെയ്തിരിക്കുന്നു.

മേൽ പാരായിൽ വിവരിച്ചിരിക്കുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ 1969–ലെ നിയമത്തെ വിശകലനം ചെയ്യുന്നതിനു്, 1964-ലെ നിയമത്തിലെ വ്യവസ്ഥകളേയും 1961 ലെ നാലാം ആക്ടിലെ വ്യവസ്ഥകളേയും താരതമ്യപ്പെടുത്തിയുള്ള പരാമർശനം അത്യന്താപേക്ഷിതമാണെന്നു കരുതുന്നു. അതനുസരിച്ചു് താരതമ്യപഠനത്തോടുകൂടിയുള്ള ചർച്ചയായിട്ടാണു് ഈ ഗ്രന്ഥത്തിലെ തുടർന്നുള്ള അദ്ധ്യായങ്ങളിൽ പ്രതിപാദനം നടത്തുന്നതു്.

ഭേദഗതിചെയ്യപ്പെട്ട രീതിയിൽ, നിയമത്തിൻെറ എല്ലാ വകുപ്പുകളും ഒററയടിക്കു് 1970 ജനുവരി ഒന്നാം തീയതിയിൽ നടപ്പിൽവരുത്തിക്കൊണ്ടു് ഗവൺമെൻറു് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചുകഴിഞ്ഞിരിക്കുകയാണു്. അതുകൊണ്ടായിരിക്കണം നിയമത്തിൻെറ സാധുതയെ ചോദ്യംചെയ്തുകൊണ്ടു്, കേരളാ ഹൈക്കോടതിയിലും, സുപ്രീംകോടതിയിലും റിട്ടുഹർജികൾ ഫയൽ ചെയ്യപ്പെട്ടിട്ടുള്ളതു്.

നിലവിൽ വന്നിട്ടുള്ള നിയമം, ഇന്നാട്ടിലെ ജനസഞ്ചയത്തിൽ വല്ലാത്ത കോളിളക്കം സൃഷ്ടിച്ചുകഴിഞ്ഞിരിക്കുന്നു എന്ന കാര്യം സംശയാതീതമാണു്. അണകെട്ടി ചെറുക്കാനൊക്കാത്ത ആശയപ്രവാഹം കന്യാകുമാരി കടൽപ്പുറത്തുനിന്നും ഹിമാചലസാനുക്കളിലേയ്ക്കു് ഒഴുക്കാരംഭിച്ചിരിക്കുന്നു എന്ന കാര്യവും തീർത്തും പറയാവുന്നതാണു്. ഈ നാടിൻെറ ചരിത്രത്തിലെ വഴിത്തിരിവിൻെറ പ്രാരംഭം കുറിക്കപ്പെട്ടിരിക്കുന്നു എന്നുള്ള ബോദ്ധ്യത്തോടുകൂടി നിലവിൽ വന്നിരിക്കുന്ന ഭൂപരിഷ്കരണനിയമത്തെ വിശകലനം ചെയ്യുവാൻ ശ്രമിക്കുകയാണു്.

KOTTAYAM PUBLIC LIBRARY
KOTTAYAM.

രണ്ടാം ഭാഗം

# കുടിയായ്മയും കുടിയാനും
# (TENANCY AND TENANT)

അദ്ധ്യായം 3. കുടിയാൻെറ നിർവചനം

അദ്ധ്യായം 4. ഭാവിനിരോധനം

അദ്ധ്യായം 5. മര്യാദപാട്ടവും പാട്ടത്തുകയിലെ ഇളവുകളും

അദ്ധ്യായം 6. പാട്ടത്തുകയെപ്പററിയുള്ള മററു വ്യവസ്ഥകൾ

## അദ്ധ്യായം മൂന്ന്

# കുടിയാൻെറ നിർവചനം

കേരളത്തിൽ നടപ്പാക്കപ്പെട്ടിട്ടുള്ള ഭൂപരിഷ്കരണ നിയമങ്ങളെല്ലാം പൊക്കിപ്പിടിച്ചിട്ടുള്ള ഒരു മുഖ്യ അവകാശവാദം "ജന്മിത്വം അവസാനിപ്പിക്കുന്നു" എന്നതാണ്. യഥാർത്ഥത്തിൽ ഭൂമി കൈവശംവച്ച് കൃഷി നടത്തി ഉപജീവനം നടത്തുന്ന വ്യക്തിയെ ജന്മിയുമായുള്ള ബന്ധത്തിൽനിന്നും നിത്യമായി മോചിപ്പിക്കുക, എന്നതായിരിക്കണമല്ലോ പ്രസ്തുത അവകാശവാദത്തിൻെറ പ്രധാന പൊരുൾ.

ജന്മിയുടെസമ്മതത്തിനോ, അംഗീകാരത്തിനോ കാത്തുനില്ക്കാതെ, മര്യാദനിരക്കിലുള്ള പ്രതിഫലത്തുക ഒന്നായോ ഗഡുക്കളിലായോ കെട്ടിവച്ച്, വസ്തുക്കളെ എല്ലാവിധ ബാദ്ധ്യതകളിൽനിന്നും വിമുക്തമാക്കി, ഭൂമിയുടെ പൂർണ്ണാവകാശം സമ്പാദിച്ചെടുക്കുവാൻ അർഹത നേടുന്നത് 'കുടിയാൻ' എന്ന സംജ്ഞകൊണ്ട് അറിയപ്പെടുന്ന ഭൂമികൈവശക്കാരനാണ്. ആരൊക്കെയാണ് 'കുടിയാൻ' അഥവാ 'കൈവശകുടിയാൻ' അഥവാ 'നടപ്പുകുടിയാൻ' എന്ന ഇനത്തിൽപ്പെടുന്നത് എന്ന് ആദ്യമേ വിശകലനം ചെയ്യേണ്ടിയിരിക്കുന്നു. 1961-ൽ കർഷകബന്ധ നിയമം നടപ്പിലായതുമുതൽ 1969-ലെ ഭേദഗതി നിയമം നടപ്പി

ലായതുവരെയുള്ള ഘട്ടങ്ങളിൽ മാന്ത്രികശക്തിയുള്ള ഈ പദത്തിൻെറ അർത്ഥവ്യാപ്തി ക്രമമായി വികസിക്കപ്പെട്ടിട്ടുണ്ട്. കുടിയാൻ എന്ന ഇനത്തിൽ ഇന്നു് ആരെല്ലാം പെട്ടും എന്നു് പിറകേ വിശദമാക്കിക്കൊള്ളാം.

1961-ലെ നിയമത്തിൽ നിർവചനത്തിനു നീക്കിവച്ചിരുന്ന രണ്ടാം വകുപ്പിൻെറ 50-ാം ഖണ്ഡികയിലാണു് 'കുടിയാൻ' (Tenant) എന്ന സംജ്ഞ നിർവചിക്കപ്പെട്ടിരുന്നതു്. ആ നിർവചനത്തെ ഇപ്പോൾവ്യാപകമായി വിശദീകരിക്കുന്നില്ല. കാരണം, വളരെയേറെപ്പുരോഗതിയെ അതിനുശേഷം നാം പിന്നിട്ടുകഴിഞ്ഞിരിക്കയാണു്. 1964-ലെ ഒന്നാം ആക്ടിൻെറ 2-ാം വകുപ്പും നിർവചനത്തിൻെറ വകുപ്പായിരുന്നു. അതിൽ 57-ാമതു ഖണ്ഡികയാണു് 'കുടിയാൻ' എന്ന പദത്തെ നിർവചിച്ചതു്. അതു് ഇന്നു് സാരമായി മാറിയെഴുതപ്പെട്ടിട്ടുണ്ടു്. ഈ നിർവചനഭാഗത്തു് വിവരിക്കപ്പെടുന്ന കുടിയാന്മാർക്കു പുറമേ ഒട്ടനവധി ഭൂമി കൈവശക്കാരെ—ചിലയിനം ഒററിയുടമസ്ഥർഉൾപ്പടെ—കുടിയാന്മാരാക്കിക്കൊണ്ടു് 64-ലെ ആക്ടും 69-ലെ ഭേദഗതിനിയമവും നാലുമുതൽ പതിനൊന്നു വരെ വകുപ്പുകളും നടപ്പിൽ വരുത്തിയിട്ടുണ്ടു്. ആദ്യമായി നിലവിലുള്ള നിർവചനഭാഗം മാത്രം പരിശോധിക്കുന്നു.

## വകുപ്പ് 2.

**ഖണ്ഡിക 57** "കുടിയാൻ എന്നാൽ ഏതെങ്കിലും ഒരു ഭൂമിയെ പാട്ടം കൊടുക്കുന്നതിനു് അധികാരമുള്ള ഒരു വ്യക്തിയിൽനിന്നും ഭൂമിയെ കൈവശം വയ്ക്കുന്നതിനും അനുഭവിക്കുന്നതിനുംവേണ്ടി പാട്ടത്തുകയോ മറ്റേതെങ്കിലും തരത്തിലുള്ള പ്രതിഫലമോ, നല്കാമെന്നു് സമ്മതിക്കുകയോ, നല്കുകയോ ചെയ്തിട്ടുള്ള വ്യക്തിയാകുന്നു. അതിൽ താഴെ പറയുന്നവർ ഉൾപ്പെടും.

a) പാട്ടമോ മററു പ്രതിഫലമോ കൊട്ടുക്കാമെന്നു സമ്മതിക്കുകയോ, കൊട്ടക്കുകയോ, ചെയ്തിട്ടുള്ള വ്യക്തി യുടെ അവകാശിയോ കൈമാറ്റക്കാരനോ, നിയമാനുസരണ പിന്തുടർച്ചക്കാരനോ, അയാളിൽനിന്നും ഏതെങ്കിലും അവകാശം നേടിയിട്ടുള്ളയാളോ ആയ വ്യക്തി.

aa) മദ്ധ്യവർത്തി (ഇടക്കാല ബാദ്ധ്യതക്കാരൻ)

b) കാണം ദാരൻ

c) കാണം കുഴിക്കാണംദാരൻ

d) കുഴിക്കാണംദാരൻ

dd) ഒററി കുഴിക്കാണംദാരൻ

e) മുൾഗേനിദാരൻ

f) ഏതു തരത്തിലുമുള്ള വെറും പാട്ടംദാരൻ (നാട്ടു നടപ്പനുസരിച്ചുള്ള വെറും പാട്ടംദാരൻ ഉൾപ്പെടെ)

g) ചെൽഗേനി പാട്ടം കൈവശക്കാരൻ

h) കുടിയിരിപ്പ് ഉടമസ്ഥൻ

hh) കുഴിച്ചുവയ്പും കുടിവയ്പും അനുസരിച്ച് ഭൂമി കൈവശം വച്ചിരിക്കുന്ന ആൾ.

hhh) കാരായ്മ ഉടമസ്ഥൻ

i) വൈദഗേനി പാട്ടക്കാരൻ

j) വകുപ്പ് 4, 4A, 5, 6, 6A, 6B, 7, 7A, 7B, 7C, 7D, 8, 9, 10, 11 എന്നീ വകുപ്പുകളനുസരിച്ച് കുടി യാനായി ഗണിക്കപ്പെടേണ്ടവർ.

**വിശദീകരണം:**

ഈ ഖണ്ഡികയുടെ ഉപയോഗത്തിനുവേണ്ടി താഴെ പ്പറയുന്ന വിശദീകരണങ്ങൾകൂടി വേണ്ടതാണ്.

(i) 'ചെൽഗേനി' പാട്ടം ഉടമസ്ഥൻ എന്നാൽ, കണ്ണൂർ ജില്ലയിലെ ഹോസ്ദുർഗ്ഗ്, കാസർഗോട്ട് എന്നീ താലൂക്കുകളിലുള്ള വസ്തുക്കളിന്മേൽ പാട്ടമോ, കീഴ്പ്പാട്ടമോ ഉള്ളതും ഒരു ക്ലിപ്തകാലത്തേയ്ക്കോ, അല്ലാതെയോ പാട്ടപ്രകാരം അനുഭവിക്കാമെന്ന് കരാർ ചെയ്തിട്ടുള്ളതും ആയ ആൾ എന്നർത്ഥമാണ്.

2. 'മൂൾഗേനി'യെന്നാൽ മൂൾഗേനിദാർ എന്നു വിളിക്കപ്പെടുന്ന വ്യക്തിക്ക് നിശ്ചിതമായ പാട്ടത്തുകയിൽ സ്ഥിരമായി പാട്ടം നൽകപ്പെട്ടിട്ടുള്ള കുടിയായ്മ, എന്നർത്ഥമാകുന്നു.

3. 'വൈദഗേനിപ്പാട്ടം' എന്നാൽ, ഏതാനും വർഷത്തേക്കുള്ള പാട്ടം എന്നർത്ഥം.

1961-ലെ കർഷകബന്ധനിയമത്തിൽ നിർവചനത്തിൻെറ ഖണ്ഡികയിൽ, മററു ചില കുടിയാന്മാരെക്കൂടി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ കുടിയാന്മാരെന്നു ഗണിക്കപ്പെടേണ്ട വിഭാഗത്തെ തിട്ടപ്പെടുത്തുന്നതിനു് പ്രത്യേക വകുപ്പുകളൊന്നും അതിൽ ഉണ്ടായിരുന്നില്ല. 1964-ൽ നിർവചനഭാഗത്തുനിന്നും 'പുനം' അല്ലെങ്കിൽ 'കുമ്രികർഷകൻ', കുട്ടനാട്ടു താലൂക്കിൽ ലൈസൻസി, ഓടച്ചാത്തുദാരൻ, വച്ചുവകുതികാരൻ എന്നീ കുടിയാന്മാരെ മറെറാരു ഭാഗത്തേക്കുവേണ്ടി മാററുകയും അവരെയും മററു പലരെയും കുടിയാന്മാരാക്കിക്കൊണ്ടു് 4 മുതൽ 12 വരെ വകുപ്പുകൾ രചിക്കപ്പെടുകയും ചെയ്തു. അങ്ങനെ ഏർപ്പെടുത്തപ്പെട്ട വികസനം 1969-ലെ ഭേദഗതി നിയമത്തിൽ വീണ്ടും വർദ്ധിപ്പിക്കപ്പെട്ടു. 1964-ലെ ആക്ടിൽഉള്ള 4 മുതൽ 11 വരെ വകുപ്പുകൾക്കിടയിൽ 4A, 6A, 6B, 7A, 7B, 7C,7D എന്നിങ്ങനെ ഏഴു പുതിയ വകുപ്പുകൾ ചേർക്കപ്പെട്ടു.

നിർവചനഭാഗത്തു് വിവക്ഷിച്ച കുടിയാന്മാരുടെ പട്ടിക യിൽ മേൽക്കാണിച്ച (a), (dd), (hh), (hhh) എന്ന സങ്കേ തങ്ങൾ 1969-ൽ കൂട്ടിച്ചേർക്കപ്പെടുകയും ചെയ്തു. ഇത്രയും വകുപ്പുകളും വ്യവസ്ഥകളും 1964–ലെ ആക്ടിൽ കൂട്ടിച്ചേർക്ക പ്പെട്ടതോടെ 'കുടിയാൻ' എന്ന അടിസ്ഥാനത്തിൽ കൃഷി ഭൂമി, ബാദ്ധ്യതകളിൽനിന്നും വിമുക്തമായി, സ്ഥിരമായ അടിസ്ഥാനത്തിൽ ഉടമസ്ഥത ലഭിക്കുന്ന കർഷകരുടെ പരിധി വിപ്ലവകരമായ രീതിയിൽ മാററപ്പെട്ടിരിക്കുക യാണു്.

ഇന്നു് നിലവിൽ വന്നിട്ടുള്ള വ്യവസ്ഥകൾ താഴെ ചേർക്കുന്നു. അവയുടെ പ്രതിപാദനത്തിൽ 4A, 6A, 6B, 7A, 7B, 7C, 7D എന്നീ വകുപ്പുകൾ 1969-ൽ നൂതനമായി ചേർക്കപ്പെട്ടവയാണെന്നു് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

## വകുപ്പ് 4

"നിലവിലുള്ള ഏതെങ്കിലും നിയമത്തിലോ, കരാ റിലോ, നാട്ടുനടപ്പിലോ, കോടതിയുടെ ജഡ്ജ്മെൻറുക ളിലോ, ഡിക്രികളിലോ ഉത്തരവുകളിലോ എന്തുതന്നെ പറഞ്ഞിരുന്നാലും, താഴെപ്പറയുന്നവർ കുടിയാന്മാരായി ഗണിക്കപ്പെടേണ്ടതാണു്.

1. ഒരു ഓടച്ചാർത്തുദാരൻ

2. ഒരു ഓടച്ചാർത്തുദാരൻെറ കീഴിൽ അവകാശമു ള്ളയാൾ.

എന്നാൽ ഇതനുസരിച്ചു് കുടിയായ്മാവകാശം സിദ്ധിക്കുന്നതിനു് അയാൾക്കോ അയാളുടെ അവകാശമുൻ ഗാമിക്കോ 1957 ഏപ്രിൽ 11-ാം തീയതിക്കുമുമ്പ് ഭൂമി യിൽ യഥാർത്ഥ കൈവശം ഉണ്ടായിരിക്കുകയും, ഈ നിയമം നടപ്പിൽവരുന്ന തീയതിവരെ അതു് തുടർന്നിരി ക്കയും ചെയ്യണം.

മുൻഗാമിയുടെ കൈവശത്തിനുകൂടി അംഗീകാരം നൽകപ്പെട്ട ഭേദഗതി 1969–ൽ വരുത്തപ്പെട്ടതാണ്.

## വകുപ്പ് 4 A

**ഉപവകുപ്പ് 1.** നിലവിലുള്ള നിയമം, കരാർ, നാട്ടു നടപ്പ്, മുൻപതിവ് കോടതിവിധി, ഉത്തരവുകൾ മുതലായവയിൽഎന്തുതന്നെപറഞ്ഞിരുന്നാലും, താഴെപറയുന്ന ഇനങ്ങളിൽ വരുന്ന കൈവശ ഒററിക്കാരനും അയാളുടെ പാട്ടക്കാരനും (ഭൂമിയിൽ മുഖ്യമായ കൃഷി റബ്ബർ, കാപ്പി, തേയില, ഏലം എന്നിവയല്ലാത്തപക്ഷം) കുടിയാനായി ഗണിക്കപ്പെടേണ്ടതാണ്.

(a) 1969-ലെ കേരള ഭൂപരിഷ്കരണ ഭേദഗതി നിയമം നടപ്പിൽവരുന്നതിന് തൊട്ടു മുൻപുള്ള 50 വർഷത്തിൽ കുറയാത്ത കാലഘട്ടത്തിലേക്ക് കൈവശ ഒററിക്കാരനോ, അയാളുടെ പാട്ടക്കാരനോ, ഒററിഭൂമി തുടർച്ചയായി അനുഭവിച്ചിരുന്നാൽ. (അയാൾ കുടിയാനായിരിക്കും).

(b) ഒററിക്കാരനോ പാട്ടക്കാരനോ ഒററിവസ്തുവിൽ അയാളുടെ താമസത്തിനുവേണ്ടി ഒരു കെട്ടിടംവച്ച് അതിൽ, ഭേദഗതി നിയമം നടപ്പിലാകുന്നതിന് തൊട്ടു മുമ്പുള്ള 20 വർഷക്കാലം തുടർച്ചയായി പാർത്തിരുന്നാൽ. (അയാൾ കുടിയാനായിരിക്കും)

എന്നാൽ ഒററിക്കാരനോ അയാൾ ഒരു കുടുംബമെന്നതിലെ അംഗമായിരുന്നാൽ ആ കുടുംബമോ, 1968-ലെ കേരള ഭൂനിയമ ഭേദഗതി ബിൽ ഗസററിൽ പരസ്യം ചെയ്ത തീയതിയിൽ രണ്ടേക്കറിൽക്കവിഞ്ഞ ഭൂമി കൈവശംവയ്ക്കാനുണ്ടായിരുന്ന ആളാണെങ്കിൽ അയാളെ കുടിയാനായി പരിഗണിക്കാൻ പാടില്ല.

(c) ഒററികൊട്ടക്കുന്ന കാലത്തോ, ഒററി കൊട്ടക്കുന്ന കാലത്തു് 1949-ലെ Madras Preservation of private forests Act, വസ്തു കിടക്കുന്ന പ്രദേശത്തു് നടപ്പിലായിരുന്നുവെങ്കിൽ അതിൽപെട്ടകയോ ചെയ്യുന്നതുമായിരുന്ന ഭൂമിയെ സംബന്ധിച്ചിടത്തോളം താഴെപ്പറയുന്ന കാര്യങ്ങളുണ്ടെങ്കിൽ ആ ഒററിക്കാരനും കുടിയാനായി പരിഗണിക്കപ്പെടണം; അതായതു്,

1. മേല്പറഞ്ഞ തീയതിയിൽ ഭൂമി തരിശു ഭൂമിയായിരുന്നിരിക്കണം.

2. ഒററിക്കാരൻ, അല്ലെങ്കിൽ പാട്ടക്കാരൻ, 1969-ലെ കേരള ഭൂപരിഷ്കരണ ഭേദഗതി നിയമം നടപ്പിലാകുന്ന തീയതിക്കു തൊട്ടുമുമ്പുള്ള 30 വർഷക്കാലം വസ്തുവെ തുടർച്ചയായി കൈവശംവച്ചു് അനുഭവിച്ചിരിക്കണം.

3. ഒററിക്കാരൻ അല്ലെങ്കിൽ പാട്ടക്കാരൻ 1969-ലെ ഭേദഗതി നിയമം നടപ്പിലാകുന്നതിനു മുമ്പുള്ള കാലഘട്ടത്തിൽ ഗണ്യമായ ദേഹണ്ഡം വസ്തുവിൽ ചെയ്തിരിക്കണം.

**വിശദീകരണം—1.**

ഈ വകുപ്പിൻെറ ആവശ്യങ്ങൾക്കു് പാട്ടക്കാരൻെറ തുടർച്ചയായ കൈവശം കണക്കാക്കുന്നതിൽ ഒററിക്കാരൻ കൈവശം വച്ചിരുന്ന കാലാവധി കൂടി ചേർക്കേണ്ടതാണു്.

**വിശദീകരണം—2.**

(a) ഖണ്ഡത്തിൽ പറഞ്ഞ 50 വർഷവും (c) ഖണ്ഡത്തിൽ പറഞ്ഞ 30 വർഷവും കണക്കു കൂട്ടുന്നതിൽ, ഒററിക്കാരൻെറയോ പാട്ടക്കാരൻെറയോ അവകാശമുൻഗാമി വച്ചിരുന്ന കൈവശവും ചേർക്കേണ്ടതാണു്.

**വിശദീകരണം—3.**

(b) ഖണ്ഡത്തിലെ ഒററിക്കാരൻ അല്ലെങ്കിൽ പാട്ടക്കാരൻ എന്ന പരാമർശങ്ങളിൽ അവരവരുടെ അവകാശ

മുൻഗാമികളും ഉൾപ്പെടും—കെട്ടിടം (Building) എന്ന പരാമർശത്തിൽ കുടിൽ (hut) എന്നതും ഉൾപ്പെടും.

**വിശദീകരണം—4.**

(b) ഖണ്ഡത്തിലെ 20 വർഷം കണക്കു കൂട്ടുന്നതിന് ഒററിക്കാരൻെറയോ പാട്ടക്കാരൻെറയോ കുടുംബത്തിലെ ഒരംഗം പാർക്കുന്നതിന് കെട്ടിടത്തെ വിനിയോഗിച്ചതും കൂടി ഉൾപ്പെടുത്തണം.

**വിശദീകരണം—5.**

ഖണ്ഡം (b) അനുസരിച്ച് ഒരു കുടുംബം എന്നത് കൈവശം വയ്ക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം കണക്കാക്കുന്നതിന് ആ കുടുംബം എന്നതിലെ ഓരോ അംഗവും പ്രത്യേകമായോ ഒന്നിലധികം അംഗങ്ങൾ കൂട്ടായോ കൈവശം വയ്ക്കുന്ന ഭൂമികളും കൂടി ഉൾപ്പെടുത്തണം.

**വിശദീകരണം—6.**

(c) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ദേഹണ്ഡത്തിൻെറ കണക്കെടുക്കുന്നതിൽ (i) ഒററിക്കാരൻ ചെയ്തിട്ടുള്ള ദേഹണ്ഡങ്ങൾ കൂടി പാട്ടക്കാരൻെറ ദേഹണ്ഡങ്ങളായി ഗണിക്കേണ്ടതാകുന്നു. (ii) ഒററിക്കാരൻ അല്ലെങ്കിൽ പാട്ടക്കാരൻ എന്നതിൽ അയാളുടെ അവകാശമുൻഗാമിയും ഉൾപ്പെടുന്നതാണ്.

**വിശദീകരണം—7.**

(c) ഖണ്ഡത്തിൻെറ പരിഗണന പൂർത്തിയാകുന്നതിനുവേണ്ടി (i) 1969–ലെ നിയമം നടപ്പിൽവന്ന കാലത്തുള്ള ദേഹണ്ഡം ഗണ്യമായ തോതിലാണെന്നു വരണമെങ്കിൽ, ആ തീയതിയിൽ ആ ഭൂമിക്കുള്ള കമ്പോളവിലയുടെ ഇരുപത്തഞ്ചുശതമാനത്തിൽകുറയാത്ത സംഖ്യ വില പിടിക്കണം.

ii) ഭൂമിയിൽ അങ്ങിങ്ങായി വൃക്ഷങ്ങൾ ഒററി കാലത്തുണ്ടായിരുന്നതുകൊണ്ട് ടി ഒററി ഒററി തരിശല്ലെന്നു പറയാവുന്നതല്ല.

**ഉപവകുപ്പ് 2.**

ഈ നിയമം (1964-ലെ ഒന്നാം ആക്ട് എന്നാണ് ഞാൻ വ്യാഖ്യാനിക്കുന്നത് - ഇവിടെ അല്പം ചിന്താക്കുഴപ്പത്തിനു വകയുണ്ട്) നടപ്പിൽ വന്നതിനുശേഷം കൊടുത്തിട്ടുള്ള പാട്ടങ്ങൾക്കൊന്നും ഒന്നാം ഉപവകുപ്പിൽ പാട്ടത്തെ പററി പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കു ബാധകമല്ല.

## വകുപ്പ് 5.

1964-ലെ ആക്ടിലെ 5-ാം വകുപ്പിൽ ചേർത്തിരിക്കുന്ന രണ്ടാം ഉപവകുപ്പ് ഇപ്പോൾ റദ്ദാക്കപ്പെട്ടിരിക്കുന്നു. നിലവിലുള്ള വകുപ്പ് താഴെ ചേർക്കുന്നു.

**ഉപവകുപ്പ് 1.**

നിലവിലുള്ള നിയമങ്ങളിലോ കരാറുകളിലോ നാട്ടുനടപ്പുകളിലോ കോടതി നടപടികളിലോ എന്തുതന്നെ പറഞ്ഞിരുന്നാലും കൊച്ചിപ്രദേശത്തെ സംബന്ധിച്ചിടത്തോളം താഴെപറയുന്ന കൈവശ ഒററിക്കാർ കുടിയാന്മാരായി ഗണിക്കപ്പെടേണ്ടതാണ്.

(a) റബ്ബർ, കാപ്പി, തേയില, പറങ്കിമാവ് എന്നിവയല്ലാതെയുള്ള കൃഷിഭൂമിയെസ്സംബന്ധിച്ച ഒററി ആയിരിക്കണം.

(b) ഒററിയുടെ ആധാരത്തിൽ വിവരിച്ചിട്ടുള്ള ആകെ പാട്ടത്തിൻെറ 40 ശതമാനത്തിൽ താഴ്ന്ന തുകയായിരിക്കണം ഒററിയർത്ഥത്തിൻെറ (പണയ അർത്ഥത്തിൻെറ) പലിശ.

**ഉപവകുപ്പ് 2** (റദ്ദ് ചെയ്യപ്പെട്ടിരിക്കുന്നു)

## വകുപ്പ് 6.

**ഉപവകുപ്പ് 1** നിലവിലുള്ള നിയമങ്ങൾ, കരാറുകൾ, നാട്ടുനടപ്പ്, കീഴ്‌വഴക്കം, കോടതിനടപടികൾ എന്നിവയിൽ എന്തൊക്കെയുണ്ടായിരുന്നാലും കൊച്ചിപ്രദേശത്ത് ഉള്ള താഴെപ്പറയുന്ന ഇനത്തിലുള്ള കൈവശ ഒററിക്കാർ കുടിയാന്മാരായി ഗണിക്കപ്പെടേണ്ടതാണ്.

(a) ഒററിയിൽ (പണയത്തിൽ) പെട്ട വസ്തു കൃഷിഭൂമിയായിരിക്കണം.

(b) 1111 ചിങ്ങം ഒന്നാം തീയതിയോ അതിനുശേഷമോ ഒററിയിൽപെട്ട വസ്തുവിനെ കൈവശക്കാരനോ അയാളുടെ അവകാശ മുൻഗാമിയോ വെറും പാട്ടദാരനായി കൈവശം വച്ചിരിക്കണം.

(c) 1111 ചിങ്ങം ഒന്നാം തീയതിക്കുശേഷവും ഈ നിയമം നടപ്പിൽവരുന്നതിനു മുമ്പും ഉള്ള ഏതെങ്കിലും തീയതിയിൽ വെറും പാട്ടം ഏർപ്പാട്ട് അവസാനിക്കപ്പെട്ടകയും കൈവശക്കാരനോ അയാളുടെ അവകാശമുൻഗാമിയോ ഈ നിയമം നടപ്പിൽ വരുന്നതുവരെ തുടർച്ചമുറിയാതെ കൈവശം വച്ചരിക്കുകയും വേണം.

ഈ വകുപ്പിനു ഗവണ്മെൻറു് അംഗീകരിച്ചിട്ടുള്ള പരിഭാഷയിൽ Predecesser in interest എന്ന ഇംഗ്ലീഷ് പദത്തിനു "കുടുംബത്തിലേയോ തറവാട്ടിലേയോ ഏതെങ്കിലും അംഗം" എന്ന തർജ്ജമ ചേർത്തുകാണുന്നു. ഈ തർജ്ജമ സ്വീകാര്യമല്ലെന്നു് എനിക്കഭിപ്രായമുള്ളതുകൊണ്ടു് അവകാശമുൻഗാമി എന്ന വാക്കു് ഞാൻ ഉപയോഗിച്ചിരിക്കുകുന്നതാണ്.

**ഉപവകുപ്പ് 2.** (റദ്ദ്ചെയ്യപ്പെട്ടിരിക്കുന്നു. ഒററിയത്ഥം മടക്കിക്കൊടുക്കുന്നതിനു് ജന്മിക്കു് സ്വാതന്ത്ര്യം കൊടുത്തിരുന്നതായിരുന്നു രണ്ടാം ഉപവകുപ്പ്.)

## വകുപ്പ് 6 A

1969-ലെ ഭേദഗതിനിയമം നൂതനമായി ചേർത്ത ഒരു വകുപ്പാണിതു്.

"നിലവിലുള്ള നിയമങ്ങളിലോ, കരാറുകളിലോ, നാട്ടുനടപ്പിലോ, കീഴ്വഴക്കങ്ങളിലോ, കോടതിനടപടികളിലോ, എന്തുതന്നെ ഉണ്ടെങ്കിലും 1929-ലെ Malabar Tenancy act പ്രാബല്യത്തിലിരുന്ന പ്രദേശത്തു് ഒററിക്കാരനായോ മററു വിധത്തിലോ ഒരാൾ വസ്തു കൈവശം വച്ചിരുന്നുവെങ്കിൽ താഴെപ്പറയുന്ന വ്യവസ്ഥകൾക്കു് വിധേയമായി അയാളെ കുടിയാൻ ആയി പരിഗണിരിക്കണം. അതായതു്—

a) കൈവശവസ്തു കൃഷിഭൂമിയായിരിക്കണം.

b) അയാളോ, അയാളുടെ അവകാശമുൻഗാമികളോ 1930 ഡിസംബർ 1-ാം തീയതിയോ അതിനുശേഷമോ കുടിയാൻ എന്ന നിലയിൽ വസ്തു കൈവശം വച്ചിരുന്നിരിക്കണം.

c) 1930 ഡിസംബർ ഒന്നാം തീയതിക്കുശേഷവും ഈ നിയമം നടപ്പിൽ വരുന്നതിനു മുമ്പും ഉള്ള ഏതെങ്കിലും തീയതിയിൽ കുടിയായ്മ അവസാനിക്കുകയും എന്നിരുന്നാലും അയാളോ അയാളുടെ അവകാശമുൻഗാമിയോ ഒററിക്കാരനെന്ന നിലയിലോ അല്ലാതെയോ ഈ നിയമം നടപ്പിലാകുന്നതുവരെ തുടർച്ചമുറിയാതെവസ്തു കൈവശം വച്ചിരിക്കുകയും ചെയ്യണം.

**വിശദീകരണം 1.**

ഖണ്ഡം (b) യുടെ പരിധിയിൽ കുടിയാൻ എന്നതിനു് 1956 നവമ്പർ 1-ാം തീയതിയിൽ പ്രസ്തുത പദത്തിനു് 1929-ലെ Malabar Tenancy act-ലെ കുടിയാൻ എന്ന പദത്തിൻെറ അർത്ഥവ്യാപ്തി ഉണ്ടായിരിക്കുന്നതാണു്.

**വിശദീകരണം 2.**

കൈവശമുണ്ടായിരുന്ന കാലാവധി കഴിഞ്ഞ ഉടനെ, ഒരു കാർഷിക വർഷത്തിൽ കവിയാതെയുള്ള കാലത്തേക്കു മാത്രം കൈവശം വിട്ടുപോയിട്ടുണ്ടെങ്കിൽ ആയതു് തുടർച്ചയായ കൈവശം എന്നതിനെ ബാധിക്കുന്നതല്ല.

## വകുപ്പു് 6 B

1969-ലെ ഭേദഗതിനിയമത്തിൽ മാത്രം സ്ഥലം പിടിച്ച ഒരു പുതിയ വ്യവസ്ഥയാണു് ഈ വകുപ്പു്. ഇതും 1929-ലെ മലബാർ ടെനൻസി നിയമം (Malabar Tenancy Act) നടപ്പിലുള്ള പ്രദേശങ്ങളെ മാത്രം ബാധിക്കുന്നു. നാട്ടുനടപ്പു്, കരാർ, നിയമങ്ങൾ, കോടതി തീർപ്പുകൾ എന്നിവയിൽ മററന്തു വ്യവസ്ഥകൾ ഉണ്ടായിരുന്നാലും പ്രസ്തുത പ്രദേശത്തെ ചില ഒററിക്കാർകൂടി കുടിയാന്മാരുടെ പരിധിയിൽ പെടുന്നതാണു്.

(a) അയാൾ വസ്തു കൈവശം വച്ചനുഭവിക്കുന്നതു്, നാട്ടാചാരവിഹിതങ്ങളോ, മിച്ചവാരമെന്നു് വിവരിക്കപ്പെട്ട ഏതെങ്കിലും തുകകളോ കൊടുക്കണം എന്നുള്ള വ്യവസ്ഥകൾ പ്രകാരമാണെങ്കിലും,

(b) ഒററിയാധാരത്തിൽ, നിശ്ചിത കാലാവധിയിൽ പുതുക്കലിനുള്ള വ്യവസ്ഥ ഉണ്ടെങ്കിലും,

ആണു് അയാൾ കുടിയനാകുന്നതു്.

## വകുപ്പ് 7

പാട്ടക്കാരനല്ലാതിരിക്കേ, ഉത്തമവിശ്വാസത്തിൽ പാട്ടക്കാരനെന്നു് ധരിച്ചു്, മലബാർ പ്രദേശത്തു് ഭൂമി കൈവശം വച്ചിട്ടുള്ള ചില വ്യക്തികളെ, "കുടിയാൻ" എന്നതിൻെറ പരിധിയിൽ കൊണ്ടുവരാനാണു് ഈ വകുപ്പു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. 1964-ലെ 1-ാം ആക്ടിൽ ഇതിനുവേണ്ടി ഉൾപ്പെടുത്തിയിരുന്ന വ്യവസ്ഥ, മേൽ സൂചിപ്പിച്ചവിധം ഉത്തമവിശ്വാസത്തോടുകൂടി, 1957 ഏപ്രിൽ 11-ാം തീയതിയുടെ മുമ്പുള്ള രണ്ടുവർഷത്തിൽ കുറയാത്ത കാലാവധിതൊട്ടു് 1964-ലെ നിയമം നടപ്പിൽവരുന്ന തീയതിവരെ തുടർച്ചയായി കൈവശം വച്ചനുഭവിക്കുന്നവരെയാണു് 1964-ലെ നിയമം, കുടിയാനായി പരിഗണിച്ചു് സംരക്ഷിച്ചിരുന്നതു്. കോടതി വിധികൾ, നിയമങ്ങൾ മുതലായവയിൽ മറിച്ചുള്ള വ്യവസ്ഥകൾ അടങ്ങിയിരുന്നാലും ഈ സംരക്ഷണം കിട്ടുന്നതാണു്.

ഇപ്പോൾ ഈ വകുപ്പിൽ ഭേദഗതികൊണ്ടു് ചില നൂതനസംരക്ഷണവ്യവസ്ഥകൾകൂടി വന്നിട്ടുണ്ടു്. അതായതു് വസ്തു കൈമാററനിയമം (Transfer of Property Act) എന്ന 1882-ലെ ഇൻഡ്യൻ നിയമത്തിൻെറ 52-ാം വകുപ്പിലും ഇൻഡ്യൻ തെളിവു നിയമത്തിലും ഉള്ള വ്യവസ്ഥകൾക്കു് വിപരീതമാണു് സംഗതമായ കൈവശം എന്നിരുന്നാലുംകൂടി സംരക്ഷണം ഇപ്പോൾ ലഭിക്കുന്നതാണു്. 1969 ഏപ്രിൽ 11-ാം തീയതിക്കു് മുമ്പുള്ള പന്ത്രണ്ടുകൊല്ലക്കാലത്തിനിടക്കു് എപ്പോഴെങ്കിലും രണ്ടുകൊല്ലം തുടർച്ചയായ കൈവശം മതിയാകുമെന്നും, എന്നാൽ 1969-ലെ ഭേദഗതി നിയമം നടപ്പിൽ വരുന്ന കാലത്തു് കൈവശം ഉണ്ടായിരിക്കണമെന്നേ ഉള്ളു എന്നുംകൂടി ഇപ്പോഴത്തെ

ഭേദഗതിയിൽ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. രണ്ടുകൊല്ലം തുടർച്ചയായി കൈവശം വച്ചിരുന്നശേഷം, അടിച്ചിറക്കപ്പെട്ടുകയോ, ഒഴിഞ്ഞുകൊടുക്കുകയോ ചെയ്തിട്ട്, ഭേദഗതി നിയമം നടപ്പിലാക്കുന്ന കാലത്ത് തിരിയെ പ്രവേശിച്ച വ്യക്തികൾക്ക് ഈ ഭേദഗതി സാരമായ പ്രയോജനം നൽകുന്നതിനു് പ്രാപ്തമാണ്.

ഇൻഡ്യൻ നിയമമായ 1882-ലെ വസ്തു കൈമാററ നിയമത്തെപ്പററി ഒരു വാക്ക്.

ഒരു കോടതി, അതിൻെറ അധികാരസീമയിൽപ്പെട്ടുന്നവിധം ഒരു സ്ഥാവരവസ്തുവിന്മേലുള്ള അവകാശ സംഗതിയെപ്പററി വിചാരണ നടത്തുന്നതിനിടയിൽ, കേസിൽപ്പെട്ട ഒരു കക്ഷി, പ്രസ്തുത വസ്തുവെ സംബന്ധിച്ച് അവകാശകൈമാററത്തിനുള്ള എന്തെങ്കിലും കാരണം ജനിപ്പിക്കുന്നപക്ഷം, അത്തരം കാരണത്തിനും, അതിൻെറ വ്യവസ്ഥകൾക്കും മുൻകൂട്ടിയുള്ള അനുവാദം കോടതിയിൽനിന്നും വാങ്ങിയിരിക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ, വസ്തുവിൻെറ അവകാശത്തെ സംബന്ധിച്ച് കോടതി അവസാനമായി പുറപ്പെടുവിക്കുന്ന തീരുമാനത്തിനു് വിധേയമായി മാത്രമേ ഈ കാരണം സാധുവായിരിക്കുകയുള്ളു എന്ന വ്യവസ്ഥയാണ് പ്രസ്തുത 52-ാം വകുപ്പിലുള്ളതു്. 1969-ലെ ഭൂപരിഷ്കരണ നിയമ ഭേദഗതി അനുസരിച്ച്, കോടതിയുടെ മുൻഅനുവാദമില്ലാതെ നടത്തുന്ന കരണങ്ങൾക്കും ഈ വകുപ്പിൻെറ പരിധി എത്തുന്നിടത്തോളമുള്ള ഇടപാടുകൾക്ക് സാധുത ലഭിക്കുന്നതായിരിക്കും.

## വകുപ്പ് 7A

1882-ലെ ഇന്ത്യൻനിയമമായ വസ്തു കൈമാററനിയമത്തിലെ 52-ാം വകുപ്പിലോ, കോടതിവിധികളിലോ

കരാറുകളിലോ, മററോ, ഉള്ള വ്യവസ്ഥകളെ ഗണിക്കാതെ താഴെപ്പറയുന്ന ഉപാധികളോടെ മററൊരാളിന്റെ വസ്തു കൈവശംവച്ചു് അനുഭവിക്കുന്നയാൾ "കുടിയാൻ" ആയി ഗണിക്കപ്പെടേണ്ടതാണു്

ഉപാധികൾ;

(a) കൈവശക്കാരനോ, അയാളുടെ ബാദ്ധ്യത മുൻഗാമിയോ, വസ്തു കൈവശപ്പെടുത്തിയതു്, അതു് ഗവണ്മെൻറു് ഭൂമി എന്ന വിശ്വാസത്തിലായിരുന്നിരിക്കണം.

(b) അതിനുശേഷം, ഏതെങ്കിലും സിവിൽ കോടതി തീർപ്പുകാരണം, വസ്തു മററൊരാളിൻെറ വകയായിത്തീർന്നതായിരിക്കണം.

(c) 1969-ലെ ഭേദഗതി നിയമം നടപ്പിൽ വരുന്നതിനു് പത്തുകൊല്ലം മുമ്പുമുതലെങ്കിലും ആരംഭിച്ചു് നിയമംനടപ്പിലാകുന്ന തീയതിവരെ തുടർച്ചയായ കൈവശം ഉണ്ടായിരിക്കണം.

## വിശദീകരണം 1.

കൈവശത്തിൻെറ കാലാവധി, അവസാന കൈവശക്കാരൻെറ ബാദ്ധ്യതാ മുൻഗാമിയുടെ കൈവശത്തിലെ കാലാവധിയും ചേർത്തു്, പത്തുകൊല്ലം തികഞ്ഞാൽ മതിയാവും.

## വിശദീകരണം 2.

വസ്തു ഒഴിപ്പിച്ചുകൊടുക്കണമെന്നു് കോടതി ഉത്തരവു പുറപ്പെടുവിച്ചിരുന്നാലും ആയതു നടപ്പാക്കപ്പെട്ടു കഴിഞ്ഞിട്ടില്ലെങ്കിൽ കുടിയാനെന്ന നിലയ്ക്കുള്ള സംരക്ഷണത്തിനു് ഹാനി സംഭവിക്കുന്നില്ല.

യഥാർത്ഥ കൈവശം വിട്ടുമാറിയിട്ടില്ലാത്തപക്ഷം, ഒഴിപ്പിച്ചു കഴിഞ്ഞതായ കോടതിരേഖമാത്രം ഉണ്ടെങ്കിൽ അതും, കുടിയാൻെറ അവകാശത്തിന് ബാധകമാകുന്നതല്ല.

## വകുപ്പ് 7 B (ഇതും ഒരു നൂതനവകുപ്പാണ്.)

**ഉപവകുപ്പ് 1.** യഥാർത്ഥത്തിൽ വസ്തുവിന്മേൽ അവകാശമില്ലാത്ത ഒരാൾ പാട്ടയാധാരം എന്ന പേരിൽ എഴുതി രജിസ്റ്റർ ചെയ്തുകൊടുത്ത ഒരാധാരവഴി വസ്തുവിൽ കൈവശം എടുത്ത് 1957 ഏപ്രിൽ 11-ാം തീയതിമുതലെങ്കിലും ഉള്ള കാലം മുതൽ 1969-ലെ ഭേദഗതിനിയമം നടപ്പിൽവരുന്നതുവരെ, തുടർച്ചയായി കൈവശം വച്ചനുഭവിക്കുന്നുവെങ്കിൽ അയാൾ, കുടിയാനായി പരിഗണിക്കപ്പെടേണ്ടതാണ്. പ്രസ്തുത കൈവശക്കാരനോ, അയാളുടെ ബാദ്ധ്യതാമുൻഗാമിയോ കൈവശംവയ്ക്കുന്ന കാലഘട്ടവും ഈ കണക്കുകൂട്ടലിൽ ഉൾപ്പെടേണ്ടതാണ്. കോടതി തീർപ്പുകളോ, കരാറുകളോ, നിയമവ്യവസ്ഥകളോ ഈ പരിരക്ഷയെ ബാധിക്കുകയില്ല.

**ഉപവകുപ്പ് 2.** ഒരാളിൻെറ കൈവശം വസ്തു പാട്ടം കൊടുക്കാൻ അവകാശമൊന്നുമില്ലാത്തയാൾ നൽകിയ അനുവാദം, അല്ലെങ്കിൽ രജിസ്റ്റർ ചെയ്യാത്ത പാട്ടയാധാരം എന്നിവ മുഖാന്തിരം മറെറാരാളിൻെറ വസ്തു കൈവശം കിട്ടിയതാണെന്ന് വ്യക്തമാക്കുന്ന ഒരു കോടതി തീർപ്പ് 1968-ലെ ഭേദഗതിബിൽ ഗസററിൽ പ്രസിദ്ധീകരിക്കുന്നതിനുമുമ്പുള്ള ഏതെങ്കിലും തീയതിയിൽ പാസ്സായിട്ടുള്ളയെങ്കിൽ തന്നെയും.

1969-ലെ നിയമം നടപ്പാകുന്നതിന് 12 കൊല്ലം മുമ്പുമുതൽ നിയമം നടപ്പിലാകുന്നതുവരെ കൈവശക്കാ

രനോ, അയാളുടെ ബാദ്ധ്യതാമുൻഗാമിയോ വസ്തു തുടർച്ചയായി കൈവശം വച്ചനുഭവിക്കുന്നു എങ്കിൽ, പ്രസ്തുത അനുഭവക്കാരനും, 'കുടിയാൻ' എന്നു് ഗണിക്കപ്പെടേണ്ടതാണു്.

ഈ പരിരക്ഷയ്ക്കും, കോടതിവിധി, കരാർ, മററു നിയമവ്യവസ്ഥകൾ നാട്ടുനടപ്പു് മുതലായവയൊന്നും ബാധകമാകുന്നതല്ല.

## വകുപ്പു് 7 C

പ്രധാനമായും പാലക്കാട്ടു ജില്ലയിലെ ചില പ്രത്യേക സ്ഥലങ്ങളിൽ മൊടനഷ്ടവാരം മുതലായ ഇനങ്ങളിൽ തുകകൾ നൽകി വസ്തു കൈവശം വച്ചിരിക്കുന്ന ചില കൈവശക്കാർക്കു് കുടിയാൻെറ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി 1969-ലെ ഭേദഗതിനിയമം നൂതനമായിച്ചേർത്ത വകുപ്പാണിതു്. വകുപ്പു് ഇങ്ങനെയാണു്.

"1969-ലെ ഭേദഗതി നിയമം നടപ്പിലാകുന്ന സമയത്തു് മററൊരാളിൻെറ ഭൂമി കൈവശം വച്ചിരിക്കുന്ന ഒരാൾ 1969-ലെ നിയമം നടപ്പിലാകുന്നതിനു് തൊട്ടു മുമ്പുള്ള പത്തുകൊല്ലങ്ങൾക്കുള്ളിൽ അയാളോ അയാളുടെ അവകാശ മുൻഗാമിയോ വസ്തു കൈവശം വയ്ക്കുന്നതിനുള്ള പ്രതിഫലമെന്ന നിലയ്ക്കു് വസ്തുവെ പാട്ടംകൊടുക്കാൻ അധികാരപ്പെട്ട ആളിൽനിന്നോ അയാളുടെ അംഗീകൃത ഏജൻറിൽനിന്നോ, കോടതി റിസീവറിൽനിന്നോ മൊടവാരം, നഷ്ടവാരം, മൊടനഷ്ടവാരം, M R. രസീതു് എന്നിങ്ങനെ ഏതെങ്കിലുമിനത്തിൽ, കൈവശക്കാരനു് നേരിട്ടോ അയാളുടെ അവകാശമുൻഗാമി മുഖാന്തിരമോ ഒരു രസീതെങ്കിലും സമ്പാദിച്ചിട്ടുള്ള പക്ഷം അങ്ങനെയുള്ള കൈവശക്കാരൻ കുടിയാനായി പരിഗണിക്കപ്പെട്ട

ന്നതാണ്. നിലവിലുള്ള നിയമങ്ങൾ, കരാറുകൾ, കീഴ് നടപ്പുകൾ, നാട്ടാചാരം, കോടതി വിധികൾ, എന്നിവകളിൽ മറിച്ചെന്തെങ്കിലും വ്യവസ്ഥകളുണ്ടെങ്കിൽക്കൂടി ഈ ആനുകൂല്യം ലഭ്യമാണ്.

## വകുപ്പ് 7 D

മലബാർ പ്രദേശത്ത് പ്രൈവറ്റ് ഫാറസ്റ്റ് സംരക്ഷണനിയമത്തിൻെറ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ പലതും കൈവശക്കാരായുണ്ട്. അങ്ങനെ, മററൊരാളുടെ വകയായ വസ്തുവിൽ, 1967 ഏപ്രിൽ 11–ാം തീയതിക്കു മുമ്പുള്ള പന്ത്രണ്ടു കൊല്ലത്തിനകത്ത് തുടർച്ചയായി രണ്ടു കൊല്ലത്തിൽ കുറയാത്ത കാലാവധിയിൽ, കൈവശം വയ്ക്കുകയും, പ്രസ്തുത കൈവശം 1969-ലെ ഭേദഗതി നിയമം നടപ്പിൽ വരുന്നതുവരെ തുടരുകയും ചെയ്തിരിക്കണം. 1955 ഏപ്രിൽ 11–ാം തീയതി എന്ന ദിവസം പ്രൈവററ് ഫാറസ്റ്റ് സംരക്ഷണനിയമം പ്രസ്തുതപ്രദേശത്ത് ഊർജ്ജിതത്തിൽ ഉണ്ടായിരിക്കുകയോ, സ്ഥലം സർവേയ്ക്ക് വിധേയമാകാത്തതായിരിക്കുകയോ ചെയ്യണം. മേല്പറഞ്ഞ ഉപാധികളിൽ മററൊരാളിൻെറ വസ്തു കൈവശം വച്ചിരിക്കുന്ന വ്യക്തിയും 'കുടിയാൻ' എന്നതിൻെറ പരിധിയിൽപ്പെടുന്നതാണ്.

## വകുപ്പ് 8

എട്ടാം വകുപ്പിൻെറ ഉള്ളടക്കം താഴെപ്പറയും പ്രകാരമാണ്. 1957–ലെ ഒഴിപ്പിക്കൽ നിരോധനനിയമത്തിൻെറ 6–ാം വകുപ്പിൻെറ പ്രയോജനംമൂലം, 1957 ഏപ്രിൽ 11–ാം തീയതിക്കുശേഷം, ഏതെങ്കിലും നിലം വാരം ഏർപ്പാടിൽ കൈവശം വയ്ക്കുവാനും കൃഷിചെയ്യുവാനും അർഹതപ്പെടുകയും, 1964-ലെ നിയമം നടപ്പിൽവന്ന

തീയതിയിലും ആയതു് തുടരുകയും ചെയ്യുന്നുവെങ്കിൽ, പ്രസ്തുത കൈവശക്കാരൻ, കുടിയാനായി ഗണിക്കപ്പെടേണ്ടതാണു്. കോടതി വിധികളോ, നിയമങ്ങളോ, കരാറുകളോ, നാട്ടുനടപ്പോ, എന്തുതന്നെയായിരുന്നാലും ഈ സംരക്ഷണം ലഭ്യമാണു്. വാരപ്രമാണമനുസരിച്ചുള്ള കാലാവധി അവസാനിച്ചുപോയാലും, 'കുടിയാൻ' എന്ന പരിഗണനന തുടരുന്നതായിരിക്കും.

## വകുപ്പ് 9

ഇതിലും ഭേദഗതികളൊന്നുമില്ല. ഒൻപതാം വകുപ്പിൽ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നതു്, ആധാരവഴി ജന്മിക്കു് ഒഴകുറി കൊടുത്തുപോയിയെങ്കിലും കൈവശം വിട്ടുപോകാത്ത ചില പാട്ടക്കാർക്കു് കുടിയാന്റെ സ്ഥാനം നൽകുന്ന വ്യവസ്ഥയാണു്. 1957 ഏപ്രിൽ 11–ാം തീയതിക്കുശേഷം നടന്ന ഒഴവുകുറികളാണു് ഈ വകുപ്പിൽ ഈ വിധം പരിരക്ഷിക്കപ്പെട്ടിരിക്കുന്നതു്. അങ്ങനെയുള്ള കുടിയാൻ പരമാവധി വിസ്തീർണ്ണത്തിൽ കവിയാത്ത ഭൂമി കൈവശം വച്ചിരിക്കുന്ന ആളാണെങ്കിൽ മാത്രമേ ഈ പരിരക്ഷക്കു് അർഹനാവുന്നുള്ളു.

## വകുപ്പ് 9 A

ഈ വകുപ്പു് 1969–ലെ ഭേദഗതി നിയമംമൂലം നൂതനമായി ചേർക്കപ്പെട്ടതാണു്. കണ്ണൂർ ജില്ലയിലെ ഹോസ്ദുർഗ്ഗ്, കാസർകോട്ടു് എന്നീ താലൂക്കുകളിലുള്ളതും, രജിസ്റ്റർ ചെയ്യപ്പെടാത്തതുമായ ചില പാട്ട ഒഴികുറി രേഖകൾ കുടിയാനും ജന്മിയും തമ്മിൽ കൈവശത്തെപ്പററിതക്കമുള്ള കേസുകളിൽ 1872–ലെ ഇൻഡ്യൻ തെളിവു നിയമപ്രകാരം കോടതി തെളിവു രേഖയായി സ്വീകരിക്കാൻ പാടില്ലാ എന്ന നിരോധനം ഏർപ്പെടുത്തിയിരിക്കുന്നു.

1967 മേയ് 19-ാം തീയതിക്കുമുമ്പ് കൈവശം ഒഴിഞ്ഞുകൊടുത്തതായി അവകാശപ്പെടുന്ന രജിസ്റ്റർ ചെയ്യപ്പെടാത്ത രേഖകൾക്ക് മാത്രമേ, ഈ നിരോധനം നടപ്പിലാവു എന്നും 9 A വകുപ്പിൽ വിശദമാക്കപ്പെട്ടിട്ടുണ്ട്.

## വകുപ്പ് 10

നിലവിലുള്ള നിയമം, കരാറുകൾ, നാട്ടുനടപ്പ്, കീഴ്പതിവ്, കോടതി വിധികൾ, എന്നിവയിൽ എന്തു തന്നെ വ്യവസ്ഥകൾ ഉണ്ടായിരുന്നാലും താഴെപ്പറയുന്ന തരക്കാർ കുടിയാന്മാരായി പരിഗണിക്കപ്പെടുന്നതാണ്.

1. പുനം അല്ലെങ്കിൽ കുമ്രി കർഷകൻ.
2. ഒരു ലൈസൻസി.
3. വാരംദാർ.
4. വെച്ചുപകുതിദാർ
5. 1929-ലെ Malabar Tenancy Act-ൻെറ പ്രാബല്യത്തിൽപ്പെടാതെ ഹോസ്ദുർഗ്ഗ്. കാസർകോട്ട് എന്നീ താലൂക്കുകളിൽ സ്ഥിതിചെയ്യുന്ന ഭൂമി ബന്ധപ്പെട്ട രേഖയിൽ ദോഗ്യം, ഒററി, നാട്ടൊററി, ആർവാർ, ഇല്ല്യിദാർവാർ, കുതസാത്ഥഇല്ലിദാർആർവാർ എന്നേതെങ്കിലും തരത്തിൽ വിവരിക്കപ്പെട്ടിരിക്കുകയും എന്നാൽ 1882-ലെ വസ്തു കൈമാററ നിയമത്തിൽ വിവക്ഷിക്കുന്ന അനുഭവ ഒററി (usebruetary mortgage) അല്ലാതിരിക്കുകയും ചെയ്യുന്ന വിധത്തിലുള്ള വസ്തു കൈവശം വച്ചിരിക്കുന്നയാൾ.

1964-ലെ നിയമത്തിൽ കുട്ടനാട്ടിലെ ലൈസൻസി എന്നുണ്ടായിരുന്നതിനെ ഭേദഗതിചെയ്ത് ലൈസൻസി

എന്നു മാത്രമാക്കി മേൽക്കാണിച്ച രണ്ടാം ഇനത്തിലെ കുടിയാനെ അംഗീകരിക്കുകയാണ് 1969-ലെ ഭേദഗതിനിയമം ചെയ്തിരിക്കുന്നത്. ഇതനുസരിച്ച് കുട്ടനാട്ടിൽ മാത്രമല്ല. കേരളത്തിലെവിടെയുമുള്ള ഒരു ലൈസൻസി കുടിയാൻ എന്ന പദത്തിൻെറ വ്യാപ്തിയിൽ പെടുന്നു.

## വകുപ്പ് 11

1969-ലെ ഭേദഗതി നിയമം അനുസരിച്ച് 11-ാം വകുപ്പ് പാടെ മാറിയെഴുതപ്പെട്ടിരിക്കുന്നു. കൃഷിമൂലം വരാൻ ഇടയുള്ള നഷ്ടത്തിൻെറ സാദ്ധ്യതയുടെ ഫലം അനുഭവിക്കുവാൻ തയ്യാറാവുന്നത് വസ്തു ഉടമസ്ഥനാണോ കൃഷിക്കാരനാണോ എന്നതിനെ ആശ്രയിച്ച് കുടിയായ്മ നിർണ്ണയിക്കുന്ന ഒരു വകുപ്പാണിത്. ഇപ്പോൾ നിലവിൽ വന്ന വകുപ്പിൻെറ സാരം താഴെകുറിക്കുന്നു.

പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലും, കുട്ടനാട്ട് പ്രദേശത്തും നിലംകൃഷിസംബന്ധമായ, ഏർപ്പാടനുസരിച്ച് ശമ്പളപ്പാട്ടക്കാരനെന്നോ, ശമ്പളച്ചീട്ടുദാരനെന്നോ കൂലിപ്പാട്ടംദാരനെന്നോ വിളിക്കപ്പെടുന്നയാളും കണ്ണൂർജില്ലയിലെ, ഹോസ്ദുർഗ്ഗ്, കാസർകോട്ട് എന്നീ താലൂക്കുകളിൽ, ഗൈമാക്കരാർദാരനെന്നോ, ഗൊബ്രാച്ചീട്ടുക്കാരനെന്നോ, ഫസിലിച്ചീട്ടുദാരനെന്നോ വിളിക്കപ്പെടുന്നയാളും കുടിയാനാണെന്ന് പരിഗണിക്കപ്പെടേണ്ടതാണ്. എന്നാൽ മേല്പറഞ്ഞവർ, കൃഷിനഷ്ടത്തിൻെറ ഫലം അനുഭവിക്കുന്ന ചുമതലയിൽനിന്നും ഒഴിഞ്ഞുനിൽക്കുന്നവരാണെങ്കിൽ, ഈ സങ്കല്പം പാടില്ലതാനും. അങ്ങനെയാണെങ്കിൽ കുടിയാനാണെന്നു് പ്രത്യേകം വ്യക്തമായ തെളിവ് അയാൾ നൽകേണ്ടതാണ്.

## വകുപ്പ് 12.

ഒററി, പണയം, കരിപ്പണയം മുതലായ കുടിയാഌ ഇനത്തിൽപ്പെടാത്തതെന്നു് പേരുവിളിക്കപ്പെട്ടന്ന ചില ഇടപാട്ടകൾ യഥാൎത്ഥ സാരാംശത്തിൽ കുടിയാഌയാണു് എന്നു് തെളിവു് നൽകുവാൻ സ്വാതന്ത്ര്യം നൽകുന്ന ഒരു വകുപ്പാണു് പന്ത്രണ്ടാംവകുപ്പു്. അതിനു് ആകെ മൂന്നു് ഉപവകുപ്പുകൾ ഉണ്ടു്. ആദ്യത്തെ രണ്ടു് ഉപവകുപ്പുകൾ 1969-ലെ ഭേദഗതിനിയമത്തിൽ മാററിയെഴുതപ്പെട്ടിട്ടുണ്ടു്.

ഇതിലെ പ്രതിപാദ്യ വിഷയത്തെപ്പററി തീരുമാനം ചെയ്യുന്നതിനുള്ള അവകാശം 1954-ലെ ആക്ടനുസരിച്ചു് സിവിൽകോടതിക്കും, ലാൻഡ് ട്രൈബ്യൂണലിനും നൽകപ്പെട്ടിരുന്നു. ഇപ്പോഴത്തെ ഭേദഗതിയനുസരിച്ചു് ഇക്കാര്യത്തെപ്പററി സാരാംശത്തിൽ പരിശോധന നടത്തി തീർച്ച ചെയ്യുവാൻ ലാൻഡ് ട്രൈബ്യൂണലിനുമാത്രമേ അവകാശമുള്ളു.

**ഉപവകുപ്പു് ഒന്നും രണ്ടും** പ്രസ്തുത അധികാരം ഉപയോഗിച്ചു് ലാൻഡ് ട്രൈബ്യൂണൽ ഏതെങ്കിലും ഒരു തീരുമാനം ചെയ്യുന്നതോടൊപ്പം, പ്രമാണത്തിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള അൎത്ഥത്തുകയെ സംബന്ധിച്ചു് എന്തു നടപടി സ്വീകരിക്കണമെന്നും വ്യവസ്ഥചെയ്യാവുന്നതാണു്.

**ഉപവകുപ്പു് 3** ഇൻഡ്യൻ തെളിവു നിയമം 1872-ൽ മറേറതെങ്കിലും വ്യവസ്ഥകൾ എന്തുണ്ടെങ്കിൽക്കൂടി, ഒരു നിലത്തിൻെറ കൃഷിക്കാര്യത്തിൽ, ഏജൻറു് അല്ലെങ്കിൽ, ജോലിക്കാരൻ എന്ന വിവരണമാണു് അതു സംബന്ധമായ പ്രമാണത്തിൽ കാണുന്നതെങ്കിലും, യഥാൎത്ഥ

ത്തിൽ അയാൾ ഒരു ലൈസൻസി ആയിരുന്നു എന്ന് തെളിയിക്കാവുന്നതാണ്.

ആക്ടിൻെറ 4 മുതൽ 12 വരെ വകുപ്പുകൾ കുടിയായ്മ എന്ന സങ്കേതത്തിൻെറ പരിധിയിൽപ്പെടുന്ന വസ്തു കൈവശക്കാരുടെ പട്ടികയ്ക്ക് സാരമായ വ്യാപ്തി വർദ്ധനവ് നൽകിയിരിക്കുന്നുവെന്നും, 1969 ലെ ഭേദഗതി നിയമം, അനേകതരം കൈവശക്കാരെ നൂതനമായി പട്ടികയിൽ കൊണ്ടുവന്നിരിക്കുന്നുവെന്നും, മുകളിൽ ചേർത്ത പ്രതിപാദനത്തിൽ നിന്നും വിശദമാണല്ലോ.

## കുടിയായ്മ സ്ഥിരത

കൃഷിഭൂമി കർഷകനു ലഭിക്കണം എന്ന മുറവിളി, രാഷ്ട്രീയമായ അടിസ്ഥാനത്തിൽ മുമ്പുമുതലേ ഉയർത്തിപ്പിടിക്കപ്പെട്ടതാണ്. സമാധാനപരമായ അടിസ്ഥാനത്തിൽ നിയമനിർമ്മാണംമൂലം ഇക്കാര്യം സാധിക്കപ്പെട്ടിരിക്കുകയാണിന്ന്. കൈവശ കുടിയാന് തൻെറ കൈവശമുള്ള കൃഷിഭൂമിയിൽ, ഭൂമിയുടെ ഉടമസ്ഥതയുടെ ലേബൽ വഹിക്കുന്ന ജന്മിയുടെ ഒഴിപ്പിക്കൽ ഭീഷണി നീങ്ങിക്കിട്ടിയാൽ മാത്രമേ, രാഷ്ട്രീയപുരോഗതിയുടെ അടിസ്ഥാനം ഉറപ്പിക്കപ്പെടുകയുള്ളു എന്ന ചിന്താഗതിയുടെ പ്രതിഫലനമാണ് കുടിയായ്മയ്ക്ക് സ്ഥിരത നല്കുന്നതിനുവേണ്ടി ഭൂപരിഷ്കരണനിയമത്തിൽ ചേർക്കപ്പെട്ടിട്ടുള്ള പതിമൂന്നാം വകുപ്പ്. ഭൂപരിഷ്കരണ നിയമങ്ങളെന്ന പേരിൽ 1957 മുതൽ നടപ്പാക്കപ്പെട്ടിട്ടുള്ള നിയമങ്ങളുടെ കാലം എത്തുന്നതിനുമുമ്പ് കുടിയാന്മാർക്ക് ആവുന്നിടത്തോളം സ്ഥിരതയും സംരക്ഷണവും നൽകുന്നതിന് ഭരണകൂടം നടത്തി

യിട്ടുള്ള ശ്രമങ്ങളുടെ ഒരു ചെറിയ രൂപം ഈ ഗ്രന്ഥത്തിൻെറ ആദ്യഭാഗത്ത് കൊടുത്തിട്ടുള്ള സംഗതി ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

1961-ലെ കർഷകബന്ധനിയമത്തിൽ, 6-ാം വകുപ്പിലും, 1964- ലെ നിയമത്തിൽ 13-ാം വകുപ്പിലും ''കുടിയാഴ്മ സ്ഥിരതയ്ക്ക്'' വ്യവസ്ഥകൾ ഉൾക്കൊള്ളിക്കപ്പെട്ടു. 1969 ലെ ഭേദഗതിനിയമം 13-ാം വകുപ്പിൽ ചില പ്രധാന മാററങ്ങൾ വരുത്തിയതിനു പുറമേ, സ്ഥിരതയുടെ വ്യാപ്തി ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുവേണ്ടി 13A മുതൽ 13D വരെയുള്ള നാലു പുതിയ വകുപ്പുകൾകൂടി ചേർക്കുകയും ചെയ്തിട്ടുണ്ട്. ജന്മിയുടെ ഭൂമി, കുടിയായ്മക്ക് അധീനമാണെങ്കിൽ, അതൊക്കെയും 1970 ജനുവരിമാസം ഒന്നാം തീയതി മുതൽ ഗവണ്മെൻറിൽ നിക്ഷിപ്തമാകുകയും തുടർന്ന് കുടിയാൻെറ ഉടമസ്ഥതയിലേക്ക് മാറുന്ന സ്ഥിതി സമീപിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്ന ചുററുപാടുകളിൽ ''കുടിയായ്മസ്ഥിരത'' എന്ന ആശയത്തിനു് തനിയേയുള്ള പ്രാധാന്യം കുറഞ്ഞുപോകേണ്ട കാര്യമേയുള്ളു. അവയ്ക്ക് മിക്കവാറും ചരിത്രരേഖകളുടെ പ്രാധാന്യമേ മേലാൽ ഉണ്ടാകാനിടയുള്ളു. എന്നിരുന്നാലും, ഭൂപരിഷ്കരണനിയമങ്ങളുടെ ആവിർഭാവകാലം മുതൽ നാളിതുവരെ സ്ഥിരതയ്ക്കു വ്യവസ്ഥചെയ്യുന്ന വകുപ്പുകൾക്ക് നൽകപ്പെട്ടുപോന്നിട്ടുള്ള പ്രാധാന്യത്തിൻെറ പശ്ചാത്തലത്തിൽ ഇപ്പോൾ നിലവിലുള്ള നിയമം നിലനിർത്തിയിരിക്കുന്ന വകുപ്പുകളെപ്പററി ഇവിടെ പ്രതിപാദിക്കാതെ തരമില്ല. ഭേദഗതി നിയമമനുസരിച്ച് വന്നിട്ടുള്ള 13 മുതൽ 13D വരെയുള്ള വകുപ്പുകളിലെ ഉള്ളടക്കം താഴെ വിവരിക്കുന്നു.

## വകുപ്പ് 13

**ഉപവകുപ്പ് 1** നിലവിലുള്ള നിയമങ്ങളിലോ, നാട്ടുനടപ്പുകളിലോ, കരാറുകളിലോ, കോടതിതീർപ്പുകളിലോ,

എ തന്നെ വ്യവസ്ഥകൾ ഉണ്ടായിക്കൊള്ളട്ടെ; ഒരു കുടിയാന്ന് അയാളുടെ കൈവശമുള്ള കുടിയായ്മയെ സംബന്ധിച്ച് കൈവശം വയ്ക്കാനുള്ള അവകാശം സ്ഥിരമായിരിക്കുന്നതാണ്. കൂടാതെ, 1 മുതൽ 22 വരെ വകുപ്പുകളിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള നിബന്ധനകൾക്കു വിധേയമായിട്ടല്ലാതെ, അയാളിൽ നിന്നും, കുടിയായ്മയിൽപ്പെട്ട ഒരു ഭാഗവും ഒഴിപ്പിക്കാൻ പാടില്ലാത്തതുമാകുന്നു.

ഉപവകുപ്പ് 2. താഴെപ്പറയുന്ന വിധത്തിലുള്ള ജന്മിമാരുടെ കുടിയാന്മാരെ സംബന്ധിച്ചുമാത്രം കുടിയായ്മ സ്ഥിരാവകാശം ഉണ്ടായിരിക്കുന്നതല്ല. അതായതു്:

1. ജന്മി, ഒരു നാവികജീവനക്കാരനോ, സായുധസേനയിലെ അംഗമോ ആണെങ്കിൽ, അയാൾ പ്രസ്തുത സേവനത്തിൽ പ്രവേശിക്കുന്നതിനും മുമ്പുള്ള മൂന്നുമാസത്തിനകമായോ, സേവനത്തിന്റെ കാലഘട്ടത്തിലൊ, നൽകിയ കുടിയായ്മയാണെങ്കിൽ—(കുടിയാനു സ്ഥിരത ലഭിക്കുകയില്ല.)

2. മേൽ 1-ാം ഖണ്ഡികയിൽ വിവരിച്ച വിധം സേവനക്കാരനായ വ്യക്തിയുടെ പിൻതുടർച്ചാവകാശിയാണ് ജന്മിയെങ്കിലും—(കുടിയാനു സ്ഥിരത ലഭിക്കുകയില്ല)

എന്നാൽ, സീലിംഗ് ഏരിയായിൽ കുറയാത്ത വേറെ ഭൂമി അയാൾക്ക് കൈവശം ഉണ്ടെങ്കിൽ, കുടിയാനിൽ നിന്നും ഒഴിപ്പിക്കാൻ പാടില്ലാത്തതാകുന്നു. സീലിംഗ് ഏരിയായിൽ താണവിസ്തീർണ്ണം അത്തരം ജന്മിക്ക് കൈവശമുള്ളപക്ഷം, സീലിംഗ് ഏരിയ തികയുന്നതിനുവേണ്ടുന്ന പരിധിമാത്രം കുടിയാനിൽനിന്നും ഒഴിപ്പിക്കാവുന്നതാണ്.

1969–ലെ ഭേദഗതി താഴെക്കാണുന്ന വ്യവസ്ഥ കൂട്ടി ച്ചേർത്തു. അതായതു്:

"മേൽവിവരിച്ച സംരക്ഷണം ലഭിക്കാൻ യോഗ്യത യുള്ള ജന്മി, 1969 ലെ ഭേദഗതിനിയമം നടപ്പിലായി ആറുമാസം തികയുന്നതിനകം, കുടിയാനിൽനിന്നും വസ്തു വീണ്ടെടുക്കുവാൻ നടപടി ആരംഭിച്ചിട്ടില്ലെങ്കിൽ കുടി യാനു് കുടിയായ്മസ്ഥിരത ലഭിക്കുന്നതാണു്.

എന്നാൽ, തക്കതായ കാരണംകൊണ്ടു്, പ്രസ്തുത ആറു മാസത്തിനകം വസ്തു വീണ്ടെടുക്കുവാനുള്ള നടപടി ആരം ഭിക്കാൻ ജന്മിക്കു് സാധിക്കാത്തതാണെങ്കിൽ, ഭൂമി ഗവ ണ്മെൻറിൽ നിക്ഷിപ്തമാകുന്നതിനു് വ്യവസ്ഥപ്പെടുത്തി യിട്ടുള്ള 72-ാം വകുപ്പനുസരിച്ചുള്ള ഗവണ്മെൻറു പ്രഖ്യാ പനം വരുന്നതിനു മുമ്പായി ജന്മി നടപടി ആരംഭിക്കു ന്നപക്ഷം, കുടിയാനു് സ്ഥിരതയ്ക്കുള്ള അവകാശം നശി ക്കുന്നതാണു്. അതനുസരിച്ചുള്ള അപേക്ഷ, അധികാര പ്പെട്ട കോടതിമുഴുവനായോ, ഭാഗികമായോ തള്ളിക്കള യുന്നപക്ഷം, അത്രത്തോളം ഭാഗത്തിനെ സംബന്ധിച്ചു് കുടിയാനു് സ്ഥിരതയ്ക്കുള്ള അവകാശം പുനരുജ്ജീവിക്കുന്ന തുമാണു്. എന്നാൽ ഈ ഉപവകുപ്പിലെ നിബന്ധനകൾ 1961 ജനുവരി 21-ാം തീയതിക്കുമുമ്പു് കുടിയായ്മസ്ഥിര തയ്ക്കർഹത നേടിയിരുന്ന കുടിയാന്മാരെ സംബന്ധിച്ചു് ബാധകവുമല്ല. ചെറുകിട കർഷകർക്കു് കുടിയാനിൽ നിന്നു് ഏതെങ്കിലുംഭാഗം വസ്തു ഒഴിപ്പിച്ചെടുക്കുന്നതിനു് 1964-ലെ നിയമം നടപ്പിൽവന്നു ഒരുകൊല്ലം കഴിഞ്ഞ തോടുകൂടി അവകാശം നശിച്ചിരിക്കുന്നു എന്ന കാര്യം, ചെറുകിട കൈവശക്കാർ എന്ന അദ്ധ്യായത്തിൽ വിശ ദമായി പ്രതിപാദിക്കുന്നുണ്ടു്. ആ നിലയ്ക്കു് സായുധസേനാംഗ ങ്ങൾക്കും മററും നല്കിയിരിക്കുന്ന ആറുമാസത്തെ സൗജന്യം

ഗണ്യമായ ഒന്നാണ്. 72-ാം വകുപ്പനുസരിച്ചുള്ള ഗവ ണ്മെൻറ് നോട്ടിഫിക്കേഷൻ 1970 ജനുവരി 1-ാംതീയതി മുതൽ നടപ്പിൽ വന്നിരിക്കുന്നതുകൊണ്ട് ആറുമാസ ത്തേക്ക് ഇപ്പോൾ നൽകപ്പെട്ടിരിക്കുന്ന സൗജന്യം ഇനിയും അനുവദനീയമാണോ എന്ന കാര്യം ഒരു ചർച്ചാവിഷയ മായി അവശേഷിക്കുന്നു.

**ഉപവകുപ്പ് 3.** (1969 ലെ ഭേദഗതിനിയമം കൂട്ടിച്ചേ ർത്തത്.)

നാവികനോ സായുധസേനയിലെ അംഗമോ ആയ ഒരാളിനും അയാളുടെ പിൻഗാമിക്കും 1969 ലെ ഭേദ ഗതിനിയമം നടപ്പിൽവന്ന് ആറുമാസത്തിനകമോ, തക്ക തായ കാരണത്താൽ തടസ്സം നേരിടുന്ന ചുററുപാടുകളുണ്ടാ യാൽ 72-ാം വകുപ്പനുസരിച്ചുള്ള ഗവണ്മെൻറു നോട്ടിഫി ക്കേഷൻ പുറപ്പെടുവിക്കുന്നതിനു മുമ്പ് ഏതു തീയതി യിലും, ഭൂമി വീണ്ടെടുക്കൽ അവകാശപ്പെടുന്ന ഹർജി ബോധിപ്പിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

## വകുപ്പ് 13 A (1969-ലെ ഭേദഗതി നിയമം പുതു തായി കൂട്ടിച്ചേർത്തതു്)

**ഉപവകുപ്പ് 1.** 1964 ഏപ്രിൽ മാസം 1-ാം തീയതി ക്കുശേഷം ഏതെങ്കിലും വ്യക്തിയുടെ കൈവശഭൂമി ഒഴി പ്പിക്കപ്പെട്ടതായി ഉണ്ടെങ്കിൽ, 1969-ലെ ഭേദഗതിനിയമം അന്നു നിലവിലുണ്ടായിരുന്നു എന്നു സങ്കല്പിച്ചാൽ ഒഴിപ്പി ക്കലിൽനിന്നും സംരക്ഷണം കിട്ടുമായിരുന്ന അവകാശ മാണു് ഒഴിപ്പിക്കപ്പെട്ടുപോയതു് എന്നു് കാണുന്നപക്ഷം, അയാൾക്കു് തിരിച്ചു് കൈവശം വീണ്ടുകിട്ടുവാൻ അവ കാശമുണ്ടായിരിക്കുന്നതാണ്. നിലവിലുള്ള മററു നിയമ

ങ്ങളോ, കരാറുകളോ; നാട്ടാചാരങ്ങളോ, കോടതി തീർപ്പു കളോ മറിച്ച് വ്യവസ്ഥചെയ്താൽകൂടി ഈ അവകാശം ബാധിക്കപ്പെടുന്നതല്ല.

പക്ഷേ, ഇപ്രകാരം ഒഴിപ്പിക്കപ്പെട്ട ഭൂമി, ഉത്തമ വിശ്വാസത്തിലും പ്രതിഫലത്തിന്റെ അടിസ്ഥാനത്തിലും മററൊരാൾക്ക് വില്ക്കപ്പെട്ടുപോയിട്ടുണ്ടെങ്കിൽ, ഒഴിപ്പിക്കപ്പെട്ട കുടിയാന് മേൽപ്പറഞ്ഞ ആനുകൂല്യത്തിന് അവകാശം ലഭിക്കുന്നതല്ല. 1964-ലെ ഭൂപരിഷ്കരണത്തിലെ വ്യവസ്ഥകളനുസരിച്ച് കുടിയാനിൽനിന്നും വീണ്ടെടുക്കലിന് വിധേയമായ ഒഴിപ്പിക്കലാണ് നടന്നതെങ്കിലും, ഈ സംരക്ഷണം ലഭ്യമാകുന്നതല്ല.

**ഉപവകുപ്പ് 2.** ഒന്നാം ഉപവകുപ്പനുസരിച്ച് വസ്തു തിരിയെ കിട്ടുവാൻ അർഹതയുള്ള ആൾ, 1969-ലെ ഭേദഗതി നിയമം നടപ്പിൽവന്ന് ആറു മാസത്തിനകം അതിനുവേണ്ടി അപേക്ഷ ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്.

**ഉപവകുപ്പ് 3.** മതിയായ തെളിവെടുപ്പിനുശേഷം യുക്തമെന്നു തോന്നിയാൽ ഒഴിപ്പിക്കലിനുവേണ്ടി ജന്മി കെട്ടിവച്ച പ്രതിഫലത്തുക, കുടിയാൻ തിരിയെ കെട്ടിവയ്ക്കേണ്ടതാണെന്ന് ലാൻഡ് ട്രൈബ്യൂണലിന് ഉത്തരവ് പാസ്സാക്കാവുന്നതും, ഹർജി അനുവദിക്കാവുന്നതുമാണ്. കൈവശം വിട്ടുപോയതിനുശേഷം വസ്തുവിൽ ചെയ്തിട്ടുള്ള ദേഹണ്ഡങ്ങളുടെ വിലയും, ജന്മിക്ക് കുടിയാൻ കൊടുക്കേണ്ടതാണ്.

**ഉപവകുപ്പ് 4.** തുകകൾ കെട്ടിവയ്ക്കുന്നതിന് ക്ലിപ്തമായ കാലാവധി നിശ്ചയിക്കേണ്ടതും അതിന് വിധേയമായി തുക കെട്ടിവയ്ക്കുന്നപക്ഷം, വസ്തുവിനെ തിരിയെ

ഒഴിപ്പിച്ചും, വേണ്ടിവന്നാൽ ഒഴിയാൻ വിസമ്മതിക്കുന്നതായി ആരെങ്കിലുമുണ്ടെങ്കിൽ അവരെഒഴിപ്പിച്ചും കുടിയാനു് ലാൻഡ് ട്രൈബ്യൂണൽ വസ്തു ഏല്പിച്ചു് കൊടുക്കേണ്ടതുമാണു്.

**വകുപ്പ് 13 B** (ഇതു് 1969-ലെ ഭേദഗതിനിയമത്തിൽ കൂട്ടതലായി ചേർത്തതാണു്.)

**ഉപവകുപ്പ് 1.** നിലവിലുള്ള നിയമങ്ങളിലോ, കോടതി വിധികളിലോ എന്തുതന്നെ മറിച്ചു് വ്യവസ്ഥകളുണ്ടായിരുന്നാലും ഏതെങ്കിലും ഒരു കുടിയായ്മ പാട്ടക്കുടിശിഖയ്ക്കു വേണ്ടി കോടതിവിധി നടത്തുന്ന നടപടിയിൽ വച്ചു് വിൽക്കപ്പെടുകയും 1964 ഏപ്രിൽ 1-ാം തീയതിക്കുശേഷവും 1969-ലെ ഭേദഗതിനിയമം നടപ്പിൽ വരുന്നതിനു മുമ്പായും കുടിയാൻെറ കൈവശം ഒഴിപ്പിക്കപ്പെടുകയും ചെയ്തുപോയിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള വില്പനകൾ അസാധുവായിരിക്കുന്നതും, ഈ വകുപ്പിലെ വ്യവസ്ഥകളനുസരിച്ചു് കുടിയാനു് കൈവശം വീണ്ടും കിട്ടുവാൻ അവകാശമുണ്ടായിരിക്കുന്നതുമാണു്.

എന്നാൽ കുടിയാൻെറ കൈവശം വിട്ടതിനുശേഷം 1968-ലെ കേരളാ ഭൂപരിഷ്ക്കരണഭേദഗതിബിൽ ഗസററിൽ പരസ്യപ്പെടുത്തുന്നതിനു മുമ്പായും ഉത്തമവിശ്വാസമായി വസ്തു പ്രതിഫലത്തിന്മേൽ വിൽക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ ഈ ഉപവകുപ്പിലെ നിബന്ധന പ്രാബല്യത്തിൽ വരുന്നതല്ല.

**ഉപവകുപ്പ് 2.** ഒന്നാം ഉപവകുപ്പനുസരിച്ചു വസ്തു കൈവശം തിരിയെ കിട്ടുവാൻ അവകാശപ്പെട്ടയാളിനു് 1969-ലെ ഭേദഗതിനിയമം നടപ്പിലായി ആറുമാസത്തിനകം കോടതിയിലേൽപ്പിക്കുകയും ആറുശതമാനം പലിശയും

കോടതിയിൽ കെട്ടിവച്ച് കോടതി വില്പന അസ്ഥിരപ്പെടുത്തുന്നതിനും വസ്തു തിരിയെക്കിട്ടുന്നതിനും അപേക്ഷിക്കാവുന്നതാണ്.

**ഉപവകുപ്പ് 3.** ഹർജിയിന്മേൽ കോടതി സമ്മറിയായി തെളിവെടുക്കേണ്ടതും യുക്തമെന്നു തോന്നുന്നുപക്ഷം കോടതി വില്പന അസ്ഥിരപ്പെടുത്തി അപേക്ഷ കക്ഷിക്ക് കൈവശം തിരിച്ചുകൊടുക്കാൻ ഉത്തരവു പാസ്സാക്കാവുന്നതുമാണ്.

**ഉപവകുപ്പ 4.** ഡിക്രി ഉടമസ്ഥനെറയോ, ലേലത്തിൽ പിടിച്ചയാളിന്റേയോ കോടതിച്ചെലവുകൾ അപേക്ഷകൻ കെട്ടിവയ്ക്കേണ്ടതാണെന്നു നിർദ്ദേശിക്കേണ്ടതും കോടതി വിൽപ്പനയ്ക്കുശേഷം വസ്തുവിൽ ചെയ്തിട്ടുള്ള ദേഹണ്ഡങ്ങളുടെ വില ഹർജിക്കാരൻ കെട്ടിവയ്ക്കണമെന്നു വ്യവസ്ഥ ചെയ്യുകയോ ചെയ്യാവുന്നതാണ്.

## വിശദീകരണം

ഈ വകുപ്പിന്റെ പരിധിക്ക് കുടിയായ്മ എന്ന വിവക്ഷയിൽ കുടിയായ്മയുടെ ഒരു ഭാഗം എന്ന വിവക്ഷയും ഉൾപ്പെടുന്നതാണ്.

ലേലത്തിനുശേഷം നടന്നതായ ഉത്തമ വിശ്വാസമുള്ള വിലകൊടുക്കലുകൾക്കു 13 A വകുപ്പിൽ നൽകിയിട്ടുള്ളതു പോലുള്ള സംരക്ഷണം 13 B വകുപ്പിൽ നൽകപ്പെട്ടിട്ടില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്.

# വകുപ്പ് 13 C

**ഉപവകുപ്പ് 1.** 1968 മേയ് 1-ാം തീയതിക്കു മുമ്പ് കൊടുത്തു തീർക്കാൻ ബാദ്ധ്യതപ്പെട്ട പാട്ടക്കുടിശ്ശികത്തു

കയ്യുവേണ്ടി, കുടിയായ്മയിൽപ്പെട്ട ഒരു വസ്തു, കോർട്ടുലേല ത്തിൽ വില്ക്കപ്പെട്ടുപോയിയെങ്കിൽ, കുടിയാൻ പ്രസ്തുത വസ്തുവിൻെറ കൈവശം ഒഴിഞ്ഞുപോയിട്ടില്ലാത്തപക്ഷം, ഭേദഗതി നിയമം നടപ്പിൽ വന്നു് ആറു മാസത്തിനകം, ഈ നിയമത്തിലെ 73-ാം വകുപ്പനുസരിച്ചു് ജന്മിക്കു് ചെല്ലാവുന്നതായ തുക കെട്ടിവച്ചു്, ലേലം അസ്ഥിരപ്പെ ടുത്തിക്കിട്ടണമെന്നു് കോടതിയിൽ അപേക്ഷ ബോധിപ്പി ക്കാൻ കുടിയാനു് അവകാശമുണ്ടായിരിക്കുന്നതാണു്,"

## വിശദീകരണം

"ഒരു കോടതിനിയമിച്ച റിസീവറാണു്, കുടിയാനെ കൈവശം വിട്ടു ഒഴിപ്പിച്ചതെങ്കിൽ, കുടിയാൻ ഒഴിഞ്ഞു പോയി എന്നു് കരുതാൻ പാടില്ലാത്തതാകുന്നു."

**ഉപവകുപ്പ് 2** "സമ്മറി നടപടിയനുസരിച്ചു യുക്തമായ വിചാരണക്കുശേഷം, പ്രസ്തുത ലേലത്തെ കോടതി അസ്ഥി രപ്പെടുത്തേണ്ടതാണു്. ഏതെങ്കിലും കോർട്ടു ചെലവോ മററോ വിധി ഉടമസ്ഥനു കൊടുക്കേണ്ടതാണെന്നു കാണുന്ന പക്ഷം, ആയതു കെട്ടിവയ്ക്കുവാൻ ഹർജിക്കാരനെ നിർദ്ദേ ശിക്കാവുന്നതുമാണു്."

**ഉപവകുപ്പ് 3.** ഹർജിക്കാരൻ കെട്ടിവയ്ക്കുന്ന സംഖ്യ, ഒന്നാം ഉപവകുപ്പിൻെറ താല്പര്യപ്രകാരം, തികയുന്നത ല്ലെന്നു കണ്ടാൽ, രണ്ടാം ഉപവകുപ്പനുസരിച്ചുള്ള ഉത്തരവു പാസ്സാക്കാൻ പാടില്ല. എന്നാൽ ബാക്കിത്തുക കെട്ടിവയ്ക്കു ന്നതിനു് യുക്തമെന്നു തോന്നുന്നപക്ഷം, ഒരു നിശ്ചിത കാലാവധി കൂടി ദീർഘിപ്പിച്ചു കൊടുക്കാനും കോടതിക്കു് അധികാരമുള്ളതാകുന്നു."

പാട്ടക്കുടിശ്ശികകളെപ്പററി പിന്നാലെ വിശദമായി ചർച്ച ചെയ്യുന്നുണ്ടു്. 1968 മേയ് ഒന്നാം തീയതിക്കു

മുമ്പുള്ള പാട്ടക്കുടിശ്ശികകളെസ്സംബന്ധിച്ച് ഗണ്യമായ വെട്ടിച്ചുരുക്കൽ 1969–ലെ ഭേദഗതി നിയമം നടപ്പിലാക്കി യിട്ടുണ്ടെന്നു് അവിടെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആ നി ലയ്ക്കു് അപ്രതീക്ഷിതമായ വലിയൊരാനുകൂല്യമാണു്, ഈ വകുപ്പ് കുടിയാനു വ്യവസ്ഥ ചെയ്യുന്നതെന്നു കാര്യം ശ്രദ്ധേയമാണു്.

## വകുപ്പ് 13 D (1969 ലെ ഭേദഗതി നിയമത്തിൻ കൂട്ടിച്ചേർക്കപ്പെട്ടതു്.)

**ഉപവകുപ്പ് 1.** "വസ്തുവിൽ നാശം വരുത്തിയതുമൂലമു ണ്ടായ പരിഹാരത്തുക എന്ന ബാദ്ധ്യത ഈടാക്കലിനു ഒരു കുടിയായ്മ സ്ഥലം 1964– ഏപ്രിൽ ഒന്നാം തീയതിക്കു ശേഷവും, 1969 ലെ ഭൂപരിഷ്കരണനിയമം നടപ്പിൽ വരു ന്നതിനു് മുമ്പുമായി ലേലത്തിൽ വില്ക്കപ്പെടുകയും, എന്നാൽ കുടിയാൻ കൈവശം വിട്ടു് ഒഴിയാതെ തുടരുകയും ചെയ്തി ട്ടുള്ളപക്ഷം, ലേലത്തുക ആറു ശതമാനം പലിശ സഹിതം കോടതിയിൽ കെട്ടിവച്ച്, ലേലത്തെ അസ്ഥിരപ്പെടുത്തി ക്കിട്ടണമെന്നു് ഈ ഭേദഗതി നിയമം നടപ്പിൽ വന്നു് ആറു മാസത്തിനകം അപേക്ഷിക്കാവുന്നതാണു്."

**ഉപവകുപ്പ് 2.** "യുക്തമായ സമ്മറി വിചാരണനടത്തി യശേഷം, കോടതിയ്ക്കു് ന്യായമാണെന്നുബോദ്ധ്യം വന്നാൽ ലേലത്തെ അസ്ഥിരപ്പെടുത്തേണ്ടതും, വിധി ഉടമസ്ഥനു് കൊടുക്കേണ്ടതായി കാണുന്ന കോടതിച്ചെലവു മുതലായതു് കെട്ടിവയ്ക്കുവാൻ കുടിയാനെനിർദ്ദേശിക്കാവുന്നതുമാണു്."

**ഉപവകുപ്പ് 3.** "ഒന്നാം ഉപവകുപ്പിൽ വിഭാവന ചെയ്യുന്ന തുക കെട്ടിവയ്ക്കാത്തപക്ഷം, രണ്ടാം ഉപവകുപ്പ നുസരിച്ചുള്ള ഉത്തരവു പാസ്സാക്കപ്പെടാവുന്നതല്ല. എന്നാൽ യുക്തമായ കൂടുതൽ കാലാവധി അനുവദിച്ചുകൊ ടുക്കുവാൻ കോടതിയ്ക്കധികാരമുണ്ടായിരിക്കുന്നതുമാണു്.

**ഉപവകുപ്പ്** 4. "സംഗതമായ വസ്തു വിധിയുടെമസ്ഥന ല്ലാതെ മററൊരാൾക്കു പ്രതിഫലത്തിന്മേൽ വിട്ടുപോയിട്ടു ണ്ടെങ്കിൽ തുക കൈപ്പററിയ ആളിൻനിന്നും തുക പലിശ സഹിതമോ അല്ലാതെയോ ഈടാക്കിക്കൊള്ളുവാൻ ഒരു ത്തരവു് ലഭിക്കണമെന്നാവശ്യപ്പെടാൻ ആ വ്യക്തിക്കു് അവകാശമുണ്ടായിരിക്കുന്നതുമാണു്."

മേൽക്കാണിച്ച പുതിയ വകുപ്പുകളിൽനിന്നും, സാമ്പ ത്തികമായ ഞെരുക്കത്തിന്റെ ഫലമായി വസ്തുവിലെ ജന്മാവകാശം കൈമാറിപ്പോയ കുടിയാന്മാർക്കു പിൻകാല പ്രാബല്യത്തോടെയുള്ള പരിരക്ഷ നൽകുകയെന്നതാണു് 1969 ലെ ഭേദഗതികൾകൊണ്ടു് സാധിച്ചിരിക്കുന്നതെന്നു കാണാം. ഭേദഗതിനിയമം ഊർജ്ജിതത്തിൽ വരുന്ന കാലത്തു്, കുടിയാൻകൈവശക്കാരനായിരിക്കണം എന്നതു അത്യാവശ്യ ഉപാധിയാണെന്നുമാത്രം.

## അദ്ധ്യായം നാല്

# ഭാവിനിരോധനം

## വകുപ്പ് 74

**ഉപവകുപ്പ് 1.** "ഈ നിയമം നടപ്പിൽവന്നതിനുശേഷം ഒരു ഭൂമിയെ സംബന്ധിച്ചും നൂതനമായി കുടിയായ്മ സൃഷ്ടിക്കാവുന്നതല്ല."

**ഉപവകുപ്പ് 2.** "ഒന്നാം ഉപവകുപ്പിലെ നിബന്ധനകൾക്കു വിരുദ്ധമായി സൃഷ്ടിക്കപ്പെടുന്ന കുടിയായ്മകളെല്ലാം അസാധുവായിരിക്കുന്നതാണ്."

1964- ലെ നിയമത്തിൽ 74-ാം വകുപ്പിൻെറ ഒന്നാം ഉപവകുപ്പിൽ. 1. ഒരു മൈനർ, 2. ഒരു വിധവ, 3. വിവാഹിതയായ സ്ത്രീ, 4, വിവാഹമോചനം നടത്തിയ സ്ത്രീ, 5. ശാരീരികമോ മാനസികമോ ആയ പരാധീനതയാൽ ഭൂമിയിൽ കൃഷി നടത്തുവാൻ കഴിവില്ലാത്ത ഒരാൾ 6. സായുധസേനയിലെ അംഗമോ, നാവികനോ ആയ ഒരാൾ-എന്നീ വിഭാഗത്തിൽപ്പെടുന്നവക്ക് കുടിയായ്മകൾ നൂതനമായി സൃഷ്ടിക്കാം എന്ന ഒരു സൗജന്യം വ്യവസ്ഥചെയ്യപ്പെട്ടിരുന്നു. അതിനെ 1969-ലെ ഭേദഗതി നിയമം എടുത്തു മാററിയിരിക്കുകയാണ്.

ഭാവി കുടിയായ്മകളെ സംബന്ധിച്ച് ഏർപ്പെടുത്തപ്പെട്ടിരിക്കുന്ന ഇത്തരം പരിപൂർണ്ണ നിരോധനത്തിൻെറ സാമൂഹ്യലക്ഷ്യമെന്തു്, എന്നതു് വലിയ സംവാദത്തിനു് അവസരം നല്കാൻ കഴിവുള്ള ഒരു വിഷയമാണ് എന്നു മാത്രം ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

അദ്ധ്യായം അഞ്ച്

# മര്യാദപ്പാട്ടവും പാട്ടത്തുകയിലെ ഇളവുകളും

ജന്മിയും കുടിയാനും തമ്മിലുള്ള ബന്ധങ്ങളെ അവയുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ചെയ്യുവാൻ സമൂഹം ധൈര്യപ്പെട്ടിട്ടില്ലായിരുന്ന കാലത്തും ജന്മിയും കുടിയാനും തമ്മിൽ ഉരസലുകൾ ധാരാളമായുണ്ടായിരുന്നു. മുഖ്യമായും പാട്ടത്തിന്റെ കാര്യത്തിലായിരുന്നു ഈ ഉരസലുകൾ വേരൂന്നിയിരുന്നത്. ഈ പ്രശ്നത്തിൽ അന്തർലീനമായ സാമൂഹ്യ പ്രശ്നം വളരെ ബൃഹത്തായതുകൊണ്ട്, അതിനേപ്പററിയുള്ള ഒരു ചർച്ചയ്ക്ക് ഈ ഘട്ടത്തിൽ ധൈര്യപ്പെടുന്നില്ല. ഒരു കാര്യം മാത്രം ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

1961 ൽ നിയമമായിത്തീർന്ന കർഷകബന്ധ നിയമത്തിൽ സജീവമായി ചർച്ച ചെയ്യപ്പെട്ടിരുന്ന ഒരു സംഗതി മര്യാദപ്പാട്ടത്തിന്റേതാണ്. നിലങ്ങളും പുരയിടങ്ങളുമായി 12 തരം തിരിവുകളിൽ ഭൂമിയെ ഉൾപ്പെടുത്തി, അവയിൽ ഓരോന്നിനെ സംബന്ധിച്ചും, പരമാവധി ചുമത്താവുന്ന പാട്ടത്തിന്റെയും, ഏററവും കുറവായി ചുമത്താവുന്ന പാട്ടത്തിന്റെയും പൊതുവായ തോത് നിശ്ചയിച്ചുകൊണ്ട്, ഒന്നാം ഷെഡ്യൂൾ എന്ന ഒരു പട്ടികയും 1961–ലെ ആക്റ്റിൽ ചേർക്കപ്പെട്ടിരുന്നു. ആക്റ്റിന്റെ 14–ാം വകുപ്പിൽ, "മിതമായ പാട്ടം" (Normal rent)

എന്നതു് എന്താണെന്നു്, കാലകാലങ്ങളിൽ പട്ടികയുടെ ഭേദഗതിമൂലം പ്രഖ്യാപിക്കുവാൻ ഗവണ്മെൻറിനധികാരം ഉണ്ടു് എന്ന വ്യവസ്ഥയും ചേർക്കപ്പെട്ടിരുന്നു. പട്ടികയുടെ വിശദാംശങ്ങൾ ഇവിടെ കുറിക്കുന്നതു് സംഗതവും പ്രയോജന പ്രദവുമാണെന്നു് വിചാരമുണ്ടെങ്കിലും, അതു ചെയ്യുന്നില്ല.

നിരവധി ഉപാധികൾ പരിഗണിച്ചുകൊണ്ടു്, മര്യാദപ്പാട്ടം "Fair rent" എന്നതു്, ഒരു കൈവശകുടിയാൻെറ അപേക്ഷ പ്രകാരം തിട്ടപ്പെടുത്തുവാൻ ലാൻഡ് ട്രൈബ്യൂണലിനു് അധികാരം കൊടുത്തുകൊണ്ടു്, 16–ാം വകുപ്പും 1961 ലെ നിയമത്തിലുണ്ടായിരുന്നു. 14-ാംവകുപ്പിൻെറയും കാലാകാലങ്ങളിൽ ഗവണ്മെൻറു ഭേദപ്പെടുത്തുന്നവിധം ഉള്ള ഒന്നാം പട്ടികയുടെയും അടിസ്ഥാനത്തിൽ, ഉൽപന്നങ്ങളുടെ അംഗീകൃത വില നിരക്കുകളെ കണക്കിലെടുത്തുകൊണ്ടു്, ലാൻഡ് ട്രൈബ്യൂണൽ മര്യാദപ്പാട്ടം നിശ്ചയിക്കണമെന്നും, മര്യാദപ്പാട്ടമോ കരാർ പാട്ടമോ, ഇതിൽ ഏതാണു് കുറവു്, അതായിരിക്കണം കുടിയാൻ നല്കേണ്ട പാട്ടത്തുക എന്നും അന്നു് വ്യവസ്ഥപ്പെടുത്തിയിരുന്നു.

1964 ലെ നിയമത്തിൽ മര്യാദപ്പാട്ടം എന്നതു് എന്തായിരിക്കണമെന്നു് വ്യവസ്ഥ ചെയ്തുകൊണ്ടു് 27–ാംവകുപ്പു് ചേർക്കപ്പെട്ടു, 1961 ലെ ഒന്നാം പട്ടികയുടെ രീതി മാററി, ആകെ വിളവിൻെറ നിശ്ചിത അനുപാതം ഓരോ തരം ഭൂമികൾക്കു് നിജപ്പെടുത്തിക്കൊണ്ടു്, ആക്ടിലെ മൂന്നാം ഷെഡ്യൂൾ ചേർക്കപ്പെടുകയും ചെയ്തു. മൂന്നാം ഷെഡ്യൂളിനു് 1969 ലെ ഭേദഗതി ചില മാററങ്ങൾ വരുത്തിയിട്ടുണ്ടു്. കൂടാതെ, 27–ാംവകുപ്പിനെയും സമഗ്രമായി മാററിയെഴുതിയിരിക്കുകയാണു്, ഭേദഗതി നിയമം. പട്ടിക പിറകേ കൊടുക്കുന്നുണ്ടു്. നിലവിലുള്ള വകുപ്പു് ഇപ്രകാരമാണു്,

## വകുപ്പ് 27. (മര്യാദപ്പാട്ടം)

**ഉപവകുപ്പ് 1.** "കൈവശ കുടിയാൻ ജന്മിക്കു് പാട്ട മായി കൊടുക്കേണ്ട സംഖ്യ മര്യാദപ്പാട്ട സംഖ്യ മാത്രമായി രിക്കും."

**ഉപവകുപ്പ് 2.** മര്യാദപ്പാട്ടം താഴെപ്പറയും പ്രകാരമായി രിക്കും.

(a) നിലങ്ങളുടെ കാര്യത്തിൽ, കരാർ പാട്ടത്തിൻെറ അൻപതു ശതമാനം, അല്ലെങ്കിൽ 1961 ജനുവരി 21-ാം തീയതിക്കു മുമ്പ് നിലവിലുള്ള നിയമങ്ങളനുസരിച്ച് നിർണ്ണയിക്കപ്പെട്ട മര്യാദപ്പാട്ടത്തിൻെറ എഴുപത്തഞ്ചു ശതമാനം, അല്ലെങ്കിൽ, മൂന്നാം പട്ടികയിൽ വിവരിക്കുന്ന തോതിൽ, അതാതു ഭൂമിയുടെ തരംതിരിവിൻെറ അടിസ്ഥാ നത്തിൽ നിജപ്പെടുത്തുന്ന പാട്ടം; എന്നിവയുടെ എഴുപ ത്തഞ്ചു ശതമാനം, ഇതിൽ ഏതാണോ ഏററവും കുറ ഞ്ഞതു്, ആ നിരക്കിലുള്ള പാട്ടം."

(b) "മററു ഭൂമികളുടെ കാര്യത്തിൽ, കരാർ പാട്ടം, അല്ലെങ്കിൽ, 1961 ജനുവരി 21-ാം തീയതിക്കു മുമ്പു നില വിലിരുന്ന നിയമപ്രകാരം തിട്ടപ്പെടുത്തിയ മര്യാദപ്പാട്ടം, അല്ലെങ്കിൽ മൂന്നാം പട്ടികയിൽ കൊള്ളിച്ചിട്ടുള്ള നിരക്കു കളുടെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ പാട്ടം, എന്നീ തുകകളിൽ ഏതാണോ ഏററവും കുറവായതു്, അതിൻെറ 75 ശതമാനം.

നിയമത്തിൻെറ ഇംഗ്ലീഷിലുള്ള വകുപ്പിലെ വാചകം, എഴുപത്തഞ്ചുശതമാനംഎന്നതു് കരാർപാട്ടത്തെ മാത്രം ബാധിക്കാവുന്നതാണെന്നു് സംശയംവരത്തക്കവിധ ത്തിൽ അല്പം ക്ലിഷ്ടമാണു്.

"ഇങ്ങനെ വിവിധ തരങ്ങളിൽകണക്കാക്കപ്പെടാ വുന്ന പാട്ടത്തുകയിൽ ഏതടിസ്ഥാനമാണു് കുടിയാൻ തെര

ഒഴിഞ്ഞുകൊടുക്കുന്നതു് എന്നു് രജിസ്റ്റർ നോട്ടീസു മുഖേന ജന്മിയെ അറിയിച്ചാൽ, അതു് ജന്മിയിൽ ബന്ധിതമാവുന്നതാണു്. അങ്ങനെ ചെയ്താൽ, നോട്ടീസയച്ചതായ കാർഷിക വർഷത്തിൻെറ ആരംഭം മുതലുള്ള കാലത്തേയ്ക്കു് കുടിയാൻ തെരഞ്ഞെടുത്ത നിരക്കു് പ്രബലപ്പെട്ടുകയും ചെയ്യും." എന്നു് വകുപ്പു് തുടന്നു പറയുന്നു.

**വിശദീകരണം 1.**

"പാട്ട കരാർ കൊണ്ടു വിവക്ഷിക്കുന്ന കുടിയായ്മ, നിലവും പുരയിടവും ചേന്നതായിരിക്കുകയും, നിലത്തിനും പുരയിടത്തിനുമുള്ള പാട്ടം, വേർതിരിച്ചു് നിർണ്ണയിക്കപ്പെടാതിരിക്കുകയും ചെയ്യുകയാണെങ്കിൽ, നിലത്തിനെത്ര, പുരയിടത്തിനെത്ര പാട്ടമാണു് കരാർ പാട്ടമായി സ്വീകരിക്കേണ്ടതെന്നു് വേർതിരിക്കുന്നതു്, ഇവ ഓരോന്നിലും നിന്നു കിട്ടാവുന്ന ആകെ ആദായത്തിൻെറ വേർതിരിച്ചുള്ള പരിമാണത്തിൻെറ അനുപാതമനുസരിച്ചു് ആയിരിക്കണം."

**വിശദീകരണം 2.**

"ഈ വകുപ്പിൻെറ പരിധിയിൽ, കുടിയാൻെറ പ്രയത്നം കൊണ്ടു്, പുരയിടമാക്കപ്പെട്ട നിലവും നിലമായിത്തന്നെ തുടന്നു പരിഗണിക്കപ്പെടേണ്ടതാണു്.

പഴയ കാലത്തെ ധാരണകളിൽ ഏതു പരിതസ്ഥിതിയിലും നിലത്തെ പുരയിടമായി മാററുന്നതു്, വസ്തുവിനു നഷ്ടം വരുത്തുന്നതാണെന്നുള്ള നിയമസങ്കേതത്തിൻെറ കടയ്ക്കൽ കത്തിവയ്ക്കുന്ന ഈ നിയമനിർമ്മാണരീതി കൗതുകം ജനിപ്പിക്കുന്നതാണു്. കുടിയാൻ നടത്തിയ അദ്ധ്വാനം ജന്മിയുടെ വരവിനം വദ്ധിപ്പിക്കാൻ പര്യാപ്തമാകരുതു് എന്നുള്ള ഉദ്ദേശത്തിൻെറ പ്രഖ്യാപനവും ഈ വിശദീകരണത്തിൽ തെളിഞ്ഞു നില്ക്കുന്നുണ്ടു്.

PUBLIC LIBRARY KOTTAYAM

നിലവിലുള്ള മൂന്നാം പട്ടിക താഴെച്ചേർക്കുന്നു.

27-ാം വകുപ്പനുസരിച്ചുള്ള മര്യാദപ്പാട്ട നിരക്കുകൾ.

## I നിലങ്ങൾ

| | |
|---|---|
| 1. താഴെ 5 മുതൽ 7 വരെ ഇനങ്ങളിൽപ്പെടാത്തതും, കുടിയാൻെറ അദ്ധ്വാനം കൊണ്ടു് പുരയിടത്തെ നിലമാക്കി മാററിയെടുത്തതുമായാൽ | മൊത്തം നെല്ലുവിളവിൻെറ എട്ടിൽ ഒന്നു്. |
| 2. 5 മുതൽ 7 വരെ ഇനങ്ങളിൽപ്പെടാത്ത മററിനങ്ങളിലുള്ള നിലങ്ങൾ | നെല്ലുവിളവിൻെറ നാലിൽ ഒന്നു്. |
| 3. കോൾഭൂമി | നെല്ലുവിളയുടെ ആറിൽ ഒന്നു്. |
| 4. കൈയ്യാട്ട സമ്പ്രദായത്തിൽ കൃഷി നടത്തുന്ന, കരിനിലമല്ലാത്ത ഭൂമികൾ | നെല്ലുവിളവിൻെറ ആറിൽ ഒന്നു്. |

**ഈ വ്യവസ്ഥ കണ്ണൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളെ സംബന്ധിച്ചു മാത്രമായിരിക്കും**

5. കരിനിലങ്ങൾ

| | |
|---|---|
| a) കുടിയാന്റെ അദ്ധ്വാനംകൊണ്ടു, സാധാരണ നിലമാക്കപ്പെട്ടതാണെങ്കിൽ | മൊത്തം നെല്ലുവിളയുടെ ഒമ്പതിലൊന്നു്. |
| b) മററു കരിനിലങ്ങൾ | മൊത്തം നെല്ലുവിളയുടെ അഞ്ചിൽ ഒന്നു്. |

**ഈ വ്യവസ്ഥകൾ കോട്ടയം, ആലപ്പുഴ എറണാകുളം എന്നീ ജില്ലകളെ സംബന്ധിച്ച് മാത്രമായിരിക്കും.**

| | | |
|---|---|---|
| 6. | വടക്കേ വയനാട്ടും തെക്കേ വയനാട്ടും താലൂക്കുകളിലുള്ള നിലങ്ങൾ. | |
| a) | കുടിയാന്റെ അദ്ധ്വാനം കൊണ്ട് നിലമാക്കപ്പെട്ടവ | നെല്ലു വിളയുടെ ഇരുപതിൽ ഒന്നു് അംശം. |
| b) | മററു നിലങ്ങൾ | നെല്ലു വിളയുടെ പന്ത്രണ്ടിൽ ഒന്നു് അംശം. |
| 7 | ദേവികുളം, പീരുമേട്ട, ഉടുമ്പൻചോല എന്നീ താലൂക്കുകളിലും, അട്ടപ്പാടി താഴ്‌വരയിലുമുള്ള നിലങ്ങൾ. | |
| a) | കുടിയാൻെറ അദ്ധ്വാനംകൊണ്ടു നിലമാക്കപ്പെട്ടതു് | നെൽവിളയുടെ പതിനാറിൽ ഒന്നു് അംശം. |
| b) | മററു നിലങ്ങൾ. | വിളയുടെ എട്ടിൽ ഒന്നു് അംശം. |
| 8. | വാരക്കാരൻ, ഒരുവർഷത്തിന്റെ ഏതാനും കാലഘട്ടത്തിൽ, മീൻ പിടിക്കാൻ ഉപയോഗിക്കുന്ന നിലങ്ങൾ | നിലത്തിൻെറ പാട്ടവും, മീൻ വിളയുടെ എട്ടിൽ ഒന്നു് അംശവും. |

| | | |
|---|---|---|
| 9. | നെല്ലുകൃഷിക്കു് ഉപയോഗിക്കാതെയിരിക്കുന്നതും എന്നാൽ കരിമ്പുകൃഷി ചെയ്യാത്തതുമായ നിലങ്ങൾ | നെല്ലുകൃഷി ചെയ്തിരുന്നുവെങ്കിൽ ലഭ്യമാകുമായിരുന്നപാട്ടം |

## II തോപ്പുകൾ

| | | |
|---|---|---|
| 1. | കുടിയാനു് ദേഹണ്ഡപ്രതിഫലം കൊടുക്കാൻ ജന്മി ബാദ്ധ്യതപ്പെടാവുന്ന വിധത്തിലുള്ള തെങ്ങുകൾ | മൊത്തം തേങ്ങ വിളയുടെ പതിനാറിൽ ഒന്നു്. |
| 2. | മേൽപ്രകാരം ജന്മി ദേഹണ്ഡ പ്രതിഫലം കൊടുക്കേണ്ട കാര്യമില്ലാത്ത തെങ്ങുകൾ | മൊത്തം തേങ്ങാ വിളയുടെ നാലിൽ ഒന്നു്. |
| 3. | ജന്മി, ദേഹണ്ഡ പ്രതിഫലം കൊടുക്കാൻ ബാദ്ധ്യതപ്പെടുന്ന കമുക വൃക്ഷങ്ങൾ | പാക്കു വിളയുടെ പതിനാറിൽ ഒന്നു്. |
| 4. | ജന്മി ദേഹണ്ഡപ്രതിഫലം കൊടുക്കേണ്ട ആവശ്യമില്ലാത്ത കമുകുകൾ | പാക്കുവിളയുടെ നാലിൽ ഒന്നു്. |
| 5. | ജന്മി ദേഹണ്ഡപ്രതിഫലം കൊടുക്കാൻ ബാദ്ധ്യതപ്പെടുന്ന കുരുമുളകു് കൊടി | കുരുമുളകു വിളയുടെ ഇരുപതിൽ ഒന്നു്. |
| 6. | ജന്മി, ദേഹണ്ഡ പ്രതിഫലം കൊടുക്കേണ്ടിയില്ലാത്ത കുരുളകു കൊടി | വിളയുടെ ആറിൽ ഒന്നു്. |

| | |
|---|---|
| **III പറമ്പുകൾ** | |
| a) നിലക്കടലയോ, ഗവണ്മെന്റ് നിർദ്ദേശിക്കുന്നതായ മററു വിളകളോ കൃഷിയിട്ടിട്ടുള്ളവ | മൊത്തം ഉല്പാദനത്തിന്റെ പത്തിൽ ഒന്നു്. |
| b) മററു കൃഷികളുടെ കാര്യത്തിൽ | ഏക്കറിനു് നാലു് രൂപ. |
| **IV പള്ളിയാൽ ഭൂമി** | വിളയുടെ എട്ടിൽ ഒന്നു്. അല്ലെങ്കിൽ ഏക്കറിനു് നാലു രൂപാ ഇതിൽ ഏതാണോ കൂടുതൽ അതു്. |
| **V പുനം അല്ലെങ്കിൽ കുമ്രി കൃഷി** | ഏക്കറിനു് 3 രൂപാ |
| **VI കരിമ്പുകൃഷി ചെയ്യുന്ന ഭൂമി** | കരിമ്പു ഉല്പാദനത്തിൻെറ നാലിലൊന്നു്. |
| **VII മേൽ പറഞ്ഞതിലൊന്നും പെടാത്തുള്ള ഭൂമി** | കരാർ പാട്ടം |

## വകുപ്പ് 28

"ഒരു കുടിയായ്മയിൽ ഉൾപ്പെട്ട ഭൂമിയുടെ ഒരു ഭാഗം, ഏതെങ്കിലും പൊതുവായ സാമൂഹ്യാവശ്യത്തിനു് നീക്കിവയ്ക്കപ്പെടുകയും, അങ്ങനെ തന്നെ യഥാർത്ഥത്തിൽ ഉപയോഗിക്കപ്പെടുകയും ചെയ്യുന്നപക്ഷം, അതിനെ കണക്കിലെടുത്തു് അത്രയും സ്ഥലം നീക്കി റേണം മര്യാദപ്പാട്ടം നിശ്ചയിക്കേണ്ടതു്."

# വകുപ്പ് 29

പാട്ടത്തുകയുടെ വിവിധ വശങ്ങളെപ്പററി പ്രതിപാദിക്കുന്ന ഈ അദ്ധ്യായത്തിൽ സൗകര്യപ്രദമായി ഉൾപ്പെടുത്താൻ സാധിക്കാത്ത ഒരു വകുപ്പാണ്, 29-ാം വകുപ്പ് "റിക്കാർഡ് ഓഫ് റൈററ്സ്" അഥവാ "അവകാശരേഖ" തയ്യാറാക്കൽ എന്ന പ്രധാനപ്പെട്ട ഒരു നടപടിയാണ് ഈ വകുപ്പിലെ പ്രതിപാദ്യ വിഷയം. ഈ വകുപ്പിനെ തുടന്ന് 1967-ൽ നടപ്പാക്കിയ ഒരു ഭേദഗതിപ്രകാരം 29 A, 29 B എന്ന രണ്ടു വകുപ്പുകളും ആക്ടിൽ സ്ഥലം പിടിച്ചിട്ടുണ്ട്. ഈ രണ്ടു വകുപ്പുകളും യഥാർത്ഥ കൈവശത്തിൻെറ കാര്യങ്ങളുമായി വളരെയേറെ ബന്ധപ്പെട്ടവയാണ്. രണ്ടു വകുപ്പുകളുടേയും പ്രാധാന്യമർഹിക്കുന്നവിധം 1969 ലെ ഭേദഗതി നിയമം, അവയെ സമഗ്രമായി മാററിയെഴുതിയിട്ടുമുണ്ട്. ഒരു പ്രത്യേക അദ്ധ്യായത്തിലെ ചർച്ച കൊണ്ടു മാത്രമേ, ഈ വകുപ്പുകളുടെ വ്യാപ്തി വെളിവാക്കുവാൻ സാധിക്കുകയുള്ളു എന്നുള്ളതുകൊണ്ട്, അതിനെ മറെറാരു സ്ഥാനത്തേയ്ക്കു് മാററി നിറുത്തി, പാട്ടത്തെ പരാമർശിക്കുന്നതായി ആക്ടിൽ ഉള്ള ശേഷിച്ച വ്യവസ്ഥകളുടെ പ്രതിപാദനം തുടരുകയാണ്.

പാട്ടത്തിൻെറ കാര്യത്തെപ്പററിയുള്ള പരാമർശത്തിൽ ആദ്യമായി പൊന്തിവരാവുന്ന ആശയം മര്യാദപ്പാട്ടത്തെ ബന്ധിച്ചതാകുമെന്നതുകൊണ്ട് 27-ാം വകുപ്പിനെപററി ആദ്യം പ്രതിപാദിച്ചതാണ്. പാട്ടത്തുക നിർണ്ണയത്തിൻെറ കാര്യത്തിൽ സംഗതമായ മററു ചില വകുപ്പുകൾ 27-ാം വകുപ്പിൻെറ മുമ്പുള്ള ഭാഗത്തു് ചേർക്കപ്പെട്ടിട്ടുണ്ട്. 1969-ലെ ഭേദഗതിനിയമം നൂതനമായി ചുർപ്പെടുത്തിയ 25 A 25 B എന്നീ വകുപ്പുകളും 1964-ലെ നിയ

മത്തിലുണ്ടായിരുന്നു്, ചില ഭേദഗതികളോടെ ഇപ്പോഴും നിലനിൽക്കുന്ന, 26–ാം വകുപ്പുമാണു് അവ. അല്പം പിന്നോട്ടുകടന്നു് 25 A വകുപ്പ് മുതൽ ചർച്ച തുടരുകയാണു്.

## വകുപ്പ് 25 A

**ഉപവകുപ്പ് 1** "1969–ലെ ഭേദഗതിനിയമംനടപ്പിലാകുന്നതിനുമുമ്പു ഈ നിയമത്തിലെ വിവക്ഷയനുസരിച്ച് കുടിയാനായ ഒരാൾ പാട്ടംകൊടുക്കുവാൻ ബാദ്ധ്യസ്ഥനല്ലായിരുന്നുവെങ്കിൽ, അയാളെസ്സംബന്ധിച്ചിടത്തോളം കരാർപാട്ടം താഴെപ്പറയുന്നവയായിരിക്കും. അതായതു്,

a) പ്രമാണത്തിൽ ഏതെങ്കിലും നിശ്ചിതഗഡുക്കളിൽ ഏതെങ്കിലും തുകകൾ കൊടുക്കാൻ വ്യവസ്ഥചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള തുകകൾ

b) ഒരു വാരംദാതുടെ കാര്യത്തിൽ ഈ നിയമം നടപ്പിൽ വരുന്നതിനു തൊട്ടുമുൻപുള്ള മൂന്നു വർഷങ്ങളിലിൽ ജന്മിക്കു് വിഹിതമായി ലഭിച്ച ഓഹരിയുടെ ശരാശരിത്തുക, അല്ലെങ്കിൽ വാരക്കാരൻ മൂന്നു പ്രസ്തുത കൊല്ലങ്ങളിൽ തുടർച്ചയായി കൃഷിചെയ്തിട്ടില്ലാത്തപക്ഷം ഈ നിയമം നടപ്പിലാകുന്നതിനു തൊട്ടുമുൻപു ഏതു വർഷത്തിലെങ്കിലും കൃഷി നടത്തിയപ്പോൾ ജന്മിക്കു കൊടുത്ത വിഹിതം."

c) "മറ്റു കേസുകളിലെല്ലാം ഏക്കറിനു നാലുരൂപാ."

**ഉപവകുപ്പ് 2.** "ജന്മി വീണ്ടെടുത്തതിനുശേഷം, മൂന്നു കൊല്ലമായിട്ടും, ജന്മിതന്നെ കൃഷിനടത്തിയില്ല എന്ന കാരണത്താൽ തിരിച്ചുകിട്ടിയ ഭൂമിക്കു് കുടിയാൻ കൊടുക്കേണ്ട കരാർപാട്ടം ഭൂമിയെ ജന്മി വീണ്ടെടുത്ത കാലത്തു അതുൾപ്പെടെയുള്ള ഭൂമിക്കു നിലവിലിരുന്ന കരാർപാട്ടത്തിൻെറ വിഹിതം."

## വകുപ്പ് 25 B

"കക്ഷികൾ സ്വമേധയാ ചെയ്യുന്ന ഇടപാടുകളാലോ നിയമത്താലോ കുടിയാന്ന് ഭൂമിയിലുള്ള അവകാശം പല ഭാഗങ്ങളായി ഭിന്നിക്കപ്പെടുകയോ കുടിയായ്മയുടെ ഒരു ഭാഗം കീഴ്പാട്ടത്തിനു പോവുകയോ ചെയ്തിട്ടുള്ള കേസുകളിൽ ഓരോ ഭാഗത്തിനും എത്ര കരം എന്നതിനെച്ചൊല്ലി തക്കമുണ്ടായാൽ, പ്രസ്തുത തക്കം തീക്കുന്നതിനാവശ്യക്കാരനായ കക്ഷിയ്ക്കു ലാൻഡ് ട്രൈബ്യൂണലിൻെറ തീരുമാനത്തിന്ന് അപേക്ഷ സമപ്പിക്കാവുന്നതും അതിന്മേൽ ട്രൈബ്യൂണൽ, ഓരോ ഭാഗത്തിൻേറയും ആദായത്തിന്റെ തോതു അടിസ്ഥാനപ്പെടുത്തി തീർപ്പു കല്പിക്കേണ്ടതുമാണ്"

## വകുപ്പ് 26

**ഉപവകുപ്പ് 1.** "ഒരു ജന്മിയ്ക്കോ, അയാളുടെ അധികാരത്തിൻ കീഴിൽ അവകാശം ഉന്നയിക്കുന്നയാളിനോ, അയാളുടെ കുടിയാനിൽ നിന്നും ഈടായിക്കിട്ടുവാനുള്ള പാട്ടത്തുക ഈടാക്കിക്കിട്ടുവാൻ, നിർദ്ദിഷ്ട ഫാറത്തിൽ ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷിക്കാവുന്നതാണ്."

**ഉപവകുപ്പ് 2.** "നിർദ്ദിഷ്ടമായ വിധത്തിലുള്ളവിചാരണ നടത്തിയശേഷം ജന്മിയ്ക്കു് കൊടുക്കുവാനുള്ള പാട്ടം എത്രയാണെന്നും, അതു കൊടുക്കുവാൻഉത്തരവാദിയാരാണെന്നും ലാൻഡ് ട്രൈബ്യൂണൽ നിശ്ചയിക്കേണ്ടതാണ്. കുടിശ്ശികത്തുക അഞ്ഞൂറു രൂപയിൽ കവിയാത്തതാണെങ്കിൽ, അതിനെ സംബന്ധിക്കുന്ന വിചാരണ, സ്മാൾ കാസ് കേസുകൾ വിചാരണ ചെയ്യുന്നതിന്ന് നിശ്ചയിക്കപ്പെട്ടിട്ടുള്ള നടപടിക്രമമനുസരിച്ചു് ചെയ്യേണ്ടതാണ്."

**ഉപവകുപ്പ് 3.** "രണ്ടാം ഉപവകുപ്പനുസരിച്ച് ലാൻഡ് ട്രൈബ്യൂണൽ വിധിച്ചതായ തുക, ഉത്തരവ് ശാശ്വതമായി ഒരു കൊല്ലം കഴിയുന്നതിനകം, തുക ലഭിക്കേണ്ടയാൾ അപേക്ഷിക്കുന്നപക്ഷം ചട്ടങ്ങളിൽ വ്യവസ്ഥപ്പെടുത്തുന്ന നടപടിപ്രകാരം ഈടാക്കി അതു് അവകാശപ്പെട്ടയാളിനു് കൊടുക്കുവാൻ ലാൻഡ് ട്രൈബ്യൂണലിനു് അധികാരമുണ്ടായിരിക്കും."

**ഉപവകുപ്പ് 4.** "നിലവിലുള്ള മററു നിയമങ്ങൾ എന്തു തന്നെയായാലും പാട്ടക്കുടിശികയെ സംബന്ധിക്കുന്ന അവകാശത്തർക്കം വിചാരണചെയ്യുന്നതിനു്, ലാൻഡ് ട്രൈബ്യൂണൽ അല്ലാതെ, ഒരു കോടതിക്കോ മറേറതെങ്കിലും അതോറിട്ടിക്കോ അംഗീകാരമുണ്ടായിരിക്കുന്നതല്ല."

ഈ വകുപ്പിൻ പ്രകാരമുള്ള നടപടിക്രമങ്ങളെ നിജപ്പെടുത്തിക്കൊണ്ടു്, ടെനൻസി റൂളുകളിൽ 21 മുതൽ 23 വരെ റൂളുകൾ പാസ്സാക്കി, 1-1-1970 മുതൽ നടപ്പിലാക്കിയിട്ടുണ്ടു്. ജന്മി അപേക്ഷിക്കേണ്ടതു 7-ാം നമ്പർ ഫാറമനുസരിച്ചായിരിക്കണമെന്നും, തുക ഈടാക്കേണ്ടതു് ഒരു സിവിൽകോടതി, തുക കൊടുക്കുവാൻ ഉള്ള വിധിയെ വിധിനടത്തുന്നപോലെയായിരിക്കണമെന്നും, ട്രൈബ്യൂണലിൻെറ ഉത്തരവു് ഒരു സിവിൽകോടതി ഡിക്രിയെപോലെ ഗണിക്കപ്പെടണമെന്നും, ഈ ഉത്തരവുകൾക്കു് 1963 ലെ ഇന്ത്യൻ കാലഹരണനിയമങ്ങൾ ബാധകമായിരിക്കുമെന്നും റൂളിൽ പറയുന്നു.

## വകുപ്പ് 73

വളരെ അകലത്തിൽകിടക്കുന്ന ഒരു വകുപ്പിനെപ്പററി 26-ാം വകുപ്പിനു തൊട്ടുപിറകെ പ്രതിപാദിക്കേണ്ടിയിരിക്കുന്നു. പാട്ടക്കുടിശിഖയുടെ കാര്യത്തിൽ കുടിയാനു് അനു

കൂലമായി വെട്ടിക്കുറക്കലുകൾ ഏർപ്പെടുത്തുന്ന വകുപ്പാണ് 73-ാം വകുപ്പ്. 1964 ലെ നിയമത്തിലെ 73-ാം വകുപ്പിൽ തന്നെ, കുടിശിഖ വരുത്തപ്പെട്ട പാട്ടത്തുക, ബാദ്ധ്യത അവസാനിപ്പിക്കത്തക്കവണ്ണം കൊടുത്തു തീർക്കുന്നതിനു് സാരമായ വെട്ടിക്കുറയ്ക്കലുകൾ വരുത്തപ്പെട്ടിരുന്നു. 1969 ലെ ഭേദഗതി നിയമം, പഴയ 73-ാം വകുപ്പിനെ റദ്ദ്ചെയ്തു് പുതിയ 73-ാം വകുപ്പ് എഴുതിച്ചേർത്തിരിക്കുകയാണു്. നിലവിലുള്ള 73-ാം വകുപ്പ് താഴെ വിവരിക്കുന്നു.

**ഉപവകുപ്പ് 1.** "നാളതു നിലവിലുള്ള മറേറതെങ്കിലും നിയമങ്ങളിലോ, കരാറുകളിലോ കോടതിവിധികളിലോ ട്രൈബ്യൂണലുകളുടെ ഉത്തരവുകളിലോ. എന്തുതന്നെ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ടെങ്കിലും, 1968 മേയ് 1-ാം തീയതിക്കുമുമ്പുള്ള കാലഘട്ടത്തെ സംബന്ധിച്ച് 1969ലെ ഭേദഗതിനിയമം നടപ്പിലാകുന്ന സമയം ശേഷിക്കുന്ന പാട്ടക്കുടിശിഖത്തുകകൾ, താഴെ പട്ടികയിൽ നിജപ്പെടുത്തിയിട്ടുള്ള നിരക്കനുസരിച്ചു മാത്രമേ കുടിയാനിൽനിന്നും ഈടാക്കിയെടുക്കുവാൻ അയാളുടെ ജന്മിക്കു് അവകാശമുണ്ടായിരിക്കുകയുള്ളൂ."

"ഒരു മദ്ധ്യവർത്തി, മേൽപറഞ്ഞ കാലഘട്ടത്തെ പാട്ടം കുടിയാനിൽ നിന്നും പിരിക്കുകയും, ജന്മിക്കു് കൊടുക്കുവാനുള്ള വിഹിതം യഥാവിധി. ജന്മിക്കു് കൊടുക്കാതിരിക്കുകയുമാണു് ചെയ്തിട്ടുള്ളതെങ്കിൽ, ഈ വീഴ്ച പരിഹരിച്ച് ജന്മിക്കു് ചെല്ലാനുള്ളതു കൊടുക്കുവാൻ മദ്ധ്യവർത്തി ബാദ്ധ്യസ്ഥനായിരിക്കും."

"എന്നാൽ, ഈ ഉപവകുപ്പ് അനുസരിച്ച് തനിക്കു ലഭിക്കുമാറാകുന്ന തുകയിൽ കവിഞ്ഞുള്ള സംഖ്യ, ജന്മിക്കു്

കൊടുക്കുവാൻ യാതൊരു സാഹചര്യത്തിലും മദ്ധ്യവർത്തി ബാദ്ധ്യസ്ഥനാകുന്നതല്ല."

## പട്ടിക

| കുടിയാന്റെ വിവരണം | ബാദ്ധ്യത തീരുന്നതിനു് കൊടുക്കാനുള്ള സംഖ്യ. |
| --- | --- |
| ഉടമസ്ഥൻ, പണയാധാരക്കാരൻ, പാട്ടക്കാരൻഎന്നീ നിലകളിൽ, അഞ്ചേക്കറിൽ കവിഞ്ഞ് ഭൂമിയില്ലാത്ത കുടിയാനുകൊടുക്കേണ്ടതു്. | ആകെയുള്ള കുടിശിഖ, ഒരു വർഷത്തെ പാട്ടം, ഇതിൽ ഏതാണോ കുറവു ആ സംഖ്യ. |
| മേൽവിവരിച്ച അവകാശങ്ങളിലായിഅഞ്ചേക്കറിൽ കവിഞ്ഞും, പത്തേക്കറിൽ കവിയാതെയും ഭൂമി കൈവശമുള്ള കുടിയാനു കൊടുക്കേണ്ടതു്. | ആകെയുള്ള കുടിശിഖ, രണ്ടു വർഷത്തെ പാട്ടം ഇതിൽ ഏതാണോകുറവു് ആ സംഖ്യ. |
| മേൽവിവരിച്ച അവകാശങ്ങളിലായി, പത്തേക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ള കുടിയാൻ കൊടുക്കേണ്ടതു്. | ആകെയുള്ള കുടിശിഖ, മൂന്നുകൊല്ലത്തെ പാട്ടം, ഇതിൽ ഏതോണോ കുറവു്, ആ സംഖ്യ. |

കുടിയാൻ, ആകെ പതിനഞ്ച്യ് ഏക്കറിൽ കവിഞ്ഞ ഭൂമി കൈവശംവച്ചു കൃഷി നടത്തുന്നയാളാണെങ്കിൽ, പാട്ടക്കുടിശിഖയുള്ള തുക മുഴവനും കൊടുക്കേണ്ടതുമാണു്.

### വിശദീകരണം

"ഈ വകുപ്പിന്റെ വ്യാപ്തി സംബന്ധിച്ചു്, ഒരാണ്ടത്തെ പാട്ടം എന്നതു്, 1969 ലെ ഭേദഗതി നിയമം നട

പ്പിൽ വരുന്നതിന് തൊട്ടുമുമ്പുള്ള വർഷത്തേയ്ക്കു് കൊടുക്കേണ്ടി വരുന്നതെന്നു തിട്ടപ്പെടുത്താവുന്ന പാട്ടമാണു്."

**ഉപവകുപ്പ് 2.** "1968 മേയ് ഒന്നാം തീയതിക്കുമുമ്പുള്ള കാലഘട്ടത്തേയ്ക്കു് കുടിശ്ശിഖ വന്ന പാട്ടം ഈടാക്കുന്നതു സംബന്ധിച്ചു് ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെയോ; ഏതെങ്കിലും കോടതി മുമ്പാകെയോ ഉള്ള വ്യവഹാരം, അപ്പീൽ, റിവിഷൻ എന്നിവ ഏതെങ്കിലും നിലവിലുള്ള പക്ഷം, താഴെപ്പറയുന്ന സംഗതികൾക്കു് വകകൊള്ളിക്കുന്നതായ ഉത്തരവ് യുക്തമായ തെളിവെടുപ്പിനുശേഷം, ലാൻഡ് ട്രൈബ്യൂണൽ പാസ്സാക്കേണ്ടതാണു്.

(a) ഒന്നാം ഉപവകുപ്പനുസരിച്ചു് ജന്മിക്കു ലഭിക്കുവാനുള്ളതായ പാട്ടത്തുക.

(b) 1969 ലെ ഭേദഗതി നിയമം വന്നതിനുശേഷം സംഗതമായ വ്യവഹാര നടത്തിപ്പിനുവേണ്ടി ജന്മിയ്ക്കു് അനുവദിച്ചിട്ടുള്ളതായ കോടതിച്ചെലവ്.

(c) പ്രസ്തുത തീയതിക്കുശേഷം, കുടിയാനു് അനുവദിച്ചിട്ടുള്ള കോടതിച്ചെലവ്.

(d) രണ്ടു കൂട്ടർക്കും കോടതിച്ചെലവു അനുവദിച്ചിട്ടുണ്ടെങ്കിൽ, അവ തമ്മിൽ തട്ടിക്കഴിച്ചശേഷം ബാക്കി വരുന്ന തുക.

**ഉപവകുപ്പ് 3.** "1968 മേയ് ഒന്നാംതീയതിയ്ക്കു മുമ്പുള്ള കാലഘട്ടത്തേയ്ക്കു് പാട്ടക്കുടിശിഖയെ സംബന്ധിച്ചു് ഒരു കോടതിയോ ലാൻഡ് ട്രൈബ്യൂണലോ, ഡിക്രി അല്ലെങ്കിൽ ഉത്തരവു പാസ്സാക്കിയിട്ടുണ്ടെങ്കിൽ, അതിൽവ്യവസ്ഥപ്പെടുത്തിയിട്ടുള്ള തുക എത്ര തന്നെയായിരുന്നാലും, മേൽ ഒന്നാം ഉപവകുപ്പിൽ വ്യവസ്ഥപ്പെടുത്തിയ നിരക്കിന്

മാത്രമേ സംഖ്യ ഈടാക്കാൻ ജന്മിക്കു് അവകാശം ഉള്ളൂ. ഇതനുസരിച്ചുള്ള ഭേദഗതി ഡിക്രിയിൽ അല്ലെങ്കിൽ ഉത്തരവിൽ വരുത്തണമെന്നു്, ബന്ധപ്പെട്ട കക്ഷിക്കു് അപേക്ഷിക്കാവുന്നതുമാകുന്നു"

**ഉപവകുപ്പു് 4.** "അതനുസരിച്ചു് അപേക്ഷ ലഭിച്ചാൽ യുക്തമായ വിചാരണക്കു ശേഷം, കോടതി അല്ലെങ്കിൽ, ലാൻഡ് ട്രൈബ്യൂണൽ, മുൻ ഡിക്രിയെ അല്ലെങ്കിൽ ഉത്തരവിനെ പുന:പരിശോധന ചെയ്തു് മേൽ രണ്ടാം ഉപവകുപ്പിൽ വിവരിച്ച വിശദാംശങ്ങൾ അനുസരിച്ച ഉത്തരവു പാസ്സാക്കേണ്ടതുമാകുന്നു"

**ഉപവകുപ്പു് 5.** "26-ാം വകുപ്പിൻെറ പരിധിയനുസരിച്ചു് 1968 മേയ് 1-ാം തീയതിക്കു മുമ്പുള്ള പാട്ടക്കുടിശ്ശിഖ ഈടാക്കാനുള്ള വ്യവഹാരമോ അപേക്ഷയോ ഫയൽ ചെയ്തിട്ടില്ലാത്ത ജന്മി, ഒന്നാം ഉപവകുപ്പനുസരിച്ചുള്ള പാട്ടം നിശ്ചയിക്കലിനു ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ മാത്രമേ മേലാൽ അപേക്ഷ കൊടുക്കാവൂ."

**ഉപവകുപ്പു് 6.** "26-ാം വകുപ്പിലെ വ്യവസ്ഥകൾ എന്തു തന്നെയായിരുന്നാലും, അഞ്ചാം ഉപവകുപ്പനുസരിച്ചുള്ള ഹർജിയോ നടപടിയോ ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ ജന്മി ഫയൽ ചെയ്യുന്നപക്ഷം. യുക്തമായ വിചാരണക്കുശേഷം, പുറപ്പെടുവിക്കുന്ന ഉത്തരവുകൾ രണ്ടാം ഉപവകുപ്പിൽ വിവരിക്കുന്ന വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം."

**ഉപവകുപ്പു് 7.** "ഉപവകുപ്പുകൾ 2, 4, 6 എന്നിവയനുസരിച്ചു് ഉണ്ടാകാവുന്ന ഉത്തരവിൽ വിശദപ്പെടുത്തുന്ന സംഖ്യ, ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ, കുടിയാൻ,

ഉത്തരവു പാസ്സായി ആറു മാസത്തിനകം കെട്ടിവയ്ക്കേണ്ട താണു്."

**ഉപവകുപ്പ് 8.** "ഏഴാം ഉപവകുപ്പനുസരിച്ചു്, കുടിയാൻ സംഖ്യ കെട്ടിവയ്ക്കാത്തപക്ഷം, 2, 4, 6 എന്നീ ഉപവകുപ്പുകളിൽ ഏതെങ്കിലും അനുസരിച്ചു് തുക ഈടാക്കിക്കൊടുക്കുവാൻ ചുമതലയുള്ള കോടതി, അല്ലെങ്കിൽ ലാൻഡ് ട്രൈബ്യൂണൽ, രേഖാമൂലം കളക്ടർക്ക് നിർദ്ദേശം കൊടുക്കേണ്ടതാണു്. അതനുസരിച്ചു്, ഉത്തരവിൻെറ തീയതി മുതൽ ആറു ശതമാനം പലിശ സഹിതം, റവന്യൂ റിക്കവറി നടപടികൾ അനുസരിച്ചു് കുടിയാനിൽ നിന്നും തുക ഈടാക്കുവാൻ കളക്ടർക്ക് ചുമതലയുണ്ടായിരിക്കും."

**ഉപവകുപ്പ് 9.** "1960 ലെ കേരളാ കർഷകബന്ധ നിയമത്തിൻെറ 34-ാം വകുപ്പു്, 1962 ലെ റൈയട്ട്‌വാരി കുടിയാൻ, കുടിപ്പുകാർ, എന്നിവരുടെ സംരക്ഷണ നിയമത്തിൻെറ 5-ാം വകുപ്പു് എന്നിവ പ്രകാരം, 1957 ഏപ്രിൽ മാസം 11-ാം തീയതിക്കു മുമ്പുള്ള പാട്ടമോ, അതിനുശേഷം 1961 ഫെബ്രുവരി 15-ാം തീയതിക്കകമുള്ള കാലഘട്ടത്തേക്കുള്ള പാട്ടമോ കൊടുത്തു തീർത്തിട്ടുള്ള കുടിയാൻ, പ്രസ്തുത കാലഘട്ടത്തേക്കു് കൂടുതൽ പാട്ടമൊന്നും കൊടുക്കേണ്ടതില്ല."

**ഉപവകുപ്പ് 10.** "പാട്ടം ലഭിക്കുവാനുള്ള അവകാശം, ജന്മി മററാർക്കെങ്കിലും കൈമാററം ചെയ്തിട്ടുണ്ടെങ്കിൽ, ആയതു് കുടിയാനു് ഈ വകുപ്പനുസരിച്ചു ലഭിക്കുവാനുള്ള ആനുകൂല്യങ്ങൾക്കു് ഒരു തരത്തിലും ബാധകമാകുന്നതല്ല."

## അദ്ധ്യായം ആറ്

# പാട്ടക്കുടിയെപ്പററിയുള്ള മററ വ്യവസ്ഥകൾ

മര്യാദപ്പാട്ടം നിശ്ചയിക്കലും പാട്ടക്കുടിശ്ശികകളെ സംബന്ധിച്ച് 1969 ലെ നിയമം നടപ്പിലാക്കിയ ഇളവും വ്യവസ്ഥകളുമാണ് ഇതുവരെ ചർച്ച ചെയ്ത വിഷയം. ജന്മിയും കുടിയാനും തമ്മിലുള്ള മേൽകോയ്മ, കീഴ്കോയ്മ ബന്ധപ്പാടുകൾ ശാശ്വതമായി അവസാനിപ്പിക്കുകയെന്നതാണ്, ഇപ്പോഴത്തെ നിയമനിർമ്മാണത്തിന്റെ മുഖ്യമായ ലക്ഷ്യമെന്നിരിക്കേ, കുടിയാൻ ജന്മിക്ക് പാട്ടം നല്കുന്നതിനുള്ള സ്ഥിരമായ വ്യവസ്ഥകൾ ഭാവിക്കുവേണ്ടിയുള്ള ഒരു നിയമ നിർമ്മാണത്തിൽ സ്ഥലം പിടിക്കേണ്ട കാര്യമില്ലെന്നു കരുതാവുന്നതാണ്. ഏതായാലും, ഇന്ന് ഭാവനയിലുള്ള മോക്ഷ പ്രാപ്തിയിൽ കാര്യങ്ങൾ ചെന്നെത്തുന്നതിനു് ഇനിയും കുറച്ചുകാലം കൂടി പിടിക്കുമെന്നുള്ള കാര്യത്തിൽ തക്കമുണ്ടായിട്ട കാര്യമില്ല. ഇപ്പോഴത്തെനിയമത്തിന്റെ വിവിധ ഭാഗങ്ങളിലെ വ്യവസ്ഥകൾ പരിശോധിക്കുമ്പോഠം മാററങ്ങൾക്കും ശാശ്വത പരിഹാരങ്ങൾക്കും വേണ്ടി പ്രകടമാകുന്ന വ്യഗ്രത, കാര്യങ്ങളുടെ നിർവഹണത്തിൽ അതുപോലെ പ്രതിഫലിച്ചു നടപ്പിലാകുമോ എന്നതു് കണ്ടറിയേണ്ട സംഗതി തന്നെയാണ്. ഈ പരിതസ്ഥിതികളിൽ, പാലം കടന്നു കയറുന്നതുവരെ

ചില വ്യവസ്ഥകളിൽ, നാളതു നിലവിലുള്ള സമ്പ്രദായങ്ങളെ അവലംബിക്കാതെയും തരമില്ല. ഈ സാധൂകരണത്തിൻെറ അടിസ്ഥാനത്തിൽ, പാട്ടത്തുകകളെ സംബന്ധിച്ച നിരവധി വ്യവസ്ഥകൾ, ഇപ്പോഴും നിലനിറുത്തപ്പെട്ടിരിക്കുന്നു. 1964 ലെ 1-ാം ആക്റ്റിൽ, മര്യാദപ്പാട്ടത്തെ നിർവചിച്ചതും, മുകളിൽ വിശദമായി പ്രതിപാദിക്കപ്പെട്ടതുമായ ഇരുപത്തേഴാം വകുപ്പിനുപുറമേ, 28 മുതൽ 52 വരെയുള്ള വകുപ്പുകളിൽ ഇക്കാര്യങ്ങൾ വ്യവസ്ഥചെയ്യപ്പെട്ടിരിക്കുന്നു. 1969 ലെ ഭേദഗതിനിയമം വാർത്തെടുക്കുന്നതിനു് പശ്ചാത്തലമായി നിന്ന മാനസിക ചേതനയുടെ പ്രതിഫലനമായി, നിരവധി ഭേദഗതികളും ഈ വകുപ്പുകൾക്കു് ചേർക്കപ്പെട്ടിട്ടുണ്ടു്. ഭേദഗതികളോടെ നിലവിൽവന്നിട്ടുള്ള ചട്ടങ്ങളെയാണു് അടിയിൽ പ്രതിപാദിക്കാനുദ്ദേശിക്കുന്നതു്.

## വകുപ്പ് 28

1964-ലേതിൽനിന്നു മാററമൊന്നും വന്നിട്ടില്ലാത്ത ഒരു വകുപ്പാണിതു്. പൊതുജനങ്ങളുടെ ആവശ്യത്തിനു് നീക്കിവയ്ക്കപ്പെട്ടകയും, അതിനുവേണ്ടി ഉപയോഗിക്കപ്പെടുകയും ചെയ്യുന്ന സ്ഥലങ്ങൾ, പാട്ടബാദ്ധ്യതയിലും, മര്യാദപ്പാട്ടത്തിൽനിന്നുകൂടിയും ഒഴിവാക്കപ്പെടേണ്ടതാണു് എന്നു മുകളിൽ വിശദപ്പെടുത്തിയ വ്യവസ്ഥയാണു് ഈ വകുപ്പിലുള്ളതു്.

## വകുപ്പ് 29

റിക്കാർഡ് ഓഫ് റൈററിസിനെ സംബന്ധിക്കുന്ന 29-ാം വകുപ്പും നൂതനമായി കൂട്ടിച്ചേർക്കപ്പെട്ട 29A 29B എന്നീ വകുപ്പുകളേയും പററിയുള്ള ചർച്ച പ്രത്യേകം

ചേർത്തിട്ടുള്ളതാണ്. യഥാർത്ഥത്തിൽ അവ, പാട്ടബാദ്ധ്യതയെ നേരിട്ടു സംബന്ധിക്കുന്നവയുമല്ല.

## വകുപ്പ് 30

"മര്യാദപ്പാട്ടം നിശ്ചയിക്കപ്പെട്ടതുമൂലം, കുടിയാൻ നൽകേണ്ടതായ പാട്ടത്തിനു് കുറവു് സംഭവിക്കുമ്പോൾ, ഒരു മദ്ധ്യവർത്തി ജന്മിക്കു കൊടുക്കേണ്ടതായ പാട്ടവും, അതേ വിധമനുസരിച്ചു് കുറയുന്നതായിരിക്കും."

## വകുപ്പ് 30 A

ഇതു് 1969 ലെ ഭേദഗതിനിയമത്തിൽ കൂട്ടിച്ചേർക്കപ്പെട്ടതാണ്. "1955ലെ കാണക്കുടിയാൻ നിയമത്തിൽ വിവക്ഷിക്കപ്പെടുന്ന തരത്തിലുള്ള കാണപ്പാട്ടക്കാരനാണ് ജന്മിയെങ്കിൽ, മര്യാദപ്പാട്ടം നിശ്ചയിക്കുന്നതുമൂലം, പാട്ടത്തുകയിൽ വരുന്ന കുറവ്, പ്രസ്തുത ജന്മി നൽകാനുള്ള ജന്മിക്കരത്തുകയിലും, അതേ അനുപാതത്തിൽ, പ്രബലപ്പെടുന്നതാണ്. അതാകട്ടെ, 1968 മേയ് ഒന്നാം തീയതിക്കു് ശേഷം ഉണ്ടായിട്ടുള്ള ജന്മിക്കരത്തെ മുഴുവനും ബാധിക്കുന്നതുമാണ്."

## വകുപ്പ് 31

1969 ൽ ഈ വകുപ്പിനു മാററമൊന്നും വന്നിട്ടില്ല. മര്യാദപ്പാട്ടത്തിനു് അപേക്ഷിക്കേണ്ട നടപടിക്രമമാണ് ഈ വകുപ്പിലുള്ളതു്.

**ഉപവകുപ്പ് 1** "മര്യാദപ്പാട്ടം നിശ്ചയിച്ചുകിട്ടുന്നതിനു് കുടിയാൻ ലാൻഡ്ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷിക്കേണ്ടതു് നിശ്ചയിക്കപ്പെടുന്ന ഫാറമനുസരിച്ചായിരിക്കണം."

**ഉപവകുപ്പ് 2.** "അപേക്ഷ കിട്ടിയാൽ, ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും ലാൻഡ് ട്രൈബ്യൂണൽ നോട്ടീസ് കൊടുക്കേണ്ടതും, യുക്തമായ വിചാരണയ്ക്കുശേഷം, താഴെ പ്പറയുന്ന സംഗതികൾ നിജപ്പെടുത്തി ഉത്തരവു കൊടുക്കു വാനുള്ളതുമാകുന്നു.

i. മര്യാദപ്പാട്ടം ഏതു തുകയായിരിക്കണമെന്ന്

ii. ഒരു മദ്ധ്യവർത്തിയോ, ഒന്നിലധികം മദ്ധ്യവർത്തി കളോ ഉണ്ടെങ്കിൽ, അവർ ജന്മിയ്ക്കു് കൊടുക്കേ ണ്ടതായ പാട്ടം.

iii. പാട്ടം കൊടുക്കേണ്ടതിനുള്ള തവണകൾ എത്രാ യിരിക്കണം.

iv. കൊടുക്കേണ്ട തീയതികൾ."

**ഉപവകുപ്പ് 3.** "രണ്ടാം ഉപവകുപ്പനുസരിച്ച് മര്യാദ പ്പാട്ടം നിശ്ചയിക്കുന്നതിന്, 44–ാം വകുപ്പനുസരിച്ച് പ്രസിദ്ധീകരിക്കപ്പെടുന്ന ഔദ്യോഗിക സ്ഥിതിവിവരക്ക ണക്കുകളെ ലാൻഡ് ട്രൈബ്യൂണലിന് കണക്കിലെടുക്കാ വുന്നതാണ്."

1969 ലെ നിയമം നടപ്പിൽ വന്നശേഷം, ഗവണ്മെന്റ് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനം അനുസരിച്ച്, മര്യാദ പ്പാട്ടം തിട്ടപ്പെടുത്തുന്നതിനുള്ള വിചാരണ ചെയ്യാനുള്ള ചുമതല, തഹശീൽദാരന്മാരിലേയ്ക്കു് കൈമാററപ്പെട്ടി ട്ടുണ്ട് എന്നും, അതിനുവേണ്ടി തഹശീൽദാരന്മാരെ സ്പെഷ്യൽ ലാൻഡ് ട്രൈബ്യൂണലുകളായി അധികാരപ്പെ ടുത്തിയിട്ടുണ്ടെന്നും ഉള്ള കാര്യം ഇത്തരുണത്തിൽ ശ്രദ്ധേ യമാണ്.

## വകുപ്പ് 32

"മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിനുള്ള അപേക്ഷ, ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ നിലവിലിരിക്കുന്ന

സന്ദർഭത്തിൽ, അപേക്ഷയ്ക്ക് ആധാരമായ ഭൂമിയിൽ നിന്നും കുടിയാനെ ഒഴിപ്പിക്കാനുള്ള യാതൊരു വ്യവഹാരവും ഒരു കോടതി സ്വീകരിക്കാവുന്നതല്ല. കുടിയാൻ വസ്തുവിൽ പ്രവേശിക്കുന്നതിനെ നിരോധിക്കുന്നതായോ ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ നടന്നുവരുന്ന നടപടിയെ നിറുത്തി വയ്ക്കുന്നതായോ ഉള്ള ഉത്തരവുകൾ പാസ്സാക്കാവുന്നതുമല്ല."

## വകുപ്പ് 33.

ഈ വകുപ്പിൽ 1969 ലെ ഭേദഗതിനിയമം യാതൊരു മാററവും വരുത്തിയിട്ടില്ല.

"മുകളിൽക്കുറിച്ച വകുപ്പുകളിൽ എന്തൊക്കെ വ്യവസ്ഥപ്പെടുത്തിയിരുന്നാലും, മര്യാദപ്പാട്ടം എന്തായിരിക്കണമെന്നു് ജന്മിയും കുടിയാനും യോജിച്ചു് തീർച്ചപ്പെടുത്താവുന്നതാണു്. അതിനുള്ള ഒരപേക്ഷ, ഇരുകൂട്ടരുംചേന്നു് ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ ബോധിപ്പിക്കുകയാണെങ്കിൽ, മര്യാദപ്പാട്ടം അനുസരിച്ചു് നിശ്ചയിച്ചു് ഉത്തരവു പാസ്സാക്കുകയാണു് ലാൻഡ് ട്രൈബ്യൂണൽ ചെയ്യേണ്ടതു്.

എന്നാൽ ഈ കരാർ പാട്ടം, ഇരുപത്തേഴാം വകുപ്പനുസരിച്ചു് തിട്ടപ്പെടുത്താവുന്ന മര്യാദപ്പാട്ടത്തിൻെറ തുകയിൽ കവിഞ്ഞതായിരിക്കാൻ പാടില്ലാത്തതാണു്."

മദ്ധ്യവത്തികൾ ഉള്ള പക്ഷം, അവരും പ്രസ്തുത ഹർജിയിൽ സമ്മത കക്ഷികളായിരിക്കേണ്ടതുമാണു്.

എന്നാൽ, ജന്മി പൊതുസ്വഭാവത്തിലുള്ള ഒരു മതസ്ഥാപനമോ, ധർമ്മസ്ഥാപനമോ, വിദ്യാഭ്യാസസ്ഥാപനമോ ആണെങ്കിൽ ഈ വകുപ്പിലെ വ്യവസ്ഥകൾ ജന്മിയെ ബാധിക്കുന്നതുമല്ല."

## വകുപ്പ് 34

ഈ വകുപ്പിനു 1969 ലെ ഭേദഗതി നിയമം മാററം വരുത്തിയിട്ടില്ല.

"31, 33 എന്നീ വകുപ്പുകളനുസരിച്ച് മര്യാദപ്പാട്ടം നിശ്ചയിക്കുമ്പോൾ, അതു് നടപ്പിൽ വരുന്നതു് കുടിയാനോ ജന്മിയോ, അപേക്ഷ ബോധിക്കുക, അല്ലെങ്കിൽ. എല്ലാ കക്ഷികളും ചേർന്നു് 33-ാം വകുപ്പനുസരിച്ച് അപേക്ഷ കൊടുക്കുക, എന്നതു സംഭവിച്ച, കാർഷിക സംവത്സരത്തിൻെറ ആദ്യംമുതൽ പ്രാബല്യത്തോടുകൂടിയായിരിക്കും. അവസാനതീർച്ച ഉണ്ടാകുന്നതുവരെയുള്ള കാലഘട്ടത്തിൽ കുടിയാൻ ജന്മിക്കു് കൊടുത്ത കൂടുതൽ സംഖ്യ, ഭാവിയിൽ കൊടുക്കേണ്ടതായ പാട്ടസംഖ്യ അല്ലെങ്കിൽ വിലവാങ്ങൽത്തുക, എന്നിവയിൽ തട്ടിക്കഴിക്കാവുന്നതാണു്. കുടിയാൻ കൊടുത്ത പാട്ടസംഖ്യ കുറവായതാണെങ്കിൽ, ബാക്കി ചെല്ലാനുള്ളതു്, അടുത്ത ഗഡുപാട്ടം കൊടുക്കുന്നതിനോടൊത്തു കൊടുക്കേണ്ടതുമാണു്."

## വകുപ്പ് 35

കുടിയാനു് ഒരു വിവേചനാസ്വാതന്ത്ര്യം കൊടുക്കുന്ന ഭേദഗതി ഈ വകുപ്പിൽ 1969 ലെ ഭേദഗതിനിയമം ഏർപ്പെടുത്തി.

"31-ാം വകുപ്പനുസരിച്ചോ, 33-ാം വകുപ്പിൻ പ്രകാരമുള്ള സമ്മതമനുസരിച്ചോ, ലാൻഡ് ട്രൈബ്യൂണൽ, മര്യാദപ്പാട്ടം നിശ്ചയിച്ചിട്ടില്ലാത്തപക്ഷം, താഴെപ്പറയുന്നതിൽ കുടിയാനിഷ്ടമുള്ള രീതിയിൽ, പാട്ട സംഖ്യ കൊടുക്കാവുന്നതാണു്.

(a) നിലത്തിൻെറ കാര്യത്തിൽ. കരാർ പാട്ടത്തിന്റെ അൻപതു ശതമാനം അല്ലെങ്കിൽ 1961 ജനുവരി

21-ാം തീയതിയ്ക്കു് തൊട്ടു മുമ്പു് നിലവിലിരുന്ന നിയമപ്രകാരം തിട്ടപ്പെടുത്തിയ മര്യാദപ്പാട്ടത്തിന്റെ എഴുപത്തഞ്ച്യ ശതമാനം

(b) മററു തരം ഭൂമികളുടെ കാര്യത്തിൽ, കരാർ പാട്ടത്തിന്റെ 75 ശതമാനം അല്ലെങ്കിൽ, 1961 ജനുവരി 21-ാം തീയതിക്കു തൊട്ടുമുമ്പുള്ള നിയമപ്രകാരം മര്യാദപ്പാട്ടം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതു്."

## വകുപ്പ് 36

ഈ വകുപ്പിലെ രണ്ടാം ഉപവകുപ്പ് 1969 ൽ മാറിയെഴുതപ്പെട്ടതാണ്.

**ഉപവകുപ്പ് 1.** "പാട്ടം, സാധനങ്ങളായിട്ടു കൊടുക്കാനാണു കരാറെങ്കിൽ, കുടിയാന്റെ വിവേചനാസ്വാതന്ത്ര്യമനുസരിച്ചു് സാധനങ്ങളായോ സംഖ്യയായോ അതു കൊടുക്കാവുന്നതാണ്."

**ഉപവകുപ്പ് 2.** "സാധനങ്ങളായി പാട്ടം കൊടുക്കുന്നതിനു പകരം സംഖ്യയായി പാട്ടം തിട്ടപ്പെടുത്തുന്നതിനു്, പാട്ടച്ചീട്ടിന്റെ തെളിവു രേഖയിൽ നിരക്കു നിശ്ചയിച്ചു വിവരിച്ചിട്ടുണ്ടെങ്കിൽ അതു സ്വീകരിക്കേണ്ടതാണ്. ഇല്ലെങ്കിൽ, പാട്ടം കൊടുക്കുന്നതിനു് ബാദ്ധ്യതപ്പെട്ട തീയതിയെ സംബന്ധിച്ചു്, സാധന വിലനിരക്കു് ഗസററിൽ പരസ്യം ചെയ്തിട്ടുള്ള പട്ടിക കണക്കിലെടുത്തു കൊണ്ടു് തുക തിട്ടപ്പെടുത്തേണ്ടതാണ്. അന്നത്തെ തീയതിയെ സംബന്ധിക്കുന്ന ഗസററു പരസ്യം ഇല്ലാത്തപക്ഷം, അതിനോടു ഏററവും അടുത്ത തീയതിയെ സംബന്ധിക്കുന്ന പരസ്യപ്രകാരമുള്ള നിരക്കാണു് കണക്കിലെടുക്കേണ്ടതു്.

ഗസററിൽ നിരക്കു പ്രഖ്യാപിക്കാത്തതാണ് പാട്ടം കൊടുക്കേണ്ട സാധനമെങ്കിൽ, അതിനു് പാട്ടം കൊടു ക്കേണ്ട തീയതിയിൽ നിലവിലിരുന്ന കമ്പോള വില മാന ദണ്ഡമാക്കേണ്ടതാണ്."

**ഉപവകുപ്പ് 3** "ജന്മിയ്ക്കു് ചെല്ലേണ്ട പാട്ടത്തുക പോസ്റ്റൽ മണിയാർഡറായി അയയ്ക്കുവാൻ കുടിയാനു് സ്വാതന്ത്ര്യമുണ്ടായിരിക്കും."

# വകുപ്പ് 37

1969 ലെ ഭേദഗതി നിയമത്തിൽ മാററമൊന്നുമി ല്ലാതെ സംരക്ഷിക്കപ്പെടുന്നതാണ് 37-ാം വകുപ്പ്. ഉപവ കുപ്പുകൾ താഴെചേർക്കുന്നു.

**ഉപവകുപ്പ് 1** "അധികം ഇറക്കിയ കൃഷി മുതലായ വയെ സംബന്ധിച്ചു് ഗവണ്മെൻറു് പ്രത്യേക വരിയോ, പ്രത്യേക നികുതിയോ ഏർപ്പെടുത്തുന്നുവെങ്കിൽ. അക്കാര്യ ങ്ങൾ പരിഗണിക്കാതെയാണ് മര്യാദപ്പാട്ടം നിശ്ചയിച്ചി ട്ടുള്ളപക്ഷം, ജന്മിയല്ല, കുടിയാനാണ്, അത്തരം വരികൾ കൊടുക്കുവാൻ ചുമതലക്കാരൻ''

**ഉപവകുപ്പ് 2** "ഗവണ്മെൻറിനോ ഏതെങ്കിലും പ്രാദേ ശിക ഭരണ സ്ഥാപനത്തിനോ. ഭൂനികുതി മുതലായി ജന്മി കൊടുക്കാനുള്ള കരങ്ങൾ ഉണ്ടെങ്കിൽ, ആയതു് മര്യാ ദപ്പാട്ടത്തിൽ വകവച്ചു് അടയ്ക്കുവാൻ കുടിയാനു് അവകാ ശമുണ്ടായിരിക്കും."

# വകുപ്പ് 38

ഈ വകുപ്പിൽ നാലു് ഉപവകുപ്പുകൾ ഉള്ളതിൽ രണ്ടാം ഉപവകുപ്പും മൂന്നാം ഉപവകുപ്പും മാറിയെഴുതപ്പെ ട്ടിട്ടുണ്ട്. 3 A 3 B എന്ന രണ്ടു പുതിയ ഉപവകുപ്പുകൾ കൂടു തലായി ചേർക്കപ്പെട്ടിട്ടുമുണ്ട്.

**ഉപവകുപ്പ് 1.** "കുടിയാൻെറ ഉത്തരവാദിത്വത്തിൽ പ്പെട്ടത്താനാവാത്തവിധം കൃഷിനാശമോ, കൃഷിപ്പിഴയോ ഉണ്ടാകുന്നപക്ഷം. അതിൻെറ തോതനുസരിച്ച് പാട്ടം ഇളവുചെയ്തു കിട്ടുവാൻ കുടിയാനു് അവകാശമുണ്ടായിരിക്കും."

**ഉപവകുപ്പ് 2.** "ഒന്നാം ഉപവകുപ്പിൻെറ പരിധിയിൽ പ്പെട്ട് ഏതു തോതിലാണ് പാട്ടയിളവ് അനുവദിക്കേണ്ടതെന്നു നിശ്ചയിക്കേണ്ടതു്, താലൂക്കിലെ തഹശീൽദാരോ തഹശീശദാരുടെ പദവിയിൽ താഴാതെ ഗവണ്മെൻറ് അധികാരപ്പെടുത്തുന്ന മററുദ്യോഗസ്ഥനോ ആയിരിക്കണം. അദ്ദേഹത്തിനു് സ്വമേധയാ ഇടപെട്ടോ, കുടിയിൻെറ ഹർജിപ്രകാരം യുക്തമായ അന്വേഷണം നടത്തിയോ. ഇളവിൻെറ തോതു് നിർണ്ണയിക്കാവുന്നതാണ്."

(1964 ലെ നിയമത്തിൽ ഇക്കാര്യം കളക്ടരാണ് നടത്തേണ്ടതെന്നായിരുന്നു വ്യവസ്ഥ)

**ഉപവകുപ്പ് 3:** "രണ്ടാം ഉപവകുപ്പനുസരിച്ച് തഹസീൽദാർ ചെയ്യുന്ന തീരുമാനത്തിന്മേൽ ആർക്കെങ്കിലും പരാതിയുള്ളപക്ഷം അറുപതു ദിവസത്തിനകം റവന്യൂ ഡിവിഷനൽ ഓഫീസർ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും അപ്പീലിന്മേൽ യുക്തമായ ഉത്തരവ് പാസാക്കുവാൻ R. D. O. ക്കു് അധികാരമുണ്ടായിരിക്കുന്നതുമാകുന്നു."

(1964 ലെ നിയമത്തിൽ, കളക്ടരുടെ ഉത്തരവു് ഏതെങ്കിലും അധികാരമുള്ള സിവിൾകോടതി ഇക്കാര്യത്തെപ്പററി നൽകുന്ന തീർപ്പിനു് വിധേയമായിരിക്കുന്നതാണു് എന്നു് വ്യവസ്ഥപ്പെടുത്തിയിരുന്നു.)

**ഉപവകുപ്പ് 3 A** "തഹശീൽദാർ രണ്ടാം ഉപവകുപ്പനുസരിച്ച് പാസ്സാക്കുന്ന ഉത്തരവിന്മേൽ അപ്പീൽ ഇല്ലെങ്കിൽ അതു് സ്ഥിരീകരിക്കപ്പെടുന്നതുമുതൽ ആയതു് അവസാന തീർപ്പായിരിക്കുന്നതാണു്. റവന്യൂ ഡിവിഷനൽ ഓഫീസർ മുമ്പാകെയുള്ള അപ്പീൽ തീരുമാനമുണ്ടായാൽ ആയതു് സ്ഥിരീകരിക്കപ്പെടുന്നതാണു്. മേൽവ്യവസ്ഥകൾക്കു വിധേയമായി നിശ്ചയിക്കപ്പെട്ട പാട്ടം മാത്രം കുടിയാൻ നൽകിയിൽ മതിയാകുന്നതുമാണു്."

**ഉപവകുപ്പ് 3 B** "മേൽ കാണിച്ച വ്യവസ്ഥകളുടെതീർപ്പിനുവേണ്ടി, ഒരാൾ കുടിയാനാണോ അല്ലയോ എന്ന പ്രശ്നം തന്നെ പൊന്തിവരുന്നപക്ഷം ഈ സംഗതിയുടെ പരിധിക്കുവേണ്ടി ആയതിനു് കൂടി തീർപ്പുകല്പിക്കുവാൻ, തഹശീൽദാർക്കു് അല്ലെങ്കിൽ, റവന്യൂ ഡിവിഷനൽ ഓഫീസർക്കു് അധികാരമുണ്ടായിരിക്കും."

**ഉപവകുപ്പ് 4** "ഉപവകുപ്പ് 2–3 എന്നിവയനുസരിച്ച് പാട്ടത്തുകയിൽ കുറവു് അനുവദിക്കപ്പെടുന്ന സാഹചര്യങ്ങളിൽ, ഒരു മദ്ധ്യവർത്തിക്കു ലഭിക്കാനുള്ള പാട്ട സംഖ്യയിൽ കുറവു വരുന്നപക്ഷം, മദ്ധ്യവർത്തി ജന്മിക്കു കൊടുക്കാനുള്ള പാട്ടത്തിലും, അതേ അനുപാതത്തിലുള്ള കിഴിവ് വരുത്തി പാട്ടം വാങ്ങാൻ മാത്രമേ ജന്മിക്കു് അവകാശമുള്ളൂ."

**വിശദീകരണം**

"ഈ വകുപ്പിന്റെ വ്യാഖ്യാനത്തിനു്. വിളവ്എന്നതിൽ ധാന്യങ്ങൾ നാണ്യവിളകൾ എന്നിവയും ഉൾപ്പെടും."

## വകുപ്പ് 39

ഈ വകുപ്പിനു് 1969 ൽ ചെറിയ ഭേദഗതി വരുത്തപ്പെട്ടിട്ടുണ്ടു്.

**ഉപവകുപ്പ് 1** "താഴെ 2. 3 എന്നീ ഉപവകുപ്പുകൾ അനുസരിച്ച് കൈവശക്കുടിയാൻ ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ ബോധിപ്പിക്കുന്ന ഹർജി അനുസരിച്ചല്ലാതെ, ഈ നിയമത്തിൻെറ പരിധിയനുസരിച്ചു നിശ്ചയിക്കപ്പെട്ടന്ന മര്യാദപ്പാട്ടം, കുറവു ചെയ്യപ്പെട്ടുകയോ ഭേദഗതി ചെയ്യപ്പെട്ടുകയോ പാടില്ല."

**ഉപവകുപ്പ് 2** "കുടിയായ്മ ഭൂമിയുടെ ഏതെങ്കിലും ഭാഗം പൊന്നും വിലക്കെടുത്തു ടപോവുകയോ നിയമപ്രകാരം നീക്കിവയ്ക്കപ്പെട്ടുകയോ ചെയ്യുന്നപക്ഷം അങ്ങനെ കുറവു വന്ന ഭൂമിയുടെ വിസ്തീർണ്ണത്തിൻെറ അനുപാതമനുസരിച്ച് പാട്ടത്തുകയിൽ കുറവ് അനുവദിക്കപ്പെടാവുന്നതാണ്."

**ഉപവകുപ്പ് 3** "വെള്ളപ്പൊക്കം, അഗ്നിബാധ, നിയന്ത്രണാതീതമായ മറേറതെങ്കിലും പ്രകൃതിക്ഷോഭംഎന്നിവ ഏതെങ്കിലും മൂലം കുടിയായ്മ ഭൂമിയുടെ ഏതെങ്കിലും ഭാഗം ശാശ്വതമായി ഉപയോഗശൂന്യമായിപ്പോകുന്നപക്ഷം, അങ്ങനെ നഷ്ടപ്പെട്ട ഭൂമിയുടെ അനുപാതമനുസരിച്ച് പാട്ടസംഖ്യയിൽ കിഴിവു് അനുവദനീയമാണ്."

**ഉപവകുപ്പ് 4** "മേൽ രണ്ടും മൂന്നും ഉപവകുപ്പുകൾ അനുസരിച്ച് പാട്ടത്തിൽ കുറവു വരുന്ന സാഹചര്യം കൊണ്ട് ഒരു മദ്ധ്യവർത്തിക്കു ലഭിക്കുവാനുള്ള പാട്ടസംഖ്യയിൽ കുറവ്വ് വരുന്ന പക്ഷം, അതേ അനുപാതംകൊണ്ട് കുറവായ പാട്ടസംഖ്യയേ, മദ്ധ്യവർത്തി ജന്മിക്കു കൊടുക്കേണ്ടതുള്ളൂ."

**വകുപ്പ് 40** ഇതിനു് ഭേദഗതിയൊന്നുമില്ല.

"ജന്മിയും കുടിയാനും തമ്മിൽ എന്തു കരാർ ഉണ്ടെങ്കിലും ശരി, ഈ നിയമപ്രകാരം കൊടുക്കാനുള്ളതായി

കാണുന്നപാട്ടമല്ലാതെ, നാട്ടാചാരപ്രകാരമുള്ള വിഹിതങ്ങളോ പൊളിച്ചെഴുത്തുഫീസുകളോ ഒന്നുംതന്നെ കുടിയാൻ ജന്മിക്കു് കൊടുക്കേണ്ടതില്ല."

## വകുപ്പ് 41

ഈ വകുപ്പിനും മാററമൊന്നുമില്ല.

"പാട്ടസംഖ്യക്കുടിശിഖകൾക്കു്, ആറുശതമാനപ്പലിശ അല്ലെങ്കിൽ, കരാർ നിരക്കു പലിശ ഇതിൽ ഏതാണോ കുറവായതു്, അതു് ചുമക്കുന്നതാണു്."

## വകുപ്പ് 42

"ജന്മിക്കു് കുടിയാനിൽ നിന്നും ലഭിക്കുവാനുള്ള പാട്ടം, കുടിയാഴ്മയിൽ കുടിയാനുള്ള അവകാശത്തിന്മേൽ ഒരു ചാർജ്ജായിരിക്കുന്നതാണു്. എന്നാൽ ആയതു് ഗവൺമെൻറിനോ, ഏതെങ്കിലും പ്രാദേശികഭരണസ്ഥാപനത്തിനോ ഈടാകാനുള്ള നികുതി, വരി, മററു തുകകൾ എന്നിവയുടെ തൊട്ടു പിൻപുള്ള ബാദ്ധ്യതയേ ആവുകയുള്ളു."

## വകുപ്പ് 43

"ചട്ടപ്രകാരം നിർദ്ദേശിക്കുന്ന വിധമനുസരിച്ചു്, മൂന്നുമാസത്തിലൊരിക്കൽ, ഓരോ താലൂക്കിനെ സംബന്ധിച്ചും നെല്ലു്, തേങ്ങാ, അടയ്ക്കാ, കുരുമുളകു്, നിലക്കടല, മരിച്ചീനി, പറങ്കിയണ്ടി, മററു നിർദ്ദേശിക്കപ്പെട്ട വിളകൾ എന്നിവയുടെ നിരക്കു വിലകൾ പ്രസിദ്ധപ്പെടുത്തുവാൻ കളക്ടർ ചുമതലപ്പെട്ടിരിക്കും.

ഇപ്രകാരം പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പായി, താൻ പ്രസിദ്ധപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന താരിപ്പുകൾ എത്രയാണെന്നു് യുക്തമെന്നു തോന്നുന്ന പ്രസിദ്ധീകരണരീതി

യിലൂടെ കളക്ടർ പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നല്കേണ്ടതും, രണ്ടാഴ്ചയ്ക്കകം ലഭിക്കുന്ന ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിക്കേണ്ടതുമാണ്."

## വകുപ്പ് 44

"വിവിധ വിളകളെ സംബന്ധിച്ച് വിവിധതരത്തിലുള്ള ഭൂമികളിൽ ലഭ്യമാകുന്ന മൊത്തവിളകൾ ഉൾക്കൊള്ളുന്ന സ്ഥിതിവിവരക്കണക്ക് ഗവണ്മെൻറ് പ്രസിദ്ധപ്പെടുത്തേണ്ടതാണ്."

## വകുപ്പ് 45

ഈ വകുപ്പിനും ഭേദഗതിയൊന്നുമില്ല. എന്നാൽ തൊട്ടുപിറകെ 45 A എന്ന ഒരു പുതിയ വകുപ്പും 1969 ലെ ഭേദഗതിനിയമം ചേർത്തിട്ടുണ്ട്.

**ഉപവകുപ്പ് 1.** "ചട്ടങ്ങളാൽ നിർദ്ദേശിക്കപ്പെടുന്ന വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന രസീത് ലഭിക്കുവാൻ പാട്ടക്കാരന് അവകാശമുണ്ടായിരിക്കുന്നതും, ആയത് കൊടുക്കുവാൻ ജന്മിക്ക് ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്."

**ഉപവകുപ്പ് 2.** "മേൽപ്രകാരമുള്ള രസീത് കൊടുക്കുവാൻ ജന്മി വിസമ്മതിക്കുന്നപക്ഷം, മണിയാർഡർ കമ്മീഷൻ കഴിച്ചുള്ള സംഖ്യ മണിയാർഡറായി അയച്ചുകൊടുക്കാൻ പാട്ടക്കാരന് അവകാശമുണ്ടായിരിക്കുന്നതാണ്. അത്—

(a) പണമായിട്ടാണ് പാട്ടം നല്കേണ്ടതെങ്കിൽ, പാട്ടത്തുക.

(b) സാധനമായിട്ടാണ് പാട്ടം നല്കേണ്ടതെങ്കിൽ അതിൻെറ വിലയായ സംഖ്യ എന്നീ അടിസ്ഥാനങ്ങളിലാകാവുന്നതാണ്."

## വകുപ്പ് 45 A

(ഇതു് 1969 ലെ ഭേദഗതി നിയമം കൂട്ടിച്ചേർത്തതാണ്.)

**ഉപവകുപ്പ് 1.** "1959 ലെ ഭേദഗതി നിയമം നടപ്പിൽ വരുന്നതിനു മുമ്പായിട്ടും, 1967 മേയ് 17–ാം തീയതിക്കു ശേഷവും, കുടിയാൻ ഏതെങ്കിലും തുക കെട്ടിവച്ചതു് 1966 മേയ് 1–ാം തീയതിക്കു മുമ്പുള്ള കാലഘട്ടത്തെ കുടിശിഖയ്ക്കു് വകവച്ചെടുത്തു കഴിഞ്ഞിട്ടുള്ളപക്ഷം, ഏതു കരാറോ, കോടതി വിധിയോ, ലാൻഡ് ട്രൈബ്യൂണലിൻെറ തീർപ്പോ ഉണ്ടായിരുന്നാലും ശരി, പ്രസ്തുത തുകയെ 1966 മേയ് ഒന്നാം തീയതിക്കുശേഷം ചെല്ലാനുള്ള പാട്ടത്തുകയിലേയ്ക്കു് വകവച്ചു കണക്കു കൂട്ടേണ്ടതാണ്."

**ഉപവകുപ്പ് 2.** "1967 മേയ് 17–ാംതീയതിക്കുശേഷം പ്രസ്താവിക്കപ്പെട്ട ഏതെങ്കിലും കോടതി വിധിയിലോ, ലാൻഡ് ട്രൈബ്യൂണൽ തീർപ്പിലോ, 1966 മേയ് 1–ാം തീയതിക്കു മുമ്പുള്ള കാലത്തേയ്ക്കുള്ള പാട്ടം അനുവദിക്കപ്പെടുകയോ, വകവയ്ക്കുവാൻ ഉത്തരവാകുകയോ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ, 1969 ലെ ഭേദഗതി നിയമം നടപ്പിലായി അറുപതു ദിവസത്തിനകം, അപേക്ഷവരുന്നപക്ഷം, പ്രസ്തുത വിധി അല്ലെങ്കിൽ ഉത്തരവ് പുനഃപരിശോധിക്കപ്പെടേണ്ടതും ഒന്നാം ഉപവകുപ്പിൻെറ വ്യാപ്തിയനുസരിച്ചു് ഭേദഗതികൾ അതിൽ വരുത്തേണ്ടതുമാണ്."

## വകുപ്പ് 46

ഈ വകുപ്പിൻെറ ഒന്നാം വകുപ്പ് മാറിയെഴുതപ്പെട്ടിരിക്കുന്നു.

**ഉപവകുപ്പ് 1** "ഏതു കാലഘട്ടത്തേയ്ക്കുള്ള പാട്ടവും, ലാൻഡ് ട്രൈബ്യൂണൽ വഴി തന്നെ കൊടുക്കുവാൻ വ്യവസ്ഥ ചെയ്തു കിട്ടണമെന്നപേക്ഷിക്കുവാൻ കുടിയാന വകാശമുണ്ടായിരിക്കും. എന്നാൽ കുടിയ്യൊഴിവു ഈടാക്കുന്നതി നുള്ള നടപടിയാണ് ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ നടക്കുന്നതെങ്കിൽ ഈ വിധം ഒരപേക്ഷ കൊടുക്കാൻ കുടി യാനവകാശമില്ല."

**ഉപവകുപ്പ് 2** "ഒന്നാം ഉപവകുപ്പനുസരിച്ചുള്ള അപേ ക്ഷയോടൊപ്പം, പാട്ടത്തുകയും പലിശയുമുണ്ടെങ്കിൽ ആയതും കുടിയാൻ കെട്ടിവച്ചിരിക്കണം."

# വകുപ്പ് 47

ഈ വകുപ്പ് പാടേ മാറ്റിയെഴുതപ്പെട്ടിരിക്കുകയാണ്. 1964 ലെ വകുപ്പിൽ നാലു ഉപവകുപ്പുകളായിരുന്നു. ഇ പ്പോൾ 6 ഉപവകുപ്പുകളുണ്ട്. നിലവിൽ വന്ന വകുപ്പ് താഴെ ചേർക്കുന്നു.

**ഉപവകുപ്പ് 1** "നാല്പത്തിആറാം വകുപ്പുപ്രകാരമുള്ള ഒരു ഹർജി വന്നാൽ, ഹർജിക്കക്ഷിയുടെ ചെലവിൽ, ബന്ധപ്പെട്ട വ്യക്തിയെന്നു ലാൻഡ് ട്രൈബ്യൂണലിനു തോന്നുന്ന ആൾക്കാർക്കെല്ലാം നോട്ടീസു കൊടുക്കേണ്ടതാണ്. നോട്ടീസനുസരിച്ചു ഹാജരാകുന്നവരുടെ വാദംകേട്ടശേഷം ലാൻഡ് ട്രൈബ്യൂണൽ താഴെപ്പറയുന്ന കാര്യങ്ങൾ തിട്ട പ്പെടുത്തണം.

(a) കുടിയാൻ നല്കുവാനുള്ള പാട്ടം ഹർജിയിൽ വിശദപ്പെടുത്തുന്ന കാലഘട്ടത്തേയ്ക്കു് എത്ര യാണ്, അതിനു പലിശയെത്ര?

(b) ആർക്കെല്ലാമാണ് ഈ സംഖ്യ ചെല്ലേണ്ടതു്."

**ഉപവകുപ്പ്** 2 "കുടിയാൻ കെട്ടിവച്ചിട്ടുള്ള സംഖ്യ, മേൽ കാണിച്ചവിധം കണക്കു നോക്കുമ്പോൾ കുറവാണെന്നു് കണ്ടാൽ, ബാക്കി കെട്ടിവയ്ക്കുന്നതിന്നു് അനുവദിക്കപ്പെടുന്ന തീയതിയ്ക്കകമായി, കുടിയാൻ ബാക്കി കെട്ടിവയ്ക്കേണ്ടതാണു്."

**ഉപവകുപ്പ്** 3 "പ്രസ്തുത തീയതിയ്ക്കകം ബാക്കി കെട്ടിവയ്ക്കുന്നതിൽ കുടിയാൻ വീഴ്ച വരുത്തുന്നപക്ഷം, കുടിയാന്റെ ഹർജി ലാൻഡു് ട്രൈബ്യൂണൽ തള്ളിക്കളയേണ്ടതാണു്."

**ഉപവകുപ്പ്** 4 "ഹർജിക്കാരനു് കോടതിച്ചെലവു് അനുവദിക്കാത്തതാണെങ്കിൽ ആയതിന്നും, മററു യുക്തമായ സംഗതികളും ലാൻഡു് ട്രൈബ്യൂണൽ നിജപ്പെടുത്തേണ്ടതു്."

**ഉപവകുപ്പ്** 5 "46–47 എന്നീ വകുപ്പുകൾഅനുസരിച്ചു തിട്ടപ്പെടുത്തുന്ന പാട്ടത്തുക, പലിശ, കോടതിച്ചെലവുണ്ടെങ്കിൽ അതു്, എന്നിവ കെട്ടിവയ്ക്കുകയെന്നതു്, ഹർജിയിൽ വിവക്ഷിക്കുന്ന കാലഘട്ടത്തേ സംബന്ധിച്ച പാട്ട സംഖ്യയുടെ പരിപൂർണ്ണമായ ഇടപാടു തീർക്കലായിരിക്കുന്നതാണു്."

**ഉപവകുപ്പ്** 6 "മേൽ കാണിച്ച വിധമുള്ള നിർണ്ണയിക്കൽ അനുസരിച്ചുള്ള തുക ലാൻഡു് ട്രൈബ്യൂണലിൽ നിന്നും ഏററുവാങ്ങുന്ന ആളിൽ നിന്നും, മറെറാരാൾക്കു് തുക ഈടാകാനുള്ളപക്ഷം, അയാൾക്കു്, അവകാശപ്പെട്ട സംഖ്യ ഈടാക്കിയെടുക്കുന്നതിനുള്ള അവകാശങ്ങളെയൊന്നും തന്നെ, അഞ്ചാം ഉപവകുപ്പിലെ നിബന്ധനകൾ ബാധിക്കുന്നതല്ലാ."

## വകുപ്പ് 48

"1964 ലെ നിയമത്തിന്റെ 48-ാം വകുപ്പിന് 5 ഉപവകുപ്പുകൾ ഉണ്ടായിരുന്നു. അതിലെ ഒന്നാം ഉപവകുപ്പിനെ 1969 ലെ ഭേദഗതി നിയമം മാററിയെഴുതുകയും, ലാൻഡ് ട്രൈബ്യൂണലിന്റെ ഉത്തരവിൽ വ്യവസ്ഥയുള്ള സംഖ്യ ഒരു കോടതി മുഖാന്തിരം ഈടാക്കാവുന്നതാണെന്നു വ്യവസ്ഥ ചെയ്തിരുന്ന അഞ്ചാം ഉപവകുപ്പിനെ റദ്ദു ചെയ്തിരിക്കുകയുമാണിപ്പോൾ."

**ഉപവകുപ്പ് 1** "കക്ഷികൾ നടത്തുന്ന ഇടപാടുകൾ മൂലമോ, നിയമത്തിന്റെ പ്രയോഗം മൂലമോ, ജന്മിയുടേയോ കുടിയാന്റേയോ അവകാശം കൈമാറപ്പെടുകയോ, ഭിന്നിക്കുകയോ ചെയ്യുന്നപക്ഷം, അതനുസരിച്ച് പാട്ടത്തുക വിഹിതം തിരിച്ചു കിട്ടണമെന്ന് ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ ഹർജി കൊടുക്കുവാൻ ജന്മിക്കും, കുടിയാനും അവകാശം ഉണ്ടായിരിക്കും."

**ഉപവകുപ്പ് 2** "വ്യവസ്ഥപ്പെടുത്തിയ ഫാറത്തിലായിരിക്കണം, ഈ അപേക്ഷ."

**ഉപവകുപ്പ് 3** "ഇതനുസരിച്ചുള്ള അപേക്ഷ ലഭിച്ചാൽ ബന്ധപ്പെട്ട കക്ഷികൾക്ക് ബോധിപ്പിക്കാനുള്ളത് ബോധിപ്പിക്കാൻ അവസരം കൊടുത്തശേഷം, പാട്ടസംഖ്യ, പണയത്തുക എന്നിവയെ യുക്താനുസരണം ഭിന്നിച്ചു വേർതിരിക്കുന്ന ഉത്തരവ് ലാൻഡ് ട്രൈബ്യൂണൽ പാസ്സാക്കണം. കൂടാതെ, ഒരു തീയതി നിശ്ചയിച്ച് അതിനകമായി, പാട്ടമേപ്പാട്ട് ഭിന്നിച്ചതനുസരിച്ചുള്ള പ്രമാണം ജനിപ്പിക്കണമെന്ന്, അതിനു ബാദ്ധ്യതപ്പെട്ട കക്ഷികളോടു നിർദ്ദേശിക്കുകയും,

ഫാർജീയ സംബന്ധിച്ച കോർട്ടു ചെലവു സംഗതിയെ പ്പററി യുക്തമായ തീരുമാനം പ്രഖ്യാപിക്കുകയും വേണം."

**ഉപവകുപ്പ് 4** "ലാൻഡ്" ട്രൈബ്യൂണൽ നിർദ്ദേശിച്ചു തീയതിയ്ക്കകം, ഉത്തരവിനാൽ ബന്ധിതനായ കക്ഷി നിർദ്ദേ ശിക്കപ്പെട്ട പ്രമാണം നടത്താത്തപക്ഷം, യുക്തമായ മററു കക്ഷിയെക്കൊണ്ട് യുക്തമായ തുക മുൻകൂർ കെട്ടിവ യ്പിച്ച് വീഴ്ചക്കക്ഷിയ്ക്കുവേണ്ടി പ്രമാണം നടത്തിക്കൊടുക്കു വാനും, പ്രമാണച്ചെലവിന്റെ തുക വീഴ്ചക്കക്ഷിയിൽ നിന്നും ഈടാക്കിയെടുക്കുവാനും ലാൻഡ് ട്രൈബ്യൂണ ലിനു് അധികാരമുണ്ടായിരിക്കുന്നതാണ്."

**ഉപവകുപ്പ് 5** റദ്ദു ചെയ്യപ്പെട്ടു.

## വകുപ്പ് 49

"നാലാം ഉപവകുപ്പ് ഉപേക്ഷിക്കുന്നതുൾപ്പെടെ ചില ഭേദഗതികൾ ഈ വകുപ്പിൽ 1969 ലെ നിയമം വരുത്തിയിട്ടുണ്ട്."

**ഉപവകുപ്പ് 1** "കുടിയാനു് ഭൂമിയിലുള്ള അവകാശം, കക്ഷികൾ നടത്തിയ ഇടപാടു മൂലമോ, നിയമം മൂലമോ, കുടിയാനല്ലാതെ മറെറാരാളിനു് സിദ്ധിക്കുന്നപക്ഷം, ഈ നിയമം നടപ്പിലായതിനുശേഷമാണ് ഇങ്ങനെ സംഭവിക്കു ന്നതെങ്കിൽ അവകാശം സിദ്ധിച്ച് 60 ദിവസത്തിനകം ഈ വിവരം ബന്ധപ്പെട്ട ജന്മിയ്ക്കും മദ്ധ്യവർത്തി ഉണ്ടെങ്കിൽ അയാൾക്കും, രജിസ്റ്റർ നോട്ടീസു മുഖാന്തിരം അറിവു കൊടു ക്കുവാൻ അവകാശം സിദ്ധിച്ചയാൾ ബാദ്ധ്യസ്ഥനായി രിക്കും. പ്രസ്തുത നോട്ടീസിൽ വസ്തുവിന്റെ വിസ്തീർണ്ണം, മററു വിവരങ്ങൾ, അവകാശത്തിന്റെ സ്വഭാവം, അതു സിദ്ധിച്ച തീയതി മുതലായ വിവരങ്ങൾ കാണിച്ചിരി ക്കണം."

**ഉപവകുപ്പ് 2.** "മേൽ വിവരിച്ചവിധം ജന്മിക്ക് നോട്ടീസ് കിട്ടിയ കുടിയായ്മയുടെ കാര്യത്തിൽ, കുടിയാനിൽനിന്നും ജന്മിക്ക് പാട്ടം കിട്ടാതെ കുടിശ്ശിഖ വരുന്ന പക്ഷം, അവകാശിയായി നോട്ടീസയച്ച ആളിനോട്ട് പാട്ടം ആവശ്യപ്പെട്ടുകൊണ്ടുള്ള നോട്ടീസ് അയയ്ക്കുവാൻ ജന്മി ബാദ്ധ്യസ്ഥനാണ്. അങ്ങനെ വരുമ്പോൾ പാട്ടത്തുക ജന്മിക്ക നേരിട്ടു കൊടുക്കുവാൻ കുടിയായ്മ അവകാശം സിദ്ധിച്ച വ്യക്തിക്ക് അവകാശം സിദ്ധിക്കുന്നു. അയാൾ കൊടുക്കുന്ന പാട്ടം കൈപ്പററുവാൻ ജന്മി ബാദ്ധ്യസ്ഥനുമായിരിക്കും.

കുടിയായ്മ വസ്തുവിൻെറ ഒരു അംശത്തിനുമാത്രമേ ഈ വിധം നൂതന അവകാശം സിദ്ധിച്ചിട്ടുള്ളു എങ്കിൽ, പ്രസ്തുത അംശത്തിൽ ചുമത്താവുന്ന വിഹിതം പാട്ടത്തുക അയാൾ കൊടുത്താൽ മതിയാവുന്നതാണ്."

**ഉപവകുപ്പ് 3.** "രണ്ടാം ഉപവകുപ്പിൽ പ്രതിപാദിച്ച വിഹിതം സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികൾ തമ്മിൽ യോജിക്കാൻ സാധിക്കാത്തപക്ഷം, ജന്മിയിൽനിന്നും കുടിശ്ശിഖയെപ്പററിയുള്ള നോട്ടീസ് കിട്ടി, അറുപതു ദിവസത്തിനകം; വിഹിതം നിർണ്ണയിക്കുന്നതിനുള്ള ഹർജി ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ ബോധിപ്പിക്കുവാൻ, അവകാശം സിദ്ധിച്ച കക്ഷിക്ക് സ്വാതന്ത്ര്യം ഉണ്ടായിരിന്നതാണ്. പ്രസ്തുതഹർജിക്ക ന്യായാനുസരണമുള്ള തീർപ്പു കല്പിക്കുവാൻ ലാൻഡ് ട്രൈബ്യൂണലിനു് ചുമതലയുണ്ടായിരിക്കുന്നതുമാണ്."

**ഉപവകുപ്പ് 4.** മേൽ വിവരിച്ചവിധം തീർപ്പു ലഭിക്കുന്ന തുക, കോടതി മുഖേന ഈടാക്കാവുന്നതാണ് എന്നു വ്യവസ്ഥപ്പെടുത്തിയിരുന്ന 4-ാം ഉപവകുപ്പ്, 1969-ലെ ഭേദഗതി നിയമത്താൽ റദ്ദാക്കപ്പെട്ടിരിക്കുകയാണ്.

## വകുപ്പ് 50

1969 ലെ ഭേദഗതി നിയമം, 50-ാം വകുപ്പിന്ന് ഭേദഗതിയൊന്നും വരുത്തിയിട്ടില്ല. സാരംശം നോക്കിയാൽ പാട്ടത്തിന്റെ സംഗതി പ്രതിപാദിക്കുന്ന സ്ഥാനത്തുവേണ്ടായിരുന്നില്ല, അൻപതാം വകുപ്പിൽ വിവക്ഷിക്കുന്ന ആശയം ചേർക്കേണ്ടിയിരുന്നതു്. കുടിയായ്മ സ്ഥിരതയെ പ്രതിപാദിക്കുന്ന സ്ഥാനത്തായിരുന്നു, അതു കൂടുതൽ യോജിക്കുക. വകുപ്പ് ഇങ്ങനെയാണ്:

"ഈ നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി കുടിയാന്റെ അവകാശം, കൈമാററം ചെയ്യപ്പെടാവുന്നതും, പിൻതുടർച്ചാവകാശികൾക്കു് അവകാശവഴി സിദ്ധിക്കത്തക്കതുമായിരിക്കും."

## വകുപ്പ് 50 A

1969 ലെ ഭേദഗതി നിയമത്തിൽ പുതുതായി ചേർക്കപ്പെട്ട ഒരു വകുപ്പാണിതു്.

**ഉപവകുപ്പ് 1** നിലവിലുള്ള നിയമങ്ങൾ, കരാറുകൾ, കോടതി വിധികൾ, എന്നിവയിൽ എന്തൊക്കെ മറിച്ചുള്ള വ്യവസ്ഥകൾ ഉണ്ടായിരുന്നാൽ തന്നെയും, ഒരു കുടിയാന്ന് അയാളുടെ കുടിയായ്മയിൽപ്പെട്ട ഭൂമിയെ, തനിക്കു് യുക്തമെന്നു തോന്നുന്നവിധം ഉപയോഗിക്കാവുന്നതാണ്.

എന്നാൽ 1955 ലെ അവശ്യസാധന നിയമത്തിലെ വ്യവസ്ഥകളെ ലംഘിക്കുന്ന തരത്തിൽ യാതൊന്നും ചെയ്യുന്നതിന്ന്, ഈ വകുപ്പിന്റെ വ്യാപ്തിയനുസരിച്ച് അയാൾക്കു് അവകാശമുണ്ടായിരിക്കുന്നതല്ല."

**ഉപവകുപ്പ് 2** "ഏതെങ്കിലും നിയമം, കരാർ, കോടതി വിധി, എന്നിവയിൽ, മറിച്ചുള്ള ഏതു വ്യവസ്ഥ നിലവി

ലിരുന്നാലും, ഒരു കുടിയാൻ നിലത്തിന്റെ വാരംദാരനായിരിക്കുകയും, പ്രസ്തുത നിലത്തിൽ നിന്നും മത്സ്യബന്ധനം നടത്തുന്നതിനുള്ള അവകാശം ജന്മി പ്രയോഗിച്ചുവരികയും ചെയ്യുകയാണെങ്കിൽ, ജന്മിയുടെ പ്രസ്തുത അവകാശം അവസാനിക്കുന്നതും, അതിനുള്ള സ്വാതന്ത്ര്യം മേലാൽ കുടിയാനു തന്നെയായിരിക്കുന്നതുമാകുന്നു.''

## വകുപ്പ് 51

51–ാം വകുപ്പിന് 1969 ലെ ഭേദഗതി നിയമം മാററമൊന്നും വരുത്തിയിട്ടില്ല.

"ഈ നിയമത്തിൽ എന്തുതന്നെ വ്യവസ്ഥകൾ ഉണ്ടെങ്കിലും, സ്വന്ത മനസ്സാലെ, കുടിയായ്മ അവകാശത്തെ ജന്മിക്ക് ഒഴിഞ്ഞു കൊടുക്കുവാൻ ഒരു കുടിയാനു് സ്വാതന്ത്ര്യമുണ്ടായിരിക്കും.

എന്നാൽ, ഉത്തമവിശ്വാസത്തോടുകൂടി ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ ഇതിനുവേണ്ടി ഹർജി സമർപ്പിക്കുകയും, അവിടെ സമ്മതിച്ചു മൊഴി കൊടുക്കുകയും ചെയ്യുകയും, പ്രസ്തുത ഹർജി ലാൻഡ് ട്രൈബ്യൂണലിന്റെ ഫയലിൽ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്യുമ്പോൾ മാത്രമേ, ഈ ഒഴിവു് പ്രാബല്യത്തിൽ വരികയുള്ളൂ.

കൂടാതെ, ഇപ്രകാരം ഒഴിഞ്ഞുവിട്ടു കൊടുക്കുന്ന ഭൂമി, വിസ്തീർണ്ണത്തിന്റെ സംഗതിയിൽ, 15, 16, 17 എന്നീ വകുപ്പുകൾ പ്രകാരം ജന്മിക്ക് വീണ്ടെടുക്കുവാൻ അവകാശപ്പെട്ടിടത്തോളമല്ലാതെ, അതിലധികരിച്ചതാവാൻ പാടില്ലാത്തതാണ്."

കൂടാതെ; ഇപ്രകാരം ഒഴിഞ്ഞു വിട്ടുകൊടുക്കുന്ന ഭൂമി വിസ്തീർണ്ണത്തിന്റെ സംഗതിയിൽ. 15, 16, 17 എന്നീ

വകുപ്പുകൾ പ്രകാരം ജന്മിക്ക് വീണ്ടെടുക്കുവാൻ അവകാശപ്പെട്ടിടത്തോളമല്ലാതെ, അതിലധികരിച്ചതാവാൻ പാടില്ലാത്തതാണ്."

## വകുപ്പ് 51 A

1966 ലെ 12-ാം ആക്റ്റ് എന്ന ഒരു നിയമത്തിന്റെ പതിമൂന്നാം വകുപ്പു പ്രകാരം ഭൂപരിഷ്കരണനിയമത്തിലെ വിവിധ വകുപ്പുകൾക്കു ഭേദഗതി, വരികയും ചില പുതിയ വകുപ്പുകൾ ചേർക്കപ്പെടുകയുമൊക്കെ ചെയ്തിരുന്നു. 51 A എന്ന ഒരു വകുപ്പ് അതനുസരിച്ച് അന്ന് കൂട്ടിച്ചേർക്കപ്പെട്ടിരുന്നു. അങ്ങനെ നിലവിൽവന്ന 51 A വകുപ്പിനെ 1969 ലെ ഭേദഗതിനിയമം വീണ്ടും മാററിയെഴുതി. ഇപ്പോൾ നിലവിലുള്ള വകുപ്പിനെ താഴെ ചേർക്കുന്നു.

**ഉപവകുപ്പ് 1.** "ഒരു കുടിയാൻ കുടിയായ്മ ഭൂമി ഉപേക്ഷിച്ചുപോവുകയാണുണ്ടായിട്ടുള്ളതെങ്കിൽ, ആ ഭൂമിയിൽ ജന്മി പ്രവേശിക്കുവാൻ പാടില്ലാത്തതാണ്."

**ഉപവകുപ്പ് 2.** "ഒരു കുടിയാൻ, അയാളുടെ കുടിയായ്മയെ ഉപേക്ഷിക്കുകയും, അയാൾ നേരിട്ടോ, മറെറാരാൾ മുഖാന്തിരമോ, അതിനെ കൃഷിചെയ്യാതിരിക്കുകയും ചെയ്യുന്നപക്ഷം, കുടിയാനും ജന്മിക്കും നോട്ടീസ് കൊടുത്ത്, തർക്കങ്ങളുണ്ടെങ്കിൽ ആയതുകളെ കേട്ട് പരിഗണിച്ച ശേഷം. പ്രസ്തുത ഭൂമിയെ കൈവശമെടുക്കുവാൻ ഗവണ്മെൻറിനധികാരമുണ്ടായിരിക്കുന്നതാണ്."

**ഉപവകുപ്പ് 3.** "അങ്ങനെ ഗവണ്മെൻറു കൈവശമെടുക്കുന്ന പക്ഷം, കൈവശമെടുക്കുന്ന തീയതിമുതൽ, ജന്മിക്ക് ഗവൺമെൻറ് മര്യാദപ്പാട്ടം നൽകേണ്ടതാണ്."

**ഉപവകുപ്പ് 4.** "ഇപ്രകാരം കൈവശമെടുക്കുന്ന ഭൂമിയെ കഴിയുന്നിടത്തോളം ഈ നിയമത്തിന്റെ കീഴിൽ ഉണ്ടാക്കാവുന്ന റൂളുകളുടെ വ്യവസ്ഥകൾപ്രകാരം മററു കുടിയാന്ന് പാട്ടമായി കൊടുക്കാവുന്നതാണ്."

**ഉപവകുപ്പ് 5.** "അങ്ങനെ ഒരു പുതിയ കുടിയാന്ന് ഭൂമി ഗവണ്മെൻറ് വിട്ടുകൊടുക്കുന്ന പക്ഷം, ആ കുടിയാന്ന് വസ്തു കൈവശം വിട്ടുകിട്ടിയതുമുതൽ, ജന്മിക്ക് നേരിട്ട് മര്യാദപ്പാട്ടം കൊടുക്കാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കും."

## വകുപ്പ് 51 B

ഈ വകുപ്പ് 1966 ലെ 12-ാം ആക്റ്റിന്റെ പതിമൂന്നാം വകുപ്പ് ഭൂപരിഷ്കരണനിയമത്തിൽ ഏർപ്പെടുത്തിയ ഭേദഗതിമൂലം കൂട്ടിച്ചേർക്കപ്പെട്ടതാണ്. 1969 ൽ യാതൊരു ഭേദഗതിയും വരുത്തിയിട്ടില്ലാത്ത പ്രസ്തുത വകുപ്പു താഴെ ചേർക്കുന്നു:

"51-ാം വകുപ്പനുസരിച്ച് കുടിയാൻ ഒഴകുറി കൊടുക്കാത്തതോ, 52-ാം വകുപ്പനുസരിച്ച് കുടിയാൻ ഉപേക്ഷിച്ചതോ ആയ ഏതെങ്കിലും ഭൂമിയിൽ ജന്മി പ്രവേശിക്കുന്ന പക്ഷം, അയാൾ 1966 കേരളാ കുടിയൊഴിപ്പിക്കൽ നിരോധനനിയമം ആറാം വകുപ്പനുസരിച്ചുള്ള കുററകൃത്യം ചെയ്തതായി ഗണിക്കപ്പെടുന്നതും, അതനുസരിച്ച ശിക്ഷയ്ക്കു വിധേയനായിത്തീരുന്നതുമാണ്."

## വകുപ്പ് 52

6 ഉപവകുപ്പുകളോടുകൂടി 1964 ലെ നിയമത്തിൽ ഉൾക്കൊള്ളിക്കപ്പെട്ടിരുന്ന ഈ വകുപ്പിന്റെ നാലാം ഉപവകുപ്പിനെ 1969 ലെ ഭേദഗതി നിയമം റദ്ദു ചെയ്തു.

രണ്ടാം ഉപവകുപ്പിനെ മാററിയെഴുതുകയും ചെയ്തു. വകുപ്പു ഇങ്ങനെയാണു്.

**ഉപവകുപ്പ് 1.** "നിലവില്ലുള്ള നിയമങ്ങളിലോ, കരാറുകളിലോ, കോടതിവിധികളിലോ, മറിച്ചു് എന്തുതന്നെ വ്യവസ്ഥയുണ്ടായിരുന്നാലും ശരി, ഒരു കുടിയായ്മയിൽ, കുടിയാനോ അയാളുടെ അവകാശ മുൻഗാമിയോ, വച്ചു പിടിപ്പിച്ചിട്ടുള്ളതോ, കുടിയായ്മ ആരംഭിച്ചതിനുശേഷം തനിയേ പൊടിച്ചു വളരുന്നതോ ആയ, തടിക്കു മാത്രം ഉപയോഗമുള്ള വൃക്ഷങ്ങളുടെ ഉടമസ്ഥത, കുടിയാനു തന്നെയായിരിക്കും."

**ഉപവകുപ്പ് 2** (മാറിയെഴുതപ്പെട്ടതു്) "കുടിയായ്മ ആരംഭിക്കുന്ന കാലത്തു് വസ്തുവിൽ ഉണ്ടായിരുന്നതായ തടിക്കു മാത്രം ഉപയോഗമുള്ള വൃക്ഷങ്ങൾ, വെട്ടി മാററുന്നതിനു് ജന്മിക്കോ, മദ്ധ്യവർത്തിക്കോ, അവകാശമില്ലാത്തതും, താഴെ 3, 5 എന്നീ ഉപവകുപ്പുകളിൽ ഉള്ള വ്യവസ്ഥകൾക്കു വിധേയമായി അവയെ വെട്ടിമാററാൻ കുടിയാനു് അവകാശമുണ്ടായിരിക്കുന്നതുമാകുന്നു." (കുടിയാനു് ആവശ്യമില്ലാത്തപക്ഷം ജന്മിക്കോ മദ്ധ്യവർത്തിക്കോ അതു് മുറിച്ചു മാററുവാൻ അവകാശമുണ്ടായിരിക്കും എന്ന വ്യവസ്ഥയാണു് മാററപ്പെട്ടതു്)

**ഉപവകുപ്പ് 3** "രണ്ടാം ഉപവകുപ്പിൽ നിജപ്പെടുത്തിയ അവകാശം കുടിയാൻ വിനിയോഗിക്കുന്നപക്ഷം, മുറിച്ചെടുക്കുന്ന തടിക്കു് അന്നു് നിലവില്ലുള്ള കമ്പോളവിലയുടെ അൻപതു ശതമാനം സംഖ്യ, കുടിയാൻ ജന്മിക്കു് കൊടുക്കേണ്ടതാണു്.

**ഉപവകുപ്പ് 4** റദ്ദാക്കപ്പെട്ടു.

(ജന്മിയോ മദ്ധ്യവർത്തിയോ ആണ് തടി മുറിപ്പെട്ടുകുന്നുവെങ്കിൽ, അൻപതു ശതമാനം വില, കുടിയാനു കൊടുക്കണമെന്നായിരുന്നു അതിലെ വ്യവസ്ഥ)

**ഉപവകുപ്പ് 5.** "രണ്ടാം ഉപവകുപ്പനുസരിച്ചുള്ള അവകാശം വിനിയോഗിക്കുന്നതു് അതിനാൽ ബാധിക്കപ്പെടുന്ന കക്ഷിക്കു് മതിയായ നോട്ടീസ്സ് കൊടുത്തതിനുശേഷം മാത്രമേ പാടുള്ളൂ."

**ഉപവകുപ്പ് 6.** "ഈ സംഗതിയെപ്പററി ജന്മി, മദ്ധ്യവർത്തി, കുടിയാൻ, എന്നിവർ തമ്മിൽ, തർക്കമൊണ്ടുണ്ടാവുന്നതെങ്കിൽ, ഏതുകക്ഷിക്കും ലാൻഡു് ട്രൈബ്യൂണൽ മുമ്പാകെ ഹർജിമൂലം ഈ തർക്കം സമർപ്പിക്കാവുന്നതും ബന്ധപ്പെട്ട കക്ഷികളുടെ വാദമുഖങ്ങൾ പരിശോധിച്ച ശേഷം യുക്തമായ തീരുമാനം ലാൻഡു് ട്രൈബ്യൂണൽ ചെയ്യേണ്ടതുമാണു്.

63 മുതലുള്ള വ്യവസ്ഥകൾ, ജന്മിയുടെ അവകാശം കുടിയാനു വിലയ്ക്കുവാങ്ങാനുള്ള ചട്ടങ്ങളെ നിജപ്പെടുത്തുന്നവയാണെന്നു് ഈ ഗ്രന്ഥത്തിന്റെ മററൊരു ഭാഗത്തു് ചർച്ചചെയ്തിട്ടുണ്ടു്.

## റൂളുകൾ

മര്യാദപ്പാട്ടം നിശ്ചയിക്കലിനെ സംബന്ധിച്ചും, പാട്ട വ്യവസ്ഥകൾ, വസ്തു ഉപേക്ഷിക്കൽ മുതലായവയെ സംബന്ധിച്ചും ആക്ടിലുള്ള 31 മുതൽ 52 വരെയുള്ള വകുപ്പുകളുടെ സംവിധാനത്തെ പ്രായോഗികമായി നടപ്പിൽ കൊണ്ടുവരുന്നതു സംബന്ധിച്ചും ഗവർമ്മെന്റു് ഇപ്പോൾ

പാസ്സാക്കിയിട്ടുള്ള റൂളുകൾ 30 മുതൽ 52 വരെ റൂളുകളാണു്. റൂളുകളിലെ ഭൂരിപക്ഷം വ്യവസ്ഥകളും ഉദ്യോഗസ്ഥമേഖലയുടെ നടപടിക്രമത്തെ നിയന്ത്രിക്കുവാനുള്ളതാകയാൽ അവയെ സവിസ്തരം പ്രതിപാദിക്കുന്നില്ല. പൊതുജനങ്ങളുടെ അറിവിനു് യുക്തമെന്നു തോന്നുന്ന ചില വ്യവസ്ഥകളെപ്പററി മാത്രം പ്രതിപാദിച്ചുകൊള്ളുന്നു.

മര്യാദപ്പാട്ടം നിശ്ചയിച്ചു കിട്ടുവാനുള്ള അപേക്ഷ ബോധിപ്പിക്കുന്നതിനു് 12-ാം നമ്പർ ഫാറമെന്നുള്ള ഒരു ഫാറം വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

നിലങ്ങളിൽ നിന്നുമുള്ള മത്സ്യബന്ധനത്തിൻെറ മൊത്തം ഉല്പാദനം തിട്ടപ്പെടുത്തേണ്ടതു്, തൊട്ടുമുമ്പുള്ള മൂന്നു വർഷത്തെ ഉല്പാദനത്തിൻെറ ശരാശരിയുടെ അടിസ്ഥാനത്തിലായിരിക്കണം.

മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിനുള്ള അപേക്ഷ ബോധിപ്പിക്കുമ്പോൾ, ജന്മിയോ മദ്ധ്യവർത്തിയോ, പൊതുസ്വഭാവമുള്ള മതസ്ഥാപനം, ധർമ്മസ്ഥാപനം, വിദ്യാഭ്യാസ സ്ഥാപനം എന്നിവ ഏതെങ്കിലുമോ ആണെങ്കിൽ, ഹർജിയിൽ, ഗവർമെൻറിനെക്കൂടി കക്ഷി ചേർക്കേണ്ടതും, ലാൻഡ് ട്രൈബ്യൂണൽ, കളക്ടർക്കു് ഗവർമ്മെൻറു ഭാഗത്തെ പ്രതിനിധീകരിക്കാൻവേണ്ടി നോട്ടീസ്സ് കൊടുക്കേണ്ടതുമാണു്.

പാട്ടസംഖ്യ കുറവുചെയ്യാനുള്ള അപേക്ഷയ്ക്കു് 14-ാം നമ്പർ ഫാറമാണുപയോഗിക്കേണ്ടതു്. തഹശീൽദാരല്ലാതെ മറ്റൊരുദ്യോഗസ്ഥനെയും ഹർജിവിചാരണയ്ക്കു അധികാരപ്പെടുത്താവുന്നതാണു്. ഒരു താലൂക്കിലെ പൊതുവായ സംഗതികൊണ്ടു് പാട്ടം കുറവുചെയ്യലിൻെറ പ്രശ്നം മൊത്തത്തിൽ ഉണ്ടാകുന്നപക്ഷം, അപേക്ഷകൾ ഫയൽചെയ്യ

ന്നതിനുള്ള കാലാവധി നിർണ്ണയിച്ചുകൊണ്ടുള്ള പൊതു വിജ്ഞാപനം പുറപ്പെടുവിക്കുവാൻ തഹശീൽദാർ ശ്രദ്ധിക്കേണ്ടതാണു്. സ്ഥലപരിശോധനയ്ക്കു സാവകാശം ഉണ്ടാകത്തക്കവിധം നേരത്തെക്കൂട്ടി ഹർജികൊടുക്കേണ്ടതാണു്. ഹർജി തീർച്ചചെയ്യും മുമ്പു് മുൻകൂട്ടി നോട്ടീസ്കൊടുത്തിട്ടു് തഹശീൽദാർ സ്ഥലം പരിശോധിക്കേണ്ടതാണു്, മറെറാരുദ്യോഗസ്ഥനെ നിയോഗിച്ചു് റിപ്പോർട്ടു വരുത്തിക്കുകയുമാവാം. നേരിട്ടു് പരിശോധനയ്ക്കുശേഷം, ബന്ധപ്പെട്ട കക്ഷികൾക്കു് നോട്ടീസു് കൊടുക്കുകയും, അവരുടെ തർക്കങ്ങൾ ഉന്നയിക്കുവാനു അവസരം കൊടുക്കുകയും ചെയ്യണം.

എല്ലാവർഷവും ജനുവരി ഏപ്രിൽ, ജൂലായ്, ഒക്ടോബർ എന്നീ മാസങ്ങളിൽ, സാധനങ്ങളുടെ വിലയെപ്പററിയുള്ള സ്ഥിതിവിവരക്കണക്കുകൾ കളക്ടർ ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണു്. അതുപോലെ ഏക്കറു കണക്കിനുള്ള ശരാശരി വിളവിന്റെ സ്ഥിതിവിവരക്കണക്കും കളക്ടർ പ്രസിദ്ധീകരിക്കണം,

കുടിയാനു് ജന്മി കൊടുക്കാനുള്ള രസീതിന്റെ ഉള്ളടക്കത്തിൽ കൊള്ളിക്കേണ്ട വിശദാംശങ്ങളെ റൂൾ 42 ൽ നിജപ്പെടുത്തിയിട്ടുണ്ടു്,

പാട്ടക്കുടിശ്ശിഖ, ലാൻഡു് ട്രൈബ്യൂണൽ മുമ്പാകെ കെട്ടിവയ്ക്കുന്നതിനു് അനുവാദത്തിനപേക്ഷ 15–ാം നമ്പർ ഫാറത്തിലും, പാട്ട സംഖ്യ ഭിന്നിച്ചു് നിജപ്പെടുത്തിക്കിട്ടുന്നതിനുള്ള അപേക്ഷ 16–ാം നമ്പർ ഫാറത്തിലുമായിരിക്കണം. പാട്ടയാധാരം പുതുതായി എഴുതുന്നതിനു് ഒരു നക്കൽ മുൻകൂട്ടി ലാൻഡു് ട്രൈബ്യൂണൽ മുമ്പാകെ ഹാജരാക്കിയിരിക്കണം. നക്കലിന്മേൽ ആക്ഷേപമുള്ളവ ബോധിപ്പിക്കാൻ, ബന്ധപ്പെട്ട കക്ഷികൾക്കു് ലാൻഡു് ട്രൈബ്യൂണൽ അവസരം നല്കേണ്ടതാണു്.

കുടിയാൻെറ അവകാശം മററാരാളിനു സിദ്ധിക്കുമ്പോൾ, അതനുസരിച്ചുള്ള ഉത്തരവു ലഭിക്കുവാൻ 49-ാം വകുപ്പ് 3-ാം ഉപവകുപ്പനുസരിച്ചു ബോധിപ്പിക്കുന്ന അപേക്ഷ, 16-ാം നമ്പർ ഫാറത്തിലായിരിക്കണം.

കുടിയാൻ, ജന്മിക്കു് കുടിയായ്മ ഒഴിഞ്ഞു കൊടുക്കുന്നതിനു് ഫയൽ ചെയ്യേണ്ട ഹർജിയിൽ കൊള്ളിക്കേണ്ട വിവരങ്ങൾ റൂൾ 48 ൽ വിവരിച്ചിരിക്കുന്നു. ഹർജിയിൽ കുടിയാനു പുറമേ, മാന്യന്മാരായ രണ്ടു സാക്ഷികളും ഒപ്പിട്ടിരിക്കണം.

ഈ അപേക്ഷ ലഭിച്ചാൽ, കുടിയാൻ നേരിട്ടു ഹാജരാകുന്നതിനു് ലാൻഡ് ട്രൈബ്യൂണൽ നോട്ടീസു കൊടുക്കണം. അയാളുടെ മൊഴിയനുസരിച്ചു ബോദ്ധ്യംവന്നാൽ, ഉടനേ തന്നെ 18-ാം നമ്പർ ഫാറമനുസരിച്ചു് ഹർജിയെ ലാൻഡ് ട്രൈബ്യൂണൽ സ്വന്തം ഫയലിൽ രജിസ്റ്റർ ചെയ്യേണ്ടതാണു്. അതിനുശേഷം, രജിസ്റ്ററിൻെറ പകർപ്പുകൾ, കുടിയാനും, ജന്മിക്കും കൊടുക്കേണ്ടതാണു്. മററൊരു പകർപ്പു് താലൂക്ക തഹശീൽദാർക്കയയ്ക്കുന്നു. അതനുസരിച്ചു് റവന്യൂ റിക്കാർഡുകളിൽ വേണ്ടുന്ന മാററങ്ങൾ വരുത്തേണ്ടതുമാണു്.

കുടിയാൻ ഭൂമി ഉപേക്ഷിക്കുകയോ, കൃഷി ചെയ്യാതിടുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ, തഹശീൽദാർ പ്രസ്തുത ഭൂമി ഏറെറടുക്കുന്നതു സംബന്ധിച്ച ചട്ടങ്ങൾ 49, 50 എന്നീ റൂളുകളിൽ വിശദപ്പെടുത്തിയിരിക്കുന്നു. അങ്ങനെയുള്ള ഭൂമികളെ വേറേ പാട്ടം കൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ, അതു് കൊടുക്കുന്നതിനു് യോഗ്യതയുള്ളവരെ തെരഞ്ഞെടുക്കുന്നതിൽ പാലിക്കേണ്ട മുൻഗണനാക്രമം, മുതലായ സംഗതികൾ, 51, 52, 53 എന്നീ റൂളുക

ളിൽ കൊടുത്തിരിക്കുന്നു. ഈ സംഗതികൾ ഭൂമിക്കു വേണ്ടി ദാഹിക്കുന്ന ജനസമൂഹം അധിവസിക്കുന്ന ഇന്നത്തെ ചുററുപാടിൽ കൂടുതൽ വിശദമായി വിവരിക്കുന്നില്ല. അവർ അതൊക്കെ തേടി കണ്ടുപിടിച്ചുകൊള്ളും.

### മുദ്രവില

ഭൂം 127 ൽ കോർട്ടു ഫീസ് സ്റ്റാമ്പിൻെറ കാര്യം വിവരിച്ചിട്ടുണ്ട്. ഈ അദ്ധ്യായത്തിൽ പരാമർശിക്കപ്പെട്ട മിക്കവാറും എല്ലാ ഹർജികൾക്കും ഒരു രൂപായുടെ കോർട്ടു ഫീസ് സ്റ്റാമ്പാണ് പതിക്കേണ്ടതെന്നു് അതുകൊണ്ടു് കാണാവുന്നതാണ്.

# മൂന്നാം ഭാഗം

# പ്രത്യേക നടപടികൾ

| | |
|---|---|
| അദ്ധ്യായം 7 | റിക്കാർഡ് ഓഫ് റൈറ്റ്സ് (അവകാശ സ്ഥാപനരേഖ) |
| അദ്ധ്യായം 8 | ഭൂമി വീണ്ടെടുക്കൽ |
| അദ്ധ്യായം 9 | കുടിയാനു വിലയ്ക്കു വാങ്ങാനുള്ള വ്യവസ്ഥകൾ |
| അദ്ധ്യായം 10 | 53 മുതൽ 64 വരെയുള്ള വകുപ്പുകൾ |
| അദ്ധ്യായം 11 | പൊതുസ്ഥാപനങ്ങൾക്കുള്ള പ്രത്യേകത |
| അദ്ധ്യായം 12 | ചെറുകിട കൈവശക്കാരൻ |

അദ്ധ്യായം ഏഴ്

# അവകാശസ്ഥാപന രേഖ

# (RECORD OF RIGHTS)

കൃഷി ഭൂമിയുടെ യഥാർത്ഥ കൈവശക്കാരന് കൃഷിഭൂമിയിൽ പരിപൂർണ്ണമായ ഉടമസ്ഥത നല്കുന്നതിന് അയാളുടെ ഉത്തമ വിശ്വാസമായകൈവശം, അവകാശത്തിന്റെ ഏററവും വലിയമാനദണ്ഡമായി ഗണിക്കപ്പെട്ടിട്ടുണ്ടെന്ന് മുൻ അദ്ധ്യായങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. യഥാർത്ഥ കൈവശത്തെ പരാമർശിക്കുന്ന രേഖാമൂലമായ തെളിവുകൾ ഇല്ലാത്ത ഒട്ടനവധി ഉദാഹരണങ്ങൾ നാട്ടിലുടനീളമുണ്ട്. അങ്ങനെയുള്ള കൈവശം യഥാർത്ഥത്തിൽ ഉള്ളതാണ് എന്ന്, ഒരംഗീകൃത അധികാരസ്ഥാനത്തെ ബോധ്യപ്പെടുത്തിയാൽ കുടിയാന്ന നേടാനുള്ളത് വളരെ വിപുലമായ ആനുകൂല്യങ്ങളായിരിക്കും. കൈവശക്കാരന് നിയമം പ്രദാനം ചെയ്യുന്ന ആനുകൂല്യങ്ങൾ ഒരു ജന്മിയെ സംബന്ധിച്ചിടത്തോളം ഭീമമായ നഷ്ടത്തിന് ഇട നല്കുന്നതാണ് എന്ന കാര്യവും വ്യക്തമാണ്.

ഈ വിധമുള്ള താല്പര്യ സംഘട്ടനം നിമിത്തം രേഖാമൂലമായ തെളിവുകളില്ലാത്ത കൈവശങ്ങളുടെ കാര്യത്തിൽ

ഒരു കോടതി മുമ്പാകെ വരാവുന്ന തക്കത്തിൻെറ സ്വഭാവം പലപ്പോഴും വളരെ മൂർച്ഛയേറിയതാകാവുന്നതാണ്. നമ്മുടെ നീതിന്യായ നിർവ്വഹണ സംവിധാനത്തിൽ കോടതികളിൽ തെളിവു് സ്വീകരിക്കപ്പെടുകയും അതിന്മേൽ തീരുമാനങ്ങളെടുക്കപ്പെടുകയും ചെയ്യുന്ന പ്രതിഭാസം പലപ്പോഴും യഥാർത്ഥ്യത്തിൽ അധിഷ്ഠിതമല്ലാത്ത ഫലമുളവാക്കാറുണ്ട്. അതിനു മുഖ്യകാരണം തക്കത്തിനു നിദാനമായ സ്ഥലവും പരിസരവും കോടതി നേരിട്ട് സന്ദർശിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ അപര്യാപ്തതയാണ്. സാക്ഷിത്തെളിവുകളുടെ മാത്രം അടിസ്ഥാനത്തിൽ തീരുമാനം കല്പിക്കുവാൻ ആഹ്വാനം ചെയ്യപ്പെടുന്ന ഒരു കോടതി പലപ്പോഴും തെററിദ്ധരിപ്പിക്കലിനു് വിധേയമായിപ്പോകാവുന്നതാണ്. ഭൂപരിഷ്കരണ സംരംഭത്തിൽ ഇത്തരം തെററുകളുടെ ആവത്തനം നിയമനിർമ്മാണത്തിൻെറ ലക്ഷ്യത്തെത്തന്നെ പാടെ തോല്പിക്കുവാൻ പര്യാപ്തമാണ്. കോടതികളിലെ കാലതാമസം മറെറാരു ശാപമാണ്. അതുകൊണ്ട്, ജുഡിഷ്യൽ വകുപ്പിൽ നിന്നും ഭിന്നമായി എക്സിക്യൂട്ടീവ് വകുപ്പ് മുഖാന്തിരം തെളിവു ശേഖരിക്കുന്ന ഒരു സമ്പ്രദായം ഭൂപരിഷ്കരണ നിയമങ്ങളിൽ സ്ഥലം പിടിക്കുവാൻ സംഗതിയായിട്ടുണ്ട്. ഈ നടപടി കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ മനഃസാക്ഷിയെ മറച്ചുവച്ച് തെററു പ്രവത്തിക്കുമ്പോളൊഴികെ, യഥാർത്ഥ അവകാശിക്ക് സാരംശത്തിൽ നീതി ലഭിക്കും എന്നുള്ള സംഗതി സ്വയം വ്യക്തമാണല്ലോ.

യഥാർത്ഥ കൈവശത്തിൻെറ അടിസ്ഥാനത്തിൽ റവന്യൂ ഉദ്യോഗസ്ഥന്മാരെക്കൊണ്ട് അവകാശസ്ഥാപനരേഖ തയ്യാറാക്കുന്നതിനു് നിയമത്തിൽ കൊള്ളിച്ചിട്ടുള്ള വകുപ്പുകളും അതിനോടനുബന്ധിച്ചിട്ടുള്ള ചില നിബന്ധനകളുമാണ് ഈ അദ്ധ്യായത്തിലെ ചർച്ചാവിഷയം.

1951-ലെ കർഷകബന്ധനിയമത്തിൽ ഇതിനു സമാന്തരമായ ചിന്താഗതി പ്രതിഫലിക്കപ്പെട്ടിരുന്നില്ല. 1964-ലെ നിയമത്തിൻെറ കാര്യമായയപ്പോഴേക്കും "റിക്കാർഡ് ഓഫ് റൈറ്റ്സ്" (അവകാശ സ്ഥാപനരേഖ) റവന്യൂ ഡിവിഷണൽ ഓഫീസർ തയ്യാറാക്കുന്നതിനു വ്യവസ്ഥ ചെയ്തുകൊണ്ടു 29-ാം വകുപ്പ് ചേർക്കപ്പെട്ടു. പ്രസ്തുത 29-ാം വകുപ്പ് 1969 ൽ സമഗ്രമായി മാററിയെഴുതിയതിനു പുറമേ, അതിനു തൊട്ടുപിറകിലായി എക്സിക്യൂട്ടീവ് മജിസ്ട്രേട്ടുകോടതിയിലെ "ക്രിമിനൽ പ്രൊസീഡിയർ കോഡ്" അനുസരിച്ചുള്ള ചില നടപടികളെ സാരമായി ബാധിക്കുന്ന രണ്ടു പുതിയ വകുപ്പുകൾ 29A, 29 B എന്നീ നമ്പരുകളിൽ ചേർക്കപ്പെട്ടുകയും ചെയ്തിട്ടുണ്ട്. അവയുടെ ചർച്ചയിലേക്കു കടക്കുന്നു.

## വകുപ്പ് 29

**ഉപവകുപ്പ് 1** "ഈ നിയമം നടപ്പിലായിക്കഴിഞ്ഞ് പത്തു കൊല്ലത്തിനുള്ളിലോ ഗസററിൽ പരസ്യം മൂലം ഗവർമ്മെൻറ് നീട്ടുന്ന കാലാവധിക്കകമോ, ഏതെങ്കിലും ഭൂമിയിൽ അവകാശമുള്ള ഒരാൾക്കു്, ആ ഭൂമിയെ സംബന്ധിച്ച് ഒരവകാശ സ്ഥാപനരേഖ തയ്യാറാക്കിക്കിട്ടണമെന്ന് ആ താലൂക്കിലെ തഹശീൽദാർ മുമ്പാകെ അപേക്ഷ ബോധിപ്പിക്കാവുന്നതാണ് എന്നാൽ, 1968 ലെ Kerala Record of Rights Act-ൻെറ മൂന്നാം വകുപ്പനുസരിച്ച് ഗവണ്മെൻറ് പ്രത്യേകം വിവരിക്കുന്ന പ്രദേശങ്ങളെ സംബന്ധിച്ച് ഇപ്രകാരം ഒരപേക്ഷ ബോധിപ്പിക്കാവുന്നതല്ല."

1964-ലെ നിയമത്തിൽ 29-ാം വകുപ്പിൻെറ ഒന്നാം ഉപവകുപ്പിൽ പറഞ്ഞിരുന്നതു്, നിയമം നടപ്പിലായി ഒരു

വർഷത്തിനകം റിക്കാർഡ് ഓഫ് റൈററ്സിനുവേണ്ടി ഒരപേക്ഷ ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ ഒരു കൈവശക്കുടിയാന് ബോധിപ്പിക്കാം എന്നായിരുന്നു. ഗവ ണ്മെൻറ് നേരിട്ട് ഈവിധമൊരു നിർദ്ദേശം ലാൻഡ് ട്രൈബ്യൂണലിലേക്കയയ്ക്കാം എന്നും വ്യവസ്ഥ ഉണ്ടായിരുന്നു. പ്രസ്തുത വകുപ്പിൽ ലാൻഡ് ട്രൈബ്യൂണൽ റവന്യൂ ഡിവിഷണൽ ഓഫീസർ മുഖേന അന്വേഷണം നടത്തി കൂടുതൽ നടപടികൾ നടത്തണമെന്നായിരുന്നു വ്യവസ്ഥ. അങ്ങനെയുള്ള വ്യവസ്ഥകളുടെ പശ്ചാത്തലത്തിൽ 1969ൽ വരുത്തപ്പെട്ട ഭേദഗതി പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഒരു കൈവശക്കുടിയാനു മാത്രമല്ല ഒരു വസ്തുവിൽ അവകാശമുന്നയിക്കുന്ന ഏതൊരാൾക്കും ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ച് താലൂക്ക് തഹശീൽദാരെ സമീപിക്കാവുന്നതാണ്.

അവകാശസ്ഥാപനരേഖയെ സംബന്ധിക്കുന്ന 24 മുതൽ 29 വരെ റൂളുകളും ഇതിനകം ഗവണ്മെൻറു വിജ്ഞാപനം ചെയ്തിരിക്കുന്നു. ഫാറം നമ്പർ 8 അതിന് ഉപയോഗിക്കേണ്ടതാണ്, തഹശീൽദാർ, അദ്ദേഹത്തിൻെറ കീഴുദ്യോഗസ്ഥന്മാർ വഴി റിപ്പോർട്ടു വരുത്തേണ്ടതാണ്. റിക്കാർഡ് ഓഫ് റൈററ്സിൻെറ നക്കൽ മുൻകൂട്ടി പ്രസിദ്ധീകരിക്കണം. കക്ഷികൾക്ക് അതിൻെറ പകർപ്പു കൊടുത്ത് ആക്ഷേപം സ്വീകരിക്കണം— കക്ഷികൾ അപേക്ഷിച്ചാൽ സർവ്വേ നടത്തണം—വാദം കേട്ടശേഷം അവസാന രേഖ തയ്യാറാക്കണം, എന്നു തുടങ്ങിയ നടപടികൾ പ്രസ്തുത റൂളുകളിൽ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്.

ഇത്രയും വിവരങ്ങളോടുകൂടി നിലവിലുള്ള 29-ാം വകുപ്പിലെ 2 മുതൽ 10 വരെയുള്ള ഉപവകുപ്പുകളിലേക്കു ശ്രദ്ധ തിരിക്കാവുന്നതാണ്.

**ഉപവകുപ്പ് 2.** "ഒന്നാം ഉപവകുപ്പനുസരിച്ചുള്ള ഒരു ഹർജി കിട്ടിയതിനുശേഷം തഹശീൽദാർ ചട്ടങ്ങൾ നിർദ്ദേശിക്കുന്നപടി റിക്കാർഡ് ഓഫ് റൈററ്സ് തയ്യാറാക്കേണ്ടതാണ്."

**ഉപവകുപ്പ് 3** "അവകാശസ്ഥാപന രേഖയിൽ താഴെ പ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കണം.

a) ഭൂമിയുടെ വിസ്തീർണ്ണം

b) ഭൂവുടമയുടെ പേരും മേൽവിലാസം

c) മദ്ധ്യവർത്തികളുണ്ടെങ്കിൽ അവർക്ക് ഓരോരുത്തർക്കും വസ്തുവിലുള്ള അവകാശങ്ങൾ.

d) കൈവശ കുടിയാന്മാരോ കുടികിടപ്പുകാരോ ഉണ്ടെങ്കിൽ അവരുടെ പേരും വിലാസവും അവരിലോരോരുത്തർക്കും വസ്തുവിലുള്ള അവകാശവും.

(e) വസ്തുവിൽ അവകാശമുള്ളവരായി മററാരെങ്കിലുമുണ്ടെങ്കിൽ അവരിൽ ഓരോരുത്തരുടേയും അവകാശങ്ങളുടെ വിവരം.

(f) ചട്ടങ്ങളാൽ നിർദ്ദേശിക്കപ്പെടുന്ന മററു സംഗതികൾ."

**ഉപവകുപ്പ് 4** "തഹശീൽദാർ തയ്യാറാക്കുന്ന അവകാശസ്ഥാപനരേഖയിലെ ഉള്ളടക്കത്തെ സംബന്ധിച്ച് ആക്ഷേപമുള്ളവക്ക് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന തീയതിക്കകമായി വസ്തു സ്ഥിതി ചെയ്യുന്ന സ്ഥലത്ത് അധികാര പരിധിയുള്ള ആർ. ഡി. ഓ. മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്." (ഇതു് മുപ്പതു് ദിവസത്തിനകമായിരിക്കണമെന്നു് 27-ാം റൂളിൽ പറയുന്നു.)

**ഉപവകുപ്പ് 5** "4-ാം ഉപവകുപ്പനുസരിച്ച് ബോധിപ്പിക്കപ്പെടുന്ന അപ്പീൽ ചട്ടങ്ങൾ നിർദ്ദേശിക്കുന്ന ഫാറത്തിലായിരിക്കണം." (ഫാറം നമ്പർ 21)

**ഉപവകുപ്പ് 6** "4-ാം ഉപവകുപ്പനുസരിച്ചുള്ള അപ്പീൽ ലഭിച്ചാൽ സംഗതമായ വസ്തുവിൽ അവകാശമുന്നയിക്കുന്നവരായിക്കാണുന്ന എല്ലാ കക്ഷികൾക്കും അവരുടെ വാദം ഉന്നയിക്കാൻ അവസരം നൽകിക്കൊണ്ട് അപ്പീൽ നിർദ്ദേശിക്കപ്പെടുന്ന ചട്ടങ്ങൾക്കു വിധേയമായി തീരുമാനം ചെയ്യേണ്ടതാണ്.

**ഉപവകുപ്പ് 7** ഈ വകുപ്പിൻപ്രകാരമുള്ള നടപടികൾക്ക്, സിവിൽ നടപടി നിയമം അനുസരിച്ച് ഒരു സിവിൽകോടതി കേസ് വിചാരണചെയ്യുന്നതിന് വിനിയോഗിക്കുന്ന എല്ലാ അധികാരങ്ങളും താഴെപ്പറയുന്ന കാര്യങ്ങൾക്ക് ഉണ്ടായിരിക്കുന്നതാണ്.

a) സാക്ഷികളെ സമൺസുമൂലവും നിർബ്ബന്ധമായും വരുത്തി സത്യംചെയ്യിച്ചു മൊഴിവാങ്ങുന്നതിന്;

b) പ്രമാണങ്ങൾ ഹാജരാക്കാൻ നിർദ്ദേശിക്കുന്നതിന്;

c) സത്യവാങ്മൂലമായി തെളിവു് സ്വീകരിക്കുന്നതിന്;

d) കക്ഷികളെ വിസ്തരിക്കുന്നതിനോ സ്ഥലം പരിശോധിച്ച് റിപ്പോർട്ട തയ്യാറാക്കുന്നതിനോ കമ്മിഷണർമാരെ അയയ്ക്കുന്നതിന്;

e) റൂളുകളാൽ നിർദ്ദേശിക്കപ്പെടുന്ന മറു കാര്യങ്ങൾക്ക്."

**ഉപവകുപ്പ് 8.** "ഈ വകുപ്പനുസരിച്ച് തയ്യാറാക്കപ്പെട്ടുന്ന റിക്കാർഡ് ഓഫ് റൈററ്സ്" ഏതൊരു കോടതിയുടേയും ട്രൈബ്യൂണലിൻേറയും മുമ്പാകെ തെളിവിൽ സ്വീകരിക്കപ്പെടാവുന്നതും, അതിലെ ഉള്ളടക്കങ്ങൾ മറിച്ചുള്ള വ്യക്തമായ തെളിവ് നൽകപ്പെട്ടുന്നതുവരെ അംഗീകൃത തെളിവായിരിക്കുന്നതുമാണ്."

**ഉപവകുപ്പ് 9.** "റിക്കാർഡ് ഓഫ് റൈററ്സ് തയ്യാറാക്കുന്നതിനുള്ള ഒരു ഹർജി സമർപ്പിക്കപ്പെട്ടിട്ടുള്ളപ്പോൾ ആ ഭൂമിയെ സംബന്ധിച്ച് 31-ാം വകുപ്പനുസരിച്ചുള്ള മര്യാദപ്പാട്ടം നിശ്ചയിക്കാനുള്ള അപേക്ഷകൾ റിക്കാർഡ് ഓഫ് റൈററ്സ് അപേക്ഷ തയ്യാറാക്കപ്പെട്ടുന്നതുവരെ വിചാരണ ചെയ്യപ്പെടാവുന്നതല്ലാത്തതാകുന്നു."

**ഉപവകുപ്പ് 10** "റിക്കാർഡ്ഓഫ് റൈററ്സ് സംബന്ധമായ ഹർജി പ്രമാണിച്ച് തഹശീൽദാരുടെ മുമ്പിലായോ, അപ്പീൽ പ്രമാണിച്ച് ആർ. ഡി. ഓ. മുമ്പിലായോ നടപടി നടക്കുന്ന കാലത്ത് 1968-ലെ റിക്കാർഡ് ഓഫ് റൈററ്സ് നിയമം, മൂന്നാം വകുപ്പനുസരിച്ച് ഗവർമ്മെൻറ് പുറപ്പെട്ടവിക്കുന്ന പ്രഖ്യാപനത്തിൽ തക്ക സ്ഥലം ഉൾപ്പെട്ടു പോകുന്നപക്ഷം ആ നിയമം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻെറ പക്കലേക്ക് റിക്കാർഡ് ഓഫ് റൈററ്സ് നടപടികളെ തഹശീൽദാർ അല്ലെങ്കിൽ ആർ. ഡി. ഒ. അയച്ചുകൊട്ടക്കേണ്ടതാണ്."

ഇത്രയുമാണ് 29-ാം വകുപ്പ്. മേൽ വിവരിച്ച ചട്ടങ്ങളിൽ പറയുന്ന സംഗതികൾ, സാരാംശത്തിൽ കൈകാര്യം ചെയ്യപ്പെട്ടുന്നപക്ഷം, തഹശീൽദാർക്കോ

ആർ. ഡി. ഓ. യ്ക്കോ താങ്ങാനാവാത്ത ഭാരമായിത്തീരും. അല്ലെങ്കിൽ എല്ലാം പരിഗണിച്ചു എന്നു ഭാവിച്ചുകൊണ്ട് തോന്ന്യാസമായ ഉത്തരവെഴുതി കക്ഷിയുടെ മുഖത്തെറിയേണ്ടിവരും എന്നു് വിചാരിക്കാവുന്നതാണു്

## വകുപ്പ് 29 A

സുപ്രധാനമായ ചില നയങ്ങൾ ഉൾക്കൊള്ളുന്നതിനു വേണ്ടി 1969-ലെ ഭേദഗതി നിയമം എഴുതിച്ചേർത്ത ഒരു പുതിയ വകുപ്പാണിതു്. അതിൻെറ ഉള്ളടക്കം തന്നെ ഉദ്ദേശത്തെ സ്വയം പ്രകാശിപ്പിക്കുന്നതാണു്.

**ഉപവകുപ്പ്** 1 "ഒരു ഭൂമിയെസംബന്ധിച്ചു്, കുടിയാനെന്നവകാശപ്പെടുന്ന ഒരാൾ റിക്കാർഡ് ഓഫ് റൈററ്സ് തയ്യാറാക്കാൻ അപേക്ഷ ബോധിപ്പിച്ചിരിക്കുകയോ, മര്യാദപ്പാട്ടം നിശ്ചയിച്ചു കിട്ടുവാൻ ഹർജി കൊടുത്തിരിക്കുകയോ ചെയ്യുമ്പോഴും, ഭൂമിയുടെ ഉടമാവകാശവും മററവകാശങ്ങളും ഭൂവുടമയിൽ നിന്നോ, മദ്ധ്യവർത്തികളിൽ നിന്നോ വിലയ്ക്കു വാങ്ങുന്നതിനു് അപേക്ഷ കൊടുത്തിരിക്കുമ്പോഴും, ആ അപേക്ഷക്കക്ഷിയും മററൊരാളും തമ്മിൽ അതിൽപ്പെട്ട വസ്തുവിൻെറ കൈവശത്തെപ്പററി തക്കമുണ്ടെന്ന അടിസ്ഥാനത്തിൽ 1898-ലെ ക്രിമിനൽ പ്രൊസീഡീയർ കോഡിൻെറ 12-ാം അദ്ധ്യായത്തിലെ വ്യവസ്ഥകളനുസരിച്ചു് ആ വസ്തുവിന്മേൽ ഒരു മജിസ്ട്രേട്ടിനും തൻെറ അധികാരം വിനിയോഗിച്ചുകൂടാത്തതാകുന്നു."

**ഉപവകുപ്പ്** 2 "ഒരു വസ്തുവിനെ സംബന്ധിച്ചു് മര്യാദപ്പാട്ടം നിശ്ചയിച്ചുകിട്ടാനുള്ള ഹർജി നിലവിലിരിക്കേ,

ആ ഭൂമി സംബന്ധിച്ച് ക്രിമിനൽ പ്രൊസീഡിയർ കോഡിന്റെ 12–ാം അദ്ധ്യായമനുസരിച്ചുള്ള നടപടികൾ നടത്തി, ജന്മിയ്ക്കു് വസ്തു കൈവശം കൊടുത്തു പോയിട്ടുള്ള പക്ഷം; ആ, വസ്തുവെസംബന്ധിച്ച് കൈവശാവകാശം സ്ഥാപിച്ചു കിട്ടുന്നതിനുള്ള ഒരു സിവിൽ വ്യവഹാരം, കേരളാ ഭൂപരിഷ്കരണ നിയമ ബിൽ, 1968–ൽ ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതിയിൽ വിചാരണയിലിരുന്നു എങ്കിൽ, മദ്ധ്യാദപ്പാട്ടം നിശ്ചയിക്കാൻ അപേക്ഷ കൊടുത്ത ആളിനും അയാളുടെ അവകാശ പിൻഗാമിയ്ക്കും, ക്രിമിനൽ പ്രൊസീഡീയർ കോഡിന്റെ 12–ാം വകുപ്പു ഗണ്യമാക്കാതെ താഴെപ്പറയുന്ന അവകാശങ്ങളുണ്ടായിരിക്കുന്നതാണു്.

a) യഥാർത്ഥ കൈവശം ആ തീയതിയിൽ അയാളിലാണെങ്കിൽ സിവിൽ കേസിലെ അവസാനതീർച്ചയ്ക്കു് വിധേയമായി വസ്തു കൈവശം അയാൾക്കു് തുടരാവുന്നതാണു്,

b) ആ തീയതിയിൽ അയാൾക്കു് കൈവശമില്ലാത്ത പക്ഷം ഉടനടി കൈവശം എടുത്തു കിട്ടുന്നതിനും സിവിൽ വ്യവഹാരത്തിന്റെ അവസാന തീർച്ചവരെ പ്രസ്തുത കൈവശം തുടരുന്നതിനും അയാൾക്കവകാശം ഉണ്ടായിരിക്കും.

**ഉപവകുപ്പ് 3** "രണ്ടാം ഉപവകുപ്പനുസരിച്ചു കൈവശം വീണ്ടുകിട്ടുവാൻ അവകാശമുള്ള ഒരാൾക്കു് അതിനുവേണ്ടിയുള്ള ഒരപേക്ഷ 1959 ലെ ഭൂപരിഷ്ക്കരണ ഭേദഗതി നിയമം നടപ്പിൽവന്നു് ആറു മാസത്തിനകം റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ ബോധിപ്പിക്കാവുന്നതാണു്."

**ഉപവകുപ്പ് 4** "മൂന്നാം ഉപവകുപ്പനുസരിച്ചുള്ള അപേക്ഷ കിട്ടിയാൽ, അപേക്ഷയെസംബന്ധിച്ച്, ആവശ്യമായ അന്വേഷണം ആർ. ഡി. ഓ. നടത്തേണ്ടതും, വസ്തു തിരിയെക്കിട്ടുവാൻ അപേക്ഷകക്ഷിക്കവകാശമുണ്ടെന്നു കണ്ടാൽ മുപ്പതു ദിവസത്തിനകം അയാൾക്കു് വസ്തു വിട്ടുകൊടുക്കണമെന്നു കാണിച്ചു് വസ്തുവിലെ കൈവശക്കാരനു് ഉത്തരവു കൊടുക്കുവാൻ ആർ. ഡി. ഓ. യ്ക്കു് ചുമതലയുണ്ടായിരിക്കുന്നതുമാണു്.

ഇപ്രകാരമുള്ള ഉത്തരവു്, ഭൂമി കൈവശം വച്ചിരിക്കുന്നയാളിന്റെ വാദമുഖങ്ങളുന്നയിക്കുന്നതിനു് അയാൾക്കൊരവസരം നൽകിയതിനുശേഷമേ പാസ്സാക്കാൻ പാടുള്ളൂ.

**ഉപവകുപ്പ് 5** "ഉപവകുപ്പു് 4 അനുസരിച്ചു് പാസ്സാക്കുന്ന ഉത്തരവ് നടത്തേണ്ടതു് റൂളുകളിൽ നിർദ്ദേശിക്കുന്ന വിധത്തിലായിരിക്കണം."

**ഉപവകുപ്പ് 6** "റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവിൽ ആക്ഷേപമുള്ളവർക്കു്, ഉത്തരവു കൈപ്പററി മുപ്പതു ദിവസങ്ങൾക്കകം കളക്ടർ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും, കളക്ടരുടെ ഉത്തരവ് അവസാന തീർപ്പായിരിക്കുന്നതുമാണു്."

**ഉപവകുപ്പ് 7** "4-ാം ഉപവകുപ്പിൻ പടിയുള്ള ഉത്തരവ് അനുസരിക്കപ്പെടാതിരിക്കുകയോ, അതിന്മേൽ അപ്പീൽ യഥാവിധി ഫയൽ ചെയ്യാതിരിക്കുകയോ,

അപ്പീൽ ഫയൽ ചെയ്ത് അതു തള്ളപ്പെട്ട പോവുകയോ ആണ് സംഭവിച്ചിട്ടുള്ളതെങ്കിൽ, ഭൂമി അപേക്ഷക്കാരന് കൈവശമെടുത്തു കൊടുക്കാനും, അതിവേണ്ടി വസ്തു കൈവശം കൊടുക്കാൻ വിസമ്മതിക്കുന്നവരെ നീക്കംചെയ്യുവാനുംകൂടി ആർ.ഡി. ഓ. ക്ക് ചുമതലയും അധികാരവും ഉണ്ടായിരിക്കുന്നതാണ്."

## വകുപ്പ് 29 B

ഇതും 1969–ലെ ഭേദഗതി നിയമം നൂതനമായി കൂട്ടിച്ചേർത്തിട്ടുള്ളതാണ്.

**ഉപവകുപ്പ് 1** "ഒരു ഭൂമിയുടെ കൈവശ കുടിയാനെന്ന വകാശപ്പെടുന്ന ഒരാൾ, വസ്തുവിൽ കൃഷി ചെയ്യുന്നതിനു തടയപ്പെടുന്നപക്ഷം, തനിക്ക് ആ ഭൂമി കൃഷി ചെയ്യാൻ അവകാശമുണ്ടെന്നു കാണിച്ച് ഒരുത്തരവ് പുറപ്പെടുവിക്കുവാൻ ആ താലൂക്കിലെ തഹശീൽദാർ മുമ്പാകെ അപേക്ഷിക്കുവാൻ അയാൾക്കവകാശമുണ്ടായിരിക്കുന്നതാണ്."

**ഉപവകുപ്പ് 2** "ഒന്നാം ഉപവകുപ്പനുസരിച്ച് ഒരപേക്ഷ ലഭിച്ചാൽ, യുക്തമായ അന്വേഷണങ്ങൾ നടത്തിയതിനു ശേഷവും, എതിർകക്ഷിക്ക് നോട്ടീസു കൊടുത്തശേഷവും അപേക്ഷകക്ഷിക്ക് ആ വസ്തു കൃഷിചെയ്യാൻ അവകാശമുണ്ടോ എന്ന് തീരുമാനിക്കുന്ന ഉത്തരവു പുറപ്പെടുവിക്കുവാൻ, തഹശീൽദാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. അപേക്ഷകക്ഷിക്ക് വസ്തു കൃഷി ചെയ്യാൻ അവകാശമുണ്ടെന്നാണ് തീരുമാനിക്കപ്പെടുന്നതെങ്കിൽ,

അയാൾക്കു കൈവശമില്ലാത്തപക്ഷം, തഹശീൽദാർതന്നെ അയാൾക്കു് വീണ്ടുകൈവശം ഏർപ്പെടുത്തേണ്ടതും, കൃഷി ചെയ്തുകൊള്ളുന്നതിനു് അയാൾക്കനുവാദം നൽകേണ്ടതു മാണു്,"

**ഉപവകുപ്പ് 3.** "ഒന്നാം ഉപവകുപ്പനുസരിച്ചുള്ള ഹജ്ജി യിൽ സംഗതമായ വസ്തുവെസംബന്ധിച്ച, അപേക്ഷയുടെശേഷം അതിലെ എതിർകക്ഷി ഒരു സിവിൽ വ്യവഹാരം ബോധിപ്പിച്ചിട്ടുള്ളപക്ഷം, ആ അപേക്ഷകക്ഷി വസ്തു കൃഷിചെയ്യുന്നതിനെ നിരോധിക്കുന്ന ഇഞ്ചംഗ്ഷൻ ഉത്തരവ് കോടതി പുറപ്പെടുവിക്കുവാൻ പാടില്ലാത്തതാണു്,"

സാരാംശത്തിൽ സിവിൽ കോടതികളുടെയും, ക്രിമിനൽ കോടതികളുടേയും അധികാരപരിധിയിൽ മാത്രം പെടുന്നതായ ചില വിചാരണ സംഗതികൾ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരുടെ കൈകളിലേക്കു് വിട്ടുകൊടുത്തു്, നീതി നിർവ്വഹണ രീതിയെ സമഗ്രമായി ലളിതമാക്കുന്നതിനുള്ള ആത്മാർത്ഥമായ ഒരു ശ്രമം ഈ വകുപ്പുകളിൽ കാണുന്നുണ്ടു്. അനുഭവത്തിൽ ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരെക്കാളും ലാഘവബുദ്ധിയോടുകൂടി, തോന്ന്യാസപ്രവർത്തനങ്ങൾ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർ നടത്തുന്ന ഉദാഹരണങ്ങളാണു് നാട്ടുകാർക്കു് സാധാരണ അനുഭവപ്പെടാറുള്ളതെന്നു് ഒരു സങ്കല്പമോ ആശങ്കയോ നാം സ്വീകരിച്ചാൽ, ഈ സദുദ്ദേശം എങ്ങനെ പരിണമിക്കും എന്ന സംഗതി, നാട്ടുകാരുടെ ആലോചനയ്ക്കു് വിടുന്നു.

മേൽവിവരിച്ച വകുപ്പുകളിലെ ഉദ്ദേശശുദ്ധി സാക്ഷാത്കരിക്കപ്പെടണമെന്നുണ്ടെങ്കിൽ, എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരുടെ ഉത്തരവാദിത്വത്തിന്റെ പ്രയോഗത്തിലുള്ള മാനദണ്ഡം വളരെയേറെ ഉയരേണ്ടിയിരിക്കുന്നു. ഇതിനോടനുബന്ധിച്ചുള്ള മേഖലകളിൽ നാട്ടിലുടനീളമുള്ള ജനകീയ ശക്തികൾക്ക് നിർണ്ണായകമായ നിയന്ത്രണശേഷി ഉണ്ടാകേണ്ടതും അത്യന്താപേക്ഷിതമാണ്, ഇതേപ്പറ്റിയുള്ള വിശദമായ ചർച്ച ഈ ഗ്രന്ഥത്തിന്റെ മറ്റൊരു ഭാഗത്തു ചേർക്കുന്നുണ്ട്.

## അദ്ധ്യായം. എട്ട്.

# ഭൂമിവീണ്ടെടുക്കൽ

ഭൂമി നേരിട്ട കൃഷിചെയ്യുവാൻ സൗകര്യമില്ലാത്തവരോ, അങ്ങനെ ചെയ്യേണ്ടആവശ്യമില്ലാത്തവരോ, കുടിയാനു് ഭൂമിവിട്ടുകൊടുത്തുവെങ്കിൽ, കുടിയാൻതന്നെ അതിൻെറ കൈവശത്തിൽ തുടർന്നുകൊള്ളട്ടെ എന്ന പൊതുനയത്തിൻെറ ആവിഷ്കരണമാണു് കുടിയായ്മസ്ഥിതയെസംബന്ധിക്കുന്നവകുപ്പുകളിൽ നാം കണ്ടതു്. കുടിയായ്മ സൃഷ്ടിക്കപ്പെട്ട മുൻകാലത്തു് ജന്മിയോ, കുടിയാനോ, പിൽക്കാലത്തു് ഇങ്ങനെയൊരു സംഭവവികാസം വരുമെന്നു് പ്രതീക്ഷിച്ചിരിക്കുകയില്ല. പിൽക്കാലത്തു് ഭൂമിയെ വീണ്ടെടുത്തുകൊള്ളാമെന്ന പ്രതീക്ഷയിലാകാം ജന്മി വസ്തുവെ, അന്യകൈവശത്തിൽ വിട്ടുകൊടുത്തിട്ടുള്ളതു്. അങ്ങനെയുള്ള പശ്ചാത്തലത്തിൽ, ജന്മിയെമുഴുവനായും നിരാധാരനാക്കുകയെന്നതും, സാമൂഹ്യനീതിക്കു് പൂർണ്ണമായുംയോജിക്കുന്ന ചിന്താഗതിയാവുകയില്ല. അതിനുവേണ്ടി, ഭാഗികമായി വസ്തു വീണ്ടെടുക്കുന്നതിനു് ജന്മിയെ അനുവദിക്കുന്നവ്യവസ്ഥകളും,ഭൂപരിഷ്കരണനിയമ നിർമ്മാണത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടു്.

ചെറുകിട കൈവശക്കാരൻ എന്നതലക്കെട്ടിൽ ഈ ഗ്രന്ഥത്തിൻെറ മറെറാരുഭാഗത്തു് പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങളുടെ വെളിച്ചത്തിൽ ജന്മിക്കു് ഭൂമിവീണ്ടെടുക്കുവാനുള്ള അവസരം ഇപ്പോഴേക്കും ഗണ്യമായി ചുരുങ്ങിപ്പോയിട്ടുണ്ടു് എന്നു് വിശദമാക്കുന്നുണ്ടു്. എന്നിരുന്നാൽക്കൂടി 1969–ലെ ഭേദഗതികൾക്കുശേഷവും ആക്ടിൽ ഈവിഷയത്തെസംബന്ധിച്ചു് നിലനിർത്തപ്പെട്ടിരിക്കുന്ന വകുപ്പുകളുടെപ്രതിപാദനം ഒഴിവാക്കാവുന്നതല്ല. അതുകൊണ്ടു് ആവിഷയത്തിലേക്കു കടക്കുകയാണു്.

1961ലെ കുഷികബന്ധനിയമത്തിൽ, ഭൂമി വീണ്ടെടുക്കലിനുള്ള ഉപാധികൾ വ്യവസ്ഥപ്പെടുത്തിയിരുന്നതു് പത്താംവകുപ്പിൽ മാത്രമായിട്ടായിരുന്നു. 13 ഉപവകുപ്പുകൾ അതിലുണ്ടായിരുന്നു. ജന്മി ഭൂമി വീണ്ടെടുത്താൽ അതിനെയഥാവിധി ഉപയോഗിക്കാത്തപക്ഷം, കുടിയാനു അതിനെതിരിച്ചുപിടിക്കാൻ സാദ്ധ്യമാവുന്ന വ്യവസ്ഥകൾ 11 മുതൽ 13 വരെ വകുപ്പുകളിലും ഉൾക്കൊള്ളിച്ചിരുന്നു.

1964ലെ ആക്ടിൽ, ഈ ചർച്ചയെ അല്പംകൂടിവികസിപ്പിച്ചു. ആക്ടിൻെറ 14 മുതൽ 25 വരെ വകുപ്പുകളിൽ ഇക്കാര്യങ്ങൾ വിശദപ്പെടുത്തിയിരുന്നു. 1969ലെ ഭേദഗതി നിയമത്തിൽ ഈ എല്ലാവകുപ്പുകളിലും സാരമായ ഭേദഗതികൾ വരുത്തി എന്നതിനുപുറമേ, 16 A, 25 A, 25 B എന്ന മൂന്നു പുതിയ വകുപ്പുകൾ കൂട്ടിച്ചേർക്കപ്പെട്ടിരിക്കുകയും ചെയ്യുന്നു. ഭേദഗതികളോടുകൂടി നിലവിൽ വന്നിരിക്കുന്ന 14 മുതൽ 25 B വരെയുള്ള വകുപ്പുകളുടെ ഉള്ളടക്കം ചുവടേ ചേർക്കുന്നു.

**വകുപ്പു് 14** ഈ വകുപ്പിൽ 1969ലെഭേദഗതി നിയമം യാതൊരുമാററവുംവരുത്തിയിട്ടില്ല. വകുപ്പ് ഇപ്രകാരമാണു്.

"ഒരു പൊതു ആരാധനാ സ്ഥലത്തിൻെറ സൗകര്യം വികസിപ്പിക്കുന്നതിനുവേണ്ടി, ഒരു കുടിയാൻെറ കൈവശമുള്ള ഭൂമിമുഴുവനേയുമോ അതിൻെറ ഒരു ഭാഗത്തേയോ ഒഴിപ്പിച്ചു വീണ്ടെടുക്കുവാൻ പ്രസ്തുത പൊതുആരാധനാ സ്ഥലത്തിൻെറ ഉടമയോ, ട്രസ്റ്റിയോ ആയ വ്യക്തിക്കു് അവകാശമുണ്ടായിരിക്കും. അങ്ങനെയുള്ള കാര്യത്തിനു് ഈ സ്ഥലം ആവശ്യമുള്ളതാണെന്നു് ആ ജില്ലയിലെ കളക്ടർ സർട്ടിഫിക്കററു് നൽകിയാൽമാത്രമേ ഈ അവകാശം നിലവിൽ വരികയുള്ളൂ".

**വകുപ്പ്** 15 പൊതു ആരാധനാസ്ഥലത്തിന്റെ ഉടമസ്ഥനോ, ട്രസ്റ്റിയോ, ഒരു സ്ഥാനിയോ അല്ലാതുള്ള ജന്മിയ്ക്ക്, താഴെപ്പറയുന്ന ഉപാധികളിൽ കുടിയാനിൽ നിന്നും ഭൂമി ഒഴിപ്പിച്ചുവീണ്ടെടുക്കാം. അയാൾക്ക് നിലമല്ലാത്ത ഭൂമി കൈവശം ഇല്ലാതിരിക്കുകയോ, അഥവാ ഉണ്ടെങ്കിൽ രണ്ടേക്കറിൽകവിയാത്ത ഭൂമിമാത്രമേയുള്ളൂഎന്നോ ആണെങ്കിലും അയാൾക്കോ അയാളുടെ കുടുംബത്തിലെ ഏതെങ്കിലും അംഗത്തിനോ, പാർക്കുന്നതിന് ഒരു കെട്ടിടം വയ്ക്കുന്നതിന് ഉത്തമ വിശ്വാസമായി ഭൂമി ആവശ്യമുണ്ടെങ്കിലും മാത്രം ഭൂമിവീണ്ടെടുക്കാവുന്നതാണ്. ഈ അവകാശത്തിന് ചില പരിധികളുണ്ട്. അതായത്:—

(1) ഒരാളിന്റെ ആവശ്യത്തിനുമാത്രമാണു ഭൂമിവീണ്ടെടുക്കുന്നതെങ്കിൽ, ഇരുപതുസെന്റിൽ കവിയാത്ത വിസ്തീർണ്ണമേ ഒഴിപ്പിക്കാവൂ.

(2) ഒന്നിൽകൂടുതൽ ആളുകളുടെ ആവശ്യത്തിനാണ് വീണ്ടെടുപ്പെങ്കിൽ, അൻപതുസെൻറിൽ കവിയാത്ത വിസ്തീർണ്ണം വീണ്ടെടുക്കാം.

എന്നാൽ ഇപ്രകാരം വീണ്ടെടുക്കുന്നതുമൂലം, ജന്മിയുടെ കൈവശത്തിൽ, നിലമല്ലാതുള്ള ഭൂമി, രണ്ടേക്കറിൽ കവിയാനോ കുടിയാന്റെ കൈവശം ശേഷിക്കുന്ന ഭൂമി അൻപതുസെൻറിൽ കുറയാനോ പാടില്ലാത്തതുമാണ്.

**വിശദീകരണം.** ഈ വകുപ്പിന്റേയും 16—ാം വകുപ്പിന്റേയും പരിധി നിർണ്ണയിക്കുന്നതിന് കുടുംബം എന്നതിന് താഴെപ്പറയുന്ന അർത്ഥവ്യാപ്തികൾ സ്വീകരിക്കേണ്ടതാണ്.

(1) ഒരു കൂട്ടുകുടുംബത്തെ പ്രതിനിധീകരിച്ചാണ് ജന്മി കുടിയായ്മ കൊടുത്തിട്ടുള്ളതെങ്കിൽ, കൂട്ടുകുടുംബ

ത്തിലെ ഏതൊരംഗവും കുടുംബാംഗമായി പരിഗണിക്കപ്പെടും.

(2) മറേറതുപരിതസ്ഥിതിയിലും ഭാര്യ, ഭർത്താവ് എന്നിവരും അല്ലെങ്കിൽ അവരിൽ ജീവിച്ചിരിപ്പുള്ള വ്യക്തി എന്നിവരും, ജന്മിയുടെ പിൻതുടർച്ചാവകാശികളിൽ എല്ലാവരും കുടുംബാംഗങ്ങളായി പരിഗണിക്കപ്പെടും.

1964 ലെ നിയമത്തിൽ, അഞ്ച് സ്റ്റാൻഡേർഡ് ഏക്കറിൽ കവിയാത്ത പുരയിടമാണ് ജന്മിക്കുള്ളതെങ്കിൽ, ഭൂമി വീണ്ടെടുക്കാൻ അവകാശമുണ്ടായിരിക്കും എന്നായിരുന്നു വ്യവസ്ഥ. ഇപ്പോൾ അത് രണ്ടേക്കറായി ചുരുക്കപ്പെട്ടിരിക്കുകയാണ്.

## വകുപ്പ് 16

16 മുതൽ 25 വരെയുള്ള വകുപ്പുകളാണ് സാധാരണ ഗതിയിലുള്ള കൃഷിഭൂമി വീണ്ടെടുക്കലിന്റെ പ്രശ്നം കൈകാര്യം ചെയ്യുന്നത്.

16–ാം വകുപ്പിൽ 1969 ലെ ഭേദഗതി നിയമം വിശദീകരണം II എന്ന ഒരു സുപ്രധാനമായ വിശദീകരണം കൂട്ടിച്ചേർത്തിട്ടുണ്ട്. വേറെ ഭേദഗതികൾ വരുത്തപ്പെട്ടിട്ടില്ല. നിലവിലുള്ള 16–ാം വകുപ്പ് രണ്ടു വിശദീകരണങ്ങൾ സഹിതം താഴെ വിവരിക്കുന്നു.

"സ്ഥാനി, പൊതു ആരാധനാസ്ഥലത്തിന്റെ ഉടമസ്ഥൻ അല്ലെങ്കിൽ ട്രസ്റ്റി എന്നിവരല്ലാത്ത ഒരു ജന്മി, അയാൾക്ക് നേരിട്ടു കൃഷിനടത്തുന്നതിനോ അയാളുടെ കുടുംബത്തിലെ അംഗത്തിന് കൃഷിനടത്തുന്നതിനോ വേണ്ടി കുടിയായ്മയിൽപ്പെട്ട ഭൂമി വേണമെന്ന് ഉത്തമവിശ്വാസമായി ഉദ്ദേശിക്കുന്നുവെങ്കിൽ, താഴെപ്പറയുന്ന വിധത്തിൽ, കുടിയാനിൽനിന്നും ഭൂമി വീണ്ടെടുക്കാവുന്നതാണ്".

കുടിയാന് പരമാവധി അനുവദനീയമായ വിസ്തീർണ്ണത്തിൽകവിഞ്ഞ ഭൂമി കൈവശമുള്ളപക്ഷം കുടിയാന്റെപ

ക്കൽ വീണ്ടെടുക്കൽമൂലം സീലിംഗ് ഏരിയ എന്നതിൽ കുറയാത്ത ഭൂമി ശേഷിക്കുമെന്നുണ്ടെങ്കിൽ കുടിയായ്മയിൽ പ്പെട്ട മുഴുവൻ ഭൂമിയേയും വീണ്ടെടുക്കാം. എന്നാൽ അങ്ങനെ വീണ്ടെടുക്കുന്ന ഭൂമികൂടിച്ചേർത്തു് ജന്മിയുടെ പക്കൽ സീലിംഗ് ഏരിയായിൽകവിഞ്ഞു് വിസ്തീർണ്ണംവരുമെന്നുണ്ടെങ്കിൽ, സീലിംഗ് ഏരിയ തികയ്ക്കുന്നതിനു വേണ്ടുന്ന വിസ്തീർണ്ണമേ, വീണ്ടെടുക്കാവൂ.

**വിശദീകരണം 1:–** ഈ വകുപ്പിൽ ജന്മിയുടെ, അല്ലെങ്കിൽ കുടിയാൻെറ കൈവശമുള്ള സീലിംഗ് ഏരിയാ എന്നതിനു്, പ്രസ്തുത വ്യക്തി ഒരു കുടുംബാംഗം എന്നതാണെങ്കിൽ അയാൾ ഉൾപ്പെടുന്ന കുടുംബത്തിൻെറ കൈവശമുള്ള ഭൂമി എത്രയാണെന്നുനോക്കി അർത്ഥവ്യാപ്തി നിർണ്ണയിക്കേണ്ടതാണു്.

**വിശദീകരണം 2:–**(1969-ൽ കൂട്ടിച്ചേർക്കപ്പെട്ടതു്) എൺപത്തിരണ്ടാം വകുപ്പിൽ വിവരിച്ചിട്ടുള്ള മാനദണ്ഡമാണു് സീലിംഗ് ഏരിയായുടെ നിർണ്ണയത്തിനു ഈ വകുപ്പിനും 16 A വകുപ്പിനും സ്വീകരിക്കേണ്ടതു്. ഗവൺമെൻറു നിശ്ചയിച്ചു പ്രഖ്യാപിക്കുന്ന തീയതി മുതൽ ഒാറിപ്രകാരവും, സീലിംഗ്. ഏരിയായിൽകവിഞ്ഞുള്ള ഭൂമി ഒരുവ്യക്തിയും കൈവശംവയ്ക്കാൻപാടില്ലഎന്നു് 83-ാം വകുപ്പിലെ വ്യവസ്ഥപ്രകാരം നിശ്ചയിക്കപ്പെടുന്ന തീയതിയിൽ അഥവാ അങ്ങനെയൊരുതീയതിനിശ്ചയിക്കപ്പെട്ടിട്ടില്ലാത്തപക്ഷം, ഭൂമി വീണ്ടെടുക്കുന്നതിനു് ഹർജിബോധിപ്പിക്കപ്പെട്ട തീയതിയിൽ എന്നിവയുടെ അടിസ്ഥാനത്തിൽ വേണം, സീലിംഗ് ഏരിയാ ഈ വകുപ്പിൻെറയും 16 എ. വകുപ്പിൻെറയും കാര്യങ്ങൾക്കു് കണക്കാക്കപ്പെടേണ്ടതു്.

82–ാം വകുപ്പുപ്രകാരം 'സീലിംഗ് ഏരിയാ' വ്യവസ്ഥചെയ്യുന്നതിൽ വിപ്ലവപരമായ മാററങ്ങൾ 1969-ലെ

ഭേദഗതി നിയമം വരുത്തിയിട്ടുണ്ട് എന്നുകൂടി ഇത്തരുണത്തിൽ ഓർമ്മിപ്പിക്കുന്നു. അതേസംബന്ധിച്ച ചർച്ച പിറകേ നടത്തുന്നുണ്ട്.

## വകുപ്പ് 16.A. (1969ലെ ഭേദഗതി നിയമം നൂതനമായി ചേർത്തതു്.)

**ഉപവകുപ്പ്.1** "സ്ഥാനി, പൊതുആരാധനാ സ്ഥലത്തിന്റെ ഉടമസ്ഥൻ, അല്ലെങ്കിൽ ട്രസ്റ്റി എന്നിവരല്ലാതെ ഉള്ള ഒരു ചെറുകിടക്കാരൻ, ഈ നിയമത്തിന്റെ 17–18 എന്നീവകുപ്പുകളിലെ വ്യവസ്ഥകളെ ഗണ്യമാക്കാതെതന്നെ, തന്റെ കുടിയാന്റെ കൈവശം മൊത്തത്തിൽ, സീലിംഗ് ഏരിയായിൽ കവിഞ്ഞഭൂമി ഉള്ളപക്ഷം, വീണ്ടെടുക്കുന്നതുൾപ്പെടെ തനിക്കു് (ജന്മിക്കു്) അഞ്ചേക്കറിൽ കവിയാത്തവണ്ണവും, കുടിയാന്റെ പക്കൽ സീലിംഗ് ഏരിയായിൽ കുറയാത്തവിധവും കുടിയായ്മ ഭൂമി മുഴവനായും വീണ്ടെടുക്കുവാൻ അർഹനായിരിക്കും. എന്നാൽ കുടിയാൻ പട്ടികജാതിയിലോ' പട്ടികവർഗ്ഗത്തിലോപെട്ടയാളാണ് എന്നുവരികിൽ, ചെറുകിടക്കാരനായ ജന്മിക്കു് ഈവകുപ്പിലെ വ്യവസ്ഥപ്രകാരം ഭൂമിവീണ്ടെടുക്കുവാൻ അവകാശം നിഷേധിക്കപ്പെട്ടുന്നതാണ്."

**വിശദീകരണം 1**:–"കുടിയാന്റെ കൈവശമുള്ള സീലിംഗ് ഏരിയാ കണക്കാക്കുന്നതിൽ, അയാൾ ഒരു കുടുംബത്തിലെ അംഗമെന്ന അടിസ്ഥാനം സ്വീകരിക്കേണ്ടി വന്നാൽ, അയാൾ ഉൾപ്പെട്ടുന്ന കുടുംബത്തിന്റെ കൈവശമുള്ള ഭൂമിയെമുഴവനും കണക്കിലെടുക്കേണ്ടതാണ്."

**വിശദീകരണം II**"16A-18 എന്നീ വകുപ്പുകളുടെ വ്യാപ്തിക്കുവേണ്ടി, പട്ടികജാതി, പട്ടികവർഗ്ഗം എന്നീപദങ്ങൾക്കു്, 1950–ലെ ഭരണഘടനാ(പട്ടികജാതീപട്ടികവർഗ്ഗം) ഓർഡർ എന്നതിൽ നിർവ്വചിച്ചിട്ടുള്ള അർത്ഥം നൽകേണ്ടതാണ്."

**ഉപവകുപ്പ് 2:** "ഒന്നാം ഉപവകുപ്പിന്റെ പരിധിയിൽ ഭൂമിവീണ്ടെടുക്കുവാനുള്ള ഹർജി, 1969-ലെ ഭേദഗതിനിയമം നടപ്പിൽവന്ന് ആറുമാസത്തിനകം ഫയൽചെയ്യേണ്ടതാണ്."

**ഉപവകുപ്പ് 3.:** "പരമാവധി വിസ്തീർണ്ണത്തിൽ കവിഞ്ഞുള്ള ഭൂമി കൈവശംവച്ചിരിക്കുന്ന കുടിയാനിൽനിന്നും ഭൂമി വീണ്ടെടുക്കുവാൻ അപേക്ഷിക്കുന്ന ചെറുകിടക്കാരുടെ എണ്ണം ഒന്നിലധികമാണെങ്കിൽ, വീണ്ടെടുപ്പിനു വിധേയമാക്കാവുന്ന ഭൂമിയെ, ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളേയും പരിഗണിച്ചുകൊണ്ട്, എല്ലാ അപേക്ഷകർക്കും, വിഹിതമനുസരിച്ച് വീണ്ടെടുത്തുകൊള്ളുവാൻമാത്രം അനുവദിക്കേണ്ടതാണ്."

**വകുപ്പ് 17:** ഭൂപരിധിയെ സംബന്ധിച്ച് വരുത്തിയിരിക്കുന്ന ഭേദഗതികളുടെ അടിസ്ഥാനത്തിൽ ചില മാററങ്ങൾ ഈ വകുപ്പിൽ വരുത്തിയിട്ടുണ്ട്. സീലിംഗ് ഏരിയായിൽ കുറവായ ഭൂമി കൈവശം ഉള്ള കുടിയാന്മാരിൽ നിന്നുമുള്ള വീണ്ടെടുപ്പാണ് ഈ വകുപ്പിലെ പ്രതിപാദ്യം. അതു് ഇപ്പോൾ കാണുന്നവിധം താഴെ കൊടുക്കുന്നു.

16-ാം വകുപ്പിലെ വ്യവസ്ഥകളുമായി ബന്ധപ്പെടുത്താതെ ഒരു ചെറുകിടക്കാരനു്, അയാളുടെ കുടിയാനിൽ നിന്നും, കുടിയായ്മഭൂമിയുടെ ഒന്നു പാതിയിൽ കവിയാത്ത ഭൂമി ഒഴിപ്പിച്ചെടുക്കാവുന്നതാണ്. അതിനുള്ള ഉപാധികൾ:

(1) അപ്രകാരം വീണ്ടെടുക്കുന്നതു കൂടിചേർത്ത്, ചെറുകിടക്കാരന്റെ കൈവശം, രണ്ടര സ്റ്റാൻഡേർഡ് ഏക്കർ അല്ലെങ്കിൽ അഞ്ച് ഏക്കർ, ഇതിൽ ഏതാണോ കൂടുതൽ അതു്, എന്നതിൽകവിഞ്ഞു് ഭൂമിവന്നുചേരാവുന്നതല്ല-

(1964 ലെ വ്യവസ്ഥ നാലു സ്റ്റാൻഡേർഡ് ഏക്കർ അല്ലെങ്കിൽ നാലുഏക്കർ എന്നതിൽ ഏതാണോ കൂടുതൽ, അതു കവിയരുതു് എന്നായിരുന്നു.)

2) കൂടാതെ, 1961 ജനുവരി 21-ാംനയ്ക്കു് തൊട്ടു മുമ്പ് നിലവിലിരുന്ന ഏതുതെങ്കിലും നിയമമനുസരിച്ചു് കുടിയായ്മ സ്ഥിരതയ്ക്കു് അർഹനായിരുന്ന കുടിയാനിൽ നിന്നും, ഒട്ടും ഭൂമി വീണ്ടെടുക്കാവുന്നതുമല്ല".

1957ലെ ഭൂപരിഷ്കരണനിയമത്തിൽ സ്ഥിരതയ്ക്കു് വ്യവസ്ഥചെയ്യപ്പെട്ടിരുന്നകുടിയായ്മകൾക്കു് മാത്രമാണു് ഈ പരിരക്ഷലഭിക്കുന്നതെന്നും, മുമ്പ് വിവരിച്ചതുപോലെ 1961ൽ കഷകബന്ധനിയമത്തിനു പകരം ഭൂപരിഷ്ക്കരണനിയമമബിൽ അവതരിപ്പിച്ചതു മുതൽ "നൂതനമായ പല ഇടപാടുകളും കുടിയായ്മയുടെ പരിധിയിൽ വന്നിട്ടുണ്ടു് എന്നും ഇത്തരുണത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഇങ്ങനെ നൂതനമായിചേർക്കപ്പെട്ട കുടിയായ്മകളിൽ നിന്നും ഭാഗികമായി ഭൂമി വീണ്ടെടുക്കാം എന്നും, മുമ്പത്തെ ധാരണയിൽ കുടിയായ്മയെന്നു് പരിഗണിക്കപ്പെട്ടിരുന്നവയിൽനിന്നും, ഒട്ടുംതന്നെ വീണ്ടെടുക്കത്തക്കതല്ലെന്നുമാണു് ഗ്രഹിക്കേണ്ടിയിരിക്കുന്നതു്. ചെറുകിടകൈവശക്കാരൻ എന്നപേരിലുള്ള അദ്ധ്യായത്തിലെ ചർച്ചകളെക്കൂടി ഈ സന്ദർഭത്തിൽ മനസ്സിൽ വയ്ക്കുന്നതു് ഈ വിഷയത്തിൻെറ ശരിയായരൂപം ലഭിക്കുന്നതിനു് അത്യാവശ്യമാണെന്നു് ഒന്നുകൂടിഓർമ്മിപ്പിക്കുന്നു.

**വകുപ്പ് 18** ഈവകുപ്പിലും ചിലവ്യതിയാനങ്ങൾ 1969ലെ ഭേദഗതി നിയമംവരുത്തിയിട്ടുണ്ടു്. അനുഭവത്തിലൂടെവന്ന പ്രായോഗിക വൈഷമ്യങ്ങൾക്കു് പരിഹാരം കാണുന്നതിനാണു് ഈ വ്യതിയാനങ്ങൾ. 14 മുതൽ 17വരെ വകുപ്പുകളിൽ അനുവദിച്ച വീണ്ടെടുക്കലിനു്

PUBLIC LIBRARY KOTTAYAM.

മററുചില നിയന്ത്രണങ്ങളും പരിരക്ഷകളും ഏർപ്പെടുത്തുകയാണ് 1964ലെയും 1969ലെയും 18-ാം വകുപ്പ് ചെയ്തിട്ടുള്ളതു്. ഇപ്പോൾ വകുപ്പ് താഴെകാണും പ്രകാരമാണ്.

"14-15-16-17, എന്നീവകുപ്പുകൾ പ്രകാരമുള്ള വീണ്ടെടുക്കൽ, താഴെകാണുന്ന വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും കൂടിവിധേയമായിരിക്കുന്നതാണ്.

(1) ഈ നിയമം നടപ്പിൽ വരുന്നസമയത്തു് നിലവിലുള്ള കുടിയായ്മകളെ സംബന്ധിച്ച്. നിയമം നടപ്പിൽവന്ന് ഒരുകൊല്ലം കഴിഞ്ഞാൽ, വീണ്ടെടുക്കലിനുള്ള ഹർജി സ്വീകാര്യമല്ല. എന്നാൽ, ജന്മി, ഒരുമൈനർ, ബുദ്ധിസ്ഥിരതയില്ലാത്തയാൾ, സായുധസേനയിലെ അംഗമോ നാവികനോ ആയുള്ളവ്യക്തി, സായുധസേനാംഗമോ, നാവികനോ ആയുള്ളയാളിൻെറ പിൻതുടർച്ചാവകാശി, എന്നിതുകളിൽ ആരെങ്കിലുമാണെങ്കിൽ, ഭൂമിവീണ്ടെടുക്കാനുള്ള അപേക്ഷ, 1969 ലെ ഭേദഗതി നിയമം നടപ്പിൽ വന്ന് ആറുമാസത്തിനകം ഫയൽചെയ്യാവുന്നതാണ്. നാവികൻ, അല്ലെങ്കിൽ, സായുധസേനാംഗം, അവരുടെ പിൻതുടർച്ചാവകാശി എന്നിവർക്ക് കൂടുതലായി ഒരാനുകൂല്യം കൂടിഅനുവദനീയമാണ്. അതായതു്, 6മാസം കഴിഞ്ഞുപോയാലും, 72-ാംവകുപ്പനുസരിച്ചുള്ള തീയതിഗവൺമെൻറു നിശ്ചയിച്ച് വിജ്ഞാപനം ചെയ്യുന്നതിനുമുമ്പ് ഏതുദിവസവും ഹർജിഫയൽ ചെയ്യാവുന്നതാണ്. വകുപ്പിൽ ഈ ആനുകൂല്യം പറഞ്ഞിട്ടുണ്ടെങ്കിലും 72-ാംവകുപ്പനുസരിച്ചുള്ള പ്രഖ്യാപനം ഗവൺമെൻറ് പുറപ്പെടുവിച്ചുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഈപരിരക്ഷ സംഗതമല്ലാതായിക്കഴിഞ്ഞിട്ടുണ്ട്.

1964 ലെ ആക്ടിൽ, നിയമപരമായ അയോഗ്യതകൾ എന്ന് മേൽവിവരിച്ച പരാധീനതകൾ നീങ്ങികഴിഞ്ഞു്

ഒരുകൊല്ലത്തിനകം അപേക്ഷിക്കാവുന്നതാണ് എന്നായിരുന്നുവ്യവസ്ഥ.

(2) "ഭൂമി വീണ്ടെടുക്കലിനുള്ള അവകാശം ഒരിക്കൽ മാത്രമേ ഉണ്ടായിക്കാവുള്ളു. വീണ്ടെടുക്കൽ അനുവദിക്കുമ്പോൾ, ഒരു കാർഷിക സംവത്സരത്തിന്റെ അവസാനം മാത്രമേ അതു നടപ്പിൽ വരുത്താവൂ"

(2) "ഒരു കുടിയിരുപ്പ് വീണ്ടെടുപ്പിനു വിധേയമാക്കപ്പെടാവുന്നതല്ല"

(3) (1969 ലെ ഭേദഗതി നിയമത്തിൽ കൂട്ടിച്ചേർത്തതു്) "പട്ടികജ്ജാതിയിലോ, പട്ടിക വർഗ്ഗത്തിലോപെട്ട ഒരു അംഗത്തിന്റെ കൈവശമുള്ള ഭൂമി വീണ്ടെടുക്കലിനു് വിധേയമാക്കപ്പെടാവുന്നതല്ല".

**വകുപ്പ് 19** 1964 ലെ നിയമത്തിലെ 19-ാം വകുപ്പിനെ പാടേ റദ്ദുചെയ്തിട്ട് പുതിയ വകുപ്പ് എഴുതിച്ചേർക്കപ്പെട്ടിരിക്കുകയാണിപ്പോൾ. നിലവിൽ വന്നിട്ടുള്ള വകുപ്പ് താഴെച്ചേർക്കുന്നു.

"രണ്ടാം വകുപ്പിന്റെ 44-ാമതു വിഭാഗത്തിലെ C ഉപവകുപ്പിൽ വിവക്ഷിക്കുന്ന വിധമുള്ള ഭൂമി (അതായതു്, തോട്ടങ്ങളുടെ നട്ടുവിലായി കിടക്കുന്നതും, തോട്ടത്തിന്റെ കാര്യക്ഷമമായ സംരക്ഷണത്തിനു് ആവശ്യമുള്ളതുമായ കൃഷിഭൂമി), തോട്ടത്തിന്റെ ന്യായയുക്തമായ ഉപയോഗത്തിനു് ആവശ്യമായതാണെന്നു് ലാൻഡ് ബോർഡിനു തോന്നുന്നപക്ഷം ആയതു്വീണ്ടെടുക്കുവാൻ ജന്മിയ്ക്കു് അവകാശമുണ്ടായിരിക്കുന്നതാണു്. ഇങ്ങനെ അനുവദിക്കുന്നതു്, കുടിയായ്മയെ സംബന്ധിക്കുന്ന കരാറിൽ ഏതെങ്കിലും ക്ലിപ്തകാലാവധി പറഞ്ഞിട്ടുണ്ടെങ്കിൽ, അതു കഴിഞ്ഞും, ഏതു പരിതസ്ഥിതിയിലും ഒരു കാർഷിക സംവത്സരത്തിന്റെ അവസാനത്തിലും മാത്രമേ, പാടുള്ളൂ.

**വകുപ്പ് 20** "ഈ വകുപ്പിൽ രണ്ടു ഉപവകുപ്പുകളുണ്ടു്. ഒന്നാം ഉപവകുപ്പ് 1969 ലെ ഭേദഗതി നിയമത്തിൽ മാററിയെഴുതപ്പെട്ടിരിക്കുന്നു. നിലവിലുള്ള വകുപ്പ് താഴെക്കൊടുക്കുന്നു."

**ഉപവകുപ്പ് 1.** "ഈ നിയമപ്രകാരം ഒരു കുടിയാനിൽനിന്നും വസ്തു വീണ്ടെടുക്കുന്ന സാഹചര്യത്തിൽ കുടിയാനു് താഴെപ്പറയുന്ന പരിഹാരങ്ങൾക്കു് അവകാശമുണ്ടായിരിക്കും.

1) അയാൾ ചെയ്തിട്ടുള്ള ദേഹണ്ഡങ്ങളുടെ വില.

**അല്ലെങ്കിൽ**

(2) രണ്ടു കൊല്ലം, പ്രസ്തുത ഭൂമിയിൽനിന്നും ലഭിക്കാവുന്ന മൊത്തം ആദായത്തിന്റെ തുക, ഇതിൽ ഏതാണോ കൂടുതൽ, അതു്.

1964 ലെ നിയമത്തിൽ, ദേഹണ്ഡങ്ങൾ എന്നതിനു പുറമേ, ഒരു കൊല്ലത്തെ പാട്ടത്തിനു തുല്യമായ തുക എന്നായിരുന്നു വ്യവസ്ഥ. പുതിയ ഭേദഗതി; ജന്മിക്കു് കൂടുതൽ ഗുണകരമാണു് എന്നു് കാണാം.

**ഉപവകുപ്പ് 2.** "ദേഹണ്ഡം എന്നതു് 1958 ലെ കുടിയാൻ ദേഹണ്ഡപ്രതിഫലനിയമം എന്നതിന്റെ വ്യവസ്ഥകളനുസരിച്ചു് തിട്ടപ്പെടുത്തേണ്ടതാണു്."

**വകുപ്പ് 21.** 1969 ലെ ഭേദഗതി നിയമം 21–ാം വകുപ്പിനു് യാതൊരു മാററവും വരുത്തിയിട്ടില്ല. വകുപ്പ് ഇപ്രകാരമാണു്.

"ഒരു കുടിയാന്റെ സംബന്ധിച്ചു്, ഒന്നിലധികം ജന്മിമാരുണ്ടെന്നുവന്നാൽ, താഴെക്കാണുന്ന മുൻഗണനാക്രമം അനുസരിച്ചുമാത്രമേ, വീണ്ടെടുക്കൽ അനുവദിക്കാൻപാടുള്ളു.

(a) ചെറുകിട കൈവശക്കാരൻ

(b) 1961 ജനുവരി 21-ാംതീയതിക്കുതൊട്ടുമുമ്പ്, അപ്പോൾ നിലവിലിരുന്ന ഏതെങ്കിലും നിയമപ്രകാരം, കൈവശഭൂമിയിൽ കുടിയായ്മയ്ക്ക് അവകാശമുണ്ടായിരുന്നതും, ചെറുകിടക്കാരനല്ലാത്തതുമായ ആൾ.

(c) aയിലും bയിലും പെടാത്തകാണക്കാരൻ

(d) ചെറുകിടക്കാരനല്ലാത്ത ഭൂഉടമ.

ഒന്നിലധികം ജന്മിമാർ, മേൽകാണിച്ചിട്ടുള്ളതിൽ ഒരേതരത്തിൽപ്പെട്ടവരായി വന്നാൽ, കുടിയായ്മയുടെ സമീപമുള്ളജന്മിക്കു് അകലെയുള്ള ജന്മിയേക്കാൾ മുൻഗണന നൽകേണ്ടതാണ്."

**വകുപ്പ് 22** "എട്ടു ഉപവകുപ്പുകളുള്ള ഈ വകുപ്പിലെ, നാലാംവകുപ്പും ഏഴാംവകുപ്പും, 1969ലെഭേദഗതിനിയമം മാററിയെഴുതിച്ചേർത്തിരിക്കുന്നു. ഒന്നാംവകുപ്പിനു് ഒരുവിശദീകരണവും നൂതനമായിചേർക്കപ്പെട്ടിട്ടുണ്ടു്.

**ഉപവകുപ്പ് 1:-** "ഭൂമി വീണ്ടെടുക്കണമെന്നു് ഉദ്ദേശിക്കുന്ന ജന്മി. കുടിയായ്മവസ്തു സ്ഥിതി ചെയ്യുന്ന സ്ഥലത്തു് അധികാര പരിധിയുള്ള ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷ ബോധിപ്പിക്കേണ്ടതാണ്. അപേക്ഷയുടെ രൂപവും ഉള്ളടക്കവും റൂളുകളിൽ നിജപ്പെടുത്തിയ വിധത്തിലായിരിക്കണം".

**വിശദീകരണം:-** "ഈ ഉപവകുപ്പിൻെറ പരിധിയിൽ, "ജന്മി" എന്നതിൽ, 13-ാം വകുപ്പിൻെറ രണ്ടാം ഉപവകുപ്പിലെ (i) (ii) എന്നീ ഖണ്ഡികകളിൽ വിവരിച്ചിട്ടുള്ള ജന്മിയും ഉൾപ്പെടുന്നതാണ്. (സായുധസേനാംഗങ്ങൾ, നാവികർ എന്നിവരും അവരുടെ പിൻഗാമികളും".)

**ഉപവകുപ്പ് 2:-** "ലാൻഡ് ട്രൈബ്യൂണൽ, ഹർജിയിന്മേൽ യഥാവിധി വിചാരണ നടത്തേണ്ടതും, നിയ

നുസരണമുള്ള ഉത്തരവുകൾ പാസ്സാക്കേണ്ടതുമാണ്. വീണ്ടെടുക്കലാണ് അനുവദിക്കുന്നതെങ്കിൽ ഉത്തരവിൽ നിജപ്പെടുത്തേണ്ട വിവരങ്ങൾ, വീണ്ടെടുക്കാനുള്ള ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും, ബാക്കി ശേഷിക്കുന്ന ഭൂമിയുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് കൊടുക്കേണ്ടുന്ന വാട്ടവും, റൂളുകളിൽ നിർദ്ദേശിക്കുന്ന മററു കാര്യങ്ങളും ആണ്. വീണ്ടെടുക്കൽ കൊണ്ടുബാധിക്കപ്പെടുന്ന കുടിയാൻ, മദ്ധ്യവർത്തികൾ എന്നിവർക്ക്, ചെല്ലേണ്ട സംഖ്യകൾ ജന്മികൊടുത്തു തീർക്കേണ്ട ഗഡുകളും, രീതിയും കൂടി ഉത്തരവിൽ നിജപ്പെടുത്തുകയും വേണം".

**ഉപവകുപ്പ് 3 :-** "തക്കതായ കാരണമുണ്ടെന്നു കണ്ടാൽ, രണ്ടാം ഉപവകുപ്പിൽ വിവരിച്ച വിധം തുക കെട്ടിവയ്ക്കുന്നതിന് കൂടുതൽ കാലാവധി അനുവദിക്കുന്നതിനും ലാൻഡ് ട്രൈബ്യൂണലിന് അധികാരമുണ്ടായിരിക്കും".

**ഉപവകുപ്പ്** 4 "വീണ്ടെടുക്കൽഅനുവദിക്കുമ്പോൾ തൻെറ കൈവശം ശേഷിപ്പിക്കേണ്ടതു് ഏതുഭാഗമാണെന്നു് തെരഞ്ഞെടുക്കുവാൻ കുടിയാനു് അവകാശമുണ്ടായിരിക്കും. അങ്ങനെ കുടിയാൻ സ്ഥലം നിർണ്ണയിച്ചു കൊടുക്കാത്തപക്ഷം, വസ്തുവിൻെറ മൊത്തം കിടപ്പ്,ഫലപുഷ്ടി, എന്നിവയെ ലാൻഡ് ട്രൈബ്യൂണൽ കണക്കിലെടുത്തു് ജന്മിക്കും കുടിയാനും ചെല്ലുവാനുള്ള ഭാഗങ്ങൾ യുക്തമായി വേർതിരിച്ചുകൊടുക്കേണ്ടതാകുന്നു."

ഇഷ്ടമുള്ളസ്ഥലം തെരഞ്ഞെടുക്കുന്നതിനു് കുടിയാനു് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥ 1969ലെ ഭേദഗതി കൊണ്ടു് ഏർപ്പെടുത്തിയതാണു്. അതിനുമുമ്പു് ഇക്കാര്യത്തിൽ ലാൻഡ് ട്രൈബ്യൂണലിനുമാത്രമായിരുന്നു അധികാരം.

**ഉപവകുപ്പ്** 5 "സീലിംഗ് ഏരിയായിൽ കവിഞ്ഞ ഭൂമി കൈവശം വച്ചിരിക്കുന്ന കുടിയാനിൽ നിന്നു

മാണ് വസ്തുവീണ്ടെടുക്കുവാൻ അപേക്ഷയുള്ളതെന്നും, അയാളുടെ ജന്മികളായി വേറെയും ആളുകൾകൂടി ഉണ്ടെന്നും വരുന്ന സാഹചര്യങ്ങളിൽ ലാൻഡ് ട്രൈബ്യൂണൽ, അതിൻെറ അറിവിൽ വന്നിടത്തോളമുള്ള എല്ലാജന്മിമാർക്കും നോട്ടീസുകൊടുക്കേണ്ടതാണ്. ഈ കുടിയാൻെറ പക്കൽ നിന്നും തങ്ങൾക്ക് ഭൂമിവീണ്ടെടുക്കണമെന്നുണ്ടെങ്കിൽ, ഒരു ക്ലിപ്തതീയതിയ്ക്കകം, അതിനു് അപേക്ഷിച്ചുകൊള്ളണമെന്ന് അവരെ തെര്യപ്പെടുത്തുകയും ചെയ്യണം. നിശ്ചിത തീയതിയ്ക്കകം ഈ കുടിയാനെസംബന്ധിച്ച് വസ്തുവീണ്ടെടുക്കണമെന്നു പ്രാർത്ഥിച്ചുകൊണ്ട് ലഭിച്ച എല്ലാഅപേക്ഷകളേയും ലാൻഡ്ട്രൈബ്യൂണൽ കണക്കിലെടുക്കണം. സീലിംഗ് ഏരിയാകഴിഞ്ഞ്കുടിയാൻെറ കൈവശം ശേഷിക്കാവുന്ന വിസ്തീർണ്ണം എല്ലാ അപേക്ഷകളിലും കൊള്ളിച്ചിട്ടുള്ളമൊത്തം വിസ്തീർണ്ണത്തേക്കാൾ കുറവാണെങ്കിൽ, എല്ലാജന്മിമാർക്കും, വിഹിതം അനുസരിച്ചുള്ളകുറവു വരുത്തിയും, മററുബന്ധപ്പെട്ട എല്ലാ സാഹചര്യങ്ങളേയും കണക്കിലെടുത്തുകൊണ്ടും തീരുമാനം ചെയ്യേണ്ടതുമാകുന്നു".

**ഉപവകുപ്പ് 6.** "ലാൻഡ്ട്രൈബ്യൂണൽ നിർണ്ണയിക്കുന്ന സംഖ്യകൾ കെട്ടിവച്ചുകൊണ്ട് ഏതെങ്കിലും ഭൂമി വീണ്ടെടുക്കപ്പെടുന്നതോടുകൂടി കൈവശക്കുടിയാനും, മദ്ധ്യവർത്തികൾക്കും, മററുള്ളസകല അവകാശങ്ങളും, വീണ്ടെടുക്കപ്പെട്ട ഭൂമിയെ സംബന്ധിച്ച് അവസാനിക്കപ്പെടുന്നതാണ്."

**ഉപവകുപ്പ് 7.** (1969 ലെ ഭേദഗതി നിയമത്തിൽ ഈ വകുപ്പിനുമാററം വരുത്തിയിട്ടുണ്ട്). "ലാൻഡ് ട്രൈബ്യൂണലിൻെറ നിർദ്ദേശപ്രകാരം ജന്മി, തുകകൾ കെട്ടിവച്ചുകഴിഞ്ഞാൽ, വീണ്ടെടുക്കലിനു് അനുവദിക്കപ്പെട്ട ഭൂമിയെജന്മിയുടെ പക്കൽ, ഒഴിപ്പിച്ച് ഏൽപ്പിക്കുന്നതു് ലാൻ

ഡ്ട്രൈബ്യൂണലിൻെറ ചുമതലയായിരിക്കും. കൈവശംഒഴിയാൻ വിസമ്മതിക്കുന്നവരെ ബലംപ്രയോഗിച്ചു് ഒഴിപ്പിക്കേണ്ടതാണെന്നു കണ്ടാൽ അതുംനടത്താവുന്നതാണു്."

**ഉപവകുപ്പ്** 3. "ലാൻഡ് ട്രൈബ്യൂണലിൻെറ നിർദ്ദേശപ്രകാരം ജന്മി,തുക കെട്ടിവയ്ക്കാത്തപക്ഷം, വീണ്ടെടുക്കലിനുവ്യവസ്ഥ ചെയ്ത ഉത്തരവ് റദ്ദുചെയ്യപ്പെട്ടതായി ഗണിക്കേണ്ടതും, ജന്മിയ്ക്കു് മേലാൽഭൂമി വീണ്ടെടുക്കുവാൻ അപേക്ഷിയ്ക്കാൻ അവകാശം സിദ്ധിക്കുന്നതല്ലാത്തതുമാകുന്നു".

**റൂളുകൾ:**– "ആക്ടിൻെറ പരിധിയിൽപ്പെടുന്നതായി ഗവൺമെൻ്റു പാസ്സാക്കിയിട്ടുള്ള ടെനൻസി റൂളുകളുടെ 6 മുതൽ 11 വരെവകുപ്പുകളിൽ, ഭൂമി വീണ്ടെടുക്കലിനു് പാലിയ്ക്കേണ്ട നടപടികളെ വിശദപ്പെടുത്തിയിട്ടുണ്ടു്. ജന്മി ഫയൽചെയ്യുന്ന വീണ്ടെടുക്കലപേക്ഷയിൽ, കുടികിടപ്പുകാർ ഉൾപ്പെടെയുള്ള എല്ലാബാദ്ധ്യതാളുടമസ്ഥരേയും കക്ഷിചേർക്കണമെന്നു് വ്യവസ്ഥയുണ്ടു്. ദേവസ്ഥാപനം 14–ാം വകുപ്പനുസരിച്ചു് അപേക്ഷിക്കുമ്പോൾ കളക്ടരുടെ സർട്ടിഫിക്കററുകൂടി ഹാജരാക്കണം. തക്കസമയത്തു് സർട്ടിഫിക്കററു കിട്ടിയില്ലെങ്കിൽ കളക്ടരുടെ മുമ്പാകെ അപേക്ഷ ബോധിപ്പിച്ചിട്ടുണ്ടു് എന്നുള്ളതിനു് തെളിവോടുകൂടി ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷ ഫയൽ ചെയ്യാം. അവസാന തീരുമാനംകളക്ടരുടെ സർട്ടിഫിക്കററു ലഭിച്ചശേഷമേ പാടുള്ളൂ എന്നുമാത്രം. തോട്ടങ്ങളുടെ ഇടയിൽ അങ്ങിങ്ങുകിടക്കുന്ന കൃഷിഭൂമിയെസംബന്ധിച്ചു് വീണ്ടെടുക്കലപേക്ഷവന്നാൽ, ലാൻഡ്ട്രൈബ്യൂണൽ ഇക്കാര്യത്തിൽ 1–ാംവകുപ്പനുസരിച്ചു് ലാൻഡ് ബോർഡിൻെറ അഭിപ്രായം ആരായണം. ഇരുഭാഗക്കാർക്കും നോട്ടീസ് കൊടുത്തുംവേണം ലാൻഡ്ബോർഡ് വിചാരണനടത്തി തീരുമാനമെടുക്കേണ്ടതു്. ഉത്തരവു

പുറപ്പെട്ടവിക്കുന്നതു മുതൽ ഒരുമാസത്തിനകം ജന്മിതുക കെട്ടിവയ്ക്കുന്നതാണെന്നാണ് നിർദ്ദേശിക്കേണ്ടതു് എന്നും ആ റൂളുകളിൽ വ്യവസ്ഥചെയ്യപ്പെട്ടിരിക്കുന്നു."

## വകുപ്പ് 23

23-ാംവകുപ്പിൽ പറയത്തക്ക ഭേദഗതികൾ 1969 ലെ ഭേദഗതിനിയമം വരുത്തിയിട്ടില്ല. ഭൂമി വീണ്ടെടുത്ത ജന്മി, ഭൂമിയെ യഥാവിധി ഉപയോഗിക്കാത്തപക്ഷം ഉള്ള പരിഹാരങ്ങളാണ് ഇതിലെ ചർച്ചാവിഷയമെന്നു കാണാം.

"14, 15, 16, 19, വകുപ്പുകൾപ്രകാരം, വസ്തു വീണ്ടെടുത്ത ജന്മി, അതിനു് മൂന്നുകൊല്ലത്തിനകം, നിർദ്ദിഷ്ടമായ ഉദ്ദേശത്തിന് ഭൂമിയെ വിനിയോഗിക്കാത്തപക്ഷം, 24-ാം വകുപ്പിൽ നിശ്ചയിച്ചിട്ടുള്ളപരിധികൾക്കു വിധേയമായി, വീണ്ടെടുക്കപ്പെട്ട ഭൂമി, അഥവാ ഭൂമിയുടെ ഭാഗം, തനിക്കു് തിരിച്ചുതരുവിക്കണമെന്നു് ലാൻഡ് ട്രൈബ്യൂണൽമുമ്പാകെ അപേക്ഷിക്കുവാൻ, കൈവശകുടിയാനു് അവകാശമുണ്ടായിരിക്കും. അങ്ങനെ തിരിയെകിട്ടുന്ന ഭൂമി, കുടിയാന്റെ കൈവശം ഇരിക്കുന്നതു്, ഒരു കുടിയാനു് സിദ്ധിക്കാവുന്ന അവകാശങ്ങളോടും, കുടിയാനിൽ ചുമത്തുന്ന ബാദ്ധ്യതകളോടുംകൂടിമാത്രമായിരിക്കും.

സീലിംഗ്ഏരിയായിൽ കുറവായ വിസ്തീർണ്ണം വസ്തുമാത്രമേ കൈവശമുള്ളു എങ്കിൽ മാത്രമേ ഈ വിധം ഭൂമി തിരിച്ചുകിട്ടുവാൻ അപേക്ഷിക്കുവാൻ ഒഴിപ്പിക്കപ്പെട്ട കുടിയാനു്അർഹതയുള്ളൂ. തിരിയെകിട്ടാവുന്ന ഭൂമിഉൾപ്പെടെ സീലിംഗ് ഏരിയാ തികയുന്നതുവരെയുള്ള വിസ്തീർണ്ണം മാത്രമേ അയാൾക്കു് ഒഴിപ്പിക്കാനും ഒക്കുകയുള്ളൂ.

ഇതിനുള്ള ഹർജിയുടെ നടപടിക്രമം, ആവശ്യമായ ക്രമീകരണത്തോടെ ഭൂമിവീണ്ടെടുക്കുന്നതിനുള്ള നടപടിയുടേതുപോലായിരിക്കുകയും ചെയ്യും".

**വകുപ്പ് 24.** ഇരുപത്തിനാലാം വകുപ്പിന് 1964ലെ ആക്ടിലെ വകുപ്പിനെ അപേക്ഷിച്ച് യാതൊരുഭേദഗതികളും വന്നിട്ടില്ല.

"23-ാം വകുപ്പനുസരിച്ച് ഭൂമിതിരിച്ചുകിട്ടുന്നതിനുള്ള അപേക്ഷ, 23-ാം വകുപ്പിൽ വ്യവസ്ഥപ്പെടുത്തിയ മൂന്നുവർഷക്കാലാവധി അവസാനിച്ച്ഒരു വർഷത്തിനകം ഫയൽചെയ്യേണ്ടതാണ്"

**വകുപ്പ് 25 to 25B** 1964ലെനിയമത്തിലെ25-ാംവകുപ്പിനെ ഭേദഗതികൂടാതെ നിലനിറുത്തിക്കൊണ്ട്, 25A 25B എന്നരണ്ടു,പുതിയ വകുപ്പുകൾ 1969ലെ ഭേദഗതി നിയമം കൂട്ടിച്ചേർത്തിട്ടുണ്ട്. നിലവിലുള്ള പ്രസ്തുത മൂന്നുവകുപ്പുകളുടെയും ഉള്ളടക്കം താഴെവിവരിക്കുന്നു.

വകുപ്പ് 25

**ഉപവകുപ്പ്** 1. "23-ാം വകുപ്പനുസരിച്ച്തിരിച്ചെടുക്കപ്പെടുന്ന ഭൂമിയെ കുടിയാൻ കൈവശം വച്ചേണ്ടതു് ജന്മിയുടെ നേരെ കീഴിലാണ് (മദ്ധ്യവർത്തികളുടെയെല്ലാം അവകാശങ്ങൾ വീണ്ടെടുക്കലിൽ നിന്നും കുടിയാന്റെ വിലസ്സുവാങ്ങലിൽനിന്നും ലഭിക്കുന്ന തുകകൾകൊണ്ട് തീർന്നുകഴിഞ്ഞിരിക്കും.) ജന്മി ഭൂമിവീണ്ടെടുക്കുന്നഘട്ടത്തിൽ കുടിയാനു് നഷ്ടപ്പെട്ട കൈവശാവകാശം ഇത്തരത്തിൽ വീണ്ടുകിട്ടുമെങ്കിലും, മദ്ധ്യവർത്തികളുടെ അവകാശങ്ങൾ ഒന്നും പുനരുജ്ജീവിക്കുന്നതല്ലാ"

**ഉപവകുപ്പ്** 2 "ഇങ്ങനെ ഭൂമിയെതിരിച്ചെടുത്തു് കുടിയാനു് കൊടുക്കുന്നതിനുമുമ്പ് ഭൂമിതിരിയെകിട്ടാനവകാശം സിദ്ധിച്ച കുടിയാൻ, താഴെപ്പറയുന്ന ബാദ്ധ്യതകൾ തീർക്കണം.

(i) വീണ്ടെടുക്കുന്നതിന്‌വേണ്ടി കുടിയാനും മദ്ധ്യവർത്തിയ്ക്കും വാങ്ങുന്നതിനുവേണ്ടി ജന്മി കെട്ടിവച്ച മുഴുവൻ തുകയും അതിനുശേഷം, അവർ നടത്തിയിട്ടുള്ളതും വസ്തുതിരിച്ചെടുക്കൽസമയത്ത്‌ ഭൂമിയിൽ നിലവിലുള്ളതുമായ ദേഹണ്ഡവിലകളും കുടിയാൻ ജന്മിയ്ക്കു് കൊടുക്കണം.

(ii) വീണ്ടെടുക്കലിനുശേഷം തിരിച്ചെടുക്കലിന്‌ ഹർജികൊടുക്കുന്നതുവരെ ജന്മി ചെയ്തതായ ദേഹണ്ഡങ്ങളുടെ വില.

(iii) സൊലേഷ്യത്തിനു പുറമെ, വീണ്ടെടുക്കലിനുവേണ്ടി നൽകപ്പെട്ട തുകകൾ."

**ഉപവകുപ്പ്‌ 3:** "പിരിച്ചെടുക്കലിനുശേഷം, കുടിയാൻ ജന്മിയ്ക്കു കൊടുക്കേണ്ടതായ പാട്ടം, മര്യാദപ്പാട്ടമായിരിക്കും".

**വകുപ്പ്‌ 25 A** "1969 ലെ ഭേദഗതി നിയമത്തിൻെറ വ്യാപ്തിയനുസരിച്ച്‌ കുടിയാനായിത്തീർന്ന ഒരാൾ, ഭേദഗതി നിയമം നടപ്പിൽവരുന്നതിനുമുമ്പ്‌പാട്ടം കൊടുക്കാൻ ബാദ്ധ്യസ്ഥനല്ലായിരുന്നുവെങ്കിൽ, അയാൾ ഇനി നൽകേണ്ട കരാർപാട്ടം തിട്ടപ്പെടുത്തേണ്ടതു്. താഴെപ്പറയുന്ന വിധത്തിലായിരിക്കണം.

(a) അയാൾ ആശ്രയിക്കുന്ന പ്രമാണത്തിൽ, എതെങ്കിലും നിരക്കിലുള്ള പാട്ടം വിവരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, ആ നിരക്കിലുള്ള പാട്ടം.

(b) ഒരുവാരംദാരുടെ കാര്യത്തിൽ, ഈ നിയമം നടപ്പിലാക്കുന്നതിന്‌ തൊട്ടുമുമ്പ്‌ മൂന്നുവർഷം നെൽകൃഷി ആദായത്തിൻെറ അടിസ്ഥാനത്തിൽ ജന്മിയ്ക്കു് ലഭിച്ചിട്ടുള്ള വിഹിതത്തിൻെറ ശരാശരി **അല്ലെങ്കിൽ** വാരക്കാരൻ മൂന്നുകൊല്ലം തുടർച്ചയായി കൃഷിനടത്തിയിട്ടി

ല്ലാത്തപക്ഷം. മൂന്നുകൊല്ലത്തിനകം, നിയമത്തിൻെറ തൊട്ടുമുമ്പ് എപ്പോഴെങ്കിലും നടത്തിയ ഒരു വർഷത്തെ കൃഷിയിൽനിന്നും ജന്മിക്കു ലഭിക്കാവുന്ന വിഹിതം.

c) മേൽപ്രകാരം വ്യവസ്ഥകൾഒന്നും ഇല്ലാത്തപക്ഷം, ഏക്കറിന്നു് നാലുരൂപാ എന്ന ക്രമം."

**ഉപവകുപ്പ്** 2. "25 (3) വകുപ്പുപ്രകാരം, വസ്തു തിരിച്ചെടുത്ത കുടിയാനെ സംബന്ധിച്ചിടത്തോളം, ഭൂമിവീണ്ടെടുക്കൽകാലത്തു് കൊടുക്കേണ്ടിവരുമായിരുന്ന പാട്ടമായിരിക്കും, ഈ നിയമമനുസരിച്ചുള്ള കരാർപാട്ടം."

**വകുപ്പ് 25 B:** "ഏതെങ്കിലും നിയമപരമായ സാഹചര്യത്തിൽ, കുടിയാനു് ഭൂമിയിലുള്ള അവകാശം ഭിന്നിക്കുകയോ ഒഴിപ്പിക്കപ്പെടുകയോ ചെയ്തു് രണ്ടോ അതിലധികമോ ഭാഗങ്ങളായി തിരിയുക, അല്ലെങ്കിൽ കുടിയായ്മയുടെ ഒരുഭാഗം കീഴ്പാട്ടത്തിനു് കൊടുക്കപ്പെടുക എന്നിവ സംഭവിക്കുകയും, അങ്ങനെ വന്നതിൽ ഓരോഭാഗത്തിനും എത്രവീതം കരാർപാട്ടം ചുമക്കണം എന്നതിനെപ്പററി തർക്കമുണ്ടാവുകയും ചെയ്യുന്നപക്ഷം, ഈ തർക്കത്തിനു് യുക്തമായ തീരുമാനപ്രകാരം, കരാർപാട്ടത്തിൻെറ എത്രവിഹിതം ഓരോ ഭാഗത്തിലും ചുമക്കേണ്ടതാണെന്നു് കൽപിക്കുവാൻ ലാൻഡ് ട്രിബ്യൂണൽ മുമ്പാകെ അപേക്ഷിക്കുന്നതിനു്, ബന്ധപ്പെട്ട ഏതുകക്ഷിക്കും അവകാശമുണ്ടായിരിക്കുന്നതാണു്."

23 മുതൽ 25 B വരെയുള്ള വകുപ്പുകൾ അനുസരിച്ച നടപടികൾക്കുള്ള റൂളുകൾ 12-ം 13-ം ആണു്. ഭൂമി തിരിയെ ഒഴപ്പിച്ചുകൊടുക്കാനുള്ള ഉത്തരവോടുകൂടിത്തന്നെ മര്യാദപ്പാട്ടവും ലാൻഡ് ട്രൈബ്യൂണൽ നിശ്ചയിച്ചുകൊടുക്കേണ്ടതാണു് എന്നു് അവയിൽ വിശദപ്പെടുത്തിയിട്ടുണ്ടു്.

## അദ്ധ്യായം ഒൻപതു്.

# കുടിയാൻ വിലയ്ക്കുവാങ്ങുന്നതിനുള്ള വ്യവസ്ഥകൾ

ഈ അദ്ധ്യായത്തിലെ ചർച്ചആരംഭിക്കുന്നതിനുമുമ്പ് ഇന്നു നിലവിലുള്ള നിയമത്തിന്റെ ഘടന വരുത്തിയേക്കാവുന്ന ഒരു ചിന്താക്കുഴപ്പത്തെപ്പററി മുന്നറിയിപ്പുനൽകേണ്ടതു് അത്യാവശ്യമായിത്തീർന്നിരിക്കുന്നു.

കുടിയായ്മയിൽപ്പെട്ട ഭൂമികളെസംബന്ധിച്ചു് ജന്മിയുടേയും മദ്ധ്യവർത്തികളുടേയും അവകാശങ്ങളെ വേർപെടുത്തി ബാദ്ധ്യതാരഹിതമായ അടിസ്ഥാനത്തിൽ കുടിയായ്മഭൂമി കുടിയാന്റെ വകയാക്കിത്തീർക്കുന്ന നിയമതന്ത്രമാണു് ഈ അദ്ധ്യായത്തിലെ പ്രതിപാദ്യവിഷയം. ജന്മിത്വം അവസാനിപ്പിക്കുക എന്ന ആശയത്തിന്റെ സാക്ഷാത്ക്കരണം സാധിക്കുന്നതെങ്ങനെയെന്നാണു് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കപ്പെട്ടുന്നതു്.

1969–ലെ ഭേദഗതിനിയമം നടപ്പിലായ 1–1–1970 മുതൽ ഈ നിയമത്തിലെ 72-ാം വകുപ്പനുസരിച്ചു് കുടിയായ്മഭൂമിയെസംബന്ധിച്ചുള്ള ഉടമസ്ഥാവകാശമെന്നു കരുതപ്പെടാവുന്ന സകല നിയമപരമായ ആസ്തികളും ജന്മിയിൽനിന്നും മദ്ധ്യവർത്തിയിൽനിന്നും വേർപെട്ടു്കഴിഞ്ഞിരിക്കുകയാണു്. ഇനി കുടിയാൻ വിലയ്ക്കുവാങ്ങുന്നതു് ഗവൺമെൻറിൽനിന്നുമാത്രമായിരിക്കും. അതു് പ്രാവർത്തികമാക്കാൻ വേണ്ടുന്ന സകല ചട്ടവട്ടങ്ങളും 1969–ലെ ഭേദഗതിനിയമം നൂതനമായി എഴുതിച്ചേർത്ത 72 A. മുതൽ 72 S. വരെയുള്ള പത്തൊമ്പതുവകുപ്പുകളിലായിസംവിധാനം ചെയ്യപ്പെട്ടിരിക്കുന്നു. അതേ സമയം 1964–ലെ നിയമത്തിൽ 53 മുതൽ 64 വരെയുള്ള വകുപ്പുകളിൽ ജന്മിയിൽ

നിന്നും കുടിയാൻ വിലയ്ക്കു വാങ്ങുന്നതിനുള്ള നടപടികൾ വ്യവസ്ഥചെയ്തിരുന്നതിനെ ചില ഭേദഗതികളോടെ 69-ലെ ഭേദഗതി നിയമവും നിലനിർത്തിയിരിക്കുകയാണു്.

ഇങ്ങനെ ഗവൺമെൻറിൽ നിന്നും വിലയ്ക്കു വാങ്ങുക എന്ന ആശയവും, ജന്മിയിൽ നിന്നും വിലയ്ക്കു വാങ്ങുക എന്ന ആശയവും തമ്മിൽ പൊരുത്തപ്പെടുന്നതെങ്ങനെ എന്ന കാര്യമാണു് ചിന്താക്കുഴപ്പത്തിനിടനൽകുവാൻ പര്യാപ്തമായതെന്നു് മുകളിൽ സൂചിപ്പിച്ചതു്. സൂക്ഷ്മ പരിശോധനയിൽ 1964-ലെ നിയമം നടപ്പിൽവന്നതിനു ശേഷവും 1969-ലെ നിയമം നിലവിൽ വരുന്നതിനു മുമ്പുമുള്ള കാലഘട്ടത്തിൽ അക്കാലത്തുള്ള വ്യവസ്ഥകളനുസരിച്ചു് കുടിയാൻ വിലയ്ക്കുവാങ്ങുവാൻ ബോധിപ്പിച്ചിട്ടുള്ളതും ഇപ്പോൾ നിലവിൽ നിൽക്കുന്നതുമായ അപേക്ഷകളെ സംബന്ധിച്ചു മാത്രമേ 53 മുതൽ 64 വരെയുള്ള വകുപ്പുകൾ മേലിൽ സംഗതമാകുവാൻ പോകുന്നുള്ളു എന്നു കാണാവുന്നതാണു്. സീലിംഗ് ഏരിയായെ സംബന്ധിച്ചും മിച്ചഭൂമിയെസംബന്ധിച്ചും ഉള്ള വ്യവസ്ഥ 1961-ലെ നിയമത്തിൽവിപ്ലവകരമായിമാററപ്പെട്ടിരിക്കുകയാണു്. കൂടാതെചെറുകിട കൈവശക്കാരനു് നൽകപ്പെട്ടിരുന്ന അവകാശങ്ങളും സാരമായി പരിമിതപ്പെട്ടുപോയിട്ടുണ്ടു്. അക്കാര്യം മറെറാരദ്ധ്യായത്തിൽ വിശദപ്പെടുത്തുന്നുമുണ്ടു്.

ഈ പശ്ചാത്തലത്തിൽ കുടിയാനു് വിലയ്ക്കുവാങ്ങാവുന്ന ഭൂമിയുടെ പരിധിയും ഗണ്യമായി വികസിച്ചിട്ടുണ്ടു്. ഈ പശ്ചാത്തലത്തിലാണു് അവയുടെ ഉടമാവകാശം മുതലായ സകല അവകാശങ്ങളും 72-ാംവകുപ്പുമൂലം 1-1-1970 മുതൽ ഗവൺമെണ്ടിൽ നിക്ഷിപ്തമായിരിക്കുന്നതു്. ഈ മാറിയ പരിതഃസ്ഥിതിയിൽതന്നെയാണു് 64 ലെ നിയമത്തിലെ 53 മുതൽ 62 വരെ വകുപ്പുകൾ അപര്യാപ്തമെന്നുതോന്നി 72A മുതൽ 72S വരെയുള്ള നൂതനമായ വകുപ്പുകൾ എഴുതിച്ചേർക്കപ്പെട്ടിട്ടുള്ളതു്. അതേസമയം 64ലെ നിയമത്തിലെ 53 മുതൽ 64 വരെയുള്ള വകുപ്പുകളെ റദ്ദുചെയ്യാതെ ചിലഭേദഗതികളോടെ സംരക്ഷിച്ചിരിക്കുകയും ചെയ്യുന്നു. അതുകൊണ്ടു് ഈരണ്ടുകൂട്ടം വകു

പ്പുകളേയും പ്രത്യേകം തരംതിരിച്ച് വിശദീകരിക്കാതെ അദ്ധ്യായത്തിൻെറ ചർച്ചപൂർത്തിയാകുന്നതല്ല. ആദ്യമായി 72–ാംവകുപ്പും 72A മുതൽ 72S വരെയുള്ള വകുപ്പുകളും ഉൾക്കൊള്ളുന്നഭാഗത്തെ പ്രതിപാദിക്കുകയും അതിനുശേഷം 53 മുതൽ 64 വരെയുള്ള വകുപ്പുകളെ പ്രതിപാദിക്കുകയും ചെയ്യാമെന്നു കരുതുന്നു.

മേൽ വിവരിച്ച തിരിവിൻെറ നിയമപരമായ യുക്തിയെപ്പററിക്കൂടി ഒരു വിശദീകരണം ആവശ്യമായിവരുന്നു.

കുടിയാനു് വിലയ്ക്കുവാങ്ങാവുന്നതായഭൂമി ആദ്യപടിയെന്ന നിലയിൽ ഗവൺമെൻററിൽത്തന്നെ നിക്ഷിപ്തമാകട്ടെയെന്നുതന്നെയായിരുന്നു 1961–ലെ കർഷക ബന്ധനിയമത്തിൻെറ 42–ാം വകുപ്പ് വ്യവസ്ഥചെയ്തിരുന്നതു്. അതിനുസമാന്തരമായി 1964–ലെ നിയമത്തിൻെറ 72–ാം വകുപ്പ് ചേർക്കപ്പെട്ടപ്പോൾ കുടിയാനു വാങ്ങാവുന്നഭൂമിയുടെ ജന്മാവകാശം ഒരു നിശ്ചിതകാലത്തിനുശേഷം കുടിയാനിൽത്തന്നെ നിക്ഷിപ്തമാവട്ടെ എന്ന വ്യവസ്ഥയാണ് അതിൽ ഉൾക്കൊള്ളിച്ചതു്. പക്ഷേ, അങ്ങനെ ജന്മാവകാശം കുടിയാനിൽ നിക്ഷിപ്തമാവുന്നതിനു് നിശ്ചയിക്കപ്പെടാവുന്ന തീയതി സമാഗതമാകുന്നതിനു് പല വൈതരണികൾ കടക്കേണ്ടിവരുമായിരുന്നു. അതായതു് വസ്തുവീണ്ടെടുക്കുന്നതിനുവേണ്ടി ജന്മി 18–ാം വകുപ്പനുസരിച്ച് അപേക്ഷകൊടുക്കുകയും ആ അപേക്ഷയുടെ തീരുമാനം അപ്പീലിലോ,അതിനുമേൽ നടപടികളുണ്ടെങ്കിൽ അവയുടേയോ തീരുമാനത്തിനു വിധേയമായി അവസാനതീർപ്പിൻെറ സ്വഭാവം കൈവരിച്ചുകഴിഞ്ഞിരിക്കണം. അതിനുശേഷമേ കുടിയാനിൽ നിക്ഷിപ്തമാകുവാനുള്ള പ്രഖ്യാപനംഗവൺമെൻറിനു് പുറപ്പെടുവിക്കുവാൻ അധികാരം സിദ്ധിക്കുകയുള്ളൂ.

ഈ വൈതരണി കടക്കുന്നതിനു് എത്രകാലം പിടിക്കും എന്ന സംഗതി ഈരാജ്യത്തെ കോടതി നടപടികളുടെ കാലദൈർഘ്യത്തെപ്പററി ധാരണയുള്ളവരുടെ ഭാവന

ങ്ങു വിട്ടുകയാണു്. മേല്പറഞ്ഞ നിബന്ധനപ്രകാരം ഗവൺമെൻറു് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതു് സ്റ്റേററിനൊട്ടാകെ ഒരുമിച്ചു് ബാധകമാക്കുവാൻ സാധ്യമല്ലാഎന്നുള്ളതും സ്വയം വ്യക്തമാണു്. അങ്ങനെവരുമ്പോൾ ഓരോകുടിയായ്മയേയും സംബന്ധിച്ചു് വീണ്ടെടുക്കലിനു് ജന്മിമാർ ബോധിപ്പിക്കുന്ന അപേക്ഷകളിൽ അവസാനതീരുമാനമാകുന്ന തീയതികൾക്കുവേണ്ടി കാത്തിരുന്നു്, അതാതിനുവേണ്ടി പ്രത്യേകം പ്രത്യേകം നോട്ടിഫിക്കേഷനുകൾ ഗവൺമെൻറു് പുറപ്പെടുവിക്കേണ്ടിവരും. ഈവൈതരണികളെയെല്ലാം ഒററയടിക്കു ചാടിക്കടക്കുന്നതിനുവേണ്ടിയാണു്, സ്റ്റേററിലുള്ള എല്ലാകുടിയായ്മകളേയും ബന്ധിക്കുന്ന വിധം ഒററനോട്ടിഫിക്കേഷൻ കൊണ്ടു് ജന്മികളുടേയും മദ്ധ്യവർത്തികളുടേയും അവകാശങ്ങൾഒരുമിച്ചു് ഗവൺമെൻറിൽ നിക്ഷിപ്തമാവട്ടെ എന്ന മന്ത്രവാചകം ചേർത്തു് 72-ാംവകുപ്പിനെ 1969-ൽ ഭേദഗതിചെയ്തതു്.

അങ്ങനെവരുത്തിയ ഭേദഗതിയോടുകൂടിയ 72-ാംവകുപ്പും അതിൻെറ സാക്ഷാത്ക്കാരത്തിനുവേണ്ടി പിന്തുടരൽ നടപടിയെന്നനിലയിൽ ചേർക്കപ്പെട്ടിട്ടുള്ള 72 A മുതൽ 72 S. വരെയുള്ള വകുപ്പുകളെയുംപ്പററി ആദ്യമായി പ്രതിപാദിക്കുന്നു.

## വകുപ്പ് 72

**ഉപവകുപ്പ് 1** -"59-(2)-ാം വകുപ്പനുസരിച്ചുള്ള വാങ്ങൽ സർട്ടിഫിക്കററ് നൽകപ്പെടാത്തവരും, 13-ാം വകുപ്പനുസരിച്ചു് സ്ഥിരാവകാശത്തിനു അർഹരായവരുമായ കുടിയാന്മാരുടെ (കുടിയിരിപ്പുകാരും, കാരായ്മക്കാരും ഇതിൽ ഉൾപ്പെടും) കൈവശത്തിലിരിക്കുന്ന ഭൂമിയെ സംബന്ധിച്ച ജന്മിക്കുംമദ്ധ്യസ്ഥന്മാർക്കുമുള്ള സകലഉടമാവകാശങ്ങളും മററവകാശങ്ങളും ഗവർമെൻറു് ഗസററിൽ പരസ്യംചെയ്തു പ്രഖ്യാപിക്കുന്നതീയതിയിൽ, ഭൂഉടമകളോ മദ്ധ്യസ്ഥന്മാരോ സൃഷ്ടിച്ചിട്ടുള്ളതുംനാളതുനിലവിലുള്ളതുമായ എല്ലാബാദ്ധ്യതകളിൽനിന്നുംവിമുക്തമായ തരത്തിൽ,

ഗവർമ്മെണ്ടിൽ നിക്ഷിപ്തമാവുന്നതാണ്. എന്നതെങ്കിലും ഭൂമി തിരിച്ചെടുക്കുന്നതിനു് ജന്മിയുടേയോ മദ്ധ്യവർത്തിയുടേയോ ഹർജി വിചാരണയിലിരിക്കുന്നപക്ഷം, അതിൽപ്പെട്ടഭൂമിയെ സംബന്ധിച്ചു് ഈ നിബന്ധനബാധകമാകുന്നതുമല്ല".

**ഉപവകുപ്പ് 2** "മേൽപ്രകാരമുള്ള ഹർജികൾക്കു വിധേയമായ ഭൂമികളുടെ വ്യവസ്ഥ ഇപ്രകാരമായിരിക്കും. ഭൂമി വീണ്ടെടുക്കാനുള്ള ഹർജ്ജി മുഴുവനായോ ഭാഗികമായോ തള്ളപ്പെടുന്നുവെങ്കിൽ ആ ഉത്തരവു അപ്പീൽ മുതലായവയ്ക്കു വിധേയമായി അവസാനതീർപ്പായി തീരുന്നതീയതിയിൽ ജന്മിയുടേയും മദ്ധ്യവർത്തികളുണ്ടെങ്കിൽ അവരുടെയും ഉടമാവകാശം, മററവകാശങ്ങൾ മുതലായവയെല്ലാം സകല വിധമായ ബാദ്ധ്യതകളിൽനിന്നും വിമുക്തമായതരത്തിൽ ഗവർമ്മെൻറിൽലയിക്കുന്നതാണ്".

**ഉപവകുപ്പ് 3** "വീണ്ടെടുപ്പിനുശേഷം ജന്മി ഉപയോഗപ്പെടുത്താതെ ഇരുന്നതുകാരണം കുടിയാൻ തിരിയെ ഒഴിപ്പിച്ചെടുത്ത ഭൂമി അങ്ങനെ തിരിച്ചെടുത്തതു ഒന്നാം ഉപവകുപ്പുപ്രകാരമുള്ളനോട്ടിഫിക്കേഷൻ ഗവർമ്മെൻറു പുറപ്പെടുവിച്ചതിനു ശേഷമാണെങ്കിൽ ഒഴിപ്പിച്ചെടുത്ത തീയതിയിൽ ആ ഭൂമിയെ സംബന്ധിച്ചു ജന്മിക്കും മദ്ധ്യവർത്തിയുണ്ടെങ്കിൽ അയാൾക്കും ഉള്ള ഉടമാവകാശം മററവകാശങ്ങൾ എന്നിവയെല്ലാം ജന്മിയോ മദ്ധ്യവർത്തിയോ സൃഷ്ടിച്ചു നാളതുനിലവിലുള്ള എല്ലാ ബാദ്ധ്യതകളിൽ നിന്നും വിമുക്തമായരീതിയിൽ ഗവർമെൻറിൽ നിക്ഷിപ്തമാകുന്നതാണ്"

**ഉപവകുപ്പ് 4 :** – "ഒരു കുടിയായ്മയുടേയോ അതിൻെറ ഒരു ഭാഗത്തിൻേറയോ കാര്യത്തിൽ ഭൂഉടമയോ മദ്ധ്യവർത്തിയോ ഒരു മൈനർ അല്ലെങ്കിൽ ബുദ്ധിക്കു സ്ഥിരതയില്ലാത്ത ആൾ അല്ലെങ്കിൽ സായുധസേനയിലെ ഒരംഗം അല്ലെങ്കിൽ നാവികനോ അവരുടെ അവകാശ പിൻതുടർച്ചക്കാരോഒരു ചെറുകിട കൈവശക്കാരനോ ആണെങ്കിൽ വസ്തുവിൽ ജന്മിക്കും മദ്ധ്യവർത്തി

ക്കും ഉള്ള ഉടമാവകാശം മററവകാശങ്ങൾ മുതലായവ യെല്ലാം ഗവൺമെണ്ടിൽ താഴെ പറയുന്ന ഉപാധികളനുസരിച്ചു മാത്രം നിക്ഷിപ്തമാകുന്നതാണ്. അതായതു്:–

(a) 1969-ലെ കേരളാ ഭൂനിയമ ഭേദഗതി ബിൽ നടപ്പിലായി ആറുമാസം കഴിയുമ്പോൾ, അല്ലെങ്കിൽ ഈവകുപ്പിലെ ഒന്നാം ഉപവകുപ്പനുസരിച്ചുള്ള തീയതി ഗവർമെണ്ടു് പ്രഖ്യാപിക്കുമ്പോൾ, ഇതിലേതു ഒടുവിൽ സംഭവിക്കുന്നുവോ അപ്പോൾ അതുതന്നെയും ഭൂമി വീണ്ടെടുക്കുന്നതിനുവേണ്ടി ജന്മിയുടെ ഭാഗത്തു നിന്നും അപേക്ഷ ഫയൽ ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ മാത്രം, ഗവൺമെണ്ടിൽനിക്ഷിപ്തമാകുന്നതാണ്.

(b) ഭൂമി വീണ്ടെടുക്കപ്പെടുന്നതിനു വേണ്ടി അപേക്ഷകൾ ഫയലാക്കപ്പെട്ടിട്ടുള്ള കേസുകളിൽ അപേക്ഷ ഭാഗികമായോ പൂർണ്ണമായോ തള്ളപ്പെട്ട് ആ ഉത്തരവു അപ്പീൽ മുതലായവക്കു വിധേയമായി അവസാന ഉത്തരവായിത്തീരുന്ന ദിവസം, അല്ലെങ്കിൽ ഒന്നാംഉപവകുപ്പനുസരിച്ചു ഗവൺമെണ്ടു തീയതി നിശ്ചയിച്ചു പ്രഖ്യാപിക്കുന്ന ദിവസം, ഇതിലേതു ഒടുവിൽ സംഭവിക്കുന്നുവോ ആ തീയതിയിൽ ഗവൺമെണ്ടിൽ നിക്ഷിപ്തമാകുന്നതാണ്".

**ഉപവകുപ്പ് 5:–** "ഒരു മദ്ധ്യവർത്തി ഈ നിയമത്തിലെ വ്യവസ്ഥകളനുസരിച്ചു വസ്തുവീണ്ടെടുത്തെങ്കിൽ വസ്തുഉടമയുടേയും, മററുമദ്ധ്യവർത്തികളുണ്ടെങ്കിൽ അവരുടെയും, ഉടമാവകാശം മററവകാശങ്ങൾ എന്നിവയെല്ലാംവസ്തുഉടമയോ മററുമദ്ധ്യവർത്തികളോ സൃഷ്ടിച്ചിട്ടുള്ള ബാദ്ധ്യതകളിൽ നിന്നും വിമുക്തമായ രീതിയിൽ ഗവൺമെൻറിൽനിക്ഷിപ്തമാകുന്നതു്, ഒന്നുകിൽ മദ്ധ്യവർത്തിവസ്തു ഒഴിപ്പിച്ചു കൈവശപ്പെടുത്തിയ തീയതിയിൽ, അല്ലെങ്കിൽ ഒന്നാം ഉപവകുപ്പനുസരിച്ചു ഗവൺമെൻറുതീയതിപ്രഖ്യാ

പിക്കുന്ന ദിവസം—ഇതിൽ ഏതു് ഒടുവിൽ സംഭവിക്കുന്നുവോ—അന്നുമുതൽക്കു് ആയിരിക്കും"

## ജന്മിക്കു പ്രതിഫലം

കൈവശകുടിയാന്നു് വസ്തുവിൽ പരിപൂർണ്ണമായ ഉടമസ്ഥാവകാശം, എല്ലാബാദ്ധ്യതകളിലും നിന്നുവിമുക്തമായ വിധത്തിൽ നൽകുന്നതിന്റെ പ്രാരാഭനടപടിയായിട്ടാണു് ടിയായ്മയിൽപ്പെട്ട ഭൂമിയുടെ പൂർണ്ണാവകാശം ഗവൺമെന്റിൽ നിക്ഷിപ്തമാക്കുന്ന 72-ാംവകുപ്പു പാസ്സാക്കപ്പെട്ടിട്ടുള്ളതു്. കുടിയാനിൽ നിന്നു ഈടാക്കപ്പെടുന്ന പ്രതിഫലസംഖ്യ, ജന്മിക്കും, ഇടനിലയിലെ പാട്ടകാർക്കും വീതിക്കുന്നതിനെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടു്, ഭേദഗതി നിയമത്തിൽ 72 A മുതൽ72S വരെയുള്ള 19 പുതിയ വകുപ്പുകൾ ചേർക്കപ്പെട്ടിട്ടുണ്ടു്. അവയുടെ സാരാംശം, വകുപ്പുകളുടെ മുറയനുസരിച്ചുതന്നെ താഴെ കൊടുക്കുന്നു.

### 72 A

ഉപവകുപ്പ് (1) – "72-ാം വകുപ്പനുസരിച്ചു് ഗവൺമെന്റിൽ നിക്ഷിപ്തമായ ഭൂമിയെ സംബന്ധിക്കുന്ന പ്രതിഫലത്തുക, താഴെ 2, 3, 4, എന്നീവകുപ്പുകളിൽ കുറിക്കുന്ന രീതിയിൽ വസ്തുഉടമസ്ഥും,മദ്ധ്യവർത്തിക്കുംലഭിക്കുന്നതിനവകാശമുള്ളതാകുന്നു."

ഉപവകുപ്പ് (2) "വസ്തുഉടമസ്ഥും മദ്ധ്യവർത്തിസ്ഥും ലഭിക്കാൻ അർഹതപ്പെട്ട മുഴുവൻ പരിഹാരത്തുക,

(a) ഗവൺമെന്റിൽ നിക്ഷിപ്തമായ ഭൂമിയെ സംബന്ധിക്കുന്ന മര്യാദപ്പാട്ടത്തിന്റെ പതിനാറിരട്ടി,

(b) ജന്മിയുടെയും മദ്ധ്യവർത്തിയുടെയും വകയായുള്ള കെട്ടിടങ്ങൾ, ബണ്ടുകൾ മുതലായവയുടെവില,

(c) അവരുടെവകയായികാണുന്നവൃക്ഷങ്ങളുടെതടിവിലയു

ടെഒന്നുപാതിഎന്നീമൂന്നിനങ്ങളിൽവരാവുന്നആകെത്തുകയായിരിക്കും. ഇപ്രകാരം വരുന്നതുക, മര്യാദപ്പാട്ടത്തിൻെറ പതിനാറിരട്ടിയിൽ കവിഞ്ഞുപോകുന്നപക്ഷം, പ്രതിഫലത്തുക, മര്യാദപ്പാട്ടത്തിൻെറ മൊത്തം പതിനാറിരട്ടിയിൽ പരിമിതപ്പെടുത്തുന്നതായിരിക്കും."

"മര്യാദപ്പാട്ടം, സാധനങ്ങളായിട്ടാണ് നിശ്ചയിക്കപ്പെട്ടതെങ്കിൽ, അത്തരം സാധനങ്ങൾക്ക് കഴിഞ്ഞ ആറു വർഷങ്ങൾക്കുള്ളിൽ നിലവിലുണ്ടായിരുന്ന അംഗീകൃതവിലയുടെ ശരാശരി വിലയുടെ അടിസ്ഥാനത്തിൽ, തുകയായി മാററപ്പെടേണ്ടതാണ്."

**ഉപവകുപ്പ് 3.** "പ്രതിഫലത്തുക തിട്ടപ്പെടുത്തിയാൽ തന്നെ ആയതു ഇരുപതിനായിരത്തിനുമുകളിലാണെങ്കിൽ താഴെക്കാണുന്ന പട്ടികയനുസരിച്ചുമാത്രമേ പ്രതിഫലം നൽകപ്പെടുകയുള്ളു.

| പ്രതിഫലത്തിൻെറ മൊത്തത്തുക. | | റേററു് |
|---|---|---|
| ആദ്യത്തെ | Rs. 20,000. | 100% |
| അതിനടുത്ത | Rs. 10,000നു് | 95% |
| അതിനടുത്ത | Rs. 10,000നു് | 90% |
| അതിനടുത്ത | Rs. 10,000നു് | 85% |
| അതിനടുത്ത | Rs. 10,000നു് | 80% |
| അതിനടുത്ത | Rs. 10,000നു് | 75% |
| അതിനടുത്ത | Rs. 10,000നു് | 65% |
| അതിനടുത്ത | Rs. 10,000നു് | 60% |
| അതിനടുത്ത | Rs. 10,000നു് | 55% |
| അതിനടുത്ത | Rs. 10,000നും | 50% |
| അതിനുമുകളിലുള്ളതിനും. | | |

**ഉപവകുപ്പ് 4.** "പ്രതിഫലത്തുക ഒന്നായി കെട്ടിവയ്ക്കാനാണ് കുടിയാൻ 72 H (2) വകുപ്പനുസരിച്ച് മുതിരുന്നതെങ്കിൽ, ലഭിക്കാവുന്ന ആകെത്തുകയുടെ 75 ശതമാനം

തുക നൽകുന്നതു് മുഴുവൻ പ്രതിഫലവും കൊടുക്കുന്നതിനു് തുല്യമായി ഗണിക്കേണ്ടതാണു്"

## വകുപ്പ് 72 B

**ഉപവകുപ്പ് 1:**—"72-ാംവകുപ്പനുസരിച്ചു് ഉടമാവകാശം മററവകാശങ്ങൾഎന്നിവ ഗവൺമെണ്ടിൽ നിക്ഷിപ്തമായ ഭൂമിയുടെ കുടിയാനു്, താഴെപ്പറയുന്ന ഉപാധികൾക്കു വിധേയമായി, ഭൂമി പതിച്ചു കിട്ടുന്നതിനു് (assignment) അവകാശമുണ്ടായിരിക്കുന്നതാണു്.

**അതായതു്** (a) കൈവശകുടിയാൻ, ഒരു കുടുംബമെന്ന അടിസ്ഥാനത്തിൽ പരിഗണിക്കപ്പെടേണ്ടതാണെങ്കിൽ അയാൾ ഉൾപ്പെടുന്ന കുടുംബം, സീലിംഗ് ഏരിയായിൽ കവിയാത്ത ഭൂമി കൈവശാനുഭവത്തിൽ ഉള്ളപക്ഷം ആ കുടിയാനു് ഭൂമി പതിച്ചു കിട്ടുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

(b) ഒരു കൈവശകുടിയാനു് തനിയേയോ, അയാൾ ഒരു കുടുംബാംഗമായി പരിഗണിക്കപ്പെടുന്നുവെങ്കിൽ, ഒരു കുടുംബത്തിനോ, ഭൂമി ഒട്ടുമില്ലെങ്കിലോ, അഥവാ ഉണ്ടെങ്കിൽത്തന്നെ, സീലിംഗ് ഏരിയായിലും താഴെയാണെങ്കിലോ, അയാൾക്കും, അയാൾഉൾപ്പെടുന്ന കുടുംബത്തിനുമായി മൊത്തംഉള്ള വസ്തുവുമായി ചേർത്താൽ സീലിംഗ് ഏരിയാവരെ എത്തിച്ചേരത്തക്കവണ്ണമുള്ള ഭൂമിമാത്രം പതിച്ചുകിട്ടാൻ അർഹതയുണ്ടായിരിക്കുന്നതാണു്."

**വിശദീകരണം:**—"കൈവശകുടിയാനോ, അയാൾ ഉൾപ്പെടുന്നകുടുംബത്തിനോ കൈവശമുള്ളഭൂമി കണക്കാക്കുന്നതിൽ, അവരുടെ ഉടമയിൽനിന്നും, മറെറാരുകൈവശകുടിയാനു് പതിച്ചുകൊടുക്കേണ്ടിവരുന്നതായിഉള്ള ഭൂമികൾ, കണക്കിലെടുക്കാൻ പാടില്ലാത്തതാകുന്നു."

**ഉപവകുപ്പു് 2**"ഒന്നാംഉപവകുപ്പിൽവിശദപ്പെടുത്തിയ വിശദീകരണത്തിലെ വ്യവസ്ഥകൾ അനുസരിച്ചു് സീലിംഗ് ഏരിയ കണക്കാക്കുന്നതിനു്, യുക്തമായിടത്തോളം,

82–ാം വകുപ്പിലെ വ്യവസ്ഥകളും പാലിക്കപ്പെടേണ്ടതാണ്. (സീലിംഗ് ഏരിയ നിജപ്പെടുത്തുന്നതാണ് 82–ാം വകുപ്പ്) എന്നാൽ 83–ാം വകുപ്പനുസരിച്ചുള്ള തീയതി (സീലിംഗ് ഏരിയയിൽ കൂടുതൽ ഭൂമികൈവശം വയ്ക്കുന്നതിനെ നിരോധിക്കുന്ന തീയതി) ഗവൺമെണ്ടുപ്രഖ്യാപിച്ചിട്ടില്ലാത്തപക്ഷം 72–ാം വകുപ്പനുസരിച്ച് പ്രഖ്യാപിച്ച തീയതിവേണം പരിഗണിക്കേണ്ടതു്."

**ഉപവപ്പ്.** 3 "ഒന്നാംഉപവകുപ്പനുസരിച്ച്‌വസ്തുവിന്റെ അവകാശം മുതലായതു പതിച്ചുകിട്ടുവാൻ അർഹതപ്പെട്ട കുടിയാൻ തനിക്കുഭൂമി പതിച്ചുകിട്ടുന്നതിനു വേണ്ടിയുള്ള അപേക്ഷ ലാൻഡ് ട്രൈബ്യൂണൽമുമ്പാകെബോധിപ്പിക്കേണ്ടതാണ്. അങ്ങിനെ ചെയ്യേണ്ടതു 72_ാം വകുപ്പനുസരിച്ചുള്ള തീയതി ഗവൺമെണ്ട് നിശ്ചയിച്ചുപ്രഖ്യാപിച്ച രണ്ടുകൊല്ലത്തിനകം—അഥവാകാലാവധി ഗവൺമെണ്ട് ദീർഘിപ്പിക്കുന്നപക്ഷം അതിനകം—ആണ്."

**ഉപവപ്പ്.** 4:- "മൂന്നാം ഉപവകുപ്പനുസരിച്ചുള്ള ഹർജ്ജിയിൽ താഴെപറയുന്ന വിവരങ്ങൾ അടങ്ങിയിരിക്കണം.

(a) പതിച്ചുകിട്ടാൻ ആവശ്യപ്പെടുന്നഭൂമിയുടെ വില്ലേജ്, സർവ്വേനമ്പർ, വിസ്തീർണ്ണം.

(b) വസ്തു ഉടമകളുടേയും മദ്ധ്യവർത്തികളുടേയും വസ്തുവിലവകാശമുള്ള മററാളുകളുടേയും പേരു്, വിലാസം എന്നിവയും അവർക്കു വസ്തുവിലുള്ളതായി കുടിയാനു ബോദ്ധ്യമുള്ള അവകാശങ്ങളുടെ സ്വഭാവവും.

(c) കുടിയാനു തനിയേയോ അയാളുടെ കുടുംബത്തിനോ കൈവശമോ ഉടമസ്ഥാവകാശമോ ഉള്ള മററു ഭൂമികളുടെ വിവരങ്ങൾ.

(d) നിർദ്ദേശിക്കപ്പെടാവുന്ന മററു വിവരങ്ങൾ"

**ഉപവകുപ്പ്** 5– "കുടിയാനു കൈവശമിരിക്കുന്ന ഭൂമിയുടെ ഒരംശംമാത്രമേ പതിച്ചു കിട്ടുവാൻ അയാൾക്കു് അവകാശമുള്ളു എങ്കിൽ ആ വസ്തുവിൻെറ ഏതു ഭാഗമാണ് പതിവിനു താൻ തിരഞ്ഞെടുക്കുന്നതെന്നു മൂന്നാംവകു

പ്പനുസരിച്ചുള്ള ഹർജ്ജിയിൽ അയാൾകാണിച്ചിരിക്കണം."

**വകുപ്പ് 72 C.** "72 ബി മൂന്നാം ഉപ വകുപ്പിൽ വിവരിക്കുന്ന നടപടിയെ ഗണ്യമാക്കാതെ തന്നെ, ഗവൺമെൻറു നിശ്ചയിക്കുന്ന റൂളുകളനുസരിച്ച്, ഗവൺമെൻറിൽ നിക്ഷിപ്തമായ ഭൂമിയിൽനിന്നും കൈവശ കുടിയാൻ അർഹതപ്പെട്ട സ്ഥലം കുടിയാനു നേരിട്ടു പതിച്ചുകൊടുക്കുവാനും ലാൻഡ് ട്രൈബ്യൂണലിനു അധികാരമുണ്ടായിരിക്കുന്നതും അങ്ങനെ സംഭവിച്ചാൽ ആ പതിവു കുടിയാൻ നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്".

## വകുപ്പ് 72 D.

**ഉപവകുപ്പ് 1.** "കുടിയാനു പതിവനുസരിച്ചു വസ്തു ഉടമയുടേയും മദ്ധ്യവർത്തികളുണ്ടെങ്കിൽ അവരുടേയും അവകാശങ്ങൾ പതിച്ചുകിട്ടുന്നതോടുകൂടി വില ആയ തുക ഗവൺമെൻറിലേക്കു അടയ്ക്കുവാൻ കുടിയാൻ ബാദ്ധ്യസ്ഥനാകുന്നതാണ്."

**ഉപവകുപ്പ് 2:** "ഒന്നാം ഉപവകുപ്പിൽ വിവക്ഷിച്ച വിലത്തുക താഴെ പറയുന്ന ഇനങ്ങളുടെ ആകെത്തുകയായിരിക്കും.

(എ) പതിക്കുന്ന വസ്തുവിൻെറ മര്യാദപ്പാട്ടത്തിൻെറ 16 ഇരട്ടി.

(ബി) ആ വസ്തുവിലുള്ള കെട്ടിടങ്ങൾ, കിണറുകൾ, ബണ്ടുകൾ മുതലായി സ്ഥിരമായ അടിസ്ഥാനത്തിലുള്ളതും ഗവൺമെൻറിൽ ഉടമാവകാശം നിക്ഷിപ്തമാകുന്ന തീയതിയിൽ വസ്തുവിൽ ഉണ്ടായിരുന്ന വകകളുടെ മുഴുവൻ വില.

(സി) വസ്തു ഉടമയുടേയും മദ്ധ്യവർത്തികളുണ്ടായിരുന്നെങ്കിൽ അവരുടേയും വകയായി വസ്തുവിലുള്ള മരത്തടിക്കുപയോഗമുള്ള വൃക്ഷങ്ങളുടെ വിലയുടെ ഒന്നു പാതി.

എന്നാൽ മുകളിൽ പറഞ്ഞവിധമുള്ള കെട്ടിടങ്ങൾ മുതലായവയുടേയും തടിക്കുള്ള വൃക്ഷങ്ങളുടേയും മൊത്തംവില മര്യാദപാട്ടത്തിൻെറ പതിനാറിരട്ടിയിൽ കവിയുന്ന പക്ഷം, ആ മൊത്തം തുകമര്യാദപാട്ടത്തിൻെറ പതിനാറിര

ട്ടിമാത്രം എത്തുന്നതിനു തുല്യമായി പരിമിതപ്പെടുത്തുന്നതാണ്."

**വിശദീകരണം:** "സാധനങ്ങളായാണ് പാട്ടംകൊടുക്കേണ്ടതെങ്കിൽ ഗവൺമെൻറിൽ ഭൂമി നിക്ഷിപ്തമായ തീയതിക്കു തൊട്ടുമുമ്പുള്ള ആറുവർഷങ്ങളിലെ സാധനങ്ങളുടെ വിലനിരക്കിൻെറ ശരാശരി എന്ന അടിസ്ഥാനത്തിൽ വരാവുന്നതുക കണക്കിലെടുത്ത്, ആ തുക പാട്ടമായി ഗണിക്കേണ്ടതാണ്. നാൽപത്തിമൂന്നാം വകുപ്പനുസരിച്ച് സാധനങ്ങളുടെ വിലവിവരം ഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണെങ്കിൽ ആ വിവരവും കണക്കിലെടുക്കേണ്ടതാണ്.

**വകുപ്പ് 72 E** എഴുപത്തിരണ്ടാം വകുപ്പനുസരിച്ച് ഗവൺമെൻറിൽ നിക്ഷിപ്തമായ ഭൂമിയെസംബന്ധിച്ചിടത്തോളം അതിൻെറ കൈവശകുടിയാനു ആയതോ അതിൻെറ ഭാഗമോ പതിച്ചുകിട്ടുവാൻ 72 ബിയുടെ ഒന്നാം ഉപവകുപ്പനുസരിച്ച് അയോഗ്യതയാണുള്ളതെങ്കിൽ അയാൾ ഈ നിയമത്തിലെ വ്യവസ്ഥകളനുസരിച്ചുള്ള മര്യാദപാട്ടം. ഗവൺമെൻറിൽ വസ്തുനിക്ഷിപ്തമായതിയതി മുതൽ ഉള്ള ഘട്ടത്തേക്കു ഗവൺമെൻറിനു കൊടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

**വകുപ്പ് 72. F**

**ഉപവകുപ്പ് 1** :- "വസ്തുഉടമ, മദ്ധ്യസ്ഥന്മാരുണ്ടെങ്കിൽ അവർ, എന്നിവരുടെ അവകാശം എഴുപത്തിരണ്ടാം വകുപ്പനുസരിച്ചു ഗവൺമെൻറിൽ നിക്ഷിപ്തമാവുകയോ, എഴുപത്തിരണ്ടു ബി അനുസരിച്ചുള്ള പതിച്ചുകിട്ടൽ അപേക്ഷ ലാൻഡ്ട്രൈബ്യൂണലിനു ലഭിക്കുകയോ ചെയ്തുകഴിഞ്ഞാൽ കഴിയുന്നതുംവേഗം ലാൻഡ്ട്രൈബ്യൂണൽതാഴെപ്പറയുന്ന വ്യവസ്ഥകളനുസരിച്ചുള്ള ഒരു പരസ്യം ലാൻഡ്ട്രൈബ്യൂണൽ ഗസററിൽ പരസ്യം ചെയ്യേണ്ടതാണ്. അതായത്.

(എ) വസ്തുഉടമ, മദ്ധ്യവർത്തികളുണ്ടെങ്കിൽ അവർ, കൈവശകുടിയാൻ എന്നിവരും

(ബി) വസ്തുവിൽ അവകാശമുന്നയിക്കുന്ന മററെല്ലാവരും.

ഇവർക്കാർക്കെങ്കിലും എന്തെങ്കിലും അവകാശമോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ നോട്ടീസിൽ പറയുന്നതീയതിയിൽ ലാൻഡ്ട്രൈബ്യൂണൽമുമ്പാകെ അവകാശങ്ങൾ തെളിയിക്കുന്നതിനുള്ള രേഖകളുമായി ഹാജരായി തെളിവുനൽകണമെന്നു നോട്ടീസിൽ വിവരിച്ചിരിക്കണം".

**ഉപവകുപ്പ് 2** :– "ഇതിനു പുറമെ വസ്തുഉടമ, മദ്ധ്യവർത്തികളുണ്ടെങ്കിൽ അവർ, കൈവശ കുടിയാൻ, മേൽ (ബി) ഖണ്ഡികയിൽ പറഞ്ഞ ആളുകൾ എന്നിവർക്കെല്ലാം വെറേവേറെ നോട്ടീസുകൾ ലാൻഡ്ട്രൈബ്യൂണൽ നേരിട്ടുതന്നെ അയക്കേണ്ടതും, നിശ്ചിത തീയതിയിൽ ട്രൈബ്യൂണൽ മുമ്പാകെ രേഖകൾ സഹിതം ഹാജരായി തെളിവു നൽകേണ്ടതാണെന്നു നിർദ്ദേശിക്കുകയും ചെയ്യേണ്ടതാണ്.

**ഉപവകുപ്പ് 3**: – "മേൽ രണ്ടാം ഉപവകുപ്പിൽ പ്രത്യേകം വ്യവസ്ഥ ചേർത്തിട്ടുണ്ടെങ്കിലും ഒന്നാം ഉപവകുപ്പനുസരിച്ചു ഗസററുവഴി നടത്തിയ പരസ്യം വസ്തുവിൻെറ അവകാശവുമായി ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും നിയമപരമായി മതിയായ നോട്ടീസായി പരിഗണിക്കപ്പെടുന്നതാണ്".

**ഉപവകുപ്പ് 4** "രണ്ടാം ഉപ്പവകുപ്പനുസരിച്ചു നോട്ടീസുകിട്ടുന്ന ഒരാളിനു അയാൾക്കു വസ്തുവിലുള്ള അവകാശങ്ങൾ അയാളുടെ ആക്ഷേപങ്ങൾ,അയാൾ ആവശ്യപ്പെടുന്ന പ്രാർത്ഥനകൾ എന്നിവകാണിച്ചു ലാൻഡ്ട്രൈബൂണൽ മുമ്പാകെ സ്റ്റേററ്മെൻറു ബോധിപ്പിക്കാവുന്നതാണ്"

**ഉപവകുപ്പ് 5** "ഒന്നാം ഉപവകുപ്പനുസരിച്ചോ രണ്ടാം ഉപവകുപ്പനുസരിച്ചോ ഉള്ള നോട്ടീസനുസരിച്ച് ഹാജരാകുന്ന വ്യക്തികൾ ഹാജരാക്കുന്ന ആക്ഷേപങ്ങളും തെളിവുകളും യഥാവിധിപരിഗണിച്ചും, യുക്തമായതെളിവുകൾ എടുത്തും താഴെ പറയുന്ന അടിസ്ഥാനങ്ങൾ ഉൾക്കൊള്ളുന്ന തീരുമാനം ലാൻഡ്ട്രൈബൂണൽ പാസ്സാക്കേണ്ടതാണ്. അതായതു്.

(a) എഴുപത്തിരണ്ടാം വകുപ്പനുസരിച്ചു ഗവ: ണ്മെന്റിൽനിക്ഷിപ്തമായ ഭൂമിയുടെ വിസ്തീർണ്ണം, സർവ്വേ നമ്പർ, നിർദ്ദേശിക്കപ്പെടുന്ന മററു വിവരങ്ങൾ;

(b) വസ്തു ഉടമസ്ഥനും, മദ്ധ്യവർത്തികളുണ്ടെങ്കിൽ അവർക്കും ലഭിക്കാവുന്ന പ്രതിഫലത്തുക.

(c) വസ്തു ഉടമസ്ഥനും മദ്ധ്യവർത്തികൾക്കും പ്രതിഫലത്തുക എങ്ങിനെ വീതിക്കണം എന്നുള്ളതു്;

(d) വസ്തുവിൽ ചുമത്തീട്ടുള്ളതും നിലവിലുള്ളതുമായ ബാദ്ധ്യതകൾ സംരക്ഷണ ചെലവുകൾ ഉപജീവന ചെലവുകൾ; ഇവ ജന്മി മദ്ധ്യവർത്തികൾ എന്നിവരിൽ പ്രത്യേകം പ്രത്യേകം എത്രവീതം.

(e) ബാദ്ധ്യതപ്രകാരം തുകകൾ ലഭിക്കേണ്ട ഓരോരുത്തർക്കും എത്ര വീതമാണു ലഭിക്കേണ്ടതെന്നും അതിൻെറ മുൻഗണനാക്രമവും;

(f) ബാദ്ധ്യതകൾ സംരക്ഷണ ചിലവുകൾ ഉപജീവന ചിലവുകൾ എന്നിവ തട്ടിക്കഴിച്ചതിനു ശേഷം വസ്തുഉടമ, മദ്ധ്യവർത്തികൾ എന്നിവർക്ക ഓരോരുത്തർക്കും എത്ര ബാക്കി വീതം ചെല്ലുവാനുണ്ടാകും, എന്നതു്;

(g) കൈവശകുടിയാൻ ഉത്തരവാദിത്വം വഹിക്കേണ്ട പ്രതിഫലത്തുക എത്ര:

(h) 72 E വകുപ്പിൽപെടുന്ന കേസുകളിൽ കൈവശകുടിയാൻ ഗവൺമെൻറിലേക്കു കൊടുക്കേണ്ട പാട്ടത്തുക എത്ര;

(i) നിർദ്ദേശിക്കപ്പെടുന്ന മററു കാര്യങ്ങൾ."

ഇത്രയും സംഗതികളാണ ലാൻഡ് ട്രൈബ്യൂണൽ പാസാക്കേണ്ട ഉത്തരവിൽ വ്യവസ്ഥപ്പെടുത്തേണ്ടതു്.

**ഉപവകുപ്പ് 6** "ഈട്ടബാദ്ധ്യതകൾ, സംരക്ഷണച്ചെലവുകൾ ഉപജീവനച്ചെലവുകൾ എന്നിവയുടെ ഒരംശംമാത്രമേ ഗവണ്മെൻറിൽ നിക്ഷിപ്തമായ ഭൂമിയിൽ ചുമത്തിയിട്ടുള്ളു എങ്കിൽ മുഴുവൻ വസ്തുവിൻെറ എത്ര അംശംമാത്രമാണ് ഗവൺമെൻറിൽ നിക്ഷിപ്തമായതു് എന്നു കണക്കാക്കി ബാദ്ധ്യതകളെയും അതേ അനുപാതത്തിൽ ഭിന്നിച്ചുകണക്കുകൂട്ടുവാനും ലാൻഡ് ട്രൈബ്യൂണൽ ചുമതലപ്പെട്ടിരിക്കും."

**ഉപവകുപ്പ് 7** "ഭൂഉടമയോ മദ്ധ്യവർത്തിയോ സംഗതമായ വസ്തുവിൻെറ കൈവശകുടിയാനു് ഈ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചു് ഏതെങ്കിലും തുകകൾ കൊടുക്കുവാനുണ്ടെങ്കിൽ ആ തുകകളെ കൈവശകുടിയാൻ അതാതു വ്യക്തിക്കുവേണ്ടി കൊടുക്കേണ്ടതായി കാണുന്ന പ്രതിഫലത്തുകയിൽ തട്ടിക്കഴിക്കേണ്ടതാണു്."

**ഉപവകുപ്പ് 8** "കൈവശകുടിയാനു കൈവശമിരിക്കുന്ന ഭൂമിയിൽ ഏതാനും അംശത്തിൻെറ പതിക്കലിനു മാത്രമേ അർഹതയുള്ളുവെങ്കിൽ ആ ഭാഗം എവിടെ തിട്ടപ്പെടുത്തണമെന്നു തിരഞ്ഞെടുക്കുവാൻ കൈവശകുടിയാനു അവകാശമുണ്ടായിരിക്കുന്നതാണു്."

# വകുപ്പ് 72 G

**ഉപവകുപ്പ് 1** "എഴുപത്തിരണ്ടാം വകുപ്പനുസരിച്ചു് ഗവണ്മെൻറിൽ നിക്ഷിപ്തമായ ഭൂമിയെ സംബന്ധിച്ചിടത്തോളം വസ്തു ഉടമസ്ഥോ മദ്ധ്യസ്ഥന്മാർക്കോ ലഭിക്കുവാ

നുള്ള പ്രതിഫലം താഴെ രണ്ടും മൂന്നും ഉപവകുപ്പുകളിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതനുസരിച്ച് വീതിക്കേണ്ടതാണ്."

**ഉപവകുപ്പ് 2.** "ഗവൺമെൻററിൽ നിക്ഷിപ്തമായിട്ടുള്ള കുടിയായ്മ ഭൂമിയിൽ നിന്നും ജന്മി മദ്ധ്യവർത്തി, ഒന്നിലധികം മദ്ധ്യവർത്തികളുണ്ടെങ്കിൽ അവരോരോരുത്തരും എന്നിവർക്ക് അവരവരുടെ വിഹിതമായി ലഭിക്കുന്ന ആദായത്തിൻെറ അനുപാതക്രമമനുസരിച്ചാണ് പ്രതിഫലത്തുക വീതിച്ചു നൽകേണ്ടതു്."

## വിശദീകരണം

"ഈ ഉപവകുപ്പിൻെറ ആവശ്യത്തിനുവേണ്ടി ഒരു വസ്തു ഉടമസ്ഥു ലഭിക്കുന്ന ആദായം അയാൾക്കു ലഭിക്കുന്ന പാട്ടം ആണെന്നും ഒരു മദ്ധ്യവർത്തിക്കു ലഭിക്കുന്ന ആദായം പ്രസ്തുത മദ്ധ്യവർത്തിക്കു കുടിയാനിൽനിന്നും ലഭിക്കുന്നതും അയാൾ ജന്മിക്കു കൊടുക്കേണ്ടതുമായ പാട്ടവും തമ്മിലുള്ള വ്യത്യാസം ആണെന്നും ഗണിക്കേണ്ടതും മദ്ധ്യവർത്തി ജന്മിക്കു കൊടുക്കേണ്ട പാട്ടമെത്രയാണെന്നു വ്യക്തമായ തെളിവില്ലാതിരിക്കുന്നുവെങ്കിൽ, മദ്ധ്യവർത്തിക്കു കുടിയാനിൽ നിന്നും ലഭിക്കുന്ന പാട്ടത്തിൻെറ ഒന്നു പാതിയായിരിക്കും അതു എന്നും ഗണിക്കപ്പെടേണ്ടതാണ്."

**ഉപവകുപ്പ് 3** "വസ്തുവിലുള്ള കെട്ടിടങ്ങൾ, കിണറുകൾ, ബണ്ടുകൾ പോലുള്ള മരാമത്തുപണികൾ എന്നിവയുടെ വിലയും തടിക്കുള്ള വൃക്ഷങ്ങളുടെ വിലയുടെ ഒന്നു പാതിത്തുകയും ജന്മിക്കും മദ്ധ്യവർത്തിക്കും തമ്മിൽ വീതിക്കേണ്ടതു് അവ ജന്മിയുടെ വകയാണോ മദ്ധ്യവർത്തിയുടെ വകയാണോ എന്ന അടിസ്ഥാനത്തിൻമേലായിരിക്കണം,

എന്നാൽ മേൽപ്പറഞ്ഞ കെട്ടിടം മുതലായവയുടെ മുഴുവൻ വിലയും തടിക്കുള്ള മരങ്ങളുടെ ഒന്നുപാതിവിലയും 72A വകുപ്പിലെ രണ്ടാം ഉപവകുപ്പനുസരിച്ച് മര്യാദപാട്ടത്തിൻെറ പതിനാറിരട്ടിയിൽ പരിമിതപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ പരിമിതപ്പെടുത്തലിൻെറ അനുപാതമനുസരിച്ചുമാത്രമേ ജന്മിക്കും മദ്ധ്യവർത്തിക്കും അവരവരുടെ വകയായ ദേഹണ്ഡങ്ങളുടെ വിലകൊടുക്കുവാൻ പാടുള്ളൂ.

**ഉപവകുപ്പ് 4** ജന്മിക്കും മദ്ധ്യവർത്തിക്കും വസ്തുവിലുള്ള ഉടമാവകാശം, മററവകാശം മുതലായവ, ഈട്ടുകടത്തിനോ സംരക്ഷണ ചെലവിനോ ഉപജീവന ചെലവിനോ വിധേയമായിരിക്കുന്നപക്ഷം ജന്മിക്കും മദ്ധ്യവർത്തിക്ക് ചെല്ലുവാനുള്ള പ്രതിഫലത്തുകയിൽ നിന്ന് അവരവർ ഉത്തരവാദിത്വം വഹിക്കേണ്ട ബാദ്ധ്യതകളുടെ സംഖ്യ കുറവു ചെയ്യേണ്ടതാണ്. അതു കഴിഞ്ഞ് ശേഷിക്കുന്ന തുകകൾ മാത്രമേ ജന്മിക്കോ മദ്ധ്യവർത്തിക്കോ കൊടുക്കുവാൻ പാടുള്ളൂ. പ്രസ്തുത ഇനങ്ങളിലുള്ള ബാദ്ധ്യതകൾ അവരവർക്കു ചെല്ലുവാനുള്ള പ്രതിഫലത്തുകയുടെ തോതിനെ കവിയുന്നതാണെന്നു കണ്ടാൽ, അവരവർക്കു ചെല്ലുവാനുള്ള സംഖ്യ പ്രസ്തുത ബാദ്ധ്യകൾ തീർക്കുന്നതിനുവേണ്ടിമാത്രം കരുതിവെക്കേണ്ടതും, അങ്ങനെ വരുമ്പോൾ അതാതു ബാദ്ധ്യതയുടെ ഉത്തരവാദിത്വം വഹിക്കേണ്ട ആളിന് പ്രതിഫലത്തുകയിൽ നിന്നും യാതൊന്നും കൊടുക്കുവാൻ പാടില്ലാത്തതുമാകുന്നു."

## വകുപ്പ് 72 H

**ഉപവകുപ്പ് 1** "വസ്തുഉടമസ്ഥനും മദ്ധ്യവർത്തിക്കും അവരവർക്കു ലഭിക്കുവാനുള്ള പ്രതിഫലത്തുകയുടെ അൻപതു

ശതമാനം, ഈ വകുപ്പിലെ വ്യവസ്ഥകളനുസരിച്ച ലാൻഡ്ട്രൈബ്യൂണൽ കൊട്ടക്കേണ്ടതാണ്."

**ഉപവകുപ്പ് 2** "വസ്തുവിനെ സംബന്ധിച്ച് ഒന്നാം ഉപവകുപ്പനുസരിച്ച് കൊട്ടക്കേണ്ട സംഖ്യ എട്ടു തുല്യവാർഷികഗഡുക്കളിലായി കൊട്ടക്കേണ്ടതാണ്.

എന്നാൽ കൈവശകുടിയാൻ ഒന്നായിട്ടാണ് പ്രതിഫലത്തുക കെട്ടിവെയ്ക്കാൻ മുതിർന്നിട്ടുള്ളതെങ്കിൽ, ഒന്നാം ഉപവകുപ്പനുസരിച്ച് കൊട്ടക്കുവാനുള്ള പ്രതിഫലസംഖ്യ ഒന്നായി തന്നെ കൊട്ടക്കേണ്ടതുമാണ്."

**ഉപവകുപ്പ് 3** "തവണയായിട്ടാണ കൊട്ടക്കുന്നതെങ്കിൽ, ആദ്യത്തെ തവണയിൽ കൊട്ടക്കേണ്ടതായ പ്രതിഫലത്തുകയും, രണ്ടാം ഉപവകുപ്പനുസരിച്ച് ഒന്നായിട്ടാണ് കെട്ടിവക്കുന്നതെങ്കിൽ ആയതും, 72-F അഞ്ചാം ഉപവകുപ്പനുസരിച്ച്, ലാൻഡ് ട്രൈബ്യൂണലിൻെറ ഉത്തരവ്, അവസാനമായി തീർന്നു ഒരു കൊല്ലത്തിനകം ഉള്ള തീയതിയിലാണ കൊട്ടക്കേണ്ടതു്.

**ഉപവകുപ്പ് 4** "രണ്ടാമത്തെയും അതിനുശേഷവുമുള്ള തവണകൾ അതിനു മുമ്പുള്ള തവണ കൊട്ടക്കുവാനുള്ള തീയതി കഴിഞ്ഞു ഒരു കൊല്ലത്തിനകം കൊട്ടക്കേണ്ടതാണ്."

**ഉപവകുപ്പ് 5.** "പ്രതിഫലത്തുകയുടെ ഏതെങ്കിലും തവണ അതു കൊട്ടക്കുവാനുള്ള നിശ്ചിത തീയതിയിൽകൊട്ടക്കാതെയിരുന്നാൽ അപ്രകാരം മുടക്കംവന്ന തുകയ്ക്കുമാത്രം പ്രതിവർഷം നാലുശതമാനം പലിശ ചുമക്കുന്നതാണ്."

**ഉപവകുപ്പ് 6.** "പ്രതിഫലത്തുക ഒന്നായിട്ടാണ കൊട്ടക്കേണ്ടതെങ്കിൽ, ആയതു ഒരു വർഷത്തിനകം കൊട്ടക്കാതെ

യിരുന്നാൽ, ആ ഒരു വർഷം കഴിയുന്നതുമുതൽ പ്രതിവർഷം നാലുശതമാനം നിരക്കിൽ പലിശ ചുമക്കുന്നതാണ്.

**ഉപവകുപ്പ് 7** "ബാദ്ധ്യത ഉടമസ്ഥർക്കോ, സംരക്ഷണ ചിലവും ഉപജീവന ചിലവ് എന്നിവ നൽകുന്നതിനു വേണ്ടി തുക നീക്കിവെച്ചിട്ടുണ്ടെങ്കിൽ അവക്കോ ലാൻഡ് ട്രൈബ്യൂണൽ കൊടുക്കേണ്ടതു് മുൻഗണനയുടെ ക്രമമനുസരിച്ചായിരിക്കണം"

**ഉപവകുപ്പ് 8** "ഈട്ട ബാദ്ധ്യത, സംരക്ഷണ ചിലവും ഉപജീവന ചിലവും എന്നിവ പ്രകാരം തുക ലഭിക്കുവാനുള്ള ആരെങ്കിലും അതു ലഭിക്കുന്നതിനു മുമ്പു മരിച്ചുപോകുന്നപക്ഷം അവരുടെ പിൻതുടർച്ചാവകാശികൾക്കു ആയതു നൽകപ്പെടേണ്ടതാണു്"

**ഉപവകുപ്പ് 9** "പ്രതിഫലമോ ഈട്ട ബാദ്ധ്യതയുടെ തുകയോ ലഭിക്കുവാൻ അർഹതപ്പെട്ട വ്യക്തി ഒരു സകാര്യ ട്രസ്റ്റോ ഒരു മൈനറോ നിയമപരമായ അവശതയിൽ ഉൾപ്പെടുന്ന ആളോ ഒരു പ്രത്യേക കാലഘട്ടത്തേക്കു മാത്രം നിൽക്കുന്ന അവകാശത്തിൻെറ ഉടമസ്ഥനോ ആണെങ്കിൽ ആയവ മററു നിയമങ്ങളിൽ എന്തുതന്നെ വ്യവസ്ഥകൾ ഉണ്ടായിരുന്നാലും ഗവണ്മെൻറു കൊടുക്കുന്ന നിർദ്ദേശത്തിനു മാത്രം വിധേയമായി റൂളുകളിൽ നിർദ്ദേശിക്കുന്ന അംഗീകൃത സ്ഥാപനത്തിലോ ബാങ്കിലോ നിക്ഷേപിക്കേണ്ടതാണു്."

**ഉപവകുപ്പ് 10** "പ്രതിഫലത്തുകയുടെ മുഴുവനുമോ അതിൻെറ ഭാഗമോ, അല്ലെങ്കിൽ ഈട്ട ബാദ്ധ്യത, സംരക്ഷണ ചിലവും എന്നിവ മുഴുവനുമോ, അതിൻെറഭാഗമോ എന്നിങ്ങനെ ഈ നിയമത്തിലെ വ്യവസ്ഥകളനുസരിച്ചു

കൊട്ടക്കപ്പെട്ടേണ്ടതായ തുകയെ നോക്കീട്ടോ അല്ലാതെയോ ബന്ധിക്കുന്നതായ എന്തെങ്കിലും വ്യവഹാര നടപടികൾ കോടതികളിലോ മററധികാര സ്ഥാനങ്ങളിലോ വിചാരണ നടക്കുന്നുവെങ്കിൽ ആ കോടതി അല്ലെങ്കിൽ അധികാര കേന്ദ്രം, തുകകളെ അതിൻെറ അധീനത്തിൽ കൊട്ടക്കണമെന്നു ലാൻഡു ട്രൈബ്യൂണലിനോട്ട നിർദ്ദേശിക്കാവുന്നതും, അതിനുശേഷം ആ സ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങളനുസരിച്ചുമാത്രം പ്രസ്തുത തുകകളെ ലാൻഡു ട്രൈബ്യൂണൽ വിനിയോഗിക്കേണ്ടതുമാകുന്നു."

## വകുപ്പ് 72 I

**ഉപവകുപ്പ് 1** "ഗവണ്മെൻറിൽ നിക്ഷിപ്തമായതും കുടിയാന്മാർ കൈവശം വെച്ചിരിക്കുന്നതുമായ ഭൂമിയെ സംബന്ധിച്ച് പ്രതിഫലത്തുകകൾ നിശ്ചയിച്ചുകഴിഞ്ഞാൽ കഴിയുന്നതും വേഗം തനിക്കു കിട്ടുവാനുള്ള തുകകൾ തിട്ടപ്പെടുത്തി വിട്ടുതരണമെന്നു ലാൻഡു ട്രൈബ്യൂണൽ മുമ്പാകെ വസ്തു ഉടമയും മദ്ധ്യവർത്തിയും അപേക്ഷിക്കേണ്ടതും അതിൽ 72 H ഒന്നാം ഉപവകുപ്പിലെ നിബന്ധനകളനുസരിച്ചുള്ള തുകകൾ പ്രതിഫലത്തുകയിൽ നിന്നും കുറവു ചെയ്തുകൊള്ളുന്നതിനു സമ്മതിച്ചിരിക്കുകയും വേണം."

**ഉപവകുപ്പ് 2** "ഒന്നാം ഉപവകുപ്പനുസരിച്ചുള്ള അപേക്ഷകൾ നിർദ്ദിഷ്ട ഫാറങ്ങളിലും റൂളുകൾ അനുശാസിക്കുന്ന മററു ചട്ടങ്ങൾക്കും വിധേയമായിരിക്കേണ്ടതുമാകുന്നു."

**ഉപവകുപ്പ് 3.** "ഒന്നാം ഉപവകുപ്പനുസരിച്ചുള്ള ഒരപേക്ഷകിട്ടിയാൽ നിർദ്ദേശിക്കപ്പെട്ടുന്ന രീതിയിലുള്ള തെളിവെടുപ്പ് ലാൻഡ് ട്രൈബ്യൂണൽ നടത്തുകയും, അപേക്ഷകക്ഷിക്കു വാദമുഖങ്ങളുന്നയിക്കാൻ അവസരം നൽകേണ്ട

തുമാണ്. അതിനുശേഷം 72 H 1-ാം ഉപവകുപ്പനുസരിച്ചുള്ള തുകകൾ കുറവുചെയ്തശേഷം അപേക്ഷകക്ഷിക്കു ചെല്ലുവാനുള്ള പ്രതിഫലത്തുക നിശ്ചയിക്കേണ്ടതുമാണ്.

**ഉപവകുപ്പ് 4** "ഗവണ്മെൻറു നിശ്ചയിക്കുന്ന റൂളുകൾക്കു വിധേയമായി, മൂന്നാം ഉപവകുപ്പനുസരിച്ച് തിട്ടപ്പെടുത്തുന്ന തുക രൊക്കമായോ പതിനാറു സംവത്സരങ്ങൾക്ക് ശേഷം വീണ്ടെടുക്കാവുന്ന, കൈമാററം ചെയ്യപ്പെടാവുന്ന, നാലു ശതമാനം പലിശ ചുമക്കുന്ന ബോണ്ടുകളായോ (Negotiable bonds) നൽകേണ്ടതാണ്. പ്രതിഫലത്തുക ഭാഗികമായും രൊക്കമായും കൈമാററം ചെയ്യപ്പെടാവുന്ന ബോണ്ടുകളായും നൽകപ്പെടാവുന്നതുമാണ്."

**ഉപവകുപ്പ് 5** "പ്രതിഫലത്തുക രൊക്കമായി കൊടുക്കാനാണു നിശ്ചയിക്കുന്നതെങ്കിൽ ആയതു മുടക്കം വരുന്ന ഗഡുക്കൾക്കുമാത്രം. നാലരശതമാനം പലിശ ചുമക്കുന്ന വിധം എട്ടു തുല്യവാർഷിക ഗഡുക്കളായി കൊടുക്കേണ്ടതാണ്. ആദ്യത്തെ തവണ ഉപവകുപ്പ് മൂന്നനുസരിച്ച് തുക തിട്ടപ്പെടുത്തിക്കഴിഞ്ഞു, ഒരു വർഷത്തിനകം ആണു നൽകേണ്ടതു്."

**ഉപവകുപ്പ് 6** "72 H വകുപ്പിൻെറ 8, 9, 10 എന്നീ ഉപവകുപ്പുകളിലെ വ്യവസ്ഥകൾ മൂന്നാം ഉപവകുപ്പനുസരിച്ചു തിട്ടപ്പെടുത്തുന്ന തുക വിട്ടുകൊടുക്കുന്നതിൽ ആവുന്നിടത്തോളം പ്രായോഗികമാക്കേണ്ടതാണ്."

## വകുപ്പ് 72 J

"72 H, 72 I എന്നീ വകുപ്പുകളനുസരിച്ചു തുകകൾ കൊടുത്തു തീർക്കുക എന്നതു പ്രതിഫലത്തുക കൊടുക്കുവാൻ ഗവണ്മെൻറിനുള്ള ബാദ്ധ്യതയുടെ പരിപൂർണ്ണമായ വിട്ടുത

ലായിരിക്കുന്നതും മേലാൽ എന്തെങ്കിലും തുക ഈ ഇന ത്തിൽ നൽകണമെന്നു ആക്കും അവകാശപ്പെടാവുന്നതല്ലാ ത്തതുമാകുന്നു.

എന്നാൽ ഈട്ട കടങ്ങൾ, സംരക്ഷണ ചെലവുകൾ ഉപജീവന ചെലവുകൾ എന്നിവ പ്രതിഫലത്തുകകൾ മുഴു വനായോ ഭാഗികമായോ വാങ്ങി കഴിഞ്ഞവരിൽ നിന്നും കിട്ടുവാൻ അർഹതയുള്ളവക്കു നിയമാനുസരണമുള്ള അവ കാശങ്ങളെ ഒന്നും തന്നെ ഈ വകുപ്പിലെ നിബന്ധനകൾ ബാധിക്കുന്നതല്ലാത്തതുമാകുന്നു."

# വകുപ്പ് 72 K

**ഉപവകുപ്പ് 1** "72 F വകുപ്പനുസരിച്ച് വിലവാങ്ങൽ തുക നിശ്ചയിച്ചു കഴിഞ്ഞാൽ കഴിയുന്നതും വേഗം കൈവ ശകുടിയാനു ഒരു വിലവാങ്ങൽ സർട്ടിഫിക്കററു കൊടുക്കു വാൻ ലാൻഡു് ട്രൈബ്യൂണലിനു ചുമതലയുണ്ടായിരിക്കുന്ന താണു്. അങ്ങിനെ ചെയ്യുന്നതോടുകൂടി, ഭൂഉടമയുടേയും മദ്ധ്യവത്തികളുണ്ടെങ്കിൽ അവരുടേയും സകലവിധമായ ഉടമാവകാശങ്ങൾ, മററവകാശങ്ങൾ എന്നിവയെല്ലാം സർട്ടിഫിക്കററിൽ വിവരം പറയുന്ന കുടിയായ്മയെ സംബ ന്ധിച്ചിടത്തോളം, ജന്മിയോ മദ്ധ്യവത്തികളുണ്ടെങ്കിൽ അവരോ സൃഷ്ടിച്ചിട്ടുള്ള സകലവിധ ബാദ്ധ്യതകളിലും നിന്നു് വിമുക്തമായ തരത്തിൽ കുടിയാനിൽ നിക്ഷിപ്തമാ കുന്നതാണു്."

**വിശദീകരണം**

"സംശയങ്ങളുടെ നിവാരണത്തിനുവേണ്ടി താഴെ പറയും പ്രകാരം പ്രഖ്യാപിക്കപ്പെട്ടുകൊള്ളുന്നു. വില വാങ്ങൽ സർട്ടിഫിക്കററു കൊടുക്കപ്പെടുന്നതോടുകൂടി, കുടി

യാസ്ഥയിൽപ്പെട്ട വസ്തുവിന്മേൽ ജന്മിക്കും മദ്ധ്യവർത്തിക്കും യാതൊരവകാശങ്ങളും ബാക്കിയുണ്ടായിരിക്കുന്നതല്ലാത്തതും അവരുടെ നേരിട്ടനുഭവത്തിനു നീക്കിവക്കപ്പെട്ടിട്ടുള്ള വൃക്ഷങ്ങളുടെ കൈവശാവകാശം ഉൾപെടെ ഉള്ള സകല അവകാശങ്ങളും അവസാനിക്കപ്പെടുന്നതുമാണ്."

**ഉപവകുപ്പ് 2** "ജന്മി മദ്ധ്യവർത്തികൾ എന്നിവർക്കു സംഗതമായ വസ്തുവിൽ ഉണ്ടായിരുന്ന ഉടമാവകാശം, മററവകാശങ്ങൾ എന്നിവയെല്ലാം കുടിയാനിലേക്കു പരിപൂർണ്ണമായി കൈമാററം ചെയ്യപ്പെട്ടു എന്നതിൻെറ ഖണ്ഡിതമായ (ചോദ്യം ചെയ്യപ്പെടാനാവാത്ത) തെളിവായിരിക്കും, ഒന്നാം ഉപവകുപ്പനുസരിച്ചു നൽകപ്പെടുന്ന വില വാങ്ങൽ സർട്ടിഫിക്കററു്"

**ഉപവകുപ്പ് 3** കൈവശകുടിയാനു നൽകുവാനുള്ള വാങ്ങൽവില, പതിവ്നടപടിയിൽ സംഗതമായ വസ്തുവിന്മേൽ ആദ്യചാർജ്ജായിരിക്കുന്നതാണ്. ആയതു 72 M മൂന്നാം ഉപവകുപ്പനുസരിച്ച് പലിശ സഹിതം അതാതു കാലം നിലവിലുള്ള റവന്യൂറിക്കവറി നിയമത്തിൻെറ (Revenue Rec very Act) വ്യവസ്ഥകളനുസരിച്ച് ഈടാക്കപ്പെടാവുന്നതാണ്."

## വകുപ്പ് 72 L

. 72 F വകുപ്പനുസരിച്ച് തിട്ടപ്പെടുത്തപ്പെട്ട വിലവാങ്ങൽതുക പതിനാറു തുല്യവാർഷിക ഗഡുക്കളിലായി കൊടുക്കപ്പെടേണ്ടതാണ്.

എന്നാൽ, വിലത്തുക ഒന്നായി കൊടുക്കുന്നതിനു കൈവശകുടിയാനു് അവകാശമുണ്ടായിരിക്കും. അങ്ങനെയാണെങ്കിൽ, മൊത്തം തുകയുടെ എഴുപത്തഞ്ച് ശതമാനം ഒരുമിച്ചുകൊടുത്താൽ മതിയാകുന്നതാണ്.

കൂടാതെ ഒന്നായി കൊടുക്കുന്നതിനാണ് കൈവശകുടിയാൻ തീരുമാനിക്കുന്നതെങ്കിൽ, അയാളുടെ തീരുമാനം 71 F ഉപവകുപ്പ് (5) അനുസരിച്ചുള്ള ഉത്തരവ് പാസ്സാക്കുന്നതിനു മുമ്പ് അറിയിക്കേണ്ടതും, അതനുസരിച്ചു കൈവശ കുടിയാൻ നടത്തുന്ന തെരഞ്ഞെടുപ്പ് അവസാന തീരുമാനമായിരിക്കുന്നതുമാണ്."

## വകുപ്പ് 72 M

**ഉപവകുപ്പ് 1** "കൈവശകുടിയാൻ കൊടുക്കേണ്ടതായി വരുന്ന വിലവാങ്ങൽ തുക 72 F വകുപ്പനുസരിച്ച് തിട്ടപ്പെടുത്തുമ്പോൾ, താഴെപ്പറയുന്ന വിധമാണ് അയാൾ ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ കെട്ടിവക്കേണ്ടതു്.

(a) മുഴുവൻ തുകയും ഒരുമിച്ചു കൊടുക്കാനാണ് അയാൾ തെരഞ്ഞെടുത്തിട്ടുള്ളതെങ്കിൽ, മുഴുവൻ തുകയും, ഒൻപതു മാസങ്ങൾക്കകം കെട്ടിവക്കേണ്ടതാണ്.

(b) തവണകളായിട്ടാണ് തുക കൊടുക്കുന്നതെന്നുവന്നാൽ, 72 F (5)-ാം ഉപവകുപ്പനുസരിച്ച് ഉത്തരവു പാസ്സാകുന്ന തീയതി കഴിഞ്ഞു് മൂന്നു മാസത്തിനകം ആദ്യ തവണ കെട്ടിവക്കേണ്ടതാണ്."

**ഉപവകുപ്പ് 2** "തവണകളിലായിട്ടാണ് വിലവാങ്ങൽ തുക കെട്ടിവക്കുന്നതെങ്കിൽ, രണ്ടാമത്തേയും, അതിനുശേഷവുമുള്ള തവണകൾ, നിർദ്ദേശിക്കപ്പെടുന്ന തീയതികളിലും രീതിയിലുമായി കെട്ടിവക്കേണ്ടതാണ്."

**ഉപവകുപ്പ്** "വില വാങ്ങൽ തുകയോഅതിൻെറ ഏതെങ്കിലും തവണകളോ യഥാവിധി തീയതികളിൽ തന്നെ

കെട്ടിവയ്ക്കാത്തപക്ഷം, ആയതിനു്, കുടിശ്ശിഖ വന്ന തീയതി മുതൽ, കെട്ടിവയ്ക്കു നടക്കുന്നതുവരെ പ്രതിവർഷം നാലര ശതമാനം പലിശ ചുമത്തുന്നതാണു്."

## വകുപ്പ് 72 N

**ഉപവകുപ്പ് 1** "72H 72 I എന്നീ വകുപ്പുകളിലെ വ്യവസ്ഥകളെ ഗണ്യമാക്കാതെ തന്നെ, സംഗതമായ വസ്തുവിൻെറ ഉടമ അല്ലെങ്കിൽ മദ്ധ്യവർത്തി, പൊതുസ്വഭാവമുള്ള മതസ്ഥാപനമോ, ധർമ്മസ്ഥാപനമോ, വിദ്യാഭ്യാസസ്ഥാപനമോ ആണെങ്കിൽ, താഴെപ്പറയുന്ന ഉപാധികളനുസരിച്ചു്, 67-ാം വകുപ്പിലെ വ്യവസ്ഥപ്രകാരം കൊടുക്കപ്പെടാവുന്ന ആനുയിററി (വർഷാശനപ്രതിഫലം)യായിരിക്കണം കൊടുക്കപ്പെടേണ്ടതു്. ആയതു് 72 ഒന്നാം ഉപവകുപ്പനുസരിച്ചു് പ്രഖ്യാപിച്ച തീയതി മുതൽ പ്രാബല്യത്തോടെ ഗവർമ്മെൻറാണു് നല്കേണ്ടതു്.

**ഉപാധികൾ**

(a) 72 ഒന്നാം ഉപവകുപ്പനുസരിച്ചു ഗവർമ്മെൻറു പ്രഖ്യാപിച്ച തീയതിയിൽ വർഷാശന പ്രതിഫലം ലഭിക്കണമെന്നു പ്രസ്തുത സ്ഥാപനം ബോധിപ്പിച്ചതു് നിലവിലിരിക്കണം

(b) സ്ഥാപനത്തിനു് നല്കപ്പെടാവുന്ന വർഷാശന പ്രതിഫലം, നിശ്ചയിക്കപ്പെട്ടിട്ടുണ്ടായിരിക്കുകയും 67 ഒൻപതാം ഉപവകുപ്പനുസരിച്ചുള്ള നോട്ടിഫിക്കേഷൻ പുറപ്പെട്ടു കഴിയാതിരിക്കുകയും വേണം."

72-ാം വകുപ്പിനു വിധേയമായി ഗവർമ്മെൻറിനു ഈ വിഷയത്തിൽ താഴെ പറയുന്ന അവകാശങ്ങളുണ്ടായി

രിക്കും. അതായതു് കൈവശ കുടിയാനിൽ നിന്നും ഈടാകുന്ന വിലവാങ്ങൽ തുക ഗവർമ്മെൻറിനു അവകാശപ്പെട്ടതായിരിക്കും.

അതുപോലെ, 72–ാം വകുപ്പനുസരിച്ചുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച തീയതിയിൽ ഉടമാവകാശം മുതലായതു് ഗവർമ്മെൻറിൽ നിക്ഷിപ്തമാവാതുള്ള കേസുകളിൽ, പ്രസ്തുത നോട്ടിഫിക്കേഷൻ തീയതി മുതൽ, പ്രസ്തുത അവകാശങ്ങൾ ഗവർമ്മെൻറിൽ നിക്ഷിപ്തമാകുന്ന തീയതിവരെ, കുടിയാൻ പ്രസ്തുത സ്ഥാപനത്തിനു് കൊടുക്കേണ്ടി വരുമായിരുന്ന പാട്ട സംഖ്യയും ഗവർമ്മെൻറിനു തന്നെ ലഭിക്കുവാൻ അർഹതപ്പെട്ടുന്നതാണു്.

പൊതു സ്വഭാവമുള്ള മതസ്ഥാപനം, ധർമ്മസ്ഥാപനം, വിദ്യാഭ്യാസസ്ഥാപനം എന്നു് അവകാശപ്പെടുന്ന സ്ഥാപനങ്ങൾ, ഉത്തമ വിശ്വാസത്തിൽ അങ്ങനെയുള്ളവയാണോയെന്നു് തീരുമാനിക്കുവാനുള്ള അവകാശം ലാൻഡ് ബോർഡിനു് ഉണ്ടായിരിക്കുന്നതാണു്.

ഒരു സ്ഥാപനം യഥാർത്ഥത്തിൽ മേൽവിവരിച്ച രീതിയിൽ പൊതുസ്വഭാവമുള്ളതല്ലെന്നു് ലാൻഡ് ബോർഡ് നിശ്ചയിക്കുന്നപക്ഷം, ഈ ഉപവകുപ്പിലെ വ്യവസ്ഥകളൊന്നും തന്നെ പ്രസ്തുത സ്ഥാപനത്തെ സംബന്ധിച്ചു് പ്രാബല്യത്തിൽ വരുന്നതുമല്ല."

**ഉപവകുപ്പു് 2** "മതസ്ഥാപനം, ധർമ്മസ്ഥാപനം, വിദ്യാഭ്യാസ സ്ഥാപനം എന്നു് വിവരിക്കപ്പെട്ട പൊതു സ്വഭാവമുള്ള സ്ഥാപനങ്ങൾ, 72 ഒന്നാം ഉപവകുപ്പിൻ പ്രകാരം നോട്ടിഫിക്കേഷൻ ചെയ്യപ്പെട്ട തീയതിയിൽ, വർഷാശന സംഖ്യയ്ക്കു് അപേക്ഷിച്ചിട്ടില്ല എന്നാണെങ്കിൽ, 66 മുതൽ 69 വരെ വകുപ്പുകളിൽ ഉള്ള വ്യവസ്ഥകൾ എന്നുതന്നെ

യാണിരുന്നാലും, അവർക്കു വർഷാശന പ്രതിഫലത്തിനു് അവകാശമുണ്ടാകുന്നതല്ലാത്തതും, അവക്കു് 72 A വകുപ്പിൻ പടിയുള്ള പ്രതിഫലത്തിനുമാത്രം അവകാശമുണ്ടായിരിക്കുന്നതുമാണു്."

## വകുപ്പ് 72O

**ഉപവകുപ്പ് 1** "എഴുപത്തിരണ്ടാംവകുപ്പനുസരിച്ചു വസ്തു ഉടമയുടേയും മദ്ധ്യവർത്തികളുടെയും അവകാശങ്ങൾ ഗവണ്മെൻറിൽ നിക്ഷിപ്തമായതിനുശേഷം കൈവശമുള്ള കാലത്തേക്കു കൈവശകുടിയാൻ പാട്ടമായി എന്തെങ്കിലും തുക ജന്മിക്കോ മദ്ധ്യവർത്തിക്കോ കൊടുത്തിട്ടുള്ളപക്ഷം ആയതു കൈവശക്കുടിയാൻ കൊടുക്കേണ്ടതായിവരുന്ന വിലവാങ്ങൽ തുകയിൽ വകവെച്ചുകൊടുക്കേണ്ടതാണു്, ജന്മിക്കോ മദ്ധ്യവർത്തിക്കോ 72 H വകുപ്പനുസരിച്ചു കൊടുക്കുവാനുള്ള പ്രതിഫലത്തുകയിൽ ആയതു തട്ടിക്കഴിക്കേണ്ടതുമാണു്."

**ഉപവകുപ്പ് 2** മര്യാദപ്പാട്ടം നിശ്ചയിക്കൽമൂലം കൈവശക്കുടിയാൻ ജന്മിക്കോ മദ്ധ്യവർത്തിക്കോ കൊടുക്കുവാനുള്ള പാട്ടത്തിൻെറ തുക കുറവ് ചെയ്യപ്പെട്ടിട്ടുള്ളപക്ഷം കൈവശകുടിയാൻ കുറവ് ചെയ്യലിനുള്ള അപേക്ഷബോധിപ്പിച്ച കാർഷികസംവത്സരത്തിൻെറ ആരംഭം മുതലുള്ള കാലഘട്ടത്തേക്കു് അയാൾ കൊടുത്തിട്ടുള്ള അധികത്തുക അയാൾ കൊടുക്കേണ്ടതായി വരുന്ന വിലവാങ്ങൽ തുകയിൽ വകവെച്ചുകൊടുക്കേണ്ടതും അത്രയും തുക ജന്മിക്കോ മദ്ധ്യവർത്തിക്കോ ലഭിക്കുവാനുള്ള പ്രതിഫലത്തുകയിൽ തട്ടിക്കഴിക്കേണ്ടതുമാണു്."

## വകുപ്പ് 72 P

**ഉപവകുപ്പ് 1** "അൻപത്തിനാലാം വകുപ്പനുസരിച്ചുള്ള അപേക്ഷകളും (തള്ളിക്കളയപ്പെട്ടിട്ടുള്ളതുപോകെ) അങ്ങിനെയുള്ള അപേക്ഷകളുമായി ബന്ധപ്പെട്ട ഏതു നടപടികളെങ്കിലും അപ്പീൽ അധികാരി മുമ്പാകെയോ ഹൈക്കോടതി മുമ്പാകെയോ ലാൻഡ് ബോർഡു മുമ്പാകെയോ വിചാരണയിലിരിക്കുന്നുവെങ്കിൽ അൻപത്തൊമ്പതാം വകുപ്പിലെ രണ്ടാം ഉപവകുപ്പനുസരിച്ച് വിലവാങ്ങൽ സർട്ടിഫിക്കററു് കൊടുത്തിട്ടില്ലാത്ത കേസുകളിൽ 72, ഒന്നാം ഉപവകുപ്പനുസരിച്ച് പ്രഖ്യാപിക്കുന്ന തീയതിയിൽ അവ അബേറു ചെയ്യുന്നതാണ്. അങ്ങനെയുള്ള കേസുകളിൽ ഒരു കക്ഷി മററാത കക്ഷിയുടെ കോടതിച്ചെലവു കൊടുക്കുവാൻ ബാദ്ധ്യസ്ഥരാകുന്നതുമല്ല. ഒന്നാം ഉപവകുപ്പിൽ വിവരിച്ച പ്രകാരമുള്ള ഒരപേക്ഷയിൽ സംഗതമായ വസ്തുവിനെസംബന്ധിച്ച്. 72 K വകുപ്പനുസരിച്ച് വിലവാങ്ങൽ സർട്ടിഫിക്കററു് കൊടുത്തിട്ടുള്ള പക്ഷം,

a) ആ വസ്തുവിനെസ്സംബന്ധിച്ചിടത്തോളമുള്ള, ജന്മിയുടെയും മദ്ധ്യവർത്തി തുടങ്ങിയവരുടേയും അവകാശം മുതലായതു് കൈവശ കുടിയാനിൽ നിക്ഷിപ്തമാകുന്നതു് അങ്ങനെയുള്ള അപേക്ഷയുടെ തീയതി മുതലായിരിക്കും,

b) കൈവശ കുടിയാൻ പ്രസ്തുത അപേക്ഷത്തീയതിക്കുശേഷമുള്ള കാലഘട്ടത്തേക്കു വേണ്ടി കെട്ടിവച്ചിട്ടുള്ള തുകകൾ അയാൾ 72 D വകുപ്പനുസരിച്ച് കൊടുക്കേണ്ടതായി വരുന്ന പ്രതിഫലത്തുകയിൽ വകവച്ച് കൊടുക്കേണ്ടതാണ്."

c) ജന്മിയോ, മദ്ധ്യവർത്തിയോ,പ്രതിഫലത്തുകയിൽ ഏതെങ്കിലും ഭാഗം കൈപ്പററിയിട്ടുണ്ടെങ്കിൽ, ആയതു് 72 H വകുപ്പനുസരിച്ചു് അയാൾക്കു ലഭിക്കാനുള്ള പ്രതിഫലത്തുകയിൽ തട്ടിക്കഴിക്കേണ്ടതും പ്രതിഫലം കൊടുക്കാനുള്ള തുക മതിയാവാത്തതാണെന്നു വന്നാൽ അയാൾക്കു് 72 I അനുസരിച്ചു് ചെല്ലുവാനുള്ള തുകയിൽ തട്ടിക്കഴിക്കേണ്ടതുമാണു്.

(d) കൈവശകുടിയാൻ ഏതെങ്കിലും തുക വിലയ്ക്കു വാങ്ങൽ സംഖ്യയിൽ കെട്ടിവച്ചിട്ടുണ്ടെങ്കിൽ അയാൾ 72 D അനുസരിച്ചു് കെട്ടിവയ്ക്കുവാനുള്ള തുകയിൽ അതു് തട്ടിക്കഴിക്കേണ്ടതാണു്."

## വകുപ്പു് 72 Q

"72–ാം വകുപ്പനുസരിച്ചോ 66–9–ാം ഉപവകുപ്പനുസരിച്ചോ 59, 2–ാം ഉപവകുപ്പനുസരിച്ചോ കുടിയായ്മ ഭൂമിയുടെ ഏതെങ്കിലും ഭാഗം സംബന്ധിച്ചു് ജന്മിയുടേയും മദ്ധ്യവർത്തിയുടേയും അവകാശങ്ങൾ ഗവർമ്മെൻറിലോ കുടിയാനിലോ നിക്ഷിപ്തമായി എന്ന സംഗതി പ്രസ്തുത തീയതികൾക്കു മുമ്പുള്ള കാലഘട്ടത്തിലേക്കു് കുടിയാനിൽ നിന്നും ജന്മിക്കോ മദ്ധ്യവർത്തിക്കോ 73–ാം വകുപ്പിലെ കണക്കനുസരിച്ചു് ഈടാകാനുള്ള പാട്ടക്കുടിശ്ശികകളെ കുടിയാനിൽ നിന്നും ഈടാക്കുന്നതു് അവരവർക്കുള്ള അവകാശങ്ങളെ യാതൊരു കാരണവശാലും ബാധിക്കുന്നതല്ലാത്തതാകുന്നു."

## വകുപ്പു് 72 R

**ഉപവകുപ്പു് 1** "1955 ലെ Karam Tenancy Act-ലെ നിർവ്വചനപ്രകാരം ഒരു കാണംകുടിയാനു് ഉള്ള അവകാശം കൈ

വശകുടിയാനിൽ നിക്ഷിപ്തമായി എങ്കിൽ പ്രസ്തുത Kanam Tenancy Act ൽ പറഞ്ഞിരുന്നതെന്തായാലും താഴെ പറയുന്നവിധം ജന്മിക്കരം കൊടുക്കുവാൻ കൈവശക്കുടി യാൻ ബാദ്ധ്യസ്ഥനായിരിക്കും. അതായതു്,

(a) 72 P വകുപ്പിലെ രണ്ടാം ഉപവകുപ്പനുസരിച്ചോ 59–ാം വകുപ്പിലെ രണ്ടാം ഉപവകുപ്പനുസരിച്ചോ നിക്ഷി പ്തമായിട്ടുള്ളതാണ് വസ്തു എങ്കിൽ അതനുസരിച്ച് കൈ വശക്കുടിയാനിൽ അവകാശങ്ങൾ നിക്ഷിപ്തമായ തീയതി മുതൽ (ജന്മിക്കരം കൊടുക്കേണ്ടതാണ്.)

(b) മററു കേസുകളിൽ വസ്തുവിൻെറ അവകാശം ഗവൺമെൻറിൽ നിക്ഷിപ്തമായ തീയതിമുതൽ. (ജന്മി ക്കരം കൊടുക്കേണ്ടതാണ്)

പ്രസ്തുത തീയതികൾ മുതൽ കാണംകുടിയാനു് ജന്മി ക്കരം കൊടുക്കാനുള്ള ബാദ്ധ്യത അവസാനിക്കുന്നതുമാണ്.

**ഉപവകുപ്പ് 2** "72–ാംവകുപ്പനുസരിച്ച് ഗവർമ്മെൻറിൽ അവകാശങ്ങൾ നിക്ഷിപ്തമായ തീയതി മുതൽ കൈവശ കുടിയാനു് വില വാങ്ങൽ സർട്ടിഫിക്കററ് കൊടുക്കുന്നതു വരെയുള്ള കാലഘട്ടത്തിലേയ്ക്കു് മേൽ ഒന്നാം ഉപവകുപ്പനു സരിച്ചു് കൈവശ കുടിയാൻ കൊടുക്കേണ്ടിയിരുന്ന ജന്മി ക്കരത്തിൻെറ ഏതെങ്കിലും അംശം ഗവൺമെൻറു കൊടുത്തു പോയിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള സംഖ്യകൾ കൈവശ കുടിയാനിൽ നിന്നും ഭൂനികുതികുടിശ്ശിഖ എന്നപോലെ ഈടാക്കുവാൻ ഗവൺമെൻറിനവകാശമുണ്ടായിരിക്കുന്ന താണ്."

## വകുപ്പ് 72 S

"1961 ലെ കേരളാ ഭൂനികുതി നിയമം, മറേറതെ ങ്കിലും നിയമങ്ങൾ, കരാറുകൾ എന്നിവയിൽ എന്തുതന്നെ പറഞ്ഞിട്ടുണ്ടെങ്കിലും, 72–ാം വകുപ്പനുസരിച്ച് ജന്മിയു

ടേയും മദ്ധ്യവർത്തികളുണ്ടെങ്കിൽ അവരുടേയും അവകാശ ങ്ങൾ ഗവണ്മെൻറിൽ നിക്ഷിപ്തമായിയെങ്കിൽ, കൈവശ കുടിയാൻ, പ്രസ്തുത വസ്തുവിനെ സംബന്ധിച്ച്, ബേസിക് കരം, മററു നികുതികൾ എന്നിവ കൊടുക്കുവാൻ ബാദ്ധ്യ സ്ഥനായിരിക്കുന്നതാണ്."

ഇതോടുകൂടി ദീർഘമായ 72 മുതൽ 72 S വരെയുള്ള വകുപ്പുകളിലെ വ്യവസ്ഥകൾ അവസാനിക്കുന്നു. ഭൂപരിഷ്കരണ നിയമം നിർദ്ദേശം ചെയ്യുന്ന ഒരു പ്രത്യേക ചിന്താ ഗതിയേയും നയത്തേയും വ്യവസ്ഥപ്പെടുത്തി വിശദീകരി ക്കുകയെന്നതാണ് പ്രസ്തുത വകുപ്പുകൾ ചെയ്യുന്നത്.

## 72-ാം വകുപ്പിൻെറ സന്ദേശം

ഗവർമ്മെൻറു പ്രഖ്യാപിക്കുന്ന ഒരു തീയതിയിൽ, ജനതയാകെ നിദ്രയിലാണ്ടിരിക്കുന്ന പാതിരാത്രി സമയം മുതൽ, കേരളത്തിലെ വിവിധയിനങ്ങളിലുള്ള കുടിയായ്മ ഭൂമികളെ സംബന്ധിച്ച് ജന്മിക്കും മദ്ധ്യവർത്തിക്കുമുള്ള സകലവിധമായ അവകാശങ്ങളും ഗവർമ്മെൻറിൽ നിക്ഷി പ്തമാവുന്നതു മുതൽ, ബാദ്ധ്യതകളും പ്രതിഫലത്തുകകളും തിട്ടപ്പെടുത്തി അവ അർഹമായവർക്ക് കൊടുക്കുകയും, കട മപ്പെട്ടവരിൽ നിന്നു പിരിക്കുകയും ചെയ്യുന്നതിനുള്ള നട പടികൾ പൂർത്തിയാക്കിയശേഷം, എല്ലാവിധ ബാദ്ധ്യതക ളിലും നിന്ന് പരിപൂർണ്ണമായി മോചിപ്പിക്കപ്പെട്ട വിധ ത്തിൽ ഒരു വിലവാങ്ങൽ സർട്ടിഫിക്കററോടുകൂടി, കുടി യാനിലേയ്ക്ക് കൈമാറി, കുടിയാനെ നിറഞ്ഞ കയ്യോടെ വീട്ടിലേയ്ക്കു പറഞ്ഞയയ്ക്കുന്നതുവരെയുള്ള നടപടികൾ നിജ പ്പെടുത്തുന്നു. ഈ ഭാഗത്തിൻെറ സന്ദേശം, ഭാരതത്തിൻെറ തന്നെ സാമൂഹ്യ ചരിത്രത്തിൽ ഒരു വഴിത്തിരിവിനെ യാണു കുറിക്കുന്നതു്.

72-ാം വകുപ്പിൻെറ ആദ്യ ഭാഗത്തു്, ഭൂമിയുടെ അവകാശങ്ങൾ ഗവർമ്മെൻറിൽ നിക്ഷിപ്തമാവുന്നതു് എല്ലാവിധ ബാദ്ധ്യതകളിലും നിന്നു് വിമുക്തമായ, അല്ലെങ്കിൽ ഒഴിവായ തരത്തിലായിരിക്കുമെന്നു് പ്രസ്താവിക്കപ്പെട്ടിരുന്നതിൻെറ പൊരുൾ, 72 A മുതൽ 72 S വരെ തുടൎന്നുള്ള വകുപ്പുകളിലെ വ്യവസ്ഥകൾ കൊണ്ടു് വെളിവാകുന്നതാണു്. പ്രതിഫലത്തുകയായി ക്ലിപ്തപ്പെടുത്തുന്ന സംഖ്യയിൽ നിന്നു്, വസ്തുവിൽ ജന്മിയും മദ്ധ്യവൎത്തിയുമായി ചുമത്തിയിട്ടുള്ള ഇടകടങ്ങൾ, സംരക്ഷണച്ചെലവുകൾ, ഉപജീവനച്ചെലവുകൾഎന്നീബാദ്ധ്യതകളെല്ലാം പ്രതിഫലത്തുകയെത്തുന്നിടത്തോളം കൊടുത്തു തീക്കുവാനുള്ള വ്യവസ്ഥകൾ പിന്നാലെ തുടൎന്നു വരുന്ന വകുപ്പുകളിൽ ഉൾക്കൊള്ളിക്കപ്പെട്ടിട്ടുണ്ടു്. ഈ വകുപ്പുകളിൽ പ്രതിപാദിച്ചിട്ടുള്ള സംഗതികളെപ്പററി പ്രത്യേകം വിശദീകരിക്കേണ്ട ആവശ്യമില്ലാത്ത നിലയിൽ വകുപ്പുകളുടെ വിശദാംശങ്ങൾ സമഗ്രമാണു്. 53 മുതലുള്ള വകുപ്പുകളുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക തീയതിക്കുശേഷം ജന്മിയിൽനിന്നും നേരിട്ടു് കുടിയാനിൽ വസ്തുവിൻെറ ഉടമാവകാശം മുതലായവ നിക്ഷിപ്തമാകുന്നതിനു മുമ്പു് പ്രതിഫലത്തുക തിട്ടപ്പെടുത്തുന്നതിനുവേണ്ടി അംഗീകരിക്കുന്ന കണക്കു കൂട്ടലുകളുടെ സ്വഭാവത്തിൻെറ സാദൃശ്യം 72 A മുതൽ 72 S വരെയുള്ള വകുപ്പുകളിലുള്ളതു് അത്യന്തം ശ്രദ്ധേയമാണു്.

## അദ്ധ്യായം പത്ത്

# 53 മുതൽ 66 വരെയുള്ള വകുപ്പുകൾ

മുൻ അദ്ധ്യായത്തിൻെറ ആദ്യഭാഗത്ത് ഈ നിയമത്തിൻെറ 53 മുതൽ 64 വരെയുള്ള വകുപ്പുകൾ ഒരു ചിന്താക്കുഴപ്പത്തിനു് ഇടനൽകാവുന്നതാണെന്നു് സൂചന നൽകിയിട്ടുണ്ട്. പ്രസ്തുത വകുപ്പുകൾ ഉൾക്കൊള്ളുന്ന ഭാഗത്ത് പ്രതിപാദിക്കപ്പെടുന്നതു്, കൈവശകുടിയാനു് ജന്മിയുടെ ഉടമാവകാശം വിലയ്ക്കുവാങ്ങുന്നതിനുള്ള നടപടിച്ചട്ടങ്ങളാണ്. ഈ വകുപ്പുകളും 72 A മുതൽ 72 S വരെയുള്ള ചട്ടങ്ങളും തമ്മിലുള്ള പൊരുത്തമെന്താണു്?

1964-ലെ ഒന്നാം ആക്ടിൻെറ 53 മുതൽ 64 വരെയുള്ള വകുപ്പുകളെ ചില ഭേദഗതികളോടെ അതേ നമ്പരുകളിട്ടുകൊണ്ടുതന്നെ ഭേദഗതിനിയമവും സംരക്ഷിച്ചിരിക്കുന്നു. മര്യാദപ്പാട്ടത്തിൻെറ പതിനാറിരട്ടിയെന്ന അടിസ്ഥാനത്തിലുള്ള പ്രതിഫലത്തുക ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ കുടിയാൻ കെട്ടിവച്ചു്, ജന്മിയുടെയും മദ്ധ്യവർത്തികളുടേയും സകലവിധമായ ബാദ്ധ്യതകളിലുംനിന്നു് വിമുക്തമായ തരത്തിൽ കുടിയായ്മ ഭൂമി വിലയ്ക്കുവാങ്ങി ഒരു "വില വാങ്ങൽ സർട്ടിഫിക്കററു്" സമ്പാദിക്കുവാൻ കുടിയാനുള്ള അവകാശമാണ് ഈ വിഭാഗത്തിലെ ചർച്ചാവിഷയം.

1969 ലെ ഭേദഗതി നിയമത്തിൽ, നൂതനമായി വന്ന 72 A മുതൽ 72 S വരെയുള്ള വകുപ്പുകൾ ഇല്ലാതിരുന്ന കാലത്തു്. 1964-ലെ നിയമത്തിൽ ഈ ഭാഗം ഒരു പ്രധാന തുരുപ്പു ചീട്ടുതന്നെയായിരുന്നു. ഈ രണ്ടു ഭാഗങ്ങളും തമ്മിലുള്ള അടിസ്ഥാനപരമായ ഒരു വ്യത്യാസം കുടിയായ്മ ഭൂമിയിൽ ജന്മിക്കും മദ്ധ്യവർത്തിക്കുമുള്ള ഉടമാവകാശങ്ങൾ അവരിൽ നിന്നും ആരിലേക്കാണു് പകരുന്നതെന്നും, എപ്പോഴാണു് അങ്ങനെ പകരുന്നതെന്നും, ഉള്ള ചോദ്യങ്ങളുടെ ഉത്തരം പറയുമ്പോൾ വെളിച്ചത്തു വരുന്നതാണു്. 53 മുതൽ 64 വരെ വകുപ്പുകളിൽ 1964-ലും 1969-ലും സ്വീകരിക്കപ്പെട്ടിരിക്കുന്ന മൗലികമായ ധാരണ, ഒരു നിശ്ചിത തീയതിയിൽ ജന്മിക്കും മദ്ധ്യവർത്തിക്കുമുള്ള അവകാശം നേരെ; കുടിയാനിലേക്കു് സംക്രമിച്ചു് നിക്ഷിപ്തമാവും, എന്നായിരുന്നു. 1964-ലെ നിയമത്തിന്റെ 72-ാം വകുപ്പിൽ അങ്ങനെയാണു് പറഞ്ഞിരുന്നതു്. അന്നത്തെ 72-ാം വകുപ്പനുസരിച്ചു് ഈ വിധം കുടിയാനിലേക്കു് അവകാശങ്ങൾ സംക്രമിക്കണമെങ്കിൽ, വിലവാങ്ങൽ സർട്ടിഫിക്കറ്റു് കൊടുക്കുന്നതുവരെയുള്ള നടപടികളെല്ലാം നടന്നു കഴിഞ്ഞു് ഗവമ്മെൻറു്, നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കണമായിരുന്നു. ഈ ധാരണയ്ക്കു് സമഗ്രമായ വ്യതിയാനം വരുത്തിക്കൊണ്ടാണു്, ഇപ്പോഴത്തെ 72-ാം വകുപ്പിൽ ഗവമ്മെൻറു് പ്രഖ്യാപിക്കുന്ന ഒരു തീയതിയിൽ എല്ലാ കുടിയായ്മ വസ്തുക്കളുടേയും ജന്മാവകാശം മുതലായ അവകാശങ്ങൾ "ഗവമ്മെൻറിലേക്കു" സംക്രമിക്കണം എന്ന ഭേദഗതി വരുത്തിയതു്.

72-ാം വകുപ്പിലെ ഭേദഗതിയുടെ വെളിച്ചത്തിൽ ആവശ്യമായ ചില മിനുക്കുപണികൾ 52 മുതൽ 62 വരെ വകുപ്പുകളിലും വരുത്തിയിട്ടുണ്ടു്. പ്രസ്തുത വകുപ്പുകളിലെ

താല്പര്യമനുസരിച്ചു് കൈവശകുടിയാൻ മുൻകയ്യെടുത്തു് വിലവാങ്ങലിനുള്ള അപേക്ഷ കൊടുക്കേണ്ടതാണു്. പുതുതായി ചേർക്കപ്പെട്ട 72-ാം വകുപ്പനുസരിച്ചു് ഗവമ്മെൻറിൽ അവകാശങ്ങൾ നിക്ഷിപ്തമായിക്കഴിഞ്ഞാൽ കുടിയാനിലേക്കു് അവകാശങ്ങൾ പകരുന്നതിനുള്ള നടപടികൾ താനേ നടന്നുകൊള്ളുന്നതും, വിലവാങ്ങൽ സർട്ടിഫിക്കററു് കൊടുത്തു് അയാളെ പിരിച്ചുവിടുന്നതുവരെ അവ തുടർന്നുകൊണ്ടിരിക്കുന്നതുമാണു്. ആ നിലക്കു് ഇപ്പോഴും നിലനിർത്തപ്പെട്ടിട്ടുള്ള 53 മുതൽ 64 വരെയുള്ള വകുപ്പുകൾ മുൻകാലങ്ങളിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള ഹർജികളുടെ ഭരത്വാക്യത്തിലേക്കു് എത്തിച്ചേരുന്നതിനു വേണ്ടി നിലനിർത്തപ്പെടുന്ന ചരിത്രരേഖകളുടെ സ്ഥാനം മാത്രമേ അർഹിക്കുന്നുള്ളു എന്നു വ്യാഖ്യാനിക്കപ്പെടാവുന്നതാണു്.

അവയുടെ മൂല്യം ഇത്തരത്തിൽ അത്യന്തം പരിമിതമാണെങ്കിൽ കൂടി ഇപ്പോഴത്തെ ഭേദഗതിയിലും അവ നിലനിറുത്തപ്പെട്ടിരിക്കുന്നു എന്നുള്ളതുകൊണ്ടും, നിലവിലുള്ള ഹർജികൾക്കും ഇതിനകം പുറപ്പെടുവിക്കപ്പെട്ടിട്ടുള്ള തീർപ്പുകളിന്മേൽ ഉള്ള അപ്പീലുകൾ മുതലായ അവസാനനടപടികൾക്കും അവ സംഗതമാണെന്നുള്ളതുകൊണ്ടും, നിലവിലുള്ള രീതിയിൽ അവയുടെ തർജ്ജമ താഴെ കൊടുക്കാമെന്നു കരുതുന്നു.

ഇപ്രകാരം നിലനിർത്തപ്പെട്ടിരിക്കുന്ന വകുപ്പുകളുടെ വ്യാപ്തി മറെറാരു തരത്തിലും കൂടി സാരമായി പരിമിതപ്പെട്ടുപോയിരിക്കുന്നു. അക്കാര്യം ഈ ഗ്രന്ഥത്തിൽ പിന്നാലെവരുന്ന "ചെറുകിടകൈവശക്കാരൻ" എന്ന അദ്ധ്യായത്തിൽ പ്രതിപാദിക്കപ്പെടുന്നുണ്ടു്. ആ അദ്ധ്യായത്തിലെ ചർച്ചകളുടെയുംകൂടി വെളിച്ചത്തിൽ മാത്രമേ 53 തൽമു

64 വരെയുള്ള വകുപ്പുകളുടെ വ്യാപ്തി പരിശോധിക്കപ്പെടാവുന്ന എന്ന മുന്നറിയിപ്പോടുകൂടി നിലവിലുള്ള വകുപ്പുകളുടെ തർജ്ജമ അവതരിപ്പിക്കപ്പെടുന്നു.

## വകുപ്പ് 53

**ഉപവകുപ്പ് 1** പതിമൂന്നാം വകുപ്പനുസരിച്ച് കുടിയായ്മ സ്ഥിരതയ്ക്ക് അവകാശമുള്ള ഒരു കൈവശ കുടിയാനു് (ഇതിൽ ഒരു കുടിയിരിപ്പിന്റെ കൈവശക്കാരനും ഒരു കാരായ്മയുടെ കൈവശക്കാരനും ഉൾപ്പെടുന്നതാണ്.) അയാളുടെ കൈവശമുള്ള ഭൂമിയെ സംബന്ധിച്ച് ജന്മിക്കും മദ്ധ്യവർത്തികളുണ്ടെങ്കിൽ അവർക്കും, ഉള്ള ജന്മാവകാശം മററവകാശങ്ങൾ മുതലായവ താഴെപ്പറയുന്നഉപാധികൾക്കു വിധേയമായി വിലയ്ക്കു വാങ്ങുവാൻ അവകാശമുണ്ടായിരിക്കും.

### ഉപാധികൾ

i) ഈ നിയമമനുസരിച്ച് കുടിയായ്മ വസ്തുവിന്റെ ഏതെങ്കിലും ഭാഗം വീണ്ടെടുക്കുന്നതിനുള്ള അവകാശം ജന്മിക്കുണ്ടായിരിക്കുകയും അതിനുള്ള അപേക്ഷ അയാൾ ബോധിപ്പിച്ചിരിക്കുകയുമാണെങ്കിൽ, അതു കഴിച്ചുള്ള ഭാഗത്തിനു മാത്രമേ വിലവാങ്ങലവകാശം കുടിയാനു സിദ്ധിക്കുകയുള്ളൂ.

ii) ഒരു കൈവശ കുടിയാൻ തനിയേയോ, ഒരു കുടുംബാംഗമായി അയാളെ ഗണിക്കണമെങ്കിൽ അയാളുടെ കുടുംബത്തിനോ സീലിംഗ് ഏരിയായിൽ കുറയാത്ത ഭൂമിയുടെ ഉടമാവകാശം ഉണ്ടെങ്കിൽ വിലവാങ്ങലവകാശം ഉണ്ടായിരിക്കുന്നതല്ല.

iii) ഒരു കൈവശകുടിയാൻ തനിയേയോ, അയാൾ ഒരു കുടുംബാംഗമായി പരിഗണിക്കപ്പെടണമെങ്കിൽ അതു

കുടുംബത്തിനോ, ഉടമാവകാശമായി ഒട്ടും ഭൂമിയില്ലാത്ത പക്ഷവും, അഥവാ ഉണ്ടെങ്കിൽ അതു് സീലിംഗ് ഏരിയായിൽ താഴെമാത്രമേ ഉള്ളൂവെങ്കിലും, അങ്ങിനെ ഉടമാവകാശം ഉള്ളതും വിലയ്ക്കുവാങ്ങുന്നതുമുൾപ്പെടെ സീലിംഗ് ഏരിയായിൽ കവിയാത്ത വിധം മാത്രമേ വിലയ്ക്കുവാങ്ങലവകാശം പ്രായോഗികമാവുകയുള്ളൂ,"

## വിശദീകരണം

"ഒരു കൈവശകുടിയാനോ, അയാളുൾപ്പെടുന്ന കുടുംബമോ ഉടമസ്ഥത വഹിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം കണക്കാക്കുന്നതിൽ അവരുടെ ഉടമയിൽപ്പെട്ടതായി ഉള്ളതിൽ നിന്നും അവരുടെ കീഴ്കുടിയാനായുള്ള മററാരു കുടിയാൻ അവരിൽനിന്നും വിലയ്ക്കുവാങ്ങാൻ അർഹതപ്പെട്ടതായ ഭൂമി ഒഴിവാക്കി കണക്കു നോക്കേണ്ടതാണ്."

**ഉപവകുപ്പ് 2.** "ഒന്നാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട സീലിംഗ് ഏരിയാ കണക്കാക്കുന്നതിന് 82-ാം വകുപ്പിലെ നിബന്ധനകൾ അനുവദനീയമായിടത്തോളം പരിഗണിക്കേണ്ടതാണ്.

83-ാം വകുപ്പനുസരിച്ചു തീയതി നിശ്ചയിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ വന്നിട്ടില്ലാത്തപക്ഷം കൈവശകുടിയാൻ 54-ാം വകുപ്പനുസരിച്ചു, അപേക്ഷ ബോധിപ്പിച്ച തീയതിയുടെ അടിസ്ഥാനത്തിൽ കണക്കു കൂട്ടേണ്ടതാണ്"

# വകുപ്പ് 54

**ഉപവകുപ്പ് 1** "53-ാം വകുപ്പനുസരിച്ച് ജന്മിയുടേയും മദ്ധ്യവർത്തികളുടേയും അവകാശം വിലയ്ക്കുവാങ്ങുന്നതിനവകാശമുള്ള കൈവശകുടിയാൻ, അതിനുവേണ്ടിയുള്ള

അപേക്ഷ ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ ബോധിപ്പിക്കണം."

"ഒന്നാം ഉപവകുപ്പനുസരിച്ചുള്ള അപേക്ഷ, നിശ്ചിത ഫാറമനുസരിച്ചും നിർദ്ദേശിക്കപ്പെട്ട വിവരങ്ങളോടുംകൂടി വേണം ബോധിപ്പിക്കേണ്ടതു്"

ഉപവകുപ്പ് 3 "കൈവശ കുടിയാനു് വിലയ്ക്കു വാങ്ങാനർഹതപ്പെട്ട വസ്തു കുടിയായ്മ ഭൂമിയുടെ ഏതാനും ഭാഗം മാത്രമാണെങ്കിൻ മുഴുവൻ വസ്തുവിൻെറ ഏതു ഭാഗമാണു് അയാൾക്കു വിലയ്ക്കു വാങ്ങേണ്ടതെന്നു് അപേക്ഷയിൽ വിശദപ്പെടുത്താവുന്നതാണു."

## വകുപ്പ് 55

"ജന്മിയുടേയും മദ്ധ്യവർത്തികളുടേയും അവകാശങ്ങൾ വിലയ്ക്കു വാങ്ങുന്നതിനു് കൈവശ കുടിയാൻ നല്കേണ്ടതായ തുക താഴെപ്പറയുന്ന ഇനങ്ങൾ ചേർന്നതായിരിക്കും.

i) വിലയ്ക്കു വാങ്ങുന്ന ഭൂമിയെസംബന്ധിച്ച മര്യാദപ്പാട്ടത്തിൻെറ പതിനാറിരട്ടി സംഖ്യ

ii) സംഗതമായ വസ്തുവിൽ സ്ഥിരമായ അടിസ്ഥാനത്തിൽ ചെയ്യപ്പെട്ടിട്ടുള്ള, ജന്മിയുടെയോ മദ്ധ്യവർത്തിയുടെയോ വകയായ കെട്ടിടങ്ങൾ കിണറുകൾ, ബണ്ടു് മുതലായ മരാമത്തു വേലകൾ എന്നിവയുടെ മുഴുവൻ വില.

iii) ജന്മിയുടേയോ മദ്ധ്യവർത്തിയുടേയോ വകയായി വസ്തുവിലുള്ള, തടിയ്ക്കുപയോഗിക്കാവുന്ന വൃക്ഷങ്ങളുടെ വിലയുടെ ഒന്നുപാതി.

എന്നാൽ മേൽപ്പറഞ്ഞ മൂന്നു് ഐറ്റങ്ങളുടേയും ആകെ വില, മര്യാദപ്പാട്ടത്തിൻെറ പതിനാറിരട്ടിയിൽക്കവിയുന്നതായിക്കണ്ടാൽ വിലവാങ്ങൽ പ്രതിഫല സംഖ്യ നിർണ്ണയിക്കുന്ന കാര്യത്തിൽ അവയുടെ വില മര്യാദപ്പാട്ട

ത്തിൻെറ പതിനാറിരട്ടിത്തുകയുടെ തുല്യസംഖ്യയിൽ പരിമിതപ്പെടുത്തുന്നതാണ്." ഈ വിധമുള്ള പരിമിതപ്പെടുത്തലിൻെറ വ്യവസ്ഥ 1964 ലെ നിയമത്തിൽ, ഉണ്ടായിരിക്കുന്നതല്ല.

**വിശദീകരണം**

"പാട്ടം എന്നതു് സാധനങ്ങളായാണു് കൊടുക്കേണ്ടതെങ്കിൽ ആ സാധനങ്ങൾക്കു് വിലവാങ്ങൽ പ്രതിഫലം നിശ്ചയിക്കുന്ന വർഷത്തിൻെറ മുമ്പുള്ള ആറുവർഷങ്ങളിൽ നിലവിലിരുന്ന താരിപ്പുവിലയുടെ പ്രതിവർഷശരാശരിക്കു തുല്യമായ തുകയായി, ഈ വകുപ്പിൻെറ ആവശ്യങ്ങൾക്കു് കണക്കു കൂട്ടേണ്ടതാണ്. 43-ാം വകുപ്പനുസരിച്ചു് സാധനവിലകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതും കണക്കാക്കേണ്ടതാണ്."

## വകുപ്പ് 56

**ഉപവകുപ്പ് 1** "ഒരു കുടിയായ്മ വസ്തുവിനെ സംബന്ധിച്ച ഉടമാവകാശം, മുതലായവ കുടിയാൻ വിലയ്ക്കുവാങ്ങിക്കഴിഞ്ഞാൽ, ആയതിൻെറ പ്രതിഫലത്തുക, ജന്മിക്കും മദ്ധ്യവർത്തിക്കും, അല്ലെങ്കിൽ ഒന്നിലധികംപേർ ഉണ്ടെങ്കിൽ അവർക്കു് വീതിച്ചും, നൽകുന്നതു് താഴെ രണ്ടാം ഉപവകുപ്പിലും, മൂന്നാം ഉപവകുപ്പിലും വിശദപ്പെടുത്തുന്ന രീതിയനുസരിച്ചായിരിക്കണം."

**ഉപവകുപ്പ് 2** "മദ്ധ്യവർത്തിയായി ഒരാൾ ഇല്ലാത്ത പക്ഷം മുഴുവൻ പ്രതിഫലത്തുകയും ജന്മിക്കു് മാത്രമായി നല്ലാവുന്നതാണ്."

**ഉപവകുപ്പ് 3** "മദ്ധ്യവർത്തികളായി ഒരാളോ, ഒന്നിലധികം ആളുകളോ ഉള്ളപക്ഷം, താഴെപ്പറയുന്നവിധം തുക വീതിക്കേണ്ടതാണ്.

1. മര്യാദപ്പാട്ടത്തിൻെറ പതിനാറിരട്ടി സംഖ്യ, ജന്മിക്കും, മദ്ധ്യവർത്തിക്കുമായി വീതിക്കേണ്ടതു്, സംഗതവസ്തുവിൽനിന്നും, അതിൽ, ഓരോ കക്ഷിക്കും കിട്ടാവുന്നതായ ആദായത്തിൻെറ ആനുപാതക്രമമായിട്ടായിരിക്കണം.

2 സ്ഥിരമായ അടിസ്ഥാനത്തിൽ വസ്തുവിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾ, കിണറുകൾ, ഞാണ്ട മുതലായ ദേഹാമത്തുകൾ എന്നിവയുടെ മുഴുവൻ വിലയും, തടിക്കുപയോഗിക്കാവുന്ന വൃക്ഷങ്ങളുടെ വിലയുടെ ഒന്നു പാതിയും, ജന്മി, മദ്ധ്യവർത്തി എന്നിവരിൽ ആരുടെ വകയാണോ, അവക്കു് കൊടുക്കപ്പെടേണ്ടതാണു്.

എന്നാൽ, മേൽവിധം കണക്കു കൂട്ടാവുന്ന തുക, മര്യാദപ്പാട്ടത്തിൻെറ പതിനാറിരട്ടിയുള്ള സംഖ്യയിൽ കവിഞ്ഞാണു വരുന്നതെങ്കിൽ, ദേഹണ്ഡവില മര്യാദപ്പാട്ടത്തിൻെറ പതിനാറിരട്ടി സംഖ്യയിൽ പരിമിതപ്പെടുത്തേണ്ടതാണു്. അങ്ങനെ പരിമിതപ്പെടുത്തുന്നതുമൂലം സംഭവിക്കുന്ന കുറവിൻെറ അനുപാതമനുസരിച്ചു മാത്രമേ, അതാതിൻെറ വില, ജന്മിക്കും മദ്ധ്യവർത്തിക്കും നൽകുകയുള്ളു.

## വിശദീകരണം

"വസ്തുവിൽനിന്നും ലഭ്യമാകാവുന്ന ആദായം എന്നതിനു്, ജന്മിക്കു ലഭിക്കുന്ന പാട്ടത്തുക എന്നർത്ഥമായിരിക്കും. മദ്ധ്യവർത്തിയെ സംബന്ധിച്ചിടത്തോളം കുടിയാൻ മദ്ധ്യവർത്തിക്കു നൽകാനുള്ളതും, മദ്ധ്യവർത്തി ജന്മിക്കു നൽകുവാനുള്ളതുമായ പാട്ടത്തുകകൾ തമ്മിലുള്ള വ്യത്യാസം വരുന്ന സംഖ്യ എന്നും അർത്ഥമായിരിക്കുന്നതാണു്. മദ്ധ്യവർത്തി, ജന്മിക്കു് കൊടുക്കാനുള്ള പാട്ടസംഖ്യ എത്ര എന്നതിനു് തെളിവില്ലാത്തപക്ഷം, മദ്ധ്യവർത്തിക്കു ലഭിക്കുന്ന പാട്ടത്തിൻെറ ഒന്നു പാതി സംഖ്യയായിരിക്കും അയാൾ ജന്മിക്കു കൊടുക്കേണ്ടതു് എന്നു് ഗണിക്കേണ്ടതാണു്.

## വകുപ്പ് 57

**ഉപവകുപ്പ് 1** "54–ാം വകുപ്പനുസരിച്ചുള്ള ഓരോ അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ, കഴിയുന്നതുംവേഗം, ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ ബോധിപ്പിക്കണമെന്നു കാണിച്ച്, ജന്മി, മദ്ധ്യവർത്തികൾ, വസ്തുവിൽ അവകാശം ഉന്നയിക്കുന്ന മററുള്ളവർ, എന്നിവർക്ക് ലാൻഡ് ട്രൈബ്യൂണൽ നോട്ടീസു കൊടുക്കേണ്ടതാണ്."

**ഉപവകുപ്പ് 2** "ലാൻഡ് ട്രൈബ്യൂണലിനു ലഭിക്കുന്ന ആക്ഷേപങ്ങളെ യഥാവിധി പരിഗണിക്കുകയും, ആവശ്യമായ തെളിവുകൾ എടുക്കുകയും ചെയ്തശേഷം, താഴെപ്പറയുന്ന വിധത്തിൽ, ലാൻഡ് ട്രൈബ്യൂണൽ ഉത്തരവു പാസ്സാക്കണം.

i) ജന്മിയോ മദ്ധ്യവർത്തിയോ വസ്തു വീണ്ടെടുക്കുന്നതിനുവേണ്ടി ബോധിപ്പിച്ചിട്ടുള്ള അപേക്ഷ നിലവിലുള്ള പക്ഷം, 22–ാം വകുപ്പനുസരിച്ച് ഉത്തരവു പാസ്സാക്കണം.

ii) വസ്തു വിലയ്ക്കു വാങ്ങലിനുള്ള അപേക്ഷയാണെങ്കിൽ, 54–ാം വകുപ്പനുസരിച്ചുള്ള ഉത്തരവു പാസ്സാക്കണം."

**ഉപവകുപ്പ് 3** "വീണ്ടെടുക്കൽ അനുവദിക്കപ്പെട്ടശേഷം മിച്ചം വരുന്നതായ ഭൂമിയുടെ ഏതാനും ഭാഗം മാത്രമേ കൈവശ കുടിയാനു് വിലയ്ക്കു വാങ്ങാൻ അവകാശമുള്ളൂ എന്നാണെങ്കിൽ, കഴിയുന്നിടത്തോളം, കുടിയാൻ 54 (3) വകുപ്പനുസരിച്ച് തെരഞ്ഞെടുക്കുന്ന സ്ഥലം തന്നെ, കുടിയാനു നല്കുവാൻ ലാൻഡ് ട്രൈബ്യൂണൽ ശ്രദ്ധിക്കേണ്ടതാണ്."

**ഉപവകുപ്പ് 3 A** "ജന്മിയുടേയോ മദ്ധ്യവർത്തിയുടേയോ അവകാശങ്ങൾ, ഏതെങ്കിലും, ഈടുകടം, സംരക്ഷണച്ചെലവ്, ഉപജീവനച്ചെലവ് എന്നിവയ്ക്കു് ബാദ്ധ്യതപ്പെട്ടി

രിക്കുന്നപക്ഷവും, വിലയ്ക്കു വാങ്ങലിൽപ്പെടുന്ന ഭാഗം, ഈടു കൊടുക്കപ്പെട്ട വസ്തുവിൻെറ ഒരംശം മാത്രമാണ് എന്നുള്ളപക്ഷവും, ആകെ ബാദ്ധ്യതയെ, വസ്തുവിൽ അനുപാതക്രമം അനുസരിച്ച് വീതിച്ച് വേണം, ലാൻഡ് ട്രൈബ്യൂണൽ ചേർക്കുവാനുള്ളതു്.

**ഉപവകുപ്പ് 4** "ഉപവകുപ്പ് 2 (ii)-അനുസരിച്ചുള്ള ഉത്തരവിൽ താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമാക്കപ്പെടേണ്ടതാണ്.

i) കൈവശ കുടിയാൻ നല്കേണ്ടതായ വില വാങ്ങൽ പ്രതിഫല സംഖ്യ

ii) കൈവശ കുടിയാൻ കെട്ടിവയ്ക്കേണ്ട സംഖ്യ, ജന്മി, മദ്ധ്യവർത്തികൾ എന്നിവർ തമ്മിൽ എങ്ങനെ വീതിക്കണം എന്നുള്ളതു്.

iii) നിലവിലുള്ള, ബാദ്ധ്യതകൾ വസ്തുവിൽ ജന്മിയോ മദ്ധ്യവർത്തിയോ ബാദ്ധ്യതപ്പെട്ട സംരക്ഷണച്ചെലവ് ഉപജീവനച്ചെലവു മുതലായ സംഖ്യകൾ.

iv) ബാദ്ധ്യതകൾ മുതലായവ ലഭിക്കുവാനുള്ളവർക്ക് ഓരോരുത്തർക്കും ലഭിക്കുവാൻ എത്ര സംഖ്യ വീതം ഉണ്ടെന്നും അവരുടെ മുൻഗണനാക്രമം എന്തായിരിക്കുമെന്നും ഉള്ള വിവരം.

(v) മേൽ വിവരിച്ച ബാദ്ധ്യതകളുടെ സംഖ്യകൾ കഴിച്ച് ജന്മിക്കും എത്ര സംഖ്യവീതം ചെല്ലാനുണ്ടെന്നുള്ള വിവരം."

**ഉപവകുപ്പ് 5** "ഈ നിയമത്തിലെ വ്യവസ്ഥകളനുസരിച്ചും ജന്മിയോ മദ്ധ്യവർത്തിയോ, കുടിയാനു കൊടുക്കേണ്ടതായി എന്തെങ്കിലും സംഖ്യകൾ ഉണ്ടെങ്കിൽ, മേൽപറഞ്ഞ ഉത്തരവിൽ പ്രസ്തുത തുകയെ ലാൻഡ് ട്രൈബ്യൂണൽ അവരവർക്ക് ചെല്ലാനുള്ള സംഖ്യയിൽ തട്ടിക്കഴിക്കേണ്ടതാണ്.

**ഉപവകുപ്പ് 6** "ഉപവകുപ്പ് (2) അനുസരിച്ചുള്ള ഉത്തരവ് പാസായാൽ കഴിയുന്നതുംവേഗം, അതിൻെറ ഒരു പകർപ്പ് ലാൻഡ് ട്രൈബ്യൂണൽ ലാൻഡ് ബോർഡിലേക്കയയ്ക്കേണ്ടതാണ്."

## വകുപ്പ് 58

"57-ാം വകുപ്പനുസരിച്ച് നിശ്ചയിക്കപ്പെട്ട തുക 16 തുല്യവാർഷിക ഗഡുക്കളായി കൊടുക്കേണ്ടതാണ്.

എന്നാൽ പ്രതിഫലം കൊടുക്കേണ്ട സംഖ്യ 160 രൂപയിൽ താഴെയാണെങ്കിൽ ഒരു തവണയിലും 10 രൂപയിൽ കുറയാത്തവിധം ഗഡുക്കൾ നിശ്ചയിക്കേണ്ടതാണ്.

അതുപോലെ മുഴുവൻ പ്രതിഫലത്തുകയും ഒന്നായി കൊടുക്കുവാനാണ് കുടിയാൻ ആഗ്രഹിക്കുന്നതെങ്കിൽ മുഴുവൻ തുകയുടെ 75 ശതമാനം ഒന്നായി കൊടുത്താൽ മതിയാകുന്നതുമാണ്."

## വകുപ്പ് 59

**ഉപവകുപ്പ് 1** "54-ാം വകുപ്പനുസരിച്ചുള്ള ഹർജ്ജി അനുവദിക്കപ്പെടുകയും 57-ാം വകുപ്പനുസരിച്ച് പ്രതിഫലത്തുക നിശ്ചയിക്കുകയും ചെയ്തുകഴിഞ്ഞാൽ, താഴെപ്പറയുന്ന ക്രമത്തിൽ ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ സംഖ്യ കെട്ടിവയ്ക്കുവാൻ കുടിയാൻ ബാദ്ധ്യസ്ഥനായിരിക്കും.

i) പ്രതിഫലത്തുക ഒന്നായിട്ടാണു കൊടുക്കുന്നതെങ്കിൽ കൊടുക്കപ്പെടാനുള്ള തുക മുഴുവനും ഒന്നായിട്ട് ഒരു വർഷത്തിനകം കെട്ടിവയ്ക്കേണ്ടതാണ്.

ii) പ്രതിഫലത്തുക തവണകളായി കൊടുക്കുന്നതിനാണ് കുടിയാൻ സമ്മതിക്കുന്നതെങ്കിൽ ലാൻഡ് ട്രൈബ്യൂണലിൻെറ ഉത്തരവു കഴിഞ്ഞ് 6 മാസത്തിനകം കുടിയാൻ ആദ്യത്തെ തവണയ്ക്കുള്ള സംഖ്യ കെട്ടിവയ്ക്കേണ്ടതാണ്."

എന്നാൽ മുകളിൽ പറഞ്ഞ, ആറുമാസം, ഒരു വർഷം എന്ന കാലാവധികളെ, കുടിയാന്റെ അപേക്ഷ പ്രകാരം, മൂന്നു മാസത്തിൽ കവിയാത്ത ഘട്ടങ്ങളേയ്ക്കു് നീട്ടിക്കൊടുക്കുവാൻ ലാൻഡ് ട്രൈബ്യൂണലിന്നു് അധികാരമുണ്ടായിരിക്കുന്നതാണു്."

**ഉപവകുപ്പ് 2** "ഒന്നായി കെട്ടിവയ്ക്കേണ്ട തുകയോ, ആദ്യഗഡുവിലുള്ള സംഖ്യയോ കെട്ടിവയ്ക്കപ്പെട്ടപ്പോൾ, കുടിയാന്നു് ഒരു വിലവാങ്ങൽ സർട്ടിഫിക്കററ് (Certificate of Purchase) കൊടുക്കുവാൻ ലാൻഡു് ട്രൈബ്യൂണൽ ചുമതലപ്പെട്ടിരിക്കുന്നതാണു്. അങ്ങനെ സർട്ടിഫിക്കററ് കൊടുക്കുന്നതോടുകൂടി, കുടിയാൻ 54–ാം വകുപ്പനുസരിച്ചു് അപേക്ഷ ബോധിപ്പിച്ച തീയതി മുതലുള്ള ഊർജിതത്തോടുകൂടി വസ്തുവിൽ ജന്മിയ്ക്കും മദ്ധ്യവർത്തിയ്ക്കും ഉള്ള സകലവിധമായ അവകാശങ്ങളും, അവർ സൃഷ്ടിച്ചിട്ടുള്ള എല്ലാവിധ ബാദ്ധ്യതകളിലും നിന്നു് വിമുക്തമായ തരത്തിൽ, കുടിയാനിൽ നിക്ഷിപ്തമാവുന്നതാണു്."

**വിശദീകരണം**

"സംശയങ്ങൾ ദൂരീകരിക്കപ്പെടുന്നതിനുവേണ്ടി, ഒരു കാര്യം കൂടി വ്യക്തമാക്കപ്പെടേണ്ടതുള്ളതു്, വിലവാങ്ങൽ സർട്ടിഫിക്കററു കൊടുക്കപ്പെടുന്നതോടുകൂടി, ജന്മിയ്ക്കോ മദ്ധ്യവർത്തിക്കോ നേരിട്ടനുഭവിക്കുന്നതിനുവേണ്ടി നീക്കിയിട്ടുള്ള വൃക്ഷങ്ങളുടെ അനുഭവം ഉൾപ്പെടെയുള്ള എല്ലാ അവകാശങ്ങളും, അവസാനിക്കുന്നതാണു്, എന്നത്രേ."

**ഉപവകുപ്പ 3** "കൈവശ കുടിയാൻ കെട്ടിവയ്ക്കുവാനുള്ള തുക, ഒന്നായിട്ടാണു കെട്ടിവയ്ക്കുന്നതെങ്കിൽ, ആ തുകയോ, തവണകളായിട്ടാണെങ്കിൽ ആദ്യത്തെ ഗഡുവോ യഥാവിധി കെട്ടിവയ്ക്കാതിരിക്കുകയാണെങ്കിൽ, 57–ാം വകുപ്പനുസരിച്ചു് ലാൻഡ്ട്രൈബ്യൂണൽ പാസ്സാക്കിയ ഉത്തരവ്

റദ്ദായതായി കണക്കാക്കപ്പെടുന്നതും, കുടിയാൻ വീണ്ടും, അതേ ജന്മിയുടെ കീഴിലുള്ള കുടിയാനായി തുടരുന്നതുമാകുന്നു."

**ഉപവകുപ്പ് 4** "പ്രതിഫലത്തുക തവണകളായി കെട്ടിവയ്ക്കേണ്ട കേസുകളിൽ രണ്ടാമത്തേതും, അതിനുശേഷമുള്ളതുമായ തവണകൾ, ലാൻഡ് ബോർഡിന്റെ അക്കൗണ്ടിൽ ചേരുന്നതിനുവേണ്ടി, നിർദ്ദിഷ്ടമായ രീതിയിൽ ഗവണ്മെന്റു ട്രഷറിയിൽ കെട്ടിവയ്ക്കേണ്ടതാണ്."

## വകുപ്പ് 60

"വിലവാങ്ങൽ പ്രതിഫലത്തിന്റെ രണ്ടാമത്തേതോ, അതിനുശേഷമുള്ളതോ ആയ തവണകൾ കെട്ടിവയ്ക്കുന്നതിൽ വീഴ്ച വരുന്നപക്ഷം, കുടിശ്ശികത്തുകകൾക്ക് കുടിശ്ശികത്തീയതി മുതൽ നാലര ശതമാനം പലിശ ചുമക്കുന്നതാണ്."

## വകുപ്പ് 61

**ഉപവകുപ്പ് 1** "54-ാം വകുപ്പനുസരിച്ച് കുടിയാൻ, കുടിയായ്മ, വിലവാങ്ങാൻ അപേക്ഷ ബോധിപ്പിച്ചിട്ടുണ്ടെങ്കിൽ കൂടി, ഹർജി തീർച്ച ചെയ്യപ്പെടുന്നതുവരെ, അഥവാ അതിൽ നിന്നും അപ്പീൽ ഉള്ളപക്ഷം അപ്പീൽ തീർച്ച ചെയ്യപ്പെടുന്നതുവരെ, സാധാരണഗതിയിൽ കൊടുക്കുന്ന പാട്ടം, ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ കെട്ടിവയ്ക്കേണ്ടതാണ്.

എന്നാൽ കുടിയാന്റെ അപേക്ഷ പ്രകാരം, പാട്ടം കെട്ടിവയ്ക്കുന്നതിന് സമയം നീട്ടിക്കൊടുക്കുന്നതിനും, കെട്ടിവച്ച സംഖ്യ തികയാത്തതാണെന്നു കണ്ടാൽ, ബാക്കി കെട്ടിവയ്ക്കുന്നതിന് കാലാവധി നീട്ടിക്കൊടുക്കുന്നതിനും, ലാൻഡ് ട്രൈബ്യൂണലിന്നു് അധികാരമുണ്ടായിരിക്കുന്നതുമാകുന്നു."

**ഉപവകുപ്പ് 2** "ജന്മിക്ക് യഥാവിധി അറിയിപ്പു കൊടുത്തശേഷം, കെട്ടിവയ്ക്കപ്പെട്ട പാട്ട സംഖ്യയെ ജന്മിക്കോ, മദ്ധ്യവർത്തിക്കോ, തക്കതായ ജാമ്യം സ്വീകരിച്ചുകൊണ്ടു കൊടുക്കാവുന്നതാണ്."

**ഉപവകുപ്പ് 3** "ഒന്നാം ഉപവകുപ്പനുസരിച്ചു കെട്ടിവയ്ക്കപ്പെട്ട സംഖ്യ, കൈവശ കുടിയാൻ കെട്ടിവയ്ക്കുവാനുള്ള പ്രതിഫല സംഖ്യയിൽ വകവയ്ക്കേണ്ടതുമാകുന്നു."

## വകുപ്പ് 62

"കുടിയാൻ കൊടുക്കുവാനുള്ള വിലവാങ്ങൽ പ്രതിഫല സംഖ്യ, വിലവാങ്ങലിൽ ഉൾപ്പെട്ട വസ്തുവിന്മേൽ ഗവണ്മെൻറിലേയ്ക്ക് ഈടാകാനുള്ള മററു കടങ്ങളുടെ പിറകലേയുള്ള ആദ്യചാർജ്ജായിരിക്കും. രണ്ടാമത്തെതോ തുടന്നുള്ളതോ ആയ തവണകൾ കെട്ടിവയ്ക്കുന്നതിൽ മുടക്കം വരുന്നപക്ഷം, ആയതിനു് അവകാശപ്പെട്ടയാൾ തുക ഈടാക്കിത്തരുന്നതിനു് ലാൻഡ്ബോർഡ് മുമ്പാകെ അപേക്ഷിക്കാവുന്നതും, ലാൻഡ് ബോർഡ് പാസ്സാക്കുന്ന ഉത്തരവ് ഒരു കോടതി ഡിക്രിയെപ്പോലെ തന്നെ കോടതി മുഖേന വിധി നടത്തി ഈടാക്കാവുന്നതുമാകുന്നു.

എന്നാൽ, മതസ്ഥാപനം, ധർമ്മസ്ഥാപനം, വിദ്യാഭ്യാസസ്ഥാപനം എന്നിവയിലേതെങ്കിലുമാണ് ജന്മിയുടെ സ്ഥാനത്തു് ഉണ്ടായിരുന്നതെങ്കിൽ, കുടിയാൻ വരുത്തുന്ന കുടിശ്ശിഖ, റവന്യൂ റിക്കവറി നടപടിമൂലം ഈടാക്കുവാൻ ഗവണ്മെൻറിനധികാരമുണ്ടായിരിക്കുന്നതുമാണ്."

## വകുപ്പ് 63

**ഉപവകുപ്പ് 1** "ജന്മിക്കോ. മദ്ധ്യവർത്തിക്കോ ലഭിക്കുവാനുള്ള പ്രതിഫലത്തുക രണ്ടുമുതൽ ഒൻപതുവരെ ഉപവക

പ്പുകളിൽ വ്യവസ്ഥപ്പെടുത്തുന്ന വിധത്തിൽ വേണം കൊടുത്തുതീർക്കേണ്ടതു്."

**ഉപവകുപ്പ് 2** "ജന്മിയ്ക്കും മദ്ധ്യവർത്തികൾ ഉണ്ടെങ്കിൽ അവർക്കും ഉള്ള അവകാശങ്ങൾ, ഈട്ടുകടം, ഉപജീവനച്ചെലവ്, സംരക്ഷണച്ചെലവ് മുതലായവയ്ക്ക് വിധേയമല്ലെങ്കിൽ, കുടിയാൻ കെട്ടിവച്ചിരിക്കുന്ന സംഖ്യ മുഴുവനും, 56-ാം വകുപ്പിൻെറ ഉപവകുപ്പ് (3) എന്നിവയിലെ നിബന്ധനകൾപോലെ വിതരണം ചെയ്യേണ്ടതാണ്.

**ഉപവകുപ്പ് 3** "ബാദ്ധ്യതകൾ ഉള്ളതാണെങ്കിൽ, തുക നല്കേണ്ടതു് താഴെപ്പറയുന്ന വ്യവസ്ഥകളനുസരിച്ചായിരിക്കണം.

i) മദ്ധ്യവർത്തികളായി ആരും ഇല്ലാത്തപക്ഷം, ബാദ്ധ്യതകൾക്കു വേണ്ടിയുള്ള സംഖ്യ തട്ടിക്കഴിച്ചു ബാക്കിയുള്ളതു് ജന്മിക്കു മാത്രമായി കൊടുക്കേണ്ടതാണ്.

ii) ഒന്നോ അതിലധികമോ മദ്ധ്യവർത്തികൾ ഉള്ള പക്ഷം, 56-ാം വകുപ്പിൻെറ രണ്ടും മൂന്നും ഉപവകുപ്പുകളിൽ വ്യവസ്ഥപ്പെടുത്തിയപോലെ തുകയെ വിതിച്ചു നല്കേണ്ടതാണ്. ഈട്ടുകടങ്ങൾ, സംരക്ഷണച്ചെലവുകൾ, ഉപജീവനച്ചെലവുകൾ എന്നിവ ഉണ്ടെങ്കിൽ, അതാതു ബാദ്ധ്യതക്കാർക്കു ചെല്ലുവാനുള്ള സംഖ്യകളിൽ തട്ടിക്കഴിച്ചുവേണം ബാക്കി കൊടുക്കേണ്ടതു്. അവരവരുടെ ബാദ്ധ്യതകളുടെ ആകെത്തുക, അവരവർക്കു ചെല്ലുവാനുള്ള പ്രതിഫലത്തുകയിൽ കവിഞ്ഞു വരുന്ന പക്ഷം, പ്രതിഫലസംഖ്യ മുഴുവനും ബാദ്ധ്യതകളുടെ നിവർത്തിയ്ക്കായി നീക്കിവയ്ക്കേണ്ടതും, അതാതു കക്ഷിയ്ക്ക് യാതൊന്നും തന്നെ നല്കുവാൻ പാടില്ലാത്തതുമാകുന്നു."

**ഉപവകുപ്പ് 4** (റദ്ദു ചെയ്യപ്പെട്ടിരിക്കുന്നു,)

**ഉപവകുപ്പ് 5** "ബാദ്ധ്യതകൾ മുതലായവ തീക്കുന്നതിനു് ഏതെങ്കിലും തുക നീക്കിവയ്ക്കപ്പെട്ടിട്ടുള്ളപക്ഷം ആയതു് അതാതു ബാദ്ധ്യതാ ഉടമസ്ഥക്കു നല്ലവാനുള്ളതും, അവരുടെ മുൻഗണനാക്രമം അനുസരിച്ചു് ആയതു് നല്കേണ്ടതുമാണു്."

**ഉപവകുപ്പ് 6** "കൈവശ കുടിയാൻ തുക കെട്ടിവയ്ക്കുന്നതു് തവണകളിലാവുന്നപക്ഷവും മുൻവിവരിച്ച ക്രമമനുസരിച്ചുതന്നെ, തുക വീതിച്ചുകൊടുക്കേണ്ടതാണു്. പലിശ വന്നിട്ടുണ്ടെങ്കിൽ ആയതും, ജന്മി, അല്ലെങ്കിൽ മദ്ധ്യവർത്തി അല്ലെങ്കിൽ ബാദ്ധ്യതാ ഉടമസ്ഥർ എന്നിവക്കു് അവരവക്കവകാശപ്പെട്ട പ്രതിഫല സംഖ്യയുടെഅടിസ്ഥാനത്തിൽ തന്നെ വീതിച്ചുകൊടുക്കേണ്ടതാകുന്നു."

**ഉപവകുപ്പ് 7** "പ്രതിഫല സംഖ്യ, ബാദ്ധ്യതാ സംഖ്യകൾ എന്നിവ ലഭിക്കുവാൻ അവകാശമുള്ള ഏതെങ്കിലും കക്ഷി, തുക ലഭിക്കുന്നതിനുമുമ്പായി മരിച്ചുപോകുന്നപക്ഷം, അവരവരുടെ പിൻതുടർച്ചാവകാശികൾക്കു് പ്രസ്തുത സംഖ്യകൾ, വിട്ടുകൊടുക്കേണ്ടതാണു്."

**ഉപവകുപ്പ് 8** "വിലവാങ്ങൽ പ്രതിഫലം ലഭിക്കുവാൻ അവകാശപ്പെട്ട വ്യക്തി, ഒരു സ്വകാര്യട്രസ്റ്റോ, നിധിയോ മൈനറോ, മറേറതെങ്കിലും നിയമപരമായ അയോഗ്യത വഹിക്കുന്നയാളോ, ആണെങ്കിൽ, അവക്കു ചെല്ലുവാനുള്ള സംഖ്യകൾ മററു നിയമ വ്യവസ്ഥകളിൽ എന്തൊക്കെയാണു് ചട്ടമെങ്കിൽ കൂടി, ഗവമ്മെൻറു നിർദ്ദേശിക്കുന്ന പ്രകാരം നിയോഗിക്കപ്പെട്ട ഒരു ബാങ്കിലോ, മററു സ്ഥാപനത്തിലോ, പ്രസ്തുത വ്യക്തിയ്ക്കുവേണ്ടി കെട്ടിവയ്ക്കേണ്ടതാണു്."

**ഉപവകുപ്പ് 9** "പ്രതിഫലത്തുകയുടെ അവകാശങ്ങളെ ബന്ധിക്കാവുന്ന പ്രശ്നം വിചാരണ ചെയ്യപ്പെടുന്ന ഏതെങ്കിലും വ്യവഹാരമോ മററു നടപടികളോ, ഏതെങ്കിലും കോടതിയിലോ മററു അധികാര സ്ഥാനത്തിൻെറ മുമ്പാകെയോ, നടന്നു വരുന്നുണ്ടെങ്കിൽ, പ്രസ്തുത കോടതിയുടെ, അല്ലെങ്കിൽ അധികാരത്തിൻെറ നിർദ്ദേശാനുസരണം മാത്രം, തുക കെട്ടിവയ്ക്കുവാനും വിതരണം ചെയ്യുവാനും, ലാൻഡ് ട്രൈബ്യൂണൽ ബാദ്ധ്യതപ്പെട്ടിരിക്കുന്നതാണ്."

## വകുപ്പ് 64

"63-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രതിഫലത്തുക, ബാദ്ധ്യതകൾ പ്രകാരമുള്ള സംഖ്യകൾ എന്നിവ കൊടുത്തു തീർക്കുകയെന്നതു്, ജന്മി, മദ്ധ്യവർത്തികൾ എന്നിവർക്ക് അവകാശപ്പെട്ട സംഖ്യകൾ കൊടുത്തു തീർത്തു ബാദ്ധ്യത അവസാനിപ്പിക്കുന്ന പൂർണ്ണമായ നടപടിയായിരിക്കുന്നതും, പ്രതിഫലത്തുകയെ സംബന്ധിച്ച് മററു യാതൊരു അവകാശവാദങ്ങളും മേലിൽ ശേഷിക്കാവുന്നതല്ലാത്തതുമാകുന്നു."

## അദ്ധ്യായം പതിനൊന്നു്

# പൊതുസ്ഥാപനങ്ങൾക്കുള്ള പ്രത്യേകത

ഒരു നിയമം, വിശേഷിച്ചും ഭൂമിയെപ്പററിയുള്ള നിയമം, കൈകാര്യം ചെയ്യപ്പെടുമ്പോൾ, സാധാരണഗതിയിൽ വ്യക്തികളായ ഉടമസ്ഥരുടെ കാര്യമാണു് നമ്മുടെ മനസ്സിൽ പൊന്തിവരിക. എന്നാൽ, കേരളത്തിലെ പ്രത്യേക പരിതസ്ഥിതിയുടേയും, പൂർവ്വചരിത്രത്തിന്റേയും പശ്ചാത്തലത്തിൽ, വ്യക്തികളല്ലാത്ത, അനേകം പൊതുസ്ഥാപനങ്ങൾ ജന്മികളായും മദ്ധ്യവർത്തികളായും, വളരെയേറെ സ്ഥാവര സ്വത്തുക്കളിൽ അവകാശവും താല്പര്യവും ഉള്ളവരായി ഭവിച്ചിട്ടുണ്ടു്. അവരെ എങ്ങനെ നേരിടണമെന്നുള്ളതു്, ഇക്കാലമത്രയും, സജീവമായ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള പ്രശ്നമായും ഇരുന്നിട്ടുണ്ടു്.

കുടിയാനു്, തന്റെ പക്കൽ കുടിയായ്മ അവകാശത്തിൽപ്പെട്ടതായി ഉള്ള ഭൂമി, ശാശ്വതമായ അടിസ്ഥാനത്തിൽ വിലയ്ക്കുവാങ്ങാം എന്നു വന്നതോടുകൂടി, ശക്തമായി പൊന്തിവന്ന ഒരു പ്രശ്നം, പാട്ടംകൊണ്ടുമാത്രം നിലനിന്നുപോരുന്ന പൊതുസ്ഥാപനങ്ങളുടേതായിരുന്നു. പ്രതിഫലത്തുക വാങ്ങിയാൽ, അതു് മിക്കവാറും പെട്ടെന്നു് തീർന്നുപോയേക്കാമെന്നുള്ളതാണു്. പൊതുസ്വഭാവമുള്ള മതസ്ഥാപനങ്ങൾ, ധർമ്മസ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാ

പനങ്ങൾ എന്നിവയെ സംബന്ധിച്ച് ഒരു പ്രത്യേക പരിഗണന ഇക്കാര്യത്തിൽ വേണമെന്ന് 1964–ലെ നിയമം എഴുതിയുണ്ടാക്കിയപ്പോൾതന്നെ ബോദ്ധ്യപ്പെട്ടു. അത്തരം സ്ഥാപനങ്ങൾക്ക് പ്രതിഫലത്തുകയ്ക്കുപകരം, ഗവൺമെന്റ് ശാശ്വതമായ അടിസ്ഥാനത്തിൽ ഒരു പ്രതിവർഷ സംഖ്യ നല്കുക, അതിനുപകരം കുടിയാൻ കെട്ടിവയ്ക്കുന്ന പ്രതിഫല സംഖ്യ ഗവൺമെൻറിൻേറതാകുക എന്ന സിദ്ധാന്തം 1964 ലെ നിയമത്തിൻെറ 65 മുതൽ 71 വരെയുള്ള വകുപ്പുകളിൽ ആവിഷ്കരിക്കപ്പെട്ടു. മൗലികമായ ചില മാററങ്ങൾ വരുത്തിക്കൊണ്ട് പ്രസ്തുത വ്യവസ്ഥിതിയെ അതേ വകുപ്പുകളിൽത്തന്നെ 1969 ലെ ഭേദഗതിനിയമവും സംരക്ഷിക്കുന്നു. അതാണ് ഈ അദ്ധ്യായത്തിലെ ചർച്ചാവിഷയം.

സാധാരണ വസ്തുഉടമയ്ക്കു പ്രതിഫലത്തുക വാങ്ങുന്നതിനുമാത്രമേ വ്യവസ്ഥയുള്ളു എന്ന് മുൻപ് പ്രസ്താവിച്ചുവല്ലോ. കുടിയാനു് ഭൂമി തീറു കൊടുക്കുന്നതോടുകൂടി, പാട്ടം കൊടുക്കുവാനുള്ള ബാദ്ധ്യത അവസാനിപ്പിക്കുകയുമാണ്. മതസ്ഥാപനം, ധർമ്മസ്ഥാപനം മുതലായി, ശാശ്വതമായി നിലകൊള്ളുവാനുള്ള സ്ഥാപനങ്ങൾ ഭൂഉടമയായിരിക്കുകയും, അത്തരം ഭൂമി, കുടിയാനു് സ്ഥിരാടിസ്ഥാനത്തിൽ തീറുകൊടുക്കപ്പെടേണ്ടിവരികയും ചെയ്യുമ്പോൾ, ഈ ഏർപ്പാട്ട് ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ പൊതുസ്ഥാപനങ്ങൾക്ക് സ്ഥിരമായ അടിസ്ഥാനത്തിൽ, പ്രതിഫലത്തുകയ്ക്കുപകരം എല്ലാ വർഷവും തുടർന്നു ലഭിക്കുമാറുള്ള വർഷാശനം നല്കുവാൻ വ്യവസ്ഥചെയ്യേണ്ടതാണെന്നു് പ്രസ്തുത പൊതുസ്ഥാപനങ്ങൾക്കു അപേക്ഷിക്കാം എന്നു് വ്യവസ്ഥചെയ്യപ്പെട്ടിരിക്കുന്നു.

"Annuity" എന്ന പദത്തിനു് "വർഷാശനം" എന്ന തർജ്ജമയാണു് ഗവൺമെൻറു് സ്വീകരിച്ചിരിക്കുന്നതു്,

ഇതിനുവേണ്ടി ഭൂമിമേലുള്ള തങ്ങളുടെ അവകാശങ്ങൾ ഗവൺമെൻറു് ഏറെറടുക്കണമെന്നു് ബന്ധപ്പെട്ട പൊതുസ്ഥാപനം ഗവർമ്മെൻറു് മുമ്പാകെ അപേക്ഷ സമർപ്പിക്കണമെന്നു് 1964 ലെ 1–ാം ആക്ടിൻെറ 66–ാം വകുപ്പിൽ പ്രസ്താവിച്ചിരുന്നു. എത്രയാണു് വാർഷികനിധിയായി നൽകേണ്ടതെന്നു് നിർണ്ണയിക്കുവാൻ ഗവർമ്മെൻറു് ലാൻഡു് ട്രൈബ്യൂണലിനോടു് നിർദ്ദേശിക്കണം. രണ്ടു് അടിസ്ഥാനത്തിൽ ഈ തുകയുടെ നിരക്കു് നിശ്ചയിക്കാം,

1, 1961 ജനുവരി 21–ാം തീയതിക്കു് തൊട്ടുമുമ്പു് പ്രതിവർഷം പാട്ടമായി എത്ര കിട്ടിയിരുന്നുവോ, അതിൽ രണ്ടര ശതമാനം പിരിവുചെലവുകൾക്കുവേണ്ടി കഴിച്ചിട്ട ബാക്കി, അല്ലെങ്കിൽ;

2. മര്യാദപ്പാട്ടം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ, അതിന്റെ പതിനാറിരട്ടിയുടെ നാലര ശതമാനം വരുന്ന സംഖ്യ.

ഇങ്ങനെ നിശ്ചയിക്കപ്പെടുന്ന തുക ഗവർമ്മെന്റു് ശാശ്വതമായ അടിസ്ഥാനത്തിൽ പൊതുസ്ഥാപനത്തിനു നല്കുന്നതായിരിക്കും. ഭൂമിയെ സംബന്ധിച്ചു് കുടിയാനിൽ നിന്നും ഈടാക്കുന്ന പ്രതിഫലത്തുക, ഗവർമ്മെൻറിനു് അവകാശപ്പെട്ടതായി മാറുകയും ചെയ്യും. ഭൂമിയിന്മേൽ, മററു ബാദ്ധ്യതകൾ ഉടമയായ പൊതുസ്ഥാപനം ചമച്ചിട്ടുള്ളപക്ഷം ബാദ്ധ്യത ഉടമസ്ഥനു് കിട്ടാനുള്ള സംഖ്യ ഗവർമ്മെന്റു് കൊടുക്കുകയും, അതിൻെറ അഞ്ചു ശതമാനം വരുന്ന സംഖ്യ, വാർഷികനിധിയിൽനിന്നും കുറച്ചുമാത്രം

വർഷാശനസംഖ്യ കൊട്ടത്തുകൊണ്ടിരിക്കുകയും ചെയ്യും. വാർഷികനിധിയായി നിശ്ചയിക്കുന്ന സംഖ്യയുടെ ഇരുപതിരട്ടിയിൽ കുറഞ്ഞതാണു് ബാദ്ധ്യത കാണപ്പെടുന്നതെങ്കിൽ ഇരുപതുമടങ്ങുവരെയുള്ള തുക ബാദ്ധ്യത ഉടമസ്ഥനു കൊടുക്കുകയും പൊതുസ്ഥാപനത്തിനു് യാതൊരു തുകയും കൊടുക്കാതിരിക്കുകയും ചെയ്യും. അങ്ങനെ വരുന്ന സാഹചര്യത്തിൽ, ബാദ്ധ്യത ഉടമസ്ഥനും ഭാഗികമായ നഷ്ടം സഹിക്കേണ്ടിവരുമെന്നുള്ളതാണു് പ്രത്യേകത.

ഈ ഏർപ്പാടിനു് വിധേയമായ ഭൂമിയുടെ ഉടമ ഗവൺമെൻറായിത്തീരുന്നു. ഉടമസ്ഥാവകാശം നല്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്നതുവരെ കുടിയാൻ ഗവർമ്മെൻറിൻെറ കീഴിലുള്ള കുടിയാനായിരിക്കുന്നതുമാണു്.

ഭൂമിയുടെ ഉടമസ്ഥാവകാശം വാങ്ങാൻ അനുവദിക്കണമെന്ന അപേക്ഷ, കുടിയാനിൽനിന്നും ലാൻഡു് ട്രൈബ്യൂണലിൽ വരുന്ന സാഹചര്യങ്ങളിൽ അതിൻെറ നോട്ടീസു കിട്ടുന്ന മുറയ്ക്കു്, പൊതുസ്ഥാപനം, വാർഷികനിധിയേപ്പാടാണോ, പ്രതിഫലത്തുകയാണോ തെരഞ്ഞെടുക്കുന്നതു് എന്നുകാണിച്ചു് ലാൻഡു് ട്രൈബ്യൂണൽ മുമ്പാകെ സ്റ്റേററുമെൻറു് കൊടുക്കണം. അങ്ങനെ കൊടുക്കാത്തപക്ഷം പ്രതിഫലത്തുക ലഭിക്കുവാൻ മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളു. ഈ സ്റ്റേററുമെൻറിനെ ലാൻഡു് ട്രൈബ്യൂണൽ ഉടൻതന്നെ ഗവർമ്മെൻറിലേക്കയക്കേണ്ടതും, ഭൂമിയുടെ ഉടമ ഗവർമ്മെൻറിൽ നിക്ഷിപ്തമാക്കുന്ന നടപടി ഗവർമ്മെൻറു് പാസ്സാക്കി വിവരം തെര്യപ്പെടുത്തിയ ശേഷം വാർഷികനിധി, ക്ലിപ്തപ്പെടുത്തേണ്ടതുമാണു്. ഇതായിരുന്നു 1964 ലെ നിയമത്തിലെ വ്യവസ്ഥകളുടെ പൊതുസ്വഭാവം.

1964 നുശേഷം ഭൂനിയമ വ്യവസ്ഥിതിയെ സംബന്ധിച്ച് മൊത്തത്തിൽ വന്നിട്ടുള്ള മാറിയവീക്ഷണത്തിൻെറ അലയടികൾ, ധർമ്മസ്ഥാപനങ്ങളെ സംബന്ധിക്കുന്ന വ്യവസ്ഥകളിലും പ്രതിഫലിച്ചിട്ടുണ്ട്. അതിനനുസരണമായ ചിലവ്യതിയാനങ്ങൾ വിശദാംശങ്ങളിൽ വരുത്തിക്കൊണ്ട്, 65 മുതൽ 71 വരെ വകുപ്പുകൾ ഭേദഗതിചെയ്യപ്പെട്ടിട്ടുണ്ട്. ഈ വിധമുള്ള പൊതുസ്ഥാപനങ്ങളുടെ കീഴിലായി അനേകം ഭൂമികൾ, കുടിയാന്മാർ വച്ചനുഭവിക്കുന്നുണ്ടാവണം. അക്കാര്യത്തിൻെറ പ്രാധാന്യത്തെ പരിഗണിച്ച് 65 മുതൽ 71 വരെ വകുപ്പുകളുടെ ഒരു പരിഭാഷ താഴെ ചേർക്കുന്നു.

## വകുപ്പ് 65

**ഉപവകുപ്പ്** 1:– "53 മുതൽ 64 വരെ വകുപ്പുകളിൽ ഉള്ളവ്യവസ്ഥകൾ എന്തുതന്നെയായിരുന്നാലും, ഒരുകുടിയായ്മഭൂമിയെ സംബന്ധിച്ച് ഭൂഉടമയോ മദ്ധ്യവർത്തിയോ പൊതുസ്വഭാവമുള്ള മതസ്ഥാപനമോ, ധർമ്മസ്ഥാപനമോ ആണെങ്കിൽ, പ്രസ്തുതസ്ഥാപനത്തിന് വസ്തുവിലുള്ള അവകാശങ്ങൾ ഗവൺമെൻറിൽ നിക്ഷിപ്തമാക്കണമെന്നും, അതിനുപകരം, സ്ഥാപനത്തിന് ശാശ്വതമായഅടിസ്ഥാനത്തിൽ വർഷാശനം (annuity) ഗവണ്മെണ്ട് നൽകണമെന്നും, കുടിയാനിൽ നിന്നും ലഭിക്കാവുന്ന വിലവാങ്ങൽ പ്രതിഫലത്തിനു പകരമായിരിക്കണം അത്തരം വർഷാശനമെന്നും, ലാൻഡ് ബോർഡ് മുമ്പാകെ അപേക്ഷിക്കുവാൻ, അവകാശമുണ്ടായിരിക്കും.

—

എന്നാൽ 72–ാംവകുപ്പനുസരിച്ചുള്ള തീയതിപ്രഖ്യാപിച്ചുകഴിഞ്ഞാൽ, ഈ വിധമുള്ള ഒരപേക്ഷ ബോധിപ്പിക്കുവാൻ പ്രസ്തുതസ്ഥാപനത്തിന് അവകാശമില്ലാത്തതുമാകുന്നു."

72–ാം വകുപ്പനുസരിച്ചുള്ള തീയതി ഇതിനകംതന്നെ ഗവൺമെൻറു പ്രഖ്യാപിച്ചിരിക്കുന്ന സ്ഥിതിക്കു്, ഇത്തരത്തിലുള്ള പൊതുസ്ഥാപനങ്ങൾക്കു് ഇനിമേൽ വർഷാശനത്തിനുള്ള അപേക്ഷകൾ സമർപ്പിക്കാവുന്നതല്ലെന്നു വന്നുകൂടുന്നു. 1964–ലെ നിയമത്തിൻെറ കീഴിൽ ഇതിനകം ഹർജി ബോധിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളെമാത്രമേ, 65 മുതൽ 71 വരെവകുപ്പുകളിലെ വ്യവസ്ഥകൾ ബാധിക്കുവാൻ സംഗതിയുള്ളുഎന്നു് ഇതുകൊണ്ടു് കാണാവുന്നതാണു്. അതിനാൽ നിലവിലുള്ള 65 മുതൽ 71 വരെവകുപ്പുകൾ, ഇതിനകം വന്നിട്ടുള്ള ഹർജികളുടെ അവസാനത്തീർച്ച വരുത്തി, കുടിയാനെ സ്വതന്ത്രനാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ മാത്രമായിരിക്കുമെന്നു് വ്യക്തമാണു്. പൊതുസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം, ഈ നിരോധനം സാരമായ പ്രത്യാഘാതമുള്ളതാണു്. 65–ാം വകുപ്പിനു് മുറപോലുള്ള ഭേദഗതികൾ വരുത്തി, ഈ കാലാവധി നിരോധം ഇളവുചെയ്യാനുള്ള അവസരം ഉണ്ടാകാവുന്നതാണു്.

**ഉപവകുപ്പ് 2:** "സംഗതമായ മതസ്ഥാപനം അല്ലെങ്കിൽ ധർമ്മസ്ഥാപനം, അല്ലെങ്കിൽ വിദ്യാഭ്യാസസ്ഥാപനം എന്നതു പൊതുസ്വഭാവമുള്ളതാണോ എന്ന പ്രശ്നം ഉദിക്കുന്നപക്ഷം, യുക്തമായവിചാരണക്കുശേഷം, ലാൻഡ് ബോർഡ് ഇക്കാര്യം തീർച്ചചെയ്യുന്നതാണു്. ലാൻഡ് ബോർഡിൻെറ തീരുമാനം, അവസാനത്തീർച്ച ആയിരിക്കുന്നതുംആണു്."

**ഉപവകുപ്പ് 3:** "കുടിയായ്മ വസ്തുവെ സംബന്ധിച്ചു്, ഒരുസ്ഥാപനത്തിനു ലഭിക്കാവുന്നവർഷാശനം,താഴെ വിവരിക്കുന്ന അടിസ്ഥാനത്തിൽ ആയിരിക്കാവുന്നതാണു്.

(a) സംഗതമായ സ്ഥാപനം വസ്തുവിൻെറ ഉടമയാണെങ്കിൽ, വസ്തുവിൽനിന്നും ലഭിക്കാവുന്ന മര്യാദപ്പാട്ടം

എന്ന തുകയിൽനിന്നും പിരിച്ചെടുക്കൽ ചെലവുകൾക്കുവേണ്ടി രണ്ടരശതമാനം കഴിച്ചുകാണുന്ന സംഖ്യ, പ്രതിവർഷ വർഷാശനമായി നൽകപ്പെടുന്നതാണ്.

(b) സ്ഥാപനം ഒരു മദ്ധ്യവർത്തിയാണെങ്കിൽ, മേൽ വിവരിച്ചവിധം മര്യാദപ്പാട്ടം നിശ്ചയിച്ചു കിട്ടുന്ന സംഖ്യയിൽനിന്നും രണ്ടരശതമാനം കഴിച്ചുവരുന്നതിൽനിന്നും സ്ഥാപനം വസ്തുവിൻെറ ജന്മിക്കു കൊടുക്കുവാനുള്ള പാട്ടം കഴിച്ചുകാണുന്ന സംഖ്യ, വർഷാശനമായി നൽകപ്പെടുന്നതാണ്."

**വിശദീകരണം 1 :-** "ഈ വകുപ്പിൻെറ ആവശ്യത്തിനു്, മര്യാദപ്പാട്ടം എന്നതു്, ഈ നിയമം 1969-ൽ ഭേദഗതി ചെയ്യപ്പെട്ടതനുസരിച്ചുള്ള വ്യവസ്ഥകൾ പ്രകാരം കണക്കു കൂട്ടപ്പെടുന്ന മര്യാദപ്പാട്ടം എന്നർത്ഥമായിരിക്കുന്നതാണ്".

**വിശദീകരണം 2 :-** "സ്ഥാപനത്തിനു് നൽകപ്പെടേണ്ട പാട്ടം സാധനങ്ങളായിട്ടാണ് കൊടുക്കേണ്ടതെങ്കിൽ അയതു്, വർഷാശനം തിട്ടപ്പെടുത്തുന്നതിൻെറ തൊട്ടു മുമ്പുള്ള ആറുവർഷങ്ങളിൽ, പ്രസ്തുത ഉൽപ്പന്നങ്ങൾക്കു് ഉണ്ടായിരുന്ന കമ്പോളവിലയുടെ ശരാശരിത്തുകയെന്ന അടിസ്ഥാനത്തിൽ നാണയമായി മാററി കണക്കു കൂട്ടേണ്ടതാണ്".

# വകുപ്പ് 66

**ഉപവകുപ്പ് 1 :-** "ഒന്നാം ഉപവകുപ്പനുസരിച്ച് ബോധിപ്പിക്കപ്പെടുന്ന അപേക്ഷയിൽ, ഏതെല്ലാം വസ്തുക്കളെ സംബന്ധിച്ചാണോ, വർഷാശനം എന്ന അടിസ്ഥാനം ആവശ്യപ്പെടുന്നതെന്നു്, സ്ഥാപനം വ്യക്തമാക്കേണ്ടതാണ്".

**ഉപവകുപ്പ് 2 :–** "അപേക്ഷ, നിർദ്ദേശിക്കപ്പെടുന്ന ഫാറമനുസരിച്ചായിരിക്കണം ബോധിപ്പിക്കേണ്ടതു്".

**ഉപവകുപ്പ്: 3 :–** "ഈ വിധത്തിലുള്ള അപേക്ഷ ലഭിച്ചുകഴിഞ്ഞാലുടനേ, പ്രസ്തുതസ്ഥാപനത്തിനു് നൽകപ്പെടാവുന്ന വർഷാശനത്തുക തിട്ടപ്പെടുത്തണമെന്നു്, ലാൻഡ്ബോർഡ് ലാൻഡ് ട്രൈബ്യൂണലിനു് നിർദ്ദേശം നൽകണം. ഒന്നിലധികം ലാൻഡ് ട്രൈബ്യൂണലുകളുടെ അധികാരപരിധിയിലാണു് വസ്തുക്കൾ കിടക്കുന്നതെങ്കിൽ ആ ട്രൈബ്യൂണലുകളോടെല്ലാം ഈ വിധം നിർദ്ദേശിക്കേണ്ടതാണു്."

**ഉപവകുപ്പ് 4:–** "സ്ഥാപനം പൊതുസ്വഭാവമുള്ളതല്ലെന്നു് വിചാരണയുടെ ഏതെങ്കിലും ഘട്ടത്തിൽ ലാൻഡ് ബോർഡിനു് ബോദ്ധ്യം വരുന്നപക്ഷം; ഈ വകുപ്പിലെ 9–ാം ഉപവകുപ്പനുസരിച്ചുള്ള പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ് സ്ഥാപനത്തിൻെറ ഹർജി തള്ളിക്കളയാവുന്നതാണു്.

ഏന്നാൽ ഈവിധം ഹർജിതള്ളുന്നതിനുമുമ്പ് സ്വന്തം വാദഗതി ഉന്നയിക്കുവാനുള്ള അവസരം സ്ഥാപനത്തിനു നൽകേണ്ടതാണു്."

**ഉപവകുപ്പ് 5:–** "മൂന്നാംഉപവകുപ്പിൽപറഞ്ഞിരിക്കുന്നതരത്തിലുള്ള നിർദ്ദേശം ലഭിച്ചാൽ ലാൻഡ്ട്രൈബ്യൂണൽ ഗവൺമെൻറു നിശ്ചയിക്കുന്ന റൂളുകൾക്കുവിധേയമായി, താഴെപറയുന്ന സംഗതികൾ നിജപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവുപാസാക്കേണ്ടതാണു്.

(i) 1969ലെ ഭേദഗതിനിയമപ്രകാരം, ഈ നിയമമനുസരിച്ചുള്ള വസ്തുവിൻെറ മര്യാദപാട്ടം.

(ii) കുടിയായ്മ വസ്തുവെസംബന്ധിച്ചു് സ്ഥാപനത്തിനു നൽകാവുന്ന വർഷാശനത്തിൻെറ സംഖ്യ.

(iii) സ്ഥാപനത്തിൻെറ വകയായ ഭൂമിയിൽ സ്ഥാപനത്തിനുള്ള അവകാശത്തിന്മേൽ ബാദ്ധ്യതകൾ ചുമത്തിയിട്ടുണ്ടെങ്കിൽ ആയതും ഒന്നിലധികം ബാദ്ധ്യതകളുണ്ടെങ്കിൽ അവയുടെ മുൻഗണനാക്രമവും.

(iv) നിർദ്ദേശിക്കപ്പെടാവുന്ന മററു കാര്യങ്ങൾ."

**ഉപവകുപ്പ് 6:**– "താഴെ പറയുംപ്രകാരം വേണം അഞ്ചാം ഉപവകുപ്പിൻപ്രകാരമുള്ള വർഷാശനത്തുക നൽകേണ്ടതു. അതായതു്.

(i) ഒൻപതാം ഉപവകുപ്പനുസരിച്ചുള്ള നോട്ടിഫിക്കേഷൻെറ പരിധിയിൽ വരുന്ന കുടിയായ്മയാണെങ്കിൽ, ആ നോട്ടീസിൽ ക്ലിപ്തപ്പെട്ടുത്തിയിട്ടുള്ള തീയതി മുതലാണ വർഷാശനം നൽകേണ്ടതു"

(ii) സ്ഥാപനത്തിൻേറതായ ഉടമാവകാശം മുതലായതു കൈവശക്കുടിയാൻ വിലക്കു വാങ്ങിയതാണ ഭൂമിയെങ്കിൽ എഴപത്തിരണ്ടാം വകുപ്പനുസരിച്ചോ ഈ വകുപ്പിലെ ഒൻപതാം ഉപവകുപ്പിലെ നോട്ടിഫിക്കേഷൻ അനുസരിച്ചോ, ഇതിൽ ഏതുതുടക്കവിൽ സംഭവിക്കുന്നുവോ അതനുസരിച്ച് വസ്തുവിൻെറ ഉടമാവകാശം മുതലായവ ഗവണ്മെൻറിൽ നിക്ഷിപ്തമായ തീയതിമുതൽ പ്രതിഫലം നൽകേണ്ടതാണ്."

(iii) മറേറതെങ്കിലും തരത്തിലുള്ള കുടിയായ്മയാണെങ്കിൽ എഴപത്തിരണ്ടാംവകുപ്പനുസരിച്ച് പ്രഖ്യാപിക്കപ്പെട്ടതീയതിമുതൽ വർഷാശനം നൽകേണ്ടതാണ്."

**ഉപവകുപ്പ് 7.**- "അഞ്ചാം ഉപവകുപ്പനുസരിച്ച് തീരുമാനിക്കപ്പെടുന്ന മര്യാദപാട്ടം 102,103 എന്നീവകുപ്പുകളിലെ വ്യവസ്ഥകൾക്കു വിധേയമായി 72.A, 72D എന്നീവകുപ്പുകളുടെ പരിധിയിൽ വരുന്ന മര്യാദപാട്ടമായിരിക്കും".

ഉപവകുപ്പ് 8:- "അഞ്ചാം ഉപവകുപ്പനുസരിച്ച് വർഷാശനതുക നിർണ്ണയിച്ചു കഴിഞ്ഞാൽ, കഴിയുന്നതും വേഗം നിർണ്ണയിക്കപ്പെട്ട ഫാറമനുസരിച്ചുള്ള ഒരുസ്റ്റേററ്മെൻറ്, ഉത്തരവിൻെറ പകർപ്പു സഹിതം ലാൻഡ് ബോർഡിലേക്കു ലാൻഡ്ട്രൈബൂണൽ അയക്കേണ്ടതാണ്"

ഉപവകുപ്പ് 9:- "അറുപത്തഞ്ചാം വകുപ്പിൻെറ ഒന്നാം ഉപവകുപ്പനുസരിച്ച് ബോധിപ്പിച്ചിട്ടുള്ള അപേക്ഷയിൽ വിവരിക്കുന്ന എല്ലാകുടിയായ്മകളെയും സംബന്ധിച്ചവർഷാശനത്തുക തിട്ടപ്പെടുത്തിക്കഴിഞ്ഞാൽ കഴിയുന്നതും വേഗം—വിലവാങ്ങൽ സർട്ടിഫിക്കററുകൾ കൊടുത്തകുടിയായ്മകൾ ഒഴികെ—ഗവൺമെൻറു ഒരുനോട്ടിഫിക്കേഷൻ ഗവണ്മെൻറ് ഗസററിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. സ്ഥാപനത്തിനു കുടിയായ്മ വസ്തുക്കളിലുള്ള സകലവിധമായ അവകാശങ്ങളും നോട്ടിഫിക്കേഷനിൽ പറയുന്നതീയതിമുതൽ ഗവൺമെൻറിൽ നിക്ഷിപ്തമായിരിക്കുമെന്നു് അതിൽ വിശദപ്പെടുത്തേണ്ടതാണ്. ഈ പ്രഖ്യാപനം കൊണ്ടു് അതിൽ പറയുന്ന സകലവിധമായ അവകാശങ്ങളും എല്ലാവിധബാദ്ധ്യതകളിൽ നിന്നും മോചിക്കപ്പെട്ടവിധത്തിൽഗവൺമെൻറിൽ നിക്ഷിപ്തമാകുന്നതുമാണു്".

## വകുപ്പ് 67

"ശാശ്വതമായ അടിസ്ഥാനത്തിൽ എല്ലാ വർഷവും നിശ്ചിതമായ തീയതികളിലും നിർണ്ണയിക്കപ്പെട്ട രീതിയിലും, സ്ഥാപനത്തിനു നൽകപ്പെടേണ്ട വർഷാശനം ഗവൺമെണ്ടു നൽകേണ്ടതാണ്.

എന്നാൽ അറുപത്തിമൂന്നാം വകുപ്പിലെ എട്ടാം ഉപവകുപ്പനുസരിച്ചു് വിലവാങ്ങൽ പ്രതിഫലത്തുക കൊടുക്കപ്പെട്ടുപോയതാണെങ്കിൽ, ആ കുടിയായ്മയെ സംബന്ധിച്ചു് വർഷാശനതുക കൊടുക്കുവാൻ പാടില്ലാത്തതാണ്.

കൂടാതെ സ്ഥാപനത്തിന്റേതായുള്ള അവകാശങ്ങൾ ഗവ് ൺമെന്റിൽ നിക്ഷിപ്തമായ തീയതിയിൽ ആയതു ഏതെങ്കിലും തരത്തിലുള്ള ബാദ്ധ്യതക്കു വിധേയമായിരുന്നു എങ്കിൽ താഴെ പറയുന്ന നടപടി സ്വീകരിക്കേണ്ടതുമാണ്. അതായതു്,

(i) ബാദ്ധ്യതയുടെ തുക അതു ലഭിക്കുവാനുള്ള വ്യക്തിക്കു കൊടുക്കണം.

(ii) വർഷാശനത്തുകയിൽനിന്നും ബാദ്ധ്യതയുടെ അഞ്ചുശതമാനം വരുന്ന തുക കുറവുചെയ്യേണ്ടതും, അതു കഴിഞ്ഞൊന്നെങ്കിലും ബാക്കിചെല്ലുവാനുണ്ടെങ്കിൽ അതുമാത്രം കൊടുക്കപ്പെടേണ്ടതുമാണു്.

അതിനുംപുറമെ ബാദ്ധ്യതകളുടെ ആകെത്തുക വർഷാശനത്തുകയുടെ പതിനാറിരട്ടിയിൽ കവിഞ്ഞതാണെന്നു വന്നാൽ താഴെപറയുന്ന ഫലങ്ങൾ ഉണ്ടാകുന്നതാണു്. അതായതു്,

(i) ഒരു ബാദ്ധ്യതമാത്രമെ ഉള്ളു എങ്കിൽ വർഷാശനത്തിന്റെ പതിനാറിരട്ടി വരുന്നതുകമാത്രം ബാദ്ധ്യത ഉടമസ്ഥനു നൽകേണ്ടതാണു്.

(ii) ഒന്നിലധികം ബാദ്ധ്യത ഉടമസ്ഥന്മാർഉണ്ടെങ്കിൽ വർഷാശനത്തുകയുടെ പതിനാറിരട്ടിവരുന്ന സംഖ്യബാദ്ധ്യതാ ഉടമസ്ഥന്മാരുടെ മുൻഗണനാക്രമമനുസരിച്ചുമാത്രം കൊടുക്കേണ്ടതും ആകുന്നു.

മേൽവിവരിച്ച രണ്ടുതരത്തിൽ ഏതെങ്കിലും ആണു് സംഭവിക്കുന്നതെങ്കിൽ സ്ഥാപനത്തിനു യാതൊന്നും തന്നെ കൊടുക്കാൻ പാടില്ലാത്തതുമാകുന്നു."

# വകുപ്പ് 68

"അറുപത്തഞ്ചാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പനുസരിച്ച് മുൻപറഞ്ഞ വിധത്തിലുള്ള സ്ഥാപനം ഒരു അപേക്ഷ ഫയൽചെയ്യു എന്നതും, അറുപത്താറാം വകുപ്പിലെ ഒൻപതാം ഉപവകുപ്പനുസരിച്ച് സ്ഥാപനത്തിനുള്ള അവകാശങ്ങൾ ഗവൺമെണ്ടിൽ നിക്ഷിപ്തമാവുക എന്നതും, സംഗതമായ കുടിയായ്മ വസ്തുവിനെ അറുപത്തിമൂന്നു മുതൽ അറുപത്തിനാലുവരെ വകുപ്പുകളിലെ വ്യവസ്ഥകളനുസരിച്ച്, വിലയ്ക്കുവാങ്ങുന്നതിനു കൈവശ കുടിയാനുള്ള അവകാശത്തെ യാതൊരു തരത്തിലും ബാധിക്കുന്നതല്ലാത്തതുമാകുന്നു."

# വകുപ്പ് 69

പൊതു സ്വഭാവത്തിലുള്ള മതസ്ഥാപനം അല്ലെങ്കിൽ ധർമ്മസ്ഥാപനം അല്ലെങ്കിൽ വിദ്യാഭ്യാസസ്ഥാപനം എന്നിവയുടെ അവകാശങ്ങൾ ഒരു കൈവശകുടിയാൻ വിലയ്ക്കുവാങ്ങുകയും അറുപത്തഞ്ചാംവകുപ്പിലെ 1–ാംഉപവകുപ്പുപ്രകാരംസ്ഥാപനംപ്രതിഫലത്തിനുപകരം വർഷാശനംമതിയെന്നു ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നെങ്കിൽ ലാൻഡ്ട്രൈബ്യൂണിലിന്റെ ഏതുത്തരവിനെയും ഗണ്യമാക്കാതെ എഴുപതാംവകുപ്പിലെ വ്യവസ്ഥകളനുസരിച്ച് വിലവാങ്ങൽ പ്രതിഫലത്തുക ഏറ്റുത്തുകൊള്ളുന്നതിനു ഗവൺമെന്റിനവകാശമുണ്ടായിരിക്കുന്നതാണ്".

# വകുപ്പ് 70

"സ്ഥാപനത്തിന്റെ അവകാശം ഒരു കൈവശകുടിയാൻ വിലയ്ക്കുവാങ്ങുകയും സ്ഥാപനം വർഷാശനത്തുകയ്ക്കു് അർഹമാകുകയും ചെയ്തിട്ടുള്ളപക്ഷം ഗവൺമെന്റിൽ വ

സ്ഥ നിക്ഷിപ്തമാകുന്നതുവരെ കുടിയാനിൽ നിന്നും, 69–ലെ ഭേദഗതി നിയമപ്രകാരം തിട്ടപ്പെടുത്തിയ മര്യാദപാട്ടം ലഭിക്കുവാൻ സ്ഥാപനത്തിനവകാശമുണ്ടായിരിക്കുന്നതാണ്."

# വകുപ്പ് 71

**ഉപവകുപ്പ് 1:–** "അറുപത്താറാം വകുപ്പിലെ ഒൻപതാം ഉപവകുപ്പനുസരിച്ച്, ഗവൺമെൻറിൽ നിക്ഷിപ്തമായ ഭൂമിയുടെ ഉടമാവകാശം വിലയ്ക്കുവാങ്ങുവാൻ കൈവശകുടിയാൻ അപേക്ഷിച്ചിട്ടില്ലാത്തപക്ഷം അയാൾ സ്ഥാപനത്തിൻെറ കീഴിൽ കുടിയാനായിരിക്കുന്നതിനു പകരം ഗവൺമെൻറിൻെറ കീഴിൽ കുടിയാനായി തുടരുന്നതാണ്."

**ഉപവകുപ്പ് 2:–** "പ്രസ്തുത കുടിയാൻ ഗവൺമെൻറിലേയ്ക്കു പാട്ടംകൊടുക്കുവാനുള്ളതു കൊടുക്കാതെ വീഴ്ചവരുത്തുന്നപക്ഷം കുടിശ്ശികത്തുകകൾ ഭൂനികുതി പോലെ റവന്യൂ റിക്കവറി നടപടികളനുസരിച്ച് ഈടാക്കപ്പെടാവുന്നതാണ്."

– —

# അദ്ധ്യായം പന്ത്രണ്ട്

## ചെറുകിടകൈവശക്കാരൻ

ഭൂപരിഷ്ക്കരണ നിയമങ്ങളുടെ സംവിധാനത്തിൽ, അതിപ്രധാനമായ ഒരു നിയമഘടകമായിരിക്കുകയാണ് ചെറുകിടകൈവശക്കാരൻ. നിർണ്ണായകമായ ചില അവകാശങ്ങളും പരാധീനതകളുമെല്ലാം ഇന്ന് ചെറുകിട കൈവശക്കാരനിൽ വന്നുചേരുന്നു.

ഭൂപരിഷ്ക്കരണനിയമത്തിന്റെ രണ്ടാംവകുപ്പ് 64 പ്രത്യേകസംജ്ഞകൾക്ക് നിർവ്വചനം നൽകുന്നു എന്ന് മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. "ചെറുകിട കൈവശക്കാരൻ" എന്ന സംജ്ഞ, പ്രസ്തുതവകുപ്പിൽ, 52-ാം ഇനമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. ഒരാളുടെ പക്കലുള്ള ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ മാനദണ്ഡത്തിലാണ് അയാൾ ചെറുകിടകൈവശക്കാരനാണോ അല്ലയോ എന്ന് തിരിച്ചറിയപ്പെടുന്നത്, പരമാവധി ഭൂമി (സീലിംഗ് ഏരിയാ) യെ സംബന്ധിക്കുന്ന ചട്ടങ്ങൾ ശരിക്കുഗ്രഹിക്കുന്നതിലും, ജന്മിയുടെ ഭൂമി, കുടിയാൻ വിലയ്ക്കു വാങ്ങുന്നതിനെപ്പററിയുള്ള പഠനം നടത്തുന്നതിലും, മിച്ചഭൂമിയെ വിതരണം ചെയ്യുന്ന പ്രക്രിയയിലുമെല്ലാം ചെറുകിട കൈവശക്കാരനെപ്പ

ററിയുള്ള പരാമർശനങ്ങൾ കടന്നുവരുന്നതായി കാണാവുന്നതാണ്.

1961–ലെ നിയമത്തിൽ ചെറുകിട കൈവശക്കാരൻ എന്ന ഒരു സാങ്കേതിക പദം നിർവചിക്കപ്പെട്ടിരുന്നില്ല. 1964–ലെ നിയമത്തിൽ നിരവധി അവകാശങ്ങളോടുകൂടി, ചെറുകിടക്കാരൻ എന്ന് ഒരു ഇനം ജന്മിയെ അവതരിപ്പിക്കുകയുണ്ടായി. താഴെക്കൊടുക്കുന്ന ചർച്ചയിൽ നിന്നും, 1969–ലെ ഭേദഗതി നിയമത്തിന്റെ കാലമായപ്പോഴെയ്ക്കും, ചെറുകിട കൈവശക്കാരൻ കേവലം ശീട്ടിലെ രാജാവായിത്തീർന്നിരിക്കുന്നു എന്നു വ്യക്തമാകും.

ഇതനുസരിച്ച് ചെറുകിട കൈവശക്കാരനെ സംബന്ധിച്ച് 1964–ലെ നിർവചനത്തിൽ നിന്നും വളരെ ഭേദഗതി ചെയ്യപ്പെട്ട നിർവചനമാണ് 1969–ൽ കൊടുക്കപ്പെട്ടിരിക്കുന്നത് എന്നു കാണാവുന്നതാണ്.

1964–ലെ നിയമത്തിൽ, ചെറുകിട കൈവശക്കാരൻ എന്നാൽ 8 സ്റ്റാൻഡേർഡ് ഏക്കർ അല്ലെങ്കിൽ, 24 സാധാരണ ഏക്കർ എന്ന പരിധിയിൽ കവിയാത്ത ഭൂമിയുടെ മേൽ, ഇതിൽ ഏതു് കുറവായിട്ടുള്ളതാണോ, അതിന്മേൽ മാത്രം, ഉടമസ്ഥനെന്ന നിലയിലോ, മദ്ധ്യവർത്തിയെന്ന നിലയിലോ, കൈവശ കുടിയാനെന്ന നിലയിലോ, ഇതിൽ ഏതെങ്കിലും രണ്ടോ അതിലധികമോ തരത്തിലോ, അവകാശമുള്ളയാൾ എന്നു് നിർവ്വചനം നൽകപ്പെട്ടിരുന്നു. നിർവ്വചനത്തിന്റെ പൂർത്തീകരണത്തിനു് മറെറാരുപാധികൂടിവേണമായിരുന്നു. യാതൊരുകാരണവശാലുംവീണ്ടെടുപ്പിനു വിധേയമല്ലാത്തഭൂമിനാലുസ്റ്റാന്റേർഡ് ഏക്കർ അല്ലെങ്കിൽ നാലുഏക്കർ എന്നതിൽ കവിയത്തക്കവണ്ണമുള്ള ഭൂമി അയാൾക്കു ഉണ്ടായിരിക്കയുമരുത് എന്നതായിരുന്നു മേൽ സൂചിപ്പിച്ച അത്യന്താപേക്ഷിതമായ

ഉപാധി. എന്നാൽ, 1957 ഡിസംബർ 18–ാം തീയതിക്കു ശേഷം നടന്ന ഏതെങ്കിലും കൈമാററം കാരണമായിട്ടാണ് മേൽവിവരിച്ച പരിധിയുടെ അകത്തുവന്നിട്ടുള്ളതെങ്കിൽ, അയാൾ ഒരു ചെറുകിടക്കാരനാണെന്നു് ഗണിക്കപ്പെടുകയില്ല.

1957 ഡിസംബർ 18–ാം തിയതിയിൽ, സീലിംഗ് ഏരിയായിൽ കവിഞ്ഞുഭൂമിയുള്ളവർ നടത്തുന്ന പ്രമാണങ്ങളെ സംബന്ധിച്ചു് നിരോധനം ഏർപ്പെടുത്തുന്ന തീയതിയാണെന്നു് ഈ ഗ്രന്ഥത്തിലെ സീലിംഗ് ഏരിയയെപ്പററിയുള്ള ചർച്ചയിൽ വിശദീകരിക്കുന്നുണ്ടു്.

മേൽ വിവരിച്ച നിർവ്വചനം കൊണ്ടു്, കേരളത്തിലെ ബഹുഭൂരിപക്ഷം വസ്തു ഉടമകളും ചെറുകിടകൈവശക്കാരായിരിക്കും എന്നും കാണാവുന്നതാണു്.

ചെറുകിട കൈവശക്കാർക്കു ലഭിക്കാവുന്ന സൗജന്യങ്ങളെപ്പററിയും, അവയുടെ ഇന്നത്തെ സ്ഥിതിയെപററിയും പ്രതിപാദിക്കുന്നതിനു മുമ്പായി, 1969–ലെ ഭേദഗതി നിയമം നിർവ്വചനത്തിൽ വരുത്തിയമാററം എന്താണെന്നു് വിശദമാക്കിക്കൊള്ളുന്നു.

(1) എട്ടു സ്റ്റാൻഡേർഡു് ഏക്കർ അല്ലെങ്കിൽ 24 ഏക്കർ ഇതിൽ ഏതാണോ കുറവു്–എന്നതിനുപകരം, 8 സ്റ്റാൻഡേർഡു് ഏക്കർ അല്ലെങ്കിൽ 10 ഏക്കർ ഇതിൽഏതാണോ കുറവു് എന്നു്മാററിയിരിക്കുന്നു.

(2) യാതൊരുകാരണവശാലും വീണ്ടെടുക്കുവിനു വിധേയമാകാത്ത ഭൂമി അയാളുടേതായി നാലു സ്റ്റാൻഡേർഡു ഏക്കർ അല്ലെങ്കിൽ നാലു്ഏക്കർ, ഇതിൽ ഏതാണോ കൂടുതൽ എന്നവ്യവസ്ഥക്കു പകരം, ഇപ്പോൾ, രണ്ടരസ്റ്റാൻഡേർഡ് ഏക്കർ അല്ലെങ്കിൽ നാലു്ഏക്കർ ഇതിൽ ഏതാണോകൂടുതൽ എന്നവ്യവസ്ഥയാക്കിയിരിക്കുന്നു.

1957 ഡിസംബർ 18-ാംതിയതിക്കശേഷം നടത്തി യ, ഭാഗംമൂലമോ മററുതരം കൈമാററംമൂലമോ ഉള്ളവി സ്തീർണ്ണം കുറയ്ക്കൽ, ചെറുകിടക്കാരൻെറ കൈവശമുള്ള ഭൂമി കണക്കിലെടുക്കുന്നതിൽ പരിഗണിക്കപ്പെടുന്നതല്ല എന്ന നിരോധനം ഇപ്പോഴും, കുറയ്ക്കപ്പെട്ട പരിധിയെ സംബന്ധിച്ചും നിലനിറുത്തപ്പെട്ടിട്ടുണ്ട്.

ചെറുകിടക്കാരനെ സംബന്ധിക്കുന്ന ഏററവും പ്രധാ നപ്പെട്ട സൗജന്യം, കുടിയാൻെറ പക്കൽനിന്നും വസ്തു വീ ണ്ടെടുക്കുന്നതിനുള്ള അവകാശം അനുവദിക്കുന്ന ഭാഗത്താ ണ്, വ്യവസ്ഥചെയ്തിരുന്നതു്. നിയമത്തിൻെറ 13-ാംവ കുപ്പ്, എല്ലാ കുടിയാനും കൈവശ സ്ഥിരത, അല്ലെങ്കിൽ കുടിയായ്മസ്ഥിരത ഉണ്ടായിരിക്കുമെന്നും, കരാറുകൾക്കോ നാട്ടുനടപ്പുകൾക്കോ, നിലവിലുള്ള നിയമങ്ങൾക്കോ, കോ ടതി വിധികൾക്കുപോലുമോ, കുടിയായ്മ സ്ഥിരതയ്ക്കു് 13-ാംവകുപ്പുനൽകുന്ന ഉറപ്പിനെ ബാധിക്കാൻ പ്രാപ്തിയി ല്ലെന്നും ആണു് മുഖ്യമായ വ്യവസ്ഥ.

ഈ മൂലതത്വത്തിനു് അനുവദിക്കപ്പെട്ടിട്ടുള്ള വ്യതി യാനങ്ങൾ 14 മുതൽ 22 വരെ വകുപ്പുകളിൽ നിജപ്പെടു ത്തിയ ഉദാഹരണങ്ങൾ മാത്രമാണെന്നു്, കുടിയായ്മ സ്ഥിരതയെ സംബന്ധിച്ച ചർച്ചയിൽ വെളിവാക്കിയിട്ടു ണ്ടു്. അതിൽ, അതിപ്രധാനമായ സ്ഥാനം ചെറുകിട കൈവശക്കാരനായ ജന്മിക്കു്, കുടിയാനിൽനിന്നും, അൻ പതുശതമാനം വിസ്തീർണ്ണം ഒഴിപ്പിച്ചെടുക്കാം എന്നുള്ള സൗജന്യമായിരുന്നു എന്നും കാണാവുന്നതാണു്. സീലിം ഗ് ഏരിയായിൽ കവിഞ്ഞ ഭൂമി കൈവശമുള്ള കുടിയാ നിൽനിന്നും വസ്തുവീണ്ടെടുക്കാനുള്ള അവകാശത്തെ അല്പം ഭിന്നമായ അടിസ്ഥാനത്തിൽ കാണേണ്ടതാണു്.

അതോടൊപ്പം, ഭൂമിവീണ്ടെടുക്കലിന് അപേക്ഷകൊടുക്കുവാനുള്ള കാലാവധി, അപൂർവം ചിലസാഹചര്യങ്ങളിലൊഴിച്ച്, ഈ നിയമം നടപ്പിൽ വന്ന് ഒരുകൊല്ലത്തിനകം ആയിരിക്കണം എന്ന ഒരു നിയന്ത്രണം 1964 ലെ നിയമത്തിൽ പതിനെട്ടാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പിൽ ഏർപ്പെടുത്തപ്പെട്ടിരുന്നു. ഈ നിയന്ത്രണത്തെ 1969ലെ ഭേദഗതിനിയമം. സ്പർശിച്ചിട്ടേയില്ല. ഇതുകൊണ്ട് സിദ്ധിക്കുന്നതു്, ചെറുകിടക്കാരനു്, തന്റെ കുടിയാനിൽ നിന്നും അമ്പതുശതമാനം വസ്തുവീണ്ടെടുക്കാം എന്നുള്ള സൗജന്യവ്യവസ്ഥ 1964 ലെ നിയമം നടപ്പിലായി ഒരുകൊല്ലം കഴിഞ്ഞതോടുകൂടി അതായതു് 1965 ൽതന്നെ അവസാനിച്ചുകഴിഞ്ഞിരിക്കുന്നു എന്നാണു്. കുടിയായ്മസ്ഥിരതയ്ക്കു് അർഹതയുള്ള യാതൊരു കുടിയാനേയും ഇനി ഒരുജന്മിയ്ക്കു് താൻ ചെറുകിടക്കാരനാണു് എന്ന അവകാശവാദത്താൽ വീണ്ടെടുക്കലിനു വിധേയനാക്കുവാൻ അവസരമുണ്ടാകുന്നില്ലഎന്നുസാരം.

നിയമത്തിന്റെ മേൽ വിവരിച്ച പരിണതഫലം നൂതനമായ ഒരു പ്രശ്നം സൃഷ്ടിച്ചിട്ടുണ്ടു്. 1964 ലെ നിയമം നടപ്പിലിരുന്ന കാലത്തു് ഒററി മുതലായി, സിവിൽകോടതി മുഖേന ഒഴിപ്പിച്ചെടുക്കാമായിരുന്ന നിരവധി ഇടപാടുകൾ ഇപ്പോൾ കുടിയായ്മയുടെ പരിധിയിൽ കൊണ്ടുവരപ്പെട്ടിട്ടുണ്ടു്. കുടിയായ്മക്കു് നൽകപ്പെട്ട ഈ പരിധിവികസനം, 1967 ലും, ഒടുവിൽ 1969 ലെ ഭേദഗതി നിയമത്തിലുമായി ഏർപ്പെടുത്തപ്പെട്ടതാണു്. ചെറുകിടക്കാരനു് വീണ്ടെടുക്കുവാൻ അപേക്ഷിക്കാനുള്ള അവസാന തീയതി കടന്നുപോയതിനുശേഷമാണു് ഈ നൂതന കുടിയായ്മ സൃഷ്ടിക്കപ്പെട്ടതു് എന്നർത്ഥം—അങ്ങനെപുതുതായി കുടിയായ്മയിലേയ്ക്കു് മാററപ്പെട്ട ഇടപാടുകളുടെ ജന്മി ഒരു ചെറുകിടക്കാരനായാൽ കൂടി, കുടിയായ്മയിൽപ്പെട്ട

ഭൂമിയുടെ ഒരംശംപോലും അയാൾക്ക് വീണ്ടെടുക്കുവാൻ ഇനി സാദ്ധ്യമല്ലാതെ വന്നിരിക്കുന്നു എന്നുള്ളതാണ്, ഇപ്പോൾ സംജാതമായിട്ടുള്ള പുതിയ പ്രശ്നം. 1964 ലെ നിയമത്തിൽ അനുവദിക്കപ്പെട്ട കാലാവധി കടന്നുംപോയി, പുതുതായി കുടിയായ്മയായിത്തീർന്നവയിൽനിന്നും വീണ്ടെടുക്കുവാനുള്ള തീയതി, 1969 ലെ ഭേദഗതി നിയമം നീട്ടിക്കൊടുത്തിട്ടുമില്ല.

ഇപ്പോൾ നിലവിലുള്ള നിയമവ്യവസ്ഥകൾ അനുസരിച്ച് ചെറുകിടക്കാരന് വസ്തുവീണ്ടെടുക്കുവാൻ ഒററ സാഹചര്യത്തിൽ മാത്രമേ അവകാശം ശേഷിക്കുന്നുള്ളു. അത് 1969ലെ ഭേദഗതിനിയമം നൂതനമായി എഴുതിച്ചേർത്തിട്ടുള്ള 16A എന്ന വകുപ്പിലാണ്. സീലിംഗ് ഏരിയായിൽ കവിഞ്ഞു ഭൂമിയുള്ള ഒരു കുടിയാനിൽ നിന്നും, മാത്രം, ചെറുകിടക്കാരന് വീണ്ടുകിട്ടുന്നതുൾപ്പെടെ ഉള്ളതായ മൊത്തം വിസ്തീർണ്ണം അഞ്ചേക്കറിൽ കവിയാതെയും, കുടിയാന്, വീണ്ടെടുക്കൽ കഴിഞ്ഞു ശേഷിക്കുന്ന വിസ്തീർണ്ണംസീലിംഗ് ഏരിയായിൽ താഴാതെയും വരുന്ന ഏകസാഹചര്യത്തിലാണ് ഈ സൗജന്യംനിലനിൽക്കുന്നത്. കുടിയാൻ പട്ടികജാതിയിലോ, പട്ടികവർഗ്ഗത്തിലൊപെട്ടയാളാണെങ്കിൽ, ഈ സൗജന്യവും, ചെറുകിടക്കാരന് നിഷേധിക്കപ്പെട്ടിരിക്കുകയാണ്.

ചെറുകിടക്കാരന് കുടിയായ്മ ഭൂമിയിൽനിന്നും അൻപതുശതമാനം ഒഴിപ്പിച്ചെടുക്കാം എന്നു വ്യവസ്ഥചെയ്യുന്ന 17–ാം വകുപ്പ് ഇപ്പോഴും നിലവിലുണ്ടെങ്കിലും, 18–ാം വകുപ്പിൽ നിജപ്പെടുത്തിയ ഒരു വർഷത്തെ കാലാവധി 1965 ൽ അവസാനിച്ചിരിക്കുകയാൽ, 17–ാം വകുപ്പ് ഇപ്പോൾ ഒരു പുരാതന ലിഖിതത്തിൻെറ നിലയിലേയ്ക്കു മാറിയിരിക്കുകയാണ് എന്ന വസ്തുത ശ്രദ്ധേയമാണ്.

1969-ലെ ഭേദഗതി നിയമം 1964-ലെ നിയമത്തിൻെറ 94-ാം വകുപ്പിനെ റദ്ദാക്കിയിരിക്കുന്നു. 64-ലെ ആക്ടിൻെറ 94-ാം വകുപ്പ് സുദീർഘമായ ആറു ഉപവകുപ്പുകൾ ഉൾപ്പെട്ടതായിരുന്നു. മിച്ച ഭൂമി എന്ന നിലയിൽ ഗവൺമെണ്ടിലേക്കു വിട്ടുകിട്ടിയതോ ഗവൺമെണ്ട് ഏറെറടുത്തതോ ആയ ഭൂമികൾ പതിച്ചുകൊടുക്കുന്നതിനുള്ള നടപടികൾക്കു വിധേയമാകുന്ന ചില സാഹചര്യങ്ങളിൽ മാർക്കററു വിലയുടെ 55 ശതമാനം വിലയ്ക്കു അവ ചെറുകിട കൈവശക്കാരന് പതിച്ചുകൊടുക്കണം എന്നമുഖ്യവ്യവസ്ഥയാണു 94-ാം വകുപ്പിൽ ഉണ്ടായിരുന്നതു്. അതു എന്തെല്ലാം ഉപാധികളിലായിരുന്നു എന്ന കാര്യം ഇനിയിപ്പോൾ വിശകലനം ചെയ്യേണ്ട കാര്യമില്ല, അതു റദ്ദാക്കപ്പെട്ടിരിക്കുന്നതുകൊണ്ടു്.

1969-ൽ ഈ വകുപ്പിനെ റദ്ദുചെയ്തതു ഭൂവിതരണ സമ്പ്രദായത്തിൽ വന്നിട്ടുള്ള ശീഘ്രഗതിയുള്ള മാററങ്ങളുടെ സൂചനയാണ്. ചെറുകിട കർഷകൻെറ കൈവശം മിച്ചഭൂമി പതിവിൻെറ ഭാഗം ഇനിയും ചെന്നുചേരേണ്ട കാര്യമില്ല എന്നുരാഷ്ട്രം തീരുമാനം ചെയ്തിരിക്കുന്നു.

അതുപോലെ 1964 ലെ നിയമത്തിൻെറ 96-ാംവകുപ്പിലും മൗലികമായ ചിലമാററങ്ങൾ വരുത്തിയകൂട്ടത്തിൽ സാരമായ ക്ഷതമേററ ഒരുവിഭാഗക്കാരൻ ചെറുകിടകൈവശക്കാരനാണ്. മിച്ചഭൂമികളെ പങ്കുവെക്കുന്നതിനുള്ള വ്യവസ്ഥകളാണു 96-ാം വകുപ്പിൽ ഉള്ളടക്കം ചെയ്യപ്പെട്ടിരുന്നതു്. 96-ാം വകുപ്പിനെപ്പററിയുള്ള വിശദ'ചർച്ച' പിന്നാലെ വരുന്നുണ്ടു്. ചെറുകിട കൈവശക്കാരനെ സ്പർശിക്കുന്ന ഒരുകാര്യംമാത്രം ഇവിടെ സൂചിപ്പിക്കുന്നു. ഭൂമികൾ ലഭിക്കുന്നതിൻെറ 25 ശതമാനംഭാഗം ഭൂമി,വീണ്ടെടുക്കുവാൻ സാധിക്കാതിരിക്കുന്നചെറുകിടകൈവശക്കാർക്കും

മററുജന്മിമാർക്കും ആയിരിക്കണം പതിച്ചുകൊടുക്കുന്നതു എന്നു അന്നു വ്യവസ്ഥചെയ്യപ്പെട്ടിരുന്നു. ആ വ്യവസ്ഥയും ഇപ്പോൾ എടുത്തുമാററപ്പെട്ടിരിക്കുകയാണു്.

ഇത്തരത്തിൽ, പല വശത്തുകൂടിയും ആക്രമിക്കപ്പെട്ട ചെറുകിട കൈവശക്കാരനു് അല്പം ആശ്വാസം നൽകുന്നതിനുവേണ്ടി 1969-ലെ ഭേദഗതി നിയമത്തിൽ 109 A എന്നു് ഒരുപുതിയവകുപ്പു ചേർക്കപ്പെട്ടു. Solatium to Small holder; (ചെറുകിടക്കാരനു് ആശ്വാസപ്രതിഫലം) എന്നാണു് പ്രസ്തുത നൂതനവകുപ്പിൻെറ പേരുതന്നെ. ഈ വകുപ്പിലെ ചർച്ചാസംഗതി, വലിയ വിശദീകരണമൊന്നുംകൂടാതെ, വകുപ്പിൻെറ വായനകൊണ്ടുതന്നെ വിശദമാകുമെന്നതിനാൽ പ്രസ്തുത നൂതനവകുപ്പിൻെറ തർജ്ജമ താഴെച്ചേർക്കുന്നു.

ഉപവകുപ്പു് 1:- "72-ാംവകുപ്പനുസരിച്ചു്, കൈവശകുടിയാൻെറ കൈവശമിരിക്കുന്ന ഭൂമി ഗവൺമെൻററിൽ ലയിക്കുന്നതു്, ഒരു ചെറുകിട കൈവശക്കാരനു് ഉടമസ്ഥനെന്നോ, ഇതു രണ്ടുംകൂടിയതെന്നോ ഉള്ള അവകാശത്തിൽപ്പെട്ടതാണെങ്കിൽ, ചെറുകിടക്കാരൻെറ അവകാശം നഷ്ടപ്പെടുന്നതിൻെറ ആശ്വാസപ്രതിഫലമെന്ന നിലയിൽ, ആ വസ്തുവിന്മേൽ, ചുമത്തിയിട്ടുള്ള ഈടുബാദ്ധ്യതകൾ, സംരക്ഷണച്ചെലവുകൾ, ഉപജീവനച്ചെലവുകൾ എന്നിവ തട്ടിക്കഴിച്ചു വരുന്ന പ്രതിഫലത്തുക നൽകുവാൻ ലാൻഡു് ബോർഡിന്നു ചുമതലയുണ്ടായിരിക്കും.

എന്നാൽ ഇപ്രകാരം കൊടുക്കുന്ന സംഖ്യ, ഒരു സാഹചര്യത്തിലും അഞ്ഞൂറുരൂപയിൽ കവിയാൻ പാടില്ലാത്തതാണു്.

അതിനും പുറമെ താഴെ പറയുന്ന ഉപാധികൾ ഏതെങ്കിലും നിലവിലുണ്ടെങ്കിൽ ഈയിനത്തിൽ ഒരു സംഖ്യയും

ചെറുകിടക്കാരന്ന് പ്രതിഫലമായി നൽകാൻ പാടില്ലാത്ത തുമാണ്.

(i) പ്രതിഫലത്തുക രണ്ടായിരം ഉറുപ്പികയിൽ കവിഞ്ഞതാണെങ്കിൽ (Solatium കൊടുക്കാൻ പാടില്ല.)

(ii) 72-ാം വകുപ്പനുസരിച്ചുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കപ്പെട്ട സമയത്ത് നിലവിലുള്ള കാർഷിക വർഷത്തിന്റെ ആരംഭംതൊട്ട് മൂന്നുവർഷം മുമ്പു മുതലുള്ള കാലഘട്ടത്തിനിടക്ക്, ഏതെങ്കിലും രണ്ടുകൊല്ലം അയാൾ, മുപ്പതിനായിരംരൂപായിൽകുറയാത്തതുക ടേണോവർ എന്ന അടിസ്ഥാനത്തിലുള്ള സെയിൽസ്ടാക്സിന് വിധേയനായിട്ടുള്ളതാണെങ്കിൽ (സൊലേഷ്യത്തിന് അർഹതയില്ല.)

(iii) ഉപവകുപ്പിൽ വിവരിച്ച കാലഘട്ടത്തിൽ അയാൾ ഇൻകംടാക്സിന് വിധേയനാകപ്പെട്ടിട്ടുണ്ടെങ്കിൽ (സൊലേഷ്യത്തിന് അർഹതയില്ല)

**വിശദീകരണം-** "ചെറുകിടക്കാരനെന്ന് അവകാശപ്പെടുന്ന വ്യക്തിയുടെ അവകാശ മുൻഗാമികൾ ആരെങ്കിലും, രണ്ടാംവകുപ്പിന്റെ 57-ാം ഖണ്ഡികയിൽ വിവരിക്കുന്ന പരിധിയിൽ കുറയാത്ത ഭൂമിയുടെ ഉടമാവകാശമോ കൈവശമോ, 1957 ഡിസംബർ 18-ാം തീയതിക്കു തൊട്ടുമുമ്പ് വച്ചിരുന്നുവെങ്കിൽ, ഈ അപേക്ഷകൻ ചെറുകിട കൈവശക്കാരനായി പരിഗണിക്കപ്പെടുകയില്ല. എന്നാൽ ഇക്കാര്യത്തിന് ചെറുകിടക്കാരനാണോ എന്ന് പരിഗണിക്കേണ്ടതു് 1969 ൽ വരുത്തിയ പരിധി നിർണ്ണയമനുസരിച്ചല്ല, ഇതിനുമുമ്പുള്ള നിയമത്തിലെ വ്യവസ്ഥയനുസരിച്ചായിരിക്കണം".

**ഉപവകുപ്പ് 2:-** "ഒന്നാം ഉപ വകുപ്പനുസരിച്ച് സോലേഷ്യം ലഭിക്കാൻ അർഹതയുള്ളവർ. ഗവൺമെന്റു

നിശ്ചയിച്ചു പ്രഖ്യാപിക്കുന്ന തീയതിയ്ക്കകം, അതിനുവേണ്ടി ലാൻഡ് ബോർഡുമുമ്പാകെ അപേക്ഷബോധിപ്പിക്കേണ്ടതാണ്"

**ഉപവകുപ്പ് 3**:- "പ്രസ്തുത അപേക്ഷ, നിർദ്ദിഷ്ടഫാറത്തിലും, നിർദ്ദേശിക്കപ്പെടുന്ന വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതുമായിരിക്കണം."

**ഉപവകുപ്പ് 4**:- "രണ്ടാം ഉപവകുപ്പനുസരിച്ചുള്ള അപേക്ഷ കിട്ടിക്കഴിഞ്ഞാൽ, യുക്തമായ വിചാരണ നടത്തിയ ശേഷം, രൊക്കമായിത്തന്നെ സൊലേഷ്യം ലാൻഡ് ബോർഡു കൊടുത്തുകൊള്ളേണ്ടതാണ്".

**ഉപവകുപ്പ് 5**:- "സൊലേഷ്യം ലഭിക്കുവാൻ അർഹതപ്പെട്ടയാൾ, തുകലഭിക്കുന്നതിനുമുമ്പായി മരിച്ചുപോകുന്നപക്ഷം. അയാളുടെ നിയമാനുസരണപിൻതുടർച്ചാവകാശിയ്ക്കു തുകനൽകേണ്ടതാണ്".

# അദ്ധ്യായം–പതിമൂന്നു്

## ഒഴിവാക്കലുകൾ (Exemptions)

1964–ലെയും 1969–ലെയും നിയമങ്ങൾ ചേർന്നു് ഇപ്പോൾ നിലവിൽവന്നിട്ടുള്ള "പുതിയ നിയമ"ത്തിൽ 3 മുതൽ 80 വരെയുള്ള വകുപ്പുകൾ ഉൾപ്പെടുന്ന ഭാഗത്തെ രണ്ടാം അദ്ധ്യായമായിട്ടാണു് ആക്ടിൽ വിവക്ഷിച്ചിരിക്കുന്നതു്. അത്രയും ഭാഗത്തു് ചർച്ച ചെയ്യപ്പെടുന്ന സംഗതികൾ, മുഖ്യമായും താഴെപ്പറയുന്നവയാണു്.

(1) 4 മുതൽ 12 വരെ വകുപ്പുകളിൽ പ്രതിപാദിക്കുന്ന, കുടിയാൻെറ പരിധിയിൽപ്പെടുത്തിയിട്ടുള്ള കുടിയായ്മകൾ.

(2) 13 മുതൽ 26 വരെ വകുപ്പുകളിൽ പ്രതിപാദിക്കുന്ന കുടിയായ്മ സ്ഥിരത, പാട്ടം ഈടാക്കൽ നടപടികൾ,

(3) മര്യാദപ്പാട്ടം (വകുപ്പുകൾ 27 മുതൽ 52 വരെ).

(4) ജന്മിയുടെയും മദ്ധ്യവർത്തിയുടെയും ജന്മാവകാശം കുടിയാനു് വാങ്ങാനുള്ള അവകാശം. (53 മുതൽ 64 വരെ വകുപ്പുകൾ).

(5) പൊതു സ്വഭാവമുള്ള മതസ്ഥാപനങ്ങൾ; ആരാധനാസ്ഥനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവ

സ്സുവേണ്ടിയുള്ള പ്രത്യേക നിബന്ധനകൾ. (65 മുതൽ 74 വരെ വകുപ്പുകൾ)

(6) മേലാൽ കുടിയായ്മ സൃഷ്ടിക്കുന്നതിനുള്ള നിരോധനം (74–ാം വകുപ്പ്)

(7) 75 മുതൽ 80 വകുപ്പുകളിൽ പ്രതിപാദിക്കുന്ന കുടികിടപ്പുകാരുടെ സംരക്ഷണം.

ഇതിൽ, കുടിയാനും ജന്മിയും തമ്മിലുള്ള ബന്ധങ്ങളെ അവസാനിപ്പിക്കുന്നതിനു് നിജപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകളെയാണു് മുഖ്യമായും ഇതുവരെ വിശകലനം ചെയ്തതു്. ശേഷിച്ച വിഷയങ്ങൾ പിറകാലെവിവരിക്കുന്നുണ്ടു്. അതിലേയ്ക്കു കടക്കുന്നതിനുമുമ്പായി, രണ്ടാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ, ബാധകമാകുന്നതിൽനിന്നും ചില കാര്യങ്ങളെ ഒഴിവാക്കിയിട്ടുള്ള സംഗതിയുടെ വ്യാപ്തിയെ പററിയുള്ള ചർച്ച ഈ ഘട്ടത്തിൽ സംഗതമെന്നു കരുതുന്നു.

ഒരു അദ്ധ്യായംപോലെ നീണ്ട മൂന്നാംവകുപ്പാണു് ഈ കാര്യം ഉൾക്കൊള്ളുന്നതു്. ഭൂപരിഷ്ക്കരണ നിയമത്തിൻെറ "തന്ത്രം" (Strategy) നിർണ്ണയിക്കുന്നതിൽ പ്രധാനഘടകമാണു്, ഏതെല്ലാം ഒഴിവുകൾ(Exemptions) അനുവദനീയമാണു് എന്നകാര്യം. അതുകൊണ്ടുതന്നെ 1969ലെ ഭേദഗതി നിയമത്തിൽ, മൂന്നാം വകുപ്പ് സമഗ്രമായ ഇടപെടലിനു് വിധേയമായിട്ടുണ്ടു്.

ഈ അദ്ധ്യായത്തിൽ, അതായതു് ആക്ടിൻെറ 3 മുതൽ 80 വരെ വകുപ്പുകൾ അടങ്ങുന്ന രണ്ടാമദ്ധ്യായത്തിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള യാതൊന്നും, താഴെപ്പറയുന്നകാര്യങ്ങളെ സംബന്ധിച്ചു് ബന്ധിതമല്ല എന്ന പ്രസ്താവനയാണു് 3–ാംവകുപ്പിൻെറ ആദ്യഭാഗം. പിന്നാലെ വിവരിക്കുന്ന ഒൻപതു "കേസു"കളിലാണു് രണ്ടാമദ്ധ്യായത്തിലെവ്യവസ്ഥകളെമാററി നിറുത്തിയിരിക്കുന്നതെന്നും കാണാം. അവയെ ഓരോന്നായി വിവരിക്കുന്നു.

**I ഗവൺമെൻറു വകകൾ·** "കേരളാ ഗവൺമെൻറ്, ഇൻഡ്യയിലെ മറേറതെങ്കിലും സ്റ്റേററ്, ഇൻഡ്യാഗവൺമെൻറ്, മേൽവിവരിച്ച ഏതെങ്കിലും ഗവൺമെൻറിൻെറ ഉടമയിലോ നിയന്ത്രണത്തിലോ ഉള്ള പ്രാദേശിക സ്വയം ഭരണസ്ഥാപനം, കോർപ്പറേഷനുകൾ എന്നിവ—ഇവയുടെ ഉടമയിലുള്ളതും. ഇവയിൽ നിക്ഷിപ്തവുമായ, ഭൂമികളെ സംബന്ധിച്ച്" ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ ബന്ധിതമല്ലാ. കൊച്ചിൻ പോർട്ടട്രസ്റ്റിനേയും കൂടി 1969ലെ ഭേദഗതിനിയമം ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ കണ്ടുകൃഷിഭൂമികൾ ഈ ഒഴിവിൽപ്പെടുന്നതല്ല. അതുതന്നെ, കണ്ടുകൃഷി ഭൂമികളെ സംബന്ധിച്ച് ഗവൺമെൻറു നൽകിയിട്ടുള്ള പാട്ടം, കണ്ടുകൃഷിപാട്ടം എന്ന് നാം അറിയുന്ന കുടിയായ്മ, നിലനിൽക്കുന്നതനുസരിച്ച് കുടിയാൻ കൈവശം വച്ചനുഭവിക്കുകയോ കൈമാററം കൊടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അവയെല്ലാം ഗവൺമെണ്ടുഭൂമിയല്ലാഎന്നുള്ള അടിസ്ഥാനത്തിൽ കൈകാര്യം ചെയ്യപ്പെടേണ്ടതാണ്. 1969ലെ ഭേദഗതി നിയമംമൂലം, കണ്ടുകൃഷി തനതു് എന്നയിനത്തിൽപ്പെട്ട്, ഗവൺമെണ്ടിൻെറ വകഭൂമിയെന്നു കരുതപ്പെട്ടിരുന്നഭൂമികളേയും കൂടി ഗവൺമെണ്ടിൻെറ ഭൂമിയെന്ന സങ്കേതത്തിൽ നിന്നുംമാററി, കുടിയാൻെറ അവകാശസ്ഥാപനത്തിനു് വിട്ടുകൊടുത്തിരിക്കുന്നു.

**വിശദീകരണം1:—** ഈ വകുപ്പിൻെറപരിധിയിൽ "ഗവൺമെൻറുഭൂമി". എന്നതിനു്, 1960ലെ ലാൻഡ് അസൈൻമെൻറു നിയമത്തിൽ പ്രസ്തുതസങ്കേതത്തിനു് നൽകിയിരിക്കുന്ന അർത്ഥവും വ്യാപ്തിയും സ്വീകരിക്കേണ്ടതാണ്. എന്നാൽ അന്യംനിന്നവഴി ഗവൺമെണ്ടിൽ വന്നുചേർന്നഭൂമി, ഗവൺമെണ്ടിലേയ്ക്കു് ചേർന്നയവസര

ത്തിൽ പാട്ടത്തിൽ ഉൾപ്പെട്ട് ഒരുകുടിയാൻെറ കൈവശം ഇരുന്നതും. പ്രസ്തുത പാട്ടപ്രകാരമുള്ള കൈവശംനേരി ട്ടോകൈമറിഞ്ഞോ ഈ നിയമം നടപ്പിൽവന്നയവസരംവരെ തുടരുകയും ചെയ്തിട്ടുള്ളതാണെങ്കിൽ അത്തരംഭൂമികളും ഗവൺമെൻറു ഭൂമികളായി ഗണിക്കേണ്ടതില്ല.

ഒരുകാര്യം എടുത്തുപറയണമെന്നു തോന്നുന്നു. 1969–ലെ ഭേദഗതി നിയമപ്രകാരവും മററും, കുടിയാനായി പരിഗണിക്കാൻ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള നിരവധി കൈവശക്കാർക്ക് ഈ പ്രയോജനം ലഭിക്കുമോ എന്നുള്ളതു് വകുപ്പുകൊണ്ടു കാണുന്നില്ല. പാട്ടത്തിലിരിക്കുന്ന ഭൂമികളെന്നു മാത്രമാണു് ആക്ടിൽ പറഞ്ഞുകാണുന്നതു്.

**വിശദീകരണം 1A:** (1969–ലെ ഭേദഗതി നിയമത്തിൽ നൂതനമായി ചേർക്കപ്പെട്ടതു്). "72–ാംവകുപ്പിൻെറ വിവക്ഷകൊണ്ടും, 66 (a) വകുപ്പിൻെറ വിവക്ഷകൊണ്ടും ഗവൺമെൻറിൽ നിക്ഷിപ്തമാവുന്ന ഭൂമികളേയും ഗവൺമെൻറുഭൂമി എന്നു് പരിഗണിക്കേണ്ടതില്ല."

**വിശദീകരണം 1 B:**(1969–ൽ പുതുതായി ചേർത്തതു്.) "കാലഘട്ടം കഴിഞ്ഞതോ അല്ലാത്തതോ ആയ പാട്ടത്തിൻെറ കീഴിൽ ഒരു ഭൂമി ഇരിക്കേ, അതു് ഒരു സ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായിയെങ്കിലും, പ്രസ്തുതകൈവശം ഈ നിയമം നടപ്പിൽവന്ന തീയതിയിൽ തുടരുകയും ചെയ്യുന്നപക്ഷം, അങ്ങനെയുള്ള ഭൂമികൾ ഈ വകുപ്പനുസരിച്ച് ഒഴിവാക്കപ്പെടാവുന്ന സ്വയംഭരണ സ്ഥാപനത്തിൻെറവക ഭൂമിയായി പരിഗണിക്കപ്പെടാവുന്നതല്ല."

ഈ വിശദീകരണംമൂലം, റവന്യൂവകുപ്പ് നൽകിയകുത്തകപ്പാട്ടം മുതലായ അവകാശങ്ങൾ നിലനിൽക്കവേ പഞ്ചായത്തുകളിലേക്കും മററും കൈമാററം ചെയ്യപ്പെട്ടതായ ഭൂമികൾ, ഈ വകുപ്പിലെ ഒഴിവാക്കലിൻെറപിടിയിൽ

കപ്പെടാത്തതാണെന്നും, കൈവശക്കാർക്ക് സാധാരണ ജന്മിയുടെ കീഴിലുള്ള കുടിയാൻെറതുപോലെയുള്ള സംരക്ഷണങ്ങൾ അവകാശപ്പെടാവുന്നതാണെന്നുംകാണാവുന്നതാണ്.

**വിശദീകരണം II:-** "ഈ ഖണ്ഡികയുടെ പരിധിയിൽ, കണ്ടുകൃഷിഭൂമി എന്നതിൽ, 1124 ലെ കണ്ടുകൃഷിവിളംബരത്തിൻെറ പരിധിയിൽപ്പെടുന്ന കണ്ടുകൃഷിപ്പാട്ടം, കണ്ടുകൃഷിതനത്ത് എന്നീയിനങ്ങളിൽപ്പെടുന്ന ഭൂമികൾ എല്ലാം ചേരും. എന്നാൽ 1958 ലെ കണ്ടുകൃഷിപതിവു റൂൾ അനുസരിച്ച് പതിച്ച് കൊടുത്തുപോയ ഭൂമികൾ അതിൽപെടുകയില്ല".

**ഒഴിവാക്കൽ II:-** ഒരു ഗൃഹം, പീടിക, സംഭരണശാല എന്നിവയും. അവയ്ക്കുവേണ്ടി ഉപയോഗിക്കുന്ന പരിസരവും, എന്നിവയെ മാത്രമായി പാട്ടമോ വാടകയ്ക്കോ കൊടുത്തിരിക്കുന്ന ഇടപാടുകൾ രണ്ടാമദ്ധ്യായത്തിലെ വ്യവസ്ഥകളുടെ പരിധിയിൽപെടുന്നതല്ല".

**വിശദീകരണം.** "ഒരു കുടികിടപ്പുകാരന് വീട്ടുതാമസത്തിനുകൊടുത്തതു് മേൽവിവരിച്ച കെട്ടിടം വാടകയ്ക്കുകൊടുത്തു എന്നതായി ഗണിക്കപ്പെടാവുന്നതല്ല".

**ഒഴിവാക്കൽ III :-** "വ്യാവസായികമോ, വ്യാപാരപരമോ ആയ കാര്യങ്ങൾക്കു വേണ്ടിമാത്രമായി ഭൂമിയോ കെട്ടിടമോ പാട്ടം കൊടുത്തിട്ടുണ്ടെങ്കിൽ, അതും രണ്ടാമദ്ധ്യായത്തിൻെറ പരിധിയിൽ പെടുന്നതല്ല".

**ഒഴിവാക്കൽ IV :-** "അഡ്മിനിസ്റ്റ്രേറർ ജനറൽ, ഒഫിഷ്യൽ ട്രസ്റ്റി, ഒഫിഷ്യൽ റിസീവർ, കോടതി നിയോഗിക്കുന്ന മററു ഔദ്യോഗിക ഭാരവാഹികൾ എന്നിവർ കൊടുത്തിരിക്കുന്ന കെട്ടിടത്തേയോ, ഭൂമിയേയോ, ഇതു രണ്ടും കൂടിയുള്ളതോ ആയവയെ സംബന്ധിക്കുന്ന പാട്ടമോ കുടിയായ്മ ബന്ധങ്ങളോ, ആക്ടിൻെറ രണ്ടാം അദ്ധ്യായത്തിലെ നിബന്ധനകളിൽ പെടുത്താവുന്നതല്ല".

ഈ ഭാഗത്തെ സംബന്ധിച്ച് 1969–ലെ ഭേദഗതി നിയമം, സമഗ്രമായ ചില മാററങ്ങൾ വരുത്തിയിട്ടുണ്ട്. അതനുസരിച്ച്, മുകളിൽ വിവരിച്ച ഒഴിവാക്കലിൽനിന്നും വിമുക്തമായി, കൈവശ കുടിയാൻെറ പക്കൽചെന്നു ചേരുന്ന ഭൂമിയുടെ വ്യാപ്തിവർദ്ധിപ്പിക്കപ്പെട്ടിട്ടുണ്ട്. അവ താഴെച്ചേർക്കുന്നു.

(a) "മേൽ വിവരിച്ച ഔദ്യോഗിക വ്യക്തികളുടെ പക്കൽ ഭൂമി കൈവശം വന്നയവസരത്തിൽ അതു് കാലാവധി അവസാനിച്ചതോ അല്ലാത്തതോ ആയ പാട്ടപ്രകാരം കുടിയാൻെറ കൈവശത്തിലായിരുന്നതാണെങ്കിൽ, (രണ്ടാമദ്ധ്യായത്തിലെ വകുപ്പുകൾ ഇവയേയും ബന്ധിക്കും").

(b) "മേൽ പ്രകാരമുള്ള കുടിയാനു് കുടിയായ്മ നീട്ടിക്കൊടുത്തിട്ടുണ്ടെങ്കിലും, (രണ്ടാമദ്ധ്യായം അവയെ ബാധിക്കും").

(c) "കോടതി നിയോഗിച്ച ഉദ്യോഗസ്ഥൻ വസ്തു ഏറ്റെടുക്കുന്ന കാലത്തു് നിലവിലിരുന്ന നിയമപ്രകാരം, പാട്ടം കൊടുക്കുന്നതിനു് അദ്ദേഹത്തിനു് അധികാരമുണ്ടായിരിക്കുകയും അതനുസരിച്ചുകൊടുത്ത പാട്ടം പുതുക്കപ്പെട്ടോ അല്ലാതെയോ, 1969 ലെ ഭേദഗതി നിയമം പ്രാബല്യത്തിൽവന്ന തീയതിയിൽ മുപ്പതു കൊല്ലത്തിൽകുറയാത്ത പഴക്കം ചെന്നതായി കഴിഞ്ഞിരിക്കുന്നുവെങ്കിലും (രണ്ടാമദ്ധ്യായത്തിലെ നിബന്ധനകൾക്കു് വിധേയമാവും)

രണ്ടാമദ്ധ്യായം ബാധിക്കുന്നവിധം നിജപ്പെടുത്തിയ മേൽ വിവരിച്ച സംഗതികളിൽതന്നെ, രണ്ടാം അദ്ധ്യായം ബാധിക്കാതെ, ഒഴിവുകളുടെ പ്രയോഗം ചിലപ്പോൾ വരുന്നതാണു്. അവ നിയമത്തിൽ വിവരിക്കുന്നതു് താഴെക്കാണും പ്രകാരമാണു്.

(a) "ഒരു കോർട്ടു് ആഫ് വാർഡ്സ് ഏറ്റെടുത്തുന്ന കുടിയായ്മയുടെ കാര്യത്തിൽ, കോടതിയുടെ നിയന്ത്രണത്തിൽ നിന്നും വസ്തുവിട്ടുകഴിഞ്ഞു് ആറുമാസങ്ങൾക്കകം ജന്മി (ഏതു ജന്മിക്കുവേണ്ടി കോടതി കുടിയായ്മ ഏർപ്പെടുത്തിയോ ആ ജന്മി) കുടിയായ്മയെ അവസാനിപ്പിക്കുകയോ, അവസാനിപ്പിക്കുന്നതിനു് രജിസ്റ്റേഡ് നോട്ടീസ്

കൊടുക്കുകയോ ചെയ്തിട്ടില്ലെങ്കിൽ അങ്ങനെയുള്ള വസ്തു രണ്ടാമദ്ധ്യായത്തിന്റെ പരിധിയിൽനിന്നും വിട്ടുനിൽക്കുന്നതാണ്."

(b) "കോടതി നിയോഗിച്ച ഉദ്യോഗസ്ഥൻ കൊടുത്ത പാട്ടം, വസ്തുവിന്റെ കൈവശത്തിനവകാശിയായിതീരുമാനിക്കപ്പെട്ടയാൾ, അങ്ങനെയുള്ള തീരുമാനംകഴിഞ്ഞു് അഞ്ചുവർഷത്തിനകം തനിക്കു് വസ്തു കൈവശം കിട്ടാൻ നടപടി നടത്തിയിട്ടില്ലാത്തപക്ഷം അങ്ങനെയുള്ള വസ്തുക്കളും രണ്ടാമദ്ധ്യായത്തിന്റെ പരിധിയിൽനിന്നും ഒഴിഞ്ഞുനിൽക്കുന്നവയായിരിക്കും."

**ഒഴിവാക്കൽ V** "കൈവശപണയക്കാരോ, അവരിൽ നിന്നും അവകാശം കിട്ടിയവരോ ഏർപ്പെടുത്തുന്നഭൂമിയേയോ കെട്ടിടത്തെയോ, രണ്ടും ചേർന്നതിനെയോ സംബന്ധിക്കുന്ന കുടിയായ്മകൾ. (രണ്ടാമദ്ധ്യായത്തിന്റെ പരിധിയിൽപെടുന്നതല്ല)"

ഈ ഒഴിവാക്കലിൽപ്പെടാതെ രണ്ടാമദ്ധ്യായം ബാധിക്കുന്നതായി ചിലകുടിയായ്മകളെ 1969 ലെ ഭേദഗതി നിയമം വ്യവസ്ഥചെയ്യുന്നു. അവതാഴെ ചേർക്കുന്നു.

(1) "ഈ നിയമം നടപ്പിലാക്കുന്നതിനുമുമ്പ് മലബാറിൽ ഏർപ്പെടുത്തപ്പെട്ട കുടിയായ്മകൾ".

(2) "1118-ലെ കൊച്ചിവെറുംപാട്ടംദാർനിയമം നിലവിലിരുന്ന പ്രദേശത്തു് 1943 മാർച്ച് 3-ാംതീയതിക്കുമുമ്പ് ഏർപ്പെടുത്തപ്പെട്ട കുടിയായ്മകൾ."

(3) "ഈ നിയമത്തിലെ 4 A വകുപ്പനുസരിച്ച്, കുടിയാന് സ്ഥിരതയ്ക്കു് അർഹതപ്പെട്ടതായി, ഈ നിയമംനടപ്പിലാക്കുന്നതിനു മുമ്പ് ഏർപ്പെടുത്തിയ കുടിയായ്മകൾ"

(4) "ഒററിക്കാരനോ അയാളുടെ അവകാശപിൻഗാമിയോ, ജന്മാവകാശം സമ്പാദിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള ഭൂമികൾ".

**ഒഴിവാക്കൽ VI** "കേവലം ജീവനാംശം മാത്രമുള്ള വ്യക്തികൾ, വസ്തുവിനേയോ, കെട്ടിടത്തേയോ, രണ്ടും ചേന്നവയെയോ സംബന്ധിച്ച് ഏർപ്പെടുത്തിയ കുടിയായ്മകൾ (രണ്ടാമദ്ധ്യായത്തിലെ വകുപ്പുകളുടെ പ്രയോഗത്തിൽ

YAM PUBLIC LIBRARY

നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നതാണ്)" എന്നാൽ 1949ലെ മദ്രാസ് ആലിയ സന്താന നിയമത്തിന്റെ വ്യാപ്തിയിൽ "നിസ്സന്തതികാവരു"എന്നു വിവക്ഷിക്കപ്പെടുന്ന വ്യക്തി, തനിക്കു് ജീവനാംശംമാത്രം അവകാശപ്പെട്ട ഭൂമിയെയോ കെട്ടിടത്തേയോ സംബന്ധിച്ച് നൽകിയിട്ടുള്ള കുടിയായ്മകൾ ഈ ഒഴിവാക്കലിൽപ്പെടുന്നില്ല (രണ്ടാമദ്ധ്യായത്തിലെ വ്യവസ്ഥകളിൽപ്പെടും എന്നു സാരം) (ഈ വ്യവസ്ഥ 1969 ലെ ഭേദഗതിനിയമംമൂലം വന്നതാണ്.)

അതേസമയം, ജീവനാംശമോ, മററു പരിധിയുള്ള അവകാശമോ നിലനില്ക്കുന്നിടത്തോളംകാലം, കുടിയാനു്, സ്ഥിരതയുണ്ടായിരിക്കുന്നതുമാണ്. 53 മുതൽ 72 വരെയുള്ള വകുപ്പുകൾ മാത്രം, അവയെ സംബന്ധിച്ച് പ്രബലപ്പെടുന്നതല്ല എന്നും വകുപ്പിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്.

**ഒഴിവാക്കൽ VII** പ്രൈവററു ഫാറസ്ററുകളെ സംബന്ധിക്കുന്ന പാട്ടങ്ങൾ (രണ്ടാംഅദ്ധ്യായത്തിന്റെ പ്രയോജനം ഈവിധമുള്ള പാട്ടങ്ങൾക്കു് സിദ്ധിക്കുന്നതല്ലാ),

എങ്കിലും, 1961 ജനുവരി 21–ാം തീയതിക്കു മുമ്പുനടപ്പിലിരുന്ന ഏതെങ്കിലും നിയമമനുസരിച്ച്, കുടിയായ്മസ്ഥിരതയ്ക്കു് അവകാശം സിദ്ധിച്ചിട്ടുള്ളവരുടെ അവകാശങ്ങളെ മേൽവിവരിച്ച നിരോധനം ബാധിക്കുന്നതല്ല.

**ഒഴിവാക്കൽ VIII:–** "മുപ്പതേക്കറിൽ കുറയാത്ത വിസ്തീർണ്ണമുള്ള തോട്ടങ്ങളെ സംബന്ധിച്ച് (രണ്ടാമദ്ധ്യായത്തിലെ വ്യവസ്ഥകൾ ബാധകമല്ല)" എന്നാൽ, തോട്ടങ്ങളുടെയിടയിൽ കിടക്കുന്ന ഭൂമികൾ എന്നനിലയിൽ തോട്ടമായി പരിഗണിക്കപ്പെടാവുന്ന കൃഷിഭൂമികളെ സംബന്ധിച്ചിടത്തോളം, 53 മുതൽ 72'ട' വരെയുള്ള വകുപ്പുകൾ മാത്രമേ, ഒഴിവിൽപ്പെടുകയുള്ളു. ശേഷിച്ച വകുപ്പുകൾഇവയെ സംബന്ധിച്ച് ബന്ധിതമാവും, എന്നർത്ഥം.

**ഒഴിവാക്കൽ IX**(റദ്ദാക്കപ്പെട്ടിരിക്കുന്നു.) അൽപം വിശദീകരണത്തോടുകൂടി അവതരിപ്പിക്കേണ്ട പ്രധാനഒരുകാര്യമാണിതു്. 1969 ലെ ഭേദഗതിനിയമത്തിന്റെ ഒരുപ്രധാനകടന്നാക്രമണം ഉണ്ടായിട്ടുള്ളതു് ഇവിടെയാണ്.

1964 ലെ ഒന്നാംആക്ടിൽ, "കുട്ടനാട്ടിലെ പാടശേഖരങ്ങളെ, രണ്ടാം അദ്ധ്യായത്തിന്റെ നിബന്ധനകളിൽനിന്നും ഒഴിവാക്കിക്കൊണ്ടാണ് 9–ാംഒഴിവ് ചേർക്കപ്പെട്ടിരുന്നത്. കുറഞ്ഞപ്പെട്ട നിരക്കിലുള്ള പാട്ടങ്ങൾക്ക് വിധേയമാകുന്നതിനു വ്യവസ്ഥചെയ്യപ്പെടുന്ന 73-ാം വകുപ്പും, മേലാൽ കുടിയായ്മ സൃഷ്ടിക്കുന്നതു് നിരോധിക്കുന്ന 74_ാം വകുപ്പും, നിലവിലുള്ള കുടിയായ്മകൾക്കു് സ്ഥിരതനൽകുന്നതിനും പാട്ടക്കരം നിജപ്പെടുത്തുന്നതിനും മററും വ്യവസ്ഥകളുള്ള 4 മുതൽ 52വരെ വകുപ്പുകളും, കുട്ടനാടൻപാടശേഖരങ്ങളെ ബാധിക്കും എന്നും 1964 ലെ ആക്ടിൽ എടുത്തുപറഞ്ഞിരുന്നു. ജന്മിയുടെ അവകാശം കുടിയാനു് വിലയ്ക്കുവാങ്ങുവാൻ അവകാശം നൽകുന്ന 53 മുതൽ വകുപ്പുകളും, കുടികിടപ്പുകാർക്കു് പ്രത്യേകാവകാശങ്ങൾ നൽകുന്ന 75 മുതൽ 80വരെ വകുപ്പുകളുമാണ് കുട്ടനാടൻ പാടശേഖരങ്ങളെ സംബന്ധിച്ച് ബാധിക്കുകയില്ല എന്ന നിബന്ധന 1964 ലെ നിയമത്തിൽ ചേർക്കപ്പെട്ടിരുന്നതു്: ഇപ്രകാരം ഒഴിവുകൾ ലഭിക്കുന്നതു്, നാലാം ഷെഡ്യൂളിൽ വിശദപ്പെടുത്തിയിട്ടുണ്ടായിരുന്ന പാടശേഖരങ്ങളിൽ, നെല്ലു്, അല്ലെങ്കിൽ, ഗവൺമെൻറു നിർദ്ദേശിക്കുന്ന മററു വിളകൾ കൃഷിചെയ്യുന്നിടത്തോളം കാലമാണ് (ഈ ഒഴിവുകൾ പ്രസ്തുതപാടശേഖരങ്ങൾക്കു് അർഹമാവുന്നതു്.) എന്നും പ്രത്യേകം എടുത്തുപറഞ്ഞിരുന്നു.

നാലാം ഷെഡ്യൂളിൽ, പുളിങ്കുന്നു്, ചേന്നങ്കരി; കൈനകരി, ആലപ്പുഴ, ആര്യാട്ടതെക്കു്, നാട്ടകം, തിരുവാർപ്പു്, കുമരകം, അയ്മനം, കൈയ്പുഴ, വെച്ചൂർ എന്നീവില്ലേജുകളിലായി മൊത്തം 46 പേരെടുത്തു പറയപ്പെട്ട പാടശേഖരങ്ങളെയാണ്, ഒഴിവുകൾക്കു് അർഹതപ്പെട്ട പാടശേഖരങ്ങളായി പ്രഖ്യാപിച്ച് നിജപ്പെടുത്തിയിരുന്നതു്.

1969–ലെ ഭേദഗതിനിയമംചെയ്തതു്, ഒൻപതാം ഒഴിവായി പറഞ്ഞിരുന്ന വകുപ്പിനെ അപ്പാടെ എടുത്തു മാററിക്കളയുക എന്നതായിരുന്നു. നാലാഷെഡ്യൂളും ഭേദഗതിനിയമത്തിൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

മേല്പറഞ്ഞ ഭേദഗതിയുടെ പ്രത്യാഘാതത്തെപ്പററിയോ പ്രാധാന്യത്തെപ്പററിയോ ഈ ഗ്രന്ഥത്തിൽ വിവരിക്കണമെന്നുദ്ദേശിക്കുന്നതേയില്ല. ഭേദഗതി പ്രാധാന്യമർഹിക്കുന്നതാണ് എന്നുമാത്രം പ്രസ്താവിച്ചുകൊണ്ട്, പത്താമത്തെയിനം ഒഴിവിനെ വിവരിച്ചുകൊള്ളുന്നു.

**ഒഴിവാക്കൽ 10:** ഹിന്ദുക്ഷേത്രം. മോസ്ക്ക്, പള്ളി വയുടെ വകയായ സ്ഥലങ്ങൾ, കുളങ്ങൾ. പരിസരങ്ങളും അവയുടെ വകയായ സ്ഥലത്തു മതപരമായ ചടങ്ങുകൾ നടത്തുന്നതിന്ന് വിനിയോഗിക്കുന്ന ഭാഗങ്ങളും, അവയുടെ ഓഫീസുകൾ. മററു കെട്ടിടങ്ങൾ എന്നിവയും അവയുടെപരിസരങ്ങളും ഉൾപ്പെടുത്തി, പ്രസ്തുത ആരാധനാസ്ഥലത്തിൻെറ ഉടമസ്ഥൻ അല്ലെങ്കിൽ മാനേജർ ഏർപ്പെടുത്തിയിട്ടുള്ള കുടിയായ്മകൾ (രണ്ടാം അദ്ധ്യായത്തിൻെറ വ്യാപ്തിയിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നതാണ്.)

1964ലെ നിയമത്തിൽ മതപരമായചടങ്ങുകൾ നടത്തുന്നതിന്ന് വിനിയോഗിക്കുന്നസ്ഥലങ്ങൾ ആരുടെവകയായാലും, അവ ഒഴിവാക്കപ്പെടണമെന്ന നിബന്ധനയാണുണ്ടായിരിക്കുന്നതു്. ഇപ്പോൾ അതുമാററി, അത്തരം സ്ഥാപനങ്ങളുടെ വകയാണെങ്കിൽമാത്രം, ഒഴിവാക്കപ്പെടുന്നതാണ് എന്ന വ്യവസ്ഥയാണ് ചേർക്കപ്പെട്ടിരിക്കുന്നതു്.

ഈയിനത്തിൽപ്പെടുന്ന ഒരു കുടിയാനു്, ഈ നിയമം നടപ്പിൽ വരുന്നതിനുമുമ്പ് ഏർപ്പെട്ടിരുന്നകരാറോ, അന്ന് നിലവിലിരുന്ന നിയമമോ പ്രകാരം ലഭ്യമാകാനുള്ള പ്രത്യേകാവകാശങ്ങൾ ഒന്നിനും, ഈ വകുപ്പ് ബാധകമാകുന്നതല്ല എന്നു് 1964 ലെ നിയമത്തിലുണ്ടായിരുന്ന വ്യവസ്ഥക്കു് 1969 ലെ നിയമം മാററമൊന്നും വരുത്തിയിട്ടില്ല.

**ഒഴിവാക്കൽ 11:–** "വൃക്ഷങ്ങൾ മുറിച്ചു മാററുന്നതിനുവേണ്ടിമാത്രമായി കൈമാററം ചെയ്യപ്പെട്ടിട്ടുള്ള ഭൂമികൾ."

**ഒഴിവാക്കൽ 12:–** വൃക്ഷങ്ങളിൽ അനുഭവം എടുത്തുകൊള്ളുന്നതിനുമാത്രമായും തെങ്ങ്, റബ്ബർ, അല്ലെങ്കിൽ മററ് ഒററത്തടി വൃക്ഷങ്ങൾ എന്നിവ ചെത്തുന്നതിനോ, കറയെടുക്കുന്നതിനോവേണ്ടിമാത്രംഉള്ള ഇടപാടുകളിൽപ്പെട്ട ഭൂമികൾ."

ഇത്രയുമാണ് നിലവിലുള്ള ഒഴിവാക്കലുകൾ.

**ഉപവകുപ്പ് 2** 1964ലെ ആക്ടിൽ ഉണ്ടായിരുന്നരണ്ടാം ഉപവകുപ്പ് റദ്ദുചെയ്ത് മാററിക്കളയുകയാണ് 1969 ലെ ഭേദഗതി നിയമം ചെയ്തിരിക്കുന്നത്. റദ്ദുചെയ്യപ്പെട്ട വകുപ്പിൽ പറഞ്ഞിരുന്നത്, തിരുവിതാംകൂർ ദേവസ്വം, കൊച്ചീ ദേവസ്വം എന്നിവരുടെ കീഴിലുള്ള ഭൂമികളെ സംബന്ധിച്ചിടത്തോളം അവയുടെ വകയായി നിലങ്ങൾ അല്ലാതുള്ള ഭൂമികളിന്മേലും, മുനിസിപ്പൽ കോർപ്പറേഷനുകളിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളിലും ഭൂമികളിലും നിന്നു് പൊതുജനതാൽപ്പര്യത്തിനു് ആവശ്യമെന്നു ബോദ്ധ്യപ്പെടുന്ന പക്ഷം, ഗസററിൽ പരസ്യം മൂലം പാട്ടങ്ങൾ മുതലായ കുടിയായ്മകളെ, ഈ നിയമത്തിൻെറ ചില വകുപ്പുകളുടേയോ, എല്ലാ വകുപ്പുകളുടേയുമോ, പരിധിയിൽനിന്നും ഒഴിവാക്കാൻ ഗവൺമെണ്ടിനു് അധികാരമുണ്ടായിരിക്കുന്നതാണ് എന്നത്രേ 1969–ലെ ആക്ടിൻെറ മൂന്നാം വകുപ്പിൻെറ രണ്ടാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരുന്നതു്. ഈ പരിരക്ഷ ഇപ്പോൾ എടുത്തു മാററപ്പെട്ടിരിക്കുന്നു.

ഈ രാജ്യത്തിലെ ചരിത്രപരമായ സംഭവപരമ്പരകളുടെ അടിസ്ഥാനത്തിൽ നിലവിൽവന്നിട്ടുള്ള കുടിയായ്മകളുടെ ഒരു ഗണ്യമായ വിഭാഗത്തെ സ്പർശിക്കുന്നതാണ്, രണ്ടാം ഉപവകുപ്പ് എടുത്തു മാററുന്ന ഈ ഭേദഗതിയും എന്നുമാത്രം പ്രസ്താവിച്ചു കൊള്ളുന്നു.

ന്യായയുക്തമായ ഒഴിവാക്കലുകൾ എല്ലാററിനേയും നിലനിറുത്തിക്കൊണ്ടു്, മൂന്നാംവകുപ്പിൽ 1969 ലെ ഭേദഗതി നിയമം വരുത്തിയിരിക്കുന്ന മാററങ്ങൾ, കേരളത്തിൽ, വിശേഷിച്ചും തിരുവിതാംകൂർ കൊച്ചീവിഭാഗത്തെ കൃഷി ഭൂമികളെ സംബന്ധിച്ചു് മൗലികമായിത്തന്നെ വ്യാപ്തി വർദ്ധിപ്പിക്കുകയും സ്ഫോടനാത്മകമായ പരിഷ്ക്കാരത്തിനു് വഴിതെളിക്കുകയും ചെയ്തിരിക്കുകയാണ് എന്നസംഗതി, മേൽ കാണിച്ച വിവരങ്ങളിൽ നിന്നും വ്യക്തമാണല്ലോ.

നാലാം ഭാഗം

# മിച്ചഭൂമി


| | |
|---|---|
| അദ്ധ്യായം 14 | "സീലിംഗ് ഏരിയാ" |
| അദ്ധ്യായം 15 | ഭൂമി മരവിപ്പിക്കൽ |
| അദ്ധ്യായം 16 | മിച്ചം കിട്ടുന്നഭൂമി |

# അദ്ധ്യായം 14

## സീലിംഗ് ഏരിയാ

പരമാവധിവിസ്തീർണ്ണം അഥവാ "സീലിംഗ് ഏരിയാ" (Ceiling area) എന്ന ആശയം 1961 മുതൽ നമുക്ക് പരിചിതമായിട്ടുള്ളതാണ്. ഒരുവ്യക്തി, ഒരു കുടുംബം എന്നീസാമൂഹ്യഘടകങ്ങളെ "അളവുകോൽ" അല്ലെങ്കിൽ "യൂണിററ്" ആയി എടുത്തുകൊണ്ടാണ് സീലിംഗ് ഏരിയാ നിർണ്ണയിക്കപ്പെടുന്നത്. 1961ലെ നിയമത്തിലും 1964ലെ നിയമത്തിലും 1969ലെ ഭേദഗതിനിയമത്തിലും സീലിംഗ് ഏരിയായുടെ തോത് ഗണ്യമായി ഭേദഗതി ചെയ്തിട്ടുണ്ട്. ഇങ്ങനെ വന്ന വെട്ടിക്കുറയ്ക്കലുകൾ മാത്രമാണ് എല്ലാവരേയും ആകാംക്ഷാകുലരാക്കുന്ന ചിന്താക്കുഴപ്പം. ഇക്കാര്യത്തിൽ നിയമനിർമ്മാണം എവിടെത്തുടങ്ങി, എവിടെ വന്നവസാനിച്ചിരിക്കുന്നു എന്നു് വിശദീകരിക്കുകയാണ് ഈ അദ്ധ്യായം കൊണ്ടുദ്ദേശിക്കുന്നതു്.

ആദ്യമായി നാം ശ്രദ്ധിക്കേണ്ടകാര്യം ഭൂമിയുടെ തരംതിരിവുമായി ബന്ധപ്പെടുത്താതെ, കേവലം ഏക്കറുകളുടെ കണക്ക് ഉദ്ധരിച്ച് പരമാവധിവിസ്തീർണ്ണം ഏർപ്പെടുത്തുന്നതു് ഒരിക്കലും യുക്തമാവുകയില്ല എന്നതാണ്. ഈ ഗ്രന്ഥത്തിൻെറ ആദ്യഭാഗത്തു് പരാമർശിക്കപ്പെട്ടിട്ടുള്ള ചില കോടതിവിധികളുടെ ചർച്ചാവിഷയവും ഇക്കാര്യത്തെപ്പറ്റിയുള്ളതായിരുന്നുവല്ലോ. ഭൂമിയുടെ തരംതിരിവിനെ അംഗീകരിക്കുവാനുള്ള ശ്രമം 1961-ലെ നിയമ നിർമ്മാണം തൊട്ടുതന്നെ ആരംഭിച്ചിരിക്കുന്നു. അതുതന്നെ തൃപ്തികരമായ ഒരു രീതിയല്ലെന്നു കണ്ടിട്ട്, 1964-ലെ നിയമത്തിൽ "സ്റ്റാൻഡേർഡ് ഏക്കർ" (Standard area) എന്ന ഒരു സങ്കേതം സ്വീകരിക്കപ്പെട്ടു. ഈ സങ്കേതം വിശദാംശങ്ങളിലുള്ള വ്യത്യാസങ്ങളോടെ 1969-ലെ ഭേദഗതി നിയമത്തിലും പിൻതുടരപ്പെട്ടിരിക്കുകയാണ്.

1961 ലെ നിയമം ഇപ്പോൾ സംഗതമല്ലാതായിട്ടുണ്ട് എങ്കിലും അതിൽ സ്വീകരിക്കപ്പെട്ടിരുന്ന മാനദണ്ഡം പരിശോധനാർഹമാണ്. "ഇരുപ്പൂ കൃഷിനിലം" (Double Crop Nilam) എന്നതാണ് ഭൂപരിധിയുടെ അളവുകോലായി അന്ന് സ്വീകരിക്കുവാൻ സൗകര്യമായി തോന്നിയത്. ഇരുപ്പൂ നിലങ്ങളല്ലാത്ത വിവിധ തരം നിലങ്ങളേയും, തോട്ടങ്ങൾ പറമ്പുകൾ മുതലായവയേയും, സംബന്ധിച്ച് ഒരേക്കർ ഇരുപ്പൂ നിലത്തിന് തുല്യമായി എത്ര ഏക്കർ മററു ഭൂമി എന്നു കണക്കാക്കണം എന്നതായിരുന്നു അന്നു സ്വീകരിക്കപ്പെട്ട പോംവഴി.

പരമാവധി അനുവദനീയമായ ഭൂപരിധിയെ നിർണ്ണയിക്കുന്നതിനു പ്രസ്തുത നിയമത്തിൽ, 6 ഉപവകുപ്പുകളും, അവയ്ക്കു മൊത്തം 3 വിശദീകരണങ്ങളും ഉൾക്കൊള്ളുന്ന സാമാന്യം ദീർഘമായ 58-ാം വകുപ്പും, ഗവണ്മെൻറു പ്രഖ്യാപിക്കുന്ന തീയതിയ്ക്കുശേഷം, സീലിംഗ് ഏരിയായിൽ കവിഞ്ഞു വിസ്തീർണ്ണമുള്ള ഭൂമി, കൈവശം വയ്ക്കുന്നതു് നിയമ വിരുദ്ധമായിരിക്കുമെന്നു വ്യവസ്ഥ ചെയ്യു 59-ാം വകുപ്പും ആണ് ചേർക്കപ്പെട്ടിരുന്നതു്.

ഇരുപ്പൂ നിലമെന്നതിനോട് തുല്യമായ മററു ഭൂമി എന്നാൽ എന്തെന്ന് വ്യക്തമാക്കുന്നതിന് 1961 ലെ നിയമം, അതിൻെറ രണ്ടാം വകുപ്പായ നിർവ്വചനങ്ങളുടെ വകുപ്പിൽ ഒൻപതാം ഖണ്ഡികയിൽ, താഴെക്കൊടുക്കുന്ന പട്ടിക ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. ഒരേക്കർ ഇരുപ്പൂ നിലം.

1. ഒരേക്കർ തെങ്ങിൻ പുരയിടം അല്ലെങ്കിൽ, ഒരേക്കർ കമുകിൻ പുരയിടം.
2. ഒന്നര ഏക്കർ ഒരുപ്പൂ നിലം.
3. കുരുമുളകു തോട്ടം, ഓറഞ്ചു തോട്ടം, ഒട്ടുമാവിൻ തോട്ടം എന്നിവയുടെ ഒന്നര ഏക്കർ വീതം.

ഇവ ഓരോന്നും, ഒരു ഇരുപ്പൂ നിലത്തിന് തുല്യമായി ഗണിക്കപ്പെടും.

അതുപോലെ, കശുഅണ്ടി മാവുപോലെ മററു വിളകൾ വളർത്തുന്നതിനുപയോഗിക്കുന്ന പുരയിടമാണെങ്കിൽ അതും ഒന്നര ഏക്കറാണ് ഒരേക്കർ ഇരുപ്പൂ നിലത്തിന് തുല്യമായി ഗണിക്കപ്പെടേണ്ടതു്. എസ്റ്റേററുകൾ പള്ളിയാൽ ഭൂമികൾ എന്നിവയും ഒന്നര ഏക്കർ വീതമാണ് ഒരേക്കർ ഇരുപ്പൂ നിലത്തിന് തുല്യം.

പ്രധാനമായും കശുമാവു വളർത്തലിനുപയോഗിക്കുന്ന ഭൂമിയും, "തരിശുഭൂമി" എന്ന ഭൂമിയും രണ്ടേക്കർ വീതമാണ് ഒരേക്കർ ഇരുപ്പൂ നിലത്തിനു തുല്യമായി ഗണിക്കപ്പെടേണ്ടതു്.

ഇത്രയും മാത്രമാണ് 1961 ലെ നിയമത്തിൽ ഭൂമിയുടെ തരം തിരിവിനു വേണ്ടി സ്വീകരിച്ചിരുന്ന അടിസ്ഥാനം,

ഇത്രയും വിശദാംശങ്ങളോടുകൂടി 1961 ലെ നിയമത്തിലെ പരിധി നിർണ്ണയത്തെ സംബന്ധിക്കുന്ന 58-ാം വകുപ്പിനെ ചുരുക്കത്തിൽ വിവരിച്ചുകൊള്ളുന്നു.

**ഉപവകുപ്പ് 1** "സീലിംഗ് ഏരിയാ താഴെപ്പറയും പ്രകാരമായിരിക്കും.

(a) അഞ്ചു അംഗങ്ങളിൽ കവിയാത്ത അംഗസംഖ്യയുള്ള കുടുംബത്തിന് 15 ഏക്കർ ഇരുപ്പൂ നിലമോ, അതിനു തുല്യമായ വിസ്തീർണ്ണമോ ആകാം. അംഗസംഖ്യ അഞ്ചിൽ കൂടുതലാണെങ്കിൽ, ഓരോ കൂടുതൽ അംഗത്തിനും ഓരോ, ഏക്കർ ഇരുപ്പൂ നിലം അല്ലെങ്കിൽ അതിനു തുല്യമായ ഭൂമികൂടി ആകാം. എന്നാൽ, കുടുംബാംഗങ്ങൾ എത്ര കൂടുതലായാലും, ഒരു

കുടുംബത്തിനു്, മൊത്തം 25 ഏക്കർ ഇരുപ്പു നിലം അല്ലെങ്കിൽ അതിനു തത്തുല്യമായ വിസ്തീർണ്ണം എന്നതിൽ കവിഞ്ഞുള്ള ഭൂമി പാടില്ല.

(b) പ്രായപൂർത്തിയായ ഒരു അവിവാഹിതനു്, ഏഴര ഏക്കർ ഇരുപ്പു നിലം അല്ലെങ്കിൽ അതിനു തത്തുല്യമായ വിസ്തീർണ്ണമുള്ള ഭൂമി.

കുടുംബത്തിനോ, വ്യക്തിയ്ക്കോ കൈവശമുള്ളതായ, അല്ലെങ്കിൽ അവകാശപ്പെട്ടതായ ഭൂമിയുടെ വിസ്തീർണ്ണം കണക്കാക്കുന്നതിനു് ഏതെല്ലാം ഇനത്തിലുള്ള അവകാശങ്ങൾ പരിഗണിക്കണമെന്ന കാര്യത്തെ സംബന്ധിച്ചും സാമാന്യം വിശദമായ വ്യവസ്ഥകൾ പ്രസ്തുത വകുപ്പിൽ ഉൾക്കൊള്ളിക്കപ്പെട്ടിരുന്നു.

1964 ലെ നിയമം വന്നപ്പോൾ സ്ഥിതിയാകെ മാറി. ഇരുപ്പുനിലം എന്ന സങ്കേതത്തെ ഒരു യൂണിററായി സ്വീകരിക്കുന്ന രീതി മാററി, ഏതുതരം ഭൂമിയേയും "സ്റ്റാൻഡേർഡ് ഏക്കർ" എന്ന പുതിയൊരു സങ്കേതത്തിൻെറ അടിസ്ഥാനത്തിൽ വിവക്ഷിക്കുന്നതു് യുക്തമാണെന്ന തത്വം സ്വീകരിച്ചുകൊണ്ടാണു് നിയമനിർമ്മാണം മുമ്പോട്ടു കൊണ്ടുപോകപ്പെട്ടതു്. അതിനുവേണ്ടി; എല്ലാ ഭൂമികളേയും പത്തു തരങ്ങളിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവേചനം നടപ്പിലാക്കപ്പെട്ടു. അവ, (1) തോപ്പു് (Garden) (2) മുഖ്യമായും കശുഅണ്ടിമാവു കൃഷി നടത്തുന്ന ഭൂമി (Dry land principally cultivated with cashew) (3) മററു പറമ്പുകൾ (Other dry land) (4) പള്ളിയാൽ ഭൂമികൾ (Palliyal lands) (5) റബ്ബർ തോട്ടം (6) തേയിലതോട്ടം (7) കാപ്പിത്തോട്ടം (8) ഏലത്തോട്ടം (9) ഗ്രാമ്പുതോട്ടം (10) കൊക്കോ

ത്തോട്ടം എന്നിവയാണ്, അംഗീകരിക്കപ്പെട്ടിരിക്കുന്ന പത്തു തരം തിരിവുകൾ. കേരളത്തിലെ വിവിധ ജില്ലകളിൽ മേൽവിവരിച്ച ഓരോ ഇനങ്ങൾ, ഒരു സ്റ്റാൻഡേർഡ് ഏക്കർ എന്നതിന് എത്ര വിസ്തീർണ്ണം വീതം ഓരോ തരം ഭൂമിയും ആകണം എന്ന് പട്ടികയിൽ നിശ്ചയിച്ചു പ്രഖ്യാപിച്ചുമിരുന്നു. അതു് ജില്ലതോറും ഭിന്നവുമായിരുന്നു. ഉദാഹരണത്തിന് രണ്ടു ജില്ലകളിലെ പട്ടിക വിവരം 1964 ൽ സ്വീകരിക്കപ്പെട്ടിരുന്നതു് മാത്രം താഴെ കൊടുക്കുന്നു. ജില്ലതോറും, വ്യത്യാസമുണ്ട് എന്നു കാണിക്കാനാണ് ഈ ഉദാഹരണം കൊടുക്കുന്നതു്.

തിരുവനന്തപുരം ജില്ല.

| | ഇനം | ഒരു സ്റ്റാൻഡേർഡ് ഏക്കറിന് എത്രഭൂമി എന്നതു് |
|---|---|---|
| 1 | തോപ്പ് | ഒന്നര ഏക്കർ |
| 2 | പറങ്കിമാവിൻതോട്ടം | രണ്ടേക്കർ |
| 3 | മററു പറമ്പുകൾ | നാലേക്കർ |
| 4 | പള്ളിയാൽ ഭൂമി | നാലേക്കർ |
| 5 | റബ്ബർ തോട്ടം | ഒന്നേമുക്കാൽ ഏക്കർ |
| 6 | തേയില തോട്ടം | മുക്കാൽ ഏക്കർ |
| 7 | കാപ്പിത്തോട്ടം | ഒരേക്കർ |
| 8 | ഏലത്തോട്ടം | ഒന്നര ഏക്കർ |
| 9 | ഗ്രാമ്പൂതോട്ടം | ഒന്നരഏക്കർ |
| 10 | കൊക്കോതോട്ടം | ഒന്നരഏക്കർ |

എറണാകുളം ജില്ല

| ഇനം | ഒരു സ്റ്റാൻഡേർഡ് ഏക്കറിനു് എത്ര ഭൂമി എന്നതു് |
|---|---|
| തോപ്പ് | ഒരേക്കർ |
| പറങ്കിമാവിൻതോട്ടം | ഒന്നേമുക്കാൽഏക്കർ |
| മററ പറമ്പുകാം | മൂന്നേക്കർ |
| പള്ളിയാൽ ഭൂമി | മൂന്നേക്കർ |
| റബ്ബർ | രണ്ടേകാൽഏക്കർ |
| തേയിലതോട്ടം | ഒരേക്കർ |
| കാപ്പിത്തോട്ടം | ഒരേക്കർ |
| ഏലത്തോട്ടം | ഒന്നരഏക്കർ |
| ഗ്രാമ്പുതോട്ടം | ഒന്നരഏക്കർ |
| കൊക്കൊതോട്ടം | ഒന്നരഏക്കർ |

ഇതുപോലെ ഭിന്നരീതിൽ, കേരളത്തിലെ ഒൻപതു ജില്ലകൾക്കും സ്റ്റാൻഡേർഡ് ഏക്കർ എന്തായിരിക്കണമെന്നു് 1964 ലെ ആക്റ്റിലെ രണ്ടാം പട്ടിക വിശദപ്പെടുത്തിയിരുന്നു.

നിലങ്ങളെ സംബന്ധിച്ച് സ്റ്റാൻഡേർഡ് ഏക്കറിന്റെ നിർവചനം പട്ടികയിൽ പ്രത്യേകം രണ്ടാംഭാഗമായി കൊടുക്കപ്പെട്ടിരുന്നു. അതിനു് ജില്ലാടിസ്ഥാനത്തിലുള്ള തരംതിരിവല്ല നിർദ്ദേശിക്കപ്പെട്ടിരുന്നതു്. ഒരുപ്പൂനിലവും ഇരുപ്പൂനിലവുമായി മാത്രം ഒരു താരതമ്യം മതിയാകുമായിരുന്നുതാനും. കേരളത്തിലെ വിവിധ താലൂക്കുകളിലെ നിലങ്ങളിൽ സാമാന്യം പൊതുസ്ഥിതിയുള്ളതെന്നു കരുതപ്പെട്ട ഒന്നിലധികം താലൂക്കുകളിലെ നിലങ്ങളെ ഒരു ഗ്രൂപ്പായി കണക്കിലെടുത്തു് അവയെ താരതമ്യപ്പെടു

ളുകയായിരുന്നു. അതനുസരിച്ച് 15 ഗ്രൂപ്പുകൾ പട്ടികയുടെ രണ്ടാം ഭാഗത്തിൽ കുറിക്കപ്പെട്ടിരുന്നു.

ഒരു സ്റ്റാൻഡേർഡ് ഏക്കർ നിലത്തിന് ചിലേടത്ത് ഇരുപ്പൂനിലമാണെങ്കിൽ ഒരേക്കർ നിലമെന്നും അവിടെ ത്തന്നെ ഒരുപ്പൂനിലമെങ്കിൽ രണ്ടേക്കർ വേണമെന്നും വ്യവസ്ഥപ്പെടുത്തിയെങ്കിൽ, മററു ചില ഗ്രൂപ്പുകളിൽ ഒരു സ്റ്റാൻഡേർഡ് ഏക്കറിനു ഇരുപ്പൂനിലം തന്നെ രണ്ടേക്കറും ഒരുപ്പൂനിലം മൂന്നേക്കറും എന്നും വിവരിക്കപ്പെട്ടിരുന്നു.

സ്റ്റാൻഡേർഡ് ഏക്കർ എന്ന പേരിൻെറ അർത്ഥ സ്വഭാവം വിശദപ്പെടുത്തുന്നതിനു് കഴിഞ്ഞുപോയ പട്ടികയെപ്പററി ഇത്രയും വിവരിച്ചതാണു്. ഇപ്പോൾ നിലവിലുള്ള പട്ടികയെപ്പററി സവിസ്തരം താഴെ പ്രതിപാദിക്കുന്നു. അതുകൂടി താരതമ്യപ്പെടുത്തിനോക്കുമ്പോൾ 1969ലെ ഭേദഗതിനിയമം വരുത്തിയ മാററത്തിൻെറ സ്വഭാവം ഗ്രഹിക്കാവുന്നതാണു്.

കരഭാഗമായിട്ടുള്ള ഭൂമികളെ 1964 നിയമം പത്തു ഇനങ്ങളിലായി തരംതിരിച്ചിരുന്നതിനു പകരം 1969 ലെ പട്ടികയിൽ, കരഭാഗമായിട്ടുള്ള ഭൂമികൾ നാലു് പ്രധാന തലക്കെട്ടുകളിലായി മൊത്തം ആറു് ഇനങ്ങളിൽ മാത്രമായി ഒതുക്കപ്പെട്ടിരിക്കുന്നു എന്നും പട്ടികയിൽനിന്നു മനസ്സിലാക്കാവുന്നതാണു്.

കേരള സംസ്ഥാനത്തിലെ സ്റ്റാററിസ്റ്റിക്കു് ഡിപ്പാർട്ടുമെൻറു കാലാകാലങ്ങളിൽ നൽകിയിട്ടുള്ള ഉപദേശങ്ങളുടെ അടിസ്ഥാനത്തിലാണു ഈ മാററങ്ങൾ സ്റ്റാൻഡേർഡു ഏക്കറിൻെറ ധാരണകളിൽ വരുത്തപ്പെട്ടിട്ടുള്ളതെന്നു് പ്രത്യേകം എടുത്തു പറഞ്ഞുകൊള്ളട്ടെ.

## പട്ടിക ഒന്നാം ഭാഗം

# നിലങ്ങളല്ലാത്ത ഭൂമികൾ

### തിരുവനന്തപുരം ജില്ല

| | ഭൂമിയുടെ ഇനം | ഒരു സ്റ്റാൻഡേർഡ് ഏക്കറിനു് എത്ര വിസ്തീർണ്ണം വേണമെന്നു് |
|---|---|---|
| 1 | തോപ്പുകൾ | |
| | (i) മുഖ്യമായും തെങ്ങു നട്ടിരിക്കുന്ന പുരയിടം | ഒരേക്കർ |
| | (ii) മുഖ്യമായും കമുകു നട്ടിട്ടുള്ള പുരയിടം | അരഏക്കർ |
| | (iii) മുഖ്യമായും കുരുമുളകു് നട്ടിട്ടുള്ള പുരയിടം | ഒന്നരഏക്കർ |
| 2 | മുഖ്യമായും പറങ്കിമാവു് നട്ടിട്ടുള്ള പുരയിടം | രണ്ടേക്കർ |
| 3 | മററു പുരയിടങ്ങൾ | രണ്ടരഏക്കർ |
| 4 | പള്ളിയാൽ ഭൂമികൾ | നാലേക്കർ |

### കൊല്ലം ജില്ല

| | | |
|---|---|---|
| 1 | തോപ്പുകൾ | |
| | (i) തെങ്ങിൻതോപ്പ് | ഒരേക്കർ |
| | (ii) അടയ്ക്കാതോപ്പ് | അരഏക്കർ |
| | (iii) കുരുമുളകുതോട്ടം | ഒന്നരഏക്കർ |
| 2 | മുഖ്യമായും കശുവണ്ടി നട്ടന്ന പുരയിടം | രണ്ടേക്കർ |
| 3 | മററു പുരയിടങ്ങൾ | രണ്ടരഏക്കർ |
| | പള്ളിയാൽ ഭൂമി | മൂന്നേക്കർ |

## ആലപ്പുഴ ജില്ല

| | | |
|---|---|---|
| 1 | തോപ്പുകൾ | |
| | (i) തെങ്ങിൻതോപ്പ് | ഒരേക്കർ |
| | (ii) അടയ്ക്കാതോപ്പ് | അരഏക്കർ |
| | (iii) കുരുമുളകുതോട്ടം | രണ്ടേക്കർ |
| 2 | മുഖ്യമായും കശുഅണ്ടി നട്ടുന്ന പുരയിടം | രണ്ടേക്കർ |
| 3 | മററു പുരയിടങ്ങൾ | രണ്ടരഏക്കർ |
| 4 | പള്ളിയാൽ ഭൂമികൾ | നാലേക്കർ |

## കോട്ടയം ജില്ല

| | | |
|---|---|---|
| 1 | തോപ്പുകൾ | |
| | (i) തെങ്ങിൻതോപ്പ് | ഒരേക്കർ |
| | (ii) അടയ്ക്കാതോപ്പ് | അരഏക്കർ |
| | (iii) കുരുമുളകുതോട്ടം | ഒന്നരഏക്കർ |
| 2 | പറങ്കിമാവിൻതോട്ടം | രണ്ടേക്കർ |
| 3 | മററു പറമ്പുകൾ | രണ്ടേക്കർ |
| 4 | പള്ളിയാൽ ഭൂമികൾ | മൂന്നേക്കർ |

## എറണാകുളം ജില്ല

| | | |
|---|---|---|
| 1 | തോപ്പുകൾ | |
| | (i) തെങ്ങിൻതോപ്പ് | ഒരേക്കർ |
| | (ii) അടയ്ക്കാതോട്ടം | അരഏക്കർ |
| | (iii) കുരുമുളകുതോട്ടം | ഒന്നരഏക്കർ |
| 2 | പറങ്കിമാവിൻതോട്ടം | രണ്ടേക്കർ |
| 3 | മററു പറമ്പുകൾ | രണ്ടരഏക്കർ |
| 4 | പള്ളിയാൽ ഭൂമികൾ | മൂന്നേക്കർ |

## തൃശ്ശൂർ ജില്ല

| | | |
|---|---|---|
| 1 | (i) തെങ്ങിൻതോപ്പ് | ഒരേക്കർ |
| | (ii) അടയ്ക്കാതോപ്പ് | അരഏക്കർ |
| | (iii) കുരുമുളകുതോട്ടം | ഒന്നരഏക്കർ |
| 2 | പറങ്കിമാവിൻതോട്ടം | രണ്ടേക്കർ |
| 3 | മററു പറമ്പുകൾ | മൂന്നേക്കർ |
| 4 | പള്ളിയാൽ ഭൂമി | മൂന്നേക്കർ |

## പാലക്കാട്ടു ജില്ല

| | | |
|---|---|---|
| 1 | (i) തെങ്ങിൻതോപ്പ് | ഒന്നേകാൽഏക്കർ |
| | (ii) അടയ്ക്കാതോട്ടം | അരഏക്കർ |
| | [iii] കുരുമുളകുതോട്ടം | മൂന്നേക്കർ |
| 2 | പറങ്കിമാവിൻതോട്ടം | രണ്ടേക്കർ |
| 3 | മററു പറമ്പുകൾ | രണ്ടരഏക്കർ |
| 4 | പള്ളിയാൽ ഭൂമി | നാലേക്കർ |

## മലപ്പുറം ജില്ല

| | | |
|---|---|---|
| 1 | തോപ്പുകൾ | |
| | [i] തെങ്ങിൻതോപ്പ് | ഒരേക്കർ |
| | [ii] അടയ്ക്കാതോട്ടം | അരഏക്കർ |
| | [iii] കുരുമുളകുതോട്ടം | മൂന്നേക്കർ |
| 2 | പറങ്കിമാവിൻതോട്ടം | രണ്ടേക്കർ |
| 3 | മററു പറമ്പുകൾ | രണ്ടരഏക്കർ |
| 4 | പള്ളിയാൽ ഭൂമി | മൂന്നേക്കർ |

കോഴിക്കോട്ട ജില്ല

| | | |
|---|---|---|
| 1 | [i] തെങ്ങിൻതോപ്പ് | ഒരേക്കർ |
| | [ii] അടയ്ക്കാതോട്ടം | അരഏക്കർ |
| | [iii] കുരുമുളകുതോട്ടം | മൂന്നേക്കർ |
| 2 | പറങ്കിമാവിൻതോട്ടം | രണ്ടേക്കർ |
| 3 | മററ പറമ്പുകൾ | രണ്ടര ഏക്കർ |
| 4 | പള്ളിയാൽ ഭൂമി | മൂന്നേക്കർ |

കണ്ണൂർ ജില്ല

| | | |
|---|---|---|
| 1 | തോപ്പുകൾ | |
| | [i[ തെങ്ങിൻതോപ്പ് | ഒരേക്കർ |
| | [ii] അടയ്ക്കാതോപ്പ് | അരഏക്കർ |
| | [iii] കുരുമുളകിൻതോട്ടം | മൂന്നേക്കർ |
| 2 | പറങ്കിമാവിൻതോട്ടം | രണ്ടേക്കർ |
| 3 | മററ പറമ്പുകൾ | രണ്ടര ഏക്കർ |
| 4 | പള്ളിയാൽ ഭൂമി | മൂന്നേക്കർ |

## പട്ടിക രണ്ടാം ഭാഗം

| താലൂക്കുകൾ | ഒരു സ്റ്റാൻഡേർഡ് ഏക്കറിന് എത്ര ഏക്കർ ഇരുപ്പൂനിലം | 1: സ്റ്റാ: ഏക്കറിന് എത്ര ഒരുപ്പൂനിലം |
|---|---|---|
| നെയ്യാററിൻകര<br>1 തിരുവനന്തപുരം<br>നെടുമങ്ങാട്ട്<br>ചിറയിൻകീഴ് | ഒരേക്കർ | രണ്ടേക്കർ |
| കൊല്ലം<br>2 കൊട്ടാരക്കര | ഒരേക്കർ | രണ്ടേക്കർ |

| | | | |
|---|---|---|---|
| | കുന്നത്തൂർ | | |
| | പത്തനാപുരം | | |
| 2 | പത്തനംതിട്ട | | |
| | കരുനാഗപ്പള്ളി | | |
| 3 | കാർത്തികപ്പള്ളി | ഒരേക്കർ | രണ്ടേക്കർ |
| | മാവേലിക്കര | | |
| | ചെങ്ങന്നൂർ | | |
| 4 | തിരുവല്ല | ഒരേക്കർ | ഒന്നേമു |
| | കുട്ടനാട് | | ക്കാൽ ഏക്കർ |
| 5 | അമ്പലപ്പുഴ | ഒന്നര | രണ്ടര |
| | ചേർത്തല | ഏക്കർ | ഏക്കർ |
| | ചങ്ങനാശേരി | | |
| | കാഞ്ഞിരപ്പള്ളി | | |
| | പീരുമേട് | | |
| 6 | കോട്ടയം | ഒരേക്കർ | രണ്ടേക്കർ |
| | വൈക്കം | | |
| | മീനച്ചൽ | | |
| | ദേവികുളം | | |
| | ഉടുമ്പൻചോല | | |
| | തൊടുപുഴ | | |
| 7 | മൂവാററുപുഴ | ഒരേക്കർ | രണ്ടേക്കർ |
| | കൊച്ചി | | |
| | കണയന്നൂർ | | |
| | കുന്നത്തുനാട് | | |
| 8 | പറവൂർ | ഒന്നേകാൽ | രണ്ടര |
| | ആലുവാ | ഏക്കർ | ഏക്കർ |

| | | | |
|---|---|---|---|
| 9 | ചെങ്ങന്നൂർ<br>മുകുന്ദപുരം<br>തൃശ്ശൂർ<br>തലപ്പള്ളി | ഒന്നേകാൽ<br>ഏക്കർ | രണ്ടേക്കർ |
| 10 | ചിററൂർ<br>ആലത്തൂർ<br>പാലക്കാട്ട് | മുക്കാലേ<br>ക്കർ | ഒന്നേകാൽ<br>ഒന്നേകാൽ |
| 11 | ഒററപ്പാലം<br>പെരിന്തൽമണ്ണ<br>മണ്ണാർകാട്ട്<br>ഏറനാട്ട് | ഒരേക്കർ | രണ്ടേക്കർ |
| 12 | ചാവക്കാട്ട്<br>പൊന്നാനി<br>തിരൂർ | ഒന്നേകാൽ<br>ഏക്കർ | രണ്ടേകാൽ<br>ഏക്കർ |
| 13 | കോഴിക്കോട്ട്<br>കൊയിലാണ്ടി<br>വടകര | ഒന്നര<br>ഏക്കർ | മൂന്നേക്കർ |
| 14 | തെക്കേവയനാട്ട്<br>വടക്കേവയനാട്ട് | ഒന്നേകാൽ<br>ഏക്കർ | രണ്ടേകാൽ<br>ഏക്കർ |
| 15 | തലശ്ശേരി<br>കണ്ണൂർ<br>തളിപ്പറമ്പ്<br>ഹോസ്ദുർഗ്ഗ്<br>കാസർകോട്ട് | ഒന്നേ<br>കാൽ<br>ഏക്കർ | രണ്ടേകാൽ<br>ഏക്കർ |

1964 ലെ നിയമത്തിൽ ഈ സംഗതിയെപ്പററി കൊടുത്തിരുന്ന വിശദാംശങ്ങളുമായി താരതമ്യത്തിന്ന് ഒരു ചെറിയ ഉദാഹരണം ചൂണ്ടിക്കാണിക്കുന്നു. 13-ാം ഇനത്തിൽപ്പെട്ട കോഴിക്കോട്ട്, കൊയിലാണ്ടി, വടകര എന്നീ

താല്ലൂക്കുകൾക്കു് 1964 ൽ ഇരുപ്പൂനിലം ഒരു സ്റ്റാൻഡേർഡ് ഏക്കറിനു് രണ്ടേക്കറും ഒരുപ്പൂനിലം നാലേക്കറും വേണം എന്നുണ്ടായിരുന്നതു് ഇപ്പോൾ ഒന്നരഏക്കറും മൂന്നേക്കർ എന്നു് മാററപ്പെട്ടിട്ടുണ്ടു്. 14-ാം ഇനത്തിൽ, ഇരുപ്പൂവിനു് രണ്ടേക്കറും ഒരുപ്പൂവിനു് മൂന്നേക്കറും വേണ മായിരുന്നതു് ഇപ്പോൾ ഒന്നേകാൽ എക്കറും രണ്ടേകാൽ ഏക്കറും മതിയാവും എന്നു മാററിയിട്ടുള്ളതും പ്രത്യക്ഷ ത്തിൽ കാണാവുന്നതാണു്. 15ാ-മതു ഗ്രൂപ്പിൽ, ഇരുപ്പൂ വിനു് ഒന്നേമുക്കാൽ ഏക്കറും ഒരുപ്പൂവിനു് നാലേക്കറും എന്നുണ്ടായിരുന്നതു് ഇപ്പോൾ യഥാക്രമം ഒന്നേകാൽ ഏക്കറും രണ്ടേകാൽ ഏക്കറും എന്നു ഭേദഗതി ചെയ്യ പ്പെട്ടിരിക്കുന്നു.

നിലങ്ങൾക്കും കരപ്പറമ്പുകൾക്കും സ്റ്റാൻന്റേർഡു് ഏ ക്കർകണക്കിനു് ആണു് പരമാവധി കൈവശംവയ്ക്കാവുന്ന ഭൂമി, എത്രയെന്നു് ബന്ധപ്പെട്ട വകുപ്പുകളിൽ വിവരിക്ക പ്പെട്ടിരിക്കുന്നതു്. ഇതിനുവേണ്ടി 1964 ലെ നിയമത്തിൽ 82, 83 എന്നീ വകുപ്പുകൾ ചേർക്കപ്പെട്ടിരുന്നു. സുപ്രധാന ഭേദഗതികളോടെ, ഈ രണ്ടു വകുപ്പുവൽ 1969 നുശേഷം എങ്ങിനെ നിലനിൽക്കുന്നു എന്നു് താഴെ വിവരിക്കുന്നു.

## വകുപ്പ്-82

**ഉപവകുപ്പ് 1** സീലിംഗ് ഏരിയാ, താഴെക്കാണുംപ്രകാ രമായിരിക്കും.

(a) പ്രായപൂർത്തിയായ ഒരു അവിവാഹിതൻ, അല്ലെങ്കിൽ ഒരാൾ മാത്രം ശേഷിക്കുന്ന ഒരു കുടുംബം—ഈ ഘടകത്തിനു് അഞ്ചു സ്റ്റാൻ ഡേർഡ് ഏക്കർ. എന്നാൽ പരമാവധി വി സ്തീർണ്ണം ഇങ്ങനെ അഞ്ചു് സ്റ്റാൻഡേർഡ്

ഏക്കർ ആയി തിട്ടപ്പെടുത്തുമ്പോൾ, ആയതു് സാധാരണ ഏക്കറായ ആറേക്കറിൽ കുറയുകയു മരുതു്, ഏഴര സാധാരണ ഏക്കറിൽ കവി യുകയുമരുതു്.

(b) രണ്ടോ അതിൽ കൂടുതലും എന്നാൽ അഞ്ചിൽ കവിയാതെയും അംഗങ്ങൾ ഉള്ള ഒരു കുടുംബ ത്തിനു് സീലിംഗ് ഏരിയാ സ്റ്റാൻഡേർഡ് ഏക്കർ പത്തു്. എന്നാൽ ഇങ്ങനെ തിട്ടപ്പെടുത്തു മ്പോൾ സാധാരണ ഏക്കർ പന്ത്രണ്ടിൽ കുറയാ നോ ഇരുപതിൽ കവിയാനോ പാടില്ല.

(c) അഞ്ചു് അംഗങ്ങളിൽ കൂടുതൽ അംഗങ്ങളുള്ള ഒരു കുടുംബത്തിനു് അഞ്ചുകഴിഞ്ഞുള്ള ഓരോ അംഗത്തിനും സ്റ്റാൻഡേർഡ് ഏക്കർ ഒന്നു വീതം കൂടുതൽ ആകാം. അങ്ങനെ മൊ ത്തം വിസ്തീർണ്ണം കണക്കാക്കുമ്പോൾ സാധാ രണ ഏക്കറിൻെറ കണക്കിനു് പന്ത്രണ്ടിൽ കുറ യാനോ ഇരുപതിൽ കവിയാനോ പാടില്ലാത്ത താകുന്നു.

(d) ഒരു കൂട്ടുകുടുംബമെന്നു ഗണിക്കാൻ പാടില്ലാത്ത മറേറതെങ്കിലും വ്യക്തിക്കോ കുടുംബത്തിനോ ആണെങ്കിൽ, പരമാവധി വിസ്തീർണ്ണം പത്തു് സ്റ്റാൻഡേർഡു് ഏക്കർ, അതു സാധാരണ ഏക്ക റായി കണക്കു വരുമ്പോൾ പന്ത്രണ്ടിൽ കുറയാ നോ പതിനഞ്ചിൽ കൂടാനോ പാടില്ലാത്തതാ കുന്നു."

a] മുതൽ d] വരെയുള്ള മേൽവിവരിച്ച ഒന്നാം ഉപവ കുപ്പിനു പകരമായി 1964 ലെ നിയമത്തിലെ ഒന്നാം ഉപ വകുപ്പിൽ വ്യവസ്ഥപ്പെടുത്തയിരുന്നതു് താഴെക്കാണുന്ന കണക്കാണു്.

[a] പ്രായപൂർത്തിയായ അവിവാഹിതസ്; അല്ലെങ്കിൽ അഞ്ചിൽ കവിയാത്ത അംഗങ്ങളുള്ള ഒരു കുടുംബം എന്നതിനു് പന്ത്രണ്ടു സ്റ്റാൻഡേർഡ് ഏക്കർ ആയിരിക്കും സീലിംഗ് ഏരിയാ.

[b] അഞ്ചിൽ കൂടുതൽ അംഗങ്ങളുള്ള കുടുംബത്തിനു് പന്ത്രണ്ടു് സ്റ്റാൻഡേർഡ് ഏക്കറിനു പുറമേ, അഞ്ചിൽ കൂടുതലായി ഉള്ള ഓരോ കൂടുതൽ അംഗത്തിനും ഓരോ സ്റ്റാൻഡേർഡ് ഏക്കർ വീതം കൂടുതൽ ആകാം. എന്നാൽ ഇതു് പരമാവധി ഇരുപതു് സ്റ്റാൻഡേർഡ് ഏക്കറിൽ കവിയാൻ പാടില്ല. ഇങ്ങനെ കണക്കു കൂട്ടി വരുമ്പോൾ [a] സീലിംഗ് ഏരിയാ ഒരു കേസിലും പതിനഞ്ചു സാധാരണ ഏക്കറിൽ കുറയാനോ, [b] മുപ്പത്തി ആറു സാധാരണ ഏക്കറിൽ കവിയാനോ പാടില്ലാത്തതാകുന്നു.

"കുടുംബം [Family] എന്ന പദത്തിനു് 1964ൽ കൊടുക്കപ്പെട്ട വ്യാപ്തി 1969ൽ മാറ്റപ്പെട്ടിട്ടില്ല. നിർവചനങ്ങൾ ഉൾക്കൊള്ളുന്ന രണ്ടാം വകുപ്പിന്റെ 14–ാം ഖണ്ഡികയിൽ, കുടുംബം എന്നതിനു "ഭർത്താവു്, ഭാര്യ, അവരുടെ അവിവാഹിതരായ മൈനർ മക്കൾ" എന്നിവരോ, അവരിൽ ജീവിച്ചിരിപ്പുള്ളവർ മാത്രമോ ഉൾപ്പെട്ടും എന്നാണു് നിർവ്വചിക്കപ്പെട്ടിരിക്കുന്നതു്.

'സ്റ്റാൻഡേർഡു് ഏക്കർ' എന്ന പദത്തിന്റെ വിവക്ഷയനുസരിച്ചു് സാധാരണ ഏക്കറിന്റെ അളവു നിശ്ചയിക്കുന്നതിൽ തന്നെ 1969 ലെ ഭേദഗതി, പട്ടികയിൽ സാരമായ കുറവു വരുത്തി എന്നു് മുകളിൽ വിവരിച്ചുവല്ലോ. അതിനു പുറമേ, കുടുംബം, വ്യക്തി എന്നിവക്കു് കൈവശം വയ്ക്കാവുന്ന പരമാവധി സ്റ്റാൻഡേർഡു് ഏക്കറുകളുടെ

ഏണ്ണത്തിൽത്തന്നെ സാരമായ കുറവു വരുത്തിയിട്ടുണ്ട്. അവയുടെ അടിസ്ഥാനത്തിൽ, സാധാരണ ഏക്കർ കണക്കെടുക്കുന്നതിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണവും കൂടി കണക്കിലെടുത്താൽ, ഇപ്പോഴത്തെ നിയമമനുസരിച്ചുള്ള പരമാവധി വിസ്തീർണ്ണത്തിൻെറ അളവ് സാരമായി കുറവു ചെയ്തിരിക്കുകയാണെന്നു കാണാവുന്നതാണ്. ഇൻഡ്യയിലെ മറെറാരു സംസ്ഥാനത്തും, ഇത്ര കക്കശമായ "റേഷനിംഗ്" ഭൂമിയുടെ കാര്യത്തിൽ വരുത്തപ്പെട്ടിട്ടില്ല എന്നുപറയുന്നതു് ഈ അടിസ്ഥാനത്തിലാണ്.

82–ാം വകുപ്പിൻെറ മററു ഉപവകുപ്പുകൾ കൂടി പ്രതിപാദിച്ചുകൊള്ളുന്നു.

**ഉപവകുപ്പ് 2** ഇതിൽ 1969 ലെ ഭേദഗതി നിയമം മാററമൊന്നും വരുത്തിയിട്ടില്ല. അതു് ഇങ്ങനെയാണ്. "ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ പരിഗണിക്കുന്നതിനു്, ഒരു കുടുംബത്തിലെ ഒരംഗം മാത്രമായോ, ഒന്നിലധികം അംഗങ്ങൾ കൂട്ടായോ, എല്ലാ അംഗങ്ങളും കൂടി കൂട്ടായോ, ഉടമസ്ഥാവകാശപ്രകാരമോ, കൈവശപ്രകാരമോ വച്ചിരിക്കുന്ന ഭൂമികൾ കൂടി കണക്കിലെടുക്കണം." (പരമാവധി വിസ്തീർണ്ണത്തിൻെറ കണക്കുകൂട്ടലിൽ അതും പെടുത്തണം എന്നതാണ് പ്രധാന കാര്യം.)

**ഉപവകുപ്പ് 3** ഇതു് 1969 ൽ മാററി എഴുതപ്പെട്ടതാണ്.

"ഒരു കുടുംബത്തിൻെറ അല്ലെങ്കിൽ പ്രായപൂർത്തിയായ അവിവാഹിതൻെറ ഭൂമി എന്നതിൽ. ആ കുടുംബം അല്ലെങ്കിൽ വ്യക്തി, ഒരു സഹകരണസംഘത്തിൻെറ കീഴിൽ അവകാശപ്പെടുന്ന ഭൂമിയുംകൂടി ഉൾപ്പെടുത്തി കണക്കുനോക്കേണ്ടതാണ്.

**വിശദീകരണം**

"ഒരു കുടുംബാംഗത്തിനു് ലഭിക്കാവുന്ന ഓഹരി അല്ലെങ്കിൽ പ്രായപൂർത്തിയായ ഒരു അവിവാഹിതനു് ഒരു സഹകരണസംഘത്തിൽ ഉടമസ്ഥതയുള്ള ഭൂമി എന്നിവ കണക്കാക്കുന്നതു്, കുടുംബത്തിൽ ഭാഗംവച്ചിരുന്നുവെങ്കിൽ, അല്ലെങ്കിൽ സഹകരണസംഘം വസ്തു അവകാശപ്പടി വീതിച്ചിരുന്നുവെങ്കിൽ, അയാൾക്കു് എന്തുകിട്ടുമായിരുന്നോ അത്രയും ഭൂമി എന്ന അടിസ്ഥാനത്തിലായിരിക്കണം, പരമാവധി ഭൂമി എന്ന തത്വം നടപ്പിൽവരുത്തുന്നതിനു് 83–ാം വകുപ്പനുസരിച്ചു് ഗവൺമെൻറു നിശ്ചയിക്കുന്ന തീയതിയിൽ വരാവുന്ന കണക്കാണു് എടുക്കേണ്ടിയുള്ളതു്."

**ഉപവകുപ്പ് 4** ഇതും നൂതനമായി മാറിയെഴുതപ്പെട്ടതാണു്.

"ഈ നിയമം നടപ്പിൽവന്നതിനുശേഷമുള്ള തീയതിയിൽ രണ്ടാംപട്ടികയിൽ വിവരിച്ച ഒരിനത്തിൽപ്പെട്ടതായി വിവരിക്കപ്പെടാവുന്നഭൂമി, മററൊരു വിഭാഗത്തിൽപ്പെടുന്നതായി മാററപ്പെടുകയുണ്ടായെങ്കിൽ, മാററുന്നതിനു മുമ്പുള്ള ഇനം ഏതാണോ, അതിൽപ്പെട്ടതായി ഗണിച്ചു മാത്രമേ വിസ്തീർണ്ണം കണക്കു കൂട്ടാൻ പാടുള്ളൂ."

തരിശായി കിടന്നിരുന്ന ഭൂമിയെ ഒരാൾ സ്വന്തം അദ്ധ്വാനം കൊണ്ടു് തെങ്ങിൻപുരയിടമോ കമുകിൻപുരയിടമോ ആക്കിമാററിയിട്ടുണ്ടെങ്കിൽ, അയാളുടെ അദ്ധ്വാനത്തിൻെറ അംഗീകാരമായി അനുവദിക്കപ്പെടുന്ന ഒരു സൗജന്യമാണിതെന്നു് കാണാവുന്നതാണു്,

**ഉപവകുപ്പ് 5** അഞ്ചും ആറും ഉപവകുപ്പുകൾക്കു് മാററമൊന്നും വന്നിട്ടില്ല.

(5) "ഒരു സഹകാര്യട്രസ്റ്റ്, അല്ലെങ്കിൽ ഒരു സഹകാര്യസ്ഥാപനം എന്നിവ കൈവശം വയ്ക്കുന്ന ഭൂമിയെ പരിഗണിക്കുന്നതിൽ, പ്രസ്തുത ട്രസ്റ്റ് അല്ലെങ്കിൽ സ്ഥാപനം സ്ഥാപിച്ച വ്യക്തിയുടെ വക സ്ഥലമാണ് അത് എന്നും സ്ഥാപകൻ മരിച്ചുപോയിയെങ്കിൽ, അയാളുടെ പിൻതുടർച്ചക്കാർ കൈവശംവയ്ക്കുന്ന ഭൂമി എന്നും അതിനെ പരിഗണിക്കേണ്ടതാണ്."

**ഉപവകുപ്പ് 6** "സീലിംഗ്പ്പരിധി കണക്കാക്കുന്നതിൽ 81-ാം വകുപ്പിൽ അനുവദിച്ചിട്ടുള്ള ഒഴിവുകളിൽപ്പെടുന്ന ഭൂമി പരിഗണിക്കാൻ പാടില്ലാത്തതാകുന്നു."

## വിശദീകരണം 1

"ഒരു വ്യക്തിക്ക്നിയമാനുസരണം വിവാഹം ചെയ്യപ്പെട്ട രണ്ടോ അധികമോ ഭാര്യമാർ ജീവിച്ചിരിപ്പുണ്ടെങ്കിൽ, അവരിൽ ഭർത്താവ് നാമനിർദ്ദേശംചെയ്യുന്ന ഭാര്യയും അവരുടെ അവിവാഹിതരായ മൈനർ കുട്ടികളും ചേർന്ന് കുടുംബമെന്ന പരിഗണനയിൽ പെടേണ്ടതാണ്. മററുള്ള ഓരോ ഭാര്യമാരും അവരുടെ അവിവാഹിതരായ മൈനർകുട്ടികളും വേറെ കുടുംബമായി പരിഗണിക്കപ്പെടേണ്ടതുമാണ്."

## വിശദീകരണം 2

"പ്രായപൂർത്തിയായ അവിവാഹിതൻ എന്ന പദത്തിന്റെ പരിധിയിൽ വിവാഹമോചനം നടത്തി, പിന്നീട് വിവാഹം ചെയ്യാത്ത ഭാര്യ—അങ്ങിനെയുള്ള ഭർത്താവ്—എന്നിവരും പെടുന്നതാണ്. അവിവാഹിതരായ മൈനർ കുട്ടികൾ ഉണ്ടെങ്കിൽ, അതു് ഒരു കുടുംബമായി പരിഗണിക്കപ്പെടേണ്ടതുമാണ്."

## വകുപ്പ് 83

അതിപ്രധാനമായ ഒരു പൊളിച്ചെഴുത്തിലൂടെ, പരമാവധി കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധിയ്ക്ക് ഗണ്യമായ വെട്ടിച്ചുരുക്കൽ വരുത്തിയ എൺപത്തിമൂന്നാം വകുപ്പിനെക്കൂടി ഈ ഘട്ടത്തിൽ വിശദീകരിക്കുന്നു.

1964 ലെ നിയമത്തിലെ 83–ാം വകുപ്പിനു രണ്ടു് ഉപവകുപ്പുകൾ ഉണ്ടായിരുന്നു, രണ്ടാം ഉപവകുപ്പിലെ വ്യവസ്ഥയനുസരിച്ചു്, ഒരു കുടുംബത്തിലെ പ്രായപൂർത്തിയായ ഒരംഗത്തിനു് പരിധിനിർണ്ണയിക്കുമ്പോൾ, അയാളുടെ മരണശേഷം, അവകാശികളായി വരാവുന്നവരായി ഇപ്പോൾ ജീവിച്ചിരിപ്പുള്ള പ്രായപൂർത്തിയായ മക്കളേയും കൂടി കണക്കിലെടുത്തു്, അവർക്കു് അവകാശം കൊടുക്കേണ്ടിവരുന്നയവസരത്തിൽ സീലിംഗ് ഏരിയാവരെ ചെന്നെത്തുന്നതിനുവേണ്ടുന്ന ഭൂമിയുംകൂടി, 82–ാം വകുപ്പിലെ വ്യവസ്ഥകൾക്കുപുറമേ കൈവശംവയ്ക്കാമായിരുന്ന സാഹചര്യമാണു് 83–ാം വകുപ്പിന്റെ രണ്ടാം ഉപവകുപ്പിൽ ചേർത്തിരുന്നതു്. ഈ സൌജന്യം കൂടാതെതന്നെ ഒരു കുടുംബത്തിനു് പരമാവധി 36 സാധാരണ ഏക്കർവരെ കൈവശം വയ്ക്കാമായിരുന്നു എന്നു് മുകളിൽ വിശദപ്പെടുത്തിയിട്ടുണ്ടല്ലോ. അതിനുപുറമേ, ഭാവിയിൽ മക്കൾ ഉൾപ്പെടുന്ന ഘടകത്തിനുമാത്രം മുപ്പത്താറു് ഏക്കർവരെ കൊടുക്കുന്നതിനുവേണ്ടി ഇപ്പോഴേ ഭൂമി കരുതിവയ്ക്കാവുന്ന സാഹചര്യത്തിൽ, നാളത്തെ കൈവശം എടുത്തു് അനുഭവിക്കാവുന്ന ഭൂമിയുടെ മൊത്തം വിസ്തീർണ്ണം അതിരില്ലാതെ വികസിപ്പിക്കാവുന്നതേയുള്ളു എന്നനില 1964 ലെ നിയമത്തിൻകീഴിൽ ഉണ്ടായിരുന്നു എന്നു സാരം. ഈ ചുററുപാടുകളെയെല്ലാം സമഗ്രമായി നിരോധിച്ചുകൊണ്ടു്രണ്ടാം ഉപവകുപ്പിനെ റദ്ദാക്കി, 83–ാം വകുപ്പു് പൊളിച്ചെഴുതു

കയാണ് 1969 ലെ ഭേദഗതിനിയമം ചെയ്തിരിക്കുന്നതു്. നിലവിൽ വന്നിട്ടുള്ള 83-ാം വകുപ്പ് താഴെ കൊടുക്കുന്നു.

"ഗവൺമെൻറു് ഗസററിൽ പരസ്യംമൂലം പ്രഖ്യാപിക്കുന്ന തീയതിമുതൽ, ഒരു വ്യക്തിക്കും (No person) ഉടമസ്ഥതയിലോ, ഒററിപ്രകാരമുള്ള കൈവശത്തിലോ, മൊത്തം സീലിംഗ്ഏരിയായിൽ കവിഞ്ഞ ഭൂമിക്കു് ഉടമാവകാശമോ വയ്ക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല." ഇത്രയുംമാത്രമാണു് ഇപ്പോഴത്തെ 83-ാം വകുപ്പ്.

ഈ വകുപ്പിൽ, വ്യക്തി എന്ന പദം ഈ ഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നതു് അല്പം തെററിദ്ധാരണയ്ക്കു് ഇടം നൽകുന്നതാണു്. Person എന്നു് ഇംഗ്ലീഷിൽ പറയുന്ന പദത്തിൻെറ വിവർത്തനത്തിനു് മലയാളത്തിൽ യുക്തമായ മറെറാരു പദം ലഭിക്കാത്തതുകൊണ്ടു് വ്യക്തി എന്ന പദം ഉപയോഗിച്ചതാണു്. ഇംഗ്ലീഷിലുള്ള Person എന്ന പദത്തെ, നിയമസങ്കേതത്തിൽ ഉപയോഗിക്കുന്നതു്, വ്യാപകമായ അർത്ഥത്തിലാണു്. പ്രകൃതിയാൽ ജനനം ലഭിക്കുന്ന ആളുകൾ എന്ന അർത്ഥത്തിനു പുറമേ, മനുഷ്യർ കൂട്ടിയിണക്കുന്ന സ്ഥാപനങ്ങളിൽ പലതിനു കൂടിയും Person എന്ന പദം നിയമശൈലിയിൽ സ്ഥലം പിടിച്ചിട്ടുണ്ടു്. അതനുസരിച്ചു്, മനുഷ്യനാൽ സംഘടിപ്പിക്കപ്പെട്ട ചില സ്ഥാപനങ്ങളും, കൃത്രിമ അർത്ഥത്തിൽ വ്യക്തികളായി പരിഗണിക്കപ്പെട്ടുപോരുന്നു. സഹകരണസംഘം, കമ്പനി, കൂട്ടുകുടുംബം, മരുമക്കത്തായം തറവാട്ടു് എന്നിവയെല്ലാം ഈ അർത്ഥത്തിൽ വ്യക്തിയാണു്—നിയമത്തിന്റെ ദൃഷ്ടിയിൽ.

മേൽ കാണിച്ച ചർച്ച നടത്തിയതിനു് പ്രത്യേകം ഒരുദ്ദേശമുണ്ടു്. 1964-ലെ 1-ാം ആക്ടിൽ ഈ പദം ഉപയോഗിക്കപ്പെട്ടിരുന്നില്ല. ഈ പദം വളരെ ബോധപൂർവ്വം 1969 ലെ ഭേദഗതി നിയമത്തിൽ പ്രയോഗിച്ചിരിക്കുന്നു.

1964 ലെ നിയമത്തിൽ പരമാവധി വിസ്തീർണ്ണത്തിൽ കവിഞ്ഞു ഭൂമി ഉമടസ്ഥതയോ കൈവശമോ വയ്ക്കുന്നതിനു്, നിരോധനം ഉണ്ടായിരുന്നതു് ഒരു കുടുംബം അല്ലെങ്കിൽ പ്രായപൂർത്തിയായ അവിവാഹിതൻ" എന്നിവക്കു മാത്രമായിരുന്നു. ഇന്നു് 83-ാം വകുപ്പു മാറിയെഴുതിയപ്പോൾ "Person" എന്ന സാങ്കേതിക സംജ്ഞയുടെ അർത്ഥ വ്യാപ്തി മുഴുവനും ഈ നിരോധനത്തിന്റെ പിടിയിൽ അമരുന്നു. കമ്പനികൾ സഹകരണസംഘങ്ങൾ മുതലായി, വളരെയേറെ വസ്തു കൈവശം വച്ചിരിക്കുന്നതായ സ്ഥാപനങ്ങളെക്കൂടി നിരോധനത്തിന്റെ പരിധിയിൽ കൊണ്ടുവരികയാണു് ഇതുവഴി സാധിച്ചിരിക്കുന്ന മൗലികമായ നേട്ടം അല്ലെങ്കിൽ കോട്ടം. ഈ ആശയത്തിന്റെ ഫലമായിട്ടാണു്, കക്ഷികൾ നടത്തുന്ന ഇടപാടുകളെ സംബന്ധിച്ച നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന 84-ാം വകുപ്പിൽ, 1969 ലെ ഭേദഗതി നിയമം രണ്ടാം ഉപവകുപ്പു ചേർത്തതു്. ഭൂമി മരവിപ്പിക്കൽ എന്ന അടുത്ത അദ്ധ്യായത്തിൽ ഇക്കാര്യം പരാമർശിക്കപ്പെട്ടിട്ടുണ്ടു്.

തെററിദ്ധാരണ ഒഴിവാക്കുന്നതിനു വേണ്ടി മറെറാരു കാര്യംകൂടി ഇവിടെ കുറിക്കേണ്ടിയുണ്ടു്. 98 A എന്ന ഒരു പുതിയ വകുപ്പുമൂലം സഹകരണസംഘങ്ങളെ പ്രത്യേകവിധിയായി ഈ പരാധീനതയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. കമ്പനികൾ മുതലായ "Persons"നെ 84(2)-ാം വകുപ്പു് ബാധിക്കുകതന്നെ ചെയ്യും.

1957 ൽ കേരളത്തിലെ ആദ്യത്തെ ജനകീയ മന്ത്രിസഭ അധികാരമേറെറടുത്തതു മുതൽ, ഭൂപരിഷ്കരണ നിയമനിർമ്മാണത്തെപ്പററിയുള്ള ബോധം കേരളജനതയിൽ വേരൂന്നിയതാണു്. അന്നുമുതൽ, അഥവാ ശ്രീ. പി. എസ് നടരാജപിള്ള അവർകൾ, ഈ നിയമനിർമ്മാണത്തിനുള്ള

ബില്ലുമായി രംഗപ്രവേശം ചെയ്തതുമുതൽ തന്നെ, പരമാവധി കൈവശം വയ്ക്കാവുന്ന ഭൂമിയുടെ തോതു് നിയന്ത്രിക്കപ്പെട്ടുമെന്നും, മിച്ചമുള്ള ഭൂമി മരവിപ്പിക്കലിനു് വിധേയമാവുമെന്നും സാമാന്യം അധികരിച്ച വസ്തു ഉടമസ്ഥതയുള്ള എല്ലാവരും ധരിച്ചിരിക്കാൻ ഇടയുള്ളതാണു്. അന്നുമുതൽ കൈവശമുള്ള ഭൂമികളെ ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ, ക്രമീകരിക്കുവാനുള്ള ഇടപാടുകൾ മുൻകരുതലെന്ന നിലയിൽ, വസ്തുഉടമകൾ നടത്തിപ്പോന്നിട്ടുണ്ടു്. അതും ഒരു തരത്തിൽ, നിയമനിർമ്മാണം കൊണ്ടു് ഉദ്ദേശിക്കപ്പെടുന്ന ഫലം പുറപ്പെടുവിക്കുന്ന പ്രക്രിയ ആയി പരിഗണിക്കപ്പെടാവുന്നതായിരിക്കാം. ഏതായാലും 1969 ലെ ഭേദഗതിനിയമംമൂലം വന്നുചേർന്നിട്ടുള്ള അത്യന്തം കർശനമായ പരിധിനിർണ്ണയത്തിൻെറ വെളിച്ചത്തിൽപ്പോലും, മിച്ചഭൂമികണ്ടെത്താനുള്ള സംരംഭത്തിലൂടെ വളരെയൊന്നും മിച്ചഭൂമി നേടിയെടുക്കുവാൻ സാദ്ധ്യതയില്ലാത്ത ചുററുപാടാണു് കേരളത്തിലുള്ളതെന്നാണു്, ഗവൺമെൻറിനു ലഭ്യമായിട്ടുള്ള സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നതെന്നും പറയപ്പെടുന്നു.

1969 ജനുവരി 15–ാം തീയതി, കേരളാ ലാ അക്കാഡമി തിരുവനന്തപുരത്തു് വി. ജെ. ടി. ഹാളിൽ ഭൂപരിഷ്കരണനിയമത്തെ സംബന്ധിച്ചു സംഘടിപ്പിച്ച ഒരു സിംപോസിയത്തിൽ, കേരളാ റവന്യൂവകുപ്പ്മന്ത്രി ശ്രീ. കെ. ടി. ജേക്കബ് നടത്തിയ ഒരു പരാമർശനം കൂടി ഇവിടെ കുറിച്ചുകൊള്ളട്ടെ. 1969 ഡിസംബറിൽ ഡൽഹിയിൽ വച്ചുകൂടിയ മുഖ്യമന്ത്രിമാരുടെ ഒരു സമ്മേളനം സാസ്ഥാനങ്ങളിലെ ഭൂപരിഷ്ക്കരണ നയങ്ങളെപ്പററി ചർച്ചചെയ്യുവത്രെ. നമ്മുടെ റവന്യൂമന്ത്രിയാണു്, കേരളത്തിനുവേണ്ടി അതിൽ പങ്കെടുത്തതു്. ഭൂപരിഷ്ക്ക

ാണ സംരംഭത്തിൽ, സാമാന്യം ശക്തമായ നടപടികൾ സ്വീകരിച്ചു എന്നു കരുതപ്പെടുന്ന ആന്ധ്രയിലെ ഭൂപരിധി നിർണ്ണയത്തെപ്പററി അവിടത്തെ മുഖ്യമന്ത്രി ശ്രീ. ബ്രഹ്മാനന്ദറെഡ്ഡി യോഗത്തിൽ നടത്തിയ പരാമർശനങ്ങളിൽ വ്യക്തമായതു്, പല കണക്കു കൂട്ടലുകളും വച്ചു നോക്കിയാൽ, ഒരു കടുംബത്തിനു് 250 ഏക്കർ വരെ ഭൂമി കൈവശം വയ്ക്കാമെന്ന നിലയിലാണ് നിയമം വ്യവസ്ഥ ചെയ്യുന്നതെന്നാണു്. മററു സംസ്ഥാനങ്ങളിലെ സ്ഥിതി ലക്ഷ്യത്തോടു് അത്ര തന്നെയും അടുത്തിട്ടില്ല എന്നാണു് പ്രസ്തുത സമ്മേളനത്തിന് വെളിവായതെന്നും റവന്യൂ മന്ത്രി ടൗൺ ഹാളിലെ യോഗത്തിൽ വിശദീകരിച്ചു. ഈ നിലയിൽ, കേരളത്തിൽ വന്നിരിക്കുന്ന നിയമ വ്യവസ്ഥ, ഭൂമിയുടെ മേലുള്ള നിയന്ത്രണമാണു് പുരോഗതിയുടെ മാനദണ്ഡമെങ്കിൽ, പുരോഗമനത്തിന്റെ പരമോച്ച കോടിയിൽ എത്തിച്ചേർന്നിരിക്കുന്നു എന്നു പറയാവുന്നതാണു് എന്നും ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിക്കുകയുണ്ടായി.

## അദ്ധ്യായം പതിനഞ്ച്

# ഭൂമി മരവിപ്പിക്കൽ

ഭൂപരിഷ്കരണത്തിനുവേണ്ടി നടത്തുന്ന ഏതു നിയമനിർമ്മാണത്തിലും, ഒരു വ്യക്തിക്കു് കൈവശം വക്കാവുന്ന ഭൂമിയുടെ പരമാവധി വിസ്തീർണ്ണം നിയന്ത്രിക്കുക എന്ന തന്ത്രത്തിനു് അതിരററ പ്രാധാന്യമുണ്ടു്. ഇൻഡ്യയിലെ ഒരു സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, ഇൻഡ്യൻ ഭരണഘടനയിൽ ഉറപ്പു ചെയ്തിട്ടുള്ള മൗലികാവകാശങ്ങളുടെ പശ്ചാത്തലത്തിൽ, പരമാവധി നിർണ്ണയിക്കുവാനുള്ള ഏതു ശ്രമവും, നിരവധി വൈതരണികളെ നേരിടാതിരിക്കുകയില്ല. ഈ പ്രശ്നത്തിന്റെ വ്യാപ്തി, കോടതികളിൽ ചർച്ച ചെയ്യപ്പെട്ടതെങ്ങനെയെന്നു വിശദപ്പെടുത്തുന്നതിനു് ഈ ഗ്രന്ഥത്തിന്റെ പ്രാരംഭത്തിൽ ഒരു ചെറിയ ശ്രമം നടത്തപ്പെട്ടിട്ടുമുണ്ടു്. ഭൂപരിധിയെ സംബന്ധിക്കുന്ന ചട്ടങ്ങളുടെ വിശദാംശങ്ങളിലേക്കു കടക്കുന്നതിനു മുമ്പായി, മിച്ച ഭൂമിയായി വരാവുന്നവ, മറവും ചെയ്യുന്നതിനുള്ള ശ്രമങ്ങളെ തടയുന്നതിനു്, നിയമനിർമ്മാണത്തിൽ എടുത്തിട്ടുള്ള നടപടികളെപ്പററി ഒരു ചെറിയ വിവരണം നല്ലേണ്ടതു് ആവശ്യമാണെന്നു കരുതുന്നു.

അടിയന്തിരാവശ്യങ്ങളുടെ ഘട്ടത്തിൽ, സാമൂഹ്യനീതിയ്ക്കുതകുന്നവിധം റേഷൻ നടപ്പിൽ വരുത്തുന്നതിനു മുമ്പ് സാധനങ്ങൾ മരവിപ്പിക്കുന്നതിനോടു സാദൃശ്യമുള്ള ഒരു നടപടിയാണ് ഭൂമിയെ സംബന്ധിച്ചിടത്തോളവും കേരളത്തിൽ ഗവണ്മെൻറ് ചെയ്തു പോന്നിട്ടുള്ളത്.

1961-ലെ കർഷകബന്ധനിയമത്തിലെ 60-ാംവകുപ്പും 1964 ലെ 1-ാം ആക്ടിലെ 84-ാമത്തു വകുപ്പും 1969 ലെ ഭേദഗതി നിയമത്തിൽ 84-ാം വകുപ്പും വരുത്തിയിട്ടുള്ള മാററങ്ങളാണ്, ഈ തന്ത്രത്തിൻെറ പ്രയോഗത്തിന് നമ്മുടെ നിയമസഭ സ്വീകരിച്ചിട്ടുള്ള നിയമനിർമ്മാണ നടപടികൾ. സൂക്ഷ്മമായ പഠനം വ്യക്തമാക്കുന്നത്, ഈ എല്ലാ വകുപ്പുകളിലെയും പൊതുതത്വം ഒന്നുതന്നെയെന്നും കാലത്തിനൊത്ത രീതിയിൽ; നിയന്ത്രണം ഏർപ്പെടുത്തപ്പെടുന്ന തീയതികളിലാണ് മുഖ്യമായ മാററം വരുത്തിയിരിക്കുന്നത് എന്നുമാണ്.

1964-ലെ 60-ാം വകുപ്പനുസരിച്ച്, താഴെപ്പറയുന്ന ഉപാധികൾക്കു വിധേയമായി, 1960 ജൂലായ് 27-ാംതീയതിയ്ക്കുശേഷം, പരമാവധി വിസ്തീർണ്ണം ഭൂമിയ്ക്കുമേൽ വസ്തു കൈവശമുള്ള ഒരു കുടുംബാംഗമോ. പ്രായപൂർത്തിയായ ഒരു അവിവാഹിതനോ നടത്തുന്ന സ്ഥാവരവസ്തുക്കളെ സംബന്ധിക്കുന്ന എല്ലാ കൈമാററങ്ങളും അസാധുവായിരിക്കുന്നതാണ്. സംഗതമായ നിയമത്തിൽ, ഭൂമിയിന്മേൽ ഏർപ്പെടുത്തുന്ന പരമാവധി വിസ്തീർണ്ണത്തേയും. മിച്ച ഭൂമി കൈകാര്യംചെയ്യലിനേയും തോൽപ്പിക്കണമെന്നുള്ള

ഉദ്ദേശത്തോടുകൂടി നടത്തപ്പെടുന്ന കൈമാററങ്ങളാണെന്നു നിയമദ്വാഖ്യാ ഗണിച്ചുകൊണ്ടാണു് ഈ അസാധുവാക്കൽ പ്രഖ്യാപനം ഏർപ്പെടുത്തുന്നതെന്നും വകുപ്പിൽ എടുത്തുപറഞ്ഞിരുന്നു.

1961–ലെ നിയമത്തിൽ കൊള്ളിച്ചിരുന്ന ഉപാധികൾ താഴെപ്പറയുന്നവയായിരുന്നു. പ്രസ്തുത തീയതിക്കുശേഷവും—

(1) ഭാഗംചെയ്യൽവഴിയുള്ള കൈമാററം അസാധുവല്ല.

(2) സഹജമായ സ്നേഹത്തിൻെറയോ വാത്സല്യത്തിൻെറയോ അടിസ്ഥാനത്തിൽ നടത്തുന്ന കൈമാററം അസാധുവല്ല.

(3) 27–7–1960 നു മുമ്പു മുതൽ കൈമാററത്തിയതിവരെ കുടിയാനായിരുന്ന വ്യക്തിയുടെ പേരിൽ നടത്തുന്ന കൈമാററവും അസാധുവായിരിക്കുകയില്ല.

മറേറതു തരത്തിലുള്ളതുമായി പരമാവധി വിസ്തീർണ്ണത്തിൽ കവിഞ്ഞു് ഭൂമി കൈവശമുള്ള ഒരു കുടുംബാംഗമോ പ്രായപൂർത്തിയായ ഒരവിവാഹിതനോ നടത്തുന്ന വസ്തു കൈമാററങ്ങളും അസാധുവായിരിക്കുന്നതാണു്", എന്നായിരുന്നു വ്യവസ്ഥ.

1964 ലെ ഒന്നാം ആക്ടിൽ ചില പ്രധാന വ്യതിയാനങ്ങൾ വരുത്തപ്പെട്ടു. അതിപ്രധാനമായ സാമൂഹ്യപ്രശ്നം

ഉൾക്കൊള്ളുന്ന മാററം, നിരോധനത്തീയതിയെ പിറകോട്ടു പിടിച്ചുകൊണ്ടുവന്നു എന്നതാണ്. മുൻപ് നിരോധനത്തീയതി ആരംഭിക്കുന്നതു, 1960 ജൂലായ് 27-ാം തീയതി ആയിരുന്നല്ലോ. അതിനു പകരം, 1963 ലെ ഭൂപരിഷ്കരണനിയമം ഗസററിൽ പരസ്യംചെയ്ത തീയതിമുതലുള്ള കൈമാററങ്ങൾക്കുമാത്രം വിലക്കു മതിയാവും എന്ന വ്യവസ്ഥ 1964 ൽ ഉൾക്കൊള്ളിക്കപ്പെട്ടു. 1961 ലെ നിയമത്തിൻെറ വ്യവസ്ഥകളെ ഗണ്യമാക്കാതെ, അതിലെ നിരോധനത്തിൻെറ മേഖല കടന്നുകൊണ്ട് നടത്തപ്പെട്ട കൈമാററങ്ങൾ അങ്ങനെ സാധൂകരിക്കപ്പെട്ടു. 1964 ലെ നിയമത്തിൽ മാററി സ്ഥാപിച്ച നിരോധനത്തീയതി 1969 ലെ ഭേദഗതി നിയമത്തിലും സാധൂകരിക്കപ്പെട്ടിരിക്കയാണ്. കാര്യം ഈ വിധത്തിൽ വ്യാഖ്യാനിക്കപ്പെടാമെങ്കിലും, 1961 ലെ നിയമത്തിൽ അനുവദനീയമായിരുന്ന പരമാവധി വിസ്തീർണ്ണം എന്നതിൻ സാരമായ വെട്ടിക്കുറവ് 1964 ലെ നിയമം ഏർപ്പെട്ടുത്തി എന്നതുകൊണ്ട്: നിരോധനത്തീയതിയിൽ വരുത്തിയ ഇളവ്, ഒരു പരിധിവരെ ഭൂമിയുടെ മരവിപ്പിക്കൽ എന്ന ലക്ഷ്യത്തിനു് ഹാനിവരാതെ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

1954 ലെ നിയമം വരുത്തിയ മറെറാരു ഭേദഗതി, പൊതുസ്വഭാവമുള്ള മതസ്ഥാപനങ്ങൾ ധർമ്മസ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവയുടെ സ്വന്തം ഉപയോഗത്തിനുവേണ്ടി നൽകപ്പെട്ടിട്ടുള്ള കൈമാററങ്ങൾ നിരോധനത്തീയതിക്കുശേഷമായാലും സാധുകരിക്കപ്പെടുന്നതാണ് എന്ന വ്യവസ്ഥ 1969 ലും മാററപ്പെട്ടിട്ടില്ല.

1963-ലെ ഭേദഗതിനിയമം 84-ാം വകുപ്പിനു് ഒരു രണ്ടാം ഉപവകുപ്പു് നൂതനമായി ഏർപ്പെടുത്തികൊണ്ടു് 1969 ജൂലായ് ഒന്നാം തീയതിക്കുശേഷം ഉള്ള ചില കൈമാററങ്ങളിന്മേൽ നിരോധനം ചുമത്തിയിരിക്കുന്നു ഒരു കുടുംബാംഗമെന്ന വ്യാപ്തിയിലോ, പ്രായപൂർത്തിയായ അവിവാഹിതനെന്ന നിലയിലോ പെടാത്ത വ്യക്തികൾ പരമാവധി വിസ്തീർണ്ണത്തിൽ കവിഞ്ഞ ഭൂമിയുള്ള പക്ഷം, പ്രസ്തുത തീയതിക്കുശേഷം നടത്തുന്ന ഏതു വസ്തു കൈമാററവും അസാധുവായിരിക്കും, എന്നതാണു് ആ വ്യവസ്ഥ. ഈ നിർവചനത്തിൽ പെട്ടതായി നടത്താവുന്ന കൈമാററത്തെ സംബന്ധിച്ചു്, സഹജമായ സ്നേഹം വാത്സല്യം എന്നിവയും സാധൂകരണത്തിനു് ഇടം നൽകുന്നില്ലെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ ഭാഗമനുസരിച്ചുള്ള കൈമാററവും ; കുടിയാനു് കൊടുക്കുന്ന അവകാശ കൈമാററവും, മതസ്ഥാപനങ്ങൾ, ധർമ്മസ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവയ്ക്കു് കൊടുക്കുന്ന കൈമാററവും, ഒന്നാം ഉപവകുപ്പിലേതുപോലെ സംരക്ഷിക്കപ്പെട്ടും. കമ്പനികൾ മുതലായ വ്യക്തികളുടെ വസ്തുക്കളെയാണു് ഈ രണ്ടാം ഉപവകുപ്പുകൊണ്ടു് ഉദ്ദേശിക്കുന്നതെന്ന കാര്യം വ്യക്തമാണു്.

നിയമനിർമ്മാണംകൊണ്ടു്, മിച്ചഭൂമിയെ പിടിച്ചെടുത്തു വിതരണംചെയ്യുവാൻ രാഷ്ട്രാധികാരം ശ്രമം ചെയ്തു വരുവെതന്നെ. അതിൻെറ മുന്നോടിയായി വ്യക്തികൾ നടത്തുന്ന ചുരുക്കം ചില തരത്തിലുള്ള പുനർവിതരണത്തിനു് ഒരു പരിധിവരെ അംഗീകാരംകൊടുക്കുകയും മററല്ലാ വിധത്തിലുമുള്ള കൈമാററങ്ങളെയും ക്രയങ്ങളെയും തടയുകയും ചെയ്യുക എന്നതാണു് നിയമനിർമ്മാണ

സഭയുടെ സമീപനത്തിന്റെ പൊതുസ്വഭാവം എന്നു് ഇതുകൊണ്ടു് കാണാവുന്നതാണു്. അംഗീകാരവും സാധൂകരണവും നൽകപ്പെട്ടിരിക്കുന്ന കൈമാററങ്ങൾ എല്ലാം തന്നെ ഉത്തമവിശ്വാസമായി ചെയ്യപ്പെട്ടതാണെങ്കിൽ, ഭൂമിക്കുപകരം നാണയം ഉടമസ്ഥന്റെ കയ്യിൽ വന്നുചേരുവാൻ പര്യാപ്തമാകുന്ന ഇടപാടുകളല്ലെന്നു കാണാവുന്നതാണു്. അവയാണു് സംരക്ഷിക്കപ്പെട്ടിരിക്കുന്നതു്, മിച്ചഭൂമിയെ വിററുപണമാക്കി മാററുന്നതിനുള്ള പ്രവണതയെയാണു് ഫലപ്രദമായി തടാൻ നിയമസഭ ഉദ്ദേശിച്ചിട്ടുള്ളതെന്നു് അനുമാനിക്കാം.

അംഗീകരിക്കപ്പെട്ട ഇനങ്ങളിൽപ്പെട്ടതൊഴികെയുള്ള എല്ലാ കൈമാററങ്ങളും അസാധുവാക്കപ്പെട്ടിട്ടുള്ളതുകൊണ്ടു്, മിച്ചഭൂമിയുടെ ഗണ്യമായ ഒരു ഭാഗം, മററു വ്യവസ്ഥകളനുസരിച്ചു കൈകാര്യം ചെയ്യപ്പെടുന്നതിനുവേണ്ടി മരവിക്കപ്പെട്ടിരിക്കുകയാണു്.

മറെറാരു സംഗതികൂടി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. 1960 ജൂലായ് 27-ാം തീയതിക്കുശേഷവും 1963 ലെ ബിൽ നിയമസഭയിൽ ഹാജരാക്കുന്നതുവരെയും നടന്ന കരണങ്ങൾ 1964 ൽ സംരക്ഷിക്കപ്പെട്ടു എന്നു മുകളിൽ വിവരിച്ചിട്ടുണ്ടു്. എന്നാൽ ഈ സംരക്ഷണംകൊണ്ടു് ആകെ സാധിച്ചിട്ടുള്ളതു് പ്രസ്തുത കാലഘട്ടത്തിൽ നടന്ന കരണങ്ങൾ പ്രകാരം വസ്തു വിലയ്ക്കു വാങ്ങിയവരുടെ അവകാശം മാത്രമാണു്. വസ്തു വിററയാളിനു്, സീലിംഗ് ഏരിയാ കഴിച്ചു് മിച്ചമുള്ള ഭൂമി 1969 ലെ ഭേദഗതി നിയമം അനുസരിച്ചു്, ഗവണ്മെന്റിലേക്കു വിട്ടുകൊടുക്കേണ്ടി വരു

മ്പോൾ, മേൽപറഞ്ഞ കാലഘട്ടത്തിനകത്തു് (അതായതു് 1960 ജൂലായ് 27-ാം തീയതിയ്ക്കുശേഷം 1963 ലെ ബിൽ നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടതുവരെയുള്ള തീയതികളിൽ) വിററുപോയിട്ടുള്ള വസ്തുക്കളുടെ വിസ്തീർണ്ണം കൂടി കണക്കിൽ കൊള്ളിച്ചു്, അതു കുട്ടിയശേഷം മിച്ചമുള്ളതായി കാണുന്ന ഭൂമി മുഴുവനും വിട്ടു കൊടുക്കേണ്ടി വരും എന്നുള്ള സംഗതി പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണു്. 85-ാം വകുപ്പിനെപ്പററി പിറകേ നടത്തുന്ന ചർച്ചയിൽ ഇക്കാര്യം പരാമർശിക്കപ്പെട്ടിട്ടുണ്ടു്.

## അദ്ധ്യായം പതിനാറ്

# മിച്ചം കിട്ടുന്ന ഭൂമി

കേരളാ ഭൂപരിഷ്കരണ നിയമത്തിന്റെ 81 മുതൽ 98 വരെ വകുപ്പുകൾ ഉൾക്കൊള്ളുന്ന മൂന്നാം അദ്ധ്യയമാണ്, ഭൂപരിധി നിർണ്ണയത്തേയും, മിച്ചഭൂമിയെ കൈകാര്യം ചെയ്യേണ്ട വിധത്തേയും പററി പ്രതിപാദിക്കുന്നതു്. അതിനകത്തുള്ള, സീലിംഗ് ഏരിയായെ സംബന്ധിച്ച 82, 83 എന്നീ വകുപ്പുകളും ഭൂമി മരവിപ്പിക്കലിനെ സംബന്ധിച്ച 84–ാം വകുപ്പും പ്രത്യേകം എടുത്തു് ആദ്യമേ ചർച്ച ചെയ്തതാണ്. ശേഷിച്ച വകുപ്പുകളാണ് ഈ അദ്ധ്യായത്തിലെ ചർച്ചാ വിഷയം.

മിച്ചഭൂമിയെയും പരമാവധി വിസ്തീർണ്ണത്തേയും സംബന്ധിച്ച വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കലുകൾ (exemptior.s) അനുവദിക്കുന്ന 81–ാം വകുപ്പോടുകൂടി അദ്ധ്യായം ആരംഭിക്കുന്നു.

## വകുപ്പ് 81 ഒഴിവാക്കലുകൾ

ഈ വകുപ്പിനു്, സാരമായ ഭേദഗതികൾ 1969 ൽ വരുത്തപ്പെട്ടിട്ടുണ്ടു്.

**ഉപവകുപ്പ് 1** "താഴെപ്പറയുന്ന സംഗതികൾക്കു് ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ ഒന്നും ബാധകമാകുന്നതല്ല. അതായതു്.

(a) കേരളാഗവണ്മെൻറു്, ഇൻഡ്യയിലെ മറെറതെങ്കിലും സംസ്ഥാനം, ഇൻഡ്യാഗവൺമെൻറു പ്രാദേശികഭരണസ്ഥാപനം, കൊച്ചിൻ പോർട്ട ട്രസ്റ്റ്, ഗവണ്മെൻറു് പ്രഖ്യാപിക്കുന്ന മറെറതെങ്കിലും ഭരണഘടകം എന്നിവയിൽ ഏതിൻെറയെങ്കിലും ഉടമസ്ഥതയിലോ, കൈവശത്തിലോ ഉള്ള ഭൂമികൾക്കു് ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ലാ."

**വിശദീകരണം 1**

"ഈ ഖണ്ഡികയുടെ അർത്ഥവ്യാപ്തിയിൽ, കേരളാഗവണ്മെൻറിൻെറ ഭൂമി എന്നതിനു്, 1960 ലെ കേരളാ ഗവണ്മെൻറു് ലാൻഡ് അസൈൻമെൻറു് ആക്ടിൻെറ രണ്ടാം വകുപ്പിലെ ഒന്നാം ഉപവകുപ്പിൽ ഗവൺമെൻറുഭൂമി എന്ന പ്രയോഗത്തിനു് നിർദ്ദിഷ്ടമായ അർത്ഥം ഉണ്ടായിരിക്കുന്നതാണു്. എന്നാൽ, ഈ ആക്ടിൻെറ 13-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ചു് കുടിയായ്മ സ്ഥിരതയ്ക്കു് അവകാശമുള്ള കുടിയാന്മാരുടെ കൈവശമുള്ളതായി, ഗവൺമെൻറിൻെറ പക്കൽ, അന്യം നിന്നു വന്നുചേർന്ന ഭൂമികൾ

ഗവൺമെൻറുഭൂമി എന്ന പ്രയോഗത്തിൻെറ പരിധിയിൽ വരുന്നതുമല്ല."

**വിശദീകരണം 2**

(ഇതു് 1969 ൽ നൂതനമായി കൂട്ടിച്ചേർക്കപ്പെട്ടതാണു്.)

ഈ ആക്ടിൻെറ 66-ാം വകുപ്പിലെ 9-ാം ഉപവകുപ്പിൻെറ വ്യവസ്ഥയനുസരിച്ചും, 72-ാം വകുപ്പിലെ വ്യവസ്ഥയനുസരിച്ചും ഗവൺമെൻറിൽ നിക്ഷിപ്തമാകുന്ന ഭൂമികളും, "ഗവൺമെൻറുഭൂമി" എന്ന പ്രയോഗത്തിൻെറ പരിധിയിൽപ്പെടുന്നതല്ല.

(b) കോർട്ടു് ഓഫ് വാർഡ്സിൻെറ ഭരണത്തിൽ എടുക്കപ്പെട്ട വസ്തുക്കൾ (ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്കു വിധേയമല്ല) എന്നാൽ, ഈ നിയമംനടപ്പിൽ വന്നു് മൂന്നു കൊല്ലം കഴിയുന്നതോടുകൂടി ഈ സൗജന്യം അവസാനിക്കുന്നതാണു്.

(c) മില്ലുകൾ, ഫാക്ടറികൾ, വർക്ക്ഷോപ്പുകൾ എന്നിവയിൽ ഉൾപ്പെട്ടതും, പ്രസ്തുത സ്ഥാപനങ്ങളുടെ ഉപയോഗത്തിനു് ആവശ്യമായിട്ടുള്ളതുമായ ഭൂമികൾ (ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്കു വിധേയമല്ല.)

(d) പ്രൈവററു ഫാറസ്റ്റുകൾ

(e) എസ്റ്റേററുകൾ

(f) (റദ്ദാക്കപ്പെട്ട) ഈ നിയമം (1964 ലെ നിയമം) നടപ്പിൽ വരുമ്പോൾ നിലവിലുള്ളതും, തുടർച്ചയായ വിസ്തീർണ്ണമായി പത്തേക്കറിൽകവിഞ്ഞ ഏരിയാ ഉള്ളതുമായ പറങ്കിമാവിൻ തോട്ടങ്ങൾ ഒഴിവാക്കപ്പെട്ടിരുന്ന 1964 ലെ വ്യവസ്ഥ

യാണ് 1969 ലെ ഭേദഗതി നിയമം മൂലം റദ്ദാക്കപ്പെട്ടിരിക്കുന്നതു്.

(g) റദ്ദാക്കപ്പെട്ടു. (1964 ലെ ആക്ടിൽ, അഞ്ചേക്കറിൽ കുറയാത്ത വിസ്തീർണ്ണമുള്ള കുരുമുളകു തോട്ടങ്ങളും അടയ്ക്കാ തോട്ടങ്ങളുമാണ് ഈ ഖണ്ഡികയിൽ ഒഴിവാക്കലിൻെറ പ്രയോജനം നേടിയിരുന്നതു്)

(h) ഗവണ്മെൻറിനോ, ലാൻഡ് മോർട്ട്ഗേജ് ഉൾപ്പെടെ സഹകരണനിയമപ്രകാരം രജിസ്റ്റർ ചെയ്തതെന്നു ഗണിക്കപ്പെടാവുന്ന സഹകരണ സംഘങ്ങൾ, കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരളാ ഇൻഡസ്ട്രിയിൽ ഡവലപ്മെൻറു് കോർപ്പറേഷൻ, സ്റ്റേററു് സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, എന്നിവയിലേതിൻെറയെങ്കിലും പേരിൽ പണയം വയ്ക്കപ്പെട്ടിട്ടുള്ള വസ്തുക്കൾ പണയം നിലവിലിരിക്കുന്ന ഘട്ടം വരെ മാത്രം (ഈ അദ്ധ്യായത്തിലെനിബന്ധനകളിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കും.) എന്നാൽ ഈ നിയമം (1964 ലെ നിയമം) നിലവിൽ വന്നു് മൂന്നു കൊല്ലം കഴിയുന്നതോടുകൂടി ഈ സൗജന്യം അവസാനിക്കുന്നതാണ്.

(i) കേരളാ കോവാപ്പറേററീവ് ലാൻഡ് മോർട്ടുഗേജ് ബാങ്ക് ആക്ട് 1960 ലെ18–ാംവകുപ്പ് അനുസരിച്ചു്, കേരളാ കോവാപ്പറേററീവ് ലാൻഡ് മോർട്ടുഗേജു ബാങ്ക് വിലയ്ക്കു വാങ്ങിയിട്ടുള്ള ഭൂമി, പ്രസ്തുത ഭൂമി ബാങ്കിൻെറ കൈവശത്തിലിരിക്കുന്നിടത്തോളം കാലം. (ഒഴിവാക്കപ്പെട്ടും.)

(j) സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ ആക്ട് 1951 ന്റെ 33- വകുപ്പനുസരിച്ച് കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ വിലയ്ക്കു വാങ്ങുകയോ മാനേജ്മെന്റിൽ എടുക്കുകയോ ചെയ്ത ഭൂമി, പ്രസ്തുത ഉടമാവകാശം, അല്ലെങ്കിൽ മാനേജ്മെന്റ്. നിലനിൽക്കുന്നിടത്തോളം കാലം (ഒഴിവാക്കപ്പെട്ടു ) എന്നാൽ, 1964 ഏപ്രിൽ ഒന്നാം തീയതിയ്ക്കുശേഷമാണ് കോർപ്പറേഷൻ ഈ ഭൂമി മാനേജ്മെന്റിൽഏറ്റെടുത്തതെങ്കിൽ ഈ ഒഴിവാക്കൽ ബാധിക്കുകയില്ല, (ഈ വ്യവസ്ഥ 1969 ലെ ഭേദഗതി നിയമം കൂട്ടിച്ചേർത്തതാണ് )

(k) വ്യാവസായികമോ, വാണിജ്യപരമോ ആയ സ്ഥാപനങ്ങൾ, അവയുടെ സ്വന്തം ഉപയോഗത്തിനുവേണ്ടി ഉടമസ്ഥാവകാശമോ കൈശമോ വച്ചിരിക്കുന്ന ഭൂമി. (ഒഴിവാക്കപ്പെട്ടുന്നതാണ്) എന്നാൽ കളക്ടർ നിർദ്ദേശിക്കുന്ന കാലയളവിനുള്ളിൽ പ്രസ്തുത സ്ഥലം, ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കാര്യത്തിനു് വിനിയോഗിക്കപ്പെട്ടിട്ടില്ലെങ്കിൽ ഈ സൗജന്യം അവസാനിക്കുന്നതാണ്.

(l) റദ്ദാക്കപ്പെട്ടിരിക്കുന്നു,
(1964 ലെ ആക്ടിന്റെ നാലാം പട്ടികയിൽ വിവരിച്ച കുട്ടനാടൻ പാടശേഖരങ്ങളാണ് ഈ സൗ സൗജന്യത്തിനു് അർഹമായിരുന്നതു്)

(m) ഗൃഹപരിസരം. അതായതു്, താമസിക്കുന്നതിനുള്ള കെട്ടിടം. കുളങ്ങൾ, കിണറുകൾ, മററു എടുപ്പുകൾ എന്നിവയും, അവയെ, സൗകര്യപ്രദമായി അനുഭവിക്കുന്നതിനു് ആവശ്യമായ

സ്ഥലപരിധിയും ഉൾപ്പെടുന്നിടത്തോളമുള്ള ഭൂമി [ഒഴിവാക്കപ്പെട്ടിരിക്കുന്നതാണ്.]

(n) (റദ്ദു ചെയ്യപ്പെട്ടു)

(o) ക്ഷേത്രങ്ങൾ, പള്ളികൾ, മോസ്കുകൾ, സിമിത്തേരികൾ, ശവസംസ്കാര സ്ഥാനങ്ങൾ, ശവദാഹ സ്ഥാനങ്ങൾ എന്നിവയുടെ സ്ഥാനങ്ങൾ

(p) സംഭരണശാലകൾ ഉൾപ്പെടുന്ന കെട്ടിടത്തിന്റെ പരിസര ഭൂമികൾ

(q) വ്യാപാര സ്ഥലങ്ങൾ (ഒഴിവാക്കപ്പെട്ടു)

(r) വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൈവശം വച്ചിരിക്കുന്ന ഭൂമികൾ, സ്ഥാപനങ്ങളുടേയും അവയുടെ കളി സ്ഥലങ്ങളുടേയും സൗകര്യപ്രദമായ ഉപയോഗത്തിനു് ആവശ്യമായ സ്ഥലങ്ങൾ.

(s) ഭൂദാന യജ്ഞ കമ്മററിയിൽ നിക്ഷിപ്തമായ ഭൂമികൾ

(f) താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ വക സ്ഥലങ്ങൾ

i) യൂണിവേഴ്സിററി

ii) പൊതുസ്വഭാവമുള്ള മതസ്ഥാപനം, ധർമ്മസ്ഥാപനം, വിദ്യാഭ്യാസ സ്ഥാപനം,

iii) പൊതുസ്വഭാവമുള്ള ട്രസ്റ്റ് .(വക്കഫ് ഇതിൽ ഉൾപ്പെടും)

എന്നാൽ, ഈ സൗജന്യം ലഭിക്കണമെങ്കിൽ താഴെപ്പറയുന്ന ഉപാധികൾ ഉണ്ടായിരിക്കണം.

i) ആദായം മുഴുവനും സ്ഥാപനത്തിൻെറ ചെലവിനു തന്നെ എടുക്കുന്നതായിരിക്കണം.

ii) ഈ നിയമം നടപ്പിൽ വരുന്നതിനു ശേഷമാണ് ഈ വിധം ഉള്ള വസ്തു പ്രസ്തുത സ്ഥാപനത്തിൻെറ പക്കൽ വരുന്നതെങ്കിൽ, പ്രസ്തുത ഭൂമി

സ്ഥാപനത്തിന്റെ ഉത്തമ വിശ്വാസമായ ഉപയോഗത്തിന്ന് ഈ ഭൂമി ആവശ്യമാണെന്ന് ഗവർമ്മെൻറു മുൻകൂട്ടി അനുവാദം കൊടുത്തെങ്കിൽ മാത്രമേ, ഈ സൗജന്യം അനുവദനീയമാവുകയുള്ളൂ.

(u) സേനാംഗത്തിന്ന്, ധീരകൃത്യ പാരിതോഷികമായി നല്കപ്പെട്ടിട്ടുള്ള ഭൂമി.

ഈ വിധം (a) മുതൽ (u) വരെയുള്ള ഖണ്ഡികകളിൽ വിവരിച്ചിട്ടുള്ള കാര്യങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉടമസ്ഥതയോ, കൈവശമോഉള്ള ഭൂമികളാണ് സീലിംഗ് ഏരിയായുടേതു ഉൾപ്പെടെ ഈ അദ്ധ്യായത്തിലെ വ്യവസ്ഥകളുടെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതു്.

**ഉപവകുപ്പ് 2** "ഈ ഉപവകുപ്പിനെ 1969 ലെ ഭേദഗതി നിയമം റദ്ദു ചെയ്തിരിക്കയാണ്.

പൊതു നന്മയുടെ അടിസ്ഥാനത്തിൽ, നടത്തുന്ന വ്യാവസായികമോ, വ്യാപാരപരമോ ആയ സ്ഥാപനങ്ങൾക്കു് ഉത്തമ വിശ്വാസമായി ആവശ്യമുണ്ടെന്ന് കാണുന്ന സാഹചര്യങ്ങളിൽ, പുതിയ ഇളവുകൾ അനുവദിക്കുവാൻ ഗവർമ്മെൻറിന്ന് അധികാരം ഉണ്ടായിരിക്കുമെന്നതായിരുന്നു, 1964–ാം ആക്ടിൽ ഈ വകുപ്പിന്ന് രണ്ടാം ഉപവകുപ്പായി ചേർക്കപ്പെട്ടിരുന്ന വ്യവസ്ഥ.

**ഉപവകുപ്പ് 3** ഈ ഉപവകുപ്പ് 1969 ൽ സമഗ്രമായി പൊളിച്ചെഴുതപ്പെട്ടിട്ടുണ്ട്. നിലവിലുള്ള വകുപ്പ് ഇങ്ങനെയാണ്.

"ആവശ്യമുള്ളപക്ഷം യുക്തമെന്നു തോന്നുന്ന നിയന്ത്രണങ്ങളോടും, വ്യവസ്ഥകളോടുംകൂടി, ഗസററിൽ പരസ്യം ചെയ്യുന്ന പ്രഖ്യാപനംവഴി താഴെപ്പറയുന്ന സംഗതികൾക്കു് പൊതുജനതാൽപര്യത്തിനു വേണ്ടതാണെന്നുണ്ടെ

ങ്കിൽ, ഈ അദ്ധ്യായത്തിലെ വ്യവസ്ഥകളിൽ നിന്നും ഉള്ള ഇളവ് അനുവദിക്കുവാൻ ഗവൺമെൻറിനധികാരമുണ്ടായിരിക്കുന്നതാണ്. അതായത്

(a) ഒരു ഭൂമി ഏതെങ്കിലും പ്രത്യേക തരത്തിലുള്ള ഉപയോഗത്തിനു വേണ്ടതാണെന്നുണ്ടെങ്കിൽ;

(b) എസ്റ്റേററുകളാക്കി മാററുന്നതിനോ, നിലവിലുള്ള എസ്റ്റേററിനു വികസനം നൽകുന്നതിനോ വ്യാവസായികമോ, വാണിജ്യപരമോ വിദ്യാഭ്യാസപരമോ ആയ കാര്യത്തിനു് ഭൂമി വേണമെന്നുണ്ടെങ്കിൽ,"

മേൽപറഞ്ഞ സാഹചര്യങ്ങൾ ഗവൺമെൻറിനു് ബോദ്ധ്യപ്പെട്ടപക്ഷം ഇളവുകൾ അനുവദിക്കാം, ഒഴിവാക്കലുകളെ (Exemptions) വ്യവസ്ഥ ചെയ്യുന്ന 81-ാം വകുപ്പ് ഇതോടെ അവസാനിക്കുന്നു,

മിച്ച ഭൂമികൾ വിട്ടുകൊടുക്കുന്നതിനും വിതരണം ചെയ്യപ്പെടുന്നതിനും ഉള്ള വ്യവസ്ഥകളും വകുപ്പുകളും ഉൾക്കൊള്ളുന്ന 85 മുതൽ 98 വരെയുള്ള വകുപ്പുകളുടെ സാരാംശമാണ് ഇനി പ്രതിപാദിക്കാനുദ്ദേശിക്കുന്നതു്.

## വകുപ്പ് 85

ഈ വകുപ്പിൽ സാരമായ ചില ഭേദഗതികൾ വരുത്തപ്പെട്ടിരിക്കുന്നു.

**ഉപവകുപ്പ് 1** "83-ാം വകുപ്പനുസരിച്ച് ഗവർമ്മെൻറ് പ്രഖ്യാപിക്കുന്ന തീയതിയിൽ, സീലിംഗ് ഏരിയായിൽ കവിഞ്ഞ ഭൂമി കൈവശം വച്ചിരിക്കുന്ന വ്യക്തികൾ ചുവടെ നിജപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകളനുസരിച്ച് മിച്ചഭൂമി വിട്ടുകൊടുക്കേണ്ടതാണ് (Such excess land shall be surreudered as he einafter presribed)

1964 ലെ ആക്ടിൽ, വ്യക്തി എന്നതിനു പകരം, "കുട്ടംബം അല്ലെങ്കിൽ പ്രായപൂർത്തിയായ അവിവാഹിതൻ" എന്ന പരിധികളിൽപ്പെട്ടുന്നവർ ഭൂമി വിട്ടുകൊടുക്കണം എന്നു മാത്രമായിരുന്നു വ്യവസ്ഥ. ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ച് കമ്പനികൾ, കൂട്ടുകുടുംബങ്ങൾ മുതലായവയും, മിച്ചഭൂമി വിട്ടുകൊടുക്കണം എന്ന നില വന്നിരിക്കുന്നു. വ്യക്തി (person) എന്ന പദം മാററിയിട്ടതുകൊണ്ട് ഈ വ്യതിയാനം സാധിച്ചിട്ടുള്ളതാണു്.

എന്നാൽ, തൻെറ ഉടമസ്ഥതയിലോ കൈവശത്തിലോ ഉള്ള ഭൂമി, ഒരു കൈവശകുടിയാനോ, കുടികിടപ്പുകാരനോ വിലയ്ക്കുവാങ്ങാനുള്ള അവകാശത്തിൽപ്പെട്ടതാണെന്നോ, തൻെറ ജന്മിയായ ആൾക്ക് വീണ്ടെടുക്കുവാൻ അവകാശപ്പെട്ടതാണെന്നോ ഉത്തമവിശ്വാസമായി കരുതുന്ന ഒരു വ്യക്തി, അങ്ങനെ കരുതുന്നതിനു് കണക്കാക്കിയ വിസ്തീർണ്ണത്തെ സീലിംഗ് ഏരിയാ കണക്കുകൂട്ടുന്നതിൽ പെടുത്തണമെന്നില്ല. സംഗതമായ വ്യക്തി, കുടുംബത്തിലെ അംഗമായാണ് പരിഗണിക്കപ്പെടേണ്ടതെങ്കിൽ, അയാൾ ഉൾപ്പെടുന്ന കുടുംബത്തെ സംബന്ധിച്ച് മേൽവിവരിച്ച സങ്കേതംതന്നെ കണക്കുകൂട്ടലിനു് സ്വീകരിക്കാവുന്നതാണു്.

**വിശദീകരണം.**

"ഒരു വ്യക്തി, തൻെറ ഉടമസ്ഥതയിൽ, അല്ലെങ്കിൽ കൈവശത്തിൽ, ഉണ്ടായിരുന്ന ഭൂമി, സീലിംഗ് ഏരിയായിൽ കവിഞ്ഞതായിരിക്കെ, 1957 ഡിസംബർ 18-ാം തീയതിക്കുശേഷവും 1963 ലെ ഭൂപരിഷ്ക്കരണബിൽ ഗസററിൽ പ്രസിദ്ധീകരിച്ച തീയതിക്കു മുമ്പുമായി, കൈമാററം ചെയ്തുവെങ്കിൽ, ആയതും കൂടി, കൈമാററം നടന്നില്ലെന്നു് ഗണിച്ച് കണക്കിൽപ്പെടുത്തി വേണം, സീലിംഗ് ഏരിയാ കഴിച്ച് എന്തുമാത്രം ഭൂമി വിട്ടുകൊടുക്കേണ്ടതെന്നു കണക്കു കൂട്ടേണ്ടതു്. ഈ കണക്കെടുപ്പിലും,

84-ാം വകുപ്പിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള നാലു തരം കൈമാററങ്ങൾ പ്രകാരം വിനിയോഗിക്കപ്പെട്ട ഭൂമികൾ ഒഴിവാക്കി കണക്കു കൂട്ടൽ നടത്താവുന്നതാണു്. അതായതു് ഭാഗം ചെയ്യൽ, സ്നേഹം, വാത്സല്യം എന്നിവയ്ക്കു വേണ്ടിയുള്ള ഇഷ്ടദാനങ്ങൾ, 1957 ഡിസംബർ 18-ാം തീയതിക്കു മുമ്പുള്ള കുടിയാനു കൊടുത്ത കൈമാററം, മതസ്ഥാപനങ്ങൾ, ധർമ്മസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്കു കൊടുത്ത കൈമാററങ്ങൾ എന്നിവയാണു് അംഗീകരിക്കപ്പെട്ട കൈമാററങ്ങൾ. ഒരു പ്രത്യേകകാര്യം ഇത്തരുണത്തിൽ ചൂണ്ടിക്കാണിക്കേണ്ടതായിട്ടുണ്ടു്. 1957 ഡിസംബർ 18-ാംതീയതിക്കും 1963-ലെ ബിൽ പ്രസിദ്ധീകരിച്ച തീയതിക്കും ഇടയ്ക്കുള്ള കാലഘട്ടത്തിൽ ഒരാൾ വസ്തുക്കൾ ക്രയം ചെയ്തു എങ്കിൽ, ആ ഇടപാടു് ശാശ്വതമല്ല എന്നു വരുന്നില്ല എന്നു് മുൻപു് വിവരിച്ചിട്ടുണ്ടു്. ഈ വകുപ്പനുസരിച്ചുനോക്കുമ്പോൾ ക്രയം അനുസരിച്ചു വസ്തുവാങ്ങിയ ആളിനു അവകാശം കിട്ടുമെങ്കിലും ക്രയം കൊടുത്തയാളിനു പരമാവധി വിസ്തീർണ്ണം കണക്കിലെടുക്കുന്നതിൽ ക്രയത്തിൽപ്പെട്ട വസ്തുക്കളും ഉൾപ്പെടുന്നതാനും

**ഉപവകുപ്പ് 2** "83-ാം വകുപ്പിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള തീയതി ഗവമ്മെൻറു പ്രഖ്യാപിച്ചു് മൂന്നു മാസത്തിനകം, സീലിംഗ് ഏരിയായിൽ കവിഞ്ഞ മിച്ചഭൂമി കൈവശമുള്ള വ്യക്തി, താൻവിട്ടു കൊടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെ വിശദപ്പെടുത്തിയും, 81-ാം വകുപ്പനുസരിച്ചു് ഒഴിവാക്കപ്പെടാവുന്ന ഭൂമികൾ ഉൾപ്പെടെയുള്ളവയുടെ സ്ഥാനം, വിസ്തീർണ്ണം റൂളുകളിൽ നിർദ്ദേശിക്കുന്ന മററു വിശദാംശങ്ങൾ എന്നിവയെല്ലാം ഉൾക്കൊള്ളുന്ന സ്റ്റേററുമെൻറു് ലാൻഡ് ബോർഡു മുമ്പാകെ സമർപ്പിക്കേണ്ടതാണു്"

**വിശദീകരണം:I–** "ഒരു കുട്ടംബത്തിന്റെ വകഭൂമി, കുടുംബത്തിലെ അംഗങ്ങളിൽ ഒന്നിൽക്കൂടുതലാളുകളുടെ പേരിലാണ് നിലവിലിരിക്കുന്നതെങ്കിൽ, മേൽവിവരിച്ച വിശദാംശങ്ങൾ സംബന്ധിച്ച് സ്റ്റേറ്റുമെന്റു കൊടുക്കുന്നതു് കഴിയുന്നിടത്തോളം അങ്ങനെയുള്ള എല്ലാപേരുടെയും സമ്മതത്തോടുകൂടി വേണ്ടതാണ്."

**വിശദീകരണം:–II** "ഭൂമി ഉടമസ്ഥതയിലോ, കൈവശത്തിലോ വച്ചിരിക്കുന്നവർ, രണ്ടോ അധിലധികമോ ആളുകളാണെങ്കിൽ, മുകളിൽവിവരിച്ച സ്റ്റേറ്റുമെന്റു കഴിയുന്നിടത്തോളം എല്ലാവരുടേയും സമ്മതത്തോടുകൂടി വേണം കൊടുക്കേണ്ടതു്."

**വിശദീകരണം:–iii** "ഒരുവ്യക്തികൈവശം വച്ചിരിക്കുന്ന ഭൂമി മിച്ചഭൂമിയുടെ കണക്കിൽപെടുന്നതു്, ഒരു സഹകരണ സംഘത്തിൽ അയാൾക്കുള്ള വസ്തു ഓഹരി ഉൾപ്പെടെയാണെങ്കിൽ, വിട്ടുകൊടുക്കാൻ നിർദ്ദേശിക്കുന്ന ഭൂമി, സഹകരണസംഘത്തിൽ ഉള്ളഓഹരിയിൽപ്പെട്ട ഭാഗം ഭൂമിയാകരുതു്."

**വിശദീകരണം:iv:–** (ഈ വിശദീകരണം 1969ൽ നൂതനമായി ചേർക്കപ്പെട്ടതാണ്). "ലാൻഡ് മോർട്ട്ഗേജു ബാങ്ക്, ഫിനാൻഷ്യൽ കോർപ്പറേഷൻ, ഇൻഡസ്ട്രീസ് കോർപ്പറേഷൻ, മുതലായവയും പണയംവയ്ക്കപ്പെട്ടിട്ടുള്ള ഭൂമികളും, മൂന്നാംവിശദീകരണത്തിൽ വ്യക്തമാക്കപ്പെട്ടതുപോലെ, വിട്ടുകൊടുക്കാൻ നിർദ്ദേശിക്കപ്പെടുന്ന ഭൂമിയുടെ പട്ടികയിൽപെടുത്താൻ പാടില്ലാത്തതാകുന്നു." (വിട്ടുകൊടുക്കുന്ന ഭൂമിവേറേയായിരിക്കണം എന്നർത്ഥം.)

**ഉപവകുപ്പ് 2 A.** (ഇതു് 1969ലെ ഭേദഗതിനിയമത്തിൽ കൂട്ടതലായി ചേർക്കപ്പെട്ടതാണ്).

"രണ്ടാം ഉപവകുപ്പനുസരിച്ച് സ്റ്റേറ്റുമെന്റുകൊടു

ക്കുന്നതിൽ, താഴെപ്പറയുന്ന നിബന്ധനകൾ, പാലിക്കപ്പെ ടേണ്ടതാണു്.

(a) പ്രായപൂർത്തിയായ അവിവാഹിതനാണു് സ്റ്റേ റ്റുമെൻറുകൊടുക്കുന്നതെങ്കിൽ, അയാൾ തന്നെ ആയതു് സമർപ്പിക്കണം.

(b) ഒരു മൈനർ, ബുദ്ധിസ്ഥിരതയില്ലാത്തയാൾ, ഊമ, അല്ലെങ്കിൽ അതുപോലെ ഏതെങ്കിലുംനിയമപരമാ യ അയോഗ്യതയുള്ളയാൾ എന്നിവരെ സംബന്ധിക്കുന്നതാ ണു സ്റ്റേറ്റുമെൻറങ്കിൽ, ആ വ്യക്തിയുടെ നിയമപരമായ രക്ഷകർത്താവോ, വസ്തുവിന്മേൽ മാനേജുമെൻറു വഹിക്കു ന്നയാളോ വേണം സ്റ്റേറ്റുമെൻറു കൊടുക്കാൻ.

(c) ഒരുകുടുംബത്തിനെ സംബന്ധിക്കുന്നതാണു സ്റ്റേ റ്റുമെൻറങ്കിൽ, ഭർത്താവു്,ഭർത്താവായആൾഇല്ലെങ്കിൽ ഭാര്യ, ഇവർ രണ്ടുപേരും ഇല്ലെങ്കിൽ, മൈനറുകളുടെ രക്ഷ കർത്താസ്ഥാനംവഹിക്കുന്നയാൾ, ഇവരിലാരെങ്കിലും സ്റ്റേ റ്റുമെൻറു കൊടുക്കണം.

(d) മറേറതെങ്കിലും തരത്തിൽപ്പെടുന്ന വ്യക്തിയു ടെതാണെങ്കിൽ ആ വ്യക്തിയെ (Person) പ്രതിനിധീക രിക്കാൻ നിയമപരമായ അവകാശം ഉള്ളയാൾ സ്റ്റേററു മെൻറു കൊടുക്കണം."

**ഉപവകുപ്പ് 3:–** 1964–ലെ നിയമപ്രകാരം ഉണ്ടായിരു ന്ന മൂന്നാംഉപവകുപ്പിനെപൊളിച്ചെഴുതി 1969–ൽപുതുക്കി യിരിക്കുന്നു. അതാണു് താഴെകൊടുക്കുന്നതു്.

"ഒരു കുടിയാൻ അനുഭവിച്ചുകൊണ്ടിരിക്കുന്ന വസ്തു വിൽനിന്നും ഭൂമി വീണ്ടെടുക്കുവാനുള്ള നടപടികൾ പൂർത്തി യായിക്കഴിയുമ്പോൾ, ആ കുടിയാനായ വ്യക്തി സീലിം ഗ് ഏരിയായിൽ കവിഞ്ഞ ഭൂമി കൈവശം വച്ചിരിക്കുന്നു

വെങ്കിലും. കുടിയാനു് ജന്മിയുടേയും മദ്ധ്യവർത്തിയുടേയും അവകാശം വിലയ്ക്കുവാങ്ങുവാനുള്ള അവകാശപ്പടി വില യ്ക്കുവാങ്ങൽ നടപടി പൂർത്തീകരിക്കപ്പെട്ടശേഷം ഉടമസ്ഥ നായിരുന്ന ആൾ, സീലിംഗ് ഏര്യായിൽ കവിഞ്ഞ ഭൂമി കൈവശം വച്ചിരിക്കുന്നുവെങ്കിലും, താഴെപ്പറയുന്ന നിബ ന്ധനകളനുസരിച്ചു് മിച്ചഭൂമി, വിട്ടുകൊടുക്കപ്പെടേണ്ട താണു്.

**ഉപവകുപ്പ് 3A:–** മൂന്നാം ഉപവകുപ്പിൽ പരാമർശിച്ച വീണ്ടെടുക്കൽ അല്ലെങ്കിൽ വിലയ്ക്കുവാങ്ങൽ പൂർത്തിയായാ ക്കഴിഞ്ഞ് മൂന്നുമാസത്തിനകം, സ്റ്റേറ്റുമെൻറു കൊടുക്കാൻ ബാദ്ധ്യതപ്പെട്ടയാൾ, മിച്ചഭൂമിയെ സംബന്ധിക്കുന്ന സ്റ്റേ റ്റുമെൻറിനെക്കുറിച്ചു് മുകളിൽ വിശദപ്പെടുത്തിയിട്ടുള്ള എല്ലാ നിബന്ധനകളേയും അനുസരിച്ചുകൊണ്ടുള്ള സ്റ്റേറ്റു മെൻറു് ലാൻഡ്ബോർഡ് മുമ്പാകെ ഫയൽ ചെയ്യേണ്ട താണു്."

**ഉപവകുപ്പ് 4:–** (ഈ ഉപവകുപ്പ് ഭേദഗതിയൊന്നുംകൂടാ തെ സംരക്ഷിക്കപ്പെടുന്നതാണു്.)

"ഒരു കൂട്ടുകുടുംബത്തിലെ ഒരംഗം, കുടുംബവകയിലെ ഏതെങ്കിലും ഭൂമി, ഈ വകുപ്പനുസരിച്ചു് ലാൻഡ്ബോർ ഡു മുമ്പാകെ വിട്ടുകൊടുത്തു് സ്റ്റേറ്റുമെൻറു ഫയൽചെ യ്താൽ, അന്നുമുതൽ പ്രസ്തുത അംഗം, കൂട്ടുകുടുംബത്തിൽനി ന്നും ഭാഗംപിരിഞ്ഞ ആളായി ഗണിക്കപ്പെടുന്നതും, ലാൻ ഡ്ബോർഡ് ഏതെങ്കിലും ഭേദഗതികൾ വരുത്തുന്നതിനു വിധേയമായി, വിട്ടുകൊടുക്കപ്പെട്ട വസ്തുക്കൾ, കുടുംബഭാഗ ത്തിൽ, ആ അംഗത്തിൻെറ ഓഹരിക്കു തിരിച്ച വസ്തുക്കളാ യി ഗണിക്കപ്പെടുന്നതുമാണു്."

**ഉപവകുപ്പ് 5:–** ഉപവകുപ്പുകൾ 3, 3A എന്നിവ അനു സരിച്ചുള്ള സ്റ്റേറ്റുമെൻറു ലഭിച്ചാൽ ലാൻഡ്ബോർഡ് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണു്.

(a) സ്റ്റേററുമെൻറിൽ കാണിച്ചിട്ടുള്ള വിശദാംശങ്ങൾ പരിശോധിച്ചു തിട്ടപ്പെടുത്താൻ ഏർപ്പാടുണ്ടാക്കണം.

(b) സ്റ്റേററുമെൻറുകൊടുത്ത വ്യക്തി സ്റ്റേററുമെൻറിൽ കാണിച്ചിട്ടുള്ള ഭൂമികൾക്കു പുറമേ, വേറെ ഭൂമി ഉടമയോ കൈവശമോ ഉള്ള വ്യക്തിയാണോ എന്നു് തിട്ടംവരുത്തണം.

(c) വിട്ടുകൊടുക്കാനുള്ള ഭൂമിയെ സംബന്ധിച്ചു് അതിൻെറ വിസ്തീർണ്ണം മുതലായ സംഗതികൾതിട്ടപ്പെടുത്തി ഉത്തരവു പാസ്സാക്കണം."

**ഉപവകുപ്പ് 6:-** "ഏതു വസ്തുവാണു് ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതെന്നു്തിട്ടപ്പെടുത്തുന്നതിനു്,ഉപവകുപ്പ് (2) ഉപവകുപ്പ് (3 A) എന്നിവയിൽ സൂചിപ്പിച്ചിട്ടുള്ള ക്രമം, കഴിയുന്നിടത്തോളം മാനിക്കപ്പെടേണ്ടതാണു്.

എന്നാൽ, മററുള്ളവരുടെ അവകാശങ്ങൾ ബാധിക്കപ്പെട്ടുമെന്നുണ്ടെങ്കിൽ, മററവകാശികൾ എല്ലാവരും സമ്മതിക്കുമ്പോൾ ഒഴികെ, അവരുടെതർക്കങ്ങൾകൂടി ലാൻഡ് ബോർഡ് കേട്ടുവേണം യുക്തമായ തീരുമാനങ്ങൾഎടുക്കേണ്ടതു്."

**ഉപവകുപ്പ്:-7** "ഉപവകുപ്പ് (2), (3), (3A) എന്നിവപ്രകാരമുള്ള സ്റ്റേററുമെൻറു് ഫയൽ ചെയ്യുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുന്നപക്ഷം, യുക്തമായ അന്വേഷണങ്ങളോ, തെളിവെടുപ്പോനടത്തിയ ശേഷം, ലാൻഡ്ബോർഡു തന്നെ വിട്ടുകിട്ടേണ്ട ഭൂമിയുടെ വിസ്തീർണ്ണം മുതലായ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഉത്തരവുപാസ്സാക്കേണ്ടതാണു്.

അങ്ങനെനടപടിനടത്തുകയാണെങ്കിൽ, അവസാനത്തീർപ്പു ലാൻഡ്ബോർഡു കൽപ്പിക്കുന്നതിനുമുമ്പായി, വസ്തുവിൽ അവകാശമുള്ളവരുടെ തർക്കം ഉള്ളതു് കേൾക്കേണ്ടതാണു്.

**ഉപവകുപ്പ്.** 8:– "വസ്തുവിൽ അവകാശമുള്ളവരുടെതർക്കം കേൾക്കാതെ ലാൻഡ്ബോർഡ്, അവസാനഉത്തരവു പാസാക്കുന്ന ഉദാഹരണങ്ങളിൽ, പ്രസ്തുത ഉത്തരവുപാസ്സായി അറുപതു ദിവസത്തിനകം, ഉത്തരവിനെ പുനഃപരിശോധനചെയ്യണമെന്നു കാണിച്ച് അപേക്ഷകൊടുക്കുവാൻ ബന്ധപ്പെട്ട കക്ഷിക്ക് അവകാശമുണ്ടായിരിക്കും: സമയത്തിനു് ഹാജരാകുന്നതിനു് വീഴ്ചവന്നതു് തക്കതായകാരണത്താലാണെന്നു് അയാൾ ലാൻഡ്ബോർഡിനെ ബോദ്ധ്യപ്പെടുത്തുന്നപക്ഷം, ഉത്തരവിനെ അസ്ഥിരപ്പെടുത്തി, ഉപവകുപ്പ് (5) അല്ലെങ്കിൽ ഉപവകുപ്പ് (7) എന്നിവയുടെ വ്യവസ്ഥകൾ പ്രകാരം ലാൻഡ്ബോർഡ് തീർച്ചചെയ്യേണ്ടതാണ്".

**വിശദീകരണം.** "ഈ വകുപ്പിന്റെയും 86–ാം വകുപ്പിന്റെയും ആവശ്യങ്ങൾക്കു് കൈവശം വയ്ക്കുക (possess) എന്ന പദത്തിനു്, കൈവശത്തോടുകൂടിയ ഒററിപ്രകാരം വസ്തു അനുഭവിക്കുക എന്നതുംകൂടി ഉൾപ്പെടുന്നതാണ്".

## വകുപ്പ് 86

ഈ വകുപ്പിൽ 1969ലെ ഭേദഗതിനിയമം, യാതൊരുമാററങ്ങളും വരുത്തിയിട്ടില്ല.

**ഉപവകുപ്പ്.** 1:– "ഉടമാവകാശം, കൈവശംഎന്നിവ വിട്ടുകൊടുക്കാൻ ബാദ്ധ്യതപ്പെട്ട ഭൂമികളുടെ വിസ്തീർണ്ണം, വസ്തുഏതു്, മുതലായ വിവരങ്ങൾ, നിർണ്ണയിക്കപ്പെട്ടശേഷം, അവയുടെ ഉടമസ്ഥനു്, അല്ലെങ്കിൽ കൈവശക്കാരനു്, ലാൻഡ്ബോർഡ് നോട്ടീസുകൊടുക്കണം. ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള ഒരു അധികാരസ്ഥാപനത്തിലേയ്ക്കു് വസ്തുക്കൾ, ഒരുനിശ്ചിതതീയതിയ്ക്കകം വിട്ടുകൊടുക്കേണ്ടതാണ് എന്നതായിരിക്കണം നോട്ടീസിലെ താല്പര്യം. നോട്ടീസുകിട്ടി മുപ്പതുദിവസത്തിൽ കുറയാത്തകാലാവധി അതിലേയ്ക്കു് അനുവദിച്ചുവേണം വസ്തുവിടാനുള്ള

തീയതി നിശ്ചയിക്കേണ്ടതു്. ഭൂമി സ്വമേധയാ വിട്ടുകൊടുക്കാത്ത പക്ഷം, സംഗതമായ വസ്തുക്കളുടെ ഉടമാവകാശം, അല്ലെങ്കിൽ കൈവശം, അല്ലെങ്കിൽ ഇതുരണ്ടും, ഒരു നിശ്ചിതതീയതിയ്ക്കകം ഗവൺമ്മെണ്ടു നേരിട്ടേറ്റെടുക്കുന്നതായിരിക്കും എന്നും നോട്ടീസിൽ പറഞ്ഞിരിക്കണം."

**ഉപവകുപ്പു് 2:–** "ഈ നോട്ടീസു കൈപ്പറ്റുന്നതോടുകൂടി, അതിൽ വിവരിച്ചിട്ടുള്ള വസ്തുക്കൾ വിട്ടുകൊടുക്കുവാൻ നോട്ടീസുകക്ഷി ബാദ്ധ്യസ്ഥനാകുന്നതായിരിക്കും".

**ഉപവകുപ്പു് 3:–** "നോട്ടീസിൽ ആവശ്യപ്പെട്ടതനുസരിച്ചു് സ്വമേധയാ ഭൂമിവിട്ടുകൊടുക്കുന്നതിൽ, നോട്ടീസുകക്ഷി വീഴ്ചവരുത്തുന്നപക്ഷം, റൂളുകളിൽ നിർദ്ദേശിക്കുന്ന ചട്ടങ്ങൾ അനുസരിച്ചു് വസ്തുവിന്റെ ഉടമസ്ഥാവകാശം ഏറ്റെടുക്കുന്നതിനു് ഏതെങ്കിലും ഒരാഫീസറെ ലാൻഡ്ബോർഡു് ചുമതലപ്പെടുത്തി നിയോഗിക്കേണ്ടതാണു്".

**ഉപവകുപ്പു് 4:–** "രണ്ടാം ഉപവകുപ്പനുസരിച്ചു് ഭൂമി വിട്ടുകിട്ടുകയോ മൂന്നാം ഉപവകുപ്പനുസരിച്ചു് ഭൂമി ഏറ്റെടുക്കുകയോ ചെയ്യുന്നതോടുകൂടി, സകല ബാദ്ധ്യതകളിലും നിന്നുവിമുക്തമായി, വസ്തു ഗവർമെന്റിൽ നിക്ഷിപ്തമാവുന്നതാണു്."

## വകുപ്പു് 87

**ഉപവകുപ്പു് 1:–** ഈ ഉപവകുപ്പു് 1969ൽ മാറി എഴുതപ്പെട്ടു. രണ്ടിന്റേയും മൗലികതത്വം ഒരുപോലെതന്നെ. നിലവിലുള്ള വകുപ്പു് താഴെ ചേർക്കുന്നു.

"83–ാം വകുപ്പനുസരിച്ചു് പ്രഖ്യാപിക്കപ്പെട്ട തീയതിക്കുശേഷം, ഇഷ്ടദാനം, വിലവാങ്ങൽ, കൈവശഒററി, പാട്ടം, സ്വമേധയാ വിട്ടുകൊടുക്കൽ, കക്ഷികൾ തമ്മിൽ ഇ

ഷ്ടപ്പെട്ട ചെയ്യുന്ന മറേറതെങ്കിലും തരത്തിലുള്ള കൈമാ ററങ്ങൾ, പിൻതുടർച്ചാവകാശം എന്നിവ ഏതെങ്കിലും മുഖേന ഒരു വ്യക്തിക്കു് ഭൂമി സമ്പാദ്യമുണ്ടാവുകയും, അതുമൂലം ഉടമസ്ഥത കിട്ടുകയോ, കൈവശം വയ്ക്കുകയോ ചെയ്യുന്ന ഭൂമിയുടെ മൊത്ത വിസ്തീർണ്ണം സീലിംഗ് ഏരിയായിൽ കവിയുകയും ചെയ്യുന്ന പക്ഷം, അങ്ങനെ അധികം വരുന്നഭൂമി, നിർദ്ദേശിക്കപ്പെടുന്ന അധികാരസ്ഥാനത്തേയ്ക്കു് വിട്ടുകൊടുക്കപ്പെടേണ്ടതാണു്."

വിശദീകരണം:– "ഏതെങ്കിലും ഭൂമി, 81–ാംവകുപ്പിൻെറ പരിധിയിൽ ഒഴിവാക്കപ്പെടുന്നതായിരിക്കുകയും, 83–ാംവകുപ്പനുസരിച്ചുള്ള തീയതി പ്രഖ്യാപിക്കപ്പെടുന്നയവസരത്തിൽ പ്രസ്തുതഒഴിവാക്കൽ നിലവിലിരിക്കുകയും ചെയ്യുന്നപക്ഷം, ഒഴിവാക്കലിൻെറ സമയപരിധി അവസാനിക്കുന്നതോടുകൂടി പ്രസ്തുതഭൂമിയും, 83-ാംവകുപ്പിൻപടി പ്രഖ്യാപിച്ച തീയതിക്കുശേഷം സമ്പാദിക്കപ്പെട്ടതായി ഗണിക്കപ്പെടേണ്ടതാണു്." (ഈ വിശദീകരണം 1964ലെ നിയമത്തിൽ ഉണ്ടായിരുന്നില്ല.)

ഉപവകുപ്പ് 1 A:– ഈ വകുപ്പ് 1969 ലെ ഭേദഗതി നിയമത്തിൽ കൂട്ടിച്ചേർക്കപ്പെട്ടതാണു്. അതു് ഇങ്ങനെയാണു്. "ഒന്നാംഉപവകുപ്പിൽ വിവക്ഷിക്കപ്പെട്ട വ്യക്തി, 85–ാം വകുപ്പ് 2-ാം ഉപവകുപ്പു പ്രകാരമുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്നസ്റ്റേററുമെൻറു്, സമ്പാദ്യം ലഭിച്ചു് മൂന്നുമാസത്തിനകം ഫയൽ ചെയ്യേണ്ടതാണു്."

ഉപവകുപ്പ് 2:– ഇതിനുമാററമില്ല. "ഒന്നാം ഉപവകുപ്പിൽ വിവക്ഷിച്ചഭൂമി, ഗവൺമെണ്ടിലേയ്ക്കു് വിട്ടുകൊടുക്കുന്നതും, ഗവൺമെൻറിൽ നിക്ഷിപ്തമാകുന്നതു സംബന്ധിച്ചു്. യുക്തമാവുന്ന പരിധിവരെ, 85–ാം വകുപ്പിൻെറയും 86–ാംവകുപ്പിൻെറയും വ്യവസ്ഥബാധിക്കുന്നതാണു്."

# പ്രതിഫലം

**വകുപ്പ് 88–**1969 ലെ ഭേദഗതി നിയമം, 88-ാം വകുപ്പിനു് യാതൊരുമാററങ്ങളും വരുത്തിയിട്ടില്ല. വസ്തു വിട്ടുകൊട്ടുക്കുന്നവർക്കു് പ്രതിഫലം നൽകുന്നതു സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന സാമാന്യം ദീർഘമായ വകുപ്പാണിതു്.

**ഉപവകുപ്പു് 1:–** 86–87 എന്നീ വകുപ്പുകളനുസരിച്ചു്, ഒരു വ്യക്തിഭൂമിയുടെമേലുള്ള ഉടമസ്ഥാവകാശമോകൈവശാമോ വിട്ടുകൊട്ടുക്കുകയോ, അയാളിൽ നിന്നു് അവഏറെറടുക്കപ്പെട്ടുകയോ, ഭൂമിഗവൺമ്മെൻറിൽനിക്ഷിപ്തമാവുകയോ ചെയ്യുമ്പോൾ, ആ വ്യക്തിക്കു് പ്രതിഫലത്തിനു് (Compensation) അവകാശമുണ്ടായിരിക്കുന്നതാണു്. ഒരു മദ്ധ്യവർത്തിയുടെ അവകാശങ്ങൾ അവസാനിക്കപ്പെട്ടുകയാണെങ്കിൽ, അയാൾക്കും പ്രതിഫലത്തിനു് അവകാശമുണ്ടായിരിക്കും.

**ഉപവകുപ്പു് 2:–** വസ്തുവിട്ടുകൊട്ടുക്കുകയോ, വസ്തു ഏറെറടുക്കപ്പെട്ടുകയോ ചെയ്യുന്നതു വഴി, ഉടമസ്ഥാവകാശം, കൈവശം എന്നിവക്കു് പ്രതിഫലം, വസ്തുവിൻെറയും ദേഹണ്ഡങ്ങളുടേയും കമ്പോളവില നിരക്കിൻെറ അമ്പത്തഞ്ചു് ശതമാനമായിരിക്കും".

**ഉപവകുപ്പു് 3–:** മേൽ വിവരിച്ച അൻപത്തഞ്ചു ശതമാനം വരുന്ന സംഖ്യക്കകത്തു് ഒതുങ്ങിവേണം, വസ്തുഉടമസ്ഥൻ, മദ്ധ്യവർത്തി, കൈവശകുടിയാൻ എന്നിവർക്കെല്ലാം പ്രതിഫലം നിശ്ചയിക്കേണ്ടതു്. അതു് വീതിക്കുന്നതു് താഴെപ്പറയുന്ന വ്യവസ്ഥകളനുസരിച്ചായിരിക്കും.

(i) കെട്ടിടങ്ങൾ, മററുദേഹണ്ഡങ്ങൾ എന്നിവയുടെ വിഹിതമായി കണക്കിൽ വരുന്നതുക, അവയുടെ ഉടമസ്ഥനായ ആളിനു മാത്രമായി നീക്കിവക്കണം.

(ii) കെട്ടിടമോ, കുടികിടപ്പോ സ്ഥിതിചെയ്യുന്ന ഭാഗം ഭൂമിയുടെ വില വിഹിതത്തിൽ തൊണ്ണൂറുശതമാനം മൊത്തം പ്രതിഫലത്തുകയിൽനിന്നും, പ്രത്യേകം നീക്കിവെയ്ക്കേണ്ടതാണു്.

(iii) മേൽ 1-ം 2-ം ഖണ്ഡികകളിൽ പറഞ്ഞ സംഖ്യയുടെ ആകെത്തുകപോകെ ശേഷിക്കുന്ന സംഖ്യ, വസ്തുവിൽനിന്നും ഓരോരുത്തർക്കും എന്തു് ആദായം ലഭിച്ചിരുന്നു എന്നതിൻെറ അനുപാതമനുസരിച്ചു്, വസ്തു ഉടമ, മദ്ധ്യവർത്തി, കൈവശകുടിയാൻ എന്നിവർക്കായി വീതിക്കേണ്ടതാണു്. ആദായം ലഭിച്ച തീയതിയായി ഗണിക്കേണ്ടതു്, വസ്തു വിട്ടുകൊടുത്ത തീയതി എന്ന ഘട്ടത്തിലുള്ള ആദായം എന്ന അടിസ്ഥാനത്തിലാണു്".

**വിശദീകരണം**:- "വസ്തുവിൽനിന്നും ലഭ്യമായിരുന്ന ആദായം എന്നതു കണക്കാക്കേണ്ടതു് താഴെപ്പറയുന്ന അടിസ്ഥാനങ്ങളിലായിരിക്കണം.

(i) വസ്തു ഉടമയുടെ കാര്യത്തിൽ, അയാളുടെ തൊട്ടു പിന്നാലെയുള്ള കുടിയാനിൽനിന്നും അയാൾക്കു കിട്ടിയിരുന്ന പാട്ടം.

(ii) ഒരു മദ്ധ്യവർത്തിയുടെ കാര്യത്തിൽ, അയാളുടെ കീഴിലുള്ള കുടിയാനിൽനിന്നും അയാൾക്കു ലഭിച്ചിരുന്ന പാട്ടവും, അയാൾ ജന്മിക്കു കൊടുക്കുവാനുള്ള പാട്ടവും തമ്മിലുള്ള വ്യത്യാസം.

(iii) കൈവശകുടിയാൻെറ കാര്യത്തിൽ, അയാൾക്കു് ലഭിക്കുന്ന അററാദായവും, അയാൾ കൊടുക്കാനുള്ള പാട്ടവും തമ്മിലുള്ള വ്യത്യാസം. പാട്ടസംഖ്യകൾ കണക്കാക്കേണ്ടതു്, ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമായിരിക്കണം."

**ഉപവകുപ്പ് 4**:- ഒരു കൈവശ ഒററിക്കാരൻ തൻെറ കൈവശമുള്ള ഒററിവസ്തു ഗവർമെൻറിലേയ്ക്കു് വിട്ടുകൊടുക്കുന്ന സാഹചര്യത്തിൽ.

(i) വസ്തുവിൻെറ ഉടമ, അതിൻെറ ഉടമസ്ഥാവകാശം ഗവർമെൻറിലേയ്ക്കു വിട്ടുകൊടുത്തു എങ്കിൽ, ഒററിക്കാരൻ, വസ്തുവിൽ ചുമത്തുന്ന ഒരു ബാദ്ധ്യതയുടെഉടമസ്ഥനായി പരിഗണിക്കപ്പെടും. ഈ ബാദ്ധ്യത, 91,92 എന്നീ വകുപ്പുകളിൽ കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ച് കൊടുത്തു തീർക്കപ്പെടും.

(ii) മററു സാഹചര്യങ്ങളിൽ, ഒററിക്കാരനുസിദ്ധിക്കാനുള്ള അർത്ഥത്തുക, ഭൂമിയുടെ ഉടമസ്ഥാവകാശം വിട്ടുകൊടുക്കപ്പെട്ടിട്ടുണ്ടെങ്കിൽ, ഗവർമെൻറുതന്നെ (പ്രണയസംഖ്യ) ഒററിക്കാരനു കൊടുത്തു തീർത്തുകൊള്ളുന്നതും, ഗവർമെൻറ് പ്രസ്തുതഭൂമി, ഒരു ഒററിക്കാരൻെറ അവകാശങ്ങളോടും ബാദ്ധ്യതകളോടുംകൂടി കൈവശം വയ്ക്കേണ്ടതുമാണ്".

## വകുപ്പ് 89:- (ഈ വകുപ്പിനും 1969ലെ ഭേദഗതി നിയമം മാററമൊന്നും വരുത്തിയിട്ടില്ല.)

"പ്രതിഫലം നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ, പൂർത്തിയാകുന്നതിനുമുമ്പായിത്തന്നെ, അവ നിലവിലായിരിക്കുമ്പോൾ, അവകാശമുള്ള ആളാണെന്നു് ബോദ്ധ്യപ്പെടുന്നയാളിനു്, തക്കതായ ജാമ്യത്തിന്മേൽ, പ്രതിഫലത്തുകയുടെ യുക്തമായ ഒരു ഭാഗം, മുൻകൂർ അനുവദിച്ചു കൊടുക്കുന്നതിനു് ലാൻഡു് ബോർഡിനധികാരമുണ്ടായിരിക്കുന്നതും, തുകവിവരം തിട്ടപ്പെടുത്തിയശേഷം, പ്രതിഫലത്തുകയിൽ മുൻകൂർ കൊടുത്തുപോയതുപോകെയുള്ള ബാക്കിത്തുകമാത്രം ലാൻഡു് ബോർഡു കൊടുക്കേണ്ടതുമാണു്."

# പ്രതിഫലസംഖ്യരജിസ്റ്റർ

## വകുപ്പ് 90:- ഈ വകുപ്പിൽ സാരമായ ചില മാററങ്ങൾ 1969 ലെ ഭേദഗതി നിയമം വരുത്തുകയുണ്ടായിട്ടുണ്ടു്.

**ഉപവകുപ്പ്** 1. ഒന്നാം ഉപവകുപ്പിൽ മാററമൊന്നും വന്നിട്ടില്ല. "ഉടമാവകാശമോ കൈവശ്മോ വിട്ടുകിട്ടുവാ ള്ള ഭൂമികളെ സംബന്ധിച്ച വിസ്തീർണ്ണം മുതലായ വിശ ദാംശങ്ങൾ ലഭിച്ചുകഴിഞ്ഞാൽ, കഴിയുന്നത്രവേഗത്തിൽ; ആവശ്യമുള്ള റിക്കാർഡുകൾ സഹിതം, ലാൻഡ്ബോർ ഡ്, താഴെപറയുന്ന വിവരങ്ങളടങ്ങിയ ഒരു പ്രതിഫല ലിസ്റ്റ് (cempensation-roll) തയ്യാറാക്കി ലാൻഡ്ബോർ ഡിനയയ്ക്കണമെന്നു് ലാൻഡ് ട്രൈബ്യൂണലിനെ നിർദ്ദേ ശിക്കേണ്ടതാണ്.

(a) വിട്ടുകിട്ടുകയോ, ഏറെറടുക്കുകയോ ചെയ്യുവാനു ള്ള ഭൂമിയുടെ വിവരണവും, അതിൽ ചുമന്നിട്ടുള്ള അവകാ ശങ്ങളും.

(b) ഭൂമിവിട്ടുകൊടുത്തയാളിൻെറ, അല്ലെങ്കിൽ ആരി ൽനിന്നും ഭൂമി ഏറെറടുത്തുവോ, ആ ആളിൻെറപേരും മേ ൽവിലാസവും.

(c) വസ്തുഉടമ, മദ്ധ്യസ്ഥൻ, കൈവശകുടിയാൻ, എന്നിവരുടെ പേരും മേൽവിലാസവും, അവർക്കും ചെല്ല ത്തക്കതായ പ്രതിഫലത്തുകയും.

(d) വസ്തുവിൽ ചുമന്നതായിഉള്ള ബാദ്ധ്യതകൾ, സംരക്ഷണച്ചെലവു ബാദ്ധ്യതകൾ, ഉപജീവനച്ചെലവു ബാദ്ധ്യതകൾ, എന്നിവയുടെ ഉടമകൾ ആരെന്നും, അവർ ക്കു് എത്ര വിലപിടിപ്പാണുള്ളതെന്നുമുള്ളവിവരങ്ങൾ."

(e) നിയുക്തമായ മററു വിവരങ്ങൾ.

**ഉപവകുപ്പ്** 2:- രണ്ടാം ഉപവകുപ്പു മുഴവനും 1969ൽ മാററിയിരിക്കുന്നു. നിലവിലുള്ള ഉപവകുപ്പു് താഴെച്ചേർ ക്കുന്നു.

"ഒന്നാം ഉപവകുപ്പിൽ വിവക്ഷിച്ച നിർദ്ദേശം (ലാ ൻഡ് ബോർഡിൽനിന്നും) ലഭിച്ചാൽ, ബന്ധപ്പെട്ടക

ക്ഷികൾക്കു് നോട്ടീസുകൊടുത്തും, യുക്തമെന്നുതോന്നുന്ന മററു തെളിവെടുപ്പു നടത്തിയും കഴിഞ്ഞശേഷം, ലാൻഡ് ട്രൈബ്യൂണൽഒരുപ്രതിഫലരജിസ്റ്റർ(cempensation-roll) നക്കലായി തയ്യാറാക്കണം. അതിൻെറ പകപ്പ്ബന്ധപ്പെട്ട കക്ഷികൾക്കു് കൊടുക്കുകയും, ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ ആയതു് ക്ലിപ്തതീയതിക്കകം ബോധിപ്പിക്കണമെന്നു് അതോടൊപ്പം നോട്ടീസുകൊടുക്കുകയും വേണം. അതിനുള്ള കാലാവധി മുപ്പതുദിവസത്തിൽ കുറയാതിരിക്കുകയുംവേണം,

ഉപവകുപ്പ് 2 A:- "നിയുക്തമായ രീതിയിൽ, പ്രതിഫല രജിസ്റ്ററിൻെറ പകർപ്പ് ലാൻഡ്ട്രൈബ്യൂണലും പ്രസിദ്ധീകരിക്കണം.."

ഉപവകുപ്പ് 3:- ഇതു് പഴയതുതന്നെ. "ഗവൺമെണ്ടിലേയ്ക്കു വിട്ടുകൊടുക്കുന്ന അല്ലെങ്കിൽ ഗവൺമെണ്ടു ഏറെറടുക്കുന്ന ഭൂമി, ഏതെങ്കിലും കുടിക്കടത്തിനോ, സംരക്ഷണ ചെലവുകൊടുക്കുന്ന ബാദ്ധ്യതക്കോ, ഉപജീവന ച്ചെലവു കൊടുക്കുന്ന ബാദ്ധ്യതക്കോ, വിധേയമാണെന്നുണ്ടെങ്കിൽ, ആയവ വീട്ടുന്നതിനുവേണ്ടി, തുകകളെ വീതിക്കുന്നതിൽ, ഗവർമെൻറു ഏറെറടുക്കുന്നതോ ആയ ഭൂമിയെ, ഒരുപക്ഷത്തും, ബാദ്ധ്യതകൾക്കു് ഈടായിനിൽക്കുന്ന മററുവസ്തുക്കളെ മറുപക്ഷത്തും കണക്കെടുത്തു്, അവയുടെ അനുപാതമനുസരിച്ചു്, ബാദ്ധ്യതകളേയും, ലാൻഡ് ട്രൈബ്യൂണൽ തിട്ടപ്പെടുത്തേണ്ടതാണു്.

ഉപവകുപ്പ് 4:-ഈ ഉപവകുപ്പു് പൂർണ്ണമായും മാററിയെഴുതപ്പെട്ടിരിക്കുകയാണു്,

"രണ്ടാം ഉപവകുപ്പിൽവിവക്ഷിച്ച ആക്ഷേപങ്ങളെ പരിഗണിച്ചശേഷം, ഒന്നാം ഉപവകുപ്പിൽ നിർദ്ദേശിച്ച വിശദാംശങ്ങൾ ഉൾപ്പെടുന്ന ഒരു ഫൈനൽ പ്രതിഫല-

രജിസ്റ്റർ ലാൻഡ്ട്രൈബ്യൂണൽ തയ്യാറാക്കേണ്ടതാണ്. അതിൽ ഉൾക്കൊള്ളിക്കുന്ന ഓരോതീർപ്പിനും കാരണം വിശദീകരിക്കേണ്ടതാണ്. തർക്കങ്ങളിൽപ്പെട്ട ഓരോ സംഗതികളെ തള്ളുന്നതിനോ സ്വീകരിക്കുന്നതിനോ ഉള്ള കാരണങ്ങളും വിശദീകരിച്ചിരിക്കേണ്ടതാണ്.

ഉപവകുപ്പ് 5: ഇതു് നൂതനവകുപ്പാണ്. നാലാം ഉപവകുപ്പനുസരിച്ച് തയ്യാറാക്കപ്പെട്ട ഫൈനൽ രജിസ്റ്ററിനെ ലാൻഡ്ബോർഡിലേക്ക് ലാൻഡ് ട്രൈബ്യൂണൽ അയച്ചുകൊടുക്കേണ്ടതാണ്.

**വകുപ്പ് 91:**– പ്രതിഫലംനൽകാനുള്ള വ്യവസ്ഥകളുള്ള ഈവകുപ്പിൽ 1969–ലെ ഭേദഗതിനിയമം മാററമൊന്നും വരുത്തിയിട്ടില്ല.

ഉപവകുപ്പ് 1:–തൊണ്ണൂറാം വകുപ്പനുസരിച്ച് ഫൈനൽ ആക്കപ്പെട്ട പ്രതിഫല രജിസ്റ്റർ ലഭിച്ചുകഴിഞ്ഞാൽ,താഴെ രണ്ടാം ഉപവകുപ്പിൽ നിർദ്ദേശിക്കുന്ന പ്രകാരം പ്രതിഫലത്തുക കൊടുക്കുവാൻ ലാൻഡ് ട്രൈബ്യൂണലിനു ചുമതലയുണ്ടായിരിക്കും.

ഉപവകുപ്പ് 2:– ഉടമാവകാശമോ കൈവശമോ ഗവൺമെൻറിൽ നിക്ഷിപ്തമായിത്തീരുന്നവസ്തു, കുടിക്കടം, അല്ലെങ്കിൽ സംരക്ഷണച്ചെലവ്, ഉപജീവനച്ചെലവ് എന്നീ ബാദ്ധ്യതകളിൽപ്പെട്ടതാണെങ്കിൽ, പ്രസ്തുത ബാദ്ധ്യതയ്ക്ക് ഉത്തരവാദിയായ ആളിനു് ചെല്ലുവാനുള്ള പ്രതിഫലസംഖ്യയിൽ നിന്നും, മേൽപറഞ്ഞ ബാദ്ധ്യത നിവർത്തിക്കുവാൻ ആവശ്യമായ സംഖ്യ നീക്കിവയ്ക്കേണ്ടതാണ്. ബാദ്ധ്യതതീർക്കാൻ ആവശ്യമുള്ള സംഖ്യ, പ്രതിഫലത്തുകയേക്കാൾ കൂടുതലാണെങ്കിൽ, മേൽപ്പറഞ്ഞ ബാദ്ധ്യതക്കാരിൽ, മുൻഗണനക്രമമനുസരിച്ച് തുക കൊടുക്കേണ്ടതാണ്.

ഉപവകുപ്പ് 3. 88–ാം വകുപ്പിൻെറ 4–ാം ഉപവകുപ്പ് 11–ാം ഖണ്ഡികയിൽ വിവരിക്കുന്നതരത്തിലുള്ളതായി ഒററിക്കാരനു് ചെല്ലേണ്ടതായ അർത്ഥത്തുകയും ലാൻഡ് ബോർഡുകൊടുക്കേണ്ടതാണ്.

## വകുപ്പ് 92

ഉപവകുപ്പ് 1–: പ്രതിഫലത്തുക, അല്ലെങ്കിൽ ബാദ്ധ്യതകളുടെ സംഖ്യ രൊക്കമായോ, പതിനാറുകൊല്ലംകഴിഞ്ഞു് വീണ്ടെടുക്കാവുന്ന കൈമാററം ചെയ്യപ്പെടാവുന്ന ബോണ്ടുകളായോ കൊടുക്കാവുന്നതാണ്. ബോണ്ടുകൾക്കു് നാലരശതമാനം പലിശയായിരിക്കും. 86–ാം വകുപ്പും, 87–ാംവകുപ്പും അനുസരിച്ചു് ഭൂമി ഗവൺമെൻറിൽ നിക്ഷിപ്തമാവുന്ന തീയതി മുതൽ ആയിരിക്കണം ഈ ബോണ്ടുകളുടെ പ്രാബല്യം.

ഉപവകുപ്പ് 2:– 63–ാംവകുപ്പിൻെറ (7) (8) (9) എന്നീ വ്യവസ്ഥകൾ യോജിക്കുന്നിടത്തോളം പരിധിവരെ. പ്രതിഫലം വിതരണംചെയ്യുന്നതിൻെറ നടപടികളിലും പാലിക്കേണ്ടതാണ്.

## വകുപ്പ് 93:–തൊണ്ണൂററിരണ്ടാം വകുപ്പിലെ വ്യവസ്ഥകളനുസനുസരിച്ചു് പ്രതിഫലത്തുക കൊടുക്കുകയെന്നതു്, പ്രതിഫലം പററാനുള്ള അവകാശങ്ങളുടേയും, കൊടുക്കാനുള്ളബാദ്ധ്യതയുടേയും പരിപൂർണ്ണനിവർത്തിക്കൽ ആയിരിക്കുന്നതാണ്.

## വകുപ്പ് 94. (റദ്ദാക്കപ്പെട്ടിരിക്കുന്നു.)

1964–ലെ 1–ാംആക്ടിലെ 94–ാംവകുപ്പിൽ വ്യവസ്ഥചെയ്യപ്പെട്ടിരുന്നതു് ഗവർമ്മെൻറിൽ നിക്ഷിപ്തമാവുന്ന ഭൂമി ചില സാഹചര്യങ്ങളിൽ ചെറുകിട കൈവശക്കാർക്കു് (small holder) കൊടുക്കുവാനുള്ളവയാകുമെന്നായിരുന്നു. അതായതു് 86–ാംവകുപ്പനുസരിച്ചു് ബാദ്ധ്യത കൊടുത്തുതീർക്കപ്പെട്ട വ്യക്തി ഒരു ചെറുകിടക്കാരനാണെങ്കിൽ, കമ്പോളവിലയുടെ അൻപത്തഞ്ചുശതമാനം തുകക്കു് ഭൂമി അയാൾക്കു് കൊടുക്കാമെന്നായിരുന്നു വ്യവസ്ഥ. അതു് ഇപ്പോൾ റദ്ദാക്കപ്പെട്ടിരിക്കുന്നു.ഈ റദ്ദാക്കലിനെപ്പററി "ചെറുകിട കൈവശക്കാരൻ" എന്ന മുൻ അദ്ധ്യായത്തിൽ പരാമർശിച്ചിട്ടുണ്ട്.

**വകുപ്പ് 95:**—ഒട്ടുംതന്നെ ഭൂമി കൈവശമില്ലാത്തയാൾക്കോ, കൈവശമുണ്ടെങ്കിൽതന്നെ അതു് ഒരേക്കറിൽ കവിയാതെയുള്ളതു മാത്രമേഉള്ളു. എന്നയാൾക്കോ,തനിക്കു ഭൂമി പതിച്ചുകിട്ടണമെന്നു് ലാൻഡ്ബോർഡ് മുമ്പാകെ അപേക്ഷിക്കാവുന്നതാണു്.

1961 ലെ നിയമത്തിലെ 95-ാം വകുപ്പിൽ, അഞ്ചേക്കറിൽ കവിയാതെ ഭൂമിയുള്ളവർക്കുവരെ ഈവിധത്തിൽ അപേക്ഷിക്കാം എന്നു് വ്യവസ്ഥയുണ്ടായിരുന്നു.

**വകുപ്പു് 96:**—

ഉപവകുപ്പു്—:1 ഗവൺമെണ്ടിൽ ലഭിച്ച ഭൂമിയിൽ നിന്നും ഓരോ വില്ലേജിലും, പൊതുആവശ്യങ്ങൾക്കു വേണ്ടതെന്നു തോന്നുന്നഭൂമി നീക്കിവച്ചശേഷം, ശേഷിച്ചഭൂമിയെ താഴെപ്പറയുന്ന വ്യവസ്ഥകളനുസരിച്ച് ലാൻഡ് ബോർഡ് വിതരണം ചെയ്യേണ്ടതാണു്.

(1) ഏതെങ്കിലും വസ്തുവിൽ കുടികിടപ്പുകാരുണ്ടെങ്കിൽ, ആഭൂമി കുടികിടപ്പുകാരനുതന്നെ പതിച്ചുകൊടുക്കണം. (1964 ലെനിയമത്തിൽ, കഴിയുന്നിടത്തോളം കുടികിടപ്പുകാരനുതന്നെ നൽകണം എന്നു് വ്യവസ്ഥയുണ്ടായിരുന്നതിനെ മാററിയിരിക്കുന്നു)

(2) പതിച്ചുകൊടുക്കുന്നതിനു് ബാക്കിയുണ്ടാകാവുന്ന ഭൂമിയിൽനിന്നും,

(a) എൺപത്തിഏഴുരശതമാനം ഭൂമി, ആവില്ലേജിലോ, അടുത്തവില്ലേജിലോഉള്ള ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കു് പതിച്ചുകൊടുക്കണം. അങ്ങനെ ചെയ്യുമ്പോൾ അതിന്റെ എൺപത്തേഴരശതമാനം ഭൂമി ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കു് തന്നെ കൊടുക്കണം.

(b) പന്ത്രണ്ടരശതമാനം ഭൂമി ചെറുകിടകൈവശക്കാർക്കും, ഭൂമി വീണ്ടെടുക്കുവാൻ അവസരമില്ലാത്ത മററു ജന്മികൾക്കും, ഒരേക്കറിൽ കവിഞ്ഞു് ഭൂമിയില്ലാത്ത ജന്മിമാർക്കുമായി പതിച്ചു കൊടുക്കണം.

ഈ ഖണ്ഡികയനുസരിച്ച് പതിച്ചുകിട്ടുവാൻ അവ കാശമുള്ളവർ മുമ്പ് അഞ്ചേക്കറിനു താഴെ ഭൂമിയുള്ളവരു മാകാമെന്ന് വ്യവസ്ഥയുണ്ടായിരുന്നു എന്ന് മേൽ സൂചി പ്പിച്ചുവല്ലോ. അതനുസരിച്ച് പതിച്ചുകിട്ടുവാൻ അർഹ തയുള്ളവർ സഹകരണസംഘങ്ങൾ രൂപീകരിക്കുന്നപക്ഷം അങ്ങനെയുള്ള സഹകരണസംഘങ്ങൾക്കു് മുൻഗണനനൽ കിവേണം പതിവു നടത്തേണ്ടതു് എന്നു് 1964–ലെ നിയ മത്തിൽ ഒരു വ്യവസ്ഥയുണ്ടായിരുന്നതും ഇപ്പോൾ റദ്ദുചെ യ്യപ്പെട്ടിരിക്കുന്നു. സുപ്രധാനമായ ഈ റദ്ദാക്കലിന്റെ ല ക്ഷ്യം വ്യക്തമാണ്.

**വിശദീകരണം:**– ഈ വകുപ്പിന്റെ പരിഗണനയ്ക്കു് കു ടികിടപ്പുകാരനും, ഒരുകുടിയിരിപ്പിന്റെ ഉടമസ്ഥനായ കുടിയാനും, ഭൂമിയില്ലാത്തവരായി കരുതപ്പെടേണ്ടതാണ്.

ഉപവകുപ്പു് 2:– യാതൊരു കാരണവശാലും. ഒരേക്കറിൽ കവിഞ്ഞഭൂമി, ലാൻഡ്ബോർഡ് ഒരുവ്യക്തിയ്ക്കു പതിച്ചു കൊടുക്കാൻ പാടില്ലാത്തതാണ്. (1964 ലെ നിയമത്തിൽ, അഞ്ചേക്കർ എന്നായിരുന്നു വ്യവസ്ഥ)

ഉപവകുപ്പു് 3:– കുറെ ഭൂമി കൈവശമുള്ളയാളിനാണ് പതിവുനൽകുന്നതെങ്കിൽ, പതിച്ചുകിട്ടുന്നതു ഉൾപ്പെടെ അയാളുടെ പക്കൽ ഒരേക്കറിൽ കവിയാത്ത വിധം വേണം പതിവ് അനുവദിക്കേണ്ടതു് (1964ലെ നിയമത്തിൽ ഇതും അഞ്ചേക്കർ എന്നായിരുന്നു വ്യവസ്ഥ ചെയ്തിരുന്നതു്.

**വകുപ്പ്:– 97** ഈ വകുപ്പിനു് 1969ലെ ഭേദഗതി നിയമം മാററമൊന്നും വരുത്തിയിട്ടില്ല.

ഉപവകുപ്പു് 1:– രജിസ്റ്റർപതിവുമൂലം ലഭിക്കുന്നഭൂമിയ്ക്കു് വിലയായി നൽകേണ്ടതു്, പ്രസ്തുതവസ്തുവിനു് കമ്പോള വിലയായി വരാവുന്നതിന്റെ അൻപത്തിഅഞ്ചുശതമാ മാനമായിരിക്കും. ഈ വിലത്തുക ഒന്നായോ പതി നാറു തുല്യവാർഷിക ഗഡുക്കളായോ. കൊടുത്താൽ മതിയാവുന്നതുമാണ്. വിലത്തുക ഒന്നിച്ചുകൊടുക്കുകയോ, തവണയായി കൊടുക്കുകയോ, തവണകളായി കൊടുക്കു ന്നെങ്കിൽ, ആദ്യത്തെ തവണകൊടുക്കുകയോ ചെയ്തശേഷ മാണ് പതിവുനൽകപ്പെടേണ്ടതു്.

**ഉപവകുപ്പ് 2:—** "വില സംഖ്യ തവണകളായി കൊടുക്കുന്നെങ്കിൽ, ഓരോ തവണയും കൊടുക്കുന്ന അവസരത്തിൽ, ബാക്കി നിൽപുള്ള സംഖ്യയ്ക്ക് ആണ്ടിൽ നാലരശതമാനം നിരക്കിൽ പലിശ കൂട്ടുന്നതായിരിക്കും."

ഉപവകുപ്പ് 3:— "പതിവു ലഭിക്കുന്ന വ്യക്തിയിൽ നിന്നും ബാക്കി ഈടായി കിട്ടുവാനുള്ള സംഖ്യമുഴുവനും, വസ്തുവിൽ ആദ്യ ചാർജ്ജായിരിക്കുന്നതും, ഭൂനികുതി എന്നപോലെ റവന്യൂ റിക്കവറി നടപടികൾ മുഖാന്തിരം ഈടാക്കപ്പെടാവുന്നതുമാണ്."

വകുപ്പ് 98:—94-96 എന്നീ വകുപ്പുകൾ പ്രകാരം ഗവൺമെന്റിൽ നിക്ഷിപ്തമാവുന്ന ഭൂമികൾ, പതിച്ചു കൈവശം കൊടുക്കുന്നതുവരെ, ഗവൺമെണ്ടു നിർദ്ദേശിക്കുന്ന ചട്ടങ്ങൾ അനുസരിച്ച് ലാൻഡ് ബോർഡ് കൈവശം വയ്ക്കേണ്ടതും അവയുടെ കൃഷികാര്യത്തിനും സംരക്ഷണത്തിനും ചുമതലപ്പെടേണ്ടതുമാണ്.

വകുപ്പ് 98A —"ഇത് നൂതനമായി ചേർക്കപ്പെട്ട വകുപ്പാണ്".

ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി, "വ്യക്തി" (Person) എന്ന പദത്തിന്റെ അർത്ഥവ്യാപ്തിയിൽ, ഒരു സഹകരണസംഘമോ, പൊതുസ്വഭാവത്തിലുള്ള മത സ്ഥാപനം, ധർമ്മസ്ഥാപനം വിദ്യാഭ്യാസസ്ഥാപനം എന്നിവയോ, സററി ഇംപ്രൂവ്മെൻറ് ട്രസ്റ്റിന്റെ ട്രസ്റ്റിബോർഡോ ഉൾപ്പെടുന്നതല്ല".

അഞ്ചാം ഭാഗം

# ജുഡീഷ്യറിയിൽനിന്നു് എക്സിക്യൂട്ടീവിലേയ്ക്കു്


അദ്ധ്യായം 17 എക്സിക്യൂട്ടീവിന്റെ പൊതു സ്വഭാവം.

അദ്ധ്യായം 18 പുതിയ ഉദ്യോഗസ്ഥ സൃഷ്ടി.

# അദ്ധ്യായം 17

## എക്സിക്യൂട്ടീവിന്റെ പൊതുസ്വഭാവം

ഭൂപരിഷ്കരണനിയമത്തിന്റെ നിർവഹണ കാര്യത്തിനുവേണ്ടി സംവിധാനം ചെയ്തിട്ടുള്ള ഔദ്യോഗിക ശൃംഖലയെപ്പററി പിറകേ വരുന്ന ഒരദ്ധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഇതുവരെ കടന്നുപോന്ന ചർച്ചകളിൽനിന്നും, വ്യക്തമാകുന്ന ഒരു പ്രത്യേക സംഗതി, ഈ നിയമത്തിന്റെ നിർവ്വഹണത്തിനുള്ള സകല നടപടികളും, "ലാൻഡ് ബോർഡ്; ലാൻഡ് ട്രൈബ്യൂണലുകൾ, ഡിസ്ട്രിക്ട് കളക്ടർ, റവന്യൂ ഡിവിഷണലാഫീസർ, തഹശീൽദാർ, എന്നീ ഔദ്യോഗിക മേഖലകൾവഴിയാണ് നടത്തേണ്ടതെന്നുള്ള നിരങ്കുശമായ വ്യവസ്ഥകളാണ്, ഭേദഗതി ചെയ്യപ്പെട്ട രീതിയിൽ സ്ഥാപിതമായിരിക്കുന്ന വ്യവസ്ഥിതി എന്നതാണ്. സ്ഥാവരവസ്തുക്കളെ സംബന്ധിക്കുന്ന കാര്യങ്ങൾ മാത്രമാണ് ഭൂപരിഷ്കരണനിയമത്തിൽ കൈകാര്യം ചെയ്യപ്പെടുന്നത്. കഴിഞ്ഞകാലത്ത് ഈ വിധ കാര്യങ്ങളെല്ലാം സിവിൽ കോടതികളിൽ മാത്രമാണ് കൈകാര്യം ചെയ്യപ്പെട്ടിരുന്നത്. അവിടെനിന്നുമാററിസകല

ളും എക്സിക്യൂട്ടീവ് അധികാരികളുടെ വിചാരണ ചെയ്യലിനും തീരുമാനിക്കപ്പെടലിനും വിടുകയെന്നതാണ് ഈ നിയമം ഇപ്പോാം ചെയ്തിരിക്കുന്നതു്. ഭൂപരിഷ്ക്കരണനിയമം, സമഗ്രമായി പരിശോധിച്ചാൽ കുടികിടപ്പുകാരനെ അവൻ ഇപ്പോാം അധിവസിക്കുന്നിടത്തുനിന്നും മറെറാരു സ്ഥാനത്തേയ്ക്കു് മാററുന്നതിനു് ചില ഉപാധികാംക്കു വിധേയമായി സിവിാം കോടതിയിൽ വ്യവഹാരം ബോധിപ്പിക്കാം, എന്ന വ്യവസ്ഥമാത്രമാണു്, കോടതിക്കു കൈകാര്യം ചെയ്യാൻ നീക്കിവച്ചിരിക്കുന്ന സംഗതിയെന്നുകാണാം. കുടിയാനെന്നവകാശപ്പെടുന്ന ഒരാളിനെ, വസ്തുവിൽ കൃഷിചെയ്യുന്നതിനു് തടസ്സപ്പെടുത്തുമ്പോാം, അയാാംക്കു് കൃഷിചെയ്യാനുള്ള അവകാശമുണ്ടോയെന്നു് തീരുമാനിക്കുന്നതിനും, അങ്ങനെയുള്ള തീരുമാനം നടപ്പാക്കുന്നതിനുമുള്ള അധികാരം തഹശീൽദാക്കു് വിട്ടുകൊടുക്കുന്ന 29 A എന്ന വകുപ്പുവരെ ഈ നിയമത്തിൽ സ്ഥലം പിടിച്ചിട്ടുള്ളതു്, എക്സിക്യൂട്ടീവിൽ നിക്ഷിപ്തമാക്കുന്ന അധികാരത്തിൻെറ സീമകളെ സൂചിപ്പിക്കുന്ന തരത്തിലുള്ളതാണ്.

സ്ഥാവരവസ്തുക്കളെ സംബന്ധിച്ച നിരവധിതക്കങ്ങാം ആയിരുന്നു സിവിാംകോടതിയിലെ ചർച്ചകളുടെ ഏററവും പ്രധാനമായ വിചാരണാമണ്ഡലം. ഭൂപരിഷ്ക്കരണം നടപ്പിലാക്കുന്നതുമുതൽ നിയമത്തിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള കാര്യങ്ങാം, സ്ഥാവരവസ്തുക്കളെ സംബന്ധിക്കുന്ന തക്കങ്ങളെ മിക്കവാറം പൂർണ്ണമായിത്തന്നെ ഉാംക്കൊള്ളുന്നവയാണെന്നും കാണാവുന്നതാണു്. അങ്ങനെ ഈ രാജ്യത്തെ സിവിാംസ്വഭാവമുള്ള സംഗതികളുടെ മേഖലയെഏതാണ്ടു പൂർണ്ണമായിത്തന്നെ എക്സിക്യൂട്ടീവിൻെറ രംഗത്തേയ്ക്കു് മാററിവയ്ക്കുകയെന്ന പ്രക്രിയയാണു് ഈ നിയമംസാധിച്ചിരിക്കുന്ന പ്രധാനമായ ഒരു പരിവത്തനം.

അത്യധികമായ പ്രാധാന്യം ഉാംക്കൊള്ളുന്ന ഈ പരിഷ്കാരം, ധീരമായ ഒരു നടപടിയാണു്. ഇന്നത്തെകോടതികളുടെ നടത്തിപ്പിൽ, നീതിലഭ്യമാകുന്നതിനു നേരിടുന്ന കാലതാമസത്തിൽ നിന്നും മോചനം നേടുകയെന്നതു് പ്രധാനലക്ഷ്യമാക്കിക്കൊണ്ടു് നടപ്പാക്കിയിരിക്കുന്ന ഈ വ്യതിയാനം, അത്യ

ന്തും സ്വാഗതാർഹമ ണ് എന്നും, പ്രഥമദൃഷ്ട്യാ സമ്മതിക്കാതെ തരമില്ല. ജനതയെയാകെ, ഒററ മന്ത്രവാചകംകൊണ്ട് പുതിയൊരു സങ്കേതത്തിലേയ്ക്കു് പറഞ്ഞയച്ചിരിക്കുന്ന ഈ നടപടി, ജനങ്ങളെ എവിടെയാണ് ഹാജരാക്കിനിറുത്തിയിരിക്കുന്നതു് എന്ന കാര്യം പരിശോധനയ്ക്കു വിഷയമാകുന്നതു കൊണ്ട് തരക്കേടൊന്നുംവരാനില്ല. അതിനുവേണ്ടിയുള്ള ഒരു ചർച്ചയാണ് ഈ അദ്ധ്യായത്തിൽനടത്തുന്നതു്. ഈ ചർച്ചയിൽ, ഈ ഗ്രന്ഥകർത്താവിനു് ഒരു അഭിഭാഷകൻ എന്നനിലയിൽ കഴിഞ്ഞകാലത്തു് അനുഭവത്തിലൂടെ ബോദ്ധ്യമായിട്ടുള്ള ചില ഉദാഹരണങ്ങളും പരാമർശിക്കപ്പെടേണ്ടിയിരിക്കുന്നു എന്നു് ക്ഷമാപണസമേതം മുന്നറിയിപ്പു തന്നുകൊള്ളുന്നു. അങ്ങനെയുള്ള അനുഭവങ്ങളുടെ പരാമർശനത്തെപ്പററി അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാവുന്നതുമാണ്. അഭിപ്രായവ്യത്യാസങ്ങൾ ഉള്ളവർ, അവരുടേതായ അഭിപ്രായങ്ങളുടെ പശ്ചാത്തലത്തിൽ, ഈ ചർച്ചയെ വിലയിരുത്തിയാൽ മതിയാവും എന്നും പ്രസ്താവിച്ചുകൊള്ളുന്നു.

കോടതികളുടെ അധികാരസീമയിൽ നിന്നും, എടുത്തുമാററി, എക്സിക്യൂട്ടീവ് മേഖലയ്ക്കു് നിയമപ്രകാരം നൽകുന്ന വിചാരണചെയ്യലിനും, വിധിത്തീർപ്പിനും ഉള്ള അധികാരത്തിന്റെ ഉത്തമമായ രണ്ടു് ഉദാഹരണങ്ങൾ, സഹകരണനനിയമപ്രകാരമുള്ള ആർബിട്രേഷൻ കേസുകളും പഞ്ചായത്തു നിയമപ്രകാരമുള്ള ചില നടപടികളുമാണ്. ഇന്നു് നിലവിലുള്ള മററുപല നിയമങ്ങളും ബൃഹത്തായ, വിലപിടിപ്പുള്ള നിരവധി തർക്കസംഗതികളെ, മററ എക്സിക്യൂട്ടീവു ഉദ്യോഗസ്ഥന്മാരിലേയ്ക്കും, റവന്യൂബോർഡ്,ഗവർമെണ്ടു് മുതലായ എക്സിക്യൂട്ടീവു അധികാരികളിലേയ്ക്കും, വിചാരണയ്ക്കും വിധിത്തീർപ്പിനും വേണ്ടി നീക്കിനിറുത്തപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള നിരവധി സംഗതികളിൽ, ഈ ഗ്രന്ഥകാരനും, ഈ ഗ്രന്ഥകാരന്റെ സുഹൃത്തുക്കളായ നിരവധി അഭിഭാഷകന്മാരും, സംസ്ഥാനമൊട്ടാകെ ഹാജരായി വ്യവഹരിച്ചിട്ടുണ്ടാവണം. മനോവേദനയോടുകൂടിയും അനീതിപരമായ തീരുമാനത്തിന്റെ ഫലമായി തകർക്കപ്പെട്ട മനസ്സാന്നിദ്ധ്യത്തോടുകൂടിയും, അഭി

ഭാഷകന്മാരെ, എക്സിക്യൂട്ടീവ് അധികാരികളുടെ അടുക്കലേക്കു് വക്കാലത്തു കൊടുത്തു കൂട്ടിച്ചുകൊണ്ടുപോയ ആയിരക്കണക്കിനു പൊതുജനങ്ങളും, ഈ നാട്ടിലുടനീളമുണ്ടു്. അവരുടെ അനുഭവങ്ങളുടെ സ്വഭാവമാണു് ഉദാഹരണത്തിനുവേണ്ടി ഈ അദ്ധ്യായത്തിൽ പരാമർശിക്കാനുദ്ദേശിക്കുന്നതു്.

ഒരു മുനിസിഫിനു് വിചാരണ ചെയ്യാവുന്ന തക്സംഗതി, പരമാവധി അയ്യായിരം രൂപാ "സല"യുള്ളതേ ആകാവൂ, എന്നാണു് ഇന്നത്തെ ചട്ടം. സമീപകാലം വരെ ഈ പരിധി മൂവായിരം രൂപാ വിലപിടിപ്പുള്ള "സല", എന്നായിരുന്നു. ഈ ചട്ടങ്ങൾ നിലവിലിരിക്കുന്ന കാലത്തു , ഒരു സഹകരണസംഘത്തിലെ തക്കങ്ങളുടെ വിചാരണ സംഗതിക്കു്, സല സംബന്ധമായ പരിധി നിർണ്ണയിക്കപ്പെട്ടിട്ടില്ല. സാധാരണ, ഒരു സഹകരണ ഇൻസ്പെക്ടർ, മുതൽ വിധികർത്താവായി വരാറുണ്ടു്. അദ്ദേഹത്തിനു് നിയമത്തിൽ നൽകപ്പെടുന്ന പേരു് "ആർബിട്രേറ്റർ" എന്നാണു്. അദ്ദേഹം വിചാരണ ചെയ്തു തീർപ്പു കല്പിക്കുന്ന തക്സംഗതി സഹകരണസംഘത്തിൽ നിന്നും വായ്പ വാങ്ങിയ മെമ്പർ, കുടിശ്ശിഖ വരുത്തിയ പത്തുരൂപാമുതൽ സംഘം സെക്രട്ടറിയോ, സംഘം പ്രസിഡന്റോ, സംഘത്തിന്റെ വില്പനഏജന്റോ, ദീർഘകാലമായി നടത്തിവന്നിട്ടുള്ള ബോധപൂർവ്വമായ പണാപഹരത്തിന്റെ ആകെത്തുകയായ ലക്ഷക്കണക്കിനുള്ള രൂപായുടെ വലിപ്പം വരെയുള്ള വിലപിടിപ്പുള്ള, തക്സംഗതിയായിരിക്കുകയും ചെയ്യാവുന്നതാണു്. പതിനായിരക്കണക്കിനു് രൂപായുടെ ബാദ്ധ്യതയെ പരാമർശിക്കുന്ന തക്കങ്ങൾ, നിരവധി വ്യവസായസഹകരണസംഘങ്ങളിൽ ഉണ്ടായി വന്നിട്ടുള്ളതു്, ഞാൻ തന്നെ നേരിട്ടുകണ്ടിട്ടുള്ളതുമാണു്. ഒരു മുൻസിഫ് കൈകാര്യം ചെയ്യേണ്ടിവരുന്ന തക്ശാസ്ത്രത്തേക്കാൾ, എത്രയോ മടങ്ങു്, വർദ്ധിച്ച തോതിലുള്ള തെളിവെടുപ്പും, സത്യം കണ്ടുപിടിക്കലുമാണു് ഇത്തരം കേസുകളിൽ ചർച്ച ചെയ്യപ്പെടേണ്ടിവരാറുള്ളതു്! സത്യം കണ്ടുപിടിക്കുകയും, തക്കത്തിൽപ്പെട്ട തുക യഥാർത്ഥത്തിൽ എത്രയാണു് എന്നു തിട്ടപ്പെടുത്തുകയും ചെയ്യുന്നതിനുവേണ്ടി, അനേകവർഷങ്ങളിലൂടെ അത്യന്തം കുരുക്ക

പ്ടിച്ച നിരവധി രേഖകളെ തെളിവിൽ സ്വീകരിച്ചു, സമഗ്രമായി പരിശോധിച്ച്, അവയുടെ പൊരുൾ കുശാഗ്രബുദ്ധിയോടെയും, ന്യായദീക്ഷയോടെയും പരിശോധിക്കേണ്ടിവരുന്നതാണ്. അങ്ങനെ ചെയ്യാത്തപക്ഷം നിരപരാധിയായ വ്യക്തിയുടെമേൽ, അനർഹമായ തീർപ്പു കല്പിക്കൽ സംഭവിക്കാവുന്നതാണ്. യഥാർത്ഥത്തിൽ സംഖ്യ മോഷ്ടിച്ചവ്യക്തി, രക്ഷപ്രാപിച്ച് സഹക ണസംഘത്തെത്തന്നെ തകൎക്കുന്നതിന് വഴി തെളിച്ചു എന്നും വരാവുന്നതാണ്. തൎക്കസംഗതിയുടെ വലിപ്പവും, അവയെ നിലവിലുള്ള യാഥാൎത്ഥ്യങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തുവാനുള്ള ശ്രമത്തിൽ അനുഭവപ്പെടാവുന്ന കഷ്ടതയും പരിഗണിച്ചാൽ, സദാസമയവും നീതിനിർവ്വഹണം മാത്രം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്—കോടതിക്ക്—പോലും ശ്രമകരമായ ഒരു കാര്യമായിരിക്കും ഇത്. ഇതിനെ വിജയകരമായി കൈകാര്യം ചെയ്യാത്തപക്ഷം, അതിൽ ബന്ധപ്പെട്ട പൗരന്മാൎക്ക് നീതി നിഷേധിക്കപ്പെടുക തന്നെ ചെയ്യും.

ഒരു ആർബിട്രേഷൻ കേസ് വിചാരണചെയ്യുന്ന ഉദ്യോഗസ്ഥന്, എല്ല ഉദാഹരണങ്ങളിലും ഇതിനുള്ള പ്രാപ്തിയുണ്ടായിരുന്നു എന്ന് അവകാശപ്പെടാമോ? പ്രാപ്തി ഉണ്ടായിരുന്നുവെങ്കിൽ തന്നെ, അയാൾ, സംഗതമായ എല്ലാ വശദാംശങ്ങളും അവയുടെ ശരിയായ നിലപാടിൽ വിലയിരുത്തുവാൻ മെനക്കെട്ടിട്ടുണ്ട് എന്ന് അവകാശപ്പെടാമോ? അവയെകൈകാര്യം ചെയ്യുന്നതിൽ ഒരു എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന് ഉള്ളസ്വാതന്ത്ര്യം പ്രയോഗിച്ച് തൎക്കസംഗതിയെ കേവലം ലാഘവബുദ്ധിയോടെ കൈകാര്യം ചെയ്തു, ബോധിച്ചപോലൊരു വിധിയെഴുതി, കക്ഷികളുടെ മുഖത്തു വലിച്ചെറിഞ്ഞിട്ടുള്ള എത്രയോ ഉദാഹരണങ്ങൾ ഈ മേഖലയിൽ നിത്യേന കാണാനുണ്ട്! കക്ഷികൾക്ക് തെളിയിക്കുവാനുള്ളറിക്കാർഡുകൾ തെളിയിക്കാൻ മനഃപൂർവമോ, അജ്ഞതകൊണ്ടോ, അനുവാദം നല്കാത്ത ഉദാഹരണങ്ങൾ നിരവധിയാണ്. കക്ഷികൾക്ക വിശദീകരിക്കുവാനുള്ളതു് മുഴുവൻ അടുക്കിന് വിശദീകരിക്കുവാൻ സമ്മതിക്കാതെ, ആർബിട്രേറർ ചോദിക്കുന്ന ചോ

ദ്യങ്ങാക്കു മാത്രം ഉത്തരം മതി എന്ന നിലപാടു സ്വീകരിക്കപ്പെട്ടിട്ടുള്ള ഉദാഹരണങ്ങൾ സുലഭമാണ്. പലേ കേസുകളിലും രേഖാമൂലമായ കക്ഷികൾക്കു് അറിയിക്കാനുള്ള കാര്യങ്ങൾപോലും, ക്ഷണിക്കപ്പെടാതെയും, ഹാജരാക്കിയാൽ സ്വീകരിക്കപ്പെടാതെയും കേസുകൾ തീരുമാനിക്കപ്പെടാറുണ്ടു്. കേസുകളുടെ സാരാംശം നോക്കാതെ, തനിക്കിഷ്ടപ്പെട്ട കക്ഷിക്കു് അനുകൂലമായ വിധി എഴുതിയിട്ടു പോകുന്നതിന്റെ ഉദാഹരണങ്ങളും, ധാരാളം കണ്ടുമുട്ടാറുണ്ടു്.

സിവിൽ കോടതികളിൽ വിധിയെഴുതുന്നതിനു് കാര്യകാരണ സഹിതം ചർച്ചവേണമെന്നു് നിർബന്ധമായ ചട്ടമുണ്ടു്. ആർബിട്രേറററന്മാരുടെ വിധികളിൽ, ഈ ഘടകം പൂർണ്ണമായും തിരസ്കരിക്കപ്പെടുകയെന്നതാണു് സർവ്വസാധാരണമായിട്ടുള്ളതു്. കക്ഷികളുടെ തർക്കങ്ങൾ എന്താണു് എന്ന വിവരണം കഴിഞ്ഞാൽ, ഒന്നോ രണ്ടോ വാചകങ്ങളിൽ ഒതുങ്ങിനിൽക്കുന്ന ഒരു വിധിത്തീർപ്പു കൊടുത്തു് കക്ഷികളെ പറഞ്ഞയയ്ക്കുന്ന ഉദാഹരണങ്ങൾ എത്രവേണമെങ്കിലും കണ്ടുമുട്ടപ്പെടാവുന്നതാണ്. വിധികളുടെ സ്വഭാവം നോക്കിയാൽ, ആർബിട്രേറർ, സത്യവിരുദ്ധമായി വശീകരിക്കപ്പെട്ടു എന്നു്, വ്യക്തമായി ഗ്രഹിക്കാവുന്ന തരം തീർപ്പുകൾ ഈ മേഖലയിൽ വളരെയേറെ ഉണ്ടായിട്ടുണ്ടു്.

ഇങ്ങനെ പ്രസ്താവിക്കപ്പെടുന്ന വിധികളിന്മേൽ, അപ്പീൽ, റിവിഷൻ എന്നീ പരിഹാര മാർഗ്ഗങ്ങളും സഹകരണ നിയമം വ്യവസ്ഥചെയ്യുന്നു. അതും എക്സിക്യൂട്ടീവ് മേഖലയിലാണ്. ഈ നിയമസംരക്ഷണത്തിൽ, തെററിദ്ധരിക്കപ്പെടുന്ന പൗരൻ നീതിനിഷേധത്തിൽനിന്നും മോചനം നേടുന്നതിനുവേണ്ടി അപ്പീലധികാരിയെ സമീപിക്കാറുമുണ്ടു് അവിടത്തെ ഗതിയോ? സാർവ ഭൗമനാണു് താനെന്നു ഭാവിച്ചുകൊണ്ടിരിക്കുന്ന അധികാരി, സങ്കടക്കാരന്റെ പരാതിയും വാദവും കേട്ടെന്നുംവരും. കേട്ടില്ലെന്നുംവരും. സംഗതികളുടെ യഥാർത്ഥസ്ഥിതിയെന്തെന്നു് പരിശോധിച്ചു എന്നും ഇല്ലെന്നുംവരാറുണ്ടു്. ഒരു എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥനെന്ന നിലയിൽ ഉൽക്കൃതത്തിൽ, അദ്ദേഹം അനുവദിക്കുന്നപരിധിക്കപ്പു

PUBLIC LIBRARY KOTTAYAM

ത്തുള്ള സ്വാതന്ത്ര്യം ആൎക്കും അവകാശപ്പെടാൻ പാടില്ലാത്തതാണ്. കാര്യങ്ങളുടെ യഥാൎത്ഥ കിടപ്പ് അദ്ദേഹം മനസ്സിലാക്കിയെന്നും വരും, മനസ്സിലാക്കാൻ മെനക്കെട്ടില്ലെന്നും വരും. യാഥാൎത്ഥ്യം മനസ്സിലാക്കിയാൽകൂടി, പ്രബലനായി, തെററായവിധി പ്രസ്താവിക്കുന്ന ഉദാഹരണങ്ങളും വിരളമല്ല. എക്സിക്യൂട്ടീവ് മേഖലയിൽ ഇതൊക്കെ നടക്കാവുന്നതാണ്. ഏതായാലും, സാധാരണ ഗതിയിൽ അവിടെ നിന്നും പുറപ്പെടാറുള്ള വിധിയും, ഒററവാചകത്തിലായിരിക്കുക എന്നതാണ് ഭൂരിപക്ഷം ഉദാഹരണങ്ങളിലേയും സ്ഥിതി.

എക്സിക്യൂട്ടീവ് മേഖലയിൽ കണ്ടുവരുന്ന ഈ പ്രവണതയുടെ മൗലികഹേതു, കീഴുദ്യോഗസ്ഥനെ വ്രണപ്പെടുത്തുന്നതിൽ മേലുദ്യോഗസ്ഥന് തോന്നുന്ന വൈമനസ്യമാണ്. മേലുദ്യോഗസ്ഥൻ കാണിക്കാറുള്ള തോന്ന്യാസങ്ങൾക്കും, അറിഞ്ഞുകൊണ്ടുള്ള നീതിനിഷേധത്തിനും പലതവണകൂട്ടുനിന്ന് പശ്ചാത്തലമൊരുക്കിയ ആളായിരിക്കും ഈ കീഴുദ്യോഗസ്ഥൻ. പല കാര്യങ്ങളിലും അവർ തമ്മിൽ പരസ്പരധാരണകൾ ഉണ്ടായിരിക്കാവുന്നതാണ്. പരസ്പരം ആദരിക്കുകയും, ആശ്രയിക്കുകയും ചെയ്യേണ്ട നിരവധിചുററുപാടുകൾ അവർ തമ്മിലുള്ള ഔദ്യോഗികബന്ധത്തിൽ കാണാനിടയുള്ളതാണ്. കീഴുദ്യോഗസ്ഥന്റെ ഉത്തരവു വായിച്ചാൽ തന്നെ അതു് മനഃപൂർവം തെററായി ചെയ്തിരിക്കുന്നതാണെന്ന് വ്യക്തമാകാവുന്നതാണ്. അങ്ങനെ മനഃപൂർവം ചെയ്ത ഒരു സംഗതിയിൽ, "താനായിട്ടു ഇടപെടേണ്ട" എന്ന മനഃശാസ്ത്രംമൂലവും, ഒററവാചകഉത്തരവുകൾ ധാരാളം പുറത്തുവരാറുണ്ട്. തെററുവന്നു പോയെങ്കിൽ, അതു തിരുത്തപ്പെടണം എന്ന തത്വത്തിൽ അധിഷ്ഠിതമായ ജുഡീഷ്യൽ നിർവഹണത്തിൽ, ഈ അപകടം, പ്രായേണ കുറവാണ്.

ഏററവും പ്രശംസനീയമായ സദുദ്ദേശത്തോടുകൂടി സഹകരണ മേഖലയിൽ നടപ്പാക്കിയ ഒരു പരിഷ്കരണത്തെപ്പററി അല്പം വിശദീകരിച്ചുവെന്നേയുള്ളൂ. മററു നിയമസങ്കേതങ്ങൾ കൈകാര്യം ചെയ്യുന്ന എക്സിക്യൂട്ടീവ് മേഖലകളിലും, പൊതുജനങ്ങൾ തമ്മിലുള്ള തർക്കത്തിന് വിധി പറയുന്ന കാ

രൃത്തിൽ, ഇതേസ്വഭാവത്തിലുള്ള പ്രവണത സർവത്ര ദൃശ്യമാണു് കളക്ടർ, മററു ഉദ്യോഗസ്ഥമേധാവികൾ, റവന്യൂബോർഡു്, എന്നിവിടങ്ങളിലെല്ലാം, നിന്നു്, തക്സ്വഭാവങ്ങളെ യഥാവിധി പരിഗണിച്ചതേയില്ല എന്നു് വിളിച്ചുപറയിക്കുന്ന ഒററ വാചക ഉത്തരവുകൾ, സങ്കടക്കാരൻെറ ഹൃദയം പിളന്നുകൊണ്ടു്, അത്യന്തം ലാഘവബുദ്ധിയോടെ പുറപ്പെടുവിക്കപ്പെടുകയെന്നതു് നമ്മുടെ നാട്ടിൽ നിത്യസംഭവങ്ങളാണു്. ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർ, അതിസമർത്ഥന്മാരായ ഭരണാധികാരികളായിരുന്നാലും സക്കാർകാര്യങ്ങളുടെനിർവ്വഹണ സംഗതിയിൽ, അവർ അതുല്യരുമായിരിക്കാം. എന്നാൽ, അപരവരുദ്ധേതായ ന്യായവാദങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ടു്, പരസ്പരം എതിക്കുന്ന കക്ഷികൾ തമ്മിലുള്ളതക്കത്തിൽ ന്യായയുക്തമായ ഒരു തീർപ്പു് കല്പിക്കുന്നതിനു് അവക്കുള്ള പ്രഗത്ഭത ചോദ്യം ചെയ്യപ്പെടാവുന്നതേയുള്ളു. ശാസ്ത്രീയമായ വിധത്തിൽ സത്യാന്വേഷണം നടത്തി, ഒരു തീരുമാനം കല്പിക്കുവാനുള്ള പോംവഴിയാണു് ഏതു നിയമവും വിഭാവന ചെയ്യുന്ന പ്രവത്തിപഥം. അതു് വിജയകരമായി പിൻതുടരണമെങ്കിൽ, അടിസ്ഥാനപരമായ ചില ബോധനങ്ങൾ ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്. എക്സിക്യൂട്ടീവു മേഖല, ഈ ബോധത്തിൽ ശിക്ഷിതരല്ല. പിന്നെന്തു സംഗതിയിലാണു് അവർ ശിക്ഷണം നേടിയിട്ടുള്ളതു് എന്ന ഒരു ചോദ്യം ഉദിക്കാവുന്നതായുണ്ടു്; അതു് ഇവിടെ സംഗതമല്ല.

ശാസ്ത്രീയമായ സത്യാന്വേഷണസമ്പ്രദായത്തിൽ എക്സിക്യൂട്ടീവു് മേഖലയ്ക്കുള്ള ശിക്ഷണത്തിൻെറ അപര്യാപ്തത കക്ഷികൾതമ്മിലുന്ന തക്കം തീക്കലിൻെറ പ്രശ്നത്തിൽ തെളിഞ്ഞുകാണാവുന്നതാണ്. കക്ഷികൾ ഉന്നയിച്ചിട്ടുള്ള തക്കങ്ങളേയും, അവയ്ക്കുസംഗതമായി, അക്കാര്യത്തിൽ ബന്ധപ്പെട്ടുകിടക്കുന്ന വിശദാംശങ്ങളേയും സമ്യക്കാകുംവർണ്ണം കോർത്തിണക്കിയ ചർച്ചയിലൂടെ തീരുമാനം പ്രഖ്യാപിക്കുവാനുള്ള അവരുടെ പ്രാപ്തിയില്ലായ്മയും സങ്കോചവും തന്നെയാണു്, ഒററവാചകത്തിലുള്ള തീർപ്പുകളുടെ പിന്നിൽ ഒളിഞ്ഞുനില്ക്കുന്ന മൗലികമായ മറെറാരുകാരണം. എക്സിക്യൂട്ടീവു മേഖ

ലയിൽ, അതായതു് ഭരണമണ്ഡലത്തിൽ, അവർഎത്തിച്ചേർന്നി രിക്കുന്ന പ്രതാപത്തിൻെറ പരിവേഷം, ഈ കഴിവില്ലായ്മയെ സമ്മതിച്ചു് ജനങ്ങളോടു മാപ്പു് ചോദിക്കുവാൻ അവരെ ഒരിക്കലും അനുവദിക്കുകയുമില്ല.

മേൽ കുറിച്ചിട്ടുള്ള പ്രതിപാദനത്തിൽ, അല്പമെങ്കിലും കഴമ്പുണ്ടെങ്കിൽ, ഭൂപരിഷ്കരണനിയമത്തിൻെറ സകലവിധമായ നിർവഹണത്തിൻെറയും ചുമതല, ഏറ്റെടുക്കുന്ന എക്സിക്യൂട്ടീവു് മേഖല, പൗരന്മാർക്കും നീതി നൽകുവാൻപ്രാപ്തമായിരിക്കും എന്നതിനു് എന്താണു് ഉറപ്പു്? ഒരു ജന്മിയ്ക്കു് കുടിയാനൽ നിന്നും എത്രമാത്രം വിസ്തീർണ്ണം വീണ്ടെടുക്കാൻ അവകാശമുണ്ടു് എന്നു് തീർപ്പു് കല്പിക്കണമെങ്കിൽ, ചില കേസുകളിൽ, ജന്മിയെബന്ധിക്കുന്ന നിയമം, ഉദാഹരണം,ഹിന്ദു നിയമം അല്ലെങ്കിൽ മുസ്ലീംനിയമം, എന്നിവയുടെതലനാരിഴ കീറുന്ന ചർച്ചകൾ നടത്തപ്പെടേണ്ടിവരും. അതുപോലെ തന്നെ മിച്ചഭൂമിയുടെ കാര്യം നിശ്ചയിക്കുന്നതിലും, വിഷമകരമായ സങ്കേതങ്ങളെ വിശകലനംചെയ്യേണ്ടിവരും. ഒററവാചക ഉത്തരവുകാർ, ബോധിച്ചപോലെ ഇതൊക്കെചെയ്തുകൊള്ളട്ടെ എന്നാണു് ഭൂപരിഷ്കരണനിയമമെന്നു് ധരിക്കാനും വകയില്ല. ഈ രംഗങ്ങളിൽ, ഒററവാചകവിധി പ്രസ്താവിക്കുന്നതിൽ, മിടുമിടുക്കു കാണിക്കുന്ന എക്സിക്യൂട്ടീവു് ഉദ്യോഗസ്ഥന്മാർ പൗരന്മാർക്കു് നീതിയല്ല, വീതിച്ചുകൊടുക്കുക, ഒരിക്കലും അണയാത്ത ഹൃദയവ്യഥയായിരിക്കും.

നിയമസങ്കേതങ്ങളുടെ കാര്യമാണു മേൽ ഉദാഹരിച്ചതു്. തെളിവുകളുടെ കാര്യമാണെങ്കിലും, ഒരു കോടതിയിൽ സ്വീകരിച്ചുപോരുന്ന സകല നടപടിക്രമവും അനുസരിച്ചില്ലെങ്കിൽ നീതിയുടെ അയലത്തുപോലും എത്തിച്ചേരാൻ സാധിക്കാത്ത എത്രയോ നടപടികൾ ഈ നിയമത്തിൽ കൈകാര്യം ചെയ്യപ്പെടേണ്ടിയുണ്ടു്! കുടികിടപ്പുകാരൻെറ ഈസ്മെൻറു് മുതലായ അവകാശങ്ങൾ നിർണ്ണയിക്കുന്നതിൽ; മര്യാദപ്പാട്ടത്തിൻെറ തോതു നിശ്ചയിച്ചു് പ്രതിഫലത്തുക കണക്കുകൂട്ടുന്നതിൽ; മിച്ചഭൂമിയുടെ മാർക്കററുവിലയിടുന്നതിൽ; പാട്ടയിളവിനുള്ള അപേക്ഷയുടേയും, അതിനെതിരായ തക്കത്തേയും പരിഗ

ണിക്കുന്നതിൽ; റിക്കാർഡ് ഓഫ് റൈററ്സ് തയ്യാറാക്കി അവകാശം പ്രഖ്യാപിക്കുന്നതിൽ; കൃഷി ചെയ്യാനുള്ള അവകാശം ആർക്കാണെന്ന് നിശ്ചയിക്കുന്നതിൽ; എന്നു തുടങ്ങി എണ്ണമററ കാര്യങ്ങളിൽ, രണ്ടു ഭാഗക്കാരും, നിശിതമായ തക്കം ഉന്നയിക്കാവുന്നതാണ്. അവിടെയൊക്കെ, നിയമസങ്കേതങ്ങളേയും, തെളിവു നിയമങ്ങളേയും അവഗണിച്ചുകൊണ്ടോ അവയെ ന്യായാനുസരണം ചർച്ചചെയ്യാതെയോ, ഉത്തരവു പാസ്സാക്കുവാനുള്ള സാഹചര്യങ്ങൾ, എക്സിക്യൂട്ടീവ് മേഖലയിൽ സുലഭമാണ്.

ഒരു കോടതിയിൽ വിചാരണ നടക്കുന്ന ഒരു വ്യവഹാരത്തെ സംബന്ധിച്ച് വിധികത്താവിനെ വീട്ടിലോ, ഓഫീസിലോ ചെന്നുകണ്ട് രഹസ്യമായ ചർച്ച ചെയ്ത് വിധിയെ സ്വാധീനിക്കുന്ന ഉദാഹരണങ്ങൾ കാണുകയില്ല. അപൂർവം ചില കേസുകളിൽ വിധികത്താവ് അറിഞ്ഞു ചെയ്യുന്ന ചില താലോലിപ്പുകൾ ഉണ്ടായെന്നു വരമെന്നേയുള്ളു. എന്നാൽ, വലുതും ചെറുതുമായ ഏതു സംഗതിയ്ക്കും, ഒരു എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥനെ വീട്ടിലും ഓഫീസിലുമായി, വേണ്ടപ്പെട്ട രീതിയിൽ സ്വകാര്യ ചർച്ചയ്ക്കു വിധേയരാക്കി, തീരുമാനം സമ്പാദിക്കുന്ന ഉദാഹരണങ്ങൾ സുലഭമാണ് എന്ന് ഒരാൾ ആരോപിച്ചാൽ, അത് സ്വീകാര്യമാണോ അല്ലയോ എന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം വായനക്കാർക്ക് വിടുന്നു. അങ്ങനെ ഉണ്ട് എന്നാണ് വായനക്കാരൻ സമ്മതിക്കുന്നതെങ്കിൽ, ഭൂപരിഷ്ക്കരണ നിയമത്തിന്റെ നിർവ്വഹണ മേഖലയിൽ തീരുമാനിക്കപ്പെടേണ്ട കാര്യങ്ങൾക്ക് അവ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനെ, വേണ്ടപ്പെട്ടവർ മുഖേന കക്ഷികൾ സമീപിക്കുകയില്ല എന്നതിന് എന്താണുറപ്പ്?

ഒരു കോടതിയിൽ നിന്നും പുറപ്പെടുന്ന വിധിന്യായം, കുററമററതല്ല എന്നുസ്ഥാപിക്കലല്ല മേൽ സൂചിപ്പിച്ച ചർച്ചയുടെ ലക്ഷ്യം. ഒരു കോടതിയിൽ ചർച്ച ചെയ്യപ്പെടുന്ന സംഗതി, കക്ഷികളുടെ സമാധാനത്തിനു വേണ്ടിയെങ്കിലും, പരസ്യമായി ജനങ്ങൾ കൂടുന്ന ഒരു സ്ഥാനത്തുവച്ച് ഇരുകക്ഷികളുടേയും ബോദ്ധ്യത്തിൽ സമഗ്രമായി ചർച്ച ചെയ്യപ്പെടുന്നു.

നീതി നിർവ്വഹണത്തിനു വേണ്ടി മാത്രം നിയുക്തനായിരിക്കുന്ന ഒരു വ്യക്തിയുടെ മുന്നിലാണ് ഈ പരസ്യമായ ചർച്ചനടത്തപ്പെടുന്നത്. ഈ ചർച്ചയ്ക്കുശേഷം പ്രകടവും മനഃപൂർവ്വവുമായ നീതിനിഷേധം ഉൾക്കൊള്ളിക്കുന്ന ഒരു തീർപ്പ് കൽപ്പിക്കുവാൻ ന്യായാധിപന് അത്ര എളുപ്പമല്ല. തീർപ്പ് വിശദമായ ചർച്ചയോടുകൂടി പുറത്തുവരുന്നതുകൊണ്ട്, തെററുപററിയിരിക്കുന്നത് എവിടെയാണെന്നും, മേൽകോടതിയിൽ ചൂണ്ടിക്കാണിക്കുവാൻ സങ്കടക്കാരന് കൂടുതൽ അവസരമുണ്ടാകുന്നു. നീതി നടത്തിയാൽ മാത്രം പോര, നീതിയാണു നടത്തുന്നതെന്നു് പ്രകടമാവുകയും കൂടി വേണം എന്ന തത്വത്തിൽ അധിഷ്ഠിതമായ ഈ പാരമ്പര്യം, ഒരു പരിധിവരെതോററ കക്ഷിയ്ക്കുകൂടിയും സമാധാനം നൽകാൻ പര്യാപ്തമാണ്. ഈ സൗകര്യങ്ങളൊന്നും എക്സിക്യൂട്ടീവ് മേധാവിയെ ബന്ധിക്കുന്നില്ല. ഫലമോ, തീരാവ്യഥയ്ക്കു് കക്ഷികളെ എറിഞ്ഞുകൊടുക്കുന്ന പ്രക്രിയ, ധാരാളമായുണ്ടാകാവുന്നതാണ് എന്നതത്രേ.

നിലവിലുള്ള കോടതികളിൽ, നീതി നിർവ്വഹണവും, വ്യവഹാര ഒതുക്കവും വലുതായ കാല വിളംബം വരുത്തുന്നു എന്ന യാഥാർത്ഥ്യമാണ്, കോടതികളെ മുഖ്യമായും അവഹേളനാപാത്രമാക്കുന്നതു്. ഇംഗ്ലീഷുകാരൻ ഇവിടെ ഭരിച്ചിരുന്ന കാലത്തു് നിജപ്പെടുത്തി നടപ്പിലാക്കിയ സിവിൽ പ്രൊസിഡ്യൂർ കോഡ്, ക്രിമിനൽ പ്രൊസഡ്യൂർകോഡ്, ഇന്ത്യൻതെളിവു നിയമം എന്നു തുടങ്ങിയ ചില നടപടിച്ചട്ടവട്ടങ്ങളാണു്, കോടതികളിൽ ഉണ്ടാകുന്ന കാലതാമസത്തിൻെറ മുഖ്യ കാരണം. അങ്ങനെയുള്ള നൂലാമാലകളിൽ കിടന്നു വലയാതെ, ഭൂമിക്കു വേണ്ടി ദാഹംപൂണ്ടു കിടക്കുന്നകുടിയാനും കുടികിടപ്പുകാരനും, ശീഘ്രരീതിയിൽ ആശ്വാസം നൽകുന്നതിനു വേണ്ടി, കാലതാമസമെന്ന വിനയെ ഒഴിവാക്കാൻ വേണ്ടിയാണു്, ജുഡീഷ്യറിയെ കൈവെടിഞ്ഞുകൊണ്ടു്, എക്സിക്യൂട്ടീവിനെ ചുമതലകളേല്പിക്കുവാനുള്ള നിയമനിർമ്മാണം നടപ്പിലാക്കപ്പെട്ടതെന്ന കാര്യം വ്യക്തമാണ്. കാലതാമസമെന്നതു് ഒഴിവാക്കാൻ എക്സിക്യൂട്ടീവിനു് സാധിക്കുമെന്നു് സമ്മ

തിച്ചാൽ തന്നെ, പരസ്പരം തർക്കിക്കുന്ന വാദഗതികളുന്നയിക്കുന്ന പൗരന്മാർക്ക്, മനസ്സിന് സമാധാനം എന്നതുകൂടി ഉണ്ടാക്കാതെ, കാലതാമസം ഒഴിവാക്കൽ മാത്രം നടപ്പിലാക്കുന്നതു മതിയാവുമോ എന്നതു് ചിന്തിക്കേണ്ട വക നല്ലുണ്ട ഒരു കാര്യമാണ്. ഒരു ഫയലിന്റെ പിറകേ അന്വേഷിക്കാൻ വേണ്ടപ്പെട്ട ആളില്ലെങ്കിൽ, എക്സിക്യൂട്ടീവ് മേഖലയിൽ ഇന്നു പോലും കാലതാമസം ഒഴിവാക്കപ്പെടുന്നുണ്ടോ എന്നുള്ള സംഗതിയും പരിഗണനാർഹമാണ്. ഭൂപരിഷ്കരണ നിയമത്തിന്റെ നിർവഹണ സംഗതിയുടെ വർദ്ധിച്ചഭാരം കൂടി ഈമേഖലയിൽ വന്നുചേരുമ്പോഴത്തെ സ്ഥിതി ഊഹിക്കുകയാണു ഭേദം.

എന്തൊക്കെ ഉപാധി ഇക്കാര്യത്തിൽ വ്യവസ്ഥ ചെയ്യപ്പെട്ടാലും, പൊതുജനങ്ങളോടുള്ള അടിസ്ഥാനപരമായ വീക്ഷണത്തിന്റെ കാര്യത്തിലും, ബന്ധപ്പെട്ട കക്ഷികൾക്ക് സർവ്വ പ്രധാനമായ കാര്യങ്ങളാണ് താൻ നിർവഹിക്കുന്നതെന്ന ഉത്തരവാദിത്വബോധത്തിലും നമ്മുടെ എക്സിക്യൂട്ടീവ് മേഖല ഇന്നത്തേതിൽനിന്നും വളരെയേറെ ഉയരാത്തപക്ഷം, കാര്യങ്ങൾ ശാപത്തിൽ എത്തിച്ചേരുകയേയുള്ളു.

ഈ വക സംഗതികൾ നാടിന്റെ മുക്കിലും മൂലയിലും പ്രയോഗത്തിൽ വരുന്ന ഘട്ടത്തിൽ, വഴിപിഴച്ച നയത്തിൽ നിന്ന് എക്സിക്യൂട്ടീവ് മേഖലയെ രക്ഷിച്ചുനിറുത്തുന്നതിന് പൊതുജനങ്ങൾ ദത്തശ്രദ്ധരായി ഉണർന്നെങ്കിലേ പററുകയുള്ളു. അല്ലാത്തപക്ഷം, നാട്ടിൽ അരാജകത്വം സൃഷ്ടിക്കാൻ പോലും, എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരുടെ ചെയ്തികൾ പര്യാപ്തമായി എന്നു വരാവുന്നതാണ്. ചൈനയിലെ സാംസ്കാരിക വിപ്ലവത്തിന്റെ ഒരു പ്രത്യേകമേഖല, യൂണിവേഴ്സിററി വിദ്യാർത്ഥികൾ, എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരുടെ നേരെ തിരിച്ചുവിട്ടിരിക്കുന്നതായി കേട്ടുകേൾവിയുണ്ട്. കാലതാമസത്തിന് ഇടം കൊടുക്കുകയോ, നാട്ടിൽ ബോദ്ധ്യപ്പെട്ടതിനെതിരായി തീർപ്പുകല്പിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥന്മാരെ അവർ നേരിട്ടിരുന്നു എന്നതായിരുന്നു. ഈ മേഖലയിലെ പ്രവർത്തനത്തിന്റെ പ്രധാനരീതി എന്നാണ് പറയപ്പെടുന്നതു്

ൻചൈനയിലെ സംസ്കാരത്തെ അതേപടി നാം പിൻതുടർന്നില്ലെങ്കിലും, നമ്മുടെ സംസ്കാരം അനുസരിച്ച് പൊതുജനങ്ങൾ ഭൂപരിഷ്കരണനിയമത്തിൻെറ നിർവഹണത്തിൻെറ വിജയപ്രാപ്തിക്ക് യുക്തമായവിധത്തിൽ ചെറിയ യൂണിററുകളായി സംഘടിച്ചു പ്രവത്തിക്കുന്നതു് ഒരു പക്ഷേ പ്രയോജനപ്പെട്ടേയ്ക്കാവുന്നതാണു്. മന്ത്രിമാരും നേതാക്കന്മാരുംഇക്കാര്യത്തിനു് അവ്യക്തമായ രൂപത്തിൽ പൊതുജനങ്ങളെ ആഹ്വാനംചെയ്യുന്നുമുണ്ടു്. അങ്ങനെ സംഘടിപ്പിച്ച് ജാഗ്രത പൂണ്ടില്ലെങ്കിൽ ഭൂപരിഷ്കരണനിയമം എക്സിക്യൂട്ടീവു് മേഖല കൈകാര്യ ചെയ്യുന്നതു് ആപത്തിലേയ്ക്കു് വഴിതെളിക്കുന്ന പ്രതിഭാസമായി വരാവുന്നതേയുള്ളു.

കുടികിടപ്പുകാരനും, കർഷകത്തൊഴിലാളിക്കും, പാട്ടക്കാരനും, ജന്മിക്കും, മദ്ധ്യവത്തിക്കും ഒരുപോലെ താല്പര്യം വരുന്ന ഈ നിയമത്തിൻെറ നിർവഹണ മേഖല ഏല്പിക്കപ്പെട്ടിരിക്കുന്ന എക്സിക്യൂട്ടീവു് മേഖലയുടെ മൊത്തത്തിലുള്ള ഭാവനയും സമീപനവും ഇന്നു് ഏതു്തരത്തിലാണെന്ന കാര്യവും പൊതുജനങ്ങൾ തെററിദ്ധാരണ കൂടാതെ മനസ്സിലാക്കിക്കൊണ്ടുവേണം മുന്നോട്ടു നീങ്ങുവാനുള്ളതു്.

കേരളസംസ്ഥാനം പിരിച്ചെടുക്കുന്ന മൊത്തം നികുതിയുടെ അറുപതുശതമാനത്തോളമുള്ള സംഖ്യ ഇന്നു് ചെലവാക്കപ്പെടുന്നതു്, ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൊടുക്കുന്നതിനാണു്. കേന്ദ്രഗവൺമെൻറു് ഇക്കാര്യത്തിനു് എത്ര ശതമാനം ചെലവിടുന്നു എന്നു് ഈ ഗ്രന്ഥകാരനു് നിശ്ചയമില്ല. അമേരിക്കയിൽ അംഗീകാരം നേടിയിട്ടുള്ള സാമ്പത്തിക തത്വശാസ്ത്രങ്ങൾ ഉദ്ധരിക്കുന്നതു്, രാഷ്ട്രത്തിൻെറ മൊത്തം വരുമാനത്തിൻെറ ഇരുപത്തഞ്ചു ശതമാനത്തിൽ കവിഞ്ഞ സംഖ്യ ഭരണച്ചെലവിനു് വിനിയോഗിച്ചാൽ, രാഷ്ട്രം രക്ഷപ്പെടുകയില്ല എന്നാണു്. യൂറോപ്യൻരാജ്യങ്ങളിൽ, പ്രസ്താവിക്കപ്പെടുന്നതു്, മുപ്പതുശതമാനത്തിൽ കവിഞ്ഞ സംഖ്യ ഭരണച്ചെലവിനു് വിനിയോഗിക്കരുതെന്നാണു്. നമ്മുടെ സംസ്ഥാനത്തിൽ, അത്യാവശ്യമുള്ള റോഡുകളും പാലങ്ങളും പണിഞ്ഞുകിട്ടാത്തതാണേറയും, ആയിരക്കണക്കിനു അടിപൊക്കത്തിൽ മേഘലങ്ങൾ

എത്തിക്കുന്ന അറബിക്കടലിലെ വെള്ളം, നമ്മെ കൊഞ്ഞനം കുത്തിക്കൊണ്ടു്, യാതൊരു തടസ്സവുംകൂടാതെ തിരിച്ചു് അറബിക്കടലിൽ തന്നെ ചെന്നുവീഴാൻ സംഗതിയാവുന്നതുമെല്ലാം, പിരിച്ചെടുക്കുന്ന നികുതിയുടെ മുപ്പതുശതമാനത്തിൽ കവിഞ്ഞ സംഖ്യ, ശമ്പള വരുമാനത്തിൽ ചെലവഴിക്കുന്നതുകൊണ്ടു മാത്രമാണു്. വ്യവസായങ്ങൾക്കു്, അത്യന്താപേക്ഷിതമായസഹായധനങ്ങൾ എത്തിക്കുന്നതിനും, ഏററവും ചെറിയ കുടിലിൽതന്നെ അന്തിയുറങ്ങുന്നവനെമൺകട്ടകൊണ്ടുമറച്ച ഗൃഹത്തിലേക്കു് മാററിത്താമസിപ്പിക്കുന്നതിനും ഗവർമെൻറുകൾക്കു് കഴിയാത്തതിൻെറ കാരണവും മറെറാന്നല്ല. അഭ്യസ്ഥവിദ്യരായ യുവാക്കന്മാക്കു് സക്കാർ സേവനമല്ലാതുള്ള തൊഴിൽ മേഖലകൾ, ഈ നാട്ടിൽ പെട്ടുവിരിയാത്തതിൻെറ മൗലിക ഹേതു അന്വേഷിക്കുന്നതിനും നാം മറെറാരിടത്തും തേടിനടക്കേണ്ടതില്ല.

സമൂഹത്തിൻെറ അടിത്തട്ടിൽ കിടന്നു കഷ്ടപ്പെടുന്നവൻെറ ജീവിത നിലവാരത്തിൽ അല്പം ഉയർച്ച ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള പോംവഴികൾ ആലോചിക്കുന്നതിനുവേണ്ടി, നമ്മുടെ ഭാരിച്ച ശമ്പളം വാങ്ങുന്ന ഉദ്യോഗപ്രമുഖന്മാർ വളരെ വ്യയഹേതുകമായ, വിമാനയാത്രകളും മററും നടത്തി ക്ലേശിച്ചു് കോൺഫറൻസുകൾകൂട്ടുകയും ഗാഢങ്ങളായചർച്ചകളും പ്രസംഗങ്ങളും നടത്തി, തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നതു് ഇടതടവില്ലാതെ നടത്തിപ്പോരികയാണു്. കീഴെക്കിടയിലുള്ളവനെ ഉയർത്തിക്കൊണ്ടുവരാൻ വേണ്ടി അഹോരാത്രംഫയൽ നോക്കുകയും, പ്രശ്നങ്ങൾ പഠിക്കുകയും ചെയ്യുന്ന ഉന്നതരായ ഉദ്യോഗസ്ഥന്മാർ, ആദ്യപടിയെന്ന നിലയിൽ സുരക്ഷിതരായിരിക്കട്ടെ എന്ന രാഷ്ട്രത്തിൻെറ നിർബന്ധം അനുസരിച്ചു്, അവർക്കു് ശമ്പളത്തിനും, യാത്രപ്പടികൾക്കും പുറമെ ആശുപത്രികളിൽ അവർക്കും കുടുംബാംഗങ്ങൾക്കും സൗജന്യ ചികിൽസകളും, വിലകൂടിയ മരുന്നുകൾ, ടോണിക്കുകൾ എന്നിവ വാങ്ങി കുടുംബാംഗങ്ങളും അവരും ഉപയോഗിക്കുന്നതിനു് ബിൽ അനുസരിച്ചുള്ള തുകയും രാഷ്ട്രം നിയമാനുസരണം വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. പക്ഷെ, യഥാർത്ഥ

ത്തിൽ സംഭവിക്കുന്നതു്, സുഖകരമായ ഈ സൗജന്യങ്ങൾക്കു് മുൻഗണനയനുസരിച്ചു് നികുതിഭണ്ഡാഗാരത്തിൽ നിന്നും തുക ചെലവിടുന്നതുകൊണ്ടു്, ഒരു രൂപാ പ്രതിദിന വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജീവിച്ചിരുന്ന സാമാന്യ ജനതയിലെ അംഗം വർഷം മുക്കാൽ രൂപായുടെ സൗകര്യങ്ങൾ മാത്രമേ ലഭിക്കാൻ ഇടം കാട്ടുന്നുള്ളൂ എന്ന സ്ഥിതി സംജാതമാകുന്നു എന്നതാണു്. ഉദ്യോഗസ്ഥ മേധാവികളുടെ സുഖസൗകര്യങ്ങൾക്കും പ്രതാപം നിലനിറുത്തൽ നടപടികൾക്കുമായി സമ്പത്തുസംഭരിക്കുന്നതിനു വേണ്ടിയുള്ള നികുതിച്ചുമത്തലാണു് സാധാരണക്കാരന്റെ ജീവിതനിലവാരത്തെ ഇടിച്ചു താഴ്ത്തുന്നതു്. പുതിയ മോട്ടോർ വാഹനങ്ങൾക്കു് ചുമത്തിയിട്ടുള്ള എക്സൈസ് ഡ്യൂട്ടി, അവയുടെ വിലയുടെ ശതമാനമാണു. അവ പഴകിയാലും, ഭൂമുഖത്തുനിന്നും തിരോധാനം ചെയ്യുന്നതുവരെ ഭാരിച്ച തോതിലുള്ള വെഹിക്കിൾ ടാക്സിനു് വിധേയമാക്കപ്പെട്ടുകൊണ്ടേയിരിക്കും. ഈ നികുതികൾ ഇല്ലായിരുന്നുവെങ്കിൽ, ഇന്നു് ഒരു മൈൽ ബസ്സിൽ സഞ്ചരിക്കുന്നതിനു് അഞ്ചു പൈസാ നിരക്കിൽ കൊടുക്കേണ്ടിയിരിക്കുന്ന ചാർജ്ജു്, മൈലിനു് രണ്ടു പൈസയായി താഴ്ന്നുനിൽക്കുമായിരുന്നു. കുഞ്ഞുങ്ങളുടെ ആഹാരം ഒരു നേരത്തേതെങ്കിലും മുടക്കുവാൻ, താഴേക്കിടയിലുള്ള കുടുംബനാഥന്മാർ സാധാരണ നിർബന്ധിതരാകാറുള്ളതു് ഒരു ഉപഭോക്താവെന്ന നിലയിൽ അവർ വാങ്ങേണ്ട സാധനങ്ങൾക്കും മററും, വലിയ നികുതി നിമിത്തം കൂടുതൽ വില കൊടുക്കേണ്ടിവരുന്നതുകൊണ്ടാണു്.

ഇങ്ങനെ നാനാവിധത്തിലും ഞെരുക്കപ്പെടുന്ന സാധാരണക്കാരനാണു് സമൂഹത്തിന്റെ തൊണ്ണൂററി അഞ്ചു ശതമാനവും. അതുകൊണ്ടു് നികുതി ഭാരത്തിന്റെ തൊണ്ണൂററിഅഞ്ചു ശതമാനവും. അവരാണു താങ്ങുന്നതു. എന്തിനുവേണ്ടി? ഉദ്യോഗസ്ഥപ്രഭുക്കന്മാർക്കു്, സുഖമായി കാറിൽ സഞ്ചരിക്കുന്നതിനും ലോഭമില്ലാതെ ധനം വ്യയം ചെയ്യുന്ന കോൺഫറൻസുകൾ കൂടുന്നതിനും വേണ്ടി കടം പറയാതെ, ട്രഷറിയിൽനിന്നും പണം നൽകുന്നതിനുവേണ്ട.

നമ്മുടെ സമൂഹം നിയന്ത്രിക്കപ്പെടുന്ന പ്രത്യേകതാമായ

ഒരു രീതിയെപ്പററി അല്പം വിശദമായി ഈ ചർച്ച നടത്തിയതു് ഒരു പ്രത്യേക കാര്യം ഊന്നിപ്പറയുന്നതിനാണു്. സമൂഹത്തിൻെറ കീഴേക്കിടയിലുള്ള സാധാരണക്കാരൻെറയും അരപ്പട്ടിണക്കാരൻെറയും വിയർപ്പിൻെറ അരുചിയും ഉപ്പുരസവും മാററി ശുദ്ധീകരിച്ച രീതിയിൽ, അതിൻെറ ഗുണഫലങ്ങൾ ക്ഷോഭമില്ലാതെ അനുഭവിക്കുന്ന ഈ രാജ്യത്തെ ഉദ്യോഗസ്ഥമേധാവികൾ, സാധാരണക്കാരനെ എങ്ങനെയാണു് വീക്ഷിക്കുന്നതു് എന്ന ചോദ്യത്തിനു് ഉത്തരം കാണുന്നതിനുവേണ്ടിയാണു് ഈ ചർച്ച നടത്തിയതു്. പട്ടിണി കിടക്കുന്നവനും, കൈവണ്ടി വലിക്കുന്നവനും, ഉദ്യോഗസ്ഥമേധാവിയുടെ ദൃഷ്ടിയിൽ മ്ലേച്ഛനാണു്. നമ്മുടെ ജനകീയഭരണം വന്നതിനുശേഷം സാധാരണ ജനങ്ങളിൽ നിന്നും അകന്നു്, പ്രഭുത്വത്തിൻെറയും ഔന്നത്യത്തിൻെറയും ഒരു വലയം സൃഷ്ടിച്ചു് സാധാരണക്കാരൻെറ വിയർപ്പിൻെറ ദുർഗ്ഗന്ധത്തിൽ നിന്നും വിദൂരതയിലിരിക്കുവാൻ മാത്രമേ നമ്മുടെ ഉദ്യോഗസ്ഥമേധാവികൾ ഇന്നോളം പ്രവണത കാണിച്ചിട്ടുള്ളൂ. മേധാവികൾ ധനവാന്മാരുടെ പക്ഷത്താണെന്നു് ആരോപണമുണ്ടു്. അതു് ശരിയാണെന്നുതന്നെയിരിക്കട്ടെ. നമ്മുടെ എക്സിക്യൂട്ടീവിൽ വലിയവനും, സാധുവായവനും ഒരേ രീതിയിൽ പരിഗണന ലഭിക്കുന്നുണ്ടോ? അതോ വലിയവൻെറ കാര്യങ്ങൾ എളുപ്പം സാധിക്കുകയും അവ മിക്കവാറും, അവനു് അനുകൂലമായിത്തന്നെ തീരുമാനിക്കപ്പെടുകയും ചെയ്യുമ്പോൾ, ശിപായി പദവിക്കാരനെക്കൊണ്ടു് ശുപാർശ പറയിക്കുവാൻ പ്രാപ്തിയില്ലാത്ത സാധുവിൻെറ കാര്യം, ബോധിച്ച പാടു് തീർച്ചപ്പെടുത്തുകയുമാണുണ്ടാവുന്നതു് എന്നു് ഒരു ആരോപണം ഉന്നയിച്ചാൽ എക്സിക്യൂട്ടീവിനെ സംബന്ധിച്ച അതു് എത്രമാത്രം ശരിയായിരിക്കും എന്നു് വായനക്കാർ സ്വയം ചിന്തിക്കണമെന്നഭ്യർത്ഥിക്കുന്നു. ഒരു പ്രമാണി ചെന്നുപറയുന്ന കാര്യം ശ്രദ്ധയോടെയും, പെരുമാററത്തിൽ മര്യാദയോടെയും ചെവിക്കൊള്ളുമ്പോൾ, ഒരു സാധുവായ മനുഷ്യൻ ചെന്നു പറയുന്ന കാര്യം, ക്ലാർക്കിനോടു ചർച്ചനടത്തുന്നതിനിടയിൽ മാത്രം കേട്ടു്, സങ്കടക്കാരനെ പറഞ്ഞയയ്ക്കുന്ന പ്രവണത

ഉദ്യോഗസ്ഥമേധാവികളിൽ ഇല്ലയോ, എന്ന ചോദ്യവും ഇ
ക്കൂട്ടത്തിൽ ഉന്നയിച്ചു കൊള്ളുന്നു. സമീപകാലത്തായി, സ്റ്റേ
റ്ററാട്ടുകളുള്ള സാമാന്യം ഉയർന്ന ഉദ്യോഗസ്ഥന്മാർ, അവരുടെ
ഓഫീസ് മുറികളുടെ വാതിലുകളിലും ജനലുകളിലും കർട്ടൻ
സ്ഥാപിക്കുകയും, സാധാരണക്കാർ കടന്നുവരാത്തവിധം ശി
പായിയെ കാവൽ നിറുത്തുകയും ചെയ്യുന്ന ഒരു സമ്പ്രദായം,
ഏതാണ്ട് ഒരേകാലത്തു നടപ്പാക്കി. ഒരു സർക്കാരാഫീസിനെ
ഭംഗിയായും ചിട്ടപ്പടിയും സൂക്ഷിക്കുന്നതിനോട് വിയോജി
പ്പുള്ളതുകൊണ്ട് ഇക്കാര്യം പരാമർശിക്കുന്നതല്ല. എന്നാൽ, ത
ന്റെ അന്നദാതാവും വളർത്തുപിതാവുമായ സമുദായത്തിന്റെ
കീഴേത്തട്ടിലുള്ളവനിൽ നിന്നും, ഒരു പടികൂടി അകലുവാനു
ള്ള പ്രകടമായ ഒരു നടപടിയാണ് ഈ മറസ്ഥാപിക്കലിൽ
ദൃശ്യമാകുന്നത് എന്ന് സൂചിപ്പിക്കുവാൻ ഇക്കാര്യം എടുത്തു പ
റയുന്നുവെന്നേയുള്ളു. ഒരു പ്രമാണിയായ മനുഷ്യന് ഏതു നിമി
ഷവും അനുവാദം കൂടാതെ മറ നീക്കി അവിടെ പ്രവേശിക്കാം.

രാജാധികാരവും, ബ്രിട്ടീഷ് ഭരണവും, നമ്മുടെ നാട്ടിൽ
നിന്നും തിരോധാനം ചെയ്തശേഷം, സമുദായത്തിന്റെ ആസ്ഥി
കളിൽ, സമ്പത്തിന്റെ മേഖലയിലും, പ്രാധാന്യത്തിന്റെ
മേഖലയിലും പ്രത്യേകതരമായ ഒരു വർഗ്ഗം എന്നനിലയിൽ
തന്നെ പിടിമുറുക്കം വർദ്ധിപ്പിക്കുന്ന ഒരു രാജകുമാരവംശം,
എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥമേഖലയിൽ വേരുപിടിച്ചുകഴി
ഞ്ഞിരിക്കുന്നു. സന്ദർഭവശാൽ, മഹനീയമായ സ്ഥാനത്ത്
തങ്ങൾ എത്തിച്ചേർന്നിരിക്കുന്നതാണെന്നും, അതിലെ ആസ്വാ
ദ്യകരങ്ങളായ സകല അനുഭൂതികൾക്കും സാമ്പത്തികസംവി
ധാനം ഉണ്ടാക്കിക്കൊടുക്കുന്നത് ഇന്നാട്ടിലെ പാവപ്പെട്ടവനും
പട്ടിണിക്കാരനും ആണ് എന്ന ബോധത്തോടുകൂടി ഓഫീസി
ലെ കർട്ടനുകളെ അഴിച്ചുമാറ്റി, സാമാന്യജനതയുടെയിടയി
ലേക്കു് ഇറങ്ങിവരാൻ ഈ രാജകുമാരവംശം തയ്യാറാകാത്തിട
ത്തോളം കാലം, ഈ രാജ്യം പുരോഗതിയുടെ പന്ഥാവിൽ
പ്രവേശിക്കുകയില്ല.

ദൗർഭാഗ്യവശാൽ, ജനങ്ങളുടെ പ്രതിനിധികളായി, അ
ധികാരത്തിലേറ്റപ്പെട്ട ഭരണാധികാരികളും, ഉദ്യോഗസ്ഥപ്രമു

ഖന്മാരുടെ വലയിൽപ്പെട്ടു കുരുങ്ങുന്നതിനു മാത്രമേ, കഴിവു പ്രകടിപ്പിച്ചിട്ടുള്ളു. ഒരു നിയമസഭാസാമാജികൻമന്ത്രിപദത്തിലേയ്ക്കു് അവരോധിക്കപ്പെട്ടു എന്നു കേട്ടാലുടൻ, ഉദ്യോഗസ്ഥപ്രമുഖന്മാർ, ഓഫീസിന്റെ പടിക്കൽവരെ പട്ടുവിരിച്ചു് മന്ത്രിമാരെ, അതിലൂടെ നടത്തി, ഭരണാധികാരത്തിന്റെ ശ്രീകോവിലിൽ കൊണ്ടിരുത്തുകയായി. ഉദ്യോഗസ്ഥന്മാരുടെ മേൽകോയ്മ, മന്ത്രിമാക്കു് ഒരു പരിധിവരെ ഉണ്ടെന്നു് ധരിച്ചിട്ടുള്ള കുശാഗ്രബുദ്ധികളായ ഉദ്യോഗസ്ഥ പ്രമുഖന്മാർ, അപ്പോഠം മുതൽ മന്ത്രിമാരുടെ സേവകന്മാരും പൂജയപ്പിക്കുന്ന ആരാധകരുമായി മാറുന്നു. മന്ത്രിമാരെ സമീപിക്കുവാൻ ചെല്ലുന്ന തെണ്ടിയോടും പട്ടിണിപ്പാവത്തിനോടും, „മന്ത്രി, ഞങ്ങളുടെ യജമാനനാണു്; നിന്നേക്കാളും എത്രയോ ഉയന്ന പടിയിൽനിൽക്കുന്ന ഞാൻതന്നെ സേവന മനോഭാവത്തോടുകൂടി പാദസേവ ചെയ്യുന്ന മന്ത്രിയുടെ പക്കൽ, നിനക്കെന്തു കാര്യം? വിവരവും വിവേകവും നിനക്കുണ്ടോ? നിനക്കു് വല്ലതും സാധിക്കാനുണ്ടെങ്കിൽ, അതു് കടലാസിലെഴുതി കൊടുത്തിട്ടുപോയിക്കൊള്ളു; സക്കാരുകാര്യം മുറപോലെ നടക്കും; ആ മുറ നിശ്ചയിക്കേണ്ടവർ, നിന്റെ മന്ത്രിപോലുമല്ല, ഞങ്ങളാണു്" എന്ന വചകങ്ങളിലൂടെ പ്രകാശിപ്പിക്കാവുന്ന ഭാവനയുടെ സ്വരത്തിലാണു് ഉദ്യോഗസ്ഥ പ്രമുഖരുടെ പ്രതികരണം. ഭരണകാലത്തിനിടയ്ക്കു് മന്ത്രിമാരോടു്, വേണ്ടപ്പോഠം ഇണങ്ങിയും, വേണ്ടപ്പോഠം പിണങ്ങിയും, മററു പലവിധത്തിലുള്ള തന്ത്രങ്ങഠം പ്രയോഗിച്ചു, മന്ത്രി അറിഞ്ഞും അറിയാതെയും, സ്വന്തമായി നിരവധി ആനുകൂല്യങ്ങഠം നേടിയെടുത്തും, ഖജനാവു ചോത്തിയും കൂടുതൽ ശക്തന്മാരാകുന്നതിനാണു് ഉദ്യോഗസ്ഥ പ്രമുഖന്മാർ മുഖ്യമായും ശ്രദ്ധിക്കാറുള്ളതു്. കൂട്ടത്തിൽ, സർക്കാർ കാര്യം മുറപോലെ നടക്കുന്ന തത്വമനുസരിച്ചു്, നാട്ടിലെ പൊതുക്കാര്യങ്ങളും ചിലതു നടക്കും. അവയിൽത്തന്നെ ഭൂരിഭാഗവും, പ്രമാണിമാരായവരുടെ കാര്യസാദ്ധ്യങ്ങളുമായിരിക്കും.

മുകഠംത്തട്ടിലിരുന്നുകൊണ്ടു്, ഈ വിധമുള്ള ചെയ്തികഠം നടത്തുന്നവരെ, ഭാഗ്യവാന്മാരെന്നും പ്രമാണികളെന്നും ഗണി

ക്കുന്നവരാണു്, അതിനു്താഴോട്ടുള്ള വിവിധപടികളിൽഉദ്യോഗം വഹിച്ചു സർക്കാർസേവനം നടത്തുന്ന വിപുലമായ ഒരു ശൃംഖലയിലേയ്ക്കാണു് കുടികിടപ്പുകാരൻെറയും, കുടിയാൻെറയും, ജന്മിയുടേയും തർക്കങ്ങൾ അവസാനിപ്പിച്ചു് ബൃഹത്തായ നേട്ടങ്ങൾ കൈവരിക്കുകയെന്നതു് ലക്ഷ്യമാക്കുന്ന ഭൂപരിഷ്കരണനിയമത്തിൻെറ നിർവ്വഹണമേഖല ഏല്പിക്കപ്പെട്ടിരിക്കുന്നതു്. ഇന്നു് സിവിൽ സർവ്വീസിൽ കാണുന്ന സ്വഭാവത്തിൻെറ മാനദണ്ഡവും സമീപനരീതിയും, അലകും പിടിയുംമാറിയാലല്ലാതെ, ഈ സദുദ്ദേശം സഫലീകരിക്കപ്പെടാൻ പോകുന്നില്ല. ഈ സംഗതിയിലാണു്, പൊതുജനങ്ങൾ, ശ്രദ്ധകേന്ദ്രീകരിക്കേണ്ടതു്.

ഉദ്യോഗസ്ഥൻ ഉയർന്നതാകുന്തോറും, കൂടുതൽ മാന്യമായ സ്വഭാവശുദ്ധി അയാളിൽ ദൃശ്യമാണു് എന്ന ധാരണ തെററാണു്. നമ്മുടെസമൂഹത്തിൻെറ സംവിധാനത്തിൽ, ഉദ്യോഗം എത്ര കണ്ടുയർന്നതാണോ, അത്രകണ്ടു് അയാളുടെ ഗർവ്വും ഉയർന്നതായിരിക്കും എന്നാണുകാണുന്നതു്. അതനുസരിച്ചുള്ള ഇടുങ്ങിയ മനസ്ഥിതി, എല്ലാ ഉദ്യോഗസ്ഥന്മാരിലും കാണാവുന്നതുമാണു്. കേവലം ശുംഭന്മാരാണു്, ഈ സ്ഥാനങ്ങളിൽ കുടിയിരിക്കുന്നതു് എന്നു വരാവുന്നതാണു്. അത്രത്തോളംഅയാൾ സാർവ്വഭൗമനാണെന്നു് സ്വയം വിശ്വസിക്കുകയും ചെയ്യും. ഇതിൻെറ ഫലമായി ഒരുപൗരനോ, ഒരു കീഴുദ്യോഗസ്ഥനോ, തൻെറ അഭിപ്രായത്തിനെതിരായി ശബ്ദിക്കുന്നപക്ഷം, അയാളെ വകവരുത്തിയല്ലാതെ, ഉദ്യോഗസ്ഥപ്രമുഖനു് തൃപ്തിവരാറില്ല. സംഗതമായ കാര്യങ്ങളുടെ സാരാംശമെന്തു്, ആരുടെ പക്ഷത്താണു് ന്യായം എന്നുംമററും പരിശോധിക്കുന്നതിനുള്ള വിശാലഹൃദയം അയാളിൽ ദൃശ്യമാകാറേയില്ല. സാർവ്വഭൗമനായ തൻെറ വാശിയാണു്ശരിയെന്നു്വരുത്തിക്കൂട്ടുവാൻ വേണ്ടി അയാൾ, ആരോടും എന്തും പറയുകയും പ്രവർത്തിക്കുകയും ചെയ്യുകയെന്നതു് നമ്മുടെ ഉദ്യോഗസ്ഥമേഖലയിൽ നിത്യസംഭവമാണു്. ഈ വിധമുള്ള അപകടമേഖലകളിലൂടെയാണു്, ഭൂപരിഷ്കരണ നിയമത്തിൻെറ നിർവ്വഹണ സംഗതികൾ കടന്നു പോകാനാരംഭിക്കുന്നതെന്നു്, ഒരു

മുന്നറിയിപ്പു പൊതുജനങ്ങൾക്ക് തരുകമാത്രമാണ് ഈ ചർച്ചകൊണ്ടുദ്ദേശിക്കുന്നതു്. പട്ടിണിക്കാരനും, വിയർപ്പുചിന്തി പണിയെടുക്കുന്നവനുമായ സാധാരണക്കാരൻെറ മുഖത്തു്, കുററബോധത്തോടുകൂടിയല്ലാതെ നോക്കുവാൻ ഇവിടത്തെ പ്രമാണിയായ ഉദ്യോഗസ്ഥൻ എന്നു് തയ്യാറാവുമോ അന്നു് മാത്രമേ, ഈ രാജ്യത്തു് ജനകീയം ഉദയം ചെയ്യുകയുള്ളൂ. നിർഭാഗ്യവശാൽ ഭരണാധികാരികളുടെ പ്രവണത നേരെമറിച്ചാണു്. ഇതിനു വേണ്ടിയുള്ള പ്രചോദനം ജനസാമാന്യത്തിൻെറ സമ്മർദ്ദ തന്ത്രം കൊണ്ടേ വരികയുള്ളൂ. ഭൂനിയമങ്ങളുടെ നിർവഹണം ഇതിനു് പററിയ അവസരങ്ങൾ ധാരാളമായി പ്രദാനം ചെയ്യുവാൻ കെല്പുള്ള ഒരു പ്രസ്ഥാനമായിരിക്കും.

നമ്മുടെ രാഷ്ട്രീയ നേതാക്കന്മാരുടെ ഇന്നത്തെ പ്രവണത, എത്രയധികം സമ്പത്തു്, നല്ല കാലത്തു് സമ്പാദിച്ചുകൂട്ടുവാൻ സാധിക്കും എന്ന പരീക്ഷണം നടത്തുകയെന്നതായി മാറിയിട്ടുണ്ടു്. ആദായകരമായ വ്യവസായത്തേക്കാൾ കൂടിയതോതിൽ സമ്പത്തു സ്വരൂപിക്കുവാൻ ചുരുങ്ങിയ സമയംകൊണ്ടു് അവർക്കു സാധിക്കുന്നു. അവരേയും നോക്കിയിരിക്കാതെ സാധാരണക്കാരൻ, സംഘടിക്കുകയെന്നതാണു് ഇന്നു് കരണീയമായിട്ടുള്ള ഏക പോംവഴി.

## അദ്ധ്യായം 18

# പുതിയ ഉദ്യോഗസൃഷ്ടി

വിപ്ലവാത്മകമായ സന്ദേശവുമായി നമ്മുടെ മുമ്പിൽ അവതരിച്ചിരിക്കുന്ന ഭൂനിയമം, അതിന് എക്സിക്യൂട്ടീവ് മേഖലയുമായുള്ള ബന്ധംമൂലം മറ്റൊരു സജീവപ്രശ്നം കൂടി സൃഷ്ടിച്ചിരിക്കുന്നു. 1970 ജനുവരി 1-ാം തീയതിതന്നെ നിയമത്തിലെ എല്ലാ വകുപ്പുകളും നടപ്പിൽ വരുത്തിയതുകൊണ്ട്, കുടിയായ്മയിൽപ്പെട്ട കേരളത്തിലെ എല്ലാ ഭൂമികളുടേയും പൂർണ്ണാവകാശം ഇപ്പോഴേയ്ക്കും ഗവൺമെന്റിൽ ലയിച്ചുകഴിഞ്ഞിരിക്കുന്നു. അവയുടെ ഉടമാവകാശം, "സർട്ടിഫിക്കറ്റ് ഓഫ് പർച്ചേസ്" വഴി കുടിയാനിൽ നിക്ഷിപ്തമാകുന്നതുവരെ, തടഞ്ഞാൽ നിൽക്കാത്ത നിയമനിർവ്വഹണം ഇനി നടന്നേ പറ്റൂ. അതു് സാധിക്കുന്നതിനുമുമ്പായി നടത്തപ്പെടേണ്ട പ്രാരംഭവിചാരണകൾ വളരെ സങ്കീർണ്ണമാണ്. മിച്ചഭൂമികൾ നിജപ്പെടുത്തുന്നതിനും, അവയെ കൈകാര്യം ചെയ്യുന്നതിനും വേണ്ടി, അനേകം കോടതികളുടെ ജോലിചെയ്തു തീർക്കേണ്ടിവരും.

കഴിഞ്ഞ കാലങ്ങളിൽ വ്യവഹാരത്തിന് ആവശ്യം നേരിടുന്ന വ്യക്തികൾ അവരവരുടെ ആവശ്യമനുസരിച്ച് അപ്പോഴപ്പോൾ വ്യവഹാരം ബോധിപ്പിക്കുന്ന പതിവു മാത്രമേ

ഉണ്ടായിരുന്നുള്ളു. ഇന്നാകട്ടെ, സംസ്ഥാനമൊട്ടാകെയുള്ള എല്ലാഭൂമികളെപ്പററിയും ഉള്ളപരിഗണന ഒരേസമയത്തു തന്നെ ചർച്ച ചെയ്യപ്പെട്ടത്തു് വിചാരണചെയ്തു തീരുമാനിക്കേണ്ടിവരുന്നു. ഒട്ടനവധി കോടതികൾ ഉണ്ടായാലേ ഇക്കാര്യങ്ങൾ സാധിക്കുകയുള്ളൂ.

രാഷ്ട്രത്തിനു് താങ്ങാനാവാത്ത ഭാരം വരുത്തിവയ്ക്കുത്തക്കവണ്ണം ആവശ്യത്തിനും അനാവശ്യത്തിനും ഉദ്യോഗങ്ങൾ സൃഷ്ടിക്കുവാൻ ബദ്ധകങ്കണരായ ഉദ്യോഗസ്ഥമേധാവികളും ഭരണകർത്താക്കളും കൂടിച്ചേർന്നു്, ഭൂപരിഷ്ക്കരണ നിയമത്തിന്റെ പേരിൽ, ലാൻഡ് ട്രൈബ്യൂണലുകൾ, കൂടുതൽ തഹശീൽദാരന്മാർ, കൂടുതൽ റവന്യൂ ഡിവിഷനാഫീസറന്മാർ തുടങ്ങി എണ്ണമററ ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നതിനുള്ള അവസരമായിഈ അനിയന്ത്രിതാവസ്ഥയെ മുതലെടുക്കാവുന്നതാണു്. അതിനുവേണ്ടിയുള്ള കരുനീക്കങ്ങൾ ഇപ്പോഴെ ആരംഭിച്ചിട്ടുള്ളതായി മനസ്സിലാക്കാനും സാധിച്ചിട്ടുണ്ടു്.

ഈ രാജ്യത്തു് ഇന്നുതന്നെ നിലവിലുള്ള കോടതികൾ, ആവശ്യത്തിലധികമാണെന്നുള്ളതു്, നിഷ്പക്ഷമതിയായി സംസാരിക്കുമ്പോൾ ഏതു ഭരണാധികാരിയും സമ്മതിക്കുന്ന ഒരു കാര്യമാണു്. ബന്ധപ്പെട്ടവനു് ഉദ്യോഗത്താഴ്ചവരാതിരിക്കുന്നതിനും, സ്വന്തക്കാരനു് പ്രമോഷൻ നൽകാൻപഴുതു കണ്ടുപിടിക്കാനുംവേണ്ടി നില നിറുത്തപ്പെടുന്ന ഉദ്യോഗങ്ങളും ധാരാളമായുള്ളതാണു്. ഭരണാധികാരവുമായി നേരിട്ടുബന്ധപ്പെടുവാൻ അവസരം ലഭിക്കാത്ത ഇന്നാട്ടിലെ ലക്ഷോപലക്ഷം സാധുക്കളായ നികുതിദായകർ ഇതൊക്കെ മൂകരായി സഹിച്ചു പോവുകയാണു്. നമ്മുടെ നാടു് ഇരുപതു കൊല്ലത്തെ ജനകീയത്തിനുശേഷവും, ഭൂരിപക്ഷക്കാരുടെ ദാരിദ്ര്യത്തിന്റെ വിളനിലമായി നിലകൊള്ളുവാൻ സംഗതിയാവുന്നതിന്റെ മുഖ്യകാരണം, നമ്മുടെ ജനപ്രതിനിധികളായ ഭരണാധികാരികളും, നാട്ടുകാരന്റെ വേദനയറിയാൻ കൂട്ടാക്കാത്ത ഉദ്യോഗസ്ഥമേധാവികളും കൂടി, വാശിപിടിച്ചു് ഉദ്യോഗസ്ഥപ്പെരുപ്പം നടപ്പിലാക്കിക്കൊണ്ടുപോന്നു, ജനകീയത്തിന്റെ കീഴിൽ എന്നതാണു്.

ഏതൊരുദ്യോഗസ്ഥമേധാവിയെക്കണ്ടു സംസാരിച്ചാലും തന്റെ ഓഫീസിൽ "Sanctioned Strength" മുഴുവൻകിട്ടിയിട്ടില്ല എന്നു പരാതി പറയുന്നതു കേൾക്കാം. എല്ലാ കാലവിളംബവും ഈ പോരായ്മകൊണ്ടാണെന്നു് അവർ വാചാലമായി സമർത്ഥിക്കും. കീഴ്സിൽബന്ധികളുടെ എണ്ണം വർദ്ധിച്ച തോതിൽ നിശ്ചയിക്കുന്നതു് ഉദ്യോഗത്തിന്റെ പ്രൗഢിക്കു് മാററ കൂട്ടുന്നു എന്ന ഒരു ചിന്താഗതി നമ്മുടെ ഉദ്യോഗസ്ഥമേധാവികളിൽ കടന്നുകൂടിയിട്ടുണ്ടു്. താനും തന്റെ കീഴിൽ ഇപ്പോൾ ഉള്ളവരും "ഉണ്ട ചോറിനു് മുഴുവൻ പ്രതിഫലവും ജനതയ്ക്കു നൽകുന്നുവോ" എന്ന പരിഗണനയ്ക്കുവേണ്ടി ആരും മെനക്കെടുന്നതുകാണാനില്ല. ഗസററഡ് റാങ്കിലുള്ളഒരു പുതിയ ഉദ്യോഗം സൃഷ്ടിക്കുമ്പോൾ അതിന്റെ പരിവേഷത്തിനുവേണ്ടി എത്ര തരം കീഴുദ്യോഗങ്ങളും മററു് ചെലവുകളും വേണ്ടി വരുന്നു എന്നും ആരും പരിശോധിക്കാറില്ല. ഉദ്യോഗസ്ഥന്മാരുടേയുംകീഴ്സിൽബന്ധികളുടേയും എണ്ണംസ്റ്റേററിൽ തീരെഅപര്യാപ്തമെന്നു തോന്നിപ്പിക്കുന്നവിധം ലാഘവബുദ്ധിയോടു കൂടി ഖജനാവു ചോർത്തുന്ന പ്രവണത നമ്മുടെ നാടുഭരിച്ച ഏതു ഭരണാധികാരിയും പ്രകടമാക്കിയിട്ടുണ്ടു്. അവരുടെ ഉപദേഷ്ടാക്കളായ ഉദ്യോഗസ്ഥമേധാവികൾ തങ്ങളുടെ പ്രൗഢിയുടെ മാനദണ്ഡമായി പുതിയ ഉദ്യോഗ സൃഷ്ടിക്കുള്ള ഉത്തരവുകൾ ഭരണാധികാരികളെക്കൊണ്ടു് പാസ്സാക്കുവാനും വ്യഗ്രത കാണിക്കുകയാണു് ചെയ്തിട്ടുള്ളതു്.

ഇന്നു് നമ്മുടെ ഗവൺമെൻറു് സർവീസിലുള്ള ഉദ്യോഗസ്ഥന്മാരുടെയും കീഴ്സിൽബന്ധികളുടെയും ഒരു കൊച്ചു ശതമാനം വിശ്രമമില്ലാതെപണിയെടുക്കുന്നവരായി ഉണ്ടു് എന്ന കാര്യവും അവഗണിക്കപ്പെടാവുന്നതല്ല. ഒരു ചെറിയ ശതമാനം ഉദ്യോഗസ്ഥന്മാർ കഠിനമായിഅദ്ധ്വാനം ചെയ്യുമ്പോൾ ബഹുഭൂരിപക്ഷം വരുന്ന ആളുകൾ അവരെക്കൊണ്ടു് ആവുന്നതിന്റെ നാലിലൊന്നുപോലും നിർവ്വഹിക്കുവാൻ മെനക്കെടാതെ കഴിഞ്ഞുകൂടുന്നുണ്ടു്. വലുതായൊന്നും നിർവ്വഹിക്കുവാനില്ലാത്തതുകൊണ്ടു് അലസന്മാരായി കഴിയേണ്ടിവരുന്ന ഉദ്യോഗസ്ഥന്മാരുടെ എണ്ണവും കുറവല്ല. ഇവയെല്ലാം ക്രമീക

രിക്കുന്നതിനു് ഭരണ ധുരന്ധരന്മാരെന്നു് സ്വയം വിശ്വസി ക്കയും മററുള്ളവരെ ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിക്കയും ചെയ്യുന്ന ഉദ്യോഗസ്ഥപ്രമുഖരോ ഭരണാധികാരികളോ ഇന്നു വരെ തുനിഞ്ഞിട്ടില്ല. പുതിയ ഉദ്യോഗം സൃഷ്ടിക്കൽ ആണു് അവരുടെ ഭരണ പാടവത്തിന്റെ മാനദണ്ഡമായി അവർ കണ്ടിട്ടുള്ളതു്.

കഴിഞ്ഞതെല്ലാം കഴിഞ്ഞു. ഇനിയും അതാവർത്തിച്ചു കൂടാത്തതാണു്. ഇപ്പോഴത്തെ പരിഷ്കാരംകൊണ്ടു് സംസ്ഥാനത്തെ മുൻസിഫ് കോടതികളിൽ പ്രായേണ കേസുകൾ ഇല്ലാതെയാകും. സബ് കോടതികളിലും അധികം താമസിയാതെ ഇതിന്റെ പ്രതിഫലനം അനുഭവപ്പെടും. അതുപോലെ R. D. O തസ്തികകളിലും തഹശീൽദാർ തസ്തികകളിലും അനാവശ്യമായ അനേകം ഉദ്യോഗങ്ങൾ വേണ്ടപ്പെട്ടവരുടെ പ്രൊമോഷനുവേണ്ടി മാത്രം നിലനിറുത്തപ്പെടുന്നതായുണ്ടു് എന്നു് ഈ നാട്ടിൽ എല്ലാവർക്കും ബോദ്ധ്യമുള്ളതാണു്. ഇന്നു നിലവിലുള്ള പ്രസ്തുത തസ്തികകളെയെല്ലാം അതുപോലെ സംരക്ഷിച്ചു നിറുത്തിക്കൊണ്ടു്, ഭൂപരിഷ്ക്കരണ നിയമത്തിന്റെ പേരിൽ പുതിയൊരുദ്യോഗസ്ഥപ്പട സൃഷ്ടിക്കുന്നതിനുള്ള നടപടികൾ നടത്താൻ മാത്രമേ നമ്മുടെ ഭരണധുരന്ധരന്മാർക്കു് പരിചയമുള്ളു. സാധുക്കൾക്കു് പ്രയോജനകരമായ പൊതു പരിപാടികൾ ഒന്നും നടപ്പിലാക്കുവാൻ ഗവർമ്മെൻറുകൾക്കു് പിന്നെ കഴിവില്ലാതെ വരും.

അതുകൊണ്ടു്, ഇന്നു നിലവിലുള്ള കോടതികളേയും, R. D. O. തസ്തികകളെയും, തഹശീൽദാർ ശ്രേണിയിലുള്ള എണ്ണമററ തസ്തികകളെയും ബുദ്ധിപരമായി ക്രമീകരിച്ചാൽ ഭൂപരിഷ്കരണ നിയമത്തിന്റെ നിർവ്വഹണത്തിനായി തിരിച്ചുവിടുവാൻ വേണ്ടുന്നവ ലഭിക്കുന്നതായിരിക്കും. നിലവിലുള്ള ഉദ്യോഗസ്ഥമേഖലയെ അശേഷംപോലും വർദ്ധിപ്പിക്കാതെ കാര്യങ്ങൾ നടത്തുകയും ചെയ്യണമെന്നു്, മന്ത്രിമാരും ഉദ്യോഗസ്ഥപ്രമുഖന്മാരും അടങ്ങുന്ന ഭരണാധികാരത്തോടു് നിർബന്ധപൂർവ്വമായി ആവശ്യപ്പെടാൻ പൊതു ജനങ്ങൾ മുന്നോട്ടുവരേണ്ട അവസരം വന്നിരിക്കുകയാണു്. ഇപ്പോൾത്തന്നെ ശുഷ്ക

മായിരിക്കുന്ന ഖജനാവിൻെറ നേർക്ക് ഈ വിധത്തിൽ നടത്താവുന്ന കടന്നാക്രമണത്തെ ശക്തിയായി ചെറുത്തു നിൽക്കുവാനുള്ള കത്തവ്യം, ഇന്നാട്ടിലെ പാവങ്ങളുടേതാണു്. തൊഴിലില്ലാതെ ഈ രാജ്യത്തു് കഷ്ടപ്പെടുന്ന അഭ്യസ്തവിദ്യർക്ക്, നാളെയൊരു കാലത്തെങ്കിലും തൊഴിൽ സാദ്ധ്യതയുണ്ടാകണമെങ്കിലും, നമ്മുടെ ഖജനാവിനെ നിരന്തരം കുത്തിപ്പൊളിക്കുന്ന ഈ പ്രവണതയെ സുധീരം ചെറുത്തു നിറുത്തുകയെന്നതാണു് ഏകപോംവഴി.

ഭൂമിയുടെ ഉടമാവകാശം ലഭിക്കുവാൻ പോകുന്ന കുടിയാനു്, കൃഷി നടത്തുവാൻ ജലം ലഭിക്കണമെങ്കിൽ, സഹ്യാദ്രിയിൽ നിന്നും അറബിക്കടലിലേക്കു് പാഞ്ഞുപോകുന്ന വെള്ളത്തെ തടുത്തുനിറുത്തിയേ പററൂ. ഭൂപരിഷ്കരണനിയമം നടപ്പിൽ വരുത്തുന്നതിൻെറ പേരിൽ ഇന്നു് പ്ലാൻ ചെയ്യുന്ന വിധം പുതിയ ഉദ്യോഗസൃഷ്ടി നടത്തപ്പെടുന്നപക്ഷം, ഭൂമിലഭിക്കുന്ന കർഷകനു്, കൃഷി ചെയ്യുവാനുള്ള വെള്ളം ഒരു കാലത്തും ലഭിക്കുവാനിടയാവുകയില്ല.

സമീപകാലത്തു് "പഞ്ചായത്തു രാജ്" എന്ന അത്യന്തം മോഹനമായ ഒരു പ്രസ്ഥാനം നമ്മുടെ മുമ്പിൽ അവതരിപ്പിക്കപ്പെട്ടു. അതിനെ വിശകലനം ചെയ്തുനോക്കുമ്പോൾ സെക്രട്ടേറിയററിലും മററുമുള്ള നിരവധി ഉദ്യോഗസ്ഥന്മാർക്കു്, ഉദ്യോഗക്കയററങ്ങളുടെ രംഗസംവിധാനം മാത്രമായിരുന്നു, അതിലെ യഥാത്ഥ പൊരുൾ എന്നു മനസ്സിലാക്കുവാൻ പ്രയാസമുണ്ടാകുമായിരുന്നില്ല. അത്യന്തം ആകർഷകമായ പ്രസ്ഥാനത്തിൻെറ പേരു പറഞ്ഞു്, ഉദ്യോഗസ്ഥമേധാവികൾ, ഖജനാവു ചോർച്ചയ്ക്കു് ഒപ്പിച്ചുവച്ച ഒരു കെണിയാണു് അതിൽ ഉണ്ടായിരുന്നതു്. നമ്മുടെ ജനപ്രതിനിധികളാരും ഈ രീതിയിൽ അതിനെ മനസ്സിലാക്കുവാൻ മെനക്കെട്ടു കണ്ടില്ല.

ഏതുതരം കൊള്ളയും പൊതുജനത്തിൻെറ നികുതി സംഭാവനയുടെമേൽ അടിച്ചേല്പിക്കാമെന്ന സ്ഥിതിവിശേഷം നമ്മുടെ നാട്ടിൽ സംജാതമായിരിക്കുന്നു. ഇപ്പോഴിതാ, ഭൂപരിഷ്കരണ നിയമത്തിൻെറ അവതരണമെന്ന ആകർഷകമായ മുദ്രാവാക്യത്തിൻെറ പിന്നിലൂടെ ഖജനാവുമോഷണം അനർഹമാ

യി നടത്തപ്പെടുവാൻ പോവുകയാണ്. ഈ നിയമവും, ഇതുപോലെ നാലു നിയമവും സമർത്ഥമായി നടത്തുവാൻ മതിയാവുന്ന ഉദ്യോഗസ്ഥശൃംഖല എക്സിക്യൂട്ടീവ് മേഖലയിലും ജൂഡീഷ്യൽ മേഖലയിലും നമുക്കിന്നുതന്നെയുണ്ട്. അതിനെ സമ്യക്കാക്കും വണ്ണം ക്രമീകരിച്ചു മത്രമായിരിക്കണം, ഇവിടെ ഭൂപരിഷ്കരണത്തിന്റെ വകുപ്പുകൾ നടപ്പിലാക്കേണ്ടതെന്ന് പ്രകടമായ മാർഗ്ഗത്തിലൂടെ സർക്കാരിന്റെ മുമ്പിൽ, നാം സമ്മർദ്ദം പ്രയോഗിച്ചേ മതിയാവൂ.

രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വങ്ങളൊന്നും ഇതിനു് തയ്യാറാവുകയില്ല. അവരെല്ലാം ഭരണത്തിലിരുന്നകാലത്തു് ഉദ്യോഗസ്ഥമേധാവികളുടെ തെററിദ്ധരിപ്പിക്കലിന്നു് വഴങ്ങിയും, എം. എൽ. ഏ. മാരുടെയും, സ്വാധീനമുള്ള രാഷ്ട്രീയനേതാക്കന്മാരുടേയും ആഗ്രഹമനുസരിച്ചും, സ്വന്തക്കാർക്കും ബന്ധുക്കൾക്കും പ്രമോഷനുവകയുണ്ടാകുവാനായി, എണ്ണമററ പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിച്ചു തഴമ്പിച്ച കൈകളാണ്. കൊള്ളയടിക്കപ്പെട്ടതു് ഈ നാട്ടിലെ പാവപ്പെട്ടവനുമായിരുന്നു.

മേൽ വിവരിച്ചവിധം ഉള്ള ഒരു ഖജനാവുസംരക്ഷണം നടപ്പിലാക്കുന്നതിന്നു് പ്രായോഗികമായ പരിപാടികൾ വേണ്ടതാണെന്നു് ഈ ഗ്രന്ഥകാരനെപ്പോലെ വിശ്വസിക്കുന്നവർ, വായനക്കാരിൽ ഉണ്ടെങ്കിൽ, അവർ, പ്രായോഗിക നിർദ്ദേശങ്ങൾ എഴുതി ഈ ഗ്രന്ഥകത്താവിനെ അറിയിക്കണമെന്നു് വിനീതമായി അഭ്യർത്ഥിക്കുവാൻ ഈയവസരം വിനിയോഗിച്ചു കൊള്ളുന്നു. ഈ അഭ്യർത്ഥനയ്ക്കു് മതിയായായ പ്രതികരണം ഈ നാട്ടിൽ ഉണ്ടാവുന്നു എന്നുകാണുന്ന പക്ഷം, പരസ്പരം, ആശയവിനിമയം നടത്തി പ്രായോഗികമായ എന്തെങ്കിലും സത്വരനടപടികൾക്കുരൂപം നല്കാനുള്ള രംഗസംവിധാനം ഉണ്ടാക്കാൻ ശ്രമിക്കാമെന്നും കൂടി ഇതോടൊപ്പം ഉറപ്പുചെയ്തുകൊള്ളുന്നു.

വളന്നുവരുന്ന ഒരു രാഷ്ട്രത്തിലെ ജനങ്ങൾ, സമ്പന്നനായാലും ദരിദ്രനായാലും അനുക്രമം വദ്ധിക്കുന്ന തോതിൽ നികുതികൊടുത്തേമതിയാവൂ. എന്നാൽ, ഇന്നു കാണുന്നതുപോലുള്ള

ധൂൎത്തടിക്കലിനും പാഴ്ച്ചെലവിനും വേണ്ടിയായിരിക്കണമോ അങ്ങനെ ചെയ്യുന്നതു് എന്ന ചോദ്യം, ഏതെങ്കിലും തലത്തിൽ ഉത്തരം പറയപ്പെടേണ്ടതാണു്. പാവപ്പെട്ടവൻെറ കറവപ്പശുവിനെ പിടിച്ചുകെട്ടിയും ഉപ്പുചിരട്ടയെ ജപ്തിചെയ്തു ലേലത്തിൽ വിററും പിരിച്ചെടുക്കുന്ന നികുതി, എങ്ങനെ ചെലവഴിക്കപ്പെടുന്നു ഈ നാട്ടിൽ എന്നതു്, ഈ നാട്ടിലെ സാധാരണക്കാരൻെറ ശ്രദ്ധയിൽപ്പെടണം എന്നുള്ള അഭ്യൎത്ഥനയോടുകൂടി ഈ ചർച്ച അവസാനിപ്പിച്ചുകൊള്ളുന്നു.

# ആറാം ഭാഗം

# കുടികിടപ്പും കുടിയിരിപ്പും

അദ്ധ്യായം 19. കുടികിടപ്പിന്റെ നിർവ്വചനം

അദ്ധ്യായം 20. കുടികിടപ്പുകാരന്റെ സംരക്ഷണം

അദ്ധ്യായം 21. കുടിയിരിപ്പ്.

## അദ്ധ്യായം 19

# കുടികിടപ്പിന്റെ നിർവ്വചനം

എന്താണ് കുടികിടപ്പെന്ന് സാമാന്യമായെങ്കിലും അറിയാത്തവർ നമ്മുടെയിടയിൽ കാണുകയില്ല. അത്യന്തം ഗുരുതരമായ സാമൂഹ്യപ്രശ്നം ഉൾക്കൊള്ളുന്ന ഈ നിയമസങ്കേതത്തിന് മുകൾപ്പരപ്പിൽ ദൃശ്യമാകുന്നതിലപ്പുറമുള്ള അർത്ഥവ്യാപ്തി നൽകാതെ, നിയമനിർമ്മാണം സാദ്ധ്യമല്ല. അതുകൊണ്ട് ഈ പ്രശ്നം ആവർത്തിച്ചുള്ള നിയമനിർമ്മാണങ്ങളിലൂടെ കടന്നുവന്നപ്പോഴെല്ലാം, തലമുടി നാരിഴ കീറുന്ന വ്യാഖ്യാനങ്ങൾക്ക് ഇട നൽകുന്ന സാങ്കേതിക പരിവേഷങ്ങൾ അതിന് സിദ്ധിച്ചിരിക്കുന്നു. കഴിഞ്ഞ കാലത്തെ കോടതി നടപടികളിൽ, മൂർച്ചയേറിയ തർക്കങ്ങൾക്ക് വകനൽകിയിട്ടുള്ള ഈ പ്രശ്നത്തെ അതിന്റെ വിശദമായ രൂപത്തിൽ അവതരിപ്പിക്കണമെങ്കിൽ, അതിന്റെ നിർവ്വചനസംഗതിയിൽ പ്രത്യേകം ശ്രദ്ധവച്ചെങ്കിൽ മാത്രമേ പററൂ എന്ന നില ഇന്ന് സംജാതമായിട്ടുണ്ട്.

നിരവധി മൗലികാവകാശങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള ഭരണഘടനയുള്ള നമ്മുടെനാട്ടിൽ അന്തിയുറങ്ങുവാൻ ഒരിടം ഉറപ്പുവരുത്തുവാൻ ഭരണാധികാരികൾക്ക് ഇതുവരെ കഴി

ഞ്ഞിട്ടില്ല. എങ്ങനെയെങ്കിലും എവിടെയെങ്കിലും ഒരു കിടപ്പാടം കരസ്ഥമാക്കിയിട്ടുണ്ടെങ്കിൽ, അതിനെ കഷ്ടിച്ച്നില നിറുത്തിക്കൊടുക്കുക എന്ന ഇടനിലവരെ ഇൻഡ്യയിലെ മിക്ക സ്റ്റേറ്റുകളും ഇതിനകം എത്തിക്കഴിഞ്ഞിരിക്കുന്നു. ഇന്നും കിടപ്പാടമില്ലാത്തവരായി ഒട്ടനവധിപൗരന്മാർ നമ്മുടെനാട്ടിലുണ്ട്. അവർക്കു-ി നിർബ്ബന്ധമായും ഓരോകിടപ്പാടം ഉറപ്പുവരുത്തുന്നതിനുള്ള നിയമനിർമ്മാണം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നതേയുള്ളു എന്ന സംഗതിയാണ്, ഉന്നിപ്രസ്താവിക്കേണ്ടിയിരിക്കുന്നത്. നമ്മുടെ കുടികിടപ്പുസംരക്ഷണ പരിപാടികൾ എത്തിച്ചേർന്നിട്ടുള്ള പുരോഗതിയുടെ സീമ അത്രകണ്ട് പരിമിതമാണ് എന്നുസാരം. ഈ ധാരണ വച്ചുകൊണ്ടു മാത്രമേ, നിലവിലുള്ള ചട്ടങ്ങളെ വിശകലനം ചെയ്യേണ്ട കാര്യം ഉണ്ടാകുന്നുള്ളു.

കുടികിടപ്പുകാരന്റെ സംരക്ഷണത്തിനു വേണ്ടി, നിയമനിർമ്മാണമേഖലയിൽ നടത്തിയിട്ടുള്ള സംരംഭങ്ങളുടെ ആദ്യചരിത്രം ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗത്ത് ചെറുതായി വിവരിക്കപ്പെട്ടിട്ടുണ്ട്. 1961-ലെ കർഷകബന്ധ നിയമംതൊട്ടുള്ള വികാസം മാത്രമാണ് ഈ ഭാഗത്ത് ചർച്ചചെയ്യുവാനുദ്ദേശിക്കുന്നത്.

നിയമവകുപ്പുകളുടെ വിശദാംശങ്ങളിലേയ്ക്കു കടക്കുന്നതിനുമുമ്പ് അല്പം പശ്ചാത്തല വിവരണം നടത്താമെന്നുദ്ദേശിക്കുന്നു. കുടികിടപ്പുകാരനെ സംബന്ധിക്കുന്ന നിയമം, കർഷകബന്ധങ്ങളെയോ, ഭൂപരിഷ്ക്കരണ സംരംഭങ്ങളേയോ ബന്ധപ്പെടുത്താതെ പ്രത്യേക നിയമമായിട്ടാണ് ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളും ഇതിനകം കൈകാര്യം ചെയ്തു കഴിഞ്ഞിരിക്കുന്നതെന്ന് അറിവായിട്ടുണ്ട്. കേരളത്തിലും, ആദ്യം കുടികിടപ്പുകാരന്റേതായ പ്രശ്നം, അതിനു വേണ്ടി പ്രത്യേകം നിയുക്തമായ നിയമ നിർമ്മാണത്തിലൂടെ, പുരോഗമിച്ചുവെങ്കിലും ഒടുവിൽ, കർഷകബന്ധത്തിന്റെയും, ഭൂപരിഷ്ക്കരണത്തിന്റെയും, അദ്ധ്യായങ്ങളായി അതു സ്ഥലം പിടിക്കുകയാണുണ്ടായിരിക്കുന്നത്.

KOTTAYAM PUBLIC LIBRARY KOTTAYAM

ഇന്നാട്ടിലെ കൃഷിഭൂമികളുമായും, അവയിലെ കാർഷിക പ്രവൎത്തനങ്ങളുമായും, അഭേദ്യമായി ബന്ധപ്പെട്ടുകൊണ്ടാണു്, അടകുടിക്കാരെന്ന ഒരു വർഗ്ഗം ഈ നാട്ടിൽ ഉണ്ടായിവന്നതെന്നു പറയപ്പെടുന്നു. കാലാന്തരത്തിൽ, ജനസംഖ്യ വർദ്ധനവു് നൂതനമായ അനേകം കുടുംബങ്ങൾക്കു് രൂപംനൽകി, കൃഷിപ്പണിയുമായി ബന്ധപ്പെട്ടുമാത്രം ഈ ജനതയെല്ലാം കഴിഞ്ഞുപോരികയെന്നതു് അസാദ്ധ്യമായുള്ളതും, ആവശ്യം തന്നെയില്ലാത്തതുമായി വന്നു. സാങ്കേതികപരിജ്ഞാനം ആവശ്യമായ വ്യാവസായികമേഖലയിലും, ഗവൺമെൻറു് മുതലായി വൻപിച്ച ഉദ്യോഗസ്ഥമേഖല നിലയിരുത്തുന്ന സംരംഭങ്ങളിലും, പാടത്തെ കർഷകൻെറ സന്താനപരമ്പര എത്തികൂടി.

കുടികിടപ്പിൻെറ വ്യാപ്തി ഇപ്രകാരം വികാസം പ്രാപിച്ചുകൊണ്ടുവന്നതു് നൂതനമായ പ്രശ്നങ്ങളെ സൃഷ്ടിച്ചു. കുടികിടപ്പിനെ നിയന്ത്രിക്കുവാൻ ഉള്ള ശ്രമം ജന്മിയുടെ ഭാഗത്തുനിന്നും, അതിനെ എതിൎത്തു്, തങ്ങളുടെ അവകാശങ്ങളെ വികസിപ്പിക്കുവാനുള്ള യജ്ഞം മറുഭാഗത്തും ഉണ്ടായിവന്നു. കുടികിടപ്പുകളുടെ ചുററും വളൎത്തിയെടുക്കപ്പെട്ട "ചങ്ങമ്പുഴയുടെ വാഴക്കുലകളും" നിരവധി പ്രശ്നങ്ങൾ സൃഷ്ടിച്ചുപോന്നു. ഈ പശ്ചാത്തലത്തിൽ നടന്ന സംഘട്ടനങ്ങൾ, ഈ രാജ്യത്തു് എണ്ണമററ ദുരന്തകഥകൾക്കു് കാരണമാക്കി അവസമരങ്ങൾക്കു് സാക്ഷ്യം വഹിച്ചിട്ടുണ്ടു്. കുടികിടപ്പു സ്ഥിതിചെയ്യുന്ന ഭൂമിയുടെ ഉടമാവകാശം ജന്മിക്കായതുകൊണ്ടു്, ജന്മിയുടെ ചോദ്യം ചെയ്യപ്പെടാനാവാത്ത ഇഷ്ടാനിഷ്ടങ്ങൾ കുടികിടപ്പുകാരൻെറ ഭദ്രതയെ സാരമായി നിയന്ത്രിച്ചുവന്നിരുന്നു. കുടികിടപ്പിനു സമീപം വച്ചുപിടിപ്പിക്കുന്ന വൃക്ഷങ്ങൾ ഭൂമിയോടൊപ്പംജന്മിയുടെവകയായിത്തീരുന്നു. ഇന്ത്യൻ വസ്തുകൈമാററനിയമമനുസരിച്ചു് മുറിയ്ക്കപ്പെടാത്ത വൃക്ഷങ്ങൾ സ്ഥാവര

വസ്തുവിൻെറ ഭാഗമാണ്. ഈ വിധമുള്ള നിയമസങ്കേതങ്ങൾ, ഒരു കോടതി മുമ്പാകെ, കുടികിടപ്പുകാരനെ നിരാധാരനാക്കാനേ ഉപകരിച്ചിരുന്നുള്ളു.

നിയമപരമായ വ്യവസ്ഥകൾ കുടികിടപ്പുമേഖലയ്ക്ക് സംരക്ഷണം നൽകുവാൻ രൂപം കൊള്ളേണ്ടതു്, അത്യന്താപേക്ഷിതമാണെന്നുവന്ന ചുററുപാടുകളിലാണ്, പ്രഥമദൃഷ്ട്യാ നിസ്സാരമെന്നു തോന്നിയേക്കാവുന്ന ഈ ബൃഹത്തായ സാമൂഹ്യപ്രശ്നത്തിൽ, നിയമനിർമ്മാണം ഇടപെട്ടു തുടങ്ങിയതു്.

കർഷകബന്ധങ്ങളെ ക്രമീകരിക്കുവാൻ എന്നു അവകാശപ്പെട്ടുകൊണ്ടു്, ആദ്യമായി കേരളത്തിൽ നിയമമായിത്തീർന്ന 1961 ലെ ആക്ടിലാണ് അതുവരെ പ്രത്യേകം കൈകാര്യം ചെയ്യപ്പെട്ടിരുന്ന, കുടികിടപ്പുകാരൻെറ പ്രശ്നം, ആദ്യമായി ഭൂപരിഷ്കരണവുമായി ബന്ധപ്പെടുത്തപ്പെട്ടതു്. പ്രസ്തുത നിയമത്തിൽ, നിർവ്വചനങ്ങൾക്ക് വിനിയോഗിച്ചിരുന്ന രണ്ടാം വകുപ്പിൻെറ ഇരുപതാം ഖണ്ഡിക സാമാന്യം സമഗ്രമായി കുടികിടപ്പുകാരനു് ഒരു നിർവചനം നൽകുവാൻ വിനിയോഗിക്കപ്പെട്ടു. കുടികിടപ്പു കെട്ടിടത്തിനു് ഒരു വർഷം ലഭിക്കാവുന്ന വാടകയുടെ എഴുപത്തഞ്ചു ശതമാനത്തിൻെറ പന്ത്രണ്ടിരട്ടി തുക, പന്ത്രണ്ടു തുല്യ വാർഷികഗഡുക്കളിലായി ജന്മിക്കു കൊടുത്തു് കുടികിടപ്പു ഭൂമി വിലയ്ക്കു വാങ്ങുവാൻ സാദ്ധ്യമാക്കുന്ന 36-ാം വകുപ്പും, കുടികിടപ്പുകാരനു് സ്ഥിരത നൽകുന്ന 37-ാം വകുപ്പും, കുടികിടപ്പുകാരൻ വാടക നൽകേണ്ടതാണെങ്കിൽ, അതിൻെറ പരിധി നിർണ്ണയിക്കുന്ന 38-ാം വകുപ്പും 1961 ലെ നിയമത്തിൽ സ്ഥലം പിടിച്ചു.

1964-ാമാണ്ടത്തെ 1-ാം ആക്ടിൽ നിർവചനത്തിനുവേണ്ടി, അല്പംകൂടി വ്യാപ്തി വർദ്ധിച്ച 25-ാം ഖണ്ഡിക

നിർവചനത്തിനുള്ള രണ്ടാം വകുപ്പിൽ ചേർക്കപ്പെട്ടു. അതിനു പുറമേ, കുടികിടപ്പുകാരൻെറ സംരക്ഷണത്തിനുള്ള വിശദമായ വ്യവസ്ഥകൾ ഉൾക്കൊണ്ടുകൊണ്ട്, 75 മുതൽ 80 വരെ വകുപ്പുകളും 1-ാം ആക്ടിൽ ആവിർഭവിച്ചു. എന്നാൽ 1964 ലെ നിയമത്തിൽ വരുത്തിയ ഒരു ശ്രദ്ധേയമായ ഭേദഗതി, കുടികിടപ്പു ഭൂമി ജന്മിയിൽനിന്നും വിലയ്ക്കുവാങ്ങുവാൻ 1961 ലെ നിയമം നൽകിയിരുന്ന സ്വാതന്ത്ര്യം എടുത്തു കളയപ്പെട്ടു എന്നതായിരുന്നു.

1969 ലെ ഭേദഗതി നിയമം മുൻ ആക്ടിലെ വകുപ്പുകളുടെ ക്രമനമ്പർ തെററിച്ചിട്ടില്ല എന്ന് ഈ ഗ്രന്ഥത്തിൻെറ പ്രാരംഭ ഭാഗത്ത് വിവരിച്ചിട്ടുണ്ടല്ലോ. അതനുസരിച്ച് 1969 ലെ ഭേദഗതി നിയമത്തിലും കുടികിടപ്പുകാരനെ സംബന്ധിച്ച വ്യവസ്ഥകൾ 75-ാം വകുപ്പുമുതൽ 81-ാം വകുപ്പു വരെയുള്ള ഭാഗത്തുതന്നെ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. നൂതനമായി 79A, 80A, 80B, 80C 80D, 80E, 80F, 80G എന്ന എട്ടു പുതിയ വകുപ്പുകൾ ഇതിനിടയിലുള്ള ഭാഗത്ത് എഴുതിച്ചേർത്ത് കുടികിടപ്പുകാരനെ സംബന്ധിക്കുന്ന നിയമവ്യവസ്ഥകളുടെ വ്യാപ്തിയെ സാരമായി വർദ്ധിപ്പിച്ചുമിരിക്കുന്നു.

കുടികിടപ്പുകാരൻ എന്ന സങ്കേതത്തിൻെറ നിർവ്വചനം ചെറിയ തോതിലുള്ള വിശകലനം ആവശ്യപ്പെടുന്ന ഒന്നാണ്. നാലു പ്രത്യേക ലൈനുകളിലായിട്ടാണ് കുടികിടപ്പുകാരനെ സംബന്ധിക്കുന്ന ഭാവന നമ്മുടെ മുമ്പിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. 1961 മുതൽ തന്നെ ഈ മൂന്ന് രീതിയും സ്വീകരിക്കപ്പെട്ടു പോന്നിട്ടുണ്ട്.

**ഒന്ന്:–** കുടികിടപ്പു ഭവനം സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ഉടമാവകാശം അല്ലെങ്കിൽ നിയമാനുസരണ കൈവശം എന്നതും, കുടികിടപ്പുകാരൻ അവിടെ എത്തിച്ചേർന്ന സാഹചര്യവുമായുള്ള ബന്ധം.

**രണ്ടു്**– കുടികിടപ്പു കെട്ടിടത്തിനു് അടങ്കൽ കുറിക്കാവുന്ന വിലയുടെ തോതു്.

**മൂന്നു്**– കുടികിടപ്പു കെട്ടിടത്തിനു് പ്രതിമാസം വാടകയിനത്തിൽ എത്ര രൂപാ മതിപ്പുവരാം എന്ന കണക്കനുസരിച്ചുള്ള പരിഗണന.

**നാലു്**– അയാളുടെ പ്രതിവർഷ വരുമാനം.

മേൽ വിവരിച്ച നാലിന സങ്കേതങ്ങളിലൂടെ നിർവ്വചനത്തിനു് കാലാകാലങ്ങളിൽ വന്നിട്ടുള്ള വികാസത്തെ പിറകോട്ടു ചെന്നു് ചികഞ്ഞുനോക്കാൻ ഉദ്ദേശിക്കുന്നില്ല. അതു് രാഷ്ട്രീയക്കാരുടേയും വക്കീലന്മാരുടേയും ആവശ്യം മാത്രമാണു്. 1969 ലെ ഭേദഗതികളോടെ നിലവിൽ വന്നിട്ടുള്ള നിർവ്വചനം എവിടെ എത്തിയിരിക്കുന്നു എന്നു മാത്രം പ്രതിപാദിക്കുന്നു. അതിനുവേണ്ടി, നിർവചനഭാഗമായ രണ്ടാം വകുപ്പിന്റെ 25-ാം ഖണ്ഡികയുടെ തർജ്ജിമ താഴെചേർക്കുന്നു.

## വകുപ്പ് 2 ഖണ്ഡിക 25

**"കുടികിടപ്പുകാരൻ"** എന്നാൽ, ഒരു സിററി അല്ലെങ്കിൽ മേജർ മുനിസിപ്പാലിററി, ഈ പ്രദേശങ്ങളിൽ മൂന്നുസെൻറിൽകവിഞ്ഞോ, മററു മുനിസിപ്പാലിററിപ്രദേശത്തു് അഞ്ചു സെൻറിൽ കവിഞ്ഞോ, പഞ്ചായത്തുപ്രദേശത്തു് പത്തുസെ സെൻറിൽ കവിഞ്ഞോ ഉള്ള ഭൂമി, ഉടമസ്ഥനെന്ന നിലയിലോ, കുടിയാൻ എന്ന നിലയിലോ, ഒരു പാർപ്പിടം നിർമ്മിക്കുവാൻ സ്വാതന്ത്ര്യപ്പെട്ടതായി ഇല്ലാതിരിക്കുക, അല്ലെങ്കിൽ ഒരു പാർപ്പിടം ഇല്ലാതിരിക്കുക, എന്നീ സാഹചര്യങ്ങളിൽപ്പെട്ട വ്യക്തി എന്നർത്ഥമാകുന്നു."

കൂടാതെ, താഴെപ്പറയുന്ന ഉപാധികളും ഒരു വ്യക്തിയെ കുടികിടപ്പുകാരന്റെ പരിധിയിൽപ്പെടുത്തുന്നതാണു്. അതായതു്,

(a) വാടക കൊടുക്കുന്നമെന്ന വ്യവസ്ഥയോടുകൂടിയോ അല്ലാതെയോ, ഒരു ഭൂമിയുടെ നിയമാനുസൃത കൈവശക്കാരൻ, പ്രസ്തുത ഭൂമിയുടെ ഒരു ഭാഗം, ഒരു പാപ്പിടം നിർമ്മിക്കുന്നതിനുള്ള ഉപയോഗത്തിനു് വിട്ടുകൊടുത്തതനുസരിച്ചു് അയാളുടെ അനുവാദത്തോടെ, പ്രസ്തുത സ്ഥലം കൈവശം വച്ചു് കുടിപാർപ്പു നടത്തുന്നയാളും കുടികിടപ്പുകാരനായിരിക്കും.

(b) വാടക കൊടുക്കുവാനുള്ള ബാദ്ധ്യതയോടുകൂടിയോ അല്ലാതെയോ, ഒരു ഭൂമിയുടെ നിയമാനുസരണ കൈവശക്കാരൻ, അയാളുടെ വകയായി ഭൂമിയിലുള്ള ഒരു "കുടിൽ" താമസത്തിനുവേണ്ടി വിട്ടുകൊടുത്തതനുസരിച്ചു്, അതിൽ താമസിക്കുന്നയാളും, കുടികിടപ്പുകാരനായിരിക്കും.

**"കുടികിടപ്പു്"** എന്നാൽ, മേൽപറഞ്ഞ വിധത്തിലുള്ള അനുവാദത്തിൻകീഴായി, നിർമ്മിക്കപ്പെട്ടതോ, താമസിക്കാൻ വേണ്ടി കൈവശംലഭിച്ചതോ ആയ വീടു് അല്ലെങ്കിൽ കുടിൽ എന്നതും, അതിരിക്കുന്ന തറയും, അവയോടു് അനുബന്ധിച്ചുള്ള ഈസ്മെൻറവകാശങ്ങളും എന്നർത്ഥമായിരിക്കുന്നതാണു്.

എന്നാൽ, 1968 ആഗസ്റ്റ് 16–ാംതീയതി ഒരു ഭൂമിയും അതിലിരിക്കുന്ന ഭവനവും, അല്ലെങ്കിൽ മററൊരാളിൻെറ വകയായ ഒരു കുടിൽ താമസത്തിനുവേണ്ടി, കൈവശംവച്ചിരിക്കുകയും, ഈ കൈവശം, 1969 ലെ കേരളാ ഭൂപരിഷ്ക്കരണ ഭേദഗതി നിയമം നടപ്പിലാകുന്ന സമയം തുടരുകയും ചെയ്യുന്ന ഒരു വ്യക്തി, മേൽ വിവരിച്ച വിധമുള്ള അനുവാദ പ്രകാരംതന്നെയാണു് കെട്ടിടം (കുടിൽ) വച്ചതു് അല്ലെങ്കിൽ കെട്ടിടത്തിൽ (കുടിലിൽ) താമസമായിട്ടുള്ളതു് എന്നു് പരിഗണിക്കപ്പെടേണ്ടതാണു്.

## വിശദീകരണം 1

ഈ ഖണ്ഡികയുടെ വ്യാപ്തിക്കുവേണ്ടി, ഒരു കുടികിടപ്പുകാരന്റെ വകയായി മൊത്തമുള്ള ഭൂമിയുടെ വിസ്തീർണ്ണം കണക്കാക്കുന്നതിൽ, ഒരു സിററിയിലോ, മേജർ മുനിസിപാലിററിയിലോ, മൂന്നു് സെൻറു് എന്നതു്, മററു മുനിസിപ്പാലിററികളിലുള്ള അഞ്ചുസെൻറിനു തുല്യമാണെന്നും, മററു മുനിസിപ്പാലിററികളിലെ അഞ്ചുസെൻറു് പഞ്ചായത്തുപ്രദേശത്തെ പത്തുസെൻറിനു് തുല്യമാണെന്നും, ഗണിക്കേണ്ടതാണു്,

## വിശദീകരണം 2

ഈ ഖണ്ഡികയുടെ ആവശ്യത്തിനു് താഴെപ്പറയുന്ന സങ്കേതങ്ങാം സ്വീകരിച്ചുകൊള്ളേണ്ടതാണു്.

(a) "കുടിൽ" എന്നതിനു്, പ്രസ്തുത പാർപ്പിടത്തിൽ താമസിക്കുന്നയാളല്ലാത്ത മററൊരാാം താഴെപ്പറയുന്ന ഉപാധികാംക്കു വിധേയമായി നിർമ്മിച്ച പാർപ്പിടം എന്നർത്ഥമായിരിക്കുന്നതാണു്.

(i) പ്രസ്തുത പാർപ്പിടം നിർമ്മിച്ച കാലത്തു് 750 രൂപായിൽ കവിയാത്ത ചെലവിൽ നിർമ്മിച്ചതായിരിക്കണം..

(ii) അങ്ങനെ അതു പണിയിച്ച കാലത്തു്, പ്രതിമാസം അഞ്ചുരൂപായിൽ കവിയാത്ത വാടകയ്ക്കുമാത്രമേ അതു വിലപിടിപ്പു വന്നിരിക്കാവൂ. അതിനും പുറമേ, ഈ നിയമത്തിന്റെ 79-ാം വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ള പരിധിയനുസരിച്ചു കുടികിടപ്പുകാരൻ പുതുക്കിപ്പണിയിച്ചിട്ടുള്ള വാസസ്ഥലവും ഈ അർത്ഥവ്യാപ്തിക്കകത്തു വരുന്നതായി ഗണിക്കപ്പെടേണ്ടതാണു്.

(b) "പാർപ്പിടം" (homessead) എന്നതിനു്, സന്ദർഭാനുസരണം വേറെ അർത്ഥം ധ്വനിക്കാത്തപക്ഷം, കെട്ടിടം

കെട്ടികൊള്ളുന്നതിനു് സിദ്ധിച്ച അനുവാദപ്രകാരം കൈവശം കിട്ടിയ ഭൂമിയിൽ നിർമ്മിച്ച കെട്ടിടവും, അങ്ങനെ നിർമ്മിക്കപ്പെട്ട കെട്ടിടം 79-ാം വകുപ്പിലെ സൗജന്യങ്ങൾ അനുസരിച്ച് പുതുക്കിപ്പണിയിക്കപ്പെട്ടതായ കെട്ടിടവും, എന്ന അർത്ഥമുണ്ടായിരിക്കുന്നതാണു്.

## വിശദീകരണം 3

കുടികിടപ്പു സ്ഥിതിചെയ്യുന്ന സ്ഥലത്തെ സംബന്ധിച്ച കുടികിടപ്പുകാരൻ, ഒരു കൈവശഒററി സമ്പാദിക്കുന്നപക്ഷം ആ ഒററി ഒഴിപ്പിക്കപ്പെട്ടാലുടനേ, അയാളുടെ കുടികിടപ്പവകാശം, പുനർജീവിക്കുന്നതാണു്. എന്നാൽ അങ്ങനെ സംഭവിക്കുന്നയവസരത്തിൽ, അയാൾക്കു് സിററി, മേജർ മുനിസിപ്പാലിററി എന്നിവടങ്ങളിലാണെങ്കിൽ മൂന്നു സെൻറു്, മററു് മുനിസിപ്പാലിററികളിലാണെങ്കിൽ അഞ്ചു സെൻറു്, പഞ്ചായത്തു പ്രദേശത്താണെങ്കിൽ പത്തു സെൻറു്, എന്ന തോതിൽ കവിഞ്ഞ ഭൂമിയോ, മറെറാരു പാർപ്പിടമോ, ഉടമസ്ഥനെന്ന നിലയ്ക്കോ, കുടിയാൻ എന്ന നിലയ്ക്കോ, കൈവശം ഉണ്ടായിരിക്കുന്നു എന്നുവന്നാൽ കുടികിടപ്പവകാശം പുനർജ്ജീവിക്കുന്നതല്ല.

## വിശദീകരണം 4

ഒരു കൈവശഒററിക്കാരൻ അയാളുടെ പാർപ്പിട സൗകര്യത്തിനുവേണ്ടി ഒററി വസ്തുവിൽ ഒരു കെട്ടിടം ഉണ്ടാക്കുകയോ, അതിൽ ഉണ്ടായിരിക്കുന്ന ഒരു കെട്ടിടത്തിൽ പാർപ്പു് ഉറപ്പിക്കുകയോ ചെയ്യുന്ന പക്ഷം താഴെപ്പറയുന്ന ഉപാധികളിൽ, ഒററി ഒഴിപ്പിക്കപ്പെട്ടാലും, അയാൾ ഒരു കുടികിടപ്പുകാരനായി പരിഗണിക്കപ്പെടുന്നതാണു്, അതായതു്,

(a) അയാൾക്കു് അയാളുടെ സ്വന്തമായി മറെറാരു കുടികിടപ്പോ, വാസസ്ഥലമോ ഉണ്ടായിരിക്കരുതു് അല്ലെങ്കിൽ, സിററിയിലോ മേജർ മുനിസിപ്പാലിററിയിലോ ആണെങ്കിൽ മൂന്നു സെൻറു്, മററു മുനിസിപ്പാലിററികളിലാണെങ്കിൽ അഞ്ചു് സെൻറു്, പഞ്ചായത്തിലാണെങ്കിൽ പത്തു സെൻറു് എന്ന തോതിൽ കവിഞ്ഞു് ഉടമസ്ഥനെന്ന

നിലയിലോ കുടിയാൻ എന്ന നിലയിലോ ഭൂമി ഉണ്ടായിരിക്കയുമരുത്.

(b) അയാളുടെ വാർഷികവരുമാനം രണ്ടായിരം ഉറപ്പികയിൽ കവിഞ്ഞതായിരിക്കരുത്.

## വിശദീകരണം 5

ഒരു കുടികിടപ്പുകാരൻ അയാളുടെ കുടികിടപ്പിനെ മററൊരാളിനു കൈമാററം ചെയ്യുന്നപക്ഷം താഴെപ്പറയുന്ന ഉപാധികൾ ഉണ്ടെങ്കിൽ കൈമാററക്കാരൻ കുടികിടപ്പുകാരനായി പരിഗണിക്കപ്പെടും. അതായത്,

(a) അയാൾക്ക് (കൈമാററം വാങ്ങിയ ആളിനു്) മററൊരു വീടോ, വീടുവയ്ക്കുന്നതിനുവേണ്ടി സൗകര്യത്തിനു് ഉടമസ്ഥനെന്ന നിലയിലോ, കുടിയാനെന്ന നിലയിലോ, വേറെ ഭൂമി ഉണ്ടായിരിക്കരുതു്.

(b) അയാളുടെ (കൈമാററം വാങ്ങിയ ആളിന്റെ) വരുമാനം പ്രതിവർഷം രണ്ടായിരം രൂപായിൽ കവിഞ്ഞതായിരിക്കരുതു്.

## വിശദീകരണം 6

"ഈ ഖണ്ഡികയുടെ ആവശ്യത്തിനു്, ഒരു തോട്ടത്തിന്റെ ഉടമസ്ഥന്റെ വകയും, തോട്ടത്തിനകത്തു് സ്ഥിതിചെയ്യുന്നതുമായ, 'കുടിൽ' കൈവശംവച്ചിരിക്കുന്ന വ്യക്തി പ്രസ്തുത തോട്ടത്തിൽ ജോലിപ്രമാണിച്ചുള്ള ആവശ്യത്തിനു വേണ്ടിമാത്രം, തോട്ടമുടമസ്ഥന്റെ സമ്മതപ്രകാരമാണു് കൈവശമെങ്കിൽ കുടികിടപ്പുകാരനായി പരിഗണിക്കപ്പെടുന്നതല്ല. എന്നാൽ താഴെപ്പറയുന്ന ഉപാധികൾ ഉണ്ടെങ്കിൽ അയാളും കുടികിടപ്പുകാരന്റെ പരിധിയിൽപ്പെടുന്നതാണു് അതായതു്,

(a) ഈ നിയമം നടപ്പിൽവരുന്നതിനു് തൊട്ടുമുമ്പു് അയാൾ ഒരു കുടികിടപ്പുകാരനു് സിദ്ധിക്കാവുന്ന ആനുകൂല്യങ്ങളിലേയ്ക്കു് അന്നു് നിലവിലിരുന്ന ഏതെങ്കിലും നിയമമനുസരിച്ചു് ഒരു സംരക്ഷിത ഉൾക്കുടി അല്ലെങ്കിൽ സംരക്ഷിത കുടികിടപ്പു് എന്നിവയുടെയോ കൈവശക്കാരനെന്ന നിലയിൻ കൈവശമുള്ളയാളായിരിക്കണം.

(b) അയാൾ സംഗതമായ കുടിലിൽ താമസമായതിനുശേഷമാണ്, അതുൾപ്പെടുന്ന ഭൂമി നോട്ടമാക്കപ്പെട്ടതെങ്കിലും, അതുകൂടാത്ത സാഹചര്യങ്ങൾകൊണ്ട് ഒരു കുടികിടപ്പുകാരന്റെ അവകാശങ്ങൾ സിദ്ധിക്കുമായിരുന്നുവെങ്കിലും, അയാൾ കുടികിടപ്പുകാരന്റെ ആനുകൂല്യങ്ങൾക്ക് അർഹനായിരിക്കും."

ഇത്രയുമാണ് രണ്ടാം വകുപ്പിന്റെ 25–ാം ഖണ്ഡികയിൽ "കുടികിടപ്പുകാരൻ" എന്ന പദത്തിന്റെ അർത്ഥവ്യാപ്തി നിജപ്പെടുത്തുന്നതിനു ചേർത്തിരിക്കുന്ന നിബന്ധനകൾ.

കുടികിടപ്പുകാരനെ സംബന്ധിച്ച് 1964 ലെ നിയമത്തിൽ സമാന്തരമായി ചേർക്കപ്പെട്ടിരുന്ന നിർവചനഭാഗത്തെ വ്യവസ്ഥകളുമായി ഒരു താരതമ്യപഠനം ഈ ഘട്ടത്തിൽ സംഗതമാണ്.

ഇപ്പോൾ കാണുന്നതുപോലെ, സെൻറുകളുടെ കണക്ക് 1964 ൽ ചേർക്കപ്പെട്ടിരുന്നില്ല. തോട്ടങ്ങളിൽ ഉള്ള കുടികിടപ്പുകാരെപ്പോലെ, ഫാക്ടറികൾ മില്ലുകൾ എന്നിവയുടെ പരിസരങ്ങളിൽ അധിവസിക്കുന്ന കുടികിടപ്പുകാർക്കും, സംരക്ഷണം നിരസിക്കപ്പെട്ടിരുന്നു. തോട്ടങ്ങളിലെ കുടികിടപ്പുകാരെ സംബന്ധിച്ച് വിശദീകരണം VI–ൽ രണ്ട് സംരക്ഷണ ഉപാധികൾ ഇപ്പോൾ ചേർക്കപ്പെട്ടതു് 1964–ൽ ഉണ്ടായിരുന്നില്ല. വസ്തുവിന്റെ ഉടമസ്ഥനല്ലാത്ത, നിയമാനുസൃത കൈവശക്കാരൻ കൊടുക്കുന്ന അനുവാദം ഇപ്പോൾ 1968 ആഗസ്റ്റ് 16–ാം തീയതിക്കു് മുൻമ്പുവരെ ആകാം എന്നുള്ളതു് 1964 ൽ 1957 ഏപ്രിൽ 11–ാം തീയതിക്കുമുമ്പുവരെയുള്ള തീയതിവരെ ചെല്ലേണ്ടിയിരുന്നു. കുടികിടപ്പുനിർമ്മിക്കുന്നതിന് അനുവാദം ഉണ്ടായിരുന്നു എന്നുള്ള സങ്കൽപ്പം ഇപ്പോഴത്തെ നിയമമനുസ

രിച്ചു് 1968 ആഗസ്റ്റ് 16–ാം തീയതിയിൽ ഉള്ള കുടികിടപ്പിനും ലഭിക്കും. 1964ലെ നിയമത്തിൽ 1957 ഏപ്രിൽ 11–ാം തീയതിയിൽ ഉണ്ടായിരുന്ന കുടികിടപ്പുകൾ, ഈ സങ്കൽപ്പത്തിൻെറ പ്രയോജനം കിട്ടുമായിരുന്നുള്ളൂ. 750 രൂപാ ചെലവുചെയ്തുവച്ചിട്ടുള്ള കെട്ടിടങ്ങൾ വരെ "കുടിലി" ൻെറ പരിധിയിൽവരും എന്നു് ഇപ്പോൾ വന്ന ഭേദഗതിക്കു പകരം അന്നു് നാനൂറുരൂപാ വരെ ചെലവുചെയ്തു വച്ചകെട്ടിടങ്ങൾ "കുടില്യ" കളായി പരിഗണിക്കപ്പെട്ടുകയുള്ളൂ എന്നായിരുന്നു വ്യവസ്ഥ. വാടകയുടെ മാനദണ്ഡം, അന്നു് നാലുരൂപാ പ്രതിമാസം എന്നു് നിശ്ചയിച്ചിരുന്നതു് ഇന്നു് അഞ്ചുരൂപായായി ഭേദഗതിചെയ്യപ്പെട്ടിരിക്കുന്നു. ഇടക്കാലത്തു് ഈ മാനദണ്ഡങ്ങൾ 500രൂപാ വരെയുള്ള സംഖ്യ ചെലവു ചെയ്ത കെട്ടിടമെന്നും പ്രതിമാസം അഞ്ചുരൂപാ വാടകയെന്നും മററാരു നിയമം കൊണ്ടു ഭേദഗതി ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നതാണു്. (അതായതു് 1967 ലെ ഒൻമ്പതാം ആക്ട്), 1964 ലെ നിയമത്തിൽ ഇല്ലാതിരുന്നതും 1967 ലെ 9–ാം ആക്ടിൽ ആരംഭിച്ചു് 1969 ലെ ഭേദഗതിനിയമത്തിൽ സ്ഥിരപ്രതിഷ്ഠിതവുമായ മററു ചില നൂതന നിബന്ധനകളാണു്, കുടികിടപ്പിനെ മററാരു കുടികിടപ്പുകാരനു് കൈമാററം ചെയ്യാം എന്നുള്ള വ്യവസ്ഥയും, 79–ാം വകുപ്പനുസരിച്ചുള്ള പരിധിയിൽ കുടികിടപ്പുകാരൻ കെട്ടിടം പുതുക്കിപ്പണിയിച്ചാലും ആനുകൂല്യങ്ങൾക്കു് അർഹനായിരിക്കുമെന്നുള്ള വ്യവസ്ഥയും, പ്രതിവർഷ വരുമാനത്തിൻെറ അടിസ്ഥാനത്തിൽ കുടികിടപ്പിൻെറ നിർവചനം വ്യാപ്തി വർദ്ധിപ്പിച്ചതുമായ നിബന്ധനകൾ.

# അദ്ധ്യായം-20

## കുടികടപ്പുകാരൻെറ സംരക്ഷണം

ഈ അദ്ധ്യായത്തിൻെറ ചർച്ചയ്ക്കുവേണ്ടി നാം നേരേകടക്കുന്നതു് ആക്ടിൻെറ രണ്ടാമദ്ധ്യായത്തിൻെറ അവസാനഭാഗമായ 75 മുതൽ 80 F വരെയുള്ള വകുപ്പുകളിലേയ്ക്കാണ്. 79A; 80A; 80B; 80C; 80D; 80E; 80F, എന്ന ഏഴുവകുപ്പുകൾ 1964 ലെ ഒന്നാം ആക്ടിൽ ഇല്ലാതിരുന്നവയാണെന്നും, 1969 ൽ നൂതനമായി ചേർക്കപ്പെട്ടവയാണെന്നും മുൻപു പറഞ്ഞല്ലോ. ഈ ധാരണ, തുടർന്നുള്ള ചർച്ചകളുടെ വിശകലനത്തിനു് സഹായകരമായിരിക്കും.

## വകുപ്പ് 75

**ഉപവകുപ്പ് 1.** താഴെ വിവരിക്കുന്ന കാരണങ്ങൾ കൊണ്ടല്ലാതെ, ഒരു കുടികിടപ്പുകാരനെ, അവൻെറ കുടികിടപ്പിൽ നിന്നും ഒഴിപ്പിക്കാവുന്നതല്ലാ.

**കാരണം** (i) അയാൾ, തൻെറ കുടികിടപ്പിനെ മററൊരാൾക്കു് കൈമാററം ചെയ്തു എന്നുള്ളകാരണം. ഇതിനു് രണ്ടു് ഒഴിവാക്കലുകൾ ഉണ്ടു്. അതായതു്.

(a) അയാളുടെ കുടുംബത്തിലെ അംഗമായ ഒരാൾക്കു് കൈമാററം ചെയ്യാവുന്നതാണു്.

(b) പ്രതിവർഷവരുമാനം രണ്ടായിരം രൂപായിൽ കവിയാതുള്ള ഒരു വ്യക്തി, ഒരു വീടുവയ്ക്കുവാൻ സൗകര്യപ്പെടത്തക്കവണ്ണം മറെറാരു സ്ഥലമോ, താമസത്തിനു് മറെറാരു വീടോ ഇല്ലാത്തയാളാണെങ്കിൽ, അങ്ങിനെയുള്ളയാൾക്കു് കൈമാററം നടത്തിയാലും കൈമാററം നടത്തിയ ആൾ കുടികിടപ്പുകാരൻെറ ആനുകൂല്യങ്ങൾക്കു് അർഹനാവുന്നതാണു്.

**കാരണം** (ii) അയാൾ, തൻെറ കുടികിടപ്പിനെ മുഴുവനും രണ്ടുകൊല്ലത്തിൽ കുറയാത്ത കാലത്തേയ്ക്കു് പാട്ടമായോ വാടകയായോ കൊടുക്കുകയെന്നതു്.

**കാരണം** (iii) അയാൾ, കുടികിടപ്പിൽ രണ്ടുകൊല്ലത്തിൽ കുറയാത്ത കാലത്തേയ്ക്കു് തുടർച്ചയായി താമസമില്ലാതാവുകയെന്നതു്.

**കാരണം** (iv) അയാൾക്കു് മറെറാരു കുടികിടപ്പുണ്ടായിരിക്കുക; അല്ലെങ്കിൽ. കുടികിടപ്പിൽ നിന്നും, അഞ്ചുകിലോമീററററിനുള്ളിലുള്ള ഒരു സ്ഥലത്തു് വാസസ്ഥലം കെട്ടുവാൻ പ്രയോജനപ്പെടുത്താവുന്ന ഒരു സ്ഥലം ഉടമസ്ഥതയും കൈവശവുമായി ലഭിച്ചിട്ടുണ്ടാവുക.

എന്നാൽ, ഇങ്ങനെ കിട്ടിയസ്ഥലം, ഒരു സിററിയിലോ, മേജർ മുനിസിപ്പാലിററിയിലോ ആണെങ്കിൽ മൂന്നു സെൻറു്, മററുമുനിസിപ്പാലിററികളിലാണെങ്കിൽ അഞ്ചു സെൻറു്, പഞ്ചായത്തുപ്രദേശത്താണെങ്കിൽ പത്തുസെൻറു് എന്ന തോതിൽ കവിയാത്തതാണെന്നുവന്നാൽ, അയാളെ നിലവിലുള്ള കുടികിടപ്പിൽ നിന്നും ഒഴിപ്പിക്കാവുന്നതല്ല.

അതുപോലെ, അയാൾക്കു് ഉടമസ്ഥതയും കൈവശവും സിദ്ധിച്ചസ്ഥലം, അഞ്ചുകിലോമീററർ ദൂരത്തിനപ്പുറത്താണെങ്കിൽ, ആയതു് ഇരുപത്തഞ്ചുസെൻറിൽ കുറയാത്തതായിരുന്നെങ്കിലേ, അയാളെ നിലവിലുള്ള കുടികിടപ്പിൽ നിന്നും ഒഴിപ്പിക്കാൻ പാടുള്ളു.

**വിശദീകരണം I:** ഈ ഉപവകുപ്പിലെ പരിഗണനകൾക്കു്, "ഒരു·കുടുംബാംഗം" എന്നതിനു്, ഒരു "ജോയിൻറു ഫാമിലി" യുടെ കാര്യത്തിൽ അതിലെ ഒരംഗം എന്നും, മററു് ഉദാഹരണങ്ങളിൽ, ഭാര്യ, അല്ലെങ്കിൽ ഭർത്താവു്, അവരുടെ സന്താനങ്ങൾ, എന്നിവരും എന്നു് അർത്ഥമായിരിക്കുന്നതാണു്.

**വിശദീകരണം II:** ഈ ഉപവകുപ്പിൻെറ ആവശ്യത്തിത്തിലേയ്ക്കു്, താഴെപറയുന്ന ഉപാധികൾ നിറവേററപ്പെട്ടിട്ടുണ്ടെങ്കിൽ, ഒരു കുടികിടപ്പുകാരൻ, അയാളുടെ കുടികിടപ്പിൽ രണ്ടുകൊല്ലം തുടർച്ചയായി താമസിച്ചില്ലെങ്കിൽ കൂടി, അയാളുടെ ആനുകൂല്യം നഷ്ടപ്പെടാതിരിക്കുന്നതാണു്. അതായതു് അയാൾ താമസം മാറിയാലും, അയാളോടൊത്തു താമസിച്ചിരുന്ന ഒരു അടുത്ത ബന്ധു, കുടികിടപ്പിൽ തുടർന്നും താമസിച്ചിരുന്നു.(എങ്കിൽ, കുടികിടപ്പവകാശങ്ങൾ നഷ്ടപ്പെടുന്നതല്ല.) എന്നാൽ അങ്ങനെ തുടർന്നു താമസിക്കുന്ന ബന്ധുവായിരിക്കും മേലിൽ വാടക കൊടുക്കുന്നതിനു് ബാദ്ധ്യതപ്പെടുന്നതു്. അടുത്ത ബന്ധു എന്നതിൽ, ഭർത്താവു് അല്ലെങ്കിൽ ഭാര്യ, മക്കൾ, ചെറുമക്കൾ, അമ്മ, അച്ഛൻ, സഹോദരൻ, സഹോദരി സഹോദരൻേറയോ സഹോദരിയുടേയോ മക്കൾ എന്നിവരും ഉൾപ്പെടുന്നതാണു്.

**ഉപവകുപ്പ് 2 :–** ഒന്നാം ഉപവകുപ്പിൽ പറയുന്ന കാര്യങ്ങൾ എന്തുതന്നെയായിരുന്നാലും താഴെപ്പറയുന്ന ആവശ്യങ്ങൾക്കു വേണ്ടിയും ഉപാധികൾക്കു് വിധേയമായും, ഉത്ത

മവിശപാസമായ അടിസ്ഥാനത്തിൽ, കുടികിടപ്പായ കെട്ടിടം അല്ലെങ്കിൽ കുടിൽ സ്ഥിതിചെയ്യുന്ന ഭാഗം ഉൾപ്പെട്ടന്ന വസ്തുവിൻെറ കൈവശക്കാരനു് പ്രസ്തുത കുടികിടപ്പ് ഇരിക്കുന്ന ഭൂമിവേണമെന്നാവശ്യപ്പെട്ടാൽ, കുടികിടപ്പുകാരൻ, അവിടെ നിന്നും ഒഴിഞ്ഞു് പിറകെ വിശദപ്പെടുത്തുന്ന സ്ഥാനത്തേക്കു് മാറിക്കൊടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണു്.

**ആവശ്യങ്ങൾ** (a) അയാളുടെ (വസ്തു കൈവശക്കാരൻെറ) യോ അയാളുടെ പ്രായപൂർത്തിയായ സന്താനങ്ങൾ ഉൾപ്പെടെ ഏതെങ്കിലും, കുടുംബാംഗത്തിനോ, ഒരു കെട്ടിടം വയ്ക്കാനാണെന്നുള്ള ആവശ്യത്തിനു് (കുടികിടപ്പുകാരൻ ഒഴിഞ്ഞുമാറിക്കൊടുക്കണം.)

(b) ഒരംഗീകൃത അധികാരസ്ഥാനം സംവിധാനം ചെയ്തിട്ടുള്ള ഒരു ൗൺ പ്ലാനിംഗ് പരിപാടിക്കു വേണ്ടി യാണെങ്കിൽ (കുടികിടപ്പുകാരൻ ഒഴിഞ്ഞുമാറിക്കൊടുക്കണം.)

(c) ഏതെങ്കിലും വ്യാവസായിക ഉദ്ദേശം നടപ്പിലാക്കുന്നതിനുവേണ്ടിവരിക (എന്നാലും കുടികിടപ്പുകാരൻ ഒഴിഞ്ഞുമാറികൊടുക്കണം).

മേല്പറഞ്ഞ ആവശ്യങ്ങൾക്കായി, വസ്തു കൈവശക്കാരൻ, ആവശ്യപ്പെടുന്നപക്ഷവും, ചുവടെ പറയുന്ന കാര്യങ്ങൾ നിർവഹിക്കപ്പെടുകയും ചെയ്താൽ, ഇപ്പോഴത്തെ സ്ഥാനത്തുനിന്നും വസ്തുഉടമസ്ഥൻെറ വകയായ നൂതന സ്ഥാനത്തേക്കു് മാററിക്കൊള്ളേണ്ടതാണു്.

## ഉപാധികൾ

**ഉപാധി** (i) കുടികിടപ്പുകാരൻ നിർമ്മിച്ചതായി ഏതെങ്കിലും കെട്ടിടം ഉണ്ടെങ്കിൽ, വസ്തുഉടമ, അതിൻെറ വില കുടികിടപ്പുകാരനു കൊടുക്കണം.

**ഉപാധി** (ii) നൂതനമായി നൽകപ്പെടുന്ന സ്ഥാനം ഒരു പാർപ്പിടം നിർമ്മിക്കുന്നതിനു് സൗകര്യം ഉൾക്കൊള്ളുന്നതായിരിക്കണം; കൂടാതെ, പുതിയ സ്ഥലം ഇപ്പോൾ നിലവിലുള്ള കുടികിടപ്പിൽ നിന്നും, ഒരു മൈയിലിൽകവിഞ്ഞു്, അകലെയാകരുതു്.

**ഉപാധി** (iii) പുതുതായി നൽകപ്പെടുന്ന സ്ഥലം നാളതു നിലവിലുള്ള കുടികിടപ്പിൻെറ സ്ഥലവിസ്തൃതിയിൽ കുറഞ്ഞതായിരിക്കരുതു്. യാതൊരുകാരണവശാലും ഒരു സിററിയിലോ, മേജർ മുൻസിപ്പാലിററിയിലോ ആണെങ്കിൽ മൂന്നുസെൻറു് മററു മുനിസിപ്പാലിററികളിലാണെങ്കിൽ അഞ്ചുസെൻറു്, പഞ്ചായത്തു പ്രദേശത്തോ ൗൺഷിപ്പുപ്രദേശത്തോ ആണെങ്കിൽ പത്തുസെൻറു് എന്നതോതിലുള്ള വിസ്തീർണ്ണത്തിൽ കുറവായിരിക്കാനും പാടില്ലാത്തതയാകുന്നു.

**ഉപാധി** IV: വസ്തു കൈവശക്കാരൻ, പുതിയ സ്ഥലത്തെ, സംബന്ധിക്കുന്ന ഉടമാവകാശം, കൈവശം എന്നിവ, കുടികിടപ്പുകാരനിലേയ്ക്കു് കൈമാററം ചെയ്തുകൊടുക്കുവാൻ ഏർപ്പാടുണ്ടാക്കുന്നതും, കുടികിടപ്പിനെ പുതിയസ്ഥാനത്തേയ്ക്കു മാററി ഉറപ്പിക്കുവാൻ ന്യായമായി ആവശ്യം വരാവുന്ന ചെലവിൻെറ സംഖ്യ കുടികിടപ്പുകാരനു കൊടുക്കേണ്ടതുമാകുന്നു.

**ഉപവകുപ്പ്** 3: ഉപവകുപ്പു് (1) (2) എന്നിവയിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളെ ഗണ്യമാക്കാതെ തന്നെ, ഉടമസ്ഥനെന്നോ, കുടിയാനെന്നോ ഉള്ള നിലകളിലായി, ഒരാൾക്കു് മൊത്തം കൈവശമുള്ള ഭൂമി ഒരേക്കർ വിസ്തീർണ്ണത്തിൽ കവിയാത്തതാണെങ്കിൽ, അതിൽ ഒരു കുടികിടപ്പു സ്ഥിതി ചെയ്യുന്ന സാഹചര്യത്തിൽ, ആ സ്ഥാനം വസ്തു ഉടമസ്ഥനു് ഒരു കെട്ടിടം കെട്ടുന്നതിനു് ആവശ്യമുള്ളപക്ഷം കുടികിടപ്പുകാരനെ മാററിത്താമസിപ്പിക്കുന്നതിനുവേ

ണ്ടുന്ന സ്ഥലം പൊന്നും വിലകൊടുത്തെടുക്കണമെന്നു് ഗവൺമെൻറിനോടപേക്ഷിക്കുവാൻ, അവകാശമുണ്ടായിരിക്കുന്നതാണു്.

എന്നാൽ 1969 ലെ ഭേദഗതിനിയമം നടപ്പിലായി രണ്ടുവർഷം കഴിഞ്ഞാൽ, ഇപ്രകാരം പൊന്നും വിലയ്ക്കെടുക്കുവാനുള്ള അപേക്ഷ, കുടികിടപ്പുകാരൻെറ സമ്മതം കൂടിയില്ലാതെ ബോധിപ്പിക്കാവുന്നതല്ലാത്തതുമാകുന്നു.

**വിശദീകരണം:** ഈ ഉപവകുപ്പിൻെറ ആവശ്യത്തിനു വേണ്ടി, താഴെപ്പറയുന്ന കാര്യങ്ങളും ഉണ്ടായിരിക്കേണ്ടതാണു്.

(a) ഒരാളിൻെറ കൈവശമുള്ള മൊത്തം വസ്തുവിൻെറ വിസ്തീർണ്ണം കണക്കാക്കുന്നതു് 1969 ജൂലായ് ഒന്നാം തീയതി ഉള്ള കണക്കനുസരിച്ചു് പരിഗണിക്കേണ്ടതാണു്.

(b) ഒരു കുടുംബത്തിലെ അംഗമെന്ന നിലയിൽ ഒരാളുടെ കൈവശമുള്ള ഭൂമി എത്രയെന്നു നോക്കുന്നതിനു്, അയാളുടെ കുടുംബത്തിലെ ഏതെങ്കിലും അംഗം തനിയേയോ, ഒന്നിലധികം അംഗങ്ങൾ കൂട്ടായോ കൈവശം വച്ചിരിക്കുന്ന ഭൂമിയേയും കൂടി കണക്കിൽപ്പെടുത്തേണ്ടതാണു്.

**ഉപവകുപ്പ് 3 A:** മൂന്നാം ഉപവകുപ്പനുസരിച്ചുള്ള ഒരപേക്ഷ കൊടുക്കുമ്പോൾ, അപേക്ഷകൻ അതിൽ ചില കാര്യങ്ങൾ സമ്മതിച്ചു് രേഖപ്പെടുത്തിയിരിക്കണം. അതായതു്, കുടിയിരിപ്പിൻെറ സ്ഥലപരിധിയ്ക്കു് തുല്യമായ വിസ്തീർണ്ണം പൊന്നുംവിലയ്ക്കെടുക്കുന്നതിനു്—ഇതു് ഒരു സിററിയിലോ മേജർ മുനിസിപ്പാലിററിയിലോ ആണെങ്കിൽ മൂന്നുസെൻറു്, മററു മുനിസിപ്പാലിററികളിലാണെങ്കിൽ അഞ്ചുസെൻറു്, പഞ്ചായത്തു പ്രദേശത്തോ ററൗൺഷിപ്പിലോ ആണെങ്കിൽ പത്തുസെൻറു് എന്ന തോതിൽ

കുറയാൻ പാടില്ലാത്തതുമാകുന്നു.—ഇത്രയും ഭൂമിക്കു് പൊന്നും വിലയ്ക്കെടുക്കയായി വരാവുന്ന സംഖ്യയുടെ എൺപത്തേഴു ശതമാനം വരുന്ന തുക, എപ്പോഴാവശ്യപ്പെട്ടാലും കെട്ടിവച്ചുകൊള്ളാം എന്നു് അയാൾ അപേക്ഷയിൽ സമ്മതിച്ചുരേഖപ്പെടുത്തിയിരിക്കണം.

**ഉപവകുപ്പു് 3 B.** ഗവൺമെൻറു പ്രത്യേകം നിയോഗിക്കുന്ന ഒരുദ്യോഗസ്ഥൻ 3 A ഉപവകുപ്പിൽ വിവരിച്ച പ്രകാരമുള്ള സംഖ്യ അപേക്ഷകനിൽനിന്നും പിരിച്ചെടുത്തശേഷം, ലാൻഡ് അക്വിസിഷൻനിയമത്തിലെവ്യവസ്ഥകളനുസരിച്ചു് വസ്തുപൊന്നും വിലയ്ക്കെടുക്കുകയും അതിനെ ഏൽപ്പിച്ചുകൊടുക്കുകയും ചെയ്യേണ്ടതാണു്. അതിനുശേഷം കുടികിടപ്പുകാരൻ പ്രസ്തുത പുതിയ സ്ഥലത്തേയ്ക്കു്, മാറിക്കൊള്ളേണ്ടതാണെന്നുകാണിച്ചു് ഉത്തരവുകൊടുക്കേണ്ടതും, ഈ ഉത്തരവുലഭിക്കുന്ന മുറയ്ക്കു് അതിലേക്കു് മാറിക്കൊള്ളുവാൻ കുടികിടപ്പുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാകുന്നു.

**ഉപവകുപ്പു് 3 C.** 3 B വകുപ്പനുസരിച്ചു് മാറിക്കൊള്ളണമെന്ന നിർദ്ദേശത്തിനു് വിധേയമാകുന്ന കുടികിടപ്പുകാരൻ, പുതിയസ്ഥാനത്തേയ്ക്കു് മാറിത്താമസിക്കുന്നതിനു്, യുക്തമാംവിധം തികയുന്നതെന്നു് നിയുക്തനായ ഉദ്യോഗസ്ഥൻ തിട്ടപ്പെടുത്തുന്ന സംഖ്യ, നാളതു കുടിയിരിപ്പു സ്ഥിതിചെയ്യുന്ന വസ്തുവിൻെറ ഉടമസ്ഥനിൽനിന്നും മുൻകൂർ കൈപ്പററുവാൻ, അർഹനായിരിക്കുന്നതാണു്.

**ഉപവകുപ്പു് 3 D.** ഉപവകുപ്പു് 3 B അനുസരിച്ചു് പുതിയൊരു സ്ഥാനത്തേയ്ക്കു് നീങ്ങുന്ന കുടികിടപ്പുകാരനു്, പ്രസ്തുത സ്ഥലത്തിൻെറ ഉടമാവകാശവും കൈവശവും സിദ്ധിക്കുന്നതിനും, അതിൻെറ പട്ടയവും പതിവും ലഭിക്കുവാനും അവകാശമുണ്ടായിരിക്കുന്നതാണു്.

ഉപവകുപ്പ് 3 E. വസ്തുപൊന്നുംവിലയ്ക്കെടുക്കപ്പെട്ട സ്ഥലത്തിന്റെ വിലയുടെ പന്ത്രണ്ടരശതമാനം തുക, 109-ാം വകുപ്പനുസരിച്ച് രൂപീകരിക്കപ്പെടുന്ന കുടികിടപ്പുകാർ ബെനഫിററ് ഫണ്ടിൽ നിന്നും കൊടുക്കേണ്ടതുമാണ്.

ഉപവകുപ്പ് 4: ഒരു കുടികിടപ്പുസ്ഥിതി ചെയ്യുന്ന സ്ഥാനം, അതിരിക്കുന്ന വസ്തുവിന്റെ കൈവശക്കാരനായ വ്യക്തിയ്ക്ക് അസൗകര്യമുളവാക്കുന്ന രീതിയിലാണ് എന്ന് കൈവശക്കാരനു തോന്നുന്നപക്ഷം, താഴെപ്പറയുന്ന ഉപാധികൾക്കു വിധേയമായിമാത്രം, അതേ വസ്തുവിൽത്തന്നെ, കുടികിടപ്പ് സൗകര്യമായിസ്ഥാപിക്കാവുന്ന മറെറാരു സ്ഥാനത്തേക്കു് കുടികിടപ്പുകാരൻ മാറിത്താമസിക്കണമെന്നു് ആവശ്യപ്പെടാവുന്നതാണ്.

ഉപാധികൾ:-1 മാറാവുന്നതു് ഏതുസ്ഥാനത്തേയ്ക്കായിരിക്കണമെന്ന സംഗതി നിശ്ചയിക്കുവാനുള്ള അവകാശം കുടികിടപ്പുകാരനായിരിക്കും ഉണ്ടായിരിക്കുക.

2 എന്നാൽ വസ്തു ഉടമസ്ഥത്തിന്റെ സമ്മതം ലഭിക്കാത്തപക്ഷം, വസ്തുവിന്റെ അതിരുകളിൽ തൊട്ടുവരുന്ന ഏതെങ്കിലും ഭാഗമല്ലാതെ മാററത്തിനു നിശ്ചയിക്കുവാൻ കുടികിടപ്പുകാരനു് അവകാശമുണ്ടായിരിക്കുന്നതുമല്ല.

3 മേൽവിവരിച്ച ഉപാധികൾക്കു വിധേയമായി, മാറേണ്ടതായ സ്ഥാനം തെരഞ്ഞെടുക്കുന്നതിനു് കുടികിടപ്പുകാരൻ തയ്യാറാവാത്ത പക്ഷം, വസ്തു ഉടമസ്ഥൻ നിർദ്ദേശിക്കുന്നസ്ഥാനത്തേയ്ക്കു മാറുവാൻ കുടികിടപ്പുകാരൻ നിർബന്ധിതനായിരിക്കും.

4 കുടികിടപ്പുകാരൻ, മാറിത്താമസിക്കുന്ന സ്ഥാനത്തെ സംബന്ധിച്ചവസ്തുവിന്റെ പൂർണ്ണാവകാശങ്ങൾ, കുടികിടപ്പുകാരന്റെ പേരിൽ വകമാററിക്കൊടുക്കുവാൻ വസ്തു ഉടമസ്ഥൻ ബാദ്ധ്യസ്ഥനായിരിക്കും. അങ്ങനെ അവകാ

ശം കൈമാറുന്നസ്ഥലം വിസ്തീർണ്ണത്തിന്റെ സംഗതിയിൽ നിലവിലുള്ള കുടികിടപ്പിന്റെ സ്ഥലപരിധിയിൽ കുറവായിരിക്കരുതു്. അതു്, ഒരു സിററിയിലോ മേജർ മുൻസിപ്പാലിററിയിലോ ആണെങ്കിൽ മൂന്നുസെൻറു് എന്നതിൽ കുറയാനും, മററു മുനിസിപ്പാലിററികളിലാണെങ്കിൽ അഞ്ചുസെൻറു്, പഞ്ചായത്തു, ടൗൺഷിപ്പു് എന്നിവിടങ്ങളിലാണെങ്കിൽ പത്തുസെൻറു് എന്നതിൽ കുറയാനും പാടില്ലാത്തതാകുന്നു. അതിനു പുറമേ മാററപ്പെടുന്ന കുടികിടപ്പു്, കുടികിടപ്പുകാരൻ വച്ചതാണെങ്കിൽ, അതിന്റെ വിലയും,കുടികിടപ്പിനെ മാററിസ്ഥാപിക്കുന്നതിനുള്ള ചെലവും, വസ്തു ഉടമസ്ഥൻ നൽകേണ്ടതാണു്."

സാമാന്യം ദീർഘമായ 75–ാം വകുപ്പിനു് 1969 ലെ ഭേദഗതി നിയമം വരുത്തിയിട്ടുള്ള മിനുക്കുപണികളെ സാമാന്യമായി പരിശോധിക്കുന്നതു് പ്രയോജനകരമായിരിക്കുമെന്നു കരുതുന്നു. കുടികിടപ്പുകാരൻ, കുടിയിരിപ്പിനെ സംബന്ധിച്ചുനടത്തുന്ന കൈമാററങ്ങളെ അംഗീകരിക്കുന്നതിനു് 1964ൽ യാതൊരു ഉപാധിയും നിർവചിക്കപ്പെട്ടിരുന്നില്ല. ഇപ്പോൾ ചില ഉപാധികൾ ഉള്ളതു് മേൽക്കാണിച്ചിട്ടുണ്ടു്. കുടിയിരിപ്പിനെ അയാൾ വാടകക്കു കൊടുക്കുന്നതു സംബന്ധിച്ചു് ഏതുതരം വാടകക്കുകൊടുക്കലും 1964 ലെ നിയമത്തിൽ നിഷിദ്ധമായിരുന്നു. ഇപ്പോൾ മുഴുവൻ കെട്ടിടത്തേയും അല്ലെങ്കിൽ മുഴുവൻ സ്ഥലത്തേയും വേറെ വാടകക്കു് കൊടുക്കുന്നതുമാത്രമേ നിഷിദ്ധമാവുന്നുള്ളു. അതുതന്നെയും തുടർച്ചയായ രണ്ടു കൊല്ലത്തേയ്ക്കുകാലെ തകരാറുവരുന്നുള്ളു. മറെറാരു കുടിയിരിപ്പു് അയാൾക്കു് സ്വായത്തമായാൽ മുൻകുടികിടപ്പിന്റെ അവകാശം ഇല്ലാതാകുമെന്നു് മാത്രമായിരുന്നു 1964 ലെ വ്യവസ്ഥ. ഇപ്പോഴാണെങ്കിൽ, അങ്ങനെ ലഭിക്കുന്ന ഭൂമി അഞ്ചുകിലോമീററിനുള്ളിലായിരിക്കണം; അതിനു് നിശ്ചിത വി

സ്തീർണ്ണത്തിൽ കുറവുവരരുതു്, അഞ്ചു കിലോമീററിൽ കൂടുതൽ അകലെയായാൽ 25 സെൻറിൽ കുറയാൻ പാടി ല്ല, എന്നൊക്കെയുള്ള വ്യവസ്ഥകൾ നൂതനമായിചേർക്ക പ്പെട്ടിരിക്കുന്നു. വിശദീകരണം II നൂതനമായി ചേർക്ക പ്പെട്ടതാണു്.

ഭൂഉടമയുടെ സ്വന്ത ആവശ്യത്തിൻെറപേരിലുള്ള ഒഴി പ്പിക്കലിൻെറ പരിധി, ഇപ്പോൾ വളരെ കക്ശമാക്കപ്പെ ട്ടിട്ടുണ്ടു്. അവ നിലവിലുള്ള രൂപത്തിൽ മുകളിൽ കൊടു ത്തിട്ടുണ്ടു്. മൂന്നാം ഉപവകുപ്പിൽ, ഒരേക്കർ ഭൂമിവരെ മാ ത്രം ഉള്ളവർക്കു്, അടകുടിയെ മാററുവാൻ പൊന്നും വില ക്കു് അപേക്ഷിക്കാം എന്നു് ഇപ്പോൾ ഉള്ള വ്യവസ്ഥക്കു പകരം 1964 ൽ ഉണ്ടായിരുന്നതു് 25 സെൻറിൽ കവിയാ ത്ത മാത്രം ഭൂമിയുള്ളവർക്കു് എന്നായിരുന്നു. ഈ മാററം ഭൂഉടമകൾക്കു് കൂടുതൽ പ്രയോജനകരമായിട്ടാണു് കാണു ന്നതു് എന്നു വ്യക്തമാണല്ലോ. 1964 ലെ വ്യവസ്ഥയനുസ രിച്ചു് പൊന്നും വിലത്തുക മുഴവനും, വസ്തു ഉടമതന്നെ കൊടുക്കണമായിരുന്നു, ഇപ്പോൾ എൺപത്തേഴര ശതമാ നം മതിയാവും. 3 A; 3 B; 3 C; 3 D; 3 E; എന്നീ ഉപവ കുപ്പുകളെല്ലാം 1969 ൽ നൂതനമായിചേക്കപ്പെട്ടവയാണു്, ഓതേ വസ്തുവിനകത്തുള്ള മറെറാരുസ്ഥാനത്തേക്കു് കുടികി ടപ്പിനെ മാററാൻ അനുവദിക്കുന്ന നാലാം വകുപ്പിൽ, പുതി യ സ്ഥാനം തെരഞ്ഞെടുക്കുവാനുള്ള അവകാശം, കുടികിടപ്പു കാരനു നൽകിയതു് 1969ലാണു്. എന്നാൽ അയാൾ മാററ പ്പെടുന്നതു്, വസ്തുവിൻെറ അതിരിൽ ഒരിടത്തു ആകാം എന്ന വ്യവസ്ഥ 1964 ൽ ഇല്ലായിരുന്നതു് ഇപ്പോൾ നൂത നമായിചേക്കപ്പെട്ടതാണു്. നാലാം ഉപവകുപ്പിൽ വിസ്തീ ർണ്ണം ക്ലിപ്തപ്പെടുന്നതിനുള്ള വ്യവസ്ഥയും 1969 ൽ ചേ ർക്കപ്പെട്ടതാണു്.

**വകുപ്പ് 16** വാടകയുടെകാര്യം

**ഉപവകുപ്പ് 1:**–1969 ലെ ഭേദഗതി നിയമം നടപ്പിൽ വരുന്ന സമയത്തു്, ഏതെങ്കിലും നിലവിലുള്ള നിയമമനു സരിച്ചോ, നാട്ടുനടപ്പു്, കരാർ, കോടതിവിധി ഇവയേ തെങ്കിലും അനുസരിച്ചോ ഒരു കുടികിടപ്പുകാരൻ കൊടു പേണ്ടതായി എത്രതന്നെ വാടകക്കുടിശ്ശിഖയുണ്ടായിരുന്നാ ലും, ഒരു വർഷത്തെ വാടകകുടിശിഖ അല്ലെങ്കിൽ മൊ ത്തം കുടിശ്ശിഖ, ഇതിൽ ഏതാണോ അതു കൊടുക്കുന്ന പ ക്ഷം ആയതുകൊണ്ടു് മുഴവൻ വാടകക്കുടശ്ശിഖ ബാദ്ധ്യ തയും നിറവേററപ്പെട്ടുന്നതായിരിക്കും.

**ഉപവകുപ്പ് 2:** ഈ നിയമം നടപ്പിൽ വരുന്നസമയ ത്തും, അതിനുശേഷവും നാട്ടുനടപ്പ്, മുൻപതിവു്, നില വിലുള്ള നിയമം കോടതിവിധി എന്നിവയിലൊക്കെ എ ന്തൊക്കെത്തന്നെയുണ്ടായിരുന്നാലും താഴെ നിജപ്പെട്ടുത്തുന്ന നിരക്കിൽ കവിഞ്ഞവാടക ഒരു കുടികിടപ്പുകാര നിൽ നിന്നും ആവശ്യപ്പെടാൻ ആർക്കും അവകാശമു ണ്ടായിരിക്കുന്നതല്ല. അതായതു്, സിററിയിലോ മേജർ മു നിസിപ്പാലിററിയിലാണെങ്കിൽ, ഒരു കുടികിടപ്പിനു് പ്ര തിവർഷം ഇരുപത്തിനാലുരൂപാ; മററു ഏതെങ്കിലും പ്ര ദേശത്താണെങ്കിൽ പ്രതിവർഷം നൂറുരൂപാ.

എന്നാൽ, ഈ നിയമം നടപ്പിൽ വരുന്നതിനു തൊട്ടു മുൻമ്പു് വാടക കൊടുക്കാൻ ബാദ്ധ്യതയില്ലാതിരുന്ന കുടി കിടപ്പുകാരനിൽ യാതൊരു സംഖ്യയും വാടകയായി ചുമ ത്തപ്പെടാവുന്നതല്ല. അയാൾ വാടകയെന്തെങ്കിലും കൊടു ത്തിരുന്നതാണെങ്കിൽ, അതിനെക്കാളും വർദ്ധിച്ച നിരക്കി ലുള്ള വാടകയും ചുമത്തുവാൻ പാടില്ലാത്ത താണു്.

**വകുപ്പ് 77** 75–ാം വകുപ്പിൻെറ 2, 4 എന്നീ ഉപ വകുപ്പുകൾ പ്രകാരംസ്ഥാനം മാറണമെന്നു് വസ്തുഉടമസ്ഥ

ൻ നടത്തുന്ന ആവശ്യപ്പെടൽ, കുടികിടപ്പുകാരൻ അനുസരിക്കാത്തപക്ഷം, അയാളെക്കൊണ്ട് അനുസരിപ്പിക്കുന്നതിന് സിവിൽ. കോടതിയിൽ വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്. വസ്തു ഉടമസ്ഥൻ 75 (2) (4) എന്നീ ഉപവകുപ്പുകളിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള സംഗതികൾ നിറവേററിക്കഴിഞ്ഞതായി കോടതിക്കു ബോദ്ധ്യപ്പെട്ടാൽ, കുടികിടപ്പുകാരനെ മാററുന്നതിനു് ഡിക്രിപാസ്സാക്കാവുന്നതാണ്. ഈ വിധമുള്ള വ്യവഹാരം, ഒരു മാസത്തെ മുൻകൂട്ടിയുള്ളനോട്ടീസ് രജിസ്റ്റർപോസ്റ്റു മുഖാന്തിരം കുടികിടപ്പുകാരനു കൊടുക്കാതെ ബോധിപ്പിക്കാവുന്നതുമല്ല.

**വകുപ്പ് 78** കുടികിടപ്പുകാരന് കുടികിടപ്പിൽ ഉള്ള അവകാശം, പിൻ തുടർച്ചക്കാരിലേയ്ക്കും പകരുന്നതാണ്. എന്നാൽ 75–ാം വകുപ്പിലെ ഒന്നാം ഉപവകുപ്പിൻെറ ഒന്നാം ഖണ്ഡികയിൽ വിശദപ്പെടുത്തുന്നപോലുള്ളവർക്കതെല്ലാ, അതു കൈമാററം ചെയ്യപ്പെടാവുന്നതല്ല.

**വകുപ്പ് 79** "1969 ലെ ഭൂനിയമ ഭേദഗതിനിയമം നടപ്പിലാകുന്നകാലത്തു്, തൻെറ കുടികിടപ്പിനു് ഉണ്ടായിരുന്ന കെട്ടിടവിസ്താരം (plinth area) ഇന്നത്തേതിൻെറ അൻപതുശതമാനത്തിൽ അധികരിക്കാത്ത നിലയിൽ സ്വന്തം ചെലവിൽ തൻെറ കുടികിടപ്പിനെ അതേ സാധനങ്ങൾ ഉപയോഗിച്ചോ, പുതിയ സാധനങ്ങൾ ഉപയോഗിച്ചോ പുതുക്കുകയോ അററകുററപ്പണികൾ ചെയ്യുകയോ ചെയ്യാവുന്നതാണ്.

അൻപതുശതമാനം വരെ വിസ്താരം വർദ്ധിപ്പിക്കാം എന്നുള്ള വ്യവസ്ഥ 1969 ൻെറ സംഭാവനയാണ്. 1964–ലെ നിയമത്തിൽ വിസ്തീർണ്ണം ഒട്ടുംതന്നെ വർദ്ധിപ്പിക്കരുതു് എന്നു് പ്രത്യേകം പറഞ്ഞിരുന്നു.

**വകുപ്പ് 79 A** പുതുതായി ചേർക്കപ്പെട്ട വകുപ്പാണിതു്.

**ഉപവകുപ്പ് 1:** കീഴ് നടപ്പ്, നാട്ടുനടപ്പ്, കരാറുകൾ എന്നിവ ഏതെങ്കിലും അനുസരിച്ചു്, ഒരു കുടികിടപ്പുകാകാരനു് സിദ്ധിച്ചിട്ടുള്ളതും, ഈ നിയമം നടപ്പിൽ വന്ന തീയതിയിൽ കുടികിടപ്പുകാരൻ അനുഭവിച്ചുകൊണ്ടിരുന്നതുമായ എല്ലാ അവകാശങ്ങളും, നിലവിലുള്ള നിയമങ്ങൾ കോടതി വിധികൾ മുതലായവയിൽ മറിച്ചു് എന്തുതന്നെയുണ്ടായിരുന്നാലും തുടർന്നു് അനുഭവിക്കുവാൻ കുടികിടപ്പുകാരനു് അവകാശമുണ്ടായിരിക്കുന്നതാണു്.

**ഉപവകുപ്പ് 2:–** കുടികിടപ്പുസ്ഥലത്തു് താൻതാമസമാവുകയോ, കെട്ടിടം കെട്ടുകയോ ചെയ്തതീയതിമുതൽ, ആ സ്ഥലത്തെ സംബന്ധിച്ചു് ഒരുടമസ്ഥനുള്ളതുപോലുള്ള, അവകാശങ്ങൾ; ഇന്ത്യൻ ഈസ്മെൻറ്സ് ആക്ട് അനുസരിച്ചുള്ള ആനുകൂല്യങ്ങൾ, എന്നിവയെല്ലാം ഒരു കുടികിടപ്പുകാരനുണ്ടായിരിക്കുന്നതാണു്. ഈ അവകാശം, ഏതെങ്കിലും നിയമങ്ങളിലോ, നാട്ടുനടപ്പുകളിലോ, കോടതിവിധികളിലോ മറേറാ മറിച്ചു് എന്തുതന്നെയുണ്ടായിരുന്നാൽ കൂടി പ്രാബല്യത്തിലിരിക്കുന്നതാണു്. മററുനിയമങ്ങളേതെങ്കിലും അനുസരിച്ചു്, കുടികിടപ്പുകാരനു് ഉള്ള മററവകാശങ്ങളും സൗജന്യങ്ങളുമൊന്നും, യാതൊരുതരത്തിലും ബാധിക്കപ്പെടുന്നതുമല്ല.

**ഉപവകുപ്പ് 3:–** കുടികിടപ്പുകാരൻെറ ഭവനത്തിലേയ്ക്കു് എലക്ട്രിസിററി കണക്ഷനുകളോ, മററുമരാമത്തുപണികളോ, സ്ഥാപിക്കുന്നതിനു് കുടികിടപ്പു് സ്ഥിതിചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥനോ, കൈവശക്കാരനോ ആയ വ്യക്തികളുടെ അനുവാദം ആവശ്യമില്ലാത്തതാകുന്നു. കോടതിവിധികളിലോ നിയമങ്ങളിലോ ഒക്കെ മറിച്ചുള്ള വ്യവസ്ഥ

കൾ എന്തുണ്ടായിരുന്നാലും ഈ അവകാശം കുടികിടപ്പു കാരന് ഉണ്ടായിരിക്കുന്നതാകുന്നു.

**ഉപവകുപ്പ് 4:**—കുടികിടപ്പുകാരന്റെ വീട്ടാവശ്യത്തിനു വേണ്ടി, കുടികിടപ്പുസ്ഥിതിചെയ്യുന്ന വസ്തുവിൽകൂടി വെള്ളം കൊണ്ടുപോകുന്നതിനു്, പൈപ്പ് സ്ഥാപിക്കുകയോ, മററുയുക്തമായ പണികൾ നടത്തുകയോ ചെയ്യുന്നതിനു്, വസ്തുഉടമസ്ഥന്റെയോ കൈവശക്കാരന്റെയോ അനുവാദം ആവശ്യമില്ലാത്തതാകുന്നു. കോടതിവിധികൾ, നിലവിലുള്ള നിയമങ്ങൾ, കരാറുകൾ എന്നിവയിലെല്ലാം മറിച്ച് എന്തൊക്കെ വ്യവസ്ഥപ്പെടുത്തിയിരുന്നാലും ഈ അവകാശം വിനിയോഗിക്കാവുന്നതാണ്.

**വിശദീകരണം.** ഈ വകുപ്പിന്റെ പരിഗണനയ്ക്കു്, ഈ നിയമം നടപ്പിൽവരുന്നതിന്റെ തൊട്ടുമുമ്പു തുടർച്ചയായ മൂന്നുവർഷക്കാലത്തേക്കു് കുടികിടപ്പുകാരൻ അനുഭവിച്ചുവന്നിരുന്ന അവകാശങ്ങളും സൗജന്യങ്ങളും, കരാർപ്രകാരമായും, കീഴ്പതിവനുസരിച്ചും സ്ഥാപിക്കപ്പെട്ടുകഴിഞ്ഞതായും പരിഗണിക്കേണ്ടതാണ്.

## വകുപ്പ് 80—കുടികിടപ്പു രജിസ്റ്റർ

**ഉപവകുപ്പ് 1.** :—ഓരോ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളുടെയും അതിർത്തിതിരിച്ച് അതിനകത്തുള്ള കുടികിടപ്പുകാരുടേതായ ഒരു രജിസ്റ്റർ ഉണ്ടായിരിക്കുന്നതിനുവേണ്ടുന്ന ഏർപ്പാടുകൾ ഗവർമെന്റു ചെയ്യേണ്ടതാണ്.

**ഉപവകുപ്പ് 2:**— രജിസ്റ്ററിൽ താഴെപറയുന്നവിവരങ്ങൾ ഉണ്ടാകണം.

(a) കുടികിടപ്പ് സ്ഥിതിചെയ്യുന്ന വസ്തുവിന്റെ വിവരണം.

(b) കുടികിടപ്പിന്റെ സ്ഥാനവും, അതിന്റെ വിസ്തീർണ്ണവും.

(c) കുടികിടപ്പുകാരൻെറ പേരും വിലാസവും.

(d) 79–ാം വകുപ്പിൽ വിവരിച്ചിട്ടുള്ള അവകാശ ങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയുടെ വിവരം.

(e) നിയുക്തമാകപ്പെടുന്ന മററു വിവരങ്ങൾ.

**ഉപവകുപ്പ് 3:** ഗവർമെൻറു നിർദ്ദേശിക്കുന്ന ചട്ടങ്ങൾക്കു വിധേയമായി, ഓരോ പ്രാദേശിക സ്വയംഭരണ സ്ഥാപ നവും, അതിൻെറ അധികാരപരിധിക്കകത്തുവരുന്ന കുടി കിടപ്പുകാരുടെ ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ട താണ്.

**ഉപവകുപ്പ് 4:** അങ്ങനെ തയ്യാറാക്കപ്പെടുന്ന രജിസ്റ്റർ, ഗവൺമെൻറു നിർദ്ദേശിക്കുന്നവിധത്തിൽ പ്രാദേശികഘ ടകം സൂക്ഷിക്കേണ്ടതാണ്.

**ഉപവകുപ്പ് 5:** കുടികിടപ്പു രജിസ്റ്റർ ചെയ്തതിലോ, ഒരു കുടികിടപ്പ് രജിസ്റ്റർ ചെയ്യാൻ വിസമ്മതിച്ചതിലോ, ആ ക്ഷേപമുള്ള ഏതൊരാൾക്കും, പ്രസ്തുത സംഭവങ്ങൾ കഴി ഞ്ഞു് തൊണ്ണൂറു ദിവസങ്ങൾക്കകം, അപ്പീൽ ബോധിപ്പി ക്കാവുന്നതാണ്.

(a) ഒരു കോർപ്പറേഷൻെറയോ മുനിസിപ്പാലിററി യുടെയോ അതിർത്തിക്കകത്താണ് രജിസ്ട്രേഷനെങ്കിൽ, അപ്പീൽ ആർ. ഡി. ഓ. മുമ്പാകെയായിരിക്കണം.

(b) മററു കേസുകളിൽ തഹശീൽദാർമുമ്പാകെയാ യിരിക്കണം അപ്പീൽ.

**ഉപവകുപ്പ് 6:–** ഉപവകുപ്പ് 5 പ്രകാരമുള്ള ഒരപ്പീൽ ലഭിച്ചാൽ, ആർ.ഡി.ഓ. അല്ലെങ്കിൽ തഹശീൽദാർ, രജി സ്റ്റർ തയ്യാറാക്കുന്നതിനുവേണ്ടി പ്രാദേശിക ഭരണഘട കം നടത്തിയിട്ടുള്ള നടപടികളുടെ റിക്കാർഡുകൾ വരു ത്തിപരിശോധിക്കുകയും, യുക്തമായ വിചാരണനടത്തു കയോ, നടത്തിക്കുകയോ ചെയ്യേണ്ടതും, അതിനുശേഷം,

യുക്തമെന്നു തോന്നുന്ന ഉത്തരവു പാസ്സാക്കേണ്ടതുമാണ്.

ഇങ്ങനെ ചെയ്യുന്നതിൽ, ഒരു കക്ഷിയുടെ വാദമുഖങ്ങൾ ഉന്നയിക്കുവാൻ അയാൾക്കു അവസരം നൽകാതെ, അയാൾക്കു് എതിരായ ഉത്തരവു ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഉപവകുപ്പ് 7:– "ഈ വകുപ്പിൻെറ ഉപയോഗത്തിനു്, പ്രാദേശികഘടകം എന്നതിൽ, ഒരു കൻേറാൺമെൻറു ബോർഡു് ഉൾപ്പെടുന്നതല്ലാ".

**വകുപ്പ് 80 A.** 80 A മുതൽ 80 F വരെയുള്ള പുതിയ വകുപ്പുകൾക്കു് ഒരു പ്രത്യേക അദ്ധ്യായത്തിൻെറ തന്നെ പ്രാധാന്യവും ദൈർഘ്യവുമുണ്ടെന്നു കാണാവുന്നതാണ്.

**ഉപവകുപ്പ് 1**:– നിലവിലുള്ള ഏതെങ്കിലും നിയമത്തിൽ, എന്തുതന്നെയുണ്ടായിരുന്നാലും, ഒരു കുടികിടപ്പുകാരനു്, ഈ വകുപ്പിലെ വ്യവസ്ഥകളനുസരിച്ചു്, തൻെറ കുടികിടപ്പിനെയും, അതിനോടുചേർന്ന ഭൂമിയെയും, വിലയ്ക്കുവാങ്ങുന്നതിനു് അവകാശമുണ്ടായിരിക്കുന്നതാണ്.

**ഉപവകുപ്പ് 2**:- ഒന്നാം ഉപവകുപ്പിൽ പറഞ്ഞ വ്യവസ്ഥയെ ഗണ്യമാക്കാതെ തന്നെ, ഒരേക്കറിൽ കവിയാത്ത ഭൂമി മാത്രം ഉടമസ്ഥതയോ കൈവശമോ ഉള്ള ഒരു വ്യക്തിയുടെ വക പുരയിടത്തിൽ ഇരിക്കുന്ന അടകുടിയെ സംബന്ധിച്ചിടത്തോളം, ഒരു സാഹചര്യത്തിൽ മാത്രമേ, കുടികിടപ്പ് വിലക്കുവാങ്ങുവാനുള്ള അവകാശം പ്രയോഗത്തിൽ വരികയുള്ളൂ. അതായതു്, 1969 ലെ ഭേദഗതിനിയമം നടപ്പിൽ വന്നു് രണ്ടുവർഷത്തിനകം, വസ്തു ഉടമ, അട കുടിയെ മാററിക്കുന്നതിനു് 75 (3) വകുപ്പനുസരിച്ചു്, പൊ

ന്നും വിലയ്ക്ക് വസ്തു എടുത്തു കൊടുക്കുവാൻ ഗവൺമെൻറി നോടപേക്ഷിച്ചില്ലെങ്കിൽമാത്രം– .

എന്നാൽ വസ്തു ഉടമ 75 (3) വകുപ്പനുസരിച്ചു ബോധിപ്പിച്ചിട്ടുള്ള അപേക്ഷ നിരസിക്കപ്പെട്ടുകയോ, 75 (3 c) അനുസരിച്ച് ആയാൾ എൺപത്തേഴര ശതമാനം തുക കെട്ടിവയ്ക്കുന്നതിൽ വീഴ്ച വരുത്തുകയോ, ആണ് സംഭവിച്ചിട്ടുള്ളതെങ്കിൽ, കുടികിടപ്പും, അതിൻെറ പരിസരവും വിലയ്ക്കു വാങ്ങുവാൻ കുടികിടപ്പുകാരനു് അവകാശമുണ്ടായിരിക്കുന്നതാണ്.

**ഉപവകുപ്പ് 3**:- ഈ വകുപ്പനുസരിച്ച് വിലയ്ക്കുവാങ്ങുവാൻ കുടികിടപ്പുകാരനു് അവകാശപ്പെട്ട വിസ്തീർണ്ണം, ഒരു സിററിയിലോ, മേജർ മുനിസിപ്പാലിററിയിലോ ആണെങ്കിൽ മൂന്നു സെൻറും, മററേതെങ്കിലും മുനിസിപ്പാലിററിയിലാണെങ്കിൽ അഞ്ചുസെൻറും, ഒരു പഞ്ചായത്തു പ്രദേശത്തിലോ, ററൗൺഷിപ്പു പ്രദേശത്തിലോ ആണെങ്കിൽ പത്തുസെൻറും ആയിരിക്കും.

എന്നാൽ, കുടികിടപ്പ് സ്ഥിതിചെയ്യുന്ന വസ്തുവിൽ വില വാങ്ങലിനു് വിധേയമാകാവുന്നസ്ഥലം, അല്ലെങ്കിൽ, കുടികിടപ്പു സ്ഥിതിചെയ്യുന്നസ്ഥലംആകെക്കൂടി, മേൽ വിവരിച്ച വിസ്തീർണ്ണത്തിൽ കുറവായേ ഉള്ളുവെങ്കിൽ, അത്രയും സ്ഥലം വിലയ്ക്കുവാങ്ങാൻ മാത്രമേ കുടികിടപ്പുകാരനു് അവകാശമുണ്ടാവുകയുള്ളൂ.

**ഉപവകുപ്പ് 4** :–മൂന്നാം ഉപവകുപ്പിൽ പറഞ്ഞ സംഗതികളെ ഗണ്യമാക്കാതെ തന്നെ, വസ്തു ഉടമയുടെ അല്ലെങ്കിൽ കൈവശക്കാരൻെറഭൂമിയിൽഒന്നിലധികം കുടികിടപ്പുകാരുണ്ടെങ്കിൽ, അവർക്കു് വിലവാങ്ങാവുന്ന പരമാവധി വിസ്തീർണ്ണത്തിൻെറ തോതു് താഴെ വിവരിക്കുന്ന വ്യവ

സ്ഥകളനുസരിച്ചു മാത്രമായിരിക്കും.

(a) വസ്തു ഉടമസ്ഥു് ആകെയുള്ള ഭൂമി ഒരേക്കറിൽ കവിയുന്നതല്ലെങ്കിൽ, വിലയ്ക്കുവാങ്ങാവുന്ന ഭൂമി, ഒരുസിററിയിലോ, മേജർ മുനിസിപ്പാലിററിയിലോ ആണെങ്കിൽ മൂന്നുസെൻറു്, മറേറതെങ്കിലും മുനിസിപ്പാലിറ്റിയിലാണെങ്കിൽ അഞ്ചുസെൻറു്, ഒരു പഞ്ചായത്തോ ററൗൺഷിപ്പോ പ്രദേശത്താണെങ്കിൽ പത്തുസെൻറു് എന്ന ക്രമത്തിൽ മാത്രമായിരിക്കും.

(b) വസ്തുഉടമസ്ഥു് ഒരേക്കറിൽ കൂടുതലും രണ്ടേക്കറിൽ കവിയാതെയും ഉള്ള ഭൂമിയാണുള്ളതെങ്കിൽ, ഒരു സിററി അല്ലെങ്കിൽ മേജർ മുനിസിപ്പാലിററി എന്നിവിടങ്ങളിലാണെങ്കിൽ ആറുസെൻറു്, മറേറതെങ്കിലും മുനിസിപ്പാലിററിയാണെങ്കിൽ പതിനഞ്ചുസെൻറു്, ഒരു പഞ്ചായത്തോ ററൗൺഷിപ്പോ പ്രദേശത്താണെങ്കിൽ ഇരുപത്തുസെൻറു്.

(c) വസ്തുഉടമസ്ഥു് രണ്ടേക്കറിൽകൂടുതലും, മൂന്നേക്കറിനുതാഴെയുമാണു ഭൂമിഉള്ളതെങ്കിൽ, സിററി, മേജർമുനിസിപ്പാലിററി എന്നിവിടങ്ങളിൽ ഒൻപതുസെൻറു്, മററു മുനിസിപ്പാലിററികളിൽ പതിനഞ്ചുസെൻറു്, പഞ്ചായത്തോ ററൗൺഷിപ്പോ പ്രദേശത്താണെങ്കിൽ മുപ്പതുസെൻറു്.

(d) വസ്തുഉടമസ്ഥനു് മൂന്നേക്കറിൽ കവിഞ്ഞും നാലേക്കറിൽ കവിയാതെയും ഉള്ള ഭൂമിയാണുള്ളതെങ്കിൽ, സിററി, മേജർ മുനിസിപ്പാലിററി എന്നിവിടങ്ങളിൽ പന്ത്രണ്ടുസെൻറു്, മററു മുനിസിപ്പാലിററികളിൽ ഇരുപതുസെൻററ്, പഞ്ചായത്തു് പ്രദേശത്തു് നാല്പതുസെൻറു്.

(e) വസ്തുഉടമസ്ഥനു് നാലേക്കറിൽ കവിഞ്ഞും, അ

ഞ്ചേക്കറിനു താഴെയും ഭൂമിയുണ്ടെങ്കിൽ, സിററി, മേജർ മു നിസിപ്പാലിററി എന്നിവിടങ്ങളിൽ പതിനഞ്ചുസെൻറു് മററുമുനിസിപ്പാലിററികളിൽ, ഇരുപത്തഞ്ചുസെൻറു്, പഞ്ചായത്തു്,ൗൺഷിപ്പു് എന്നീപ്രദേശങ്ങളിൽ അൻപ ത്തു സെൻറു്.

എന്നാൽ, ഒരുകുടികിടപ്പുകാരനു മാത്രമായി വാങ്ങാ വുന്ന പരമാവധി ഭൂമി മൂന്നാം ഉപവകുപ്പിൽ വ്യവസ്ഥ പ്പെട്ടുത്തിയതിൽ കവിയാൻ പാടില്ലാത്തതാകുന്നു.

കൂടാതെ, മേൽവിവരിച്ച (b), (c), (d), (e) എന്നീ ഖണ്ഡികകൾ പ്രകാരംവസ്തു ഉടമകൊടുക്കവാൻ ബാദ്ധ്യത പ്പെട്ടുന്നമൊത്തം വിസ്തീർണ്ണം, എല്ലാകുടികിടപ്പുകാരനും വാങ്ങുവാൻ അർഹതപ്പെട്ട വിസ്തീർണ്ണം തികയുമാറു് വ ന്നിട്ടില്ലെങ്കിൽ, ഓരോരുത്തർക്കും കുറഞ്ഞതു് മൂന്നുസെ ൻറുവീതം വാങ്ങുവാൻ അവകാശമുണ്ടായിരിക്കും."

അഞ്ചാം ഉപവകുപ്പിൻെറ ചർച്ചയിലേയ്ക്കു കടക്കുന്ന തിനുമുമ്പു് മേൽഖണ്ഡികയിൽ വിവരിച്ച തത്വത്തെ ഒരു ഉദാഹരണംകൊണ്ടു വ്യക്തമാക്കാം. മേൽ (c) ഖണ്ഡിക യിൽ വിവരിച്ച തരത്തിലുള്ള ഒരു ഭൂഉടമ, കുടികിടപ്പു കാർക്കു് നൽകേണ്ട മൊത്തം വിസ്തീർണ്ണം പഞ്ചായത്തുപ്ര ദേശത്താണെങ്കിൽ, മുപ്പതുസെൻറാണല്ലോ. പത്തുസെൻറു വീതം ഓരോരുത്തർക്കും കൊടുക്കുന്നപക്ഷം, മൂന്നു കുടികിട പ്പുകാർക്കു കൊടുക്കാനെ ഇതു തികയുകയുള്ളു. അയാളുടെ വ സ്തുവിൽ 6 കുടികിടപ്പുകാർ ഉണ്ടെങ്കിൽ അവർക്കു് ഓരോ രുത്തർക്കും അഞ്ചുസെൻറുവീതം, മൊത്തം 30 സെൻറു കൊടുക്കണം എന്നു് 11-ാം ഉപവകുപ്പുപ്രകാരം സിദ്ധിക്കു ന്നു. പന്ത്രണ്ടുകുടികിടപ്പുകാർ ഉണ്ടെന്നു സങ്കല്പിച്ചാൽ, ഓ രോരുത്തർക്കും കുറഞ്ഞതു് മൂന്നുസെൻറുവീതമെങ്കിലും കൊ

ട്ടക്കണം എന്നാണ് വ്യവസ്ഥയുടെ സാരം. അങ്ങനെ വരു ന്നചുററുപാടിൽ വസ്തുഉടമ 36 സെൻറു മൊത്തം കൊട്ടക്കണം; സാധാരണചട്ടപ്രകാരം 30 സെൻറു കൊട്ടക്കാനേ അയാൾ ബാദ്ധ്യസ്ഥനാകുന്നുള്ളു എങ്കിലും—എന്നുസാരം.

**ഉപവകുപ്പ് 5:**– വസ്തുഉടമയ്ക്കു് അഞ്ചേക്കറോ, അതിൽകൂടുതലോ വസ്തു ഉണ്ടെങ്കിൽ, ഒന്നിൽകൂടുതൽ കുടികിടപ്പുകാർ അയാളുടെ വസ്തുവിലുള്ളപക്ഷം, ഓരോ കുടികിടപ്പുകാരനും, മൂന്നാം ഉപവകുപ്പിൽപറഞ്ഞ വിസ്തീർണ്ണം തികച്ച് വിലയ്ക്കുവാങ്ങുവാൻ അവകാശമുണ്ടായിരിക്കും.

**ഉപവകുപ്പ് 6:**–ന്യായാനുസൃത കൈവശക്കാരനായ ഒരാളിൽ നിന്നല്ലാതെ, ഒരു കുടികിടപ്പുകാരനും കുടികിടപ്പു വിലയ്ക്കുവാങ്ങാൻ അവകാശമുണ്ടായിരിക്കുന്നതല്ല. ന്യായാനുസൃത കൈവശ ഭൂമിയുടെ അതിർത്തിക്കു വെളിയിലുള്ള കുടികിടപ്പും, സാധുവായ വില വാങ്ങലിന്ന് വിധേയമല്ലാ.

**ഉപവകുപ്പ് 7:**_വിലവാങ്ങലിനുവേണ്ടി കുടികിടപ്പുകാരൻ നൽകേണ്ടതായ പ്രതിഫലത്തുക, അയാൾചെയ്തിട്ടുള്ളവ കഴിച്ചുള്ള ദേഹണ്ഡങ്ങൾക്കും, തറവിലയ്ക്കും കമ്പോളവിലയുള്ളതിൻെറ ഇരുപത്തഞ്ചു ശതമാനം വരുന്ന സംഖ്യയായിരിക്കും.

എന്നാൽ, ഈ വകുപ്പനുസരിച്ചു കൊട്ടക്കാവുന്ന പ്രതിഫലത്തുകയുടെ അമ്പതു ശതമാനം കൊട്ടത്താൽ മതിയാവുന്നതാണ്, വസ്തു ഉടമയ്ക്കോ, അയാൾ ഒരു കുട്ടംബാംഗമായി ഗണിക്കപ്പെട്ടാൽ ആ കുടുംബത്തിനോ, സീലിംഗ് ഏരിയായിൽ കവിഞ്ഞ ഭൂമി ഉള്ള പക്ഷം.

**വിശദീകരണം:**–മേൽ കാണിച്ച ഖണ്ഡികയുടെആവശ്യത്തിന് സീലിംഗ് ഏരിയായുടെ കണക്കെടുക്കുന്നതു്, കഴി

യുന്നിടത്തോളം, 82-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ചായിരിക്കണം. 83-ാം വകുപ്പനുസരിച്ചുള്ള തീയതിയൊന്നും ഗവൺമെൻറു പ്രഖ്യാപിച്ചിട്ടില്ലാത്തപക്ഷം, 80 B ഒന്നാം ഉപവകുപ്പനുസരിച്ച് അപേക്ഷ ബോധിപ്പിച്ച തീയതി 83-ാം വകുപ്പനുസരിച്ചു പ്രഖ്യാപിക്കപ്പെട്ട തീയതിയായിഗണിക്കേണ്ടതാണ്.

ഉപവകുപ്പ് 8:- കുടികിടപ്പുകാരൻ നൽകേണ്ടതായ പ്രതിഫലത്തുകയുടെ അൻപതുശതമാനം, 109-ാം വകുപ്പനുസരിച്ച് രൂപീകരിക്കുന്ന ഫണ്ടിൽനിന്നും നൽകപ്പെടുന്നതാണ്. ശേഷിച്ച അൻപതു ശതമാനം, പന്ത്രണ്ടു തുല്യവാർഷിക ഗഡുക്കളിലായി, കുടികിടപ്പുകാരൻ നൽകേണ്ടതുമാണ്.

ഉപവകുപ്പ 9:- കുടികിടപ്പുസ്ഥലംവിലയ്ക്കുവാങ്ങുന്നതിന് കുടികിടപ്പുകാരൻ 80 B ഒന്നാംവകുപ്പനുസരിച്ച് അപേക്ഷ കൊടുക്കുമ്പോൾ, പ്രസ്തുതസ്ഥാനത്ത് കുടികിടപ്പിനെ ശാശ്വതീകരിക്കുന്നത്അസൗകര്യമുണ്ടാക്കുന്നതാണെന്ന്വസ്തു ഉടമസ്ഥൻ ലാൻഡ് ട്രൈബ്യൂണലിനെ ബോദ്ധ്യപ്പെടുത്തുന്നപക്ഷം, വിലയ്ക്കുവാങ്ങലിന് അതേഭൂമിയിലെ മറെറാരുസ്ഥാനം സ്വീകരിക്കണമെന്ന് കുടികിടപ്പുകാരനോട് നിർദ്ദേശിക്കുവാൻ ലാൻഡ് ട്രൈബ്യൂണലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

അങ്ങനെ വരുമ്പോൾ ഏതാണ് പുതിയസ്ഥാനമായിരിക്കേണ്ടത് എന്ന് തെരഞ്ഞെടുക്കുവാൻ കുടികിടപ്പുകാരന് അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ വസ്തു ഉടമസ്ഥൻെറ സമ്മതംകൂടാതെ, വസ്തുവിൻെറ അതിരുകളിൽ ഏതിലെങ്കിലും തൊടാത്തസ്ഥാനം നിശ്ചയിക്കുവാൻ കുടികിടപ്പുകാരന് അധികാരമുണ്ടായിരിക്കുന്നതല്ല.

കുടികിടപ്പുകാരൻ മറെറാരു സ്ഥാനമാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ, നിലവിലുള്ള വീടിൻെറ വിലയും അതുമാററി സ്ഥാപിക്കാനുള്ള ചെലവും വസ്തുഉടമ കുടികിടപ്പുകാരന് നൽകേണ്ടതാണ്.

**ഉപവകുപ്പ് 10:-** ഉപവകുപ്പ് 9 അനുസരിച്ച് സ്ഥലം നിശ്ചയിക്കുവാൻ കുടികിടപ്പുകാരൻ തുനിയാത്തപക്ഷം, 80 B ഒന്നാം ഉപവകുപ്പനുസരിച്ച് അയാൾ ബോധിപ്പിച്ചിട്ടുള്ള അപേക്ഷ തള്ളപ്പെടേണ്ടതാണ്.

**ഉപവകുപ്പ് 11:-** 4,5 എന്നീ ഉപവകുപ്പുകളിലെ വ്യവസ്ഥകളെ ഗണ്യമാക്കാതെ തന്നെ, താഴെപ്പറയുന്ന സാഹചര്യത്തിൽ, വസ്തുഉടമ നൽകാൻ ബാദ്ധ്യതപ്പെട്ടുന്ന മൊത്തം വിസ്തീർണ്ണത്തെ, എല്ലാ കുടികിടപ്പുകാരും, തുല്യവീതം മാത്രം വിലക്കുവാങ്ങുവാൻ ബാദ്ധ്യസ്ഥരായിത്തീരുന്നതാണ്. അതായതു്, ഓരോ കുടികിടപ്പുകാർക്കും വാങ്ങാവുന്ന പരമാവധി വിസ്തീർണ്ണം ഓരോരുത്തർക്കും തികച്ചുകൊടുക്കുവാൽ മൊത്തം ഭൂമി തികയാതെവരികയും, ഒന്നിലധികം കുടികിടപ്പുകാർ ഉണ്ടായിരിക്കുകയും ചെയ്യുന്ന സാഹചര്യം. (നാലാം ഉപവകുപ്പിൻെറ അവസാനഖണ്ഡിക കൂടി നോക്കുക.)

**ഉപവകുപ്പ് 12:-** ഈവകുപ്പിൻെറ (80 A വകുപ്പിൻെറ) ആവശ്യങ്ങൾക്കായി താഴെപ്പറയുന്ന കാര്യങ്ങളും വ്യവസ്ഥകളായിരിക്കുന്നതാണ്.

(a) ഭൂഉടമസ്ഥ് ആകെയുള്ള വിസ്തീർണ്ണം കണക്കാക്കുന്നതിനു്, 1969 ജൂലായ് ഒന്നാംതീയതി, അയാൾക്ക് ഉടമസ്ഥാവകാശത്തിലൊ കൈവശാവകാശത്തിലോ, ഉള്ള മൊത്തം വിസ്തീർണ്ണവും പരിഗണിക്കേണ്ടതാണ്.

(b) ഒരു കുടുംബാംഗമായി പരിഗണിക്കുന്ന വ്യക്തി യുടെ വകഭൂമിയുടെ കണക്കും, കുടികിടപ്പുകാർ എത്രയുണ്ടെ ന്നുള്ള കണക്കുംതിട്ടപ്പെടുത്തുന്നതിനു്,അയാളുടെകുടുംബത്തി ലെ ഏതെങ്കിലും ഒരംഗമൊ, ഒന്നിലധികം അംഗങ്ങൾക്കു ട്ടായോ, എല്ലാവരുംകൂട്ടായോ, കൈവശം വച്ചിരിക്കുന്ന ഭൂമികളും, അവയിലെല്ലാമുള്ള കുടികിടപ്പുകാരുടെ സംഖ്യ യും കണക്കിലെടുക്കേണ്ടതാണു്.

(c) കുടികിടപ്പുംകാരനു് വിലയ്ക്കുവാങ്ങുവാൻ ലഭ്യമാ കാവുന്ന ഭൂമിയുടെ വിസ്തീർണ്ണം കണക്കാക്കുന്നതിനു്, താ ഴെപ്പറയുന്ന കാര്യങ്ങൾ വ്യവസ്ഥകളായിരിക്കുന്നതാണു്.

(i) 1969 ജൂലായ് 1-ാംതീയതിക്കുശേഷം, നടത്തിയി ട്ടുള്ള വസ്തു കൈമാററങ്ങളോ, പ്രസ്തുതതീയതിക്കുശേഷം നൂ തനമായി വച്ചിട്ടുള്ള കെട്ടിടങ്ങളോ, മററു എടുപ്പുകളോ, കണക്കിൽപ്പെടുത്തുവാൻ പാടില്ല.

(ii) ഭൂമിയിൽ കെട്ടിടങ്ങൾ, മററു എടുപ്പുകൾ എന്നി വ ഇരിക്കുന്ന വിസ്താരം ഭൂവിസ്തൃതിയുടെ കണക്കിൽ നി ന്നും നീക്കം ചെയ്തു ആകെ വിസ്തീർണ്ണം കണക്കാക്കണം.

## വകുപ്പ് 80 B

**ഉപവകുപ്പ്** 1:- 80 A വകുപ്പനുസരിച്ചു് കുടികിടപ്പും അതിൻെറ പരിസരവും വിലയ്ക്കു വാങ്ങാൻ അവകാശമുള്ള കുടികിടപ്പുകാരൻ, അതിലേയ്ക്കു് ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷ ബോധിപ്പിക്കേണ്ടതാണു്.

**ഉപവകുപ്പ് 2:-** അപേക്ഷ, നിയുക്തമായ ഫാറത്തിലായി രിക്കണം. നിയുക്തമായ വിവരങ്ങളും അതിൽ കാണേണ്ട താണു്.

**ഉപകുവപ്പ് 3** കുടികിടപ്പു് സ്ഥിതി ചെയ്യുന്ന വസ്തുവി

ൽ താമസമുള്ള മററു കുടികിടപ്പുകാർക്കും, വസ്തുവിൽ അവകാശമുള്ള മററുവ്യക്തികൾക്കും ലാൻഡ് ട്രൈബ്യൂണൽ നോട്ടീസു കൊടുക്കേണ്ടതും, യുക്തമായ വിചാരണക്കുശേഷം, അപേക്ഷയിൻമേൽ, ന്യായാനുസരണമായ ഉത്തരവു പാസ്സാക്കേണ്ടതുമാണ്.

ഉപവകുപ്പ് 4 :–മൂന്നാം ഉപവകുപ്പിൻപ്രകാരം ഉള്ള ഉത്തരവിൽ താഴെപ്പറയുന്ന സംഗതികൾ ഉൾക്കൊണ്ടിരിക്കണം.

(i) കുടികിടപ്പുകാരനു് വിലയ്ക്കു വാങ്ങാൻ അർഹതപ്പെട്ട വിസ്തീർണ്ണം.

(ii) കുടികിടപ്പുകാരനു് വിലയ്ക്കു വാങ്ങാൻ അനുവദിക്കപ്പെട്ട വിസ്തീർണ്ണത്തിനു കൊടുക്കേണ്ടതായ പ്രതിഫലസംഖ്യ.

(iii) കുടികിടപ്പുസ്ഥിതിചെയ്യുന്ന ഭൂമിയുടെ കൈവശക്കാരനും, മററുള്ള അവകാശികൾക്കും ചെല്ലാവുന്ന സംഖ്യകൾ.

(iv) കുടികിടപ്പുകാരൻ വാങ്ങുന്നതിനു് അനുവദിക്കപ്പെട്ടിട്ടുള്ള ഭൂമിയിൽ ചുമന്നിട്ടുള്ള ഈ ബാദ്ധ്യതകൾ, സംരക്ഷണച്ചെലവുകൾ മുതലായവ.

(v) ഈട്ടുബാദ്ധ്യതകൾ, മുതലായവയുടെ ഉടമസ്ഥർക്കു് ചെല്ലുവാനുള്ളതായ സംഖ്യകൾ.

(vi) നിയുക്തമാവുന്ന മററു വിശദാംശങ്ങൾ.

ഉപവകുപ്പ് 5:–കുടികിടപ്പുകാരനു് കിട്ടുവാനുള്ള കെട്ടിടവില, മാററിസ്ഥാപിക്കലിനുള്ള ചെലവു്, എന്നീയിനങ്ങളിൽ, ഭൂമി ഉടമസ്ഥൻെറ പക്കൽനിന്നോ, മദ്ധ്യവർത്തികളിൽനിന്നോ കുടികിടപ്പുകാരനു് നൽകപ്പെടേണ്ടതായ തുകകൾ, പ്രതിഫലതുകയിൽ തട്ടിക്കഴിക്കേണ്ടതാണു്.

(ഈ ഉപവകുപ്പിലെ വ്യവസ്ഥ കുടികിടപ്പുകാരനു

ബ്ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ പരിണമിക്കാവുന്നതാണ്. തവണകളിലായി മുഴുവൻ പ്രതിഫലവും കൊടുക്കാൻ അയാൾക്കു് എളുപ്പമായിരിക്കും. കെട്ടിടം മാററിവയ്ക്കുന്നയവസരത്തിൽ, വസ്തു ഉടമയിൽനിന്നും കിട്ടാനുള്ള സംഖ്യതട്ടിക്കഴിപ്പ് കൂടാതെ, മുഴുവൻ തക്കസമയത്തു് കിട്ടുകയെന്നതായിരിക്കും കുടികിടപ്പുകാരനെ സംബന്ധിച്ചിടത്തോളം കൂടുതൽ പ്രയോജനകരം).

ഉപവകുപ്പു് 6;– ഈട്ടുകടം മുതലായതു്, കുടികിടപ്പുകാരൻ വാങ്ങുന്നതുൾപ്പെട്ട മുഴുവൻ വസ്തുവിൽ സ്ഥാപിക്കപ്പെട്ടതാണെങ്കിൽ, വാങ്ങലിനു വിധേയമാക്കുന്ന ഭാഗത്തേയ്ക്കു മാത്രം, വീതപ്രകാരം എത്രസംഖ്യ ചുമക്കും എന്നു് ലാൻഡ് ട്രൈബ്യൂണൽ തിട്ടപ്പെടുത്തേണ്ടതാണു്.

ഉപവകുപ്പ് 7:– കുടികിടപ്പ് വാങ്ങപ്പെടുന്ന സ്ഥലം ഉൾപ്പെട്ടഭൂമി ഒരു കുടിയാൻെറകൈവശമാണെങ്കിൽ, കുടികിടപ്പിൻെറ പ്രതിഫലത്തുക, ജന്മി, മദ്ധ്യവർത്തികൾ ഉണ്ടെങ്കിൽ അവർ, കുടിയാൻ എന്നിവർക്കെല്ലാമായി വീതിക്കേണ്ടതും, അതു് അവർ ഓരോരുത്തർക്കും ലഭിക്കാവുന്ന ആദായ വിഹിതത്തിൻെറ അനുപാതമനുസരിച്ചു വേണ്ടതുമാണു്.

## വകുപ്പ് 80 C.

ഉപവകുപ്പു് 1;– 80 A (8)-ാം ഉപവകുപ്പനുസരിച്ച് കുടിയാൻ കെട്ടിവയ്ക്കേണ്ട പ്രതിഫലം സംഖ്യയുടെ ആദ്യതവണ 80 B (3)–ാം ഉപവകുപ്പനുസരിച്ചുള്ള ഉത്തരവ് അവസാനതീർച്ചയായി, ആറുമാസത്തിനകം, ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ കെട്ടിവയ്ക്കേണ്ടതാണു്.

ഉപവകുപ്പു് 2:–മേൽപ്രകാരം ആദ്യതവണ കെട്ടിവയ്ക്കു

മ്പോൾ, അല്ലെങ്കിൽ മുഴുവൻ പ്രതിഫലവും ഒന്നായി കെട്ടിവയ്ക്കുകയാണെങ്കിൽ, ആയതു കെട്ടിവയ്ക്കുമ്പോൾ, നിശ്ചിതഫാറത്തിലും, നിയുക്തമായ വിശദാംശങ്ങൾ ചേർത്തും ഉള്ള ഒരുവിലവാങ്ങൽസർട്ടിഫിക്കററ്, ലാൻഡ്ട്രൈബ്യൂണൽ കുടികിടപ്പുകാരനു നൽകേണ്ടതാണ്. അങ്ങനെ ചെയ്യുന്നതുകൊണ്ട്, ലാൻഡ് ട്രൈബ്യൂണലിൻെറ ഉത്തരവ് അവസാനതീർപ്പായി പരിണമിച്ച തീയതി മുതലുള്ള പ്രാബല്യത്തോടുകൂടി, വസ്തുവിൻെറ സകലവിധമായ അവകാശങ്ങളും, എല്ലാവിധ ബാദ്ധ്യതകളിലും നിന്നുവിമുക്തമായ തരത്തിൽ നിക്ഷിപ്തമാവുന്നതാണ്.

ഉപവകുപ്പ് 3 :-കുടികിടപ്പുകാരൻ, ഗഡുക്കളായി തുക കെട്ടിവയ്ക്കുന്ന വ്യവസ്ഥയുള്ളപ്പോൾ, നിശ്ചിത തീയതിക്കകം ആദ്യതവണ കെട്ടിവയ്ക്കാൻ വീഴ്ചവരുത്തുന്നപക്ഷം, 80 B (3)–ാം ഉപവകുപ്പനുസരിച്ചുള്ള ഉത്തരവ് റദ്ദായിത്തീർന്നതായി ഗണിക്കേണ്ടതും, അതോടുകൂടി, കുടികിടപ്പുകാരൻെറ അവകാശബാദ്ധ്യതകളോടുകൂടിത്തന്നെ അയാൾ മേലിൽ തുടരുന്നതുമായിരിക്കും.

ഉപവകുപ്പ് 4 :–രണ്ടാംഉപവകുപ്പനുസരിച്ചുള്ളസർട്ടിഫിക്കററു നൽകിക്കഴിഞ്ഞാൽ,കുടികിടപ്പുകാരൻെറ അപേക്ഷയുള്ള പക്ഷം, മാറുന്നതിനു് വിസമ്മതിക്കുന്ന വരെ നീക്കംചെയ്തിട്ടുണ്ടെങ്കിലും, സർട്ടിഫിക്കററിൽ വിശദപ്പെടുത്തിയ വസ്തു കുടികിടപ്പുകാരൻെറ കൈവശത്തിലാക്കി കൊടുക്കുവാൻ ലാൻഡ് ട്രൈബ്യൂണലിനു് ചുമതലയുണ്ടായിരിക്കും.

ഉപവകുപ്പ് 5:–രണ്ടാമത്തേതു മുതലുള്ള തവണയ്ക്കുവേണ്ടുന്നതുകകൾ, ലാൻഡ് ട്രൈബ്യൂണലിൻെറ അക്കൗണ്ടിനുവേണ്ടി, നിയുക്തമായ രീതിയിൽ ഗവൺമെൻറു ട്രഷറിയിൽ കെട്ടിവക്കേണ്ടതാണ്.

ഉപവകുപ്പ് 6:-അങ്ങനെ രണ്ടുമുതൽതവണകളിലേക്ക് കെട്ടിവയ്ക്കാനുള്ള സംഖ്യകൾ കെട്ടിവയ്ക്കുന്നതിൽ മുടക്കം വരുത്തുന്നപക്ഷം, ആയതുകൾ കുടികിടപ്പുകാരന് വിലയ്ക്കു വിററതായ ഭാഗത്തിൽ ആദ്യചാർജായിരിക്കുന്നതും, 80 D വകുപ്പിൽ പറയുന്ന വ്യവസ്ഥയനുസരിച്ചു്, അപ്പോഴപ്പോൾ നിലവിലുള്ള റവന്യൂ റിക്കവറി ആക്ടിൻെറ വ്യവസ്ഥകളനുസരിച്ച് ഈടാക്കിയെടുക്കാവുന്നതാണ്.

## വകുപ്പ് 80D:—

രണ്ടാമത്തേയോ അതിനുശേഷമോ ഉള്ള തവണകൾ കെട്ടിവയ്ക്കുന്നതിൽ മുടക്കംവരുന്നപക്ഷം, വീഴ്ച വന്ന തുകയ്ക്കു്, ആയതു് കൊടുത്തുതീർക്കുന്നതുവരെ പ്രതിവർഷം നാലരശതമാനം നിരക്കിൽ പലിശ ചുമക്കുന്നതാണ്.

## വകുപ്പ് 80 E

ഉപവകുപ്പ് 1 :-കുടികിടപ്പുകാരൻകെട്ടിവയ്ക്കുവാനുള്ളവിലവാങ്ങൽ സംഖ്യ, (2)മുതൽ(8)വരെ ഉപവകുപ്പുകളിലെ വ്യവസ്ഥകളനുസരിച്ചുവേണം ചെയ്യേണ്ടതു്.

ഉപവകുപ്പു് 2:- കുടികിടപ്പ്സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥൻ, മദ്ധ്യവർത്തി, കൈവശക്കാരൻ എന്നിവർക്കുള്ള അവകാശങ്ങൾ, ഈട്ടുകടങ്ങൾ, സംരക്ഷണച്ചെലവുകൾ, ഉപജീവനച്ചെലവുകൾ മുതലായ ബാദ്ധ്യതകൾക്ക് വിധേയമായിട്ടുള്ളതാണെങ്കിൽ, അവർക്ക് പ്രതിഫലസംഖ്യ, ലാൻഡ് ട്രൈബ്യൂണൽ വിതരണം ചെയ്യേണ്ടതു്, 80 B വകുപ്പിലെ (3)-ാം ഉപവകുപ്പിലുള്ള വ്യവസ്ഥകളനുസരിച്ചായിരിക്കണം,

ഉപവകുപ്പു്;3:-മേൽ ഉപവകുപ്പിൽ വിവരിച്ച ബാദ്ധ്യ

തകൾ ഉണ്ടെങ്കിൽ അവ കൊടുക്കേണ്ടതു്, ആരാരുടെ ബാദ്ധ്യതയാണോ, അവരവർക്കു ലഭിക്കാനുള്ള പ്രതിഫല സംഖ്യയിൽ നിന്നുതന്നെയായിരിക്കണം.

ഉപവകുപ്പു് 4:-മേൽപ്രകാരമുള്ള ബാദ്ധ്യതകൾ, ബാദ്ധ്യതതീർക്കേണ്ടവർക്കുലഭിക്കാവുന്നപ്രതിഫലസംഖ്യയേക്കാൾ കൂടുതലാണെന്നുവന്നാൽ, പ്രതിഫലസംഖ്യ മുഴുവനേയും, ബാദ്ധ്യതയുടെ നിവർത്തിക്കായി സൂക്ഷിക്കേണ്ടതും, അതാതുകക്ഷികൾക്കു് പ്രതിഫലമായി തുകയൊന്നും കൊടുക്കാൻ പാടില്ലാത്തതുമാകുന്നു.

ഉപവകുപ്പു് 5:-ബാദ്ധ്യതഉടമസ്ഥർക്കുനല്കുവാൻവേണ്ടി നീക്കി സൂക്ഷിച്ചിരിക്കുന്ന സംഖ്യകൾ നൽകേണ്ടതു്, ബാദ്ധ്യതാഉടമസ്ഥരുടെ മുൻഗണനാക്രമം അനുസരിച്ചാണു്.

ഉപവകുപ്പു് 6:-പ്രതിഫലത്തുക കിട്ടുവാൻഅവകാശമുള്ള വ്യക്തി, തുക ലഭിക്കുന്നതിനു മുമ്പായി മരിച്ചു പോകുന്നപക്ഷം. അതാതു കക്ഷിയുടെ അവകാശികൾക്കു് പ്രസ്തുത തുക വാങ്ങാവുന്നതാണു്.

ഉപവകുപ്പു് 7:-പ്രതിഫലത്തുകയോ, ബാദ്ധ്യതാസംഖ്യയോ കൈയ്പററുവാൻ അവകാശമുള്ള വ്യക്തി, ഒരുസപകാര്യട്രസ്റ്റോ, എൻഡോവ്മെൻറാ (നിധി) ഒരുമൈനറോ, മററുനിയമപരമായ പരാധീനതയിൽപ്പെട്ടയാളോ ആണെന്നുവരികിൽ, നിലവിലുള്ള നിയമങ്ങൾ മറിച്ച് എന്തെങ്കിലും വ്യവസ്ഥപ്പെട്ടത്തിയിട്ടുണ്ടെങ്കിൽകൂടി, അതിൻെറ അവകാശിയുടെ പേരിൽ, ഗവൺമെണ്ടു നിശ്ചയിക്കുന്ന അംഗീകൃതബാങ്കിലോ, സ്ഥാപനത്തിലോ നിക്ഷേപിക്കപ്പെടേണ്ടതാണു്.

ഉപവകുപ്പ് 8:—പ്രസ്തുതസംഖ്യകളെ ബാധിക്കുന്ന തായവ്യവഹാരമോ നടപടികളോ, ഏതെങ്കിലും കോടതിയിലോ, അധികാരസ്ഥാനത്തിൻെറ മുമ്പാകെയോ നിലവിലുള്ള പക്ഷം, പ്രസ്തുതകോടതി അല്ലെങ്കിൽ അധികാരസ്ഥാനം ആവശ്യപ്പെടുന്ന വ്യവസ്ഥയിൽ തുകയെ കൈകാര്യം ചെയ്യുവാൻ ലാൻഡ് ട്രൈബ്യൂണൽ ബാദ്ധ്യസ്ഥമായിരിക്കും.

**വകുപ്പ് 80 F.** 80 E വകുപ്പനുസരിച്ച് പ്രതിഫല സംഖ്യ കൈപ്പററുവാൻ അവകാശപ്പെട്ടവരെന്നുകാണപ്പെട്ടവർക്കു് ആയതു് യഥാവിധി നൽകപ്പെടുകയെന്നതു്. പ്രതിഫലസംഖ്യ മുഴവൻ കൊടുത്തുതീർത്തുഎന്നതിനുള്ള ബാദ്ധ്യതയുടെ പരിപൂർണ്ണമായ വിടുതലായിരിക്കുന്നതും, പ്രസ്തുതസംഖ്യയ്ക്കുവേണ്ടി മേലാൽ യാതൊരുവിധ അവകാശങ്ങളും ഉന്നയിക്കപ്പെടാവുന്നതല്ലാത്തതുമാകുന്നു.

## വകുപ്പ് 80 G.

ഉപവകുപ്പ് 1:—80 A (8)—ാം ഉപവകുപ്പനുസരിച്ച്, കുടികിടപ്പുകാർ ബെനിഫിററു ഫണ്ടിൽനിന്നും കൊടുക്കുവാനുള്ള സംഖ്യ, അവകാശപ്പെട്ടവർക്കു വിതരണം ചെയ്യപ്പെടുന്നതിനുവേണ്ടി പന്ത്രണ്ടുതുല്യ ഗഡുക്കളിലായിരിക്കണം ലാൻഡ് ട്രൈബ്യൂണലിനു് നൽകേണ്ടതു്,

എന്നാൽ, ആദ്യതവണ ലാൻഡ് ട്രൈബ്യൂണലിനെ ഏല്പിക്കേണ്ടതു്, കുടികിടപ്പുകാരൻ കെട്ടിവയ്ക്കാനുള്ള ആദ്യതവണ അയാൾ ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ കെട്ടിവച്ചതിനുശേഷമേ പാടുള്ളൂ. കുടികിടപ്പുകാരൻ ഒന്നായാണു പ്രതിഫല സംഖ്യ കെട്ടിവയ്ക്കുന്നതെങ്കിൽ, അതുകഴികെ മാത്രമേ, ഈ വിധം നൽകപ്പെടാവൂ.

ഉപവകുപ്പ് 2:-ഒന്നാം ഉപവകുപ്പനുസരിച്ച് ലാൻഡ് ട്രൈബ്യൂണലിന്റെ പക്കൽ വന്നുചേരുന്ന സംഖ്യയെ, ലാൻഡ് ട്രൈബ്യൂണൽ അവകാശികൾക്ക് വിതരണം ചെയ്യേണ്ടതു്, പ്രത്യേകം നിശ്ചയിക്കപ്പെട്ട വിധത്തിലും, തീയതികളിലും ആയിരിക്കണം".

80 G. വകുപ്പ് അവസാനിക്കുന്നതോടുകൂടി, കുടികിടപ്പുകാരെ സംബന്ധിച്ച് 1969 ൽ ഭേദഗതി ചെയ്യപ്പെട്ട വിധത്തിൽ, നിജപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകളുടെ ചർച്ച അവസാനിക്കുന്നു. എന്നാൽ ആക്ടിന്റെ അവസാന ഭാഗത്തു്, പലവക സംഗതികൾക്കായി വ്യവസ്ഥപ്പെടുത്തിച്ചേർത്തിട്ടുള്ള കുടികിടപ്പുകാരെ പരാമർശിക്കുന്ന ചില കാര്യങ്ങൾ കൂടിനിയമത്തിൽ കാണപ്പെടുന്നുണ്ട്. 1969 ലെ ഭേദഗതിയിൽ നൂതനമായി ചേർക്കപ്പെട്ട 106A; 117A എന്ന വകുപ്പുകളിലാണ് ഈ നിബന്ധനകൾഉള്ളതു്. അവയെക്കൂടി, ഈ അദ്ധ്യായത്തിൽ തന്നെ കൊള്ളിക്കുന്നതു് ഉചിതമായിരിക്കുമെന്നു കരുതുന്നു. അവയുടെ തർജ്ജിമതന്നെ, അവയിലെ ഉള്ളടക്കത്തെ വേണ്ടവണ്ണം വിശദീകരിക്കുന്നതിനു് പര്യാപ്തമാണു്.

# വകുപ്പ് 106 A

"ഈ നിയമത്തിലോ, മറേറതെങ്കിലും കോടതി വിധികളിലോ ഉത്തരവുകളിലോ എന്തുതന്നെ പറഞ്ഞിരുന്നാലും, കുടികിടപ്പുകാരനു് താഴെപ്പറയുന്ന സംരക്ഷണം ഉണ്ടായിരിക്കുന്നതാണു്. അതായതു്, കുടികിടപ്പ് സ്ഥിതി ചെയ്യുന്നസ്ഥലത്തു്, 1967 മെയ് 20-ാം തീയതിക്കുമുമ്പ് എതെങ്കിലും വ്യാവസായികാവശ്യത്തിനോ, വ്യാപാരാവശ്യത്തിനോ വേണ്ടി ഒരു കെട്ടിടം നിർമ്മിച്ചിട്ടുള്ളപക്ഷം, കുടികിടപ്പുകാരൻ അന്നുമുതൽ, 1969 ജൂലായ് ഒന്നാം

തീയതിവരെ, ആ തൊഴിൽ തുടർച്ചയായി നടത്തിവരികയും ചെയ്തിട്ടുണ്ടെങ്കിൽ, താഴെ രണ്ടാം ഉപവകുപ്പിലെ വ്യവസ്ഥയ്ക്കു വിധേയമായി, ആ ഭൂമിയുടെ നിയമാനുസൃത കൈവശം ഉള്ള ആളിൽ നിന്നുംയാതൊരുവിധ തടസ്സങ്ങളും ഇടപെടലുകളും കൂടാതെ പ്രസ്തുത തൊഴിൽ തുടർന്നു നടത്തുവാൻ കുടികിടപ്പുകാരന് അവകാശമുണ്ടായിരിക്കും.

**ഉപവകുപ്പ് 2:**–"അങ്ങനെയുള്ള കെട്ടിടത്തിന്, താഴെപ്പറയുന്ന നിരക്കിലുള്ള വാടക കുടികിടപ്പുകാരൻ വസ്തുഉടമസ്ഥന് നൽകേണ്ടതാണ്.

(a) 1969 ലെ കേരളഭൂപരിഷ്ക്കരണ നിയമം നടപ്പിലാകുന്നതിൻതൊട്ടുമുമ്പ്, കുടികിടപ്പുകാരൻ കെട്ടിടത്തിന്റെ വാടകയായി ഏതെങ്കിലും തുകകൊടുക്കുന്നതിന് ബാദ്ധ്യതപ്പെട്ടിരുന്നെങ്കിൽ, അങ്ങനെയുള്ള വാടക.

(b) മററു കേസുകളിൽ, നിയുക്തമായ റൂളുകളനുസരിച്ച്, ബന്ധപ്പെട്ട എല്ലാകാര്യങ്ങളേയും കണക്കിലെടുത്ത് ലാൻഡ് ട്രൈബ്യൂണൽ നിശ്ചയിക്കുന്ന വാടക."

**ഉപവകുപ്പ് 3** :– ഒന്നും രണ്ടും ഉപവകുപ്പുകളിൽ വ്യവസ്ഥപ്പെട്ടുത്തിയിട്ടുള്ള യാതൊന്നും തന്നെ, കേരളാഗവൺമെൻറിനോ, ഒരു പ്രാദേശിക ഭരണഘടകത്തിനോ ഉടമസ്ഥതയുള്ള സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് ബാധകമല്ല.

**വിശദീകരണം:**– ഈ വകുപ്പിൻെറ ആവശ്യത്തിന്, ഒരു കെട്ടിടം എന്ന പദത്തിൻെറ അർത്ഥവ്യാപ്തിയിൽ ശാശ്വതമോ, താൽക്കാലികമോ ആയ കെട്ടിടവും ഷെഡ്ഡ് എന്നതുംകൂടി ഉൾപ്പെടുന്നതാണ്."

"കുടികിടപ്പുകാർ ബെനഫിററ് ഫണ്ട്" എന്ന നാമ

ധേയത്തിൽ, ഒരു കോടിരൂപായിൽ കുറയാത്ത മൂലധനമുള്ള ഒരു ഫണ്ടുണ്ടാക്കണമെന്നും മററും 109–ാം വകുപ്പിലുള്ള വ്യവസ്ഥകളുടെ വിശദരൂപം മറെറാരുഭാഗത്തു് വിവരിക്കുന്നുണ്ട്.

112–ാം വകുപ്പിൽ കുടികിടപ്പുകാരനെ സംബന്ധിക്കുന്ന മറെറാരു വ്യവസ്ഥയും കാണപ്പെടുന്നുണ്ട്. ഒരു കുടികിടപ്പു സ്ഥിതിചെയ്യുന്ന സ്ഥലം ഉൾപ്പെടെയുള്ള ഭൂമിഗവൺമ്മെണ്ടിൽനിന്നും പൊന്നുംവിലയ്ക്കെടുക്കുന്നപക്ഷം, ജന്മി, മദ്ധ്യവർത്തി, കുടിയാൻ, എന്നിവരോടൊപ്പം കുടികിടപ്പുകാരനും, പ്രതിഫലത്തുകയുടെ ഒരംശം ലഭിക്കത്തക്കതാണെന്നതാണ് പ്രസ്തുതവ്യവസ്ഥ. കുടികിടപ്പുകാരന്റെ കുടികിടപ്പിൽപ്പെട്ട സ്ഥലം. അല്ലെങ്കിൽ, ഒരുസിററിയിലെ മേജർ മുനിസിപ്പാലിററിയിലോ മൂന്നുസെൻറു്, മററുമുനിസിപ്പാലിററിയിൽ അഞ്ചുസെൻറു് പഞ്ചായത്തുപ്രദേശത്തോ, ററൗൺഷിപ്പിലോ പത്തുസെൻറു്, എന്ന ക്രമത്തിൽ–ഇതിൽ ഏതാണോ കൂടുതൽ, ആ നിരക്കിലുള്ള പ്രതിഫലത്തുക, കുടികിടപ്പുകാരനു നൽകപ്പെടേണ്ടതാണ്.

പൊന്നുംവിലത്തുക വീതിക്കുന്നതിനെ സംബന്ധിക്കുന്ന ചട്ടങ്ങൾ ഉൾക്കൊള്ളുന്ന 112–ാം വകുപ്പിനെ വിശദമായി പിറകേ ചർച്ചചെയ്യുന്നുണ്ട്.

കുടികിടപ്പുകാരന്റെ സംരക്ഷണത്തിനുവേണ്ടി 1969 ലെ ഭേദഗതി നിയമം നൂതനമായി എഴുതിച്ചേർത്ത മറെറാരു വകുപ്പാണ് 117 A.

**വകുപ്പു് 117 A:–** "79 A വകുപ്പിലെഒന്നുംരണ്ടും ഉപവകുപ്പുകൾ അനുസരിച്ചു് ഒരു കുടികിടപ്പുകാരനു്

അവകാശമുള്ള മുൻപതിവനുസരിച്ചുള്ളതോ, ഈസ്മെൻറ് അനുസരിച്ചുള്ളതോ ആയ സൗകര്യങ്ങൾ ഏതിനെയെങ്കിലും തടസ്സപ്പെടുത്തുന്ന, വ്യക്തി, ഒരു കൊല്ലം വരെയുള്ള തടവുശിക്ഷയ്ക്കോ, രണ്ടായിരം രൂപാവരെയുള്ള പിഴശിക്ഷയ്ക്കോ വിധേയനാകാവുന്നതാണ്".

കുടികിടപ്പുകാർക്കു് സിദ്ധിക്കാവുന്ന ആനുകൂല്യങ്ങൾ ഈവിധം വികസിക്കപ്പെട്ടു്, 1969 ലെ ഭേദഗതി നിയമം നടപ്പിൽ വന്നതോടുകൂടി എവിടെ എത്തിച്ചേർന്നിരിക്കുന്നു എന്ന സംഗതിമേൽകാണിച്ചിരിക്കുന്ന ചർച്ചയിൽ നിന്നും മനസ്സിലാക്കാവുന്നതാണല്ലോ.

# അദ്ധ്യായം 21

## കുടിയിരിപ്പ്

കുടിയിരിപ്പും, കുടികിടപ്പും തമ്മിൽ എന്താണ് വ്യത്യാസം എന്ന് പലരും അന്വേഷിക്കാറുണ്ട്. ഭൂപരിഷ്ക്കരണനിയമത്തിലെ രണ്ടാം വകുപ്പിന് മൊത്തം 63 ഖണ്ഡികകൾ ഉള്ളവ, വിവിധ സങ്കേതങ്ങളെ, ഈ നിയമത്തിന്റെ പ്രയോഗത്തിനു സ്വീകരിക്കേണ്ട വ്യാപ്തിയിൽ നിർവചിച്ചിരിക്കുകയാണ് എന്ന് മുകളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. കുടികിടപ്പുകാരൻ എന്നപദത്തെ 25–ാം ഖണ്ഡികയിൽ നിർവചിച്ചിട്ടുള്ള വിവരവും മുകളിൽ കുറിച്ചിട്ടുണ്ട്. 26–ാംഖണ്ഡിക "കുടിയിരിപ്പ്" എന്ന പദത്തെ നിർവചിക്കുന്നു.

നിർവചനത്തിന്റെ വിശകലനത്തിലേയ്ക്കു കടക്കുന്നതിനു മുമ്പായി, ഒരു കാര്യം പ്രത്യേക വിധിയായി ചൂണ്ടിക്കാനുണ്ട്. അതായതു് "കുടിയിരിപ്പ്", എന്നതു് അതിൽ

ഉൾപ്പെട്ട പാപ്പിടത്തിൻെറകാര്യത്തേക്കാൾകൂടുതൽ പ്രാധാന്യം നൽകുന്നതു് പാപ്പിടം സ്ഥിതിചെയ്യുന്ന സ്ഥാനം ഉൾപ്പെടെയുള്ള ഭൂമി എന്നകാര്യത്തിനാണു്, എന്നതത്രേ. അക്കാരണം കൊണ്ടുതന്നെ, ഭൂമിയുടെഅനുഭവത്തിൻെറ സംഗതിക്കു പ്രാധാന്യം നൽകുന്ന "കുടിയായ്മ"യുമായിട്ടാണു് "കുടിയിരിപ്പു്" എന്ന സങ്കേതത്തിനു് അടുപ്പമുള്ളതു്; അല്ലാതെ കുടികിടപ്പിനോടല്ല. ഒരു കുടിയിരിപ്പുകാരനു് അവകാശസ്ഥിരത നൽകുന്ന വ്യവസ്ഥ ഉൾക്കൊള്ളിക്കപ്പെട്ടിരിക്കുന്നതു് "കുടിയായ്മ" സ്ഥിരതയെപ്പററി ചർച്ചചെയ്യുന്ന വകുപ്പുകളുടെ മേഖലയിലാണു്. 18-ാം വകുപ്പിൻെറ മൂന്നാം ഉപവകുപ്പു് ഇപ്രകാരമാണു്.

**വകുപ്പു് 18- ഉപവകുപ്പു് 3:-** "യാതൊരു കുടിയിരിപ്പും വീണ്ടെടുക്കപ്പെടാവുന്നതല്ലാ".

വീണ്ടെടുക്കൽ എന്ന നടപടി കുടിയായ്മയുമായി മാത്രം ബന്ധപ്പെട്ടതാവുന്ന നിയമസങ്കേതമാണല്ലോ. കൈവശക്കാരനിൽനിന്നും, കൈവശം വിട്ടുമാററുന്ന സംഗതിക്കു് നിയമം സാധാരണ ഉപയോഗിക്കുന്ന പദം "ഒഴിപ്പിക്കുക" എന്നതാണു്. ചിലഭൂഉടമകൾക്കു്, കുടിയായ്മയിൽപ്പെട്ട ഭൂമിയെ മുഴവനായോ, ഭാഗികമായോ, തിരിയെ എടുക്കുവാൻ വ്യവസ്ഥചെയ്യുന്ന നടപടി ഒഴിപ്പിക്കലല്ല, വീണ്ടെടുക്കലാണു് എന്നതും ശ്രദ്ധിക്കേണ്ടിയുള്ളതാണു്. ഈ വിധമുള്ള വീണ്ടെടുക്കലാണു്, അല്ലാതെ, ഒഴിപ്പിക്കലല്ല, ഒരു കുടിയിരിപ്പിനെ സംബന്ധിച്ചു് നിരോധിക്കപ്പെട്ടിരിക്കുന്നതു് എന്നതുകൊണ്ടു്, പാട്ടം, ചിലതരം ഒററികൾ, തുടങ്ങി നിരവധി കുടിയായ്മകളെപ്പററിയുള്ള ഭാവനയുടെ രീതിയാണു് കുടിയായ്മയെപ്പററിയും സ്വീകരിക്കപ്പെട്ടിട്ടുള്ളതു് എന്ന കാര്യം വ്യക്തമാണു്.

ഈ ധാരണ ഉള്ളിൽ വച്ചു കൊണ്ടു്, "കുടിയിരിപ്പു്"

എന്നതു് എന്താണെന്നു പരിശോധിക്കുമ്പോൾ, ഏററവും കൂടുതൽ പ്രകടമായി മുഴച്ചു നിൽക്കുന്ന ആശയം, കുടിയിരിപ്പിനെ സംബന്ധിച്ചിടത്തോളം, അതിൽപ്പെടാവുന്ന ഭൂമിയുടെ വിസ്തീർണ്ണത്തെ സംബന്ധിച്ചു് പരിധിയൊന്നും ക്ലിപ്തപ്പെടുത്തിയിട്ടില്ല എന്നതാണു്. ഒരു കുടികിടപ്പിനെ സംബന്ധിച്ചു്, അതിൻെറ ഏതുപരിഗണനയിലും, ഒരു പാർപ്പിടം സൗകര്യപ്രദമായി സ്ഥാപിക്കുന്നതിനു് അത്യാവശ്യമെന്നു ഗണിക്കപ്പെടുന്നസ്ഥല പരിധിയെപ്പററിയുള്ള് പരാമർശങ്ങളോടെമാത്രമേ, വ്യവസ്ഥകൾ ഉൾക്കൊള്ളിക്കപ്പെട്ടിട്ടുള്ളു എന്നു കാണാം. കുടിയിരിപ്പിൻെറ കാര്യത്തിലും ഒരു പാർപ്പിടത്തിൻെറ സംഗതി പരാമർശിക്കപ്പെടുന്നുണ്ടെങ്കിലും, ജന്മിയ്ക്കു് വീണ്ടെടുക്കുവാൻ അനുവാദമില്ലാത്ത ഭൂമിയാണു്, അതിലെ പ്രധാനഘടകം എന്ന പ്രത്യേകതയുണ്ടു്. വേറെയും ഭൂമികൾഉള്ള വ്യക്തിയുടേയും കുടിയിരിപ്പിനു് 18–ാം വകുപ്പിൻെറ 3–ാം ഉപവകുപ്പിലെ സംരക്ഷണം ലഭ്യമാകാം.

നിയമം പ്രത്യേകം വ്യവസ്ഥപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്കു വിധേയമായിട്ടല്ലാതെ– അവ വളരെചുരുക്കവുമാണു്– ഒരു കുടികിടപ്പിനെ ഒഴിപ്പിക്കാൻ പാടില്ല. എന്നാൽ ഒരു കുടിയിരിപ്പിനെ സംബന്ധിച്ചിടത്തോളം, "വീണ്ടെടുക്കൽ" എന്നതു മാത്രമാണു് നിരോധിക്കപ്പെട്ടിരിക്കുന്നതു്. ഒരു കുടിയായ്മയെന്ന നിലയിൽ വീണ്ടെടുക്കൽ" പോകെയുള്ള ഒഴിപ്പിക്കൽ നടപടികൾക്കു്, സാധാരണ നിയമമനുസരിച്ചു് കുടിയിരിപ്പു വിധേയമാണു് എന്നു് ഇതുകൊണ്ടു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇത്രയും ധാരണകളോടെ രണ്ടാം വകുപ്പിൻെ 26–ാം ഖണ്ഡികയിൽ നൽകിയിരിക്കുന്ന നിർവചനത്തിൻെറ താഴെക്കൊടുത്തി

രിക്കുന്ന തർജ്ജമ ശ്രദ്ധിക്കപ്പെടാവുന്നതാണ്.

## വകുപ്പ് 2:- ഖണ്ഡിക 26

"കുടിയിരിപ്പ്" എന്നാൽ, ഒരു പാപ്പിടത്തിൻെറ പരിസരം, പാപ്പിടവുമായി ബന്ധപ്പെട്ടുനിൽക്കുന്ന മററു കെട്ടിടങ്ങൾ, അവയുടെ പരിസരങ്ങൾ, എന്നിവയും അങ്ങനെയുള്ള കെട്ടിടങ്ങളുടെ സൗകര്യപ്രദമായ ഉപയോഗത്തിന് ആവശ്യമായതുമായ ഭൂമിയും, അവയോട്ട് അനുബന്ധിച്ച ഈസ്മെൻറ് അവകാശങ്ങളും ഉൾപ്പെടുന്ന കൈവശഭൂമി അല്ലെങ്കിൽ കൈവശഭൂമി എന്നിവ-എന്നർത്ഥമായിരിക്കുന്നതാണ്; എന്നാൽ കുടികിടപ്പ് ഇതിൽ ഉൾപ്പെടുന്നില്ല."

"കുടിയാന്മാർ" ആരൊക്കെയാണ് എന്നു നിർവ്വചിക്കുന്ന 2-ാം വകുപ്പിലെ 57-ാം ഖണ്ഡികയുടെ പ്രാരംഭത്തിൽ (a)മുതൽ (j) വരെ ഏതാനും കുടിയാന്മാരുടെ പട്ടികകൊടുത്തിരിക്കുന്നതിൽ, (h) എന്നയിനം, "കുടിയിരിപ്പ് കൈവശക്കാരൻ" എന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നതും ഈ സാഹചര്യത്തിൽ ശ്രദ്ധേയമാണ്.

എന്തൊക്കെ വ്യവസ്ഥകളിലാണ് ഒരു കുടിയിരിപ്പ് സൃഷ്ടിക്കപ്പെടാവുന്നതു് എന്നു് ഒരിടത്തുംവ്യക്തമാക്കപ്പെട്ടില്ല. ബലാൻ പ്രവേശനത്താൽ പോലും ഒരു കുടിയിരിപ്പ് സംജാതമായി എന്നും വരാവുന്നതാണ് എന്നു് ഇതുകൊണ്ടു് മനസ്സിലാക്കേണ്ടിയിരിക്കുന്നു. വ്യക്തമായധാരണകളാൽ അതു് സൃഷ്ടിക്കപ്പെട്ടുവെങ്കിൽ നിരോധിക്കപ്പെട്ട് സ്ഥിരത നൽകപ്പെട്ട കുടിയായ്മയായും വരാവുന്നതാണ്. കുടിയിരിപ്പുടമസ്ഥനു് വേറേയും ഭൂമിയും കെട്ടിടവും ഉണ്ടായിരിക്കുകയുമാവാം. 18-ാം വകുപ്പിലെ മൂന്നാം ഉപവകുപ്പി

ൽ പറയുന്ന "വീണ്ടെടുക്കൽ നിരോധനത്തിനു വിധേയമായും, വിവിധതരം കുടിയായ്മകൾക്കു് നൽകപ്പെട്ടിരിക്കുന്ന സ്ഥിരതകൾക്കു് വിധേയമായും, ഒരു കുടിയിരിപ്പിനെ സ്ഥലത്തിന്റെ ജന്മി ഒഴിപ്പിച്ചുകൂടാവുന്ന സാഹചര്യങ്ങൾ ആടങ്ങപ്പെട്ടിട്ടില്ല, എന്നതാണു് ഒരു കുടിയിരിപ്പിനെ സംബന്ധിക്കുന്ന പ്രത്യേകതയെന്നു് ഇതുകൊണ്ടു്, കാണാം.

## ഭാഗം ഏഴ്

# അദ്ധ്യായം ഇരുപത്തിരണ്ട്

### പലവക സംഗതികൾ

ഭൂപരിഷ്കരണ നിയമത്തിൽ ആകെയുള്ള വകുപ്പുകൾ 132 ആണ്, ഇതുവരെ നടന്ന ചർച്ചകളിൽ, ഒന്നു മുതൽ 98 വരെ വകുപ്പുകളുടെ ഉള്ളടക്കമാണ്. 99 മുതൽ 132 വരെയുള്ള വകുപ്പുകൾ, നിയമത്തിന്റെ നടത്തിപ്പിനു വേണ്ടി ആവശ്യമുള്ള നിരവധി ഉപാധികൾക്ക് വ്യവസ്ഥ ചെയ്യുന്നവയാണ്. ജുഡീഷ്യറിയിൽ നിന്നു വേർപെട്ട് എക്സിക്യൂട്ടീവ് മുഖാന്തിരം, നിയമത്തിന്റെ നിർവഹണം ഏർപ്പെടുത്തുന്നതു മൂലം വന്നുചേർന്നിട്ടുള്ള പുതിയ പരിതസ്ഥിതികൾക്ക് വക കാണുകയെന്നതു് ഈ വകുപ്പുകളിലെ മുഖ്യ ചർച്ചാവിഷയമാണെന്നും കാണാവുന്നതാണ്. അതല്ലാതെയും, യുക്തമായ ആവശ്യങ്ങൾക്ക് വിധാവനം ചെയ്യുന്ന നിരവധി വകുപ്പുകളും. 99 മുതൽ 132 വരെയുള്ള വകുപ്പുകളിലാണ്.

ഈ വകുപ്പുകളുടെ സാരാംശം, പ്രത്യേകതരം വ്യാ

ഖ്യാനങ്ങളോ, പ്രത്യയശാസ്ത്രമോ ഉൾക്കൊള്ളുന്നതല്ലാത്തതു കൊണ്ടു്, വകുപ്പുകളുടെ ഊർജ്ജിമമാത്രമാത്രം തുടർന്നുള്ള ഭാഗങ്ങളിൽ ചേർത്താൽമതിയാവുമെന്നുവിചാരിക്കുന്നു.

## വകുപ്പ് 99

ഉപവകുപ്പ് 1:– ഗസററിലെ നോട്ടിഫിക്കേഷൻ മൂലം, ഈ നിയമപ്രകാരം ലാൻഡ് ട്രൈബ്യൂണലിൻെറ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനുവേണ്ടി ഏതൊരു പ്രദേശപരിധിയെ സംബന്ധിച്ചും, നോട്ടിഫിക്കേഷനിൽ വ്യവസ്ഥപ്പെടുത്തുന്ന ഏതുതരം കേസുകളെ വിചാരണചെയ്യുന്നതിനുമുള്ള അധികാരത്തോടുകൂടി, ഒന്നോ അതിലധികമോ ലാൻഡ് ട്രൈബ്യൂണലുകളെ നിയമിക്കുവാൻ, ഗവൺമെൻറിനധികാരമുണ്ടായിരിക്കുന്നതാണ്.

ഉപവകുപ്പ് 2:- (ഇതു് 1969 ലെ ഭേദഗതിനിയമം കൊണ്ടു് നൂതനമായി ചേർക്കപ്പെട്ടതാണ്).

"ലാൻഡ് ട്രൈബ്യൂണൽ എന്നതു്, മുൻസിഫിൻെറ പദവിയുള്ള ഒരു ജൂഡീഷ്യൽ ഉദ്യോഗസ്ഥനോ, തഹശീൽദാരുടെ പദവിയിൽ താഴാത്ത ഒരുദ്യോഗസ്ഥനോ, ആയ ഒരു ഏകാംഗ ട്രൈബ്യൂണൽ ആയിരിക്കേണ്ടതാണ്.

## വകുപ്പ് 99 A. ഇതൊരു പുതിയവകുപ്പാണ്.

ഉപവകുപ്പ് 1:– ഈ നിയമത്തിൻെറ ഉദ്ദേശസാദ്ധ്യത്തിനായി, യുക്തമായവിധം എത്ര അപ്പീൽ അധികാരസ്ഥാനങ്ങളും, ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നനോട്ടിഫിക്കേഷൻ മൂലം ഗവൺമെൻറിനു് സ്ഥാപിക്കാവുന്നതാണ്.

ഉപകുവപ്പ് 2:– അപ്പീൽ അധികാരസ്ഥാനം എന്നതു്, ഒരു സബോർഡിനേററു് ജഡ്ജിയുടെ പദവിയിൽ താഴാ

ത്ത, ഒരുജ്ജുഡീഷ്യൽ ഉദ്യോഗസ്ഥൻ ആയ ഏകാംഗഅധി കാരസ്ഥാനമായിരിക്കേണ്ടതാണ്.

ഉപവകുപ്പ് 3:– കാലാകാലങ്ങളിൽ ഗസററുപ്രസിദ്ധീകരണംമൂലം ഗവൺമ്മെണ്ട് നിർണ്ണയപ്പെടുത്തുന്ന പ്രദേശത്തെ സംബന്ധിച്ചായിരിക്കും, ഓരോ അപ്പീൽഅധികാരസ്ഥാനത്തിനും, അധികാര പരിധിയുണ്ടായിരിക്കുന്നതു്.

## വകുപ്പ്:-100

ഉപവകുപ്പ് 1:– ഈ നിയമത്തിൻെറ നിർവഹണത്തിനു വേണ്ടി, സംസ്ഥാനത്തിനൊട്ടാകെ, അധികാരപരിധിയുള്ള ഒരു ലാൻഡ് ബോർഡിനെ ഗവൺമെണ്ട രൂപീകരിക്കേണ്ടതാണ്. ബോർഡു് എന്നതു്, ഗവൺമെണ്ട നിയമിക്കുന്നതായ, ഗവൺമെണ്ടസെക്രട്ടറിയുടെ പദവിയിൽ കുറയാത്ത, ഒരു റവന്യൂബോർഡു് അംഗംമായ ഒരു മെമ്പർ ആയിരിക്കുകയോ, മൂന്നംഗങ്ങളുള്ളതായിരിക്കുകയോ ചെയ്യാവുന്നതാണ്.

ഉപവകുപ്പ് 2 :-ബോർഡിൽ മൂന്നു് അംഗങ്ങളാണുണ്ടായിരിക്കുന്നതെങ്കിൽ, അവർ താഴെപ്പറയുന്ന വിവരണങ്ങളിൽപ്പെട്ടവരായിരിക്കണം.

(i) ഒരു മെമ്പർ, റവന്യൂബോർഡിലെ അംഗമോ, ഗവൺമ്മെൻറു സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത, ഗവൺമെൻറു നിയമിക്കുന്ന ഒരുദ്യോഗസ്ഥനോ ആയിരിക്കേണ്ടതും, അദ്ദേഹം ബോർഡിൻെറചെയർമാനായാരിക്കേണ്ടതുമാണ്.

(ii) ഒരാൾ, ഹൈക്കോടതിയുമായി ആലോചിച്ചുകൊണ്ടു്, ഗവൺമെൻറു നിയോഗിക്കുന്ന, ജില്ലാജഡ്ജിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ജുഡീഷ്യൽ ഓഫീസറാ

യിരിക്കണം,

(iii) ഒരാൾ, ഗവൺമെൻറു നിയോഗിക്കുന്ന ഒരു ഗവൺമെൻറുദ്യോഗസ്ഥൻ,

ഉപവകുപ്പ് 3 :-(a) ബോർഡ്, മൂന്നു മെമ്പറന്മാരടങ്ങുന്നതായിരിക്കുന്ന സാഹചര്യമാണുള്ളതെങ്കിൽ, ബോർഡിൻെറ ചുമതലകൾ നിർവഹിക്കപ്പെടുന്നതു്, എല്ലാമെമ്പറന്മാരും ഉൾപ്പെടുന്ന ബഞ്ചായിട്ടോ, ചെയർമാൻ നിയോഗിക്കുന്ന രണ്ടു മെമ്പറന്മാർ ഉൾപ്പെടുന്നബെഞ്ചായിട്ടോ ആകാവുന്നതാണു്. ചെയർമാനല്ലാത്ത ഒരു മെമ്പറുടെ തസ്തിക ഒഴിവായിക്കിടക്കുകയാണെങ്കിൽ, ചെയർമാനും മറേറമെമ്പറും ചേർന്നബഞ്ചിനും, കൃത്യനിർവഹണം ആകാമെന്നുള്ളതാണു്.

(b) മൂന്നു മെമ്പറന്മാരും അടങ്ങുന്നഒരു ബെഞ്ച് ഏതെങ്കിലും സംഗതി വാദം കേട്ടശേഷം, അതിലെ ഏതെങ്കിലും തർക്ക സംഗതിയിൽ മെമ്പറന്മാർ തമ്മിൽ അഭിപ്രായഭിന്നത ഉണ്ടായി എന്നുവരുന്നപക്ഷം. ബോർഡിലെ ഭൂരിപക്ഷം മെമ്പറന്മാരുടെ അഭിപ്രായമനുസരിച്ചുള്ളതീരുമാനം ആണു് സ്വീകരിക്കപ്പെടേണ്ടതു്.

(c) രണ്ടുമെമ്പറന്മാരടങ്ങുന്ന ബെഞ്ചുവാദം കേട്ട സംഗതിയിന്മേൽ മെമ്പറന്മാർ തമ്മിൽ അഭിപ്രായ ഭിന്നത ഉണ്ടായിട്ടുള്ള പക്ഷം, അഭിപ്രായഭിന്നതക്കു് നിദാനമായസംഗതി അവർ ക്ലിപ്തപ്പെടുത്തി മൂന്നാമത്തെ മെമ്പറിനു് സമർപ്പിക്കേണ്ടതാണു്. അങ്ങനെ സമർപ്പിക്കപ്പെടുന്ന പോയിൻറിനെപ്പററിമാത്രം, പ്രസ്തുതമെമ്പർ, നൂതനമായി വാദം കേൾക്കേണ്ടതും, അദ്ദേഹത്തിൻെറ തീർപ്പുപ്രകാരം അവസാനത്തീർപ്പ് പ്രഖ്യാപിക്കേണ്ടതുമാണു്.

## വകുപ്പ് 101

ഉപവകുപ്പ് 1:- ഈ നിയമത്തിൻെറ കീഴായി നിയമി

ക്കപ്പെടുന്ന ലാൻഡ് ബോർഡിനും, ലാൻഡ് ട്രൈബ്യൂണലുകൾക്കും, ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന സിവിൽ കോടതിയ്ക്ക്, സിവിൽ പ്രൊസീഡിയർ കോഡ് പ്രകാരമുള്ള എല്ലാ അധികാരങ്ങളും, താഴെപ്പറയുന്ന കാര്യങ്ങളിൽ ഉണ്ടായിരിക്കുന്നതാണ്.

(a) ഏതു വ്യക്തിയേയും, സമൺസു പ്രകാരം കണ്ടു ണ്ണിച്ചോ, നിർബന്ധിച്ചുവരുത്തിയോ, സത്യം ചെയ്യല്ലുള്ള വിധം വിസ്തരിക്കുന്നതിനു്.

(b) രേഖകൾ ഹാജരാക്കാൻ നിർദ്ദേശിക്കുന്നതിനു്.

(c) സത്യവാങ്മൂലം വഴി തെളിവു സ്വീകരിക്കുന്നതിനു്.

(d) സാക്ഷികളെ വിസ്തരിച്ച് മൊഴിരേഖപ്പെടുത്തുന്നതിനോ, സ്ഥലം പരിശോധിച്ചു റിപ്പോർട്ടു ചെയ്യുന്നതിനോ കമ്മിഷണരെ നിയോഗിക്കുന്നതിനു്.

(e) റൂളുകളാൽ നിജപ്പെടുത്തുന്ന മററു സംഗതികൾക്കു്.

**ഉപവകുപ്പ് 2:–** എല്ലാ ലാൻഡ് ട്രൈബ്യൂണലുകളുടെയും ഈ നിയമപ്രകാരമുള്ള അപ്പീൽ അധികാരസ്ഥാനങ്ങളുടെയും മേൽ, നിയന്ത്രണാധികാരവും, മേൽനോട്ടാവകാശവും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ, താഴെപ്പറയുന്ന കാര്യങ്ങൾക്കുള്ള അധികാരങ്ങളുമുണ്ടായിരിക്കും.

(a) ലാൻഡ് ട്രൈബ്യൂണലുകളിലും, അപ്പീൽ സ്ഥാപനങ്ങളിലും നിന്നു് റിട്ടേണുകൾ ആവശ്യപ്പെടുന്നതിനു്.

(b) പൊതുവായ കാര്യങ്ങൾക്ക് ചട്ടങ്ങൾ നിർമ്മിച്ച് പുറപ്പെടുവിക്കുക, അവയുടെ നടപടിക്രമങ്ങളെ ചിട്ടപ്പെടുത്തുന്നതിനു്, ഫാറങ്ങൾ നിർദ്ദേശിക്കുക, എന്നിവകൾക്കു്.

(c) ലാൻഡ് ട്രൈബ്യൂണലുകളും, അപ്പീൽ അധികാ

രികളും, സൂക്ഷിക്കേണ്ട രജിസ്റ്ററുകളിലെ, കുറിപ്പുകളും അക്കൗണ്ടുകളും രേഖപ്പെടുത്തുന്നതിനുള്ള മാതൃകകൾ നിർദ്ദേശിക്കുക.

(d) ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിന്മേലും, കക്ഷികൾക്കു് നോട്ടീസു കൊടുത്തശേഷവും, വാദമുന്നയിക്കുവാൻ ആഗ്രഹിക്കുന്നവർക്കു് അതിനവസരം നൽകിയ ശേഷവും, ഇതൊന്നുമില്ലെങ്കിലും സ്വന്തമായ അധികാരപ്പടിയും, ഒരു ലാൻഡു് ട്രൈബ്യൂണൽ മുമ്പാകെയോ, അപ്പീൽ അധികാരിയുടെ മുമ്പാകെയോ, നിലവിലുള്ള ഒരു വിചാരണ നടപടിയെ മറ്റൊരു ലാൻഡു് ട്രൈബ്യൂണലിന്റെയോ, അപ്പീൽ അധികാരിയുടേയോ കോടതിയിലേക്കു മാറ്റുക; അതിനെ തിരിയെ മാറ്റുക.

**ഉപവകുപ്പു് 3:–** ലാൻഡു് ട്രൈബ്യൂണൽ മുമ്പാകെയുള്ള ഏതെങ്കിലും വിചാരണയിൽ. ഒരാൾ ചെറുകിട കൈവശക്കാരനാണോ അല്ലയോഎന്നോ, കുടിയാനാണോ അല്ലയോഎന്നോ, എഴുപത്തി രണ്ടാംവകുപ്പനുസരിച്ചു് ഭൂമി ഗവൺമെണ്ടിൽ നിക്ഷിപ്തമായിട്ടുണ്ടോ ഇല്ലയോഎന്നോ ഉള്ള പ്രശ്നങ്ങളിൽ തീർപ്പു കല്പിക്കുവാൻ ലാൻഡു് ട്രൈബ്യൂണലിനു് അധികാരമുണ്ടായിരിക്കുന്നതാണു്,

**ഉപവകുപ്പു് 4:–** ഏതെങ്കിലും ഭൂമി 1–ാംവകുപ്പനുസരിച്ചു ഒഴിവാക്കപ്പെട്ടിട്ടുണ്ടോ എന്ന പ്രശ്നം ഉദിക്കുന്നപക്ഷം, അതിനെപ്പററിയുള്ള തീരുമാനം ലാൻഡു്ബോർഡു ചെയ്യേണ്ടതും ലാൻഡു്ബോർഡിന്റെ തീരുമാനം അവസാനത്തേതായിരിക്കുന്നതുമാണു്.

**ഉപവകുപ്പു് 5:–** ഏതെങ്കിലും ഭൂമി രണ്ടാം വകുപ്പു് 5–ാം ഖണ്ഡത്തിൽ വിശദപ്പെടുത്തിയിട്ടുള്ള ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതാണോ എന്ന പ്രശ്നം ഉത്ഭവിക്കുന്ന

പക്ഷം, അതിൻെറ വിസ്തീർണ്ണം, മുടക്കുമുതൽ, വരുമാനം എന്നിവയും, അവശേഷിക്കുന്നഭാഗവും മററു സംഗതമായ കാര്യങ്ങളും കണക്കിലെടുത്തശേഷം, ആ പ്രശ്നം ലാൻഡ് ബോർഡാണ് തീരുമാനിക്കേണ്ടതു്. പ്രസ്തുതതീരുമാനം അവസാനതീരുമാനമായിരിക്കുന്നതുമാണ്.

## വകുപ്പ് 102

**ഉപവകുപ്പ്** 1:- വകുപ്പ് 12 (2), വകുപ്പ് 13 (3) വകുപ്പ് 22, വകുപ്പ് 23, വകുപ്പ് 26 (2) എന്നിവപ്രകാരംനിശ്ചയിക്കപ്പെട്ട കുടിശ്ശിഖപാട്ടം 500 രൂപായിൽ കവിയുമ്പോഴും, വകുപ്പ് 31, വകുപ്പ് 47, വകുപ്പ് 48 (3)(4), വകുപ്പ് 49 (3) വകുപ്പ് 52 (6), വകുപ്പ്57, വകുപ്പ്66 (5) വകുപ്പ് 72 (F) വകുപ്പ്73; വകുപ്പ്, 80; വകുപ്പ് 90,(4) വകുപ്പ് 106; 106 A; എന്നീ വകുപ്പുകൾ പ്രകാരമുള്ളഏതെങ്കിലും തീരുമാനമുണ്ടാകുമ്പോഴും, അതിന്മേൽ ആക്ഷേപമുള്ള കക്ഷിയോ, ഗവൺമെൻറോ, നിശ്ചയിക്കപ്പെട്ട തീയതിയിങ്കകം, അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതിണ്ട്.

ഉപവകുപ്പ് 2 :-ഒന്നാം ഉപവകുപ്പു പ്രകാരം അപ്പീൽബോധിപ്പിക്കുന്നതിനു് കാലതാമസം വരുന്നയവസരങ്ങളിൽ കാലതാമസത്തിനു് മതിയായ കാരണം ഉണ്ടായിരുന്നുവെന്നു് ബോദ്ധ്യപ്പെടുത്തുന്നപക്ഷം, അപ്പീൽ ഫയലിൽ സ്വീകരിച്ചു് വിചാരണ ചെയ്യുവാൻ അപ്പീലധികാരിക്കു് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

**ഉപവകുപ്പ്** 3:- ഒന്നാം ഉപവകുപ്പു പ്രകാരമുള്ള അപ്പീലിൻെറ വിചാരണ സംബന്ധമായി, 1908 ലെ

സിവിൽ പ്രൊസീഡിയർ കോഡു പ്രകാരമുള്ള അപ്പീലിൽ അനുവദനീയമായ എല്ലാ അധികാരങ്ങളും, അപ്പീൽ അധികാരിക്കുണ്ടായിരിക്കുന്നതാണ്.

ഉപവകുപ്പ് 4:- ലാൻഡ് ട്രൈബ്യൂണലിന്റെ ഉത്തരവിൻമേലോ തീർപ്പിലോ, ഭേദഗതികൾ വരുത്തുകയാണ്, അപ്പീൽ തീർച്ചചെയ്തിട്ടുള്ളതെങ്കിൽ, അതനുസരിച്ചുള്ള ഭേദഗതി, ലാൻഡ്ട്രൈബ്യൂണൽ നടത്തിക്കൊള്ളേണ്ടതാണ്.

# വകുപ്പ് 103

ഉപവകുപ്പ് 1;-

(i) ലാൻഡ് ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരായി പാസ്സാക്കിയ അവസാന ഉത്തരവു സംബന്ധമായോ.

(ii) ഈ നിയമപ്രകാരം ലാൻഡ് ബോർഡുപാസ്സാക്കിയ ഏതെങ്കിലും അവസാന ഉത്തരവുസംബന്ധമായോ ആക്ഷേപമുള്ളയാൾ, ഹൈക്കോടതി മുമ്പാകെ, അതിനെതിരായി ഹർജി ബോധിപ്പിക്കാവുന്നതാണ്. അതു് റൂളകളിൽ നിർണ്ണയിക്കപ്പെടുന്നതീയതിയ്ക്കകമായിരിക്കേണ്ടതുമാണ്.

ഉപവകുപ്പ് 2;- കക്ഷികളുടെ വാദംകേട്ടശേഷം, യുക്തമായ തീരുമാനം ഹൈക്കോടതിയ്ക്കു ചെയ്യാമെന്നുള്ളതും, അതനുസരിച്ചുള്ള ഭേദഗതികൾ, അസൽ ഉത്തരവിൽ വരുത്തേണ്ടതുമാണ്.

ഉപവകുപ്പ്; 3:-500 രൂപായിൽ കുറഞ്ഞ കുടിശ്ശികകൾ, തീർച്ചചെയ്യപ്പെട്ടിട്ടുള്ള കേസുകളിൽ അവയുടെ ന്യായ

രീതിയെ പരിശോധിച്ച് തീർച്ചചെയ്യുന്നതിനുവേണ്ടി റിക്കാർഡുകൾ ആവശ്യപ്പെടുന്നതിനും, അവയെ പരിശോധിച്ചശേഷം, യുക്തമായ തീരുമാനം കൽപിക്കുന്നതിന് ഹൈക്കോടതിക്ക് അധികാരമുണ്ടായിരിക്കുന്നതുമാണ്.

ഉപവകുപ്പ് 4:– ഇതനുസരിച്ചുള്ള അധികാരം, ഹൈക്കോടതിയിലെ ഒരു ജഡ്ജിമാത്രമുള്ള ബഞ്ചിന് വിനിയോഗിക്കാവുന്നതാണ്.

**വകുപ്പ് 104:–** ഈ നിയമപ്രകാരം ഉള്ള ഏതെങ്കിലും നടപടിയിൽ ഒരു കൂട്ടകുടുംബമാണ് കക്ഷിയെങ്കിൽ, അതിലെ മാനേജരേയോ, കാരണവനേയോ കൂടാതെ, ഏറ്റവും പ്രായമുള്ള അംഗത്തേയും, കക്ഷിയാക്കിയാൽ മതിയാവുന്നതാണ്. മരുമക്കത്തായം തറവാടോ അളിയസന്താനം കുടുംബമോ ആണെങ്കിൽ ഓരോതാവഴി അല്ലെങ്കിൽ കാവരു എന്നതിലെ കാരണവനേയും, കക്ഷിചേർത്താൽ മതിയാവുന്നതാണ്. എന്നാൽ, അതിലെ മറേറതെങ്കിലും അംഗത്തിനു് കക്ഷിചേരാൻ അവകാശവും ഉണ്ടായിരിക്കും,

ഉപവകുപ്പ് 2:– കോടതി റിസീവറുടെ കൈവശമുള്ളതാണു വസ്തുവാണെങ്കിൽ, റിസീവറെ കക്ഷിയാക്കിയാൽ മതിയാവുന്നതാണ്. മററുനിയമങ്ങളിലൊക്കെ, എന്തു തന്നെപറഞ്ഞിരുന്നാലും, റിസീവറെകക്ഷിചേർക്കുന്നതിന് റിസീവറെ നിയമിച്ചകോടതിയുടെ അനുമതി തേടേണ്ട കാര്യമില്ലാത്തതാകുന്നു.

ഉപവകുപ്പ് 3:– ഈ നിയമത്തിലെ മറേറതെങ്കിലും വ്യവസ്ഥകളിലെ വ്യവസ്ഥകൾ എന്തുതന്നെയായിരുന്നാലും ഈ വകുപ്പിലെ വ്യവസ്ഥകൾക്കു് പ്രാബല്യമുണ്ടായിരിക്കു

ന്നതാണ്.

**വകുപ്പ് 104 A** :–ഒന്നിലധികം ലാൻഡ് ട്രൈ

ബ്യൂണലുകളുടെ അധികാരാതൃത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്നഭൂമിയെ സംബന്ധിച്ച് ഈനിയമപ്രകാരം ബോധിപ്പിക്കേണ്ട അപേക്ഷ, അവയിൽ ഏതു് ട്രൈബ്യൂണൽ മുമ്പാകെയും കൊടുക്കാവുന്നതാണ്.

**വകുപ്പ് 105:**

**ഉപവകുപ്പ് 1:**–ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ഗവൺമെൻറ് അധികാരപ്പെടുത്തുന്ന, റവന്യൂഇൻസ്പെക്ടരുടെ പദവിയിൽ താഴെയല്ലാത്ത ഏതൊരുദ്യോഗസ്ഥനും, താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഏതൊരു വ്യക്തിയോടും ആവശ്യപ്പെടാൻ അധികാരമുണ്ടായിരിക്കുന്നതാണ്. അതായതു് അയാളുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം, കുടുംബമാണെങ്കിൽ, അതിലെ എണ്ണം, ആളുകളിൽ നിജപ്പെടുത്തുന്ന മററുകാര്യങ്ങൾ.

**ഉപവകുപ്പ് 2:**–

(a) ഒന്നാം ഉപവകുപ്പനുസരിച്ച് നോട്ടീസു സിദ്ധിക്കുന്നയാൾ, നിയുക്തമായ കാലാവധിയ്ക്കകം വിവരം നൽകുവാൻ വീഴ്ചവരുത്തുന്നപക്ഷം, അധികൃത ഉദ്യോഗസ്ഥന്, നേരിട്ടോ മററു ഏജൻസിവഴിയോ, പ്രസ്തുത വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

(b) അധികൃത ഉദ്യോഗസ്ഥൻ (a) ഖണ്ഡ പ്രകാരം വിവരം ശേഖരിച്ചശേഷം, നിവേദനങ്ങൾ തെളിവുകൾ എന്നിവ നൽകുവാൻ, ബന്ധപ്പെട്ടകക്ഷിക്ക് അവസരം നൽകേണ്ടതാണ്. അവയെ പരിഗണിച്ചശേഷം, യുക്തി

മായ ഉത്തരവുകൾ പാസ്സാക്കാവുന്നതുമാണ്.

## വകുപ്പ് 105 A.

**ഉപവകുപ്പ്** 1:- ലാൻഡ് ട്രൈബ്യൂണലിനോ, ലാൻഡ് ബോർഡിനോ ആവശ്യമുള്ള ഏതെങ്കിലും വിവരം, ലാൻഡ് ട്രൈബ്യൂണലിൻെറയോ ലാൻഡ് ബോർഡിൻെറയോ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനോ, യുക്തമായ അപേക്ഷ ബോധിപ്പിക്കുന്നതിനോ, അധികാരപ്പെടുത്തി, റവന്യൂ ഇൻസ്പെക്ടരുടെ പദവിയിൽ കുറയാത്ത ഒരുദ്യോഗസ്ഥനെ നിയമിക്കുവാൻ ഗവൺമെണ്ടിനധികാരമുണ്ടായിരിക്കുന്നതാണ്.

ഉപവകുപ്പും 2;- അങ്ങനെയുള്ള ഉദ്യോഗസ്ഥന്, അന്വേഷണ വിചാരണ നടത്തുന്നതിനോ, സ്ഥലപരിശോധന നടത്തുന്നതിനോ, മററുവിവരങ്ങൾ ശേഖരിക്കുന്നതിനോ ആയി, ലാൻഡ് ട്രൈബ്യൂണലോ, ലാൻഡ് ബോർഡോ നിയോഗിക്കാവുന്നതും, അതനുസരിച്ച് സമർപ്പിക്കപ്പെടുന്ന റിപ്പോർട്ടുകൾ രേഖകൾ എന്നിവ ആ ഉദ്യോഗസ്ഥനെ വിസ്തരിക്കാതെതന്നെ, വിചാരണ സംഗതിയിൽ തെളിവായി ഉപയോഗിക്കാവുന്നതുമാണ്.

**ഉപവകുപ്പ്** 3 :- യുക്തമെന്നു തോന്നുന്നപക്ഷം, പ്രസ്തുത ഉദ്യോഗസ്ഥനെ സമൻസയച്ചു വരുത്തിയും വിസ്തരിക്കാവുന്നതാണ്.

**വകുപ്പ് 106 :-** മൂന്ന് ഉപവകുപ്പുകളുള്ള ഈ വകുപ്പ്, വാണിജ്യം, വ്യവസായം എന്നീ ആവശ്യങ്ങൾക്ക് കുടിയാൻ 1967 മെയ് 20-ാംതീയതിക്ക് മുമ്പ് കെട്ടിടം കെട്ടിയിട്ടുണ്ടെങ്കിൽ ഒഴിപ്പിക്കാവുന്നതല്ലെന്നും, 12 വർഷത്തിലൊരിക്കൽ പാട്ടം പുതുക്കാവുന്നതാണെന്നും മററും വ്യവസ്ഥപ്പെടുത്തിയിരിക്കുന്നതാണ്. വിശദ വ്യവസ്ഥകൾക്ക്, വകുപ്പു പരിശോധിക്കണമെന്നഭ്യർത്ഥിക്കുന്നു.

1957 ഡിസംബർ 18–ാം തീയതിയ്ക്കും, ഈ നിയമം നടപ്പാക്കുന്നതിനും ഇടയ്ക്കു് ഒഴിപ്പിക്കപ്പെട്ട കുടിയായ്മകൾക്കു് തിരിയെ ഒഴിപ്പിക്കുവാൻ അവകാശം നൽകുന്ന പരിരക്ഷകളും ഈ വകുപ്പിലുണ്ടു്.

106 A വകുപ്പു് ഇക്കാര്യത്തിൽ കുടികിടപ്പുകാരനുള്ള സംരക്ഷണ വ്യവസ്ഥകളെ നിജപ്പെടുത്തുന്നു. അതേപ്പററിയുള്ള ചർച്ച കുടികിടപ്പുകാരനെ സംബന്ധിക്കുന്ന അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടു്.

# വകുപ്പു് 107.

ഉപവകുപ്പു് 1:– ലാൻഡ് ട്രൈബ്യൂണൽ, അപ്പലേററ് അധികാരി എന്നിവരുടെ മുമ്പാകെ നടക്കുന്ന വിചാരണകളെ സംബന്ധിച്ചു്, കോടതിച്ചെലവുകൾ, മററുചെലവുകൾ എന്നിവ ഏതു കക്ഷിയിൽ നിന്നും ഈടാക്കാനുള്ളതാണെന്നു് വ്യവസ്ഥപ്പെടുത്തുവാൻ അതാതു കോടതിയ്ക്കു് അധികാരമുണ്ടായിരിക്കുന്നതാണു്".

ഉപവകുപ്പു് 2:– "ഇപ്രകാരം പാസ്സാക്കുന്ന ഉത്തരവു്, നിയുക്തമായരീതിയിൽ വിധിനടത്തപ്പെടാവുന്നതാണു്."

# വകുപ്പു് 108

"പ്രത്യേകം വേറെ വ്യവസ്ഥ ക്ലിപ്തപ്പെടുത്തിയിട്ടില്ലെങ്കിൽ, ഈ നിയമത്തിലെ എല്ലാ വകുപ്പുകൾക്കും, 1908 ലെ ഇൻഡ്യൻ കാലഹരണ നിയമത്തിൻെറ അഞ്ചാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണു്.

# വകുപ്പു് 109

ഉപവകുപ്പു് 1 : – "നിയുക്തമായ രീതിയിൽ, റവന്യൂ വകുപ്പു് ഭരണം നടത്തേണ്ടതായി, ഇരുന്നൂറുലക്ഷം രൂപായിൽകുറയാത്ത മൂലധനമുള്ള "അഗ്രികൾച്ചറൽ റീഫൈനാൻസ്

ഫിറേറഷൻ ഫണ്ടു്" എന്നൊരു ഫണ്ടും, നൂറുലക്ഷം രൂപാ യിൽ കുറയാത്ത മൂലധനമുള്ള "കുടികിടപ്പുകാരൻ ബെനഫിററ്ഫണ്ടു്" എന്ന ഒരുഫണ്ടും ഗവൺമെൻറു രൂപീകരിക്കേണ്ടതാണു്.

**ഉപവകുപ്പ്2:**— ഈ ഫണ്ടുകൾക്കു വേണ്ടിയുള്ള തുകകൾ, സ്റ്റേററുഗവണ്മെൻറു നൽകുന്ന ഗ്രാൻറുകളായോ, വായ്പകളായോ, അതുകൂടാതെ വ്യക്തികളിൽ നിന്നും ശേഖരിക്കുകയോ, ഗവണ്മെൻറു നിജപ്പെടുത്തുന്ന റൂളുകളനുസരിച്ചോ സ്വരൂപിക്കാവുന്നതാണു്.

ഉപവകുപ്പ് 3:— കർഷക പുനരധിവാസഫണ്ടു്, 109 A എന്ന വകുപ്പുപ്രകാരം, ചെറുകിട കൈവശക്കാർക്കു് സാന്ത്വനപ്രതിഫലം നൽകുന്നതിനും, ഈ ആക്ടുപ്രകാരംസഹായം ലഭിക്കാൻ അർഹതയുള്ള മററു വ്യക്തികൾക്കു് സഹായം നൽകുന്നതിനും വിനിയോഗിക്കേണ്ടതാണു്.

**ഉപവകുപ്പ് 4** :— കുടികിടപ്പുകാരുടെ ക്ഷേമനിധി താഴെപ്പറയുന്ന കാര്യങ്ങൾക്കായി വിനിയോഗിക്കേണ്ടതാണു്.

(a) 75 (3E) എന്ന ഉപവകുപ്പിൻപ്രകാരം വിലയെടുക്കുന്നതിൻെറ പന്ത്രണ്ടരശതമാനം തുക വഹിക്കുന്നതിനു്.

(b) 80 A എട്ടാം ഉപവകുപ്പിലെ വ്യവസ്ഥ പ്രകാരമുള്ള ക്രയവിലയുടെ അൻപതുശതമാനം നൽകുന്ന വകയ്ക്കു്.

(c) ഗവൺമെൻറുണ്ടാക്കാവുന്ന ചട്ടങ്ങളനുസരിച്ചു് കുടികിടപ്പുകാർക്കു് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന വകയ്ക്കു്.

**വകുപ്പ് *109 A*** ഈ വകുപ്പു ചെറുകിട കൈവശക്കാരൻ എന്ന അദ്ധ്യായത്തിൽ തർജ്ജിമചെയ്തു ചേർത്ത

ട്ടുണ്ട്.

## വകുപ്പ് 110

**ഉപവകുപ്പ് 1:**— പ്രാദേശിക വ്യത്യാസങ്ങൾപടി, കുടിയായ്മകൾക്കു് പേരില്ലുള്ള വ്യത്യാസങ്ങൾ പരിഗണനാർഹമായി വരുന്ന സാഹചര്യങ്ങളിൽ, ഗസററു പരസ്യം മൂലം വേണ്ടുന്ന വിശദീകരണങ്ങൾവഴി, യുക്തമായ പ്രാബല്യം, അനുകരണങ്ങൾക്കും, ഒഴിവാക്കലുകൾക്കും, ഭേദഗതികൾക്കും നൽകുവാൻ ഗവൺമെണ്ടിനധികാരമുണ്ടായിരിക്കുന്നതാണ്.

**ഉപവകുപ്പ് 2** :— ഒന്നാം ഉപവകുപ്പുപ്രകാരം നടപ്പാക്കാനുദ്ദേശിക്കുന്ന നടപടിയുടെ കരട്ട് പത്തുദിവസത്തിൽ കുറയാത്ത കാലഘട്ടത്തേയ്ക്കു് നിയമ സഭയുടെ പരിഗണനയ്ക്കു വയ്ക്കേണ്ടതും, അതിൽ യുക്തമായ ഭേദഗതികൾ വരുത്തുവാൻ നിയമസഭയ്ക്കധികാരമുണ്ടായിരിക്കുന്നതുമാകുന്നു. നിയമസഭയുടെ ഭേദഗതിയുടെ വിധേയമായി, പ്രസ്തുത നടപടിച്ചട്ടം ഗസററിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

**വകുപ്പ്:— 111** "118 ലെ VIII—ാംആക്ടായകൊച്ചി വെറുംപാട്ടം ദാർ ആക്ട്ട് 5—ാം വകുപ്പ് രണ്ടാംഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും. അതിലെ വ്യവസ്ഥകൾ സംബന്ധിച്ചിരുന്ന വെറും പാട്ടംദാർ 1124 ചിങ്ങം ഒന്നാംതീയതിക്കുശേഷം, ഈ നിയമം നടപ്പിലായിവരുന്ന തീയതിവരെയുള്ള കാലത്തേയ്ക്കു കൊടുക്കേണ്ടപാട്ടം, ആ കരാർ പുതുക്കിയിരുന്നാലും ഇല്ലെങ്കിലും, മേൽപ്പറഞ്ഞ നിയമം നടപ്പാക്കുന്നതിനു തൊട്ടുമുമ്പ് കൊടുക്കേണ്ടിയിരുന്ന സംഖ്യമാത്രമായിരിക്കുന്നതാണ്.

**വകുപ്പ്:— 111 A** നിലവില്ലുള്ള നിയമങ്ങൾ കോടതി വിധികൾ മുതലായവയിൽ എന്തുതന്നെ അടങ്ങിയി

രുന്നാലും ശരി, കൈവശപ്പണയക്കാരനോ അയാളുടെകീഴിൽ അവകാശമുള്ളയാൾക്കോ, ഈ നിയമം അനുസരിച്ചു് കുടിയായ്മസ്ഥിരതയ്ക്കു് അർഹതയുണ്ടാകുന്ന പക്ഷം, അത്തരം കൈവശപ്പണയക്കാരനോ, ആൾക്കോ, പണയസംഖ്യയോ, അതിന്റെ ഏതെങ്കിലും ഭാഗമോ, തിരയെ കൊടുക്കാൻ, ഒററികൊടുത്തയാൾ ബാദ്ധ്യസ്ഥനാകുന്നതല്ല.

# വകുപ്പ് 112

ഉപവകുപ്പ് 1:- പൊതുആവശ്യങ്ങൾക്കുവേണ്ടി വസ്തു പൊന്നുംവിലയ്ക്കെടുക്കുന്നപക്ഷം, നഷ്ടപ്രതിഫലം, ഈ വകുപ്പിൽപറയുന്ന രീതിയിൽ വീതം വയ്ക്കേണ്ടതാണു്.

ഉപവകുപ്പ് 2:- കെട്ടിടത്തിനോ ദേഹണ്ഡത്തിനോ ഉള്ള പ്രതിഫലം അതിന്റെ ഉടമസ്ഥനായ വ്യക്തിക്കു നൽകേണ്ടതാണു്.

ഉപവകുപ്പ് 3:- കുടികിടപ്പുകാരൻ താഴെപ്പറയുന്ന പ്രകാരം പ്രതിഫലത്തിനു് ഏററവും കുറഞ്ഞതോതിൽ അർഹനായിരിക്കും. അതായതു്–

(a) സിററിയിലോ മേജർമുനിസിപ്പാലിററിയിലോ ആണെങ്കിൽ മൂന്നുസെൻറിനു്.

(b) മററു മുനിസിപ്പാലിററികളിൽ അഞ്ചുസെൻറു്

(c) പഞ്ചായത്തു പ്രദേശത്തോ ററൗൺഷിപ്പിലോ ആണെങ്കിൽ പത്തുസെൻറു്.

ഉപവകുപ്പ് 4:- മൂന്നാം ഉപവകുപ്പിലെ വ്യവസ്ഥ പ്രകാരം നൂലാക്കേണ്ട സംഖ്യ, ആർക്കുവേണ്ടി പൊന്നുംവില

ഒപ്പേട്ടക്കപ്പെട്ടോ ആ വ്യക്തിയാണു വഹിക്കേണ്ടതു്.

ഉപവകുപ്പ് 5:- രണ്ടാം ഉപവകുപ്പിൽ വ്യവസ്ഥപ്പെടു ത്തിയ പ്രതിഫലവും, അതിൽപ്പെട്ട കെട്ടിടത്തിൻേറയോ കുടിലിൻേറയോ വിലയും കഴിച്ച് ശേഷിക്കുന്ന സംഖ്യ, ഭൂഉടമസ്ഥും മദ്ധ്യവർത്തികൾക്കും,കുടിയാന്മാർക്കും തമ്മിൽ വീതം വയ്ക്കേണ്ടതും, അതു്, പൊന്നും വില നടപടിയുടെ തൊട്ടുമുമ്പ് അവർ ഓരോരുത്തർക്കും എന്തു വിഹിതത്തിൽ ആദായം ലഭിക്കുമായിരുന്നുവോ, അതേ അനുപാതത്തിൽ ആയിരിക്കേണ്ടതുമാകുന്നു.

ഉപവകുപ്പ് 6:- പൊന്നും വിലയ്ക്കെടുത്ത ഭൂമി, 1955 ലെ കാണം കുടിയായ്മ നിയമത്തിൽ നിർവചിച്ച പോലെ ഒരു കാണം കുടിയാൻെറ കൈവശഭൂമിയിൽ ഉൾപ്പെട്ടതാ ണെങ്കിൽ, 2,3,5 എന്നീ ഉപവകുപ്പുകൾ പ്രകാരം തുക വീതം വയ്ക്കേണ്ട നഷ്ടപ്രതിഫലസംഖ്യ, പ്രസ്തുത ആക്ടി ലെ 48-ാം വകുപ്പു പ്രകാരം തിട്ടപ്പെടുത്തിയ കാണക്കുടി യാൻെറ ഓഹരിയായിരിക്കുന്നതാണു്.

## വകുപ്പ് 113:-

ഈ നിയമത്തിൻെറ കാര്യങ്ങൾക്കു വേണ്ടി 53-ാം വകുപ്പിൽ പരാമർശിച്ച പ്രകാരം ഉൽപ്പന്ന ങ്ങളുടെ വില, ഏമ്പോളനിരക്കനുസരിച്ച് നാണയ രൂപ ത്തിൽ കണക്കു് എടുക്കേണ്ടതാണെങ്കിൽ, ജില്ലാകളക്ടർ അതാതു കാലത്തെ പരാമർശിച്ച പ്രസിദ്ധപ്പെടുത്തിയിട്ടു ള്ള നിരക്കു വിലകളുടെ അടിസ്ഥാനത്തിലായിരിക്കേ ണ്ടതാണു്.

## വകുപ്പ് 114

ഉപവകുപ്പ് 1 :-1118 ലെXXIII-ാംആക്ടായ, ദേവസ്വം

വെരം പാട്ടദാർ (സെററിൽമെൻറ്) വിളംബരം 7-ം 9-ം വകുപ്പുകൾ റദ്ദു ചെയ്യപ്പെട്ടിരിക്കുന്നു.

**ഉപവകുപ്പ് 2** ഹിന്ദുമതസ്ഥാപനങ്ങളെ സംബന്ധിച്ച, 1950 ലെ തിരുവിതാംകൂർ-കൊച്ചി ആക്ടിലെ 113-ാം വകുപ്പിലെ രണ്ടാം ഉപ വകുപ്പ് റദ്ദു ചെയ്തിരിക്കുന്നു.

**ഉപവകുപ്പ് 3** 1955 ലെ കാണക്കുടിയായ്മ ആക്ട് 48-ാം വകുപ്പിലെ ഒന്നാം വിശദീകരണത്തിൽ പതിനാറിൽ മൂന്നിൽ രണ്ട് ഇരട്ടി എന്നതിനു പകരം, എട്ടിൽ മൂന്നിൽ ഒന്ന് എന്നു ചേർക്കണം.

**ഉപവകുപ്പ് 4** 1958 ലെ കേരളാ ഭൂമി ഉപേക്ഷിക്കൽ ആക്ട് രണ്ടാം വകുപ്പിന്റെ D ഖണ്ഡത്തിൽ അവസാനം "1969 ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ആക്ട് പ്രകാരം ഭേദഗതിചെയ്ത" എന്നതു ചേർക്കണം.

**ഉപവകുപ്പ് 5** 1966 ലെ "കേരളാ കുടിയൊഴിപ്പിക്കൽ നിരോധന ആക്ടിൽ,

(i) രണ്ടാം വകുപ്പിലെ A ഖണ്ഡത്തിൽ അവസാനം" 1969 ലെ കേരള ഭൂപരിഷ്ക്കരണ ആക്ട്പ്രകാരം ഭേദഗതി ചെയ്ത" എന്നതു് കൂട്ടിച്ചേർക്കണം.

(ii) എട്ടാം വകുപ്പിനു പകരം ചേർക്കേണ്ട ദീർഘമായ ഒരു വകുപ്പാണ് ഇവിടെ വ്യവസ്ഥചെയ്യപ്പെട്ടിരിക്കുന്നതു്.

**ഉപവകുപ്പ് 6** 1968 ലെ കേരളാ റിക്കാർഡ് ഓഫ് റൈററ്സിലെ 2-ാം വകുപ്പിലെ A ഖണ്ഡത്തെപ്പററിയുള്ള ഭേദഗതിയാണിവിടെ കൊടുത്തിട്ടുള്ളതു്.

## വകുപ്പ് 115

**ഉപവകുപ്പ് 1** "ലാൻഡ്" ട്രൈബ്യൂണൽ, അപ്പലേററ് അതോറിട്ടി, ലാൻഡ് ബോർഡ് എന്നിവ മുമ്പാകെ, കക്ഷി നേരിട്ടോ, അംഗീകൃത ഏജൻറ്, വക്കീൽ എന്നിവർ മുഖേ

നയോ ഹാജരാകാം എന്നും, വേണ്ടിവന്നാൽ, കക്ഷി നേരിട്ടു തന്നെ ഹാജരാകണമെന്ന് നിർദ്ദേശിക്കാവുന്നതാണെന്നും ഈ ഉപവകുപ്പിൽ പറയുന്നു.

**ഉപവകുപ്പ് 2** അംഗീകൃത ഏജൻറ്, വക്കീൽ എന്നിവർ, അംഗീകൃത അധികാരപത്രം ഹാജരാക്കേണ്ടതാണെന്ന് ഈ ഉപവകുപ്പിൽ പറയുന്നു.

## വകുപ്പ് 116

കോർട്ടുഫീസ് സംബന്ധിച്ച ആക്ട് പ്രകാരമല്ല, ഈ നിയമത്തിൻ കീഴിലുള്ള റൂളുകളനുസരിച്ചാണ്, ഈ നിയമപ്രകാരമുള്ള കോർട്ടുഫീസ്, ഹർജിഫീസ് എന്നിവ ഒടുക്കേണ്ടതു് എന്നാണ് ഈ വകുപ്പു പറയുന്നതു്.

## വകുപ്പ് 117

ലാൻഡ് ബോർഡ്, അപ്പലേററ് അതാറിട്ടി, ലാൻഡ് ട്രൈബ്യൂണൽ എന്നിവയിലെ അംഗങ്ങളേയും, ഈ ആക്ട് പ്രകാരം നിയമിക്കപ്പെടുന്ന ഏതൊരുദ്യോഗസ്ഥനേയും, ഇൻഡ്യൻ ശിക്ഷാ നിയമം 21-ാം വകുപ്പിൻെറ അത്ഥവ്യാപ്തിയിൽപെടുന്ന സക്കാർ ജീവനക്കാരായി കരുതേണ്ടതാണ്.

## വകുപ്പ് 117 A

ഈ വകുപ്പ്, കുടികിടപ്പുകാരനെ സംബന്ധിക്കുന്ന അദ്ധ്യായത്തിൽ ചേത്തിട്ടുണ്ടു്.

## വകുപ്പ് 118

**ഉപവകുപ്പ് 1** "ഈ ആക്ട പ്രകാരം സമർപ്പിക്കേണ്ട റിട്ടേണുകൾ, വിവരങ്ങൾ, എന്നിവ, യഥാസമയം ഹാജരാക്കാതിരിക്കുകയോ, കരുതിക്കൂട്ടി വീഴ്ചവരുത്തുകയോ ചെയ്യുന്ന പക്ഷം, 200 രൂപാ വരെയുള്ള പിഴശിക്ഷ നൽകപ്പെടാവുന്നതാണ്.

**ഉപവകുപ്പ് 2** തുടർച്ചയായ വീഴ്ചയാണ് വരുത്തുന്നതെങ്കിൽ ആ ശിക്ഷയ്ക്കുപുറമേ ഓരോ കൂടുതൽ ദിവസത്തെ

വീഴ്ചയ്ക്കും 50 രൂപാവീതമുള്ള പിഴശിക്ഷ നൽകപ്പെടാവുന്ന താണ്.

## വകുപ്പ് 119

വ്യാജമായ റിട്ടേണോ, വിവരമോ, നൽകുന്നതിനു് ആയിരം ഉറുപ്പികവരെയുള്ള പിഴശിക്ഷ നൽകാവുന്നതാണ്.

## വകുപ്പ് 120

**ഉപവകുപ്പ് 1** 1969 ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം നടപ്പായതിനുശേഷം, ഭൂമി ഏതെങ്കിലും വിധത്തിൽ കൈമാററം ചെയ്യുന്നതു സംബന്ധിച്ച യാതൊരു പ്രമാണവും, താഴെപ്പറയുന്ന വ്യവസ്ഥകൾക്കു വിധേയമല്ലാതെ; രജിസ്റ്റർ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനു് സ്വീകരിക്കാവുന്നതല്ലാത്തതാകുന്നു. അതായതു്, കൈമാററം ചെയ്യുന്നയാളും, കൈമാററം സിദ്ധിക്കുന്നയാളും, അവരവരുടെ കൈവശമുള്ള ഭൂമിയുടെ മുഴവൻ വിസ്തീർണ്ണവും സംബന്ധിച്ച് നിശ്ചിത ഫാറത്തിൽ, രേഖാമൂലം പ്രത്യേകം പ്രത്യേകം സത്യപ്രസ്താവനകൾ (ഡ്യൂപ്ലിക്കേററായി) ഫയൽ ചെയ്തിരിക്കണം.

**ഉപവകുപ്പ് 1 A** ഈ രേഖ, കൈകാര്യം ചെയ്യേണ്ട രീതിയാണ് ഇതിൽ വിവരിച്ചിരിക്കുന്നതു്.

**ഉപവകുപ്പ് 2** "മേൽ ഒന്നാം ഉപവകുപ്പിൻ പ്രകാരമുള്ള രേഖയിൽ കളവായ വിവരങ്ങൾ പ്രസ്താവിക്കുകയെന്നതിനു്, ആയിരം ഉറുപ്പികയുടെ പിഴശിക്ഷ നല്കേണ്ടതാണ്.

## വകുപ്പ് 121

നിയമാനുസൃതം പാസ്സാക്കപ്പെട്ട ഉത്തരവു ലംഘിക്കുകയോ, നിയമാനുസരണം വസ്തു കൈവശമെടുക്കുന്നതിനു് തടസ്സം ചെയ്യുകയോ ചെയ്യുന്നയാളിനു് 500 രൂപാ പിഴശിക്ഷ നല്കേണ്ടതാകുന്നു.

## വകുപ്പ് 122

85-ാം വകുപ്പ് രണ്ടാം ഉപവകുപ്പനുസരിച്ച് വിട്ടുകൊടുക്കേണ്ടതായ ഭൂമിയിലെ വൃക്ഷങ്ങൾ മുറിക്കുകയോ, മുറിപ്പിക്കുകയോ ചെയ്യുക; കാർഷികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചിരുന്ന കെട്ടിടം, യന്ത്രസാമഗ്രി; മററുപകരണങ്ങൾ എന്നിവയെ മാററുകയോ മാററിക്കുകയോ ചെയ്യുക, ഭൂമിയുടെ പ്രയോജനത്തെ ഇല്ലാതാക്കുന്ന പ്രവൃത്തി ചെയ്യുക, ഇതിനെല്ലാം ഒരു വർഷം വരെയുള്ള തടവോ, ആയിരം രൂപാവരെയുള്ള പിഴയോ, രണ്ടും കൂടിയുള്ള ശിക്ഷയോ നൽകാവുന്നതാണ്.

## വകുപ്പ് 122 A

**ഉപവകുപ്പ് 1** ഒരു കമ്പനിയുടെ കാര്യത്തിൽ കമ്പനിയുടെ മാനേജർ, ഉത്തരവാദപ്പെട്ടയാൾ, കമ്പനി എന്നിവർ, കുററം ചെയ്യുന്നതായി ഗണിച്ച് രണ്ടുകൂട്ടരേയും ശിക്ഷയ്ക്ക് വിധേയരാക്കാവുന്നതാണ്. എന്നാൽ നിരപരാധിത്വം തെളിയിക്കാവുന്നതും, കുററകൃത്യം നടത്തുന്നതിനെ തടയാൻ വേണ്ടതു ചെയ്തു എന്ന് സ്ഥാപിച്ച് ശിക്ഷയിൽനിന്നും ഒഴിയാവുന്നതുമാണ്.

**ഉപവകുപ്പ് 2** കമ്പനി കുററം ചെയ്തതായി തെളിഞ്ഞാൽ അതിൻെറ ശിക്ഷയിൽ നിന്നും ഒഴിവാകുന്നതിന്, താൻ അർഹനാണെന്ന് തെളിയിക്കുവാനുള്ള തെളിവുഭാരം, കമ്പനിയുടെ ചുമതലപ്പെട്ട ഉദ്യോഗസ്ഥനായിരിക്കുമെന്നാണ് ഈ ഉപ്പവകുപ്പിൽ പറയുന്നതു്.

കമ്പനിയെന്നാൽ എന്താണെന്ന് വിശദീകരണത്തിൽ വിവരിച്ചിട്ടുമുണ്ട്.

## വകുപ്പ് 123

ഈ നിയമപ്രകാരമുള്ള ഏതൊരു കുററവും, ഗവണ്മെൻറു നിയോഗിക്കുന്ന ഉദ്യോഗസ്ഥൻെറ രേഖാമൂലമായ ആവശ്യ

പ്പെടൽ കൂടാതെ, യാതൊരു കോടതിയും ഫയലിൽ സ്വീകരി ക്കാവുന്നതല്ല. എന്നാൽ 117 A വകുപ്പനുസരിച്ചുള്ള കുററ കൃത്യത്തിന്റെ സംഗതിമാത്രം, ഈ ചട്ടത്തിനു വിധേയമല്ല.

**ഉപവകുപ്പ്** ഈ നിയമപ്രകാരമുള്ള യാതൊരു കുററചാർജ്ജും ഒന്നാം ക്ലാസ് മജിസ്ട്രേട്ടിന്റെ പദവിയിൽകുറഞ്ഞ കോടതി വിചാരണ ചെയ്യാവുന്നതല്ല.

## വകുപ്പ് 124

ഈ നിയമപ്രകാരവും, ഇതനുസരിച്ചുള്ള റൂളുകൾ പ്രകാരവും, ഉത്തമവിശ്വാസത്തോടുകൂടി അധികാരപ്പെട്ട ഒരുദ്യോഗസ്ഥൻ എടുക്കുന്ന നടപടിയെപ്പററി, യാതൊരു വ്യവഹാരമോ, പ്രോസിക്യൂഷൻ നടപടിയോ മറേറതെങ്കിലും നടപടിയോ സ്വീകരിക്കപ്പെടാവുന്നതല്ല.

## വകുപ്പ് 125

കോടതികളുടെ അധികാരസീമയിൽ നിന്നും, ഈ നിയമപ്രകാരമുള്ള നടപടികളെ നിരോധിക്കുന്ന ദീർഘമായ ഒരു വകുപ്പാണിതു്.

## വകുപ്പ് 126

ഈ നിയമത്തിലെ "ഏക്കറുകൾ," സെൻറുകൾ എന്നീ പദങ്ങൾ—സ്റ്റാൻഡേർഡ് ഏക്കർ ഒഴികെയുള്ള പരാമർശനങ്ങൾ, ഹെക്ടറുകൾ, ആറുകൾ, എന്നിവയിലേക്ക് അക്കാരുതെ സംബന്ധിച്ചു് നിലവിലുള്ള നിയമപ്രകാരം കണക്കു മാററി കൂട്ടിക്കൊള്ളേണ്ടതാണു്.

## വകുപ്പ് 127

ഈ നിയമത്തിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി, മററുവല്ല നിയമത്തിലോ, നാട്ടാചാരത്തിലോ, കീഴ്നടപ്പിലോ, സ്പഷ്ടമായോ വ്യംഗ്യമായോ ഉള്ള ഏതെങ്കിലും കരാറിലോ,

എന്തു തന്നെ അടങ്ങിയിരുന്നാലും, ഈ നിയമത്തിലെ വ്യവസ്ഥകൾക്കായിരിക്കും പ്രാബല്യമുണ്ടായിരിക്കുന്നതു്.

## വകുപ്പ് 128

ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ വൈഷമ്യം ഉണ്ടാകുന്നപക്ഷം, അതിനെ ഒഴിവാക്കുന്നതിനാവശ്യമായ ഏതു സംഗതിയും, ഈ നിയമത്തിലെ വ്യവസ്ഥകൾക്കു വിരുദ്ധമല്ലാത്ത വിധത്തിൽ, യുക്താനുസരണമുള്ള ഉത്തരവു പുറപ്പെടുവിക്കുവാൻ ഗവൺമെൻറിനധികാരമുണ്ടായിരിക്കുന്നതാണു്.

## വകുപ്പ് 128 A

ഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അനുമതി പ്രകാരം, ലാൻഡു് ബോർഡിനു്, പൊതുവായോ, പ്രത്യേകം കാര്യങ്ങൾക്കു വേണ്ടിയുള്ളതോ ആയി രേഖാമൂലമുള്ള ഉത്തരവുപ്രകാരം, അതിൻെറ അധികാരങ്ങളെ ഒരു ഡിസ്ട്രിക്ടു് കളക്ടർക്കു് ഡെലിഗേററു ചെയ്യുവാൻ അധികാരമുണ്ടായിരിക്കുന്നതാണു്.

## വകുപ്പ് 128 B

ഒരു തുക കൈപ്പററുവാൻ അർഹതയില്ലാത്ത ഒരു വ്യക്തിക്കു് പ്രസ്തുത സംഖ്യ, ലാൻഡു് ബോർഡോ, ലാൻഡു് ട്രൈബ്യൂണലോ, ഈ നിയമപ്രകാരം കൊടുത്തുപോയാൽ ആയതു് പൊതു നികുതിയെന്നപോലെ ഈടാക്കിയെടുക്കാവുന്ന സംഖ്യയായിരിക്കുന്നതാണു്. കൊടുത്തുപോയ സംഖ്യ, കണക്കിൽ അധികരിച്ചതാണെങ്കിലും, ഈ വിധം ഈടാക്കാവുന്നതാണു്.

## വകുപ്പ് 129

(a) മുതൽ(i) വരെ അക്കമിട്ടു കുറിച്ചിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചും അതല്ലാതെ പൊതുവിൽ ഈ നിയമം നടപ്പാ

ക്കുന്നതിനും ചട്ടങ്ങൾ ഉണ്ടാക്കുവാൻ ഗവണ്മെൻറിനധികാരം നല്കുന്ന വകുപ്പാണിതു്.

## വകുപ്പ് 130

ചട്ടങ്ങളെയും നോട്ടിഫിക്കേഷനുകളെയും നിയമസഭ മുമ്പാകെ വയ്ക്കുവാനുള്ള സാധാരണയുള്ള ചട്ടക്രമമാണു് ഈ വകുപ്പിൽ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നതു്,

## വകുപ്പ് 131

ഈ നിയമപ്രകാരം, വ്യവഹാരങ്ങളോ നടപടികളോ, ആരംഭിക്കുന്നതിനു് സമയം കണക്കാക്കുമ്പോൾ, ഈ ആക്ടു് മൂലം റദ്ദാക്കപ്പെട്ട, അങ്ങനെയുള്ള വ്യവഹാരങ്ങളോ, നടപടികളോ, നിരോധിക്കുകയോ നിറുത്തിവയ്ക്കുകയോ, ചെയ്ത കാലാവധി ഒഴിവാക്കേണ്ടതാണു്.

## വകുപ്പ് 132

ഭൂപരിഷ്ക്കരണനിയമം നടപ്പിൽ വരുന്നതുകൊണ്ടു്, മേലാൽ ആവശ്യമില്ലാത്ത നിരവധി ആക്ടുകളെ റദ്ദുചെയ്യുകയും, അവ പ്രകാരം ആരംഭിക്കപ്പെട്ട നടപടികളുടെ പരിധി സമാപ്തിക്കു് വിശദമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുകയും ചെയ്യുന്ന സാമാന്യം ദീർഘമായ ഒരു വകുപ്പാണിതു്. ഭൂപരിഷ്ക്കരണനിയമത്തിലെ അവസാനത്തെ വകുപ്പുമാണിതു്.

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. 333 Acc. No. 45462

This book should be returned on or before the date last stamped below.

19 AUG 2005
11 DEC 2005
21 JAN 2006
7 JAN 2007
04 FEB 2007
5 AUG 2008
27 JAN 2011
2 DEC 2011

If the book is not returned on due date
a fine of 20 Ps. per day will be charged

333
SUK-B

45462

സുകുമാരൻ, എൻ.കെ.

ഭൂപരിഷ്കരണ വ്യവസ്ഥകൾ

…TAYAM
333
Call No. SUK-B…
Author സുകുമാര…
Title ഭൂപരിഷ്കരണ…ൽ

Indic Digital Archive Foundation
gpura.org